# മലയാളപ്പച്ച

ഭാഷ, സാഹിത്യം, സംസ്കാരം

VOLUME: 02, NUMBER 1, February, 2023



## മാനവാനന്തരതയുടെ മാനങ്ങൾ

മലയാളവിഭാഗം, കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്, പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

# മാനവാനന്തരതയുടെ മാനങ്ങൾ


**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

2023

malayala pachcha

A Peer Reviewed, UGC Care listed Research Journal of language literature and culture

Published in India By

The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

Published in February, 2023

ISSN: 2454-292X

Typeset using Unicode Malayalam Fonts

Cover & book design: Ashokkumar P K

Cover Photograph: AI-generated image illustrating Donna Haraway's "A Cyborg Manifesto"

This AI-generated cyborg is based on the following quote from Haraway's essay: "a fiction mapping our social and bodily reality and as an imaginative resource suggesting some very fruitful couplings…It is our ontology; it gives us our politics. The cyborg is a condensed image of both imagination and material reality, the two joined centers structuring any possibility of historical transformation" (172). This flower cyborg blooms four times a year. It does not fade away, but it evolves in its limitless metamorphosis and simultaneously protects its dynamic identity

https://commons.wikimedia.org/wiki/File:Cyborg_woman_with_curly_hair_and_flowers.png

Price: ₹300/-

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use. For example, other rights such as publicity, privacy, or moral rights may limit how you use the material.

*Advisory Board*

Dr. P. Pavithran
Professor,
Sree Sankaracharya Sanskrit University, Tirur Centre.

Dr. Sunil P. Elayidam
Professor,
Sree Sankaracharya Sanskrit University, Kaladi.

Dr. P.K. Rajasekharan
Writer,Thiruvananthapuram.

Dr. Kavitha Balakrishnan
Govt.College of Fine Arts, Thrissur

*Managing Editor:*

H.O.D., Department of Malayalam.

*Chief Editor:*

Dr. Muhamed Basheer, K.K.,
Asst. Professor, Dept. of Malayalam.

*Issue Editor*

Dr. Fousiya, P.A.
Asst. Professor, Dept. of Malayalam.

*Editorial Board:*

Dr. G.Ushakumari, H.O.D

Dr.Yacob Thomas
Dr. M.Ramachandran Pillai

Dr. Sangeetha, K

Halleelu Rehuman, V.M.

Dr. Dhanya, P.D.

# ആമുഖം

മുമ്പത്തേതിൽ നിന്നും വ്യത്യസ്തമായി ഈ ലക്കം മുതൽ മലയാളപ്പച്ച വർഷത്തിൽ രണ്ട് എന്നതിനു പകരം വർഷത്തിലൊന്ന് എന്ന രീതിയിലാണ് ഇറങ്ങുന്നത്. കൂടുതൽ മികവോടെ പഠനങ്ങൾ തയ്യാറാക്കാനുതകുന്ന രീതിയിൽ സമയമെടുത്തു പഠിക്കാനും എഴുതാനും കഴിയുന്നതിന് ഈ രീതി സഹായകമാകുമെന്നു കരുതുന്നു. മാനവാനന്തരതയുമായി ബന്ധപ്പെട്ട ജ്ഞാനാന്വേഷണമേഖല മലയാളത്തിൽ വളരെ ഊർജ്ജസ്വലമായി വളർന്നു വികസിച്ചുകൊണ്ടിരിക്കുകയാണ്. നിലനിൽക്കുന്ന ജ്ഞാനോല്പാദനമണ്ഡലങ്ങളെ വിമർശനാത്മകമായി പുതുക്കിപ്പണിയുന്നതിനും പുതിയ അവബോധനിർമിതികൾക്കും അതുവഴി ജനാധിപത്യനിഷ്ഠമായ പാരസ്പര്യത്തിനും ഈ ചിന്ത വഴി തുറക്കുന്നുണ്ട്. കേവലമായ സാഹിത്യവിമർശനത്തിനപ്പുറം സംസ്കാരപഠനത്തിന്റെ പതിവുവഴികൾക്കുമപ്പുറം ഇന്നു പുതുചിന്ത മാനവാനന്തരതയുടെ ആശയലോകങ്ങളെ അന്വേഷണമണ്ഡലമായി സ്വീകരിക്കുന്നു. ലോകമെമ്പാടുമുള്ള പ്രകൃതി, ജീവി, സസ്യലോകങ്ങൾ, കാലാവസ്ഥാവ്യതിയാനങ്ങൾ ഒക്കെ ഈ മേഖലയിലെ പഠനങ്ങൾക്കു പ്രസക്തികൂടി വരുന്നുവെന്നു ഉറക്കെ വിളിച്ചു പറയുന്നു. ഈ ഘട്ടത്തിലാണ് മലയാളപ്പച്ച റിസേർച്ച് ജേണൽ പരീക്ഷണോന്മുഖവും അക്കാദമിക രംഗത്ത് കാലിക പ്രസക്തിയുള്ളതുമായ ഈ വിഷയം സ്വീകരിക്കുന്നത്. മനുഷ്യനെന്നതിലുപരി സമസ്ത ജീവജാലങ്ങളെയും ശാസ്ത്രസാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത നൂതനലോകങ്ങളെയുമെല്ലാം ഉൾക്കൊള്ളുന്ന വിശാലസമീപനമാണ് മാനവാനന്തരതയുടേത്.

'മാനവാനന്തരതയുടെ മാനങ്ങൾ' എന്ന ഈ ലക്കത്തിൽ മാനവാനന്തരതയുമായി ബന്ധപ്പെട്ട സൈദ്ധാന്തിക സമീപനങ്ങളും ആലോചനകളും പ്രയോഗസാധ്യതകളും മുന്നോട്ടു വെയ്ക്കുന്ന പ്രബന്ധങ്ങളുണ്ട്. അത്തരം ധാരണകളെ വിശകലനാത്മകമായി പ്രയോഗിക്കുന്ന സാമൂഹികത, ശാസ്ത്രം, ചരിത്രം, തത്ത്വചിന്ത, യാത്ര, ശരീരം തുടങ്ങിയ വൈവിധ്യമാർന്ന വിഷയമേഖലകളിലൂന്നിയ പഠനങ്ങൾ നമ്മുടെ ചിന്താമണ്ഡലത്തെ വിപുലീകരിക്കാനുതകും. കഥ, കവിത, നോവൽ, നാടകം, സിനിമ തുടങ്ങി വിവിധ മേഖലകളിൽപ്പെട്ട പഠനങ്ങൾ ശാസ്ത്ര, സാഹിത്യ, സാംസ്കാരിക രംഗങ്ങളിലെ മാനവാനന്തരതയുടെ പ്രയോഗസാധ്യതകളിലേക്ക് വഴിതുറക്കുന്നു. പതിനെട്ടോളം ലേഖനങ്ങൾ

ഉൾക്കൊള്ളുന്ന ഈ ലക്കം ഈ വിഷയത്തിന്റെ വൈവിധ്യത്തിലേക്കും സമ്പന്നതയിലേക്കും വിരൽ ചൂണ്ടുന്നതാണ്.

പോസ്റ്റ്ഹ്യൂമൻ ചിന്താലോകത്തെക്കുറിച്ചുള്ള വിമർശനാത്മകമായ പര്യാലോചനകളാണ് ടി.ടി. ശ്രീകുമാർ മുന്നോട്ടു വെയ്ക്കുന്നത്. 'മലബാർ മാന്വൽ', 'കേരളചരിത്രം' മുതലായവയിലെ പ്രകൃതിചരിത്രത്തെ അധീശനോട്ടങ്ങളെന്ന നിലയ്ക്ക് വിമർശനാത്മകമായി വിലയിരുത്തുന്നു ഗവേഷകനായ മനോജ് വി.എസ്. പോസ്റ്റ്ഹ്യൂമൻ വായനകളിൽ പ്രതിഭാസവിജ്ഞാനീയത്തിന്റെ സ്വാധീനത്തെയാണ് ഗാസ്പർ കെ.ജെ അന്വേഷിക്കുന്നത്. മാനവാനന്തര ജ്ഞാനവ്യവസ്ഥയിൽ യാത്ര ഉൽപാദിപ്പിക്കുന്ന അനുഭവത്തെ മുൻനിർത്തി ആലോചിക്കുന്നതാണ് സൗമ്യ തോമസിന്റെ ലേഖനം. കൊറോണ വൈറസ് ഉയർത്തുന്ന പരിണാമദശയെക്കുറിച്ചുള്ള പുത്തൻ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ മാനവികാനന്തരവാദത്തെ സൈദ്ധാന്തികമായി വിശകലനം ചെയ്യാനാണ് അഭിരാമി എസ്.ആറും എബിൻ എം.ഡി.യും ചേർന്നെഴുതിയ ലേഖനം ശ്രമിക്കുന്നത്. രേഷ്മ മജീദും ഡോ. പി.എം. നജീബും ചേർന്നെഴുതിയ ലേഖനം മാനവാനന്തരശരീരം എങ്ങനെ ആനന്ദത്തെ പരിഗണിക്കുന്നു എന്ന് അന്വേഷിക്കുന്നു. ഇന്റർനെറ്റ്, ശാസ്ത്രം, സാങ്കേതികത, സെക്സ് ടോയ്സ്, ജൈവശരീരം, സാംസ്കാരികശരീരം തുടങ്ങിയ ആശയകല്പനകളിലൂടെ ലേഖനം സഞ്ചരിക്കുന്നു.

മലയാളസിനിമയെ മുൻനിർത്തി മാനവാനന്തരതയെക്കുറിച്ച് എഴുതുന്നു, എതിരൻ കതിരവൻ . ഡോ. ലിജി എൻ. സാഹിത്യാഖ്യാനങ്ങളെ മുൻനിർത്തി മനുഷ്യേതരമായ ഇടങ്ങളെ വിശകലനം ചെയ്യുന്നു. സ്ഥലകാലസങ്കല്പങ്ങളെയും ശരീരരാഷ്ട്രീയത്തെയുമെല്ലാം അട്ടിമറിച്ചുകൊണ്ട് പുതിയൊരു തിണയായി മാറിയിരിക്കുന്ന സൈബർ ഇടത്തെ മലയാളഭാവന എപ്രകാരം ഉൾക്കൊണ്ടിരിക്കുന്നു എന്ന് എം. മുകുന്ദന്റെ 'നൃത്തം', മധുപാലിന്റെ 'ഫേസ് ബുക്ക്' എന്നീ നോവലുകളെ മുൻനിർത്തി വിശകലനം ചെയ്തിരിക്കുകയാണ്, ആൽവിൻ അലക്സാണ്ടർ, ഡോ. സിബു മോടയിൽ എന്നിവർ ചേർന്നെഴുതിയ ലേഖനം. ഡോ. ഷിജു കെ. എഴുതിയ പ്രബന്ധം ഹ്യൂമനോയ്ഡുകളും അത്യാധുനിക സാങ്കേതികവിദ്യകളും ചേർന്ന് മനുഷ്യനെ നിയന്ത്രിക്കുന്ന മാനവാനന്തര പരിതസ്ഥിതിയിൽ മനുഷ്യന്റെ അതിജീവനപ്രശ്നങ്ങളെക്കുറിച്ചുള്ള ആശങ്ക പങ്കുവയ്ക്കുന്ന 'ഇതി മന്വന്തരം ശുഭം' എന്ന നാടകകൃതിയെ അപഗ്രഥിക്കാനുള്ള പരിശ്രമമാണ്. ഡോ. സിനുമോൾ തോമസ് സമകാലികമലയാളത്തിലെ സൈബർ കവിതകളിൽ മാനവാനന്തരത എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നുവെന്ന അന്വേഷണമാണ് നടത്തുന്നത്. മാനവാനന്തര പാരിസ്ഥിതിക പാഠത്തെ മുൻനിർത്തിയുള്ള കഥാവിശകലനമാണ് ഡോ. ഷിമി പോൾ ബേബി നടത്തുന്നത്.

ഡോ. കെ. എസ്. ലത എഴുതിയ ലേഖനം കാളിദാസന്റെ രഘുവംശത്തെ മുൻനിർത്തിയുള്ളതാണ്. രഘുവംശം രണ്ടാം സർഗ്ഗത്തിൽ വളരെ വിശദമായി എഴുതപ്പെട്ടിട്ടുള്ള, ഒരു മൃഗ-മനുഷ്യ സംവാദം മനുഷ്യാനന്തര ലോകത്തിലെ പരിപാലന തന്ത്രവുമായി ഒത്തുപോകുന്നുണ്ടോ എന്ന ആരായലാണിവിടെ നടത്തുന്നത്. നൗഫൽ കെ., ഇന്ദു.പി. നമ്പൂതിരി എന്നിവർ ചേർന്നെഴുതിയ ലേഖനം 'ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ' എന്ന സിനിമയെ മാനവാനന്തരചിന്തയുടെ വെളിച്ചത്തിൽ പഠിക്കുന്നു. അധിനിവേശിതാനുഭവങ്ങളുടെ സാമൂഹികതയിൽ നിർണ്ണയിക്കപ്പെടുന്ന മനുഷ്യാനന്തരവിഷയിയുടെ സ്വത്വനില ഇനിയും രൂപപ്പെടേണ്ട മനുഷ്യ-മനുഷ്യേതര കൂട്ടായ്മയുടെ കൊളോണിയലിതര നാട്ടുസഹജീവിതം വെളിപ്പെടുത്തുന്നുവെന്ന് ഈ ലേഖനം നിരീക്ഷിക്കുന്നു. രേഷ്മ പി.കെ., നിതിൻ ലാൽ എന്നിവർ ചേർന്നെഴുതിയ ലേഖനം ആനിമേറ്റഡ് സിനിമകളെ മുൻനിർത്തിയുള്ളതാണ്. മൃഗപഠനം, പരിസ്ഥിതി തുടങ്ങിയ മേഖലകളുമായി ബന്ധിപ്പിച്ചുകൊണ്ടാണ് പഠനം നീങ്ങുന്നത്. ടോം ജോസിന്റെ ലേഖനം സാറാ ജോസഫിന്റെ 'ബുധിനി'യിലെ പോസ്റ്റ്ഹ്യൂമൻ ഭൂമിയെക്കുറിച്ച് അന്വേഷിക്കുന്നു. ഫെമി ജോഷി ജി. ആർ. ഇന്ദുഗോപന്റെ 'ഐസ്-196°C' എന്ന നോവലിനെ മുൻനിർത്തി സാങ്കേതികവിദ്യയും മനുഷ്യനും തമ്മിൽ ഇഴുകിച്ചേരുമ്പോൾ മനുഷ്യനെന്ന സത്തയുടെ 'മൗലികത' പ്രശ്നവൽക്കരിക്കുന്നതെങ്ങനെ എന്നന്വേഷിക്കുന്നു. വിദ്യാ ആർ. ശേഖർ പി. സുരേന്ദ്രന്റെ കഥകളിൽ മാനവാനന്തരവാദ സവിശേഷതകൾ രൂപപ്പെടുന്നതിന്റെ പശ്ചാത്തലം അന്വേഷിക്കുന്നു. അക്കാദമിക അന്വേഷണങ്ങൾക്ക് ശ്രമിക്കുന്നവർക്ക് തുടർവായനകൾക്കുള്ള അവസരമൊരുക്കാനും ഗൗരവമായി വിഷയത്തെ സമീപിക്കാനും ഈ പഠനങ്ങൾ സഹായകമാണ്.

മലയാളപ്പച്ചയുടെ ഈ ലക്കം തയ്യാറാക്കിയത് നിരവധി പേരുടെ സഹായ സഹകരണങ്ങൾ കൊണ്ടാണ്. ഈ ലക്കം എക്സ്റ്റേണൽ പിയർ റിവ്യൂ നടത്തിയ ഡോ. ടി.വി മധു, ഡോ. എബി കോശി, ഡോ. ജീവൻ ജോബ് തോമസ്, ഡോ. എ.സി. ശ്രീഹരി എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ലേഖനങ്ങൾ നൽകിയവർക്കും നന്ദി. 2021 നവംബർ മുതൽ ആരംഭിച്ച ഈ ശ്രമം പൂർത്തീകരിക്കാൻ സർവപിന്തുണയും നൽകിയ പ്രിയപ്പെട്ടവർക്ക് നന്ദി. വായനക്കും വിമർശനത്തിനുമായി ഈ ലക്കം സന്തോഷത്തോടെ സമർപ്പിക്കുന്നു.

ഡോ. ഫൗസിയ പി.എ.

*ഇഷ്യൂ എഡിറ്റർ*

Panel of Peer Reviewers

ഡോ. ടി.വി മധു
പ്രൊഫസർ,
ഫിലോസഫി വിഭാഗം,
കാലിക്കറ്റ് സർവകലാശാല.

ഡോ. എബി കോശി
പ്രൊഫസർ, ഫിലോസഫി വിഭാഗം,
സംസ്കൃത സർവകലാശാല,
കാലടി.

ഡോ. എ.സി. ശ്രീഹരി,
അസിസ്റ്റന്റ് പ്രൊഫസർ,
ഇംഗ്ലീഷ് വിഭാഗം,
പയ്യന്നൂർ കോളേജ്, പയ്യന്നൂർ.

ഡോ. ജീവൻ ജോബ് തോമസ്,
എഴുത്തുകാരൻ,
എൻ.ഐ.റ്റി.സി. കാമ്പസ്,
കോഴിക്കോട്.

## മലയാളപ്പച്ച

### റിസേർച്ച് ജേർണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം
2015 ഓഗസ്റ്റ് മുതൽ അർദ്ധവാർഷികമായും 2023 ഫെബ്രുവരി മുതൽ വാർഷികമായും പ്രസിദ്ധീകരിക്കുന്ന റിസേർച്ച് ജേർണലാണ് മലയാളപ്പച്ച. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേർണൽ എന്ന ബഹുമതി ഇതിനുണ്ട്. 2021 ഏപ്രിൽ മുതൽ യുജിസി കെയർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും ഓഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്.

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ malayalapachcha@gmail.com എന്ന വിലാസത്തിലേയ്ക്ക് word format-ൽ ഇരുപതു പുറത്തിൽ കവിയാതെ തയ്യാറാക്കി അയക്കുക. റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

# ഉള്ളടക്കം


## ഭാഗം 1

പോസ്റ്റ്ഹ്യൂമൻ വിചാരമാതൃകയിലെ ആന്തരികവൈരുധ്യങ്ങൾ—ഒരു ആമുഖം
ഡോ.ടി. ടി. ശ്രീകുമാർ 3

തിരസ്കരിക്കപ്പെട്ട പ്രകൃതിചരിത്രവും എഴുതപ്പെട്ട സാമൂഹികചരിത്രവും: ഒരു മാനവികാനന്തരകാല അന്വേഷണം
മനോജ് വി.എസ്. 13

മാനവാനന്തര ദർശനങ്ങളിലെ പ്രതിഭാസവിജ്ഞാനീയ വേരുകൾ
ഗാസ്പർ കെ.ജെ. 29

യാത്രയും യാത്രാഖ്യാനവും മാനവാനന്തരകാലഘട്ടത്തിൽ
സൗമ്യ തോമസ് 42

കോവിഡും സ്വത്വപ്രതിസന്ധിയും: ചില മാനവികാനന്തരചിന്തകൾ
അഭിരാമി എസ്.ആർ.; എബിൻ എം. ഡി. 51

The Posthuman Body: Changing Dynamics of Pleasure
Reshma Majeed; Dr. Najeeb P.M. 62

## ഭാഗം 2

മാനവാനന്തരവാദം മലയാളസിനിമയിൽ
എതിരൻ കതിരവൻ 73

മാനവാനന്തരകാലവും മനുഷ്യേതര ഇടങ്ങളും: സമകാലിക മലയാളാഖ്യാനങ്ങളുടെ രാഷ്ട്രീയം
ഡോ. ലിജി എൻ. 88

സൈബർ ഇടങ്ങളും മലയാള പരിപ്രേക്ഷ്യങ്ങളും
ആൽവിൻ അലക്സാണ്ടർ; ഡോ. സിബു മോടയിൽ 103

ഹ്യൂമനോയ്ഡുകളുടെ റിപ്പബ്ലിക്കിൽ മനുഷ്യന് എന്തു കാര്യം?
'ഇതി മന്വന്തരം ശുഭം' എന്ന നാടകത്തിന്റെ പുനർവായന
ഡോ. ഷിജു കെ. 119

മാനവാനന്തരവിചാരലോകം സൈബർകവിതകളിൽ
ഡോ. സിനുമോൾ തോമസ് 131

പ്രകൃതി-ജീവനം, അതിജീവനം:മാനവാനന്തരപാരിസ്ഥിതിക പാഠങ്ങൾ
(അയ്മനം ജോണിന്റെയും അംബികാസുതൻ മാങ്ങാടിന്റെയും
തെരഞ്ഞെടുത്ത കഥകളെ മുൻനിർത്തിയുള്ള പഠനം)
ഡോ. ഷിമി പോൾ ബേബി 144

രഘുവംശത്തിലെ നന്ദിനീ സപര്യയും മനുഷ്യാനന്തരലോകത്തിലെ
പരിപാലന രാഷ്ട്രതന്ത്രവും
ഡോ. കെ. എസ്. ലത 156

പ്രപഞ്ചത്തിൽ നിന്ന് പ്രദേശങ്ങളിലേക്ക്: മനുഷ്യാനന്തരവിഷയിയുടെ
ഇതരവാഴ്വുകൾ 'ആൻഡ്രോയിഡ് കുഞ്ഞപ്പ'നിൽ
നൗഫൽ. കെ; ഇന്ദു. പി. നമ്പൂതിരി 165

The Whisper Getting Louder: Articulating the Posthuman
in Select Animated Movies
Reshma P. K. & Nithin Lal 179

മനുഷ്യേതര മാനവികത മലയാളനോവലിൽ
'ബുധിനി'യിലെ മാനവാനന്തരഭൂമി
ടോം ജോസ് 196

പോസ്റ്റ്ഹ്യൂമൻ ചിന്തകൾ: ജി.ആർ. ഇന്ദുഗോപന്റെ 'ഐസ് -196℃'
എന്ന നോവലിനെ മുൻനിർത്തിയുള്ള വിശകലനം
ഫെമി ജോഷി 207

കഥാവ്യവഹാരത്തിലെ മാനവാനന്തരത: പി. സുരേന്ദ്രന്റെ കഥകളെ
ആസ്പദമാക്കിയുള്ള പഠനം
വിദ്യാ ആർ. ശേഖർ 220

*മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ
പൂർണ ഉത്തരവാദിത്തം അതതു ലേഖകരിൽമാത്രം നിക്ഷിപ്തമാണ്*

# ഭാഗം 1

# ആലോചനകളും സമീപനങ്ങളും

# പോസ്റ്റ്ഹ്യൂമൻ വിചാരമാതൃകയിലെ ആന്തരികവൈരുധ്യങ്ങൾ—ഒരു ആമുഖം

ഡോ.ടി. ടി. ശ്രീകുമാർ

പ്രൊഫസർ, സ്കൂൾ ഓഫ് ഇന്റർ ഡിസിപ്ലിനറി സ്റ്റഡീസ്; ഡയറക്ടർ ഇൻ ചാർജ്, എഡ്യൂക്കേഷണൽ മൾട്ടിമീഡിയ റിസർച്ച് സെന്റർ (EMMRC), ദി ഇംഗ്ലീഷ് & ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി (EFLU), ഹൈദരാബാദ്

## പ്രബന്ധസംഗ്രഹം

പോസ്റ്റ്ഹ്യൂമൻചിന്തകൾ ധൈഷണികലോകത്തും അതിനുപുറത്തും ലഭിക്കുന്ന വ്യാപകമായ സ്വീകരണം അതിലെ നിരവധി ഉൾപ്പിരിവുകളെക്കുറിച്ചും അവയുടെ രാഷ്ട്രീയ—പ്രത്യയശാസ്ത്ര വൈജാത്യങ്ങളെക്കുറിച്ചുമുള്ള അന്വേഷണങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ടോ എന്ന ചോദ്യം പ്രസക്തമാണ്. ഈ ചെറിയ കുറിപ്പിൽ അത്തരമൊരു വിമർശനത്തിന്റെ ചില ആമുഖനിരീക്ഷണങ്ങളാണ് മുന്നോട്ടുവെക്കാൻ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ:** അതിമനുഷ്യൻ, പോസ്റ്റ്ഹ്യൂമൻവിചാരമാതൃക, ട്രാൻസ് ഹ്യൂമനിസം, സമ്പദ്‌വ്യവസ്ഥ.

പോസ്റ്റ്ഹ്യൂമൻവ്യവഹാരങ്ങളിൽ രീതിപരമായി, ജ്ഞാനപരമായി, ഭവശാസ്ത്രപരമായി നിരവധി വ്യത്യസ്തമായ ചിന്താഗതികൾ കടന്നുവന്നിട്ടുണ്ട്. പരസ്പരം കടംകൊണ്ടും അതേസമയം അനേകം വൈരുധ്യങ്ങൾ നിലനിർത്തിയുമാണ് ഈ പോസ്റ്റ്ഹ്യൂമൻ മാതൃകകൾ വികസിക്കുന്നത്. മനുഷ്യാനന്തര ദാർശനികത, സാംസ്കാരിക മനുഷ്യാനന്തരത, ലാവണ്യാത്മക മനുഷ്യാനന്തരത, ട്രാൻസ്ഹ്യൂമനിസം എന്നിവയുടെതന്നെ വിവിധ അവാന്തര വിഭാഗങ്ങളുണ്ട്. (ഇതേക്കുറിച്ചുള്ള വിശദമായ ചർച്ചക്ക് Ferrando, Francesca. 2019

കാണുക. കൂടാതെ, Braidotti & Hlavajova, 2018; Rosendahl Thomsen & Wamberg, 2020; എന്നീ പഠനങ്ങളും). നവഭൗതികവാദവും ആന്റി ഹ്യൂമനിസവും മെറ്റഹ്യൂമനിസവുമെല്ലാം പോസ്റ്റ്ഹ്യൂമൻ പശ്ചാത്തലത്തിൽക്കൂടി ഉയരുന്ന വിചാരമാതൃകകളാണ് (Ferrando, 2013). ഇവക്കിടയിലുള്ള വ്യത്യാസങ്ങൾ ഉൾക്കൊണ്ടുകൊണ്ടാവണം ഈ മേഖലയിലെ അന്വേഷണങ്ങൾ മുന്നോട്ടുകൊണ്ടുപോവേണ്ടത്. ഒപ്പംതന്നെ, ഇവയെ വിമർശനാത്മകമായി പരിശോധിക്കുക എന്ന ഉത്തരവാദിത്തവുമുണ്ട്. വിമർശനാത്മക പോസ്റ്റ്ഹ്യൂമാനിറ്റീസ് (critical posthumanities) എന്ന സമീപനം ഇപ്പോൾ പ്രയോഗത്തിൽ വന്നിട്ടുണ്ട് (Braidotti, 2019). ഇത് സ്വാംശീകരണസമീപനങ്ങളിൽ താരതമ്യേന കൂടുതൽ സ്വീകാര്യമായ ഒന്നായിട്ടാണെനിക്കു തോന്നിയിട്ടുള്ളത്. "പോസ്റ്റ്ഹ്യൂമൻവിഷയി എന്ന സങ്കല്പത്തെ പുതിയ വിചാരമാതൃകകളിലൂടെ അന്വേഷിക്കേണ്ടതുണ്ടെന്ന സമീപനത്തിനാണിതിൽ ഊന്നൽ നല്കുന്നത്. എന്നാലിതു നിലവിലുള്ള പോസ്റ്റ്ഹ്യൂമൻചിന്താരീതികളെ അക്കാദമിക് ചട്ടക്കൂടിനുള്ളിൽ മനസ്സിലാക്കാനും പുതിയ ദിശാമുഖങ്ങൾ എങ്ങനെ ഒക്കെ വികസിപ്പിക്കാൻ കഴിയുമെന്ന് പരിചിന്തിക്കാനുമുള്ള പുതിയ അന്വേഷണമാണ്. പോസ്റ്റ്ഹ്യൂമനിസവുമായി ബന്ധപ്പെട്ട എന്റെ അന്വേഷണങ്ങൾക്കു രണ്ടു ദശാബ്ദക്കാലത്തെ പഴക്കമുണ്ട്. 2001—ൽ New Media and Society എന്ന പേരിൽ ഒരു വിഷയം ഞാൻ പഠിപ്പിക്കാൻ തുടങ്ങിയപ്പോഴാണ് ഈ ചർച്ചയുമായി ഞാൻ കൂടുതൽ പരിചയപ്പെടുന്നത്. എന്നാൽ 2016—ൽ "Asian Perspectives on Digital Culture: Emerging Phenomena, Enduring Concepts" എന്ന പുസ്തകത്തിനുവേണ്ടി 'Asian Modernities and the Posthuman Future: Some Reflections' എന്ന പഠനം (Sreekumar, 2016) തയ്യാറാക്കിയപ്പോൾ മുതലാണ് ഇതിൽ എന്റേതായ കാഴ്ചപ്പാട് ഞാൻ പറഞ്ഞുതുടങ്ങുന്നത്. 'പോസ്റ്റ്ഹ്യൂമൻ വിചാരലോകങ്ങൾ' എന്ന എന്റെ പുസ്തകം (2021) ആ ചിന്തകളുടെകൂടി ഭാഗമായിരുന്നു.

ഈ ചർച്ചകളുടെയും പരിമിതമായ അന്വേഷണങ്ങളുടെയും ഭാഗമായി എനിക്കു മനസ്സിലായ ഒരു കാര്യം പോസ്റ്റ്ഹ്യൂമൻ ചിന്താധാര ഇന്ന് എത്തിച്ചേർന്നിരിക്കുന്ന പ്രതിസന്ധികൾ പലപ്പോഴും ചർച്ചചെയ്യപ്പെടാതെ പോകുന്നുണ്ടെന്നതാണ്. വർദ്ധിച്ചുവരുന്ന സ്വീകാര്യതയുടെ ഒഴുക്കിൽ അവ വിസ്മരിക്കപ്പെടുന്നതു സ്വാഭാവികമാണ്. എന്നാലതിന്റെ ചരിത്രപരമായ മാനങ്ങൾ അതീവ പ്രാധാന്യമുള്ളവയാണെന്നതിനാൽ വിമർശനാത്മകമായ സമീപനങ്ങൾ

തുറന്നിടുക എന്നതുമാവശ്യമാണ്. ഇതിലെ പ്രാഥമികമായ ഒരു നിഗമനം, പോസ്റ്റ്ഹ്യൂമൻ ലോകത്തിന്റെ വിചാരവിഭ്രമങ്ങളിൽനിന്നുയർന്നുവരുന്ന സാമൂഹികസങ്കല്പനങ്ങളെ ഉത്കണ്ഠകളോടെ വീക്ഷിക്കുന്നവർക്കവ കേവലം ഭാവനാത്മകമായി മാത്രമല്ല മനസ്സിലാക്കാൻ കഴിയുന്നത് എന്നതാണ്. ഭാവനയുടെ നിരവധിതലങ്ങൾ തുടക്കംമുതൽതന്നെ മനുഷ്യാനന്തരതയുടെ ചർച്ചകളെ നിഗൂഢവല്ക്കരിക്കാൻ കാരണമായിട്ടുണ്ടെന്നതും യാഥാർത്ഥ്യമാണ്. പക്ഷെ അതോടൊപ്പംതന്നെ ഹാരാവേ (Harraway, 1991) ചൂണ്ടിക്കാണിച്ചതുപോലെ സാമൂഹിക യാഥാർത്ഥ്യവും സയൻസ് ഫിക്ഷനും തമ്മിലുള്ള അതിർവരമ്പുകൾ ക്രമേണ മാഞ്ഞുപോകുന്നുണ്ടായിരുന്നു. സങ്കല്പവും യാഥാർത്ഥ്യവും തമ്മിലുള്ള അകലം നേർത്തുകൊണ്ടിരുന്നു. മനുഷ്യൻ എന്നത് എക്കാലവും മനുഷ്യനിലും അധികമാവാനുള്ള നിതാന്തമായ ശ്രമത്തിന്റെകൂടി പര്യായമായിരുന്നു എന്നതിൽ ആർക്കും തർക്കമുണ്ടാവില്ല. അത്തരത്തിൽ മനുഷ്യനിലും അധികമാവുകയെന്നത് പരിണാമത്തിന്റെ അനിവാര്യതയായി കാണാവുന്നതാണ്. ഡാർവിനിയൻ അർത്ഥത്തിലുള്ള പരിണാമം നിലക്കുകയും അതിനു പകരമെന്നോണം ബോധപൂർവ്വമായ ശാരീരിക— ബൗദ്ധിക രൂപാന്തരീകരണം നിയതമായ യാഥാർത്ഥ്യവും സാധ്യതയുമാവുകയും ചെയ്യുന്ന സാങ്കേതികവിദ്യ രൂപംകൊള്ളുകയും ചെയ്തത് മനുഷ്യാനന്തരത എന്ന സങ്കല്പത്തെ കൂടുതൽ പ്രായോഗികതലത്തിൽനിന്നു വീക്ഷിക്കാൻ പലരെയും പ്രേരിപ്പിച്ചു. അതിനപ്പുറം, ഈ പ്രക്രിയകളുടെ അടിസ്ഥാനത്തിൽ ബോധപരമായ മുന്നേറ്റമായി മനുഷ്യപരിണാമത്തെ കാണുന്ന ദാർശനികധാരകൾ ചിന്താലോകത്തു സജീവമാവാൻ തുടങ്ങുകയും ചെയ്തു.

എന്നാൽ ഈ സമീപകാലചരിത്രത്തിലേക്ക് മനുഷ്യാനന്തരചിന്തയെ ചുരുക്കാനാവില്ല. ദാർശനികമായ അർത്ഥത്തിൽ 'മനുഷ്യൻ' ആദ്യമായി വിമർശിക്കപ്പെടുന്നത് നീത്ചേയുടെ അവ്യവസ്ഥമായ ചിന്താവ്യൂഹത്തിലാണ്. നിലനില്ക്കുന്ന മനുഷ്യൻ (actually existing human/humanity) അബലവും ആത്മസ്ഥൈര്യം കമ്മിയായതുമായ അധമസ്വത്വമാണെന്ന ക്രൂരമായൊരു വിമർശനം നീത്ചേയിലുണ്ട് എന്നു പറഞ്ഞാൽ തെറ്റാവില്ലെന്നതാണു എന്റെ വിശ്വാസം. നിലനിൽക്കുന്ന മാനവികതയുടെ ബലക്ഷയങ്ങളെ യൂറോപ്പിന്റെ വിലക്ഷണസന്ദേഹങ്ങളുടെ പശ്ചാത്തലത്തിൽ നിശിതമായ വിമർശനത്തിനു നീത്ചേ വിധേയമാക്കി (Nietzsche, 1974). മനുഷ്യർ എന്ന ചരിത്രാവസ്ഥ നാഗരികതക്കു മറികടക്കേണ്ട ആപേക്ഷികതയായി, ബൗദ്ധിക സാധാരണത്വമായി, നീത്ചേയിൽ വിമർശിക്കപ്പെട്ടു. പോസ്റ്റ്ഹ്യൂമൻ ചർച്ചകളിൽ

നീത്ചേയൻ മാനവിക വിമർശനത്തിനു വലിയ പ്രാധാന്യമാണുള്ളത്. നീത്ചേയുടെ 'അതിമനുഷ്യൻ' (overman/superman), മനുഷ്യൻ എന്ന ബോധ പരമായ പരിമിതികളെ അതിലംഘിച്ചുകൊണ്ടു രൂപമെടുക്കുന്ന അതീതമാനുഷ സങ്കല്പനമാണ്. "ദൈവം മരിച്ചു" എന്നാണ് നീത്ചേ പറഞ്ഞതെങ്കിലും ആത്യന്തികമായി "മനുഷ്യൻ, വെറും മനുഷ്യൻ" (Human, All Too Human) എന്നൊരു മനുഷ്യനിരാസമുണ്ട് നീത്ചേയിൽ (Nietzsche, 1878/1996). ദൈവം വെറുതെ മരിക്കുന്നതല്ല, ദൈവം മനുഷ്യന്റെ മാത്രം ദൗർബല്യമായിരുന്നു. അതിമനുഷ്യനു ദൈവത്തെ ആവശ്യമില്ല. പോസ്റ്റ്ഹ്യൂമൻ സങ്കല്പനങ്ങളുടെ നിരവധി വേരുകൾ ആഴ്ന്നുകിടക്കുന്ന രൂപകം കൂടിയാണ് അതിമനുഷ്യൻ. മാത്രമല്ല, ഈ പുതിയ കാലത്ത് അതിനു കൂടുതൽ സാങ്കേതികബദ്ധതകൂടി കൈവരുന്നുണ്ട്. മനുഷ്യനൈതികത അധമബോധത്തിലും അതിമനുഷ്യനൈതികത സാമൂഹികമായിത്തന്നെ ഉയർന്ന നിലവാരത്തിലുള്ളതുമായി നീത്ചേ സങ്കല്പിക്കുന്നുണ്ട്. പോസ്റ്റ്ഹ്യൂമൻ ചർച്ചകളിലേക്ക് നേരിട്ടുനീളുന്ന വിചാരധാര പൊതുവിൽ നീത്ചേയുടെ ചിന്തകളിലുണ്ട്. "മനുഷ്യൻ, വെറും മനുഷ്യൻ" എന്നത് ഒരു വിമർശനമാണ്. മനുഷ്യന്റെ പരിമിതികളെ അതിജീവിക്കേണ്ടതല്ലേ എന്ന ചോദ്യം അതിലുണ്ട്. വ്യക്തിജീവിതംപോലെ സാമൂഹികജീവിതവും നിരന്തരമായ അതിജീവനങ്ങളുടെ പ്രക്രിയയാണ്. ഡാർവിനിസത്തെ നിരാകരിക്കുന്ന നീത്ചേയൻ സമീപനം യഥാർത്ഥത്തിൽ അമൂർത്തമായ ഒരു പോസ്റ്റ്ഹ്യൂമൻ സങ്കല്പത്തിൽ നിന്നുകൊണ്ട് മനുഷ്യൻ എന്ന സങ്കല്പത്തിൽ അടങ്ങിയിട്ടുള്ള അമിത വിശ്വാസങ്ങളെ നിരാകരിച്ചുകൊണ്ട് മനുഷ്യസ്വത്വത്തിന്റെ പരിമിതികളെ ഉയർത്തിക്കാട്ടുന്നതാണ്. ശൂന്യമായ വിമർശനമല്ല, അദൃശ്യമായ ഒരു പോസ്റ്റ്ഹ്യൂമൻവിചാരമാതൃകയുടെ മേല്ലെ ആ വിമർശനത്തെ വസ്തുനിഷ്ഠമാക്കുന്നുണ്ട്. 'Thus Spake Zarathurstra'—യിൽ ഈ പോസ്റ്റ്ഹ്യൂമൻ അതിമനുഷ്യനായി കൂടുതൽ തെളിവോടെ കടന്നുവരികയും ചെയ്യുന്നു (Nietzsche, 1883/2003). Human, All Too Human—നിൽനിന്ന് Thus Spake Zarathurstra—യിൽ എത്തുന്ന നീത്ചേ മനുഷ്യനെക്കുറിച്ചുള്ള അധിഭൗതിക വിമർശനം മറ്റൊരു സമൂർത്തരൂപത്തിലേക്കു കൊണ്ടുവരികയാണു ചെയ്യുന്നത്.

'Thus Spake Zarathustra' എന്ന പുസ്തകത്തിലെ തുടക്കത്തിൽ തന്നെ മനുഷ്യനും അതിമനുഷ്യനുമായുള്ള ഒരു താരതമ്യത്തിനു നീത്ചേ മുതിരുന്നുണ്ട് (ഭാഗം 3). പരിണാമത്തെ അംഗീകരിച്ചുകൊണ്ട് നീത്ചേ പറയുന്നത് പുഴുവിൽ നിന്നു മനുഷ്യനായി പരിണമിക്കുന്നതിനിടയിലാണ് മനുഷ്യൻ

പ്രിമേറ്റ് ആയിരുന്നതെന്നും ഇനി മനുഷ്യനിൽനിന്ന് അതിമനുഷ്യനിലേക്കു പോകേണ്ടതുണ്ടെന്നുമാണ് (Nietzsche, 1883/2003: p.8):

“You have made your way from worm to man, and much in you is still worm. Once you were apes, and even now man is still more of an ape than any ape.

But he who is wisest among you is likewise only a hotbed and hybrid of plant and phantom. But do I command you to become plants or phantoms?

Behold, I teach you the Superman!”

ആദ്യത്തെ പോസ്റ്റ്ഹ്യൂമൻസിനിമ എന്ന് വിളിക്കാവുന്ന സ്റ്റാൻലി ക്യൂബ്രിക്കിന്റെ 2001- A Space Odyssey ഒരർത്ഥത്തിൽ നീത്ചേ സൂചിപ്പിക്കുന്ന ഈ രണ്ടു വിച്ഛേദങ്ങളെ കൂട്ടിയിണക്കുന്നതാണ്. സിനിമയുടെ തുടക്കത്തിൽ ആദിപ്രപഞ്ചത്തെ സൂചിപ്പിക്കുന്ന ഇരുണ്ട ഫ്രെയിമുകൾക്കുശേഷം നാം കാണുന്നത് മനുഷ്യവംശത്തിന്റെ പൊതുമുൻഗാമിയായ ഹോമിനിനി (hominini) വിഭാഗത്തിൽപെട്ട പ്രിമേറ്റുകളെയാണ്. അവർക്കിടയിലെ കിടമത്സരം ഒരു വലിയ എല്ലിൻകഷ്ണം ആയുധമാക്കാം എന്നു കണ്ടെത്തിയ വിഭാഗത്തിന്റെ രക്തപങ്കിലമായ വിജയത്തിൽ അവസാനിക്കുമ്പോൾ വളരെ പെട്ടെന്ന് ഹോമോസാപിയൻവംശം നിർമ്മിതബുദ്ധിയുടെ ഉപയോഗത്തിൽ എത്തിച്ചേർന്ന പോസ്റ്റ്ഹ്യൂമൻ യുഗത്തിലേക്ക്, അതിന്റെ നിർണ്ണായകമായ പരീക്ഷണംകൂടി നടക്കുന്ന ഒരു സ്പേസ്ഷിപ്പിലേക്ക് കഥാഗതി മാറുകയാണ്. സിനിമയുടെ പോസ്റ്റ്ഹ്യൂമൻ ഉത്തരം സങ്കീർണ്ണമാണ്. അതിപ്പോൾ ചർച്ചചെയ്യുന്നില്ല. ഈ സിനിമയെ നാലു വ്യത്യസ്തഭാഗങ്ങളായി തിരിക്കുവാൻ കഴിയും. അവ തമ്മിൽ വിച്ഛേദമുണ്ട്. പക്ഷെ സിനിമ അതിന്റെ പ്രമേയപരമായ ഐക്യത്തിന് ഉപയോഗിക്കുന്നത് പ്രിമേറ്റിനെയും മനുഷ്യനെയും അതിമനുഷ്യനെയും ബന്ധിപ്പിക്കാൻ ശ്രമിക്കുന്ന നീത്ചേയൻ വിചാരമാതൃകയാണെന്നതാണു ശ്രദ്ധേയമായിട്ടുള്ളത്.

ഇതൊക്കെയാണെങ്കിലും അതിമനുഷ്യനിൽനിന്ന് പോസ്റ്റ്ഹ്യൂമൻ മാതൃകകളിലേക്ക് രേഖീയപാതകളില്ല. അതുപോലെ ഇവ രണ്ടും ദാർശനികമായോ ചരിത്രപരമായോ സമാനതകൾ പുലർത്തുന്നുമില്ല. പക്ഷെ നീത്ചേയൻ ചിന്തകൾ എത്തിച്ചേർന്ന ചില നിഹിലിസ്റ്റ്—നാസിസ്റ്റ്തലങ്ങൾ

പോസ്റ്റ്ഹ്യൂമൻവിചാരഭൂമികകളിലും തെളിയുന്നുണ്ടെന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു. അതുമാത്രമാണു പോസ്റ്റ്ഹ്യൂമൻ എന്നു വിവക്ഷയില്ല. പക്ഷേ പ്രധാനപ്പെട്ട ഒരു പോസ്റ്റ്ഹ്യൂമൻ നൈതികധാര ഈ വിചാരമാതൃക പിന്തുടരുന്നതാണ്. അതിമനുഷ്യനിൽനിന്നു നാം മനുഷ്യാനന്തരതയിൽ എത്തുമ്പോൾ തികച്ചും വ്യത്യസ്തമായ ആഗോള സന്ദർഭത്തെ സന്ധിക്കുന്നുണ്ട്. നിഹിലിസ്റ്റ്—നാസിസ്റ്റ് നിഴലുകൾ പുതിയ മനുഷ്യാനന്തര സമീപനത്തിൽ പതിയുന്നത് യാദൃച്ഛികമായിട്ടല്ല. മൂന്നു കാരണങ്ങൾ ഇതിനായി ചൂണ്ടിക്കാണിക്കാനുണ്ട്. ഒന്ന്, എൺപതുകളിൽ ആഗോളമുതലാളിത്തം സ്വീകരിച്ച നിയോലിബറൽ പ്രത്യയശാസ്ത്രമാണ്. അത് ശാസ്ത്രസാങ്കേതികമേഖലയിലെ വികാസത്തെ കൂടുതൽ സ്വകാര്യവിപണിബദ്ധമാക്കി. ലോകവ്യാപാരസംഘടന അതിന്റെ ആഗോള നിയമങ്ങൾ കടുപ്പിച്ചതും ബൗദ്ധിക സ്വത്തവകാശനിബന്ധനകൾ കർക്കശമാക്കിയതും ഇതിന്റെ പശ്ചാത്തലത്തിലായിരുന്നു. ശാസ്ത്ര ഗവേഷണം കൂടുതൽ സ്വകാര്യവല്ക്കരിക്കപ്പെട്ടതോടെ ശാസ്ത്രലോകത്തിന്റെ പഴയ ഫ്രാങ്കൻസ്റ്റീൻ മോഹങ്ങൾകൂടി ചിറകുമുളച്ചു പറക്കുവാൻ തുടങ്ങി. നക്ഷത്രയുദ്ധത്തിന്റെ ആകാശത്തുനിന്നു ശാസ്ത്രം ഭൂമിയിലെ മനുഷ്യന്റെ രൂപാന്തരീകരണമെന്ന പുതിയ അജണ്ടയിലേക്കു ശ്രദ്ധതിരിക്കാൻ തുടങ്ങി. ജെനറ്റിക് എഞ്ചിനീയറിംഗ്, ഡിജിറ്റൽ സാങ്കേതികവിദ്യ എന്നിവ കൈകോർത്തു പുതിയ മനുഷ്യനെ വാർത്തെടുക്കുന്നതിനെക്കുറിച്ച് കൂടുതൽ പ്രായോഗികതലത്തിൽ ആലോചിക്കാൻ തുടങ്ങി. ആഗോളമൂലധനം ഇതിന്റെ വിപണി സാദ്ധ്യതകളെ മുൻകൂട്ടി കണ്ടുകൊണ്ടു അതിന്റെ ഒഴുക്കും അങ്ങോട്ടാക്കി. ലോകം വളരെവേഗം ജനിതകവിപ്ലവത്തിലേക്കു മൗനമായും ഡിജിറ്റൽ വിപ്ലവത്തിലേക്കു കൂടുതൽ ശബ്ദകോലഹലത്തോടെയും പ്രവേശിക്കുകയായിരുന്നു.

ഈ ശാസ്ത്ര-സാങ്കേതിക സന്ദർഭത്തെയും അതിന്റെ വിജയസാധ്യതകൾ നിർണ്ണയിക്കുന്നതിൽ ആഗോള മൂലധനത്തിനുള്ള പങ്കിനെയും മനസ്സിലാക്കാതെ മനുഷ്യാനന്തരതയുടെ രാഷ്ട്രീയവും സാമൂഹികതയും നൈതികമാതൃകയും മനസ്സിലാക്കാൻ കഴിയില്ല. ഹേബർമാസ് പുതിയ ജനിതക സാങ്കേതികവിദ്യ നവവംശശുദ്ധിവാദത്തിലേക്ക് ലോകത്തെ നയിക്കുമെന്നും അത് അപകടകരമായ രാഷ്ട്രീയമായി മാറുമെന്നും വിഭാവന ചെയ്തിട്ടുണ്ട് (Habermas, 2002). ഡിജിറ്റൽ സാങ്കേതികവിദ്യ ജനിതക ഗവേഷണങ്ങൾക്കു പകർന്നുനല്കിയ ഊർജ്ജം ചെറുതല്ല. പുതിയ നവലിബറൽ സാമ്രാജ്യത്വതാല്പര്യങ്ങൾക്കനുസൃതമായ നവലോകം സൃഷ്ടിക്കുന്നതിനു ശാസ്ത്രസാങ്കേതികവിദ്യയെ മുതലാളിത്തം ഉപയോഗിക്കുന്നതിന്റെ നൈതിക പ്രതിസന്ധികളെക്കുറിച്ചുള്ള

ഹേബർമാസിന്റെ നിരീക്ഷണം യഥാർത്ഥത്തിൽ പോസ്റ്റ്ഹ്യൂമൻ നൈതികതയെക്കുറിച്ചുള്ള, വ്യത്യസ്തമായ ഫ്യൂച്ചറിസ്റ്റ് ഉൾക്കാഴ്ച തന്നെയായിരുന്നു. ട്രാൻസ്ഹ്യൂമനിസം എന്ന സാദ്ധ്യതയിലേക്ക് മൂലധനത്തെ നയിച്ചത് നിയോലിബറൽ സാമ്പത്തികനയങ്ങളുടെ പശ്ചാത്തലത്തിൽ നടന്ന, ഹേബർമാസ് മുൻകൂട്ടികണ്ട, ശാസ്ത്രസാങ്കേതികവികാസമാണ്. പ്രോസ്തെറ്റിക്ക് ജീവിതത്തെ പോസ്റ്റ്ഹ്യൂമൻ ജീവിതമായി അടയാളപ്പെടുത്താതെ വേറിട്ടുകാണാൻ കഴിയുമെന്ന നിലപാട് സ്വീകാര്യമായി തോന്നാത്തത് ഇവ രണ്ടും പരസ്പരബന്ധിതമാവുന്ന അടിത്തറ നിയോലിബറൽ വ്യവസ്ഥയുടെതാണ് എന്നതു നിരാകരിക്കുന്നതുകൊണ്ട് കൂടിയാണ്. ട്രാൻസ്ഹ്യൂമനിസം പോസ്റ്റ്ഹ്യൂമനിസമല്ല എന്ന വാദം ആഗോള ട്രാൻസ്ഹ്യൂമനിസത്തിന്റെ സന്ദർഭത്തെ പൂർണ്ണമായും മനസ്സിലാക്കുന്ന ഒന്നാണോ എന്നെനിക്കു സംശയമുണ്ട് (Rignani, 2020).

സാംസ്കാരികമായും ലാവണ്യവാദപരമായും ദാർശനികമായുമുള്ള പോസ്റ്റ്ഹ്യൂമനിസത്തിന്റെ ധൈഷണിക സ്വാംശീകരണം അക്കാദമിക് മേഖലയിലും കലാ—സാഹിത്യ മേഖലകളിലും വലിയ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അതിനപ്പുറത്ത് ഈ പ്രതിഭാസത്തിനു രാഷ്ട്രീയസമ്പദ്ശാസ്ത്രപരമായ പ്രാധാന്യംകൂടിയുണ്ടെന്നതു വിസ്മരിക്കാൻ കഴിയില്ല. പോസ്റ്റ്ഹ്യൂമൻ ലോകം നാലാം വ്യാവസായിക വിപ്ലവത്തിന്റെകൂടി ലോകമാണ്. ഇപ്പോൾ അടിക്കടി ഉണ്ടാകുന്ന സാമ്പത്തികപ്രതിസന്ധികൾ എൺപതുകൾ മുതല്ക്കാരംഭിച്ചെന്നു സാമാന്യമായി പറയാവുന്ന നാലാം വ്യാവസായിക വിപ്ലവത്തിന്റെ കൂടി സൃഷ്ടിയാണ്. അത് തൊഴിൽവിപണിയിൽ ഉണ്ടാക്കിയ ആഘാതങ്ങളുടെ പരിണിതഫലമാണ് ഈ ആഗോളസാമ്പത്തികക്കുഴപ്പങ്ങൾ. അതായത് ഇപ്പോഴത്തേത് പോസ്റ്റ്ഹ്യൂമൻ മൂലധനത്തിന്റെ കാർമ്മികത്വത്തിൽ നടക്കുന്ന മുതലാളിത്ത വികാസത്തിന്റെ വൈരുധ്യങ്ങൾ കൂടിയായി മനസ്സിലാക്കപ്പെടേണ്ടതുണ്ട് എന്നർത്ഥം. നിർമ്മിതബുദ്ധിയുടെ അടിസ്ഥാനത്തിൽ ലോകക്രമം (world order) തിരുത്തി എഴുതപ്പെടുന്നു എന്നതു നിസ്സാരമായ കാര്യമല്ല. അങ്ങനെ ലോകക്രമം തിരുത്തി എഴുതപ്പെടുന്നുവെന്നതും അതു ചരിത്രത്തിലെ ഒരു സാങ്കേതികവിച്ഛേദം കൂടിയാകുന്നുവെന്നതും ആഗോള ഭരണസംവിധാനത്തെത്തന്നെ മാറ്റിത്തീർക്കുന്നുണ്ട്. മേൽ നിരീക്ഷണത്തിന്റെ (surveillance) സാങ്കേതികവിദ്യകൾ പോസ്റ്റ്ഹ്യൂമൻ ഭരണയുക്തിയുടെ (Govermentality) അടിസ്ഥാനമാവുന്നുണ്ടെന്നതു പലപ്പോഴും കാണാതെ പോകുന്നുണ്ട് (Zuboff S., 2018). മാറുന്ന മുതലാളിത്ത പ്രത്യയശാസ്ത്രവുമായും അതിന്റെ രാഷ്ട്രീയസമ്പദ്ശാസ്ത്രവുമായും വളരെവേഗം പോസ്റ്റ്ഹ്യൂമനിസം

ചേർന്നുപോവുന്നു എന്നതല്ല, പോസ്റ്റ്ഹ്യൂമനിസംതന്നെ യഥാർത്ഥത്തിൽ പുതിയ ലോകക്രമത്തിന്റെ പ്രത്യയശാസ്ത്രമാവുന്നു എന്നതാണ് നാം മനസ്സിലാക്കേണ്ടത്. മേൽ നിരീക്ഷണം എന്നത് അനുദിനം മാറുന്ന സാങ്കേതികവിദ്യയും ഭരണകൂടവും കോർപ്പറേറ്റുകളും കൈകോർക്കുന്ന മൃത്യുരാഷ്ട്രീയവുമാവുന്നു (Necropolitics) എന്നത് പുതിയകാലത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടയാളങ്ങളിലൊന്നാണ് (Mbembe 2019). മുമ്പൊരു ലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിക്കാൻ ശ്രമിച്ച ഒരു വസ്തുത, ഈ ചർച്ചയുടെ സന്ദർഭത്തിലും പ്രസക്തമാണ്: "കോർപ്പറേഷനുകളും ഭരണകൂടങ്ങളും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് വിവിധതലങ്ങളിൽ പരസ്പരബന്ധിതമായ രണ്ടു വ്യത്യസ്ത ലക്ഷ്യങ്ങളോടെ മനുഷ്യസ്വകാര്യതയിലേക്ക് നുഴഞ്ഞുകയറുന്നതു കേവലമായ നിരീക്ഷണകൗതുകത്തിന്റെയോ സുരക്ഷിതത്വ രാഷ്ട്രീയത്തിന്റെയോ പേരിൽ മാത്രമല്ല എന്നതാണ് ശ്രദ്ധേയമായിട്ടുള്ളത്. ഇതു മൂലധനത്തിന്റെ മൂല്യനിർമ്മാണത്തിന്റെ അടിസ്ഥാനയുക്തിയായി മാറിയിരിക്കുന്നു എന്നതാണു പ്രധാനം" (ശ്രീകുമാർ, 2021). പുതിയ മേൽനിരീക്ഷണസമ്പദ്വ്യവസ്ഥയായാലും,പോസ്റ്റ്ഹ്യൂമനിസമായാലും ആഗോളമുതലാളിത്തത്തിന്റെ നിഷ്കൃഷ്ടമായ ഏകീകൃതസമഗ്രതയുടെ ഭാഗമായി മാറുകയാണ് (Ibrahim 2021).

'പോസ്റ്റ്ഹ്യൂമൻ വിചാരലോകങ്ങൾ' എന്ന എന്റെ പുസ്തകത്തിൽ ഈ പുതിയ മാനങ്ങൾ പോസ്റ്റ്ഹ്യൂമൻ സിനിമയുടെയും കലയുടെയും നിർമ്മിതബുദ്ധിയുടെയും മേൽ നിരീക്ഷണത്തിന്റെയുമൊക്കെ മാറുന്ന സാഹചര്യങ്ങളിൽ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയെന്നോണമാണ് മാർക്സിന്റെ 'മൂലധനം' എന്ന കൃതിയിലെ ചില പ്രധാന സൈദ്ധാന്തിക പരികല്പനകൾ പോസ്റ്റ്ഹ്യൂമൻ കാഴ്ചപ്പാടുമായി ബന്ധപ്പെട്ട് വിശദീകരിക്കുന്നതെങ്ങനെയെന്ന് അന്വേഷിക്കുന്ന കമ്മോഡിറ്റി ഫെറ്റിഷിസത്തെക്കുറിച്ചുള്ള പഠനവും എഴുതിയത് (ശ്രീകുമാർ, 2022). "പുനർവായനകളിലെ മാർക്സിസം" എന്ന പുസ്തകത്തിലെ നിലപാടുകളുടെയുംകൂടി അനുപൂരകമായാണ് ഈ ലേഖനം എഴുതിയത്. ഇവ ഞാൻ ഇവിടെ സൂചിപ്പിക്കുന്നത് ഈ വിഷയത്തിന്റെ, അല്ലെങ്കിൽ ഇവിടെ ഉയർത്താൻ ഉദ്ദേശിക്കുന്ന വിമർശനത്തിന്റെ, എല്ലാതലങ്ങളും ഒരു ചെറിയ ആമുഖക്കുറിപ്പിൽ ഒതുക്കാനാവില്ല എന്നതിനാലാണ്. മനുഷ്യൻ എന്ന ആശയം ഇല്ലാതാവുകയും നീത്ചേയൻ അർത്ഥത്തിൽ അല്ലെങ്കിലും മറ്റൊരു അതിമനുഷ്യൻ വിഭാവന ചെയ്യപ്പെടുകയും, ഒരു വലിയപരിധിവരെ അതു യാഥാർത്ഥ്യംതന്നെയായി മാറുകയും ചെയ്യുന്ന ആഗോളസാഹചര്യം മൂലധനം സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. കേവലമൊരു ധൈഷണികധാരയെന്ന

നിലയിൽ, ഒരു പഠന രീതിവിദ്യയെന്നനിലയിൽ മാത്രമായി മൂല്യനിരപേക്ഷത യോടെ സ്വീകരിക്കാൻ കഴിയുന്നതല്ല പോസ്റ്റ്ഹ്യൂമൻവ്യവഹാരം എന്നതാണ മനസ്സിലാക്കപ്പെടേണ്ട ഒരു പ്രധാന വസ്തുത. പോസ്റ്റ്ഹ്യൂമനിസം അതിന്റെ ദാർശനികമായ അർത്ഥത്തിൽ സാപിയൻ വംശത്തിന്റെ ആരംഭം മുതലുള്ള അനുസ്യൂതമായ പരിവർത്തന പ്രക്രിയയായി കാണുന്നതിൽ തെറ്റുണ്ടെന്നു ഞാൻ പറയുന്നില്ല. മനുഷ്യർ എല്ലാക്കാലത്തും പോസ്റ്റ്ഹ്യൂമൻ ആയിരുന്നു എന്നൊരു 'ആത്മീയ പ്രഖ്യാപനം' ഫ്രാൻസിസ്കോ ഫെരാണ്ടോ നടത്തുന്നുണ്ട് (Ferrando, 2016). പക്ഷേ അതിന്റെ നാലാം വ്യാവസായിക വിപ്ലവാവതാരത്തെ ഒട്ടും വിമർശനാത്മകമായല്ലാതെ ഉൾക്കൊള്ളാമെന്നതു പൂർണ്ണമായും മാര്ക്സിസ്റ്റ്—ഇതരമായ ഒരു സമീപനമാണ്. മാർക്സിസ്റ്റ്—ഇതരമാണ് എന്നതല്ല അതിലെ കാതലായ പ്രശ്നം. അതിലെ രാഷ്ട്രീയവ്യാമോഹം പോസ്റ്റ്ഹ്യൂമൻ ദർശനത്തെ മറ്റൊരു സാംസ്കാരിക—ലാവണ്യമാതൃക മാത്രമായി ചുരുക്കിക്കാണുന്നതിൽ നിന്നുണ്ടാവുന്നതാണെന്നതാണ്. പുതിയ പഠനങ്ങൾ തീർച്ചയായും മനുഷ്യാനന്തര വിചാരമാതൃകയിൽ നിലീനമായിട്ടുള്ള വൈരുദ്ധ്യങ്ങളുടെ ചരിത്രംകൂടി പരിശോധിക്കാനും വിമർശനാത്മകമായിക്കൂടി വിലയിരുത്താനും ബാധ്യസ്ഥമാണെന്നു ഞാൻ കരുതുന്നു.

## ആധാരസൂചി

1. Braidotti, R., & Hlavajova, M. (Eds.). (2018). Posthuman glossary. London, New York: Bloomsbury Academic.

2. Braidotti, R. (2019). A Theoretical Framework for the Critical Posthumanities. Theory, Culture & Society, 36(6), 31–61.

3. Ferrando, F. (2013). Posthumanism, transhumanism, antihumanism, metahumanism, and new materialisms. Existenz: An International Journal in Philosophy, Religion,Politics, and the Arts, 8(2), 26-32.

4. Ferrando, F. (2016). 'Humans Have Always Been Posthuman: A Spiritual Genealogy of the Posthuman' In: Banerji, D., Paranjape, M.R. (eds.) Critical Posthumanism and Planetary Futures, Springer, pp. 243-256.

5. Ferrando, F. (2019). Philosophical posthumanism. London, New York: Bloomsbury Academic.

6. Habermas J. (2002). The future of human nature. Polity.

7. Haraway, D. (1991) 'A Cyborg Manifesto: Science, Technology, and Socialist-Feminism in the Late Twentieth Century'. Simians, Cyborgs and Women: The Reinvention of Nature, Routledge, New York, 149-181

8. Ibrahim Y. (2021). Posthuman capitalism : dancing with data in the digital economy. Routledge Taylor & Francis Group.

9. Mbembe A. (2019). Necropolitics. Duke University Press.

10. Nietzsche F. W. (1878/1996). Human all too human. Cambridge University Press.

11. Nietzsche F. W. (1883/2003). Thus spake zarathustra : a book for all and none. Translated by Thomas Wane. Algora Publishing.

12. Nietzsche, F. W. (1882/1974). The gay science; with a prelude in rhymes and an appendix of songs. New York : Vintage Books

13. Rignani, O. (2020). 'The relevance of Michel Serres's idea of bodily hominescence for a convergence of posthumanism and transhumanism: A trans/posthuman body'. Philosophy Study, 10(2), 119-126.

14. Rosendahl Thomsen, M., & Wamberg, J. (Eds.). (2020). The Bloomsbury handbook of posthumanism. London, New York: Bloomsbury Academ

15. Sreekumar, T.T. (2016). 'Asian Modernities and the Posthuman Future: Some Reflections' In Lim Sun Sun and Sorriano Cheryll (Eds.) Asian Perspectives on Digital Culture: Emerging Phenomena, Enduring Concepts. New York: Routledge

16. Zuboff S. (2018). The age of surveillance capitalism : the fight for the future at the new frontier of power. Profile Books.

17. ശ്രീകുമാർ, ടി.ടി. (2019) പുനർവായനകളിലെ മാർക്സിസം, കോട്ടയം, ഡി.സി. ബുക്സ്.

18. ശ്രീകുമാർ, ടി.ടി. (2022). 'കമ്മോഡിറ്റി ഫെറ്റിഷിസവും പോസ്റ്റ്ഹ്യൂമൻ മാർക്സിസ്റ്റ് വിമർശനവും', അന്യോന്യം ത്രൈമാസിക, പുസ്തകം 2, ലക്കം 1. പേജ് 92—113

19. ശ്രീകുമാർ, ടി.ടി. (2021). പോസ്റ്റ്ഹ്യൂമൻ വിചാരലോകങ്ങൾ: സൗന്ദര്യം, രാഷ്ട്രീയം, മൃത്യുരാഷ്ട്രീയം, കോഴിക്കോട്, പുസ്തക പ്രസാധകസംഘം.

20. ശ്രീകുമാർ, ടി.ടി. (2021) 'സർവയലൻസ് മുതലാളിത്തം', ദേശാഭിമാനി വാരിക, നവംബർ 7.

*email-sreekumartt@efluniversity.ac.in*

# തിരസ്കരിക്കപ്പെട്ട പ്രകൃതിചരിത്രവും എഴുതപ്പെട്ട സാമൂഹികചരിത്രവും: ഒരു മാനവികാനന്തരകാല അന്വേഷണം

മനോജ് വി.എസ്.
ഗവേഷകൻ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല. കോട്ടയം

## പ്രബന്ധസംഗ്രഹം

കേരളത്തിന്റെ എഴുതപ്പെട്ട ചരിത്രഗ്രന്ഥങ്ങളായ എ. ശ്രീധരമേനോന്റെ കേരളചരിത്രം, വില്യം ലോഗന്റെ മലബാർ മാന്വൽ എന്നിവയിൽ അടയാളപ്പെടുന്ന പ്രകൃതിചരിത്രത്തെ വിമർശനാത്മകമായി വിലയിരുത്തുന്നു. മാനവികചരിത്രം ഉപഭോഗയുക്തിയിലൂടെയാണ് പ്രകൃതിചരിത്രത്തെ നോക്കിക്കാണുന്നത്. പ്രസ്തുത ഉപഭോഗയുക്തിയുടെയും കൊളോണിയൽ പുരുഷനോട്ടങ്ങളുടെയും ആകെത്തുകയായി കേരളചരിത്രവും മലബാർ മാന്വലും മാറുന്നു. ഈ വിവേകത്തിന്റെ വെളിച്ചത്തിൽ പുതുതായി ഒരു നവപാരിസ്ഥിതിക ബോധത്തിലേക്കും ഭൗമസദാചാരത്തിലേക്കും നാം എത്തിച്ചേരേണ്ടതുണ്ട്.

**താക്കോൽവാക്കുകൾ:** മാനവികത, മാനവികാനന്തരത, നവചരിത്രവാദം, പ്രകൃതിചരിത്രം, പ്രോസസ് ഫിലോസഫി, കൾച്ചറൽ ഇക്കോളജി, നോട്ടം

മനുഷ്യനെ കേന്ദ്രസ്ഥാനത്തു നിലനിർത്തി പാശ്ചാത്യലോകത്തു രൂപപ്പെട്ട രാഷ്ട്രീയ-ചിന്താ പാരമ്പര്യത്തെയാണ് മാനവികതാവാദം (humanism) എന്നുവിളിക്കുന്നത്. മനുഷ്യയുക്തിയുടെയും മാനുഷിക ബലത്തിന്റെയും അതിഭൗതികതലത്തോളമെത്തുന്ന അപരിമേയസാധ്യതകളെ ഊട്ടിയുറപ്പിച്ച ഈ ചിന്താപദ്ധതി, ജ്ഞാനോദയത്തിന്റെയും നവോത്ഥാനത്തിന്റെയും

കൊളോണിയലിസത്തിന്റെയും ചുവടുപിടിച്ചാണ വികസ്വരമായത്. അതു കൊണ്ടുതന്നെ കല, സാഹിത്യം, രാഷ്ട്രീയം, ശാസ്ത്രം തുടങ്ങി സാമൂഹിക-ചരിത്രത്തിന്റെ എല്ലാ പടവുകളിലും എതിർചോദ്യങ്ങളില്ലാത്ത ഒരു വീക്ഷണമായി മാനവികതാവാദം പ്രബലപ്പെട്ടു[1]. എന്നാൽ, മനുഷ്യനെ സംബന്ധിച്ച എല്ലാ അപ്രമാദിത്വ ചിന്തകളെയും റദ്ദ ചെയ്തുകൊണ്ടായിരുന്നു മാനവികതാനന്തര വിമർശനത്തിന്റെ കടന്നുവരവ്. ഭൂമിയിൽ ഏതൊരു ജീവജാലത്തെയും പോലെ ഒരു ഭൗമ കർത്തൃത്വമേ (geological identity) മനുഷ്യനുമുള്ളൂ എന്ന തിരിച്ചറിവാണ് മാനവികതാനന്തര വിമർശനത്തിന്റെ നിലപാടുതറ. അതുകൊണ്ടുതന്നെ മനുഷ്യൻ എന്ന താക്കോൽ പദത്തിന്റെ പുനർ നിർവചനമോ, പൊളിച്ചെഴുത്തോ ആണ് മാനവികാനന്തരചിന്ത എന്നു പൊതുവെ പറയാം. ജ്ഞാനോദയകാലത്തെ മനുഷ്യനിൽനിന്നും ഉപഭോക്തൃ മുതലാളിത്ത കാലത്തെ മനുഷ്യൻ വിഭിന്നനായിരുന്നു. ആന്തരികമായും ബാഹ്യമായും സംഭവിക്കുന്ന ഈ മാനുഷികമാറ്റം ചരിത്രപരമായി സംഭവിച്ചതാണെന്നു ബി. രാജീവൻ സൂചിപ്പിക്കുന്നുണ്ട്[2]. അറുപതുകളിൽ യൂറോപ്പിലാകമാനം അലയടിച്ച നവീന ഇടതുപക്ഷത്തിന്റെ വിചാരമാതൃകകളുമായി അദ്ദേഹം ഇതിനെ ബന്ധിപ്പിക്കുന്നു. നവീന ഇടതുപക്ഷത്തിന്റെ കാലത്ത് പുനരുജ്ജീവനം നേടിയ സ്പിനോസയുടെ അധികാര വിമർശന-വിശകലന മാതൃകകളാണ് മാനവികാനന്തര ചിന്തയുടെ പ്രോദ്ഘാടനമായി ബി. രാജീവൻ അടയാളപ്പെടുത്തുന്നത്[3].

എന്നാൽ, മാനവികാനന്തരത ഒരു സവിശേഷ ചരിത്രഘട്ടത്തിൽ മാത്രം കുടുങ്ങിക്കിടക്കുന്നില്ല. അത് സമീപകാലത്തെ എല്ലാത്തരം വ്യവഹാരങ്ങളോടുമെന്നപോലെ ഭാവികാലത്തോടും സംവാദപരമായി പ്രതികരിച്ച മുന്നേറിക്കൊണ്ടിരിക്കുകയാണ്. ജി. മധുസൂദനൻ എഴുതുന്നു: “നാനോ ടെക്നോളജി, ജനിതക സാങ്കേതികവിദ്യ, മൈക്രോ ബയോളജി, ന്യൂറോ ഫിസിയോളജി, കൃത്രിമജീവൻ, കൃത്രിമബുദ്ധി, പ്രജ്ഞാനശാസ്ത്രം, വെർച്വൽ റിയാലിറ്റി എന്നീ രംഗങ്ങളിലെ പുതിയ ശാസ്ത്രീയവികാസങ്ങളുടെ ഫലമായി മനുഷ്യരുടെ ജൈവഘടനയ്ക്കും ജീവിതരീതികൾക്കും മൂല്യങ്ങൾക്കും വരുന്ന മാറ്റങ്ങളുടെ പശ്ചാത്തലത്തിലാണ് മാനുഷികാനന്തരത എന്ന സങ്കല്പം ഉരുത്തിരിഞ്ഞത്” (2009: 102).

വികസനം, പുരോഗതി, കൈയ്യടക്കൽ, കൈമാറ്റം എന്നിങ്ങനെ അധികാര-അധിനിവേശ താൽപര്യങ്ങളെ പുനരുൽപാദിപ്പിക്കുന്ന പ്രത്യയശാസ്ത്രമാണ് മാനവചരിത്രത്തിന്റെ പ്രത്യേകത. സംസ്കാരത്തിന്റെ വിവിധ

പടവുകളിലുള്ള നിർവഹണ കർത്തൃത്വം (agency) അതു മനുഷ്യനിലേക്ക് ആരോപിക്കുന്നു. എഴുതപ്പെട്ട എല്ലാ ചരിത്രസംരംഭങ്ങളും മനുഷ്യനെയും മാനുഷികമൂല്യത്തേയും പ്രതിനിധീകരിക്കുന്ന പ്രത്യയശാസ്ത്രത്തെയാണു വിനിമയം ചെയ്യുന്നത്. കാർട്ടീസിയൻ (cartesian)[4] ദ്വൈതവാദത്തിന്റെ പ്രതിലോമതകൾ ഉൾവഹിക്കുന്ന ചരിത്രബോധം ഭൂതകാലത്തിന്റെ വസ്തുനിഷ്ഠയാഥാർത്ഥ്യത്തെ പ്രകാശിപ്പിക്കുമെന്ന് സ്വയം വിശ്വസിച്ചു. അതോടെ അചഞ്ചലമായ മാനുഷികസത്തയുടെ രാഷ്ട്രീയജ്ഞാനരൂപങ്ങളായി ജ്ഞാനോദയവ്യവഹാരങ്ങൾ വഴിമാറി. തത്ഫലമായി ചരിത്രം രേഖീയമായ ഒരു സംസ്കാരമെഴുത്തായിത്തീരുകയും ചെയ്തു. മാനവികതാവാദത്തിന്റെ സൂക്ഷ്മമാപിനിയിലൂടെ കടന്നുപോകുന്ന ഈ ചരിത്രബോധം പ്രകൃതിചരിത്രത്തെയും മനുഷ്യന്റെ ഭൗമകർത്തൃത്വത്തെയും ഒരുകാലത്തും പരിഗണിക്കുന്നതായിരുന്നില്ല എന്നുപറയാം.[5] ചുരുക്കത്തിൽ, മാനവികതയിലൂന്നിയ ചരിത്രദർശനത്തിൽ പ്രകൃതിയെന്നത് മനുഷ്യന് അനുബന്ധമായ ഒരമൂർത്തവസ്തു മാത്രമായി പരുവപ്പെടുകയായിരുന്നു.

തുടർച്ചയായി കടന്നുവരുന്ന പ്രകൃതിദുരന്തങ്ങളും മഹാമാരികളും മനുഷ്യകേന്ദ്രിത ചരിത്രാവബോധത്തെ പൊളിച്ചെഴുതേണ്ടതിന്റെ അനിവാര്യതയാണ് ചൂണ്ടിക്കാണിക്കുന്നത്. നിലവിലുള്ള മാനവികചരിത്രം സൃഷ്ടിച്ച ചരിത്രമെഴുത്തിന്റെ രീതിശാസ്ത്രത്തെ വിമർശനാത്മകമായി കണ്ടുകൊണ്ടേ ഇത്തരമൊരുദ്യമം സാധ്യമാകൂ. സാങ്കേതിക മൂലധനം പ്രകൃതിവിഭവങ്ങൾക്കുമേൽ വന്യമായി കടന്നുകയറി നിലവിലുള്ള ജൈവഘടനകളെ ഇല്ലാതാക്കുന്ന ഈ ഘട്ടത്തിൽ ചരിത്രത്തിന്റെ ഏതൊരു പുനർവായനയും പ്രധാനമാണ്. ഇത്തരമൊരു വിവേകത്തിന്റെ പശ്ചാത്തലത്തിൽ മലയാളത്തിൽ എഴുതപ്പെട്ട ചില ചരിത്രഗ്രന്ഥങ്ങളെ വിമർശനാത്മകമായി വിലയിരുത്താൻ ഈ പ്രബന്ധം ശ്രമിക്കുന്നു.

### 1. കേരളചരിത്രങ്ങളും തിരസ്കൃത പ്രകൃതിചരിത്രവും

കേരളം എന്ന രാഷ്ട്രീയ ഭൂമികയെക്കുറിച്ച് അക്കാദമികവും അക്കാദമികേതരവുമായി അടയാളപ്പെടുത്തുന്ന നിരവധി ചരിത്രഗ്രന്ഥങ്ങളുണ്ട്. കേരളത്തിന്റെ പ്രാചീനകാല സാമൂഹികചരിത്രം തൊട്ട് പുതിയ രാഷ്ട്രീയകാല അവസ്ഥകൾവരെ വിവരിക്കുന്ന ഈ ഗ്രന്ഥങ്ങൾ പ്രകൃതിചരിത്രത്തെ പ്രത്യക്ഷമായോ, പരോക്ഷമായോ അടയാളപ്പെടുത്തുന്നു. എന്നാൽ മാനവികതാവാദത്തിന്റെ ജ്ഞാനപരിധിയെ ആകമാനം ഉൾക്കൊള്ളുന്ന സാമ്പ്രദായിക ചരിത്രപദ്ധതിയെ പിൻപറ്റുന്നതിനാൽ ഈ ചരിത്രഗ്രന്ഥങ്ങളിലൊന്നും തന്നെ

പ്രകൃതിചരിത്രത്തിന് അർഹമായ പ്രാതിനിധ്യം കൊടുക്കുന്നില്ല. 'മലബാർ മാന്വൽ' (വില്യം ലോഗൻ), 'തിരുവതാംകൂർ ചരിത്രം' (പി. ശങ്കുണ്ണിമേനോൻ), 'കൊച്ചിരാജ്യചരിത്രം' (കെ.പി. പത്മനാഭമേനോൻ), 'ജാതിവ്യവസ്ഥിതിയും കേരളചരിത്രവും' (പി.കെ. ബാലകൃഷ്ണൻ), 'കേരളം മലയാളികളുടെ മാതൃഭൂമി' (ഇ.എം.എസ്. നമ്പൂതിരിപ്പാട്), 'കേരളത്തിന്റെ സാംസ്കാരിക ചരിത്രം' (പി. കെ ഗോപാലകൃഷ്ണൻ), 'കേരളചരിത്രം' (എം.ആർ. രാഘവവാര്യർ, രാജൻ ഗുരിക്കൾ), 'കേരളചരിത്രം' (എ. ശ്രീധരമേനോൻ) തുടങ്ങിയ കേരളസംബ ന്ധിയായ ചരിത്രപുസ്തകങ്ങൾ ഇതിനുദാഹരണങ്ങളാണ്. രണ്ടു വ്യത്യസ്ത കാലഘട്ടത്തിലെ ചരിത്രപ്രതിനിധാനങ്ങൾ എന്ന നിലയിൽ എ. ശ്രീധര മേനോന്റെ 'കേരളചരിത്ര'വും വില്യം ലോഗന്റെ 'മലബാർ മാന്വ'ലുമാണ് ഈ പ്രബന്ധത്തിന്റെ അനന്തരഭാഗം വിശകലനം ചെയ്യുന്നത്. വിഷയവൈ പുല്യവും ഗ്രന്ഥകർത്താക്കളുടെ കാലദേശത്തിലൂന്നിയ മോട്ടിഫുകളും ഈ പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിൽ സ്വാധീനിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഗ്രന്ഥങ്ങൾ മുൻസൂചിപ്പിച്ച ഇതര ചരിത്രപുസ്തങ്ങളേക്കാൾ പ്രകൃതിചരിത്രത്തിന് എളിയ അളവിലെങ്കിലും ഇടം നൽകിയിട്ടുണ്ട് എന്നതും ഈ ഗ്രന്ഥങ്ങളെ സ്വീകരിക്കു ന്നതിൽ മാനദണ്ഡമായിട്ടുണ്ട്.

## 2. കേരളചരിത്രം

എ. ശ്രീധരമേനോൻ രചിച്ച കേരളചരിത്രം അദ്ദേഹം തന്നെ എഴുതിയ a survey of kerala history എന്ന കൃതിയുടെ മലയാളവിവർത്തനമാണ്. വിദ്യാർത്ഥികൾക്കുള്ള അക്കാദമിക ഉപയോഗം, കേരളചരിത്രത്തിന്റെ സാമാന്യാവലോകനം ലഭിക്കുക എന്നിവയായിരുന്നു 1967-ൽ ആദ്യപതിപ്പ് പുറത്തിറങ്ങിയ ഈ പുസ്തകത്തിന്റെ പ്രധാനലക്ഷ്യം. കേരളചരിത്രത്തിന്റെ ഒന്നാം അധ്യായത്തിലാണ് പ്രകൃതിചരിത്രം കടന്നുവരുന്നത്. ഈ അധ്യായം; ഭൂവിഭാഗങ്ങൾ, ഭൂമിശാസ്ത്രപരമായ നില, പർവ്വതങ്ങളും മലകളും, മലനിരകൾ, മലമ്പാതകൾ, സമുദ്രം, നദികൾ, കായലുകൾ, കാലാവസ്ഥ, പക്ഷിമൃഗാദികളും സസ്യങ്ങളും മറ്റും, പരശുരാമകഥ, കേരളം, മലബാർ എന്നീ പേരുകളുടെ ഉദ്ഭവം എന്നീ ഉപശീർഷകങ്ങളിലൂടെയാണ് സജ്ജീകരിച്ചിരിക്കുന്നത്.

### 2.1. ആധുനികതയുടെ പ്രകൃതിചരിത്രം

ആധുനികത, പ്രകൃതിയെ മൂർത്തമായ ഉപഭോഗവസ്തുവായും കീഴടക്കപ്പെ ടേണ്ട അപരയാഥാർത്ഥ്യമായും പരിഗണിച്ചു. മനുഷ്യരുടെ ഉപഭോഗതൃഷ്ണ നിറവേറ്റേണ്ട അസംസ്കൃതവസ്തുവായിരുന്നു ആധുനികതയ്ക്ക് പ്രകൃതി. വനങ്ങൾ,

സസ്യജാലങ്ങൾ, മൃഗങ്ങൾ, നദികൾ, മലകൾ തുടങ്ങി എല്ലാ ജൈവസമ്പത്തും ആധുനികകാലത്ത് പുതുലോകത്തെ കെട്ടിപ്പടുക്കാനുള്ള ഉപാധികളായി. ഇത്തരമൊരു അബോധത്തിന്റെ പ്രതിഫലനമാണ് 'കീഴടക്കപ്പെടേണ്ട പ്രകൃതി' എന്ന ചിന്തയുടെ പ്രഭവകേന്ദ്രം. സാഹിത്യമടക്കമുള്ള എല്ലാ ആധുനി കവിനിമയസങ്കേതങ്ങളിലും കീഴടക്കപ്പെടുന്ന പ്രകൃതി മാനുഷികാജയ്യതയുടെ സാഹസിക കൃത്യമായി അനേകം ബിംബാവലികളാൽ ആവിഷ്ക്കരിക്കപ്പെട്ടു. ചരിത്രാഖ്യാനങ്ങളും സമാനവീക്ഷണം തന്നെയാണ് പിന്തുടർന്നത്. ചരിത്രമെന്നത് മനുഷ്യന്റെ സാമൂഹികചരിത്രത്തെ പിൻപറ്റി എഴുതപ്പെടേണ്ട ഒന്നാണെന്ന് ആധുനികത ഉറപ്പിച്ചെടുത്തു.

'കേരളചരിത്രം'; മാനുഷിക ഉപഭോഗം, പുതിയ രാഷ്ട്രനിർമ്മാണത്തിനായുള്ള ഭൗതികോപാധി എന്നിവയെ ആധാരമാക്കിയാണ് കേരളത്തിനുള്ളിലെ പ്രകൃതിയെ മനസ്സിലാക്കുന്നത്. ഇന്ത്യ എന്ന ഭൂതകാലഭാവനയുടെ രാഷ്ട്രീയസ്ഥലത്തിനുള്ളിൽ കേരളത്തിന്റെ പ്രകൃതി-ഭൂമിശാസ്ത്രഘടനയെ 'കേരളചരിത്രം' സ്ഥാനപ്പെടുത്തുന്നതു നോക്കുക:

> 'കേരളം പണ്ടുപണ്ടേ ഇന്ത്യയുടെ അവിഭാജ്യഘടകമാണ്. ഇന്ത്യയുടെ സാമാന്യചരിത്രത്തിന്റെ ഒരു ഭാഗമാണ് കേരളത്തിന്റെ ചരിത്രം. കേരളത്തിന്റെ സംസ്കാരമാകട്ടെ, നാനാഭാവവിശാലമായ ഭാരതീയസംസ്കാരത്തെ സമ്പന്നമാക്കിപ്പോന്ന മുഖ്യധാരകളിൽ ഒന്നും. അതേസമയം ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും സ്വതന്ത്രമായ ഒരസ്തിത്വം അതിപ്രാചീനകാലം മുതലേ കേരളം പുലർത്തിപ്പോന്നിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേക സ്ഥിതിയും പ്രകൃതിലബ്ധമായ സവിശേഷതകളും കേരളത്തിനു സുവ്യക്തമായ ഒരു വ്യക്തിത്വം നല്കിയിരിക്കുന്നു' (2009:17).

'കേരളചരിത്രം' അടക്കമുള്ള എല്ലാ ചരിത്രഗ്രന്ഥങ്ങളും സംവഹിക്കുന്ന ദേശീയതാരൂപീകരണത്തിന്റെ പ്രത്യയശാസ്ത്രതലമാണ് മേൽസൂചിപ്പിച്ച ഗ്രന്ഥഭാഗം വിവക്ഷിക്കുന്നത്. എന്നാൽ ഇപ്രകാരം ദേശീയതയെ പ്രകൃതിചരിത്രവുമായി സംലയിപ്പിക്കുമ്പോൾ സാമൂഹികചരിത്രത്തെ ദേശരൂപീകരണത്തിന്റെ ചിഹ്നമായി ബന്ധിപ്പിക്കുമ്പോളുണ്ടാകുന്ന അർത്ഥമല്ല ഉണ്ടാകുന്നത്. പ്രകൃതി, സാമൂഹികചരിത്രത്തിന്റെ ഭാഗമാണെങ്കിൽപോലും അതിന്റെ മാനുഷികേതരതലത്തെ നിഷേധിക്കുന്നതാണ് ദേശവുമായുള്ള ഈ കൂട്ടിക്കലർത്തൽ. ദേശം, ദേശീയത തുടങ്ങിയ ആധുനികയുക്തികളെ പ്രശ്നവൽക്കരിക്കുന്ന സവിശേഷതകൾ പ്രകൃതിക്കുള്ളതിനാൽ പ്രകൃതിയുടെ ദേശസ്വത്വം തന്നെ ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കേരളത്തിനുള്ളിലെ ആവാസവ്യവസ്ഥയിൽ കാണുന്ന പല പ്രത്യേകതകളും അതിനോടു ചേർന്നുള്ള ഭൂപ്രദേശങ്ങളിലും

ഉള്ളതായി കാണാം. പശ്ചിമഘട്ടമലനിരകൾ തന്നെ ഉദാഹരണമായെടുക്കാം. കേരളമടക്കം നിരവധി സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന പ്രസ്തുത മലനിരകളിലെ ജീവജാലങ്ങൾ നിരന്തരമായി പലായനം ചെയ്യുന്നവയാണ്. അതുകൊണ്ടുതന്നെ കേരളം എന്ന ദേശത്തിനുള്ളിലെ മാത്രം സവിശേഷതയായി അവയെ സൂചിപ്പിക്കാൻ കഴിയില്ല. ഇത്തരത്തിൽ മനുഷ്യഭാവനയുടെയും അധികാരവിഭജനത്തിന്റെയും യുക്തിയിലൂടെ പ്രക്ഷേപിക്കുന്ന ദേശമാതൃകകൾക്കുള്ളിലെ പ്രകൃതിചരിത്രം ഭൗമകർതൃത്വത്തിന്റെ എല്ലാത്തരത്തിലുള്ള നൈസർഗികപ്രവാഹങ്ങളെയും റദ്ദാക്കുന്നു.

മേൽസൂചിപ്പിച്ച കേരളീയ പ്രകൃതിയുടെ അനന്യതയിൽനിന്നും 'കേരളചരിത്രം' കേരളീയ ഭൂപ്രകൃതിയെ കാണുന്നത് ഒരു പൊതു ആവാസവ്യവസ്ഥ എന്ന മട്ടിലാണെന്നും കാണാം. പ്രകൃതിയുടെയും ഭൂമിശാസ്ത്രത്തിന്റെയും സൂക്ഷ്മമായ സവിശേഷതകളാണ് പൊതു ആവാസവ്യവസ്ഥകളുടെ രൂപത്തെയും സ്വഭാവത്തെയും നിർണയിക്കുന്നത്. എന്നാൽ പൊതു ആവാസവ്യവസ്ഥകൾക്കുള്ളിലെ ജീവജാലങ്ങളുടെ ആഹാരശീലങ്ങൾ, അതിജീവനതന്ത്രങ്ങൾ, സസ്യ-വൃക്ഷങ്ങളുടെ ആകൃതി എന്നിവ ഭിന്നമാണ്. ഈ ഭിന്നതകളെ ഒഴിവാക്കി അവയെയെല്ലാം ഏകതാനമായി കാണുന്ന ഒരു പ്രവണതയിലാണ് കേരളചരിത്രകാരൻ എത്തിച്ചേരുന്നത്. അതോടെ കേരളീയ ആവാസവ്യവസ്ഥയിലെ ഓരോ ഭൗതികവസ്തുക്കളും പ്രകൃതിജീവജാലങ്ങളും കേരളീയത എന്ന ഒറ്റ ആശയസ്വരൂപത്തിലേക്കു ക്രോഡീകരിക്കപ്പെടുന്നു.

ആധുനികവിജ്ഞാനം ഉൽപ്പാദിപ്പിച്ച മലനാട്, ഇടനാട്, സമതലം എന്ന സ്ഥലയുക്തിയിലാണു കേരളത്തിന്റെ ഭൂഭാഗങ്ങളെ കേരളചരിത്രകാരൻ തരംതിരിക്കുന്നത്. പ്രസ്തുത സ്ഥലയുക്തി പരാമർശിത ഭൂഭാഗങ്ങളിലെ മണ്ണിനെ ആധാരമാക്കിയുള്ളതാണ്. കേരളീയ ഭൂമിശാസ്ത്രത്തെക്കുറിച്ചുള്ള എ.ശ്രീധരമേനോന്റെ വീക്ഷണങ്ങൾ പലതും മണ്ണിനെ ഒരു ജൈവ ആവാസവ്യവസ്ഥയായി പരിഗണിക്കുന്നില്ല എന്നുമാത്രമല്ല മനുഷ്യനെ കേന്ദ്രസ്ഥാനത്തുനിർത്തി അതിനെ വിപുലീകരിക്കുന്ന വ്യവസ്ഥകളെ മാത്രമാണ് അദ്ദേഹം കണ്ടെത്തുന്നത്. നെല്ല്, മരച്ചീനി, സുഗന്ധദ്രവ്യങ്ങൾ, കശുവണ്ടി തുടങ്ങിയ കാർഷികോൽപന്നങ്ങളാൽ സമൃദ്ധമായ ഭൂഭാഗങ്ങളായി വനപാർശ്വങ്ങളെയും തേയിലത്തോട്ടങ്ങളുടെയും ഏലത്തോട്ടങ്ങളുടെയും സന്നിഹിത മേഖലയായി മലമ്പുറങ്ങളെയും അദ്ദേഹം കാണുന്നു. കേരളത്തിലെ മണ്ണിനെ ഇപ്രകാരം മനുഷ്യാധിവാസവുമായും കാർഷികകേന്ദ്രീകൃതമായും ബന്ധിക്കുമ്പോൾത്തന്നെ അടുത്ത ഉപശീർഷകമായ ഭൂമിശാസ്ത്രപരമായ നിലയെ

മതചരിത്രവുമായി കൂട്ടിയിണക്കാനാണ് കേരളചരിത്രകാരൻ ശ്രമിക്കുന്നത്. കേരളത്തിനെ വിദേശീയാക്രമണങ്ങളിൽനിന്നും സംരക്ഷിക്കുന്ന കവചമായി ഭൂമിശാസ്ത്രപരമായ നില വിലയിരുത്തപ്പെടുന്നു. കേരളീയസംസ്കാരത്തിന്റെ സവിശേഷതയുടെ പ്രഭവകേന്ദ്രം ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണെന്നും അതിൽത്തന്നെ ശങ്കരാചാര്യരും പ്രകൃതിയുടെ തടസ്സങ്ങളെ അതിവർത്തിച്ച് തീർത്ഥാടനം നടത്തിയ ഭക്തജനങ്ങളുമാണെന്നാണ് 'കേരളചരിത്ര'ത്തിന്റെ പക്ഷം. ചുരുക്കത്തിൽ, കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ നില ക്ഷേത്രങ്ങളും സവർണകലകളും ഉൾപ്പെടുന്ന ഒരു ചരിത്രമാതൃകയ്ക്കുള്ളിൽ നിന്നാണ് 'കേരള ചരിത്ര'ത്തിലൂടെ കർത്തൃത്വം കൈവരിക്കുന്നത്. ഇതിന്റെ തുടർച്ചയായി വേണം കേരളത്തിന്റെ പരിസ്ഥിതിചരിത്രമെന്നത് കുളങ്ങളും കാവുകളും കായലുകളും മാത്രമാണെന്ന പിൽക്കാല പൊതുബോധത്തെ മനസ്സിലാക്കാൻ.

കേരളത്തിലെ നാൽപ്പത്തിനാലു നദികളെ; അണക്കെട്ട്, വൈദ്യുതി, കാർഷികവൃത്തി തുടങ്ങിയ മാനുഷികോപയോഗവുമായി ബന്ധപ്പെടുത്തിയാണ 'കേരളചരിത്രം' അടയാളപ്പെടുത്തുന്നത്. സമാനമായി സമുദ്രങ്ങളെ വിദേശവാണിജ്യവുമായും ഹൈറേഞ്ചുകളെ സുഖവാസകേന്ദ്രങ്ങളുമായും വാണിജ്യ കേന്ദ്രകേന്ദ്രങ്ങളുമായും കണ്ണിചേർക്കാനുമുള്ള ഉദ്യമം ചരിത്രകാരൻ നിറവേറ്റുന്നു. ഈ മട്ടിൽ കേരളചരിത്രത്തിൽ പരാമർശിതമാകുന്ന നദികളും പർവ്വതങ്ങളുമടങ്ങിയ പ്രകൃതിസ്വരൂപങ്ങൾക്കു അതിന്റെ സന്നിഹിതാർത്ഥത്തേക്കാൾ പുതിയ കാലത്തെ സാംസ്കാരികമൂലധന[6] മൂല്യമാണുള്ളത്. സമാനമായി 'കേരളചരിത്ര'ത്തിലെ ഭാരതപ്പുഴാവിവരണം കാണുക:

> '18-ാം ശതകത്തിന്റെ ഉത്തരാർദ്ധംവരെ കോഴിക്കോട്ടെ സാമൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ നടന്നുപോന്ന മാമാങ്കം ഭാരതപ്പുഴയുടെ തീരത്തുള്ള തിരുനാവായയിലാണ് ചേരാറുണ്ടായിരുന്നത്. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ലാൽ ബഹദൂർ ശാസ്ത്രി എന്നീ ദേശീയനേതാക്കന്മാരുടെ ഭൗതികാവശിഷ്ടങ്ങൾ കേരളത്തിൽ നിക്ഷേപിച്ചതും ഇവിടെയാണ്' (2016:22).

ഒരു നദി എന്ന നിലയിൽ, അതിന്റെ ജൈവസ്രോതസ്സെന്ന യാഥാർത്ഥ്യത്തെ വിസ്മരിച്ച് ഒരു ചരിത്രസംഭവത്തിന്റെയും അനേകം ചരിത്രവ്യക്തികളുടെ ചിതാഭസ്മങ്ങൾ ഒഴുക്കിയ സവിശേഷ സ്ഥലമെന്ന മട്ടിലുമാണ് ഭാരതപ്പുഴ 'കേരളചരിത്ര'ത്തിൽ ആഖ്യാനപ്പെടുന്നത്. ഇവിടെ ഭാരതപ്പുഴക്ക് ലഭിക്കുന്ന പ്രത്യേക അന്തസ്സ് (prestige) അതിന്റെ ഭൗമസവിശേഷതകളെ അതിവർത്തിക്കുന്നതായി കാണാം. ആധുനികതയുടെ പ്രകൃതിചരിത്രത്തിലെ എല്ലാ ഭൗമവസ്തുക്കളും ജൈവികഘടകങ്ങളും നിർമ്മിക്കപ്പെട്ടത് മേൽസൂചിപ്പിച്ച

അന്തസ്സിനെ മുൻനിർത്തിയായിരുന്നു. ജലമേളകളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കായലുകളും മാധ്യമങ്ങൾ വഴി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന നീലിക്കുറിഞ്ഞി കാഴ്ചകളുമെല്ലാം സമാന അന്തസ്സിനെ മുൻനിർത്തിയുള്ള കർത്തൃരൂപീകരണത്തിന്റെ ഉദാഹരണമാണ്.

2.2 ആഖ്യാനവും പ്രകൃതിജീവിതവും

ആധുനികതയുടെ ചരിത്രബോധത്തിൽ ഭൗമോപരിതലവും അതിനനുബന്ധമായ കാഴ്ചകളുമാണ് പ്രകൃതി എന്ന നിലയിൽ മനസ്സിലാക്കപ്പെടുന്നത്. ഇക്കാരണത്താൽ നദികളും പർവ്വതങ്ങളും സമുദ്രവും വനങ്ങളുമുൾപ്പെടുന്ന മൂർത്തവസ്തുക്കൾക്കും ഉത്പാദനപ്രക്രിയകളെ പരിപോഷിപ്പിക്കുന്ന വിഭവരൂപങ്ങൾക്കും ചരിത്രത്തിൽ പ്രത്യേക പരിഗണന ലഭിച്ചു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ചരിത്രകാരന്റെ കാഴ്ചക്കു ലഭിക്കുന്ന പ്രാമുഖ്യം തന്നെയാണ്. മാനുഷികമായ ഈ നോട്ടം (gaze) ഭൗമോപരിതലത്തിലെ മൂർത്തവസ്തുക്കളുമായി മാത്രമേ പാരസ്പര്യത്തിലേർപ്പെടുന്നുള്ളൂ. അധികാരത്തിന്റെ മേൽകീഴ്ക്രമമനുസരിച്ചും മുൻഗണനാക്രമമനുസരിച്ചുമുള്ളതാണ് ഈ മാനുഷികനോട്ടം. കേരളത്തിന്റെ കാലാവസ്ഥയെക്കുറിച്ചു പ്രതിപാദിക്കുന്ന ഘട്ടത്തിൽ എഡി 45-ൽ തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെ ഗതി കണ്ടെത്തിയ ഹിപ്പാലസ് എന്ന ഈജിപ്ഷ്യൻ നാവികന്റെ മഹത്വത്തിലാണ് ചരിത്രകാരന്റെ ശ്രദ്ധ. മാനുഷികേതരവും അപരിഷ്കൃതവും അജ്ഞാതവുമായിരുന്ന കാലാവസ്ഥയെ ആധുനികസമൂഹത്തിന്റെ വെളിച്ചത്തിലേക്കു കൊണ്ടുവന്ന മനുഷ്യസഹായിയാണ് ഹിപ്പാലസ്. അതിനാൽത്തന്നെ അയാൾ ചരിത്രത്തിലെ ഒരു സാംസ്കാരിക അതീതപുരുഷ (cultural hero) നാണ്. അയാളിൽനിന്നുമാത്രമേ കേരളീയ കാലാവസ്ഥ എന്ന ചരിത്രമെഴുത്ത് അസ്തിത്വം നേടുന്നുള്ളൂ. തുടർന്നുള്ള കാലാവസ്ഥാ സംബന്ധിയായ സ്ഥിതിവിവരക്കണക്കുകളിലും ഇതേ മാനുഷികസത്തയുടെ സാകല്യപ്പെടുത്തലുകളെ കണ്ടെടുക്കാം. അതാകട്ടെ ഭാഷയിലൂടെ ചരിത്രകാരൻ നിറവേറ്റുന്ന പലമട്ടിലുള്ള ധർമ്മങ്ങളായി വേണം മനസ്സിലാക്കാൻ.

ഇതരഭൂപ്രദേശങ്ങളിൽനിന്നും കേരളം എന്ന രാഷ്ട്രീയ പ്രദേശത്തിന്റെ അനന്യതയെ ചൂണ്ടിക്കാട്ടാൻ പ്രകൃതിചരിത്രത്തെ കാല്പനികമായ ഭാഷയിലൂടെയാണു കേരളചരിത്രകാരൻ അവതരിപ്പിക്കുന്നത്. തത്ഫലമായി ബിംബങ്ങളുടെയും ചിഹ്നങ്ങളുടെയും രൂപകങ്ങളുടെയും അനേകം ഭാഷാസാധ്യതകളിലൂടെ വർണശബളിമതയാർന്ന ഒരു കാല്പനികഭൂതകാലയാഥാർത്ഥ്യമായി കേരളം വഴിമാറുന്നു. കേരളത്തിന്റെ പക്ഷിമൃഗാദികളെക്കുറിച്ചും

സസ്യങ്ങളെക്കുറിച്ചുമുള്ള ഉപശീർഷകത്തിൽ ഗ്രന്ഥകാരൻ എഴുതുന്നത് ഇപ്രകാരമാണ്:

> 'കാലാവസ്ഥയിലും ഋതുക്കളിലുമുള്ള വൈവിധ്യം സസ്യങ്ങളിലും കാർഷികവികാസത്തിലും പതിയുക സ്വാഭാവികമത്രേ. പക്ഷിമൃഗാദികളുടെയും വൃക്ഷലതാദികളുടെയും ധാതുനിക്ഷേപങ്ങളുടെയും കാര്യത്തിൽ കേരളം സമൃദ്ധമാണ്. വിവിധങ്ങളായ മൃഗങ്ങളും പക്ഷികളും നിറഞ്ഞവയാണ് കേരളത്തിലെ വനങ്ങൾ. വിദൂരരാജ്യങ്ങളിലേക്കുള്ള പ്രാചീനകേരളത്തിന്റെ കയറ്റുമതികളിൽ ആനകൾക്കും മയിലുകൾക്കും കുരങ്ങുകൾക്കും മുഖ്യസ്ഥാനം ഉണ്ടായിരുന്നതായി കാണാം' (2009:24).

വസ്തുതകളെ സമൃദ്ധിയുടെ ചിഹ്നമായി പരികൽപിച്ച് ആധികാരികമെന്നു തോന്നിപ്പിക്കുന്ന അർത്ഥനിർമ്മിതിയിലൂടെ ഭൂതകാലത്തെ സൃഷ്ടിച്ചെടുക്കുകയാണ് ചരിത്രകാരൻ ഇവിടെ. ഇപ്രകാരം വായനക്കാരന്റെ/ചരിത്രപഠിതാവിന്റെ ഓർമ്മകളിൽ കേരളത്തെ അതിപ്രാചീനമായ ഒരു ആവാസപൈതൃകമായി തുന്നിച്ചേർക്കാൻ ചരിത്രകാരൻ ശ്രമിക്കുന്നു. പുരോഗതി, നൈരന്തര്യം എന്നിവയിലൂടെയുള്ള നമ്മുടെ ചരിത്രരചനാപദ്ധതികൾ ഭൂതകാലത്തിന്റെ അപരിചതത്വവും വ്യത്യാസവും ഉയർത്തിപ്പിടിച്ച് വർത്തമാനത്തിൽനിന്നും അതിനെ അടർത്തിമാറ്റുന്നതിനെക്കുറിച്ച് ഫൂക്കോ നിരീക്ഷിക്കുന്നുണ്ട്.[7] ഇവിടെ കേരളമെന്ന രാഷ്ട്രീയഭൂമിശാസ്ത്രത്തിന്റെ സ്വത്വപരമായ കണ്ടെത്തലും അതിന്റെ സാംസ്കാരികമായ സമ്മതിതേടലും ഭാഷയിലൂടെ ചരിത്രകാരൻ നിർവ്വഹിക്കുന്നു എന്നുപറയാം. ഭാഷ സാമൂഹികചരിത്രത്തിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള വ്യവഹാരക്രമത്തെയാണു പിന്താങ്ങുന്നത്. ഭാഷയെ അധികാരത്തിന്റെ സംവേദനമാർഗമായി തിരിച്ചറിയേണ്ടതുണ്ട്. അധികാരവിനിമയോപാധിയായ ഭാഷ ചില വ്യവഹാരങ്ങളെ ഉൾക്കൊള്ളുമ്പോൾ മറ്റു ചിലതിനെ സൗകര്യപൂർവ്വം തള്ളിക്കളയുന്നു. അതുകൊണ്ടാണ് കേരളചരിത്രത്തിലെ പ്രകൃതിസ്വരൂപങ്ങളെ വർണിക്കുമ്പോൾ പരശുരാമകഥ സ്ഥാനപ്പെടുന്നതും കീഴാളരോ മാനുഷികതേരരായ ജീവജാലങ്ങളോ അവിടെ അടയാളപ്പെടാതെ പോകുന്നതും.

### 3. മലബാർ മാന്വൽ

ലോഗന്റെ 'മലബാർ മാന്വൽ', മലബാറിലെ പ്രകൃതിയെ ഗ്രന്ഥത്തിന്റെ ഒന്നാം അധ്യായത്തിലാണു സവിസ്തരമായി പ്രതിപാദിക്കുന്നത്. മലബാറിലെ നദികളെയും പർവതങ്ങളെയും സസ്യജന്തുപ്രാണിലോകങ്ങളെയും ഗ്രന്ഥനിർമ്മാണകാലത്തെ അറിവുപദ്ധതികളിലൂടെ അവതരിപ്പിക്കാനാണു

ചരിത്രകാരന്റെ ശ്രമം. നദികളെ അതിന്റെ ഉത്ഭവസ്ഥലം, പതനസ്ഥാനം, ചരക്കുഗതാഗതയോഗ്യത, ആഴം, കൈവഴികൾ, രാഷ്ട്രീയപ്രാധാന്യം, അക്ഷാംശ-രേഖാംശ സ്ഥാനങ്ങൾ എന്നിവയെ ആസ്പദമാക്കി വിശദമായി രേഖപ്പെടുത്തുന്നുണ്ട്. തുടർന്ന് ഭൂഗർഭഘടന, കാലാവസ്ഥയും പ്രകൃതി പ്രതിഭാസങ്ങളും, പ്രാണി സസ്യജാലങ്ങൾ, മത്സ്യങ്ങൾ, പക്ഷികൾ തുടങ്ങി മലബാറിലെ അനേകം ജന്തുസസ്യജാലങ്ങളുടെ പേരുകളും പ്രത്യേകതകളും പ്രതിപാദിക്കുന്നു.

3.1. കൊളോണിയൽ പ്രകൃതിചരിത്രം

മലബാർ എന്ന പ്രവിശ്യയെ സാമ്പത്തികവിഭവങ്ങളുടെയും ഭൂസ്ഥിതിയുടെയും അസംസ്കൃതവസ്തുക്കളുടെയും അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി, കൊളോണിയൽ ഭരണവ്യവസ്ഥയ്ക്ക് ഭരിക്കാനാവശ്യമായ ദത്തശേഖരണം സാധ്യമാക്കുക എന്നതായിരുന്നു ലോഗന്റെ മലബാർ മാന്വലിന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ, എ. ശ്രീധരമേനോനിൽ കണ്ട പുത്തൻ ദേശീയതാസംസ്ഥാപനത്തിന്റെ ഭാഗമായുള്ള ഭൂമിശാസ്ത്രപരമായ ഏകോപനം ലോഗനിലില്ല. സ്ഥിതിവിവരക്കണക്കുകളിലൂടെയും ശാസ്ത്രീയനാമങ്ങളിലൂടെയും ആധുനികവിജ്ഞാനം സൃഷ്ടിച്ചെടുത്ത ആധികാരികതയിലൂടെ ഇതുവരെ ഇല്ലാതിരുന്ന ഒരു ചരിത്രബോധത്തെ പുതുതായി നിർമ്മിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. കേരളത്തിന്റെ, വിശിഷ്യാ മലബാറിന്റെ ജൈവസമ്പത്തിനെക്കുറിച്ചും പ്രകൃതിചരിത്രത്തെക്കുറിച്ചും അനുഭവാത്മകമായ നോട്ടം പ്രധാനമായും ലോഗനിലുണ്ട്. ചരിത്രത്തിന്റെ വസ്തുനിഷ്ഠതയ്ക്കും ആധികാരികതയ്ക്കുമപ്പുറം നിൽക്കുന്ന ഒരു സമാന്തരസാധ്യതയായി അതിനെ വിലയിരുത്താം.

'മലബാർ മാന്വ'ൽ പ്രദർശിപ്പിക്കുന്ന പ്രകൃതിചരിത്രത്തിന്റെ രൂപരേഖയിൽ കൊളോണിയൽ പ്രത്യയശാസ്ത്രത്തിന്റെ പ്രത്യക്ഷ താല്പര്യങ്ങളാണ് തിടം വച്ചുനില്ക്കുന്നത്. ഗ്രന്ഥകാരൻ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിപ്പുഴയെ വിവരിക്കുന്നത് ഇപ്രകാരമാണ്:

> 'വയനാടൻ മലകളുടെ പടിഞ്ഞാറൻ ഇടുക്കുകൾ ചൂഴ്ന്നുനില്ക്കുന്ന വനാന്തരങ്ങളിൽ നിന്നാണ് ഇതിന്റെ തുടക്കം. നാല്പതു നാഴികയോളം കിഴക്കോട്ടൊഴുകി പുഴ രണ്ടായി തിരിയുകയും കടലിൽ ചേരുന്ന സ്ഥാനത്തുവച്ച് ധർമ്മപട്ടണം ദ്വീപിന്നു ജന്മം നല്കുകയും ചെയ്യുന്നു. എല്ലാ കാലത്തും ഗതാഗതത്തിനു പറ്റിയതാണ്. അഞ്ചരക്കണ്ടിയിൽനിന്നു കുറച്ചുദൂരം മാറിക്കിടക്കുന്ന വെങ്കാട് വരെ ചരക്കുതോണികൾക്കുപോകാം. അവിടെ ബഹു. ഇംഗ്ലീഷ് കമ്പനിക്കു ഒരു വ്യാപാരകേന്ദ്രമുണ്ട്. മലബാറിൽ ഏറ്റവും മുന്തിയ

കുരുമുളകിന്റെ വിളനിലമാണിവിടം. അഞ്ചരക്കണ്ടിയിൽ തന്നെ കമ്പനിയുടെ മേൽനോട്ടത്തിൽ വിവിധങ്ങളായ സുഗന്ധദ്രവ്യങ്ങൾ കൃഷി ചെയ്യാനുള്ള ഒരു പരീക്ഷണത്തോട്ടം തുടങ്ങുകയും ചെയ്തു. ഈ പുഴയിലൂടെയുള്ള ഗതാഗതത്തിന്റെ നിയന്ത്രണം അത്രയും മർമ്മപ്രധാനമായതുകൊണ്ട്, അതിന്റെ അഴിമുഖത്ത് സ്ഥിതിചെയ്യുന്ന ധർമ്മപട്ടണം ദ്വീപ് 1734-35 ൽ ബഹു. കമ്പനി വിലയ്ക്കു വാങ്ങുകയും അവിടെ കനത്ത സായുധ കാവൽ ഏർപ്പെടുത്തുകയും ചെയ്തു' (1985: 7).

മലബാറിലെ ജൈവഘടനയുടെയും ഭൂഭാഗരൂപീകരണത്തിന്റെയും സുപ്രധാന സ്ഥാനത്തു നില്ക്കുന്ന ഒരു പുഴ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ സ്ഥാപിതതാല്പര്യങ്ങൾക്കായി എപ്രകാരം വിനിയോഗിക്കപ്പെട്ടു എന്നതിന്റെ ചരിത്രനിദർശനമാണ് ലോഗന്റെ ഈ വിവരണം. വയനാടൻ മലനിരകളിൽ നിന്നുത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്ന അഞ്ചരക്കണ്ടിപ്പുഴ എന്ന മനുഷ്യേതരജീവജാലങ്ങളുടെയും അനേകം ജൈവസമ്പത്തിന്റെയും ആവാസസ്ഥാനം ഒരു കൊളോണിയൽ ചരിത്രാഖ്യാനം അധിനിവേശത്തിന്റെ ഭാഗമായുള്ള ഭൗതികവിഭവരൂപമായാണ് വിലയിരുത്തുന്നത്. എല്ലാ കാലത്തും ഗതാഗതത്തിനു പറ്റിയ നദി, ഏറ്റവും മുന്തിയ കുരുമുളകിന്റെ കേന്ദ്രം തുടങ്ങിയ പരാമർശങ്ങൾ കേരളീയ ഭൂപ്രകൃതിയെ കൊളോണിയൽ ഭരണകൂടം എപ്രകാരമാണ് നോക്കിക്കണ്ടത് എന്നതിന്റെ ചരിത്രസാക്ഷ്യമാണ്.

മലബാറിന്റെ പ്രകൃതിചരിത്രത്തെ മേൽസൂചിപ്പിച്ച പ്രകാരം പത്തൊമ്പതാം നൂറ്റാണ്ടിലെ കൊളോണിയൽ ഭരണത്തിനനുസൃതമായി സൃഷ്ടിച്ചെടുക്കുക എന്നതായിരുന്നു വില്യം ലോഗന്റെ ലക്ഷ്യം. ഇവിടെ പ്രകൃതിയെ ഒരു അസംസ്കൃതവസ്തുവായാണ് അദ്ദേഹം കാണുന്നത്. ഒരു സഞ്ചാരിയെപ്പോലെ പ്രകൃതിയെ കണ്ട്. അധിനിവേശകനെപ്പോലെ അതിനുള്ളിലേക്ക് കടന്നുചെല്ലുകയാണ് ലോഗൻ. തുടർന്ന് ഒരു ആധുനിക സ്ഥിതിവിവരക്കണക്കുകാരന്റെ മനോഭാവത്തോടെ അദ്ദേഹം വസ്തുക്കളെ അതിന്റെ വിഭവ മൂല്യത്താൽ തിട്ടപ്പെടുത്തി തന്റെ ചരിത്ര രൂപരേഖയിൽ അടയാളപ്പെടുത്താൻ ശ്രമിക്കുന്നു.

### 3.2. പ്രകൃതിയുടെ ഭൂതകാല അടയാളങ്ങൾ

കാലാവസ്ഥയെക്കുറിച്ചും പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ചുമുള്ള ലോഗന്റെ വിവരണങ്ങളിൽ വർത്തമാനകാല പ്രകൃതിദുരന്തങ്ങളിലേക്കുള്ള ചില തുറവികൾ കൂടിയുണ്ട്. ഇത് പ്രകൃതിചരിത്രരചനയുടെ ആധുനികബോധ്യങ്ങൾക്ക് നേർവിപരീതമായാണു നിലനിൽക്കുന്നത്. സ്വാനുഭവത്തിലൂന്നിയും സാധാരണക്കാരായ ജനതയുടെ വാമൊഴിവിജ്ഞാനത്തെ സ്വീകരിച്ചുമാണ്

ചരിത്രകാരൻ തന്റെ ചരിത്രരചനയുടെ രീതിശാസ്ത്രത്തെ സ്വാംശീകരിക്കുന്നത്. ഇങ്ങനെ എത്തിച്ചേരുന്ന അനുമാനങ്ങൾക്കു സംഭവിക്കാവുന്ന എല്ലാ അപചയങ്ങളും ലോഗന്റെ ചരിത്രഗ്രന്ഥത്തിൽ കാണാം. തന്റെ മുമ്പിലുള്ള ആവേദകരുടെ വൈജ്ഞാനിക അറിവുകളെ അദ്ദേഹം അതിശയോക്തി കലർന്ന നോട്ടപ്പാടിലൂടെ കാണുന്നത് അതിലൊന്നാണ്. എന്നാൽ ഈ അതിശയോക്തി പ്രകടനത്തെ എല്ലായിപ്പോഴും ഒരു അപചയമായി വിലയിരുത്താനും കഴിയില്ല.

കേരളത്തിന്റെ കാലാവസ്ഥയെപ്പറ്റി ലോഗന്റെ ഒരു അനുഭവവിവരണം കാണുക:

> 'കാലാവസ്ഥ സംബന്ധിച്ചിടത്തോളം എടുത്തുപറയേണ്ടതായ കാര്യം അതിന്റെ കൃത്യതയാണ്. ഈ ഗ്രന്ഥകർത്താവിനുണ്ടായ ഒരനുഭവം പറയാം. ഒരു ഫെബ്രുവരിമാസം അവസാനത്തിലോ മാർച്ച് ആദ്യത്തിലോ ആണ്, കാലവർഷം എപ്പോൾ ഉണ്ടാകുമെന്നു ഒരാളോടു അന്വേഷിക്കാനിടയായി. അളന്നുമുറിച്ചതുപോലെ അപ്പോൾതന്നെ മറുപടി കിട്ടി. മാർച്ച് 22 നു ഉച്ചതിരിഞ്ഞ് 2 മണിക്ക് ആദ്യത്തെ മഴച്ചാറ്റൽ കിട്ടും. പറഞ്ഞതുപോലെ സംഭവിക്കുകയും ചെയ്തു; ഒരഞ്ചുമിനിട്ടിന്റെ വ്യത്യാസത്തിൽ' (1985: 22).

ഹിപ്പാലസിനെ കേരളത്തിന്റെ കാലാവസ്ഥയുടെ നെടുംതൂണായി അവരോധിക്കുന്ന 'കേരളചരിത്ര'ത്തിൽനിന്നും വിഭിന്നമായി തദ്ദേശീയ പാരമ്പര്യത്തിന്റെ കൈവഴികളെക്കൂടി സ്വീകരിക്കുന്ന ചരിത്രപഠിതാവിനെയാണ് നാമിവിടെ കാണുന്നത്. ചരിത്രത്തെ ശാസ്ത്രീയമായ അളവുകളുടെയും സ്ഥിതിവിവരകണക്കുകളിലൂടെയും പകർത്തിയെഴുതുന്ന ആധുനിക ചരിത്രബോധം ഇവിടെ പ്രശ്നവൽകരിക്കപ്പെടുന്നു. കേരളത്തിലെ മഴക്കാലത്തെക്കുറിച്ചുള്ള കൃത്യമായ കാലാവസ്ഥാപ്രവചനം നടത്തുന്ന തദ്ദേശീയനായ വ്യക്തി, പ്രകൃതിയെ സ്വാനുഭവത്തിലൂടെ മനസ്സിലാക്കിയാണ് തന്റെ അനുമാനങ്ങളെ സൃഷ്ടിക്കുന്നത്. അത്തരമൊരു അനുമാനത്തെ പ്രകൃതിചരിത്രത്തിന്റെ ലിഖിതപാഠത്തിലേക്കു സന്നിവേശിപ്പിക്കുന്ന ലോഗനിൽ പിൽക്കാല ചരിത്രഗ്രന്ഥങ്ങളിൽ കാണാത്ത ഒരു ചരിത്രാവബോധമാണു തിടംവച്ചു നിൽക്കുന്നത്.

കേരളത്തിലെ വെള്ളപ്പൊക്കത്തിന്റെ ചരിത്രം രേഖപ്പെടുത്തുമ്പോൾ സമീപകാലത്തെ കേരളീയ ഭൂമിശാസ്ത്രത്തിൽ സംഭവിച്ച ചില ദുരന്തങ്ങളിലേക്കുള്ള അറിവടയാളങ്ങൾ കൂടി മലബാർ മാന്വലിൽനിന്നും കണ്ടെടുക്കാം.

> 'അതിവർഷവും വെള്ളപ്പൊക്കവും മലയാളക്കരയിൽ അപൂർവ്വമല്ല. 1882 മെയ് 19, 20-നുകളിൽ നടന്ന ഭയങ്കര വർഷപാതത്തിൽ കോഴിക്കോട്

> ടൗണിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച മഴയളവുമാപിനികൾ 24 മണിക്കൂറിനുള്ളിൽ 18 മുതൽ 25 ഇഞ്ചുവരെ മഴ പെയ്തതായി രേഖപ്പെടുത്തി. എന്നാൽ അതിവർഷംകൊണ്ടുണ്ടാവുന്ന പ്രളയജലംകൊണ്ട് പറയത്തക്ക ഭവിഷ്യത്തുകൾ നാട്ടിൽ ഉണ്ടാവാറില്ല. അതിനു കാരണം യുഗങ്ങളായി പ്രളയജലം ഉൾക്കൊള്ളാനുള്ള ആഴവും പരപ്പും നദികൾ ആർജ്ജിച്ചിട്ടുണ്ടെന്നതാണ്. സാധാരണ വെള്ളപ്പൊക്കത്തിൽ കരകൾ കവിഞ്ഞൊഴുകില്ല. ഭൂമിയുടെ ഉപരിതലത്തിലുള്ള അയവേറിയ മണ്ണിന്ന് മഴവെള്ളം എളുപ്പം വലിച്ചെടുക്കാൻ കഴിയുന്നതുമൂലം, ഒരു കനത്ത മഴ കഴിഞ്ഞ ഉടൻ നാട്ടുപാതയിൽ ഇറങ്ങിനടക്കുന്ന ആളിന്ന് കുറച്ചുമുമ്പ് അങ്ങിനെ ഒരു മഴപെയ്തതായി തോന്നുകയില്ല'1985: 23).

കേരളീയ ഭൂമിശാസ്ത്രത്തിൽ അതിവർഷം മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തെ തടയാൻ നദികളുടെ വിസ്തൃതി സഹായകരമാണെന്ന വസ്തുത പത്തൊമ്പതാം നൂറ്റാണ്ടിലെ അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് ലോഗൻ പരാമർശിക്കുന്നത്. ഈ പരാമർശത്തിലൂടെ കേരളത്തിലെ നദികൾ എത്രമാത്രം ജലസംവഹനശേഷിയുള്ളതായിരുന്നുവെന്ന് ഇന്നു നമുക്കു മനസ്സിലാക്കാം. കൂടാതെ ഭൂഗർഭജലത്തിന്റെ സഞ്ചാരംമൂലം തീർത്തും പ്രകൃത്യാനുസാരിയായ ഒരു ജൈവഘടന രൂപപ്പെടുകയും അത് മനുഷ്യ-മനുഷ്യേതര ജീവജാലങ്ങളെ സംരക്ഷിക്കുന്ന രീതിയിലേക്ക് വഴിമാറുകയും ചെയ്തിരുന്നു.

മലബാറിലെ പ്രാണിജന്തുജാലങ്ങളെക്കുറിച്ചുള്ള വിവരണത്തിൽ ലോഗന്റെ പ്രകൃതിചരിത്രവിവരണം ഒരു സഞ്ചാരിയുടെ മട്ടിലെന്നപോലെയാണ് കടന്നുപോകുന്നത്. പാമ്പുകളും ഞണ്ടുകളും നീർനായകളും മുതലകളും മത്സ്യങ്ങളും ഉൾപ്പെടുന്ന മനുഷ്യേതരജീവസമൂഹം ലോഗന്റെ വിവരണങ്ങളിൽ കൗതുകം ജനിപ്പിക്കുന്ന ഒരു നോട്ടസുഖത്തെ (pleasure of the look) കണ്ടെടുക്കാം. ഇപ്രകാരം മനസ്സിലാക്കുമ്പോൾ, മലബാറിലെ പ്രകൃതിചരിത്രം ലോഗൻ എന്ന വെള്ളക്കാരനായ കൊളോണിയൽ പുരുഷ ചരിത്രകാരന്റെ കണ്ണിലൂടെയാണ് വിഭാവനം ചെയ്യപ്പെട്ടതെന്നു വരുന്നു. ഈ ചരിത്രനോട്ടത്തിന്റെ തുടർച്ച തന്നെയാണ് പിന്നീടുവന്ന ചരിത്രഗ്രന്ഥങ്ങളും പിന്തുടരുന്നത്. ചുരുക്കത്തിൽ, എഴുതപ്പെട്ട എല്ലാ കേരളീയ പ്രകൃതിചരിത്രങ്ങളും പ്രസ്തുത ഭൂഭാഗത്തെ ജീവജാലങ്ങളുടെ ഭൗമകർതൃത്വത്തെയും അതിന്റെ നൈസർഗികമായ സന്നിഹിതമൂല്യത്തെയും തിരസ്കരിക്കുകയായിരുന്നു.

4. വിഭാവനം ചെയ്യപ്പെടേണ്ട നവപാരിസ്ഥിതികചരിത്രം

വ്യത്യസ്ത കാലഘട്ടങ്ങളിൽ എഴുതപ്പെട്ട രണ്ടു കേരളചരിത്രപ്രതിനിധാനങ്ങളായ ‘കേരളചരിത്രം’, ‘മലബാർ മാന്വൽ’ എന്നീ ഗ്രന്ഥങ്ങൾ നമ്മുടെ പ്രകൃതിചരിത്രത്തെ അടയാളപ്പെടുത്തുന്നതിൽ വിഭിന്നമായ പ്രത്യയശാസ്ത്രങ്ങളാണ് പിൻപറ്റുന്നതെന്നു കണ്ടു. തന്റെ കാലത്തെ കൊളോണിയൽ ഭരണത്തിനനുസൃതമായി സ്ഥിതിവിവരക്കണക്കുകളെ ഏകോപിക്കുക എന്നതായിരുന്നു ലോഗന്റെ ചരിത്രലക്ഷ്യമെങ്കിൽ എ. ശ്രീധരമേനോനത് പുതിയ ദേശീയ സമവാക്യങ്ങളുടെ അനന്യതയെ ബലപ്പെടുത്താനുള്ള സാധ്യതയായിരുന്നു. ആത്യന്തികമായി ഇവർ രണ്ടുപേരും മുന്നോട്ടുവച്ച പ്രകൃതിചരിത്രം മാനിവികതയെ പിൻപറ്റുന്നതും പ്രകൃതിയുടെ ഭൗമകർത്തൃത്വത്തെ നിഷേധിക്കുന്നതുമായിരുന്നു.

എഴുതപ്പെട്ട ചരിത്രങ്ങൾ പരിഗണിക്കാതെപോയ പാരിസ്ഥിതിക ചരിത്രത്തെ വീണ്ടെടുക്കാനാണ് മാനവികാനന്തര ചിന്തയുടെ ഭാഗമായ നവഭൗമദർശനങ്ങൾ ശ്രമിക്കുന്നത്. പ്രകൃതിചരിത്രത്തെ, ഭൂഗർഭശാസ്ത്രത്തിന്റെയും മനുഷ്യേതരജീവജാലങ്ങളുടെയും പശ്ചാത്തലത്തിൽ മനുഷ്യനോട്ടങ്ങളിൽനിന്നും മുക്തമായ ഭൗമ അറിവുകളായി നവഭൗമദർശനം പുനരാനയിക്കുന്നു. ദെക്കാർത്തിയൻ ദ്വൈതവാദസമീപനങ്ങളെ പിന്തള്ളി ഇരുപതാം നൂറ്റാണ്ടിൽ ഉരുവം കൊണ്ട പ്രോസസ് ഫിലോസഫി (Process Philosophy) ഇവിടെ ചർച്ച ചെയ്യാവുന്ന ഒരാശയമാണ്. ബ്രിട്ടീഷ് ദാർശനികനായ ആൽഫ്രഡ് നോർത്ത് വൈറ്റ്ഹൈഡ് മുന്നോട്ടുവച്ച ഈ സിദ്ധാന്തം ജൈവഘടനയുടെ ദർശനം എന്നാണ് അറിയപ്പെടുന്നത്. സൃഷ്ടിക്കപ്പെട്ടിരിക്കുന്ന അറിവുകളെ മനസ്സെന്നോ ഭൗതികമെന്നോ വേർതിരിക്കാതെ ഒരു ജൈവഘടനയുടെ അനുസ്യൂതിയായി കാണണമെന്നും ആദ്യം ഒരു ഘടകം പിന്നെ അതിനെ ചുറ്റിപ്പറ്റിയുള്ള ലോകം എന്നതിനെക്കാൾ എല്ലാം പരസ്പരബന്ധിതമാണെന്നും പ്രോസസ് ഫിലോസഫി പറഞ്ഞുവച്ചു. അങ്ങനെ ലോകത്തിന്റെ ഉണ്മയെ ഒരു സർഗാത്മകമായ ആയിത്തീരൽ അഥവാ ആയിത്തീരലിന്റെ പ്രക്രിയ ആയി മനസ്സിലാക്കണമെന്നാണ് ഹൈഡിന്റെ പക്ഷം. ഹൈഡിന്റെ ഈ ചിന്തയെ പ്രകൃതിചരിത്രവുമായി ബന്ധിപ്പിച്ചാൽ സ്വാഭാവികതയിലൂന്നിയ ഒരു നവപാരിസ്ഥിതിക ബോധത്തെ സൃഷ്ടിക്കാവുന്നതാണ്. അതായത്, മനുഷ്യന്റെ ഭൗമകർത്തൃത്വത്തെ വീണ്ടെടുക്കുന്ന, സ്വാഭാവികതയിലൂന്നിയുള്ള പുതുക്കിപ്പണിയലിലൂടെ മാത്രമേ പ്രകൃതിചരിത്രം എന്ന സംവർഗം തന്നെ സാധ്യമാകൂ. നാളിതുവരെ പ്രകൃതിചരിത്രം എന്ന

പേരിൽ നടന്ന ചരിത്രപരമായ എല്ലാ രേഖപ്പെടുത്തലുകളും പ്രസ്തുത സംവർഗം ലക്ഷ്യം വക്കുന്ന ആശയത്തോട് യാതൊരു നീതിയും പുലർത്തിയിട്ടില്ല എന്നു കാണാം. അതുകൊണ്ട് വിജ്ഞാനത്തെത്തന്നെ നിരന്തരമായി ചോദ്യം ചെയ്യുക എന്നതാണ് പ്രകൃതിചരിത്രത്തിലേക്കുള്ള ആദ്യപടി. എന്നാൽ നിലവിലുള്ള എല്ലാ വിജ്ഞാനങ്ങളെയും പ്രശ്നവൽക്കരിക്കാതെ, ഇത്തരമൊരു പ്രക്രിയയുടെ അനന്തരഭാഗത്തേക്കും നമുക്ക് പ്രവേശനം ലഭിക്കില്ല.

## കുറിപ്പുകൾ

1 ആധുനിക മാനവികതാവാദത്തിന്റെ പ്രധാന പ്രവർത്തനമേഖല പാഷണ്ഡരായ മനുഷ്യരെ സംസ്കൃതീകരിക്കുക എന്നതായിരുന്നു. മനുഷ്യവാസമുള്ള എല്ലാ ഭൂഖണ്ഡങ്ങളിലേക്കും സാമ്രാജ്യത്വ താല്പര്യാർത്ഥം എത്തിച്ചേർന്ന അധിനിവേശശക്തികളിലൂടെയാണ് ഈ ധർമ്മം നിറവേറ്റപ്പെട്ടത്. ഇത്തരമൊരു ആശയത്തിന്റെ വിപുലീകരണത്തിനും സാമൂഹികാംഗീകാരത്തിനും ആധുനികശാസ്ത്രത്തിന്റെ പിൻബലം കൂടിയുണ്ടായിരുന്നു. ശാസ്ത്രം എന്ന ബൃഹദ്പദ്ധതി മനുഷ്യവിഷയിയെ വസ്തുനിഷ്ഠതയുടെ അനന്യമായ കണ്ണിലൂടെയാണ് നോക്കിക്കണ്ടത്. അഗസ്റ്റേ കോംതെ (augustecomte) മുന്നോട്ടുവച്ച പോസിറ്റിവിസം (positivism) എന്ന ദർശനമായിരുന്നു ആധുനികശാസ്ത്രത്തിന്റെ അടിത്തറ. തെളിയിക്കപ്പെട്ട വസ്തുതകളിലൂടെ മാത്രമേ പ്രകൃതി പ്രതിഭാസങ്ങളെ മനസ്സിലാക്കാനാവൂ എന്നാണ് പോസിറ്റിവിസം സമർത്ഥിക്കുന്നത്. ക്രമാനുഗതമായി വളരുന്ന കണ്ടുപിടുത്തങ്ങൾ വസ്തുനിഷ്ഠത എന്ന യാഥാർത്ഥ്യത്തിലൂടെ സംഭവിക്കുന്നതാകയാൽ വസ്തുനിഷ്ഠതയാണ് ശാസ്ത്രത്തിന്റെ നിയാമകമെന്ന് ഇതിനോടനുബന്ധമായി ഊട്ടിയുറപ്പിക്കപ്പെട്ടു. ഇപ്രകാരം വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിലൂടെ പുനരുൽപ്പാദിപ്പിക്കപ്പെട്ട ജ്ഞാനശാസ്ത്രങ്ങളിലൂടെ മാനവികത പിൽക്കാല വ്യാവസായികലോകത്തിന്റെ നയതത്വമായി രൂപാന്തരപ്പെട്ടു എന്നുപറയാം.

2 'മനുഷ്യാനന്തര മാനവികത', ബി. രാജീവൻ., പു. 65-67, ആർ യൂ ഹ്യൂമൻ, എഡി: പ്രസാദ് പന്ന്യൻ.

3 പോസ്റ്റ് ഹ്യൂമൻ ചിന്തയിൽ ബറൂക് സ്പിനോസയുടെ ആശയങ്ങൾക്ക് പരമപ്രധാനമായ പങ്കാണുള്ളത്. കാർട്ടീഷ്യൻ ദ്വൈതമാതൃകകളെ നിഷേധിച്ച് ജ്ഞാനോദയചിന്തയെ ഭവശക്തിയിലധിഷ്ഠിതമായി അദ്ദേഹം വഴിതിരിച്ചുവിട്ടു. തന്റെ എത്തിക്സ് എന്ന കൃതിയിലൂടെയാണ് സ്പിനോസ ഭാവശക്തി (affect)യുടെ പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്നത്. ശരീരങ്ങൾക്ക് മറ്റു ശരീരങ്ങളെ ബാധിക്കാനും അവയാൽ തിരിച്ച് ബാധിക്കപ്പെടാനുമുള്ള കഴിവിനെയാണ് സ്പിനോസ ഭവശക്തി എന്നുപറയുന്നത്. ('മനുഷ്യാനന്തര മാനവികത', ബി. രാജീവൻ., പു. 67-77, ആർ യൂ ഹ്യൂമൻ, എഡി: പ്രസാദ് പന്ന്യൻ).

4 റെനെ ദെക്കാർത്ത് വികസിപ്പിച്ച മനസ്സും ശരീരവും രണ്ടാണെന്ന വാദം.

5 For the past three centuries, the effects of humans on the global environment have escalated. Because of these anthropogenic emissions of carbon dioxide, global climate may depart significantly from natural behavior for many millennia to come. It seems appropriate to assign the term 'Anthropocene' to the present, in many ways human-dominated, geological epoch, supplementing the Holocene — the warm period of the past 10–12 millennia. http://www.nature.com/articles/415023a

6 ഭൂതകാലത്തെ മെരുക്കിയെടുക്കുന്നതിലൂടെ ഓരോ ചരിത്രകാരനും പ്രത്യേക പദവിയിലേക്കാണെത്തുന്നതെന്ന് ഫൂക്കോ പറയുന്നു. വർത്തമാനത്തിന്റെ ഭാഷയും വർണവുമുപയോഗിച്ച് ഭൂതകാലത്തെ വസ്തുനിഷ്ഠമായി ആഖ്യാനം ചെയ്യുന്നവരാണ് തങ്ങളെന്ന് ഓരോ ചരിത്രകാരനും കരുതുകയാണ്. ഇത് ചരിത്രകാരൻ അറിയാതെ വച്ചുപുലർത്തുന്ന അധികാരതൃഷ്ണയാണ്. (നവചരിത്രവാദം., ദിലീപ് രാജ്, 2000: 79).

7 Cultural capital acts as a social relation within a system of exchange that includes the accumulated cultural knowledge that confers power and status. For example, education and/or the ability to talk knowledgeably about high culture has traditionally been a form of cultural capital associated with the middle classes. Cultural capital is distinguished from economic capital (wealth) and social capital (whom you know). Here distinctions of cultural taste are understood to be classifications based on lines of power rather than being founded on either universal aesthetic criteria or individual choice. Thus taste differentiation is never simply about differences that are of equal standing but rather entails claims to authority and authenticity. (The SAGE Dictionary of Cultural Studies, (edi: Chris Barker, SAGE Publications London, 2004:37).

## ആധാരസൂചി

1. ദിലീപ് രാജ്., 2000, നവചരിത്രവാദം, ഡി. സി ബുക്സ്, കോട്ടയം.

2. പ്രസാദ്, പന്ന്യൻ. (എഡി)., 2021, ആർ യൂ ഹ്യൂമൻ? മനുഷ്യേതര മാനവികതയ്ക്ക് ഒരാമുഖം, ഡി. സി ബുക്സ്, കോട്ടയം.

3. മധുസൂദനൻ, ജി., 2009, ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ, കറന്റ് ബുക്സ്, കോട്ടയം.

4. ലോഗൻ, വില്യം., 1985, മലബാർ മാന്വൽ, (വിവ: ടി. വി കൃഷ്ണൻ) മാതൃഭൂമി ബുക്സ്, കോഴിക്കോട്.

5. ശ്രീധരമേനോൻ. എ., 2009, കേരളചരിത്രം, ഡി. സി ബുക്സ്, കോട്ടയം.

6. Banerji, Debashish, Makarand R. Paranjape (Edi)., 2016, Critical Post humanism and Planetary Futures, Springer India.

7. Barker, Chris (Edi)., 2004, The SAGE Dictionary of Cultural Studies, SAGE Publications London.

8. Bates, Marston., 1990, The Nature of Natural History, Princeton University Press Princeton, New Jersey.

9. Bess, Michael and Diana Walsh Pasulka (Edi), 2018, Posthumanism The Future of Homo Sapiens.

10. Chakrabarty, Dipesh., 2018, The Crises of Civilization: Exploring on Global and Planetary Histories, Oxford University Press.

11. Wolfe, Cary., 2010, What is posthumanism?, University of Minnesota Press.

*vsmanoj11@gmail.com*

# മാനവാനന്തര ദർശനങ്ങളിലെ പ്രതിഭാസവിജ്ഞാനീയ വേരുകൾ


ഗാസ്പർ കെ.ജെ.

അസിസ്റ്റന്റ് പ്രൊഫസർ, തത്ത്വശാസ്ത്ര വിഭാഗം, ഗവ. വനിതാ കോളേജ്, തിരുവനന്തപുരം



## പ്രബന്ധസംഗ്രഹം

മാനവാനന്തരവാദപഠനങ്ങളിൽ പ്രതിഭാസവിജ്ഞാനീയത്തിന്റെ കാഴ്ചപ്പാടുകൾ എത്രമാത്രം സ്വാധീനം ചെലുത്തുന്നുണ്ടെന്ന് ഈ പ്രബന്ധം പരിശോധിക്കുന്നു. എഡ്മണ്ട് ഹുസ്സേൾ, മാർട്ടിൻ ഹൈഡ്ഗർ തുടങ്ങിയ പ്രതിഭാസവിജ്ഞാനീയ ചിന്തകർ രൂപപ്പെടുത്തിയ വിചാരസംവർഗ്ഗങ്ങളും സംപ്രത്യയങ്ങളും സമകാലീന മാനവാനന്തര പഠനങ്ങൾക്കു കൂടുതൽ കരുത്തേകുന്നുണ്ട്. 'മനുഷ്യൻ' എന്ന സങ്കല്പനത്തെ പുനർവിചാരത്തിന് വിധേയമാക്കുന്ന മാനവാനന്തര പഠനങ്ങൾ, തങ്ങളുടെ വിചിന്തനങ്ങൾ അവതരിപ്പിക്കാൻ പ്രയോജനപ്പെടുത്തുന്ന ഭാഷാപരികല്പനകളും സംപ്രത്യയങ്ങളും പ്രതിഭാസവിജ്ഞാനീയത്തിന്റെ ചിന്താപരിസരങ്ങളിൽ നിന്നു രൂപപ്പെടുത്തിയെടുക്കുന്നതായിക്കാണാം. മാനവതാദർശനങ്ങളുടെ പരിധികളെയും പരിമിതികളെയും 'പലമ'യുടെ സംവാദഭൂമിയാക്കാൻ മാനവാനന്തരവാദ പഠനങ്ങളെ പ്രതിഭാസവിജ്ഞാനീയം സഹായിക്കുന്നുണ്ട്.



**താക്കോൽവാക്കുകൾ:** പ്രതിഭാസവിജ്ഞാനീയം, മാനവവാദം, മാനവവാദാനന്തരം, ബോധഘടന, ശരീരബദ്ധ-ബോധം


## ആമുഖം

മാനവാനന്തരവാദങ്ങളെക്കുറിച്ചുള്ള സമകാലീനചർച്ചകളിൽ പ്രതിഭാസിക വിജ്ഞാനീയത്തോടുള്ള അവയുടെ ചാർച്ചയും ചേർച്ചകളും വിയോജിപ്പുകളും പഠനവിധേയമാകുന്നുണ്ട്.[1] പ്രതിഭാസവിജ്ഞാനീയ ദർശനങ്ങൾക്കു വ്യക്തവും

വ്യതിരിക്തവുമായ ദിശാബോധം നൽകിയ ജർമ്മൻ ദാർശനികരായ എഡ്മണ്ട് ഹസ്സേളിന്റെയും മാർട്ടിൻ ഹൈഡഗറിന്റെയും, ഫ്രഞ്ച് ദാർശനികരായ മോറിസ്- മെർലോപോണ്ടിയുടെയും ഇമ്മാനുവൽ ലെവിനാസിന്റെയും പഠനങ്ങൾ മാനവദർശനവിചിന്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകിയതായി ഇന്നത്തെ പ്രതിഭാസദാർശനിക പഠനങ്ങൾ സമ്മതിക്കുന്നു. 'മനുഷ്യൻ' എന്ന സംജ്ഞയുടെ പ്രതിഭാസികവിജ്ഞാനീയ പഠനങ്ങളിൽ, 'കർതൃത്വം' (Subjectivity), അന്തർകർതൃത്വം (Inter subjectivity), ബോധഘടന (Conscious Structure), ശരീരബദ്ധ ബോധം (Body Consciousness), സ്പർശം (Touch), അപരത്വം (Otherness), വേദന (Pain), സഹനം (Suffering), സാങ്കേതികത (Technology), ഭാഷയും ഭാഷണവും (Language and Speech), ധാർമ്മികത (Ethical), പ്രകൃതിയും സംസ്കാരവും (Nature and Culture) തുടങ്ങി നിരവധി ആശയാവലികളും മേഖലകളും തുറന്നുകിട്ടുന്നുവെന്നും അവ എങ്ങനെയെല്ലാം മനുഷ്യനെക്കുറിച്ചുള്ള സാമ്പ്രദായികവും ആധുനികവുമായ അന്വേഷണങ്ങളുടെ പരിധിയും പരിമിതിയും തുറന്നുകാട്ടുന്നുവെന്നും പുതിയ പഠനങ്ങൾ പറയുന്നു. പ്രതിഭാസവിജ്ഞാനീയത്തിലെ പല ചർച്ചകളും മാനവാനന്തരപഠനങ്ങൾക്ക് വേഗത നൽകിയെന്നതിനു സമകാലീന ഗവേഷണ പഠനങ്ങൾ സാക്ഷ്യംതരുന്നുണ്ട്.

പ്രതിഭാസവിജ്ഞാനീയ പഠനങ്ങൾക്ക് പ്രാമുഖ്യം നൽകുന്ന നാലു ചിന്തകരെയും, അവരുടെ വിചിന്തനങ്ങളിലെ പ്രധാന പ്രമേയങ്ങളെയും നിരീക്ഷണങ്ങളെയും ഹ്രസ്വമായി അവതരിപ്പിച്ചാണ് ഈ പഠനം നീങ്ങുന്നത്. മാനവാനന്തരദർശനങ്ങളുടെ സമകാലീനചർച്ചകളിൽ ഈ പ്രമേയങ്ങൾ പ്രസക്തമായവയാണെന്ന് സമർത്ഥിക്കുകയാണിതിൽ. അതിനാൽ മാനവാനന്തരദർശനങ്ങളിൽ പ്രതിഭാസവിജ്ഞാനീയവേരുകൾ അന്വേഷിക്കാനാണ് ഈ പഠനത്തിന്റെ താത്പര്യം. പ്രതിഭാസവിജ്ഞാനീയത്തിന്റെ മുഖ്യവക്താക്കളിലൊരാളായ ഹൈഡ്ഗറിന്റെ പ്രതിഭാസവിജ്ഞാനീയ ദർശനത്തിൽ 'Da-Sein' എന്ന മനുഷ്യ-ഉണ്മയുടെ നിലനിൽപ്പ്, മനുഷ്യാനുഭവത്തിന്റെ ആഴങ്ങളിലേക്കും സാധ്യതകളിലേക്കും വാതിൽ തുറക്കുന്നുവെന്നവതരിപ്പിക്കുന്നു. ഹൈഡ്ഗറിൽ മനുഷ്യ-ഉണ്മയെന്നത് അസ്തിത്വത്തെപ്പറ്റിയുള്ള നിരന്തരമായ ചോദ്യമാണ്. 'നിലനിൽക്കുക' എന്നാൽ എന്ത് എന്നതാണ് 'Da - Sein' ൽ ഉന്നയിക്കുന്ന ചോദ്യം. 'നിലനിൽക്കുക' എന്നതിന്റെ അർത്ഥവും സാധ്യതകളുമായി ഈ ചോദ്യം വിടരുകയാണ്.

'മനുഷ്യനെന്ന ഉണ്മ' (Human being) എന്നതിനേക്കാൾ,

'ഉണ്മ'യിലായിരിക്കുന്ന മനുഷ്യനാണ് (Being Human) ഹൈഡ്ഗറിന്റെ 'Da - Sein'[2]. ഉണ്മയിലായിരിക്കുന്ന മനുഷ്യൻ അർത്ഥങ്ങളിലേയ്ക്ക് പിറക്കുകയും, അർത്ഥങ്ങളുടെ നിരവധിയായ സാധ്യതകളിലേയ്ക്കും തുറവികളിലേയ്ക്കും നീങ്ങുകയും ചെയ്യുന്നു. അക്കാദമിക പരിശീലനത്തിൽ തന്റെ ഗുരുവായ എഡ്മണ്ട് ഹസ്സേളിന്റെ പഠനങ്ങളെ വിമർശനാത്മകമായി സമീപിച്ചാണ് ഹൈഡ്ഗർ 'Da - Sein'-നെ പ്പറ്റിയുള്ള കാഴ്ചപ്പാടുകൾ വികസിപ്പിക്കുന്നത്.

1. എഡ്മണ്ട് ഹസ്സേളിന്റെ ചിന്താപദ്ധതി

ആധുനിക പ്രതിഭാസവിജ്ഞാനീയത്തിന്റെ ചിട്ടയായ തുടക്കം ഹസ്സേൾ നിർദ്ദേശിക്കുന്ന ഉദ്ദിശതയുടെ പഠനത്തോടെയാണ്.[3] ഉദ്ദിശതയുടെ (intentionality) ഘടനയിലാണ് ബോധത്തിലെ അർത്ഥരൂപീകരണം സാധ്യമാകുന്നത്. ഉദ്ദിശതയിലാണ് അർത്ഥത്തിന്റെ പിറവി എന്നുപറയാം. ഹസ്സേളിന്റെ തത്ത്വചിന്താസമീപനത്തിൽ ബോധം എന്നത് മുൻകൂറായി, അബാധിതമായി മനുഷ്യരിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു എന്ന സൂചനയില്ല. ബോധത്തിലായിരിക്കുകയെന്നാൽ, എന്തിനെയെങ്കിലും കുറിച്ചുള്ള ബോധത്തിലായിരിക്കുക എന്നാണർത്ഥമാക്കുന്നതെന്ന് ഹസ്സേൾ പറയുന്നു. ചുറ്റുമുള്ള പ്രപഞ്ചവസ്തുക്കളെപ്പറ്റിയുള്ള വസ്തുബോധമായി ഒരാളിൽ ബോധം നിലനിൽക്കുന്നു. ഉദാഹരണമായി, എനിക്കു പുറത്തുള്ള 'മരം' ബോധത്തിലെ 'മര'മായി എനിക്കനുഭവപ്പെടുന്നു. ഇത് പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുന്ന ചിന്താസമീപനമാണ്. 'പുറത്തു നിൽക്കുന്ന മരം' എന്റെ വസ്തുബോധത്തിന്റെ മരമാകുകയെന്നത്, മരത്തെപ്പറ്റിയുള്ള എന്റെ ആശയമായി ബോധം പ്രവർത്തിക്കുന്നു എന്നാണ് അർത്ഥമാക്കുന്നതെന്ന നിലയിൽ ഹസ്സേളിനെ വായിക്കുന്നത് ആശയ ചിന്താക്കുഴപ്പം മൂലമാണ്. വ്യക്ത്യധിഷ്ഠിത ആശയവാദത്തിന്റെ ചിന്തകനായ ജോർജ് ബർക്ക്‌ലിയുടെ ചിന്താധാരയിലേക്കു ഹസ്സേളിനെ ചുരുക്കിയെഴുതുന്നതിനു തുല്യമാണത്. എഡ്മണ്ട് ഹസ്സേളിന്റെ ചിന്താപരിശ്രമങ്ങളെ ജർമ്മൻ ദാർശനികനായ ഇമ്മാനുവൽ കാന്റിന്റെ തത്ത്വചിന്തയോട് ചേർത്തു പഠിക്കുന്നവരിലും തെറ്റിദ്ധാരണകളുണ്ടാകുന്നുണ്ട്.

കാന്റിന്റെ ദർശനത്തിൽ, പ്രതിഭാസമെന്ന (Phenomenon) തും പ്രതിഭാസമായി നമുക്ക് ലഭ്യമല്ലാത്ത, 'അതിൽത്തന്നെ നിലനിൽക്കുന്ന' വസ്തുവും രണ്ടു ഗണങ്ങളാണ്. 'അതിൽത്തന്നെ നിലനിൽക്കുന്ന' വസ്തുവാണ് 'Noumena'. ഇന്ദ്രിയങ്ങളുടെയും മനസ്സിന്റെ ഘടനയുടെയും സഹായത്താൽ രൂപപ്പെടുന്ന അറിവാണ് പ്രതിഭാസം. ഇന്ദ്രിയാനുഭൂതികൾക്കും മനസ്സിന്റെ ഘടനയ്ക്കും വഴങ്ങാതെ മാറിനിൽക്കുന്ന 'അതിൽത്തന്നെയുള്ള വസ്തുവാണ്'

Noumena. കാന്റിന്റെ ദർശനത്തിൽ 'വസ്തുലോകം'യാഥാർത്ഥ്യമാണ്. നമുക്ക വഴങ്ങാതെ, അതിന്റെ ചില ഘടനകൾ അതിൽത്തന്നെ നിലനിൽക്കുന്നുമുണ്ട്. ജോർജ്ജ് ബർക്ക്‌ലിയുടെ തത്ത്വചിന്തയിൽ, വ്യക്ത്യധിഷ്ഠിതാശയമായി മാത്രം നിലനിൽക്കുന്ന ലോകത്തിനായി വസ്തു എന്നതിനെ (ആശയമല്ലാത്തതിനെ) അദ്ദേഹം നിഷേധിക്കുന്നുണ്ട്. ഹസ്സേളിന്റെ ദർശനപദ്ധതിയിൽ അർത്ഥം, ആശയം, വസ്തു എന്നീ സംജ്ഞകളെല്ലാം ബോധ ഘടനയിലാണ് ലഭ്യമാകുന്നത്. 'അകത്തെ' ആശയലോകം, 'പുറത്തെ' വസ്തു ലോകം എന്ന വിഭജനം ഹസ്സേളിൽ കാണാനാകില്ല. ബോധത്തിലായിരിക്കുന്ന ആൾക്കാണിതെല്ലാം അനുഭവമാകുന്നത്.

വിഷയിയും (Subject) വിഷയവും (Object) തമ്മിലുള്ള ബന്ധം ബോധത്തിന്റേതാണ്. 'പുറത്തുള്ള വസ്തു', 'അത് കാണുന്ന വ്യക്തി', 'അകത്തുള്ള ആശയം', 'അത് മനസ്സിലാക്കുന്ന ആൾ', 'ഭാവിയെപ്പറ്റിയുള്ള സ്വപ്നം', 'അത് പ്രതീക്ഷിക്കുന്ന വ്യക്തി' എന്നിങ്ങനെയുള്ള വിഷയി-വിഷയ ബന്ധങ്ങളെല്ലാം ബോധത്തിന്റെ ഉദ്ദിശതയിലാണ് അരങ്ങേറുന്നത്. അനുഭവിക്കുക, ചിന്തിക്കുക, സ്വപ്നം കാണുക, പ്രതീക്ഷിക്കുക, പ്രവർത്തിക്കുക, പ്രാർത്ഥിക്കുക എന്നീ ക്രിയകളെല്ലാം വിഷയി- വിഷയ ബന്ധത്തിന്റെ അരങ്ങുകളാണ്. ഹസ്സേളിന്റെ ദർശനത്തിലെ 'ബോധം' എന്ന വാക്ക് ചിന്തയോടും ആശയത്തോടും മാത്രം ബന്ധപ്പെട്ടു നിൽക്കുന്ന സംജ്ഞയാണെന്ന് തെറ്റിദ്ധരിക്കരുത്. തത്ത്വചിന്തയിൽ പൊതുവെ ബോധമെന്ന വാക്കിനെ അങ്ങനെയാണല്ലോ മനസ്സിലാക്കിപ്പോന്നിട്ടുള്ളത്. 'ബോധത്തിലായിരിക്കുക' എന്ന അനുഭവം ഹസ്സേളിന്റെ ചിന്തയിലെ അടിസ്ഥാന ആശയമായെടുത്താൽ, പ്രതിഭാസങ്ങളെല്ലാം അതിൽ ഭവിക്കുന്നവയാണ്. ഈ ലേഖനം എന്ന പ്രതിഭാസത്തെ എഴുതിരൂപപ്പെടുത്തുന്ന എഴുത്തുകാരിയായ ഞാൻ ബോധത്തിന്റെ ഘടനയിലെ പ്രതിഭാസനിർമ്മിതിയാണ്. എഴുത്തുകാരിയെന്ന വിഷയിയുടെ വിഷയമാണ് ഈ ലേഖനം. ഇങ്ങനെ ഹസ്സേൾ വിശദമാക്കുന്ന ബോധത്തിന്റെ ഘടനയാണ് ഉദ്ദിശത. ഉദ്ദിശതയിലൂടെ 'അറിയുന്ന ആളും' (Subjective തലം) 'അറിയപ്പെടുന്ന വസ്തുവും' (Objective തലം) ഇരു ധ്രുവങ്ങളെപ്പോലെ തോന്നുമെങ്കിലും, അത് 'അറിവ്' എന്ന പ്രക്രിയയുടെ ഒരേ സന്ദർഭമാണ്. 'അറിവ്' എന്ന വാക്ക് വിവിധങ്ങളായ അർത്ഥധ്വനികളോടെയാണ് ഹസ്സേൾ പ്രയോഗിക്കുന്നത്. മുമ്പ് സൂചിപ്പിച്ചപോലെ അതിൽ പ്രതീക്ഷയും സന്താപവും സന്തോഷവും സംശയവും സന്ദേഹവും തുടങ്ങി നിരവധി മനുഷ്യാനുഭവങ്ങൾ ചേർന്നുനിൽക്കുന്നു.

ഹുസ്സേൾ പ്രതിപാദിക്കുന്ന പ്രതിഭാസം കാന്റിയൻ ദർശനത്തിലെ പ്രതിഭാസമല്ല.[4] ഹുസ്സേളിന്റെ ദർശനത്തിൽ 'ഉള്ളതെല്ലാം' 'ഉദ്ദിശത' എന്ന ഘടനയിലൂടെ ബോധത്തിന് ലഭ്യമാക്കുകയാണ്. ഉദ്ദിശതയിലൂടെ രൂപമെടുക്കുന്ന യാഥാർത്ഥ്യമാണ് പ്രതിഭാസം. ഹുസ്സേൾ ഇതുമാത്രമാണ് പറയാനാഗ്രഹിക്കുന്നത്: പുറത്തു ബോധത്തിനു വഴങ്ങാത്ത തനതുലോകമുണ്ടോ? ബോധലോകത്തിന്റെ പകർപ്പാണോ അത്? തുടങ്ങിയ ചോദ്യങ്ങൾ ഉദ്ദിശതയെ കൃത്യമായി മനസ്സിലാക്കിക്കഴിയുമ്പോൾ താനെ അപ്രത്യക്ഷമാകും.

ഉദ്ദിശതയുടെ ഘടനയിൽ വിരിയുന്ന ലോകവും വസ്തുക്കളും അർത്ഥവുമെല്ലാം ലോകമെന്നതിന്റെ നിലനില്പിനെക്കുറിച്ചും അതിലുള്ള മനുഷ്യവാസത്തെക്കുറിച്ചുമുള്ള വർത്തമാനമാണ്. ഇത്തരം വർത്തമാനത്തിലാകാൻ ലോകത്തെക്കുറിച്ചുള്ള മുൻധാരണകളെ അകറ്റി നിർത്തേണ്ടത് അനിവാര്യമാണെന്ന് ഹുസ്സേൾ പറയുന്നു. പ്രകൃത്യായുള്ള മനോഭാവം (Natural Attitude) എന്ന് ഈ മുൻധാരണകളെ ഹുസ്സേൾ വിളിക്കുന്നു. ഉദാഹരണമായി, പുറത്തു വസ്തുക്കൾ ബോധമണ്ഡലത്തിൽനിന്ന് പൂർണ്ണമായി വേർതിരിഞ്ഞു നിൽക്കുന്നുവെന്ന ശാസ്ത്രവാദം പ്രകൃത്യായുള്ള മനോഭാവമാണ്. ഇത്തരം മനോഭാവങ്ങളെ വലയത്തിനുള്ളിലാക്കിയാൽ മാത്രമേ, (Bracketing the Natural Attitude എന്ന് ഹുസ്സേൾ) ഉദ്ദിശതയിലൂടെ വിരിയുന്ന മനുഷ്യാനുഭവങ്ങളെ (അതിനുള്ളിൽ രൂപപ്പെടുന്ന മനുഷ്യവ്യക്തിയും അയാൾക്ക് വസ്തുതയായി കിട്ടുന്ന വസ്തുവും) അതിന്റെ പുലരിയിൽതന്നെ ഒരാൾക്കു തൊടാനാകൂ. ഇങ്ങനെ ലഭ്യമാകുന്ന അനുഭവങ്ങളുടെ പലമയിൽനിന്ന് കോതിയെടുക്കുന്ന സത്തയാണ്(Essence) ഉദ്ദിശതയിലൂടെ ലഭിക്കുന്ന 'അറിവ്' എന്നതാണ് ഹുസ്സേളിന്റെ പ്രതിഭാസ വിജ്ഞാനീയവാദങ്ങളുടെ കാമ്പ്.

### 2. ഹൈഡ്ഡഗറിന്റെ ഹുസ്സേൾ വിമർശവും വ്യാഖ്യാനാധിഷ്ഠിത പ്രതിഭാസ ദർശനവും

മനുഷ്യാനുഭവങ്ങളെ ഉണ്മയുമായി (Being) ബന്ധപ്പെടുത്തിയാണ് മാർട്ടിൻ ഹൈഡ്ഡഗർ തന്റെ പഠനങ്ങളിൽ അവതരിപ്പിക്കുന്നത്. ഹുസ്സേൾ വികസിപ്പിച്ച പ്രതിഭാസതത്ത്വചിന്തയിലെ പ്രതിഭാസമെന്ന അനുഭവത്തെ മനുഷ്യ-ഉണ്മയിലെ (Da-Sein) അനുഭവവ്യാഖ്യാന സാധ്യതകളും അർത്ഥസ്ഥലികളുമായാണ് ഹൈഡ്ഡഗർ കാണുന്നത്. Da-Sein എന്ന മനുഷ്യ-ഉണ്മ (Being Human) തന്നെത്തന്നെയും തന്റെ അനുഭവലോകത്തെയും മറ്റു മനുഷ്യരുമായുള്ള ബന്ധങ്ങളെയും ചിരന്തരമായ ഇടപെടലുകളിലൂടെ, അന്വേഷണങ്ങളിലൂടെ, വ്യാഖ്യാനങ്ങളിലൂടെ മനസ്സിലാക്കുന്നുവെന്ന് ഹൈഡ്ഡഗർ വിശദീകരിക്കുന്നു.

ഹുസ്സേളിന്റെ പിൽക്കാല പ്രതിഭാസവിജ്ഞാനീയ നിലപാടുകളെ വികസിപ്പിക്കുകയാണ് ഹൈഡഗർ.

ഹുസ്സേളിന്റെ തത്ത്വചിന്തയിൽ, 'അറിയുന്ന ആൾ' (Subject) കൃത്യതയോടെ വ്യവച്ഛേദിച്ച് അറിയുന്ന 'പ്രതിഭാസം' (Phenomenon-Object-Meaning) കേവലം ഏകമായ അർത്ഥമല്ലെന്നും മറിച്ച് അർത്ഥങ്ങളുടെ നിരന്തരമായ വികാസപ്രക്രിയയാണെന്നും, അത് ചരിത്രത്തിലൂടെ നിരന്തരമായ വ്യാഖ്യാനമായി മുന്നേറുകയാണെന്നുമുള്ള ഹൈഡഗറിന്റെ നിരീക്ഷണം പ്രസക്തമാണ്. ഈ അർത്ഥത്തിൽ, ഉണ്മ എന്നാൽ ചരിത്രത്തിനുള്ളിൽ ഭവിക്കുന്നതും ഭവപരമായ (Ontological) സാധ്യതകളുമാണ്. Da- Sein എന്ന 'അർത്ഥങ്ങളിലേക്ക് തെന്നിവീണ ഉണ്മാനുഭവം', അത് പിറന്ന അർത്ഥങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും വലക്കണ്ണികളുടെ അതിരുകളിൽ ഒതുങ്ങുന്നില്ല. നിരന്തരമായ അർത്ഥസാധ്യതകളുടെ പ്രവാഹത്തിലേക്കാണ് അതു ജനിക്കുന്നത്.

മനുഷ്യാനുഭവം എന്നാൽ ഏകശിലാത്മകമായ അർത്ഥമല്ല; അത് വ്യാഖ്യാനാത്മകമാണ്. ബന്ധസമുച്ചയങ്ങളുടെ വ്യാഖ്യാനങ്ങളിലൂടെ മനുഷ്യ-ഉണ്മയും നിരന്തരമായ വ്യാഖ്യാനമായി മാറുന്നു. വ്യാഖ്യാനത്തിലൂടെ നിയതമായ ഏതെങ്കിലും ഒരർത്ഥമായി അതു സ്വരൂപദർശനം നേടുന്നില്ല. ഹൈഡഗറിന്റെ അഭിപ്രായത്തിൽ, സമയവും ഭാഷയും ചേർന്നു നിർവ്വഹിക്കുന്ന ഉണ്മയുടെ സഞ്ചാരഗതിയും സാധ്യതകളും മരണമെന്ന 'അസാധ്യയനുഭവ'ത്തിലാണ് (Impossible Possibility) വ്യാഖ്യാനത്തിന്റെ അപാരമായ സാധ്യതയാകുന്നത്. മരണം എന്ന അനുഭവം പറയാൻ/ഭാഷയിലൂടെ ആശയമായി അത് പ്രകാശിപ്പിക്കാൻ, മരണാനുഭവത്തിന്റെ മനുഷ്യൻ നിലനിൽക്കുന്നില്ല എന്ന പ്രഹേളിക ഹൈഡഗർ അവതരിപ്പിക്കുന്നു.[5] ഏതുതരം ബന്ധമാണ് ഇതെന്ന ചോദ്യത്തിലൂടെ ഉണ്മ കടന്നുപോകുന്നു. നിരന്തരമായ സാധ്യതകളുടെ പ്രവാഹത്തിലെ വിഭിന്നമായ തലമാണ് (Heterogeneous) മനുഷ്യരുടെ മരണം എന്ന അനുഭവം. മനുഷ്യോണ്മയുടെ ചിരന്തനവികാസവും അന്വേഷണവുമാണ് ഉണ്മയുടെ അനുഭവം എന്ന ആദ്യകാല ഹൈഡഗേറിയൻ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ, ഹുസ്സേളിന്റേതെന്നപോലെ ഹൈഡഗറിന്റെ ദർശനവും മനുഷ്യജീവി- കേന്ദ്രിതമാണെന്ന വിമർശനത്തിന് മരണാനുഭവത്തിന്റെ വ്യാഖ്യാന- അസാധ്യതയിലൂടെ (Being as being-unto death) ഹൈഡഗർ മറുപടി തരുന്നു. ഉണ്മയുടെ സമ്മാനമായി, നൽകലായി മനുഷ്യാനുഭവങ്ങൾ മാറുന്നുവെന്നു പിൽക്കാലത്ത് ഹൈഡഗർ തന്റെ ദാർശനിക നിലപാടുകളെ

വിശദമാക്കുകയും ചെയ്യുന്നു.

## 3. ശരീരബദ്ധബോധം– മെർലോപോണ്ടിയുടെ പ്രതിഭാസ വിജ്ഞാന വീക്ഷണങ്ങൾ

ഹുസ്സേളിന്റെ പ്രതിഭാസവിജ്ഞാന പഠനങ്ങളിലെ ഉദ്ദിശതാഘടനയിലൂന്നിയ ബോധത്തെപ്പറ്റിയുള്ള വിചിന്തനങ്ങളെ ശരീരബദ്ധ ബോധഘടനയായി (Body-Consciousness, Embodied Subjectivity) മെർലോപോണ്ടി പുതുക്കിയെടുക്കുന്നു.[6] ഹുസ്സേളിന്റെ പഠനങ്ങളിൽ കർത്തൃത്വത്തിന്റെ (Subjectivity) നിർമ്മിതി ഉദ്ദിശതാഘടനയെ അപേക്ഷിച്ചുള്ളതാണ്. ഉടൽ - അനുഭവം ഉദ്ദിശതയിലൂടെ അറിവായി (Object) രൂപപ്പെടുമെങ്കിലും, ഉടലറിവിനെ അതിലംഘിക്കുന്ന അനുഭവമാണെന്ന് ഹുസ്സേൾ നിദർശിക്കുന്നുണ്ട്. മെർലോപോണ്ടിയുടെ തത്ത്വചിന്തയിൽ ഉടലിനെപ്പറ്റിയുള്ള വിചിന്തനങ്ങൾ കർത്തൃരൂപീകരണത്തിൽ നിലനിൽക്കുന്ന പ്രഹേളികയെയും (Puzzle), രഹസ്യാത്മകതയെയും (Mystery) അനാവരണം ചെയ്യുന്നത് ഹുസ്സേളിന്റെ ഈ പാത പിൻപറ്റിയാണ്.

സ്പർശമെന്ന ഇന്ദ്രിയാനുഭവത്തിൽ ദ്വന്ദ്വസ്പർശം (Double Touch) എന്ന പ്രഹേളിക പ്രവർത്തിക്കുന്നതെങ്ങിനെയെന്ന് മെർലോപോണ്ടി വിവരിക്കുന്നുണ്ട്. വലതുകരം കൊണ്ട് ഇടതുകൈയിൽ സ്പർശിക്കുമ്പോൾ ഒരേസമയം ഒരാൾ തൊടുന്നയാളും തൊടപ്പെടുന്നയാളുമാകുന്നുണ്ട് (Touching and being touched). ഇതിൽ ഏതെങ്കിലും ഒരു അനുഭവമണ്ഡലത്തിലേക്കോ അതിന്റെ സമയക്രമത്തിലേക്കോ കർത്തൃത്വമോ അറിവോ (തൊടുന്നയാൾ എന്ന കർത്തൃത്വവും തൊടപ്പെട്ടു എന്ന അറിവും) ചുരുക്കി ചേർക്കപ്പെടുന്നില്ല.[7]

എല്ലാ അറിവും, അറിയുന്ന ആളിന്റെ ബോധഘടനയിലേക്കെത്തിപ്പെടുന്നു എന്ന യുക്തിവിചാരത്തിന്റെ ഉറപ്പുകളെ മെർലോപോണ്ടി മറികടക്കുന്നത്, അറിവിന്റെ രൂപീകരണത്തിനു മുന്നേയുള്ള ഉടലനുഭവങ്ങളുടെ ലോകത്തെപ്പറ്റി പറഞ്ഞുകൊണ്ടാണ്. ലോകത്തിലേക്കായിരിക്കുന്ന ഉടൽ, ബോധാനുഭവങ്ങളുടെ പുലരിത്തുടിപ്പിനു മുന്നേത്തന്നെ (Pre-Predicative എന്ന് മെർലോപോണ്ടി) ലോകമെന്ന അനുഭവമണ്ഡലത്തിൽ മേയുന്നുണ്ട്; പ്രഹേളികയുടെ ആനന്ദം അറിയുന്നുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം 'മുന്നേ' എന്ന സമയസൂചനയാണ്. ഹുസ്സേളിന്റെ ഉദ്ദിശത- ഘടന തരുന്ന സമയക്രമത്തിന്റെ തുടർച്ചയോ ആരംഭമോ അല്ല മെർലോപോണ്ടി പറയുന്ന ശരീരബദ്ധ- ബോധത്തിന്റെ സമയം. ഉടലും ലോകവും ബോധവും കെട്ടുപിണയുന്ന (Intertwinning) ഇടത്തിന്റെ സമയവും ഭാഷയും ഭാഷണവും

തന്റെ പിൽക്കാല വിചിന്തനങ്ങളിലെ പ്രമേയമായി മെർലോപോണ്ടി അവതരിപ്പിക്കുന്നു. ഉടൽബോധം അർത്ഥരൂപീകരണ പ്രക്രിയകളെ കവിഞ്ഞുപോകുന്നെന്ന മെർലോപോണ്ടിയുടെ നിരീക്ഷണങ്ങൾ പിൽക്കാല പ്രതിഭാസവിജ്ഞാനീയ പഠനങ്ങളെയും മാനവാനന്തരദർശന പഠനങ്ങളെയും ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട്.

4. ഇമ്മാനുവൽ ലെവിനാസ്: അപരത്വവും സ്വത്വത്തിന്റെ നീതീകരണവും

ഹുസ്സേളിന്റെ പ്രതിഭാസതത്ത്വചിന്തയെയും ഹൈഡ്ഗറിന്റെ വ്യാഖ്യാനാത്മക പ്രതിഭാസവിജ്ഞാനീയത്തെയും മെർലോപോണ്ടിയുടെ ഉടൽ- ബോധ രൂപീകരണത്തെപ്പറ്റിയുള്ള ദർശനങ്ങളെയും സൂക്ഷ്മമായി പഠിക്കുന്ന ഇമ്മാനുവൽ ലെവിനാസ് 'അപരത്വം' എന്ന ദർശനത്തിന്റെ (Otherness) ചിന്തകനാണ്. ഉണ്മയുടെ അന്വേഷിയായ 'Da-Sein'-ഉം ഉദ്ദിശതയുടെ ബോധഘടനയും അപരത്വമെന്ന അനുഭവത്തെ അവരവരുടെ അന്വേഷണ ഘടനയിലേക്ക് ചുരുക്കിയെഴുതാനുള്ള ശ്രമമാണെന്ന് ലെവിനാസ് പറയുന്നു. അറിവിന്റെ ഘടനയായ കേന്ദ്രതത്ത്വങ്ങൾക്കു വഴങ്ങാതെ അനുഭവങ്ങളുടെ മനുഷ്യകേന്ദ്രിതതത്ത്വങ്ങളെ പിളർന്നെത്തുന്ന അനുഭവമണ്ഡലമാണ് അപരത്വം. മനുഷ്യാനുഭവങ്ങളുടെ സ്വയം പൂർണ്ണതയെ (Totality) ഖണ്ഡിച്ച് അപാരതയുടെ (Transcendence) വിളിയൊച്ച കേൾക്കാനുള്ള ക്ഷണമായി അപരത്വത്തെ ലെവിനാസ് അവതരിപ്പിക്കുന്നു.[8]

അപാരത എന്ന സംജ്ഞ, വിഷയി -വിഷയ ദ്വന്ദ്വത്തെ പ്രശ്നവൽകരിക്കുന്ന സങ്കല്പനമാണ്. ഹുസ്സേളിന്റെയും ഹൈഡ്ഗറിന്റെയും ദർശനങ്ങളിലെ അന്തർകർത്തൃത്വ (Inter-Subectivity) ബന്ധത്തെപ്പറ്റിയുള്ള വിചിന്തനങ്ങളെ വികസിപ്പിക്കുകയാണ് ലെവിനാസ് ചെയ്യുന്നത്. ഹുസ്സേളിന്റെ തത്വചിന്താപരിശ്രമങ്ങളിലെ അതീത കർത്തൃത്വമായാലും (Transcendence Subectivity) മെർലോപോണ്ടിയുടെ തത്ത്വചിന്തയിലെ ശരീരബദ്ധ കർത്തൃത്വമായാലും (Embodied Subjectivity) ഹൈഡ്ഗറിന്റെ വിചിന്തനങ്ങളിലെ 'Ready-to-hand, Being-towards-death' തുടങ്ങിയ അനുഭവമണ്ഡലങ്ങളായാലും അടിസ്ഥാനപരമായി സമാനഘടനയുടെ (Homogeneity), മുൻകൂട്ടി തയ്യാറാക്കുന്ന ലക്ഷ്യത്തെ ഉന്നംവെക്കുന്ന (Teleological) ഘടന തന്നെയാണെന്നു ലെവിനാസ് നിരീക്ഷിക്കുന്നു.

മുഖാമുഖം (Face-to-face) നിൽക്കുന്ന മനുഷ്യർ പരസ്പരം അവരവരുടെ ബോധഘടനയിലേക്ക് അപരരെ കീഴ്പ്പെടുത്തുന്നതിനു പകരം

അപരത്വത്തിന്റെ നിലവിളികളുള്ള ഉത്തരമായി അവരവരെ അടിസ്ഥാന നീതിയായും ധർമ്മമായും ഉത്തരവാദിത്തമായും തിരിച്ചറിയുകയാണെന്നു ലെവിനാസ് പറയുന്നു. ഹൈഡ്ഗറിലെന്നതുപോലെ ഉണ്മയുടെ സാധ്യത യല്ല അപരത്വം. അത് അപാരതയുടെ ക്ഷണവും ഉണ്മയുടെ സാധ്യത എന്നതിന്റെ നിരാസവുമാണ്. അതുകൊണ്ട് തന്റെ തന്നെ (ലെവിനാസിന്റെ) തത്ത്വചിന്തയുടെയും തത്ത്വചിന്തയുടെ തന്നെയും അടിത്തറ, നീതിയുടെയും ധർമ്മത്തിന്റെയുമെന്നു ലെവിനാസ് പറയുന്നു- (Ethics is first philosophy). സത്താശാസ്ത്രം (Ontology) ധർമ്മശാസ്ത്രത്തിനു ശേഷമാണ് (Ethics) ഉദയം ചെയ്യുന്നതെന്നാണു ലെവിനാസിന്റെ തത്ത്വചിന്തയുടെ അടിസ്ഥാന വിവക്ഷ. നിലനിൽപ്പിന്റെ അവകാശങ്ങളെ (What right I have to exist എന്ന് ലെവിനാസ്) അടിസ്ഥാന ധർമ്മം (Fundamental Ethical) ചോദ്യം ചെയ്യുന്നു. അപരത്വത്തോടുള്ള എന്റെ അടിസ്ഥാന ഉത്തരവാദിത്തം (Fundamental Responsibility for the Other) ബോധഘടനയിലൂന്നിയ എന്റെ തീരുമാനമല്ല. തീരുമാനമെടുക്കാൻ പ്രാപ്തിയുള്ള യുക്തിഭദ്രതയുള്ള ഒരാളായി രൂപപ്പെടുന്ന തിനും മുന്നേ ഉത്തരവാദിത്തമായി മാറുന്ന അപാരതയിലാണ് ഞാനുള്ളത്. ഈ പ്രഹേളികയെ നേരിടുന്ന മനുഷ്യർ സ്വയം പര്യാപ്തതയുടെ വിച്ഛേദമാണ് (Rupture of Totality).

### 5. സമകാലീന മാനവാനന്തരപഠനങ്ങളും പ്രതിഭാസവിജ്ഞാനീയവും– ചില നിരീക്ഷണങ്ങൾ

മാനവാനന്തര പഠനങ്ങൾ എന്നതുകൊണ്ടു വിവക്ഷിക്കുന്നതെന്താണെന്ന ചോദ്യം 'മനുഷ്യൻ' എന്ന സംജ്ഞയുടെ ദാർശനിക വിശദീകരണങ്ങളോട് ചേർന്നുവരുന്നതാണ്.[9] നവോത്ഥാനകാലം മുന്നോട്ടുവെച്ച മനുഷ്യസങ്കല്പ ങ്ങളിൽ യുക്തിവിചാരങ്ങളെ യടിസ്ഥാനമാക്കി മോചനത്തിലേയ്ക്കും വികാസ ത്തിലേയ്ക്കും നീങ്ങുന്ന മനുഷ്യസമൂഹങ്ങളെയാണ് വിഭാവനം ചെയ്തിരുന്നത്. അറിവിന്റെ ആധാരവും കേന്ദ്രവും അവരവർ തന്നെയെന്ന് മനുഷ്യർ തിരിച്ചറിയു ന്ന ഈ കാലഘട്ടത്തെ 'യുക്തി മുതിർന്ന കാലം'[10] എന്നു ഇമ്മാനുവൽ കാന്റ് വിശേഷിപ്പിക്കുന്നു. ചിന്തിക്കുന്നതിലൂടെയാണ് മനുഷ്യന്റെ നിലനിൽപ്പു വ്യക്ത മാകുന്നതും സാധ്യമാകുന്നതും എന്ന നിഗമനത്തിലൂടെ 'മനുഷ്യൻ' എന്ന സങ്ക ല്പനത്തെ, 'ചിന്തിക്കുന്ന മനസ്സ് എന്ന ഞാൻ' (Cogito) എന്ന സംജ്ഞയോട് റെനെ ദെക്കാർത്ത് ചേർത്തുവെച്ചു. 'ചിന്തിക്കുന്നു ഞാൻ' എന്ന അനുഭവം ഒഴികെ ബാക്കിയെല്ലാം സംശയത്തിന് കീഴടങ്ങാം എന്ന മുൻധാരണയോടെ, 'ചിന്തിക്കണമെങ്കിൽ ഞാൻ ഉണ്ടാകണമല്ലോ' (Cogito Ergo Sum) എന്ന നി

ഗമനത്തിലേക്ക് ദെക്കാർത്തെ എത്തുകയാണ്. ഈയർത്ഥത്തിൽ എന്റെ ഉണ്മയുടെയടിത്തറ ചിന്തയാണ്. ഇതിന്റെ പൂർണ്ണതയാണ് ദൈവത്തിന്റെ അസ്ഥിത്വമെന്നും,ബാക്കിയനുഭവങ്ങളും അറിവുമെല്ലാം ഇന്ദ്രിയാനുഭവങ്ങളും അതിലൂടെ ആർജ്ജിക്കുന്ന ലോകത്തെക്കുറിച്ചുള്ള അറിവുമെല്ലാം ചിന്തയുടെ ഉരകല്ലിന്മേൽ ഉരച്ച് അവയുടെ ഉണ്മയുടെ തരാതരം കണ്ടെത്തണമെന്നാണ ദെക്കാർത്തിന്റെ വിശദീകരണം. വിസ്തൃതി മാത്രം (Extension) ലക്ഷണമായ വസ്തുലോകം എന്ന സത്ത (Substance) മനസ്സിന്റെ ലക്ഷണമായ യുക്തിവിചാരത്തിന് (Thinking) കീഴടങ്ങി അവയുടെ അസ്തിത്വം കണ്ടെത്തുമെന്ന് സാരം.

യുക്തിവിചാരത്തിലേക്ക് മനുഷ്യാനുഭവങ്ങളെയും വസ്തുലോകത്തെയും വെട്ടിയൊതുക്കിയ കാർത്തേസ്യൻ വിചാരലോകത്തിനെതിരെയുള്ള കലഹവും വിശദീകരണങ്ങളുമാണ ചുരുക്കത്തിൽ, തത്ത്വചിന്താവിശകലനങ്ങളുടെ പിൽക്കാല ചരിത്രം ദെക്കാർത്ത് മുതൽ കാന്റ് വരെയും തുടർന്നുവരുന്ന ഹെഗലിയൻ ചിന്താപാരമ്പര്യങ്ങളെയും തത്ത്വചിന്താപരമായി പരിശോധിച്ചെത്തുന്നുണ്ട് പ്രതിഭാസവിജ്ഞാനീയം.

പ്രതിഭാസവിജ്ഞാനീയത്തിന്റെ ഹസ്സേളിയൻ തുടക്കം മുതൽ ഇങ്ങോട്ട്, പിൽക്കാലത്തെ തത്ത്വചിന്താപരമായ പ്രതിഭാസവിജ്ഞാനീയ അന്വേഷണങ്ങളിലെല്ലാം കർതൃ-അന്തർ കർതൃത്വത്തെയും, കർതൃ-അറിവ് സംജ്ഞാരൂപീകരണത്തെയും പറ്റിയുള്ള ഗഹനമായ പഠനങ്ങൾ നടക്കുന്നുണ്ട്. ഇവയിലെല്ലാം പൊതുവായി കാണുന്ന നിഗമനങ്ങൾ കർതൃത്വത്തിന്റേതും അറിവിന്റേതുമായ 'കവിയുന്ന' (Excess) മാനമാണ് (Dimension). കവിഞ്ഞുപോകുന്ന ഈ തലം, മുൻകൂർ ധാരണയായി രൂപപ്പെടുന്ന/ രൂപപ്പെട്ട മാനവസങ്കൽപ്പത്തിന്റെ തുടർച്ചയല്ല (Continuity); മറിച്ച് വിച്ഛേദവും (Rupture) പുതുമ (Novelty)യുമാണത്. നിലവിലുള്ള മനുഷ്യസങ്കല്പങ്ങളിലൊന്നിന്റെ ഭാഷയോ (Language and Saying) സമയക്രമമോ (Temporality) അവ പാലിക്കുന്നില്ല. നിലവിലെ മനുഷ്യസങ്കല്പത്തിന്റെ സമാനഘടനകളോട് (Homogeneity) വിയോജിച്ച്, അത് അപരത്വമെന്ന (Otherness) വിരുദ്ധഘടനയാകുന്നു (Heterogeneity).

കവിഞ്ഞുപോകുന്ന മാനത്തിന്റെ (Heterogeneity) എന്ന വിരുദ്ധതാസ്വഭാവം ഹെഗലിന്റെ ആന്റിതീസിസ് (Anti-thesis) പരികല്പനയല്ല; വിപരീത ദ്വന്ദ്വവുമല്ല. ഹെഗലിയൻ ആന്റിതീസിസും വിപരീത -ദ്വന്ദ്വ പരികല്പനയും (Binary Opposites) നിലവിലുള്ള സങ്കല്പനത്തിന്റെ മറുപിറവിയാണ്. നിലവിലുള്ളതിനോടു പൊക്കിൾക്കൊടി ബന്ധം നിലനിർത്തി മാത്രമേ

വിപരീതദ്വന്ദ്വത്തിന് നിലനിൽപ്പുള്ളൂ; വെളിച്ചത്തോട് ബന്ധപ്പെടാതെ ഇരുളിനെക്കുറിച്ചുള്ള വർത്തമാനം അസാധ്യമാകുന്നതുപോലെ.

6. നിഗമനം

മാനവാനന്തരവാദങ്ങളുടെ നിലപാടുകളിലെല്ലാം കാണുന്ന മാനവതാസങ്കല്പനിരാസത്തിന്റെ അടിത്തറ, Excess- Dimension (കവിയുന്ന ചിന്താമാനങ്ങൾ) എന്ന പരികല്പനയോട് ചേർന്നുപോകുന്നതാണ്. തത്ത്വചിന്തയിൽ രൂപമെടുക്കുന്ന ഏകശിലാത്മക (Homogeneous) മനുഷ്യസങ്കല്പത്തെ (Anthopos), അതിന്റെ ചിന്താതിർത്തികളിലെത്തിച്ച്, പൊട്ടിച്ചിതറുന്ന 'പലമയിലേക്ക്' (Multiplicity and Complexity) നീളുന്ന പരിശ്രമങ്ങളാണ് മാനവാനന്തരവാദങ്ങളുടെ കാമ്പ്. അവിടെ സാങ്കേതികവിദ്യയും ജൈവബന്ധവും മിത്തുകളും ദൈവവിചാരങ്ങളും ചിന്തനയുടെ വംശാവലികളും അവരവരുടെ ഇടങ്ങൾ കണ്ടെടുക്കുന്നുണ്ട്.

ഉറയൂരുന്ന പാമ്പിനെപ്പോലെ, തിരിഞ്ഞുനോട്ടങ്ങളിൽ വെളിവാകുന്ന മാനവസങ്കല്പനങ്ങളുടെ പരിമിതിയാണ് മാനവാനന്തരപഠനങ്ങളുടെ കുതിപ്പിനാധാരം. പിന്തിരിഞ്ഞുള്ള നോട്ടങ്ങളിൽ തെളിയുന്ന പ്രശ്നപരിസരം സൂചിതം (Reference) എന്ന സങ്കല്പനമാണ്. പടിയിറങ്ങി പോരുന്ന ഉണ്ണികൾ വീടിനെ മറക്കുന്നുണ്ടെങ്കിലും വീടുകൾ ഉണ്ണികളെ തുറിച്ചുനോക്കുന്നുണ്ട്.

മാനവാനന്തരത്തിലെ 'അനന്തരം' ഇനിയും മറക്കാനാവാത്ത ഇന്നലെകളുടെ ഓർമ്മകളായിരിക്കുമോയെന്ന അന്വേഷണവും 'ഓർമ്മ'കളെക്കുറിച്ചുള്ള പഠനത്തിൽ മാനവാനന്തരപഠനം ഓർത്തെടുക്കുന്നുണ്ട്. ഓർമ്മകൾ തുടർച്ചയല്ലെന്നും, വിച്ഛേദവും നിരാസവുമാണെന്നും പേർത്തും പേർത്തും പറയുമ്പോഴും, മാനവാനന്തരപഠനങ്ങളിൽ ഇപ്പോഴും തഴച്ചുനിൽക്കുന്ന വിചാരസംവർഗങ്ങളും സംപ്രത്യയങ്ങളും ഭാഷാശകലങ്ങളും പോയകാലത്തുനിന്നുള്ളവ തന്നെയെന്ന്, ഇനിയും വരാനിരിക്കുന്ന ഭാഷാ/ വിചാരസംവർഗങ്ങൾക്കുവേണ്ടിയുള്ള മാനവാനന്തരകാലത്തിന്റെ കാത്തിരിപ്പിനിടയിലും ഗവേഷകർ തിരിച്ചറിയുന്നുണ്ട്.

കുറിപ്പുകൾ

1 Stephan Herbreclter, Post Humanism: A critical Analysis (New Delhi: Bloomsbury Academic India, 2018) pp. 1-73. See also. Rachel J. Crelliw, Craig N. Cipolla, etal. (Ed.), Archeological theory in Dialogue: Situating Relationality, Ontology, Post Humanism, and Indigenous Paradigms ( Newyork: Routledge, 2021) pp.101- 130

2 മാർട്ടിൻ ഹൈഡഗ്ഗറിന്റെ ചിന്താസരണിയെ ലളിതമായും ആഴത്തിലും വിശദമാക്കുന്ന പഠനത്തിന് കാണുക: William J. Richardson S.J; Through Phenomenology to thought, Fourth Edition, Preface by Martin Heidegger (Newyork: Fordham University Press, 2003).

3 Intentimality എന്ന ആംഗലേയ പദത്തിന് തുല്യമായി 'ഉദ്ദിശത' എന്ന മലയാളം പദമാണ് ഇവിടെ ഉപയോഗിക്കുന്നത്. പ്രതിഭാസ വിജ്ഞാനീയത്തെക്കുറിച്ചുള്ള തന്റെ മലയാള പ്രബന്ധത്തിൽ പൗലോസ് മാർഗ്രിഗോറിയോസ് ഉപയോഗിച്ചിരിക്കുന്ന മലയാളം വാക്ക് 'ഉദ്ദേശനം' എന്നാണ്.

കാണുക; പൗലോസ് മാർ ഗ്രീഗോറിയോസ്, ദർശനത്തിന്റെ പൂക്കൾ (തേവര: ജനത പബ്ലിഷിംഗ്, ഇന്ത്യ, 1992) pp.352- 376.

4 Dan Zahavi, Phenomenology: The Basics ( Newyork: Routledge, 2019) pp. 9-15.

5 പുരാതന ഗ്രീക്ക് തത്വചിന്തയിൽ Stoics-ന്റെ ഈ ആശയത്തെ തന്റെ ചിന്താപദ്ധതിയിലേക്ക് ഹൈഡ്ഗർ വിളക്കിച്ചേർക്കുന്നു.

See. Saitya Brata Das, Death, Time and the other: Ethics at the limit of Metaphysics (New Delhi: Aaakar Books, 2017)

6 Katherine J Morris, Starting with Merleau- Ponty (New Delhi: Bloomsbury, 2018) pp. 48-69.

7 Dermot Moran, Introduction to Phenomenology. (Newyork: Routledge, 2000) pp.413- 434.

8 Emmanuel Levines , Totality and Infinity: An Essay on Exteriority, Tr. Alphons Lingis (The Hague: Martinus Nijloff Publishers, 2002) pp. 49-50.

9 Frances & Merrando, Philosophical Post Humanism (New York: Bloomsbury Academic, 2019) pp.1- 60.

10 Immanuel Kant, Basic Writings of Kant, Ed. Allen W Wood, Tr. Thomas K. Abbott ( Modern Library paper Back Edition, 2001) pp. 133-14.

## Bibliography

1. Critchley Simon, A Companion to Continental Philosophy, Blackwell, NY, 1998
2. Hand, Sean, Ed. The Levinas Reader, Blackwell, NY, 1989

3. Herbreclter, Stephan, Post- Humanism : A Critical Analysis, Bloomsbury, N. Delhi, 2018.
4. Heidegger, Martin Being and Time, Tr. Joan Stambaugh, State University Press, NY, 1996
5. Husserl, Edmund, Cartesian Meditations: An Introduction to Phenomenology, Tr. Dorin Cairns, Springer, 1960
6. J. Morris, Katherine, Starting with Merleau-Ponty, Bloomsbury, N. Delhi, 2018.
7. Kearney Richard, The Continental Philosophy Reader, Routledge, NY, 1996
8. Levinas, Emmanuel, Totality and Infinity: An Essay On Exteriority, Tr. Alphonso Lingis, Martin Nijjoff Publishers, 2002
9. Merleau-Ponty, Maurice, Phenomenology of Perception, Tr. Donald A. Landes, Routledge, NY, 2012
10. Moran, Dermot, Introduction to Phenomenology, Routledge, NY, 2000.
11. Richardson J. Through Phenomenology to Thought, Fordham University Press, NY, 2003.
12. West, David, An Introduction to Continental Philosophy, Polity Press, NY, 1996.

*email- gasparalbey@gmail.com*

# യാത്രയും യാത്രാഖ്യാനവും മാനവാനന്തരകാലഘട്ടത്തിൽ

സൗമ്യ തോമസ്
അസിസ്റ്റൻറ് പ്രൊഫസർ, മലയാള വിഭാഗം, ഭാരത മാതാ കോളേജ്, തൃക്കാക്കര.

## പ്രബന്ധസംഗ്രഹം

മാനവാനന്തരമായ ജ്ഞാനവ്യവസ്ഥയിൽ യാത്രകൾ ഉൽപാദിപ്പിക്കുന്ന അനുഭവം യാത്രാവിവരണം എന്ന സാഹിത്യജനുസ്സിനാൽ മാത്രം രേഖപ്പെടുത്താവുന്ന ഒന്നല്ല. ഒരു പരിധിവരെ അച്ചടി സാഹിത്യത്തെയും അച്ചടി ആധുനികതയുടെ ചിന്താക്രമങ്ങളെയും പിൻതള്ളിക്കൊണ്ടാണ് മാനവാനന്തര വായനാസമൂഹം നിലനിൽക്കുന്നത് എന്നു പറയാം. ഈ പുതിയ പരിസരത്തിൽ നിന്നുകൊണ്ട് യാത്രയെയും അതിന്റെ ആഖ്യാനത്തെയും നോക്കിക്കാണാനാണ് പ്രബന്ധം ശ്രമിക്കുന്നത്. യാത്രകളുടെയും യാത്രാഖ്യാനങ്ങളുടെയും, വിശാലമായ അർത്ഥത്തിൽ എല്ലാ സാഹിത്യജനുസ്സുകളുടെയും ആഖ്യാനത്തിലും ഉള്ളടക്കത്തിലും രേഖപ്പെടലിലും നിരവധി പരിണാമങ്ങൾ സംഭവിച്ച മാനവാനന്തരസാഹചര്യത്തിൽ യാത്രയെന്ന വ്യവഹാരവും അതിന്റെ രേഖപ്പെടലുകളുടെ രാഷ്ട്രീയവും സമഗ്രമായി പഠിക്കപ്പെടേണ്ടതാണ് എന്നു പ്രബന്ധം തിരിച്ചറിയുന്നു.

**താക്കോൽവാക്കുകൾ:** യാത്ര, യാത്രാഖ്യാനം, ആധുനികത, ഭൂപടം, ദൃശ്യസംസ്കാരം, മാനവാനന്തരത, സൈബർ ഇടം, അൽഗൊരിതം, സ്മാർട്ട്ഫോൺ സംസ്കാരം, ഗൂഗ്ൾ മാപ്.

മാനവികതാവാദത്തിന്റെ ഘട്ടത്തിൽനിന്നു മാനവാനന്തര സന്ദർഭത്തിലേക്കും സൈബർ അനുഭവലോകങ്ങളിലേക്കും എത്തുമ്പോൾ യാത്ര എന്ന അനുഭവവും യാത്രയെഴുത്തും വലിയ തോതിൽ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. പ്രതീതി യാഥാർത്ഥ്യവും കൃത്രിമ ഉണ്മയുംകൊണ്ടു മനുഷ്യർ ഇന്ന് എത്തിനിൽക്കുന്ന

ചരിത്രസന്ധിയിൽ യാത്ര എന്ന അനുഭവത്തെക്കുറിച്ചും യാത്രയെ ആഖ്യാനം ചെയ്യുന്ന സാഹിത്യജനുസ്സെന്ന നിലയിൽ യാത്രാവിവരണങ്ങളെക്കുറിച്ചും മാറിച്ചിന്തിക്കേണ്ടതായി വരുന്നു. സ്ഥലങ്ങളിൽനിന്നു സ്ഥലങ്ങളിലേയ്ക്ക് എന്നതിൽനിന്നു വ്യത്യസ്തമായി, സമയങ്ങളിൽനിന്നു സമയങ്ങളിലേക്ക് യാത്രചെയ്യുന്ന ഒരു സമൂഹമായി ലോകജനതയെ വിഭാവനം ചെയ്യാൻ കഴിയുന്ന സാംസ്കാരികപരിസരമാണ് മാനവാനന്തരത. യാത്രാഖ്യാനങ്ങൾ ജൈവലോകത്തു സംഭവിക്കുമ്പോഴും ഡിജിറ്റൽ ലോകത്ത് തിരിച്ചറിയലിന്റെ പതിപ്പുകളായ പ്രൊഫൈലുകളിലൂടെ അവ രേഖപ്പെടുന്നതിലൂടെയാണു യാത്രികൻ/യാത്രിക ഇന്ന് 'അംഗീകാരം' (validation) നേടുന്നത്. ഭാവിയിൽ യാത്രയെന്നത് ഈ അംഗീകാരങ്ങളിൽ ഊന്നിയാവും വിഭാവനം ചെയ്യപ്പെടുക. അഥവാ, യാത്രയിൽനിന്ന് ജൈവലോകം അപ്രത്യക്ഷമാവുകയും പ്രൊഫൈലിൽ പ്രതീതി യാത്രാനുഭവങ്ങൾ സാധ്യമാവുകയും ചെയ്യുന്നു. മറ്റൊർത്ഥത്തിൽ യഥാർത്ഥയാത്ര/പ്രതീതിയാത്ര എന്നീ വിഭജനങ്ങൾ അസാധുവാകുന്ന അവസ്ഥ വന്നു ചേരും. ജൈവലോകവും ബോധമണ്ഡലവും യാത്രികരുടെ ശരീരവും അവിഭക്തമാവുന്നതിനെക്കുറിച്ച് മാനവാനന്തരതയെപ്പറ്റി പഠനങ്ങൾ നടത്തിയിട്ടുള്ള സൈദ്ധാന്തികനായ റോബർട്ട് പെപ്പരൽ ദി പോസ്റ്റ് ഹ്യൂമൻ കണ്ടീഷനിൽ ഇങ്ങനെ എഴുതുന്നു: "ബോധവും ദേഹവും പരിസ്ഥിതിയും തുടർച്ചകളാണ്. അവയ്ക്കിടയിലുണ്ടെന്ന് കരുതുന്ന വിടവുകൾ —ശ്വാസകോശവും വായുമണ്ഡലവും ഒരുദാഹരണം—താൽക്കാലികവും അല്പസമയത്തേക്കു മാത്രം നിൽക്കുന്നവയുമാണ്" (2004: 18). അഥവാ പ്രതീതി യാത്രകൾ, സമയസഞ്ചാരം തുടങ്ങിയ 'ഭാവന'കൾ യഥാർത്ഥ യാത്രാനുഭവങ്ങളായി രേഖപ്പെടാവുന്ന, അത്തരം ആഖ്യാനങ്ങളെക്കൂടി ഉൾക്കൊള്ളാവുന്ന തരത്തിലുള്ള സവിശേഷമായ ഒരു സിദ്ധാന്തപരിസരമാണ് മാനവികാനന്തരത.

## യാത്ര, യാത്രാവിവരണം

എല്ലാക്കാലത്തും യാത്ര മനുഷ്യാനുഭവങ്ങളുടെ ഒരു പ്രധാന ഭാഗമായിരുന്നു. പഴങ്ങളും കാട്ടുകിഴങ്ങുകളും ശേഖരിച്ചും വേട്ടയാടിയും ജീവിച്ചിരുന്ന ആദ്യകാല ഗോത്രസമൂഹങ്ങൾക്ക് ഒരിടത്തുനിന്നു മറ്റൊരിടത്തേക്കുള്ള മാറ്റം നിലനില്പിന്റെ ഭാഗമായിരുന്നു. ജീവികാസമ്പാദനത്തിനു കൃഷിയെ ആശ്രയിക്കാൻ തുടങ്ങിയതോടെ സ്ഥിരതാവളങ്ങളെന്ന ആശയം മനുഷ്യരുടെ അവബോധത്തിൽ ഇടം നേടുന്നു. സാമൂഹികജീവിതത്തിന്റെ വിവിധഘട്ടങ്ങൾ പിന്നിടുന്നതോടെ നാഗരികതകൾ രൂപപ്പെടുകയും ചില നാഗരികതയുടെ ഇടങ്ങളിലേക്ക് അവർ

തങ്ങളെ ചേർത്തുവെയ്ക്കുകയും ചെയ്യുന്നതോടെ അതിനു പുറത്തുള്ളതെല്ലാം അനിശ്ചിതത്വങ്ങളോ നിഗൂഢതകളോ ആയി കണക്കാക്കപ്പെടാൻ തുടങ്ങി. അപ്പോഴും യാത്ര എന്ന അനുഭവത്തെ മനുഷ്യർ പലവിധത്തിൽ ജീവിതത്തോടു ചേർത്തുപിടിക്കുകയും സാഹസികതയുടേയും ആത്മീയതയുടേയും സ്വത്വസ്ഥാപനത്തിന്റെയും ഭാഗമായി യാത്ര അടയാളപ്പെടുകയും ചെയ്തു. സ്ഥിരവാസികളായ ആദ്യകാല മനുഷ്യരുടെ അപരയിടങ്ങളെക്കുറിച്ചുള്ള (Other spaces) ഭാവനകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന ആവിഷ്കാരങ്ങളായിരുന്ന തീർത്ഥാടനവും സാഹസികതയും. എഴുത്ത് സാർവ്വജനീനമാകുന്ന ഒരു ഘട്ടംമുതൽ ആത്മീയതലങ്ങളുള്ള രൂപകാത്മകമായ പ്രവൃത്തിയായാണു യാത്ര കണക്കാക്കപ്പെട്ടത്.

ആധുനികതയുടെ ചരിത്രസന്ദർഭമാണു വൻതോതിലുള്ള യാത്രകൾക്കു വഴിയൊരുക്കിയത്. ശാസ്ത്രസാങ്കേതികരംഗങ്ങളിലുണ്ടായ വളർച്ചയും ഗതാഗത വാർത്താവിനിമയരംഗങ്ങളിലുണ്ടായ മുന്നേറ്റവും വ്യാവസായികപുരോഗതിയും സാമ്രാജ്യത്വതാൽപര്യങ്ങളും പുത്തൻ ലോകബോധവും യാത്രകൾ യാഥാർത്ഥ്യമാക്കിത്തീർത്തു. അതോടൊപ്പം വ്യക്തിയെ കേന്ദ്രസ്ഥാനത്തു നിറുത്തുന്ന സ്വയംപൂർണ്ണനായ മനുഷ്യൻ എന്ന ആധുനിക മാനവസങ്കല്പം മനുഷ്യരെയും ലോകത്തെയും രണ്ടായി വേർതിരിക്കുകയും പ്രകൃതിയെയും ഇതര ഭൂവിഭാഗങ്ങളെയും മനുഷ്യരുടെ ആസ്വാദനത്തിനുള്ള വിഭവങ്ങളാക്കി മാറ്റുകയും ചെയ്തു. ഇക്കാലഘട്ടത്തിലാണു യാത്രാഖ്യാനങ്ങൾ, യാത്രാവിവരണം എന്ന ആധുനികസാഹിത്യജനുസ്സായി പരിണമിക്കുന്നത്. യാത്രകളിലൂടെയും യാത്രയുടെ എഴുത്തിലൂടെയും ലോകം കൂടുതൽ കൂടുതൽ വെളിപ്പെടുകയും രേഖപ്പെടുകയും ചെയ്തുകൊണ്ടേയിരുന്നു. നരവംശശാസ്ത്രം മുതൽ ചരിത്രംവരെയും ജീവശാസ്ത്രംമുതൽ ജ്യോതിശ്ശാസ്ത്രംവരെയും ഉള്ളവ മാനവികതയുടെ ഘട്ടത്തിൽ നടത്തിയ ഭൂഖണ്ഡാന്തര, സമുദ്രാന്തര യാത്രകളുടെ ജ്ഞാനോൽപ്പാദനക്ഷമതയുടെ ഭാഗമായി ഉരുത്തിരിഞ്ഞു വന്നതോ വളർച്ച പ്രാപിച്ചതോ ആയ അന്വേഷണമേഖലകളാണ്. വ്യത്യസ്തമായ ഈ ജ്ഞാനശാഖകളുടെ സംഗമവും (convergence) അവയുടെ മറികടക്കലും (transcendence) ആണ് ഇന്നു ജ്ഞാനവ്യവസ്ഥയിൽ നടക്കുന്ന പ്രധാന മുന്നേറ്റങ്ങൾ.

മാനവാനന്തരമായ ജ്ഞാനവ്യവസ്ഥയിൽ യാത്രകൾ ഉൽപ്പാദിപ്പിക്കുന്ന അനുഭവം യാത്രാവിവരണം എന്ന സാഹിത്യജനുസ്സിനാൽ മാത്രം അടയാളപ്പെടുത്താവുന്ന ഒന്നല്ല. അച്ചടി സാഹിത്യത്തെയും അച്ചടി ആധുനികതയുടെ

ചിന്താമണ്ഡലങ്ങളെയും പിൻതള്ളിക്കൊണ്ടാണ് മാനവാനന്തരസമൂഹത്തിൽ വ്യക്തികൾ ഒത്തുചേരുന്നതും യാത്ര ചെയ്യുന്നതും. യാത്ര ചെയ്യാൻ വാഹനങ്ങളുടെ സഹായം തേടുന്ന കാലത്താണ് യാത്രാവിവരണസാഹിത്യം രൂപംകൊള്ളുന്നത്. യാത്രിക/യാത്രികൻ സ്വയം തന്റെ അതിപരിഷ്കൃതമായ വാഹനമാവുകയാണെങ്കിലോ? സാഹിത്യത്തിൽ സയൻസ് ഫിക്ഷൻ നടത്തുന്ന ചില മറിച്ചിടലുകളുണ്ട്: രൂപകാർത്ഥങ്ങളെയും കാവ്യാർത്ഥങ്ങളെയും സാധാരണ മട്ടിൽ പ്രസ്താവനാരീതിയിലുള്ള വായനകളാക്കി മാറ്റുക എന്നത് അതിൽ പ്രധാനപ്പെട്ട ഒന്നാണ്. ഉദാഹരണത്തിന്, 'അവളുടെ കാലുകൾക്ക് ചിറക് മുളച്ചു' എന്ന വാചകം സയൻസ് ഫിക്ഷനിൽ എഴുതപ്പെടുമ്പോൾ അതിന്റെ രൂപകാർത്ഥമോ കാവ്യാർത്ഥമോ അല്ല വായിക്കുന്നയാളുടെ മനസ്സിൽ വരിക, പരാമർശിതയുടെ കാലുകൾ ചിറകുകൾ മുളപ്പിക്കുന്ന തരം ജനിതകമാറ്റം സമാർജ്ജിച്ചവയാണ് എന്നതാണ്. മാനവാനന്തര സമൂഹത്തിന്റെ ഭാഷാവ്യവഹാരത്തിൽ പൊതുവേ ഭാഷ തന്നെ ഇത്തരത്തിൽ മാറിത്തീരുന്നുണ്ട്. സാഹിത്യത്തിന്റെ ഭാവനാത്മക 'ഭംഗി'യിൽനിന്ന് കേവലമായ ആശയവിനിമയത്തിലേക്കും ഡാറ്റവൽക്കരണത്തിലേക്കും സമൂഹം സഞ്ചരിച്ചെത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭൂപടം, ദിശാസൂചികകൾ മുതലായ ചരിത്രപരമായ ഉപദാനങ്ങളെയും സാഹസികതയെയും (ആധുനിക, ആധുനികപൂർവ്വ യാത്രകളിലെ) ഉപേക്ഷിച്ചുകൊണ്ട് മാനവാനന്തരതയുടെ ഘട്ടത്തിലെ യാത്രകൾ കേവലമായ പ്രതീതിനിർമ്മാണപ്രവൃത്തി എന്ന നിലയിലേയ്ക്കു മാറിക്കൊണ്ടിരിക്കുന്നു. പ്രൊഫൈലുകളിൽ അപ്‌ലോഡ് ചെയ്യാനുള്ള ഡാറ്റ എന്നതിൽക്കവിഞ്ഞ് സ്വത്വത്തിന് ഒരു യാത്രയിൽനിന്നും അതിന്റെ ആഖ്യാനത്തിൽ/വായനയിൽനിന്നും സവിശേഷമായി സ്വത്വപൂരണ ഉപാധികൾ ഒന്നും തന്നെ ലഭിക്കുന്നില്ല എന്ന നിലയിലേക്ക് മാനവാനന്തര ഘട്ടത്തിലെ യാത്രകളും യാത്രാഖ്യാനങ്ങളും മാറിത്തീരുന്നുണ്ട്.

### ഭൂപടങ്ങളുടെ ഇല്ലാതാവലും യാത്രയുടെ മാനവാനന്തരതയും

ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ പുതിയ വാർത്താവിനിമയ സങ്കേതങ്ങളും ഗതാഗതസംവിധാനവും നിലവിൽ വന്നതോടെ തീർത്ഥാടനവും സാഹസികയാത്രകളുമായി ബന്ധപ്പെട്ടു നിലനിന്നിരുന്ന ഭൗതികമായ നിഗൂഢതകൾ ഒരു പരിധിവരെ അവസാനിക്കുകയും ഭൂഗോളം മുഴുവനായും ഭൂപടത്തിലേയ്ക്കു സംഗ്രഹിക്കപ്പെടുകയും ചെയ്തു. ഭൂപടത്തിന്റെ സഹായത്തോടെ ഒരിക്കൽ വിദൂരമായും എത്തിച്ചേരാൻ കഴിയാത്തതായും കരുതിയിരുന്നയിടങ്ങളിലേക്കും

സഞ്ചാരം സാധ്യമാണെന്നു വന്നു. യാത്രയുടെ ഈയൊരു ഘട്ടത്തിലാണ് എത്തിച്ചേരുന്ന ഇടങ്ങളെയും ഇടങ്ങളിലേക്കുള്ള യാത്രയെയും വിവരിച്ചു കൊണ്ടു യാത്രാഖ്യാനങ്ങൾ, യാത്രാവിവരണം എന്ന ആധുനികസാഹിത്യ ജനുസ്സായി പരിണമിക്കുന്നത്. യാത്രാവിവരണത്തിന്റെ അടിത്തറയായി നിൽക്കുന്ന പ്രധാന സങ്കേതം വിവരണമാണ്. യാത്ര ചെന്നെത്തുന്ന ഇടങ്ങൾ വിവരിക്കുന്നതിലൂടെ കാഴ്ചയോളം പോന്ന സൗന്ദര്യാനുഭവമാക്കി വിവരണ ത്തെ മാറ്റിത്തീർക്കാൻ ആധുനികഘട്ടത്തിലെ എഴുത്തുകാർക്കു കഴിഞ്ഞു.

ആധുനികതയുടെ തുടക്കത്തിൽ ജനകീയമായിത്തീർന്ന ഭൂപടങ്ങൾ (Maps) യാത്രയെ ജനാധിപത്യവൽക്കരിക്കുന്നതിൽ വലിയ പങ്കുവഹിച്ചു. അമൂർത്തമായ ചില ചിഹ്നങ്ങളെ ദ്വിമാനതലത്തിൽ രേഖപ്പെടുത്തി അതിന്റെ വ്യവസ്ഥയെ കൺമുന്നിലെ യാഥാർത്ഥ്യത്തിലേയ്ക്കു ബന്ധിപ്പിച്ചുകൊണ്ട് ഇടങ്ങളെ വായിച്ചെടുക്കുന്ന രീതിയാണു ഭൂപടമെന്ന നിർമ്മിതിയുടെ കാതൽ. തുടക്കത്തിൽ ഭൂപടങ്ങൾ വായിക്കാനും കൈവശം വെയ്ക്കാനുമുള്ള അവകാശ മുണ്ടായിരുന്നത് പ്രത്യേക അധികാരിവർഗ്ഗങ്ങൾക്കു മാത്രമായിരുന്നു. 1960-70 കളോടെ ഭൂപടങ്ങൾ വിവരം എന്ന നിലയിൽ ആഖ്യാനം ചെയ്യപ്പെട്ടു തുടങ്ങു കയും സർവ്വസാധാരണമായി അച്ചടിക്കുകയും ജനകീയ ഉപഭോഗത്തിലേക്ക് എത്തിച്ചേരുകയും ചെയ്തു. ഭൂഗോളം മുഴുവനായും ഭൂപടത്തിലേക്കൊതുങ്ങിയ തോടെ അതുവരെ എത്തിച്ചേരാൻ സാധ്യതയില്ലാത്തതെന്നു കരുതിയിരുന്ന ദേശങ്ങളിലേക്കും ഭൂപടങ്ങളുടെ സഹായത്തോടെ സഞ്ചാരം സാധ്യമാണന്നു വന്നു. അങ്ങനെയാവുമ്പോഴും ഭൂപടനിർമ്മാണവും വായനയും സവിശേഷമായ ജ്ഞാനമേഖലയായിത്തന്നെയാണ് നിലനിന്നത്. സവിശേഷമായ ഈ വായനാവ്യവഹാരം ശ്രേണീവൽക്കരിക്കപ്പെട്ട ഒന്നായിരുന്നു. ശ്രേണിയുടെ മുകളിൽ പട്ടാളക്കാരും പട്ടാള ആവശ്യങ്ങളുമായിരുന്നു. എങ്കിലും ഇങ്ങേയറ്റത്ത് വിനോദസഞ്ചാരികളുടെ കൈപ്പുസ്തകങ്ങളെക്കൂടി ഉൾപ്പെടുത്തുന്ന വിധത്തിൽ ഭൂപടവായനാവ്യവഹാരം കൂടുതൽ ജനാധിപത്യപരമായി മാറുന്നുണ്ട്.

ഇടങ്ങളെ സംബന്ധിക്കുന്ന, ഭൂപടത്തെ അടിസ്ഥാനമാക്കിയുള്ള പൊതുവായതും ബൃഹത്തായതുമായ അറിവ് മാനവികതായുഗത്തിലെ യാത്രക ളുടെ അടിസ്ഥാന പ്രമാണമാണ്. മാനവികതയ്ക്ക് ശേഷമുള്ള ഘട്ടമെത്തുമ്പോൾ ഭൂപടങ്ങൾ ദ്വിമാന മുദ്രണത്തിൽനിന്ന് മാറി ചരവും സജീവവുമായ ഡാറ്റാ പരിസരമായി വളരുന്നു. ഇതെക്കുറിച്ചാലോചിക്കുമ്പോൾ, ദൃശ്യസംസ്കാര ത്തിൽനിന്ന് പ്രതീതിയാഥാർത്ഥ്യം എന്ന നിലയിലേക്കുള്ള മാനവാനന്തര യാത്രാനുഭവത്തിന്റെ പരിണാമത്തെക്കുറിച്ച് സൂചിപ്പിക്കേണ്ടതുണ്ട്.

### ദൃശ്യസംസ്കാരത്തിൽനിന്നു പ്രതീതിയുടെ അപ്രമാദിത്വത്തിലേയ്ക്ക്

ദൃശ്യബഹുജനസംസ്കാരത്തിന്റെ കടന്നുവരവ് ഇരുപതാംനൂറ്റാണ്ടിലെ അവസാന പാദത്തിൽ യാത്രയെ സാംസ്കാരികമായി പ്രതിനിധാനം ചെയ്യുന്നതിൽ ഘടനാപരമായി വലിയ മാറ്റങ്ങളുണ്ടാക്കി. യാത്രാവിവരണത്തിൽ ദൃശ്യപരതയ്ക്ക് കൂടുതൽ പ്രാധാന്യം കൈവന്നു. യാത്രക്കാർ അവർ പോയ ഇടങ്ങളുടെ ദൃശ്യപരമായ തെളിവുകൾ അവതരിപ്പിക്കാൻ നിർബന്ധിതരായി. യാത്രയെഴുത്ത് (Travel Writing) എന്നതു യാത്രാപ്രദർശനം (Travel Showing) എന്ന നിലയിലേയ്ക്കു മാറി. പ്രതീതിലോകത്തിന്റെ കടന്നുവരവോടെ ക്യാമറകളും വീഡിയോ റെക്കോർഡറുകളും ഇടങ്ങളെ/സ്ഥലങ്ങളെ യാഥാർത്ഥ്യപ്രതീതിയോടെ പ്രതിനിധാനം ചെയ്യാൻ സഹായിച്ചു. സ്ഥലയുക്തിയെ സങ്കല്പനപരമായി അവതരിപ്പിക്കാൻ ശ്രമിച്ച ഭൂപടനിർമ്മാണത്തിന്റെ സാങ്കേതികതകളിൽനിന്ന് തികച്ചും വ്യത്യസ്തമാണിത്. ദൃശ്യപ്രതിനിധാനങ്ങൾ യാത്രികരെ കൂടുതൽ കൂടുതൽ യാത്രയിലേക്കും സവിശേഷയിടങ്ങളിലേക്കും ആകർഷിച്ചു.

ആധുനിക യാത്രാവിവരണങ്ങൾ, യാത്രയെഴുത്തിൽ ഉപയോഗിച്ചിരുന്ന പ്രധാന സങ്കേതം ഭാഷാപരമായ വിവരണമായിരുന്നു. കാഴ്ചയെ നേരിട്ടനുഭവിപ്പിക്കും വിധമുള്ള വിവരണങ്ങൾക്കു ദൃശ്യഭാഷയുടെ കാലത്ത് പ്രസക്തി നഷ്ടപ്പെട്ടു. കാഴ്ചയുടെ അൽഗൊരിതത്തിന്റെ സാമർത്ഥ്യങ്ങൾക്കു മുന്നിൽ ഭാഷയുടെ ഇടപെടൽ വെറും കമന്ററി എന്ന നിലയിലേക്ക് ചുരുങ്ങി. ദൃശ്യമാധ്യമങ്ങളുടെ 'ഫീൽഡി'ൽ കാഴ്ചപ്പാടിനേക്കാൾ യഥാർത്ഥം കാഴ്ചയായതിനാൽ ദൃശ്യങ്ങളാൽ രേഖപ്പെടുന്നതായി യാത്ര മാറി. അഥവാ, യാത്രയും കാഴ്ചയും തമ്മിൽ, യാത്രയും ആഖ്യാനവും തമ്മിലുള്ളതിനേക്കാൾ ഗാഢമായ ബന്ധമാണ് എന്ന പുതുകാല പൊതുബോധം രൂപപ്പെട്ടു. കൂടാതെ, വിവരണം ദത്തം (data) തന്നെയായി ചുരുങ്ങുന്നതും വിവരം (information) എന്ന നിലയിൽ ഇടങ്ങൾ കോഡു ചെയ്യപ്പെടുന്ന പ്രവൃത്തി യാത്രാഖ്യാനമായി സ്വീകരിക്കപ്പെടുന്നതും ഇതോടൊപ്പം ചേർത്തു വായിക്കാവുന്നതാണ്.

### സ്മാർട്ട്ഫോൺസംസ്കാരം മാനവാനന്തരതയുടെ ചവിട്ടുപടി എന്നനിലയിൽ

യാത്രികരുടെ അടിസ്ഥാന ആവശ്യവും അറിവുമായി കരുതിയിരുന്ന ഭൂപടങ്ങളുടെ നിർമ്മിതിയിൽ ഉണ്ടായ വിപ്ലവകരമായ മാറ്റമാണ് മാനവാനന്തര യാത്രകളുടെ സ്വഭാവത്തെ നിർണ്ണയിച്ച ഒരു പ്രധാന ഘടകം. വർഗ്ഗ/വർണ്ണ/ലിംഗ ഘടകങ്ങളാൽ സംഭവിക്കാവുന്ന യാത്രാനുഭവവ്യത്യാസങ്ങളെ

സമീകരിക്കും വിധം യാത്രയുടെ രീതികൾ അടിമുടി മാറ്റത്തിനു വിധേയമായി. സ്മാർട്ട് ഫോണുകളുടെ കടന്നുവരവ് ഈ മാറ്റത്തിൽ ഒരു വലിയ പങ്ക് വഹിച്ചു. ഭൂപടവ്യവഹാരത്തിൽ അതുവരെ പ്രസക്തമായിരുന്ന ശ്രേണികളെ അത് വളരെ എളുപ്പം അസാധുവാക്കി മാറ്റി. സ്മാർട്ട്ഫോണുള്ള വ്യക്തിയുടെ കയ്യിൽ സൗജന്യമായ, ആവശ്യങ്ങൾക്കനുസരച്ചു വലുതായിക്കാണാൻ കഴിയുന്ന, സ്വയം പുതുക്കിക്കൊണ്ടിരിക്കുന്ന, സൂക്ഷ്മാംശങ്ങൾ കൃത്യമായി രേഖപ്പെട്ട ഒരു ഭൂപടമുണ്ട്. അതയാൾ ഓൺ ചെയ്യുന്നതോടെ ഈ ഭൂഗോളത്തിൽ എവിടെയും ആ ഭൂപടം അയാളെ അനുഗമിക്കാൻ തുടങ്ങുന്നു. സാധാരണക്കാരായ മനുഷ്യർക്കു മനസ്സിലാക്കാൻ കഴിയാത്ത ഒരു സങ്കീർണ്ണതയും ഡിജിറ്റൽ മാപ്പിന്റെ ഉപയോഗത്തിനില്ല. അതിൽ ചിഹ്നങ്ങളും ദൂരവേഗക്രമങ്ങളും ഉപയോക്താവിനു സുഗമമായി മനസ്സിലാക്കാനാവും വിധം അതിലളിതമായാണു ക്രമീകരിച്ചിട്ടുള്ളത്.

മാനവാനന്തരതയിലേക്കുള്ള യാത്രയുടെ ചരിത്രത്തിലെ വലിയ കുതിച്ചുചാട്ടങ്ങളിൽ ഒന്നാണു കൃത്രിമ ഉണ്മകൊണ്ടു നിയന്ത്രിക്കപ്പെടുന്ന സജീവമായ ഈ യാത്രാപദ്ധതി. ചരിത്രത്തിലാദ്യമായാണ് ഒരു പ്രത്യേക സമയത്ത് ഒരു വ്യക്തി എവിടെ നിൽക്കുന്നു എന്ന് സൂചിപ്പിക്കുകയും ലക്ഷ്യസ്ഥാനമെത്താൻ ഇനി എവിടേക്കു തിരിയണം, എങ്ങോട്ടു പോവണം എന്നിങ്ങനെ പ്രാദേശിക നിർദ്ദേശാങ്കങ്ങൾ ഉപയോഗിച്ച് അയാളോട് പറഞ്ഞു കൊടുക്കുകയും ചെയ്യാൻ കെല്പുള്ള, കൃത്രിമ ഉണ്മയാൽ ജീവൻ വെച്ച ഭൂപടങ്ങളുണ്ടാവുന്നത്. ഭൂഗോളത്തിന്റെ കിടപ്പിനെ ഒരാൾ നിൽക്കുന്ന ഇടംവെച്ച് ക്രമപ്പെടുത്തുകയാണിവിടെ. അതുവരെയുണ്ടായിരുന്ന ഭൂപടനിർമ്മിതിയിൽ നിന്നു ഭിന്നമായ ഈ പുതിയ കാർട്ടോഗ്രാഫിക് രീതി, സ്ഥലത്തോടും സഞ്ചാരസാധ്യതകളോടുമുള്ള മനുഷ്യരുടെ സമീപനങ്ങളിൽ ഇതുവരെ ഉണ്ടായിട്ടില്ലാത്ത മാറ്റങ്ങൾ കൊണ്ടുവന്നു. യാത്രക്കാർ ഏതു ദിശയിലേയ്ക്കു തിരിയുന്നു, എങ്ങോട്ടു ചലിക്കുന്നുവെന്ന് അതിബൃഹത്തായ ഡാറ്റാ ശൃംഖലകൾ ഉപയോഗിച്ചു സ്മാർട്ട്ഫോൺ ഭൂപടം തിരിച്ചറിയുന്നതിനാൽ ഇതുവരെ യാത്രികരുടെ ഏക ആശ്രയമായി കരുതിപ്പോന്നിരുന്ന പരമ്പരാഗത ഭൂപടവായനയുടെ സങ്കേതങ്ങൾ തീർത്തും അപ്രസക്തമായിത്തീരുന്നു. ഇങ്ങനെ നിർമ്മിതബുദ്ധിയും യന്ത്രസംവിധാനങ്ങളും ജീവിതസാധാരണതകളെ നിർണ്ണയിക്കുന്ന സവിശേഷസന്ധിയിലാണു യാത്രയടക്കമുള്ള ആവിഷ്കാരങ്ങൾ എത്തിനിൽക്കുന്നതെന്നു ചുരുക്കം.

സ്മാർട്ട്ഫോൺ സ്ക്രീനിലെ ഭൂപടം അപരിചിതവും അതിസങ്കീർണ്ണവുമായ സ്ഥലപടലങ്ങളുമായുള്ള വ്യക്തിയുടെ ബന്ധത്തെ പുനഃക്രമീകരിച്ചെടുക്കുന്നു.

യാത്രയുടെ ലക്ഷ്യസ്ഥാനങ്ങൾ കണ്ടുപിടിക്കുക മാത്രമല്ല തങ്ങൾ എവിടെ നിൽക്കുന്നുവോ അവിടം ഒരു ലൊക്കേഷൻ ഷെയറിങ് സമ്പ്രദായത്തിലൂടെ ലക്ഷ്യസ്ഥാനമാക്കി മാറ്റുവാനും ഗൂഗ്ൾ മാപ്പ് വഴി സാധിക്കും. ഡ്രോൺ ക്യാമറകളിൽ ലൊക്കേഷൻ ഡാറ്റ അപ്‌ലോഡ് ചെയ്യുന്നതു വഴി അവയെ യാത്രയുടെ മുന്നുരയും പിന്നുരയുമാക്കി ഉപയോഗിക്കാവുന്ന വിധത്തിലുള്ള സാങ്കേതികവിദ്യയുടെ പരിണാമവും മാനവാനന്തരഘട്ടത്തിലെ യാത്രയുടെ ഭാഗമായിക്കണക്കാക്കാം. സാങ്കേതികവിദ്യ യാത്രയുടെ അടിസ്ഥാന ഏകകങ്ങളിലൊന്നായി പരിണമിച്ചതോടെ ഒരു പ്രദേശത്തു തൊട്ടുമുൻപെത്തിയവരും കാലാകാലങ്ങളായി അവിടെ താമസിക്കുന്നവരും തമ്മിലുള്ള വ്യത്യാസം (സ്ഥലത്തെക്കുറിച്ചുള്ള അറിവിനെ സംബന്ധിച്ച്) ഇല്ലാതാവുന്നു. അഥവാ ടൂറിസ്റ്റും സ്വദേശിയും ഡിജിറ്റൽ മാപ്പിന്റെ ഉപയോക്താക്കളും ഉണഭോക്താക്കളുമെന്നനിലയിൽ ഒരു പോലെ സ്ഥലപരിചിതരാകുന്നു; തുല്യരാകുന്നു. മാനവാനന്തരതയിൽ യാത്രയെന്നതു ഭൂമിയിലെന്നതിലുപരി ഡിജിറ്റൽ ഭൂപടത്തിലെ പൊട്ടുകളിൽനിന്ന് പൊട്ടുകളിലേക്ക് ഒഴുകുന്ന ഗതാഗത ഡാറ്റയായി മാറുന്നുണ്ട്. അതിൽ പുരുഷൻ-സ്ത്രീ, ഉടമ-അടിമ, മുതലാളി-തൊഴിലാളി എന്നിങ്ങനെയുള്ള വർഗ്ഗവ്യത്യാസങ്ങൾ അപ്രധാനമാവുകയും ഡാറ്റയുടെ അതീതയാഥാർത്ഥ്യത്തിൽ വിചിത്രമായ ഒരർത്ഥത്തിൽ സകലതും തുല്യമാക്കപ്പെടുകയും ചെയ്യുന്നു. മേൽപരാമർശിച്ച വ്യത്യസ്ത വിഭാഗങ്ങൾ യാത്രയിലും മറ്റു സാമൂഹികവ്യവഹാരങ്ങളിലും ഇടപെട്ടിരുന്നത് അവർ കയ്യാളിയിരുന്ന അറിവുകളുടെ അധികാരവുമായി ബന്ധപ്പെട്ടായിരുന്നു. ഈ അറിവുകളെ വിവരങ്ങളാക്കി പൊതു ഉപഭോഗത്തിനു ലഭ്യമാക്കുന്നതുവഴി വ്യത്യാസങ്ങളുടെയും വിവേചനങ്ങളുടെയും സമവാക്യങ്ങൾ പലതും മാനവാനന്തര സന്ദർഭത്തിൽ തിരുത്തിയെഴുതേണ്ടതായി വരുന്നു.

മാനവാനന്തരഘട്ടത്തിലെ സഞ്ചാരി ഭൂമിയിൽ യഥാർത്ഥയാത്ര നടത്തുമ്പോഴും അവന്റെ/അവളുടെ യാത്രാപ്രതിനിധാനം അതിയാഥാർത്ഥ്യത്തിന്റെ പ്രതലങ്ങളിലാണു രേഖയാകുന്നത്. ഓരോ ഇടങ്ങളിലേക്കും യാത്ര ചെയ്തെത്തിയ, കാഴ്ചകൾ കണ്ട സഞ്ചാരിയെന്ന ആത്മരതി കലർന്ന ബിംബത്തെ യാത്രയുടെ ഡാറ്റാബേസിന്റെ അവിഭാജ്യ ഘടകമായി രേഖപ്പെടുത്തിക്കൊണ്ടു മാനവാനന്തരത പരമ്പരാഗത യാത്രയെഴുത്തിനെ അതിലംഘിക്കുകയും യാത്രയുടെ ആഖ്യാനത്തെ സോഷ്യൽ മീഡിയ നെറ്റ് വർക്കുകളിലെ വാലിഡേഷൻ ലക്ഷ്യമാക്കിയുള്ള യാത്രാപ്രദർശനവും ആത്മപ്രദർശനവുമാക്കി മാറ്റുകയും ചെയ്യുന്നു. വീഡിയോ ബ്ളോഗുകൾ (വ്ളോഗുകൾ) വഴി

ലക്ഷക്കണക്കിനു ഡാറ്റാ ഉപയോക്താക്കളിലേക്ക് യാത്രകൾ സംപ്രേഷണം ചെയ്യപ്പെടുന്ന സമകാല ഡാറ്റാ-സാഹചര്യത്തിൽ വിവരണം എന്നതു വിവരത്തെ (information) പൂരിപ്പിക്കാൻ മാത്രമുള്ളതാവുന്നു. ചുരുക്കത്തിൽ, പരമ്പരാഗത രീതിയിലുള്ള യാത്രകളും യാത്രാവിവരണങ്ങളും അടിമുടി മാറിക്കഴിഞ്ഞ മാനവാനന്തരതയുടെ സമകാലസാഹചര്യത്തിൽ യാത്രയെന്ന വ്യവഹാരവും അതിന്റെ രേഖപ്പെടലുകളും യാത്രാഖ്യാനങ്ങളുടെ രാഷ്ട്രീയവും സമഗ്രമായി പഠിക്കപ്പെടേണ്ടതാണ്.

## ആധാരസൂചി

1. പോൾ മണലിൽ, ഡോ. 2015, യാത്രാവിവരണങ്ങൾ പത്തൊമ്പതാം നൂറ്റാണ്ടിൽ ,കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
2 രമേഷ്ചന്ദ്രൻ വി., 1989, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം .
3. Adams Percy G., 1983, Travel Literature and the Evolution of Novel, The University Press of Kentucky.
4. Bassnet Susan, 2002, ‘ Travel writing and Gender’, The Cambridge companion of Travel writing (Ed.Hulme Peter and Youngs Tim) Cambridge University Press U. K.
5. Edwards, Justin D. and Graulund Rune (Ed.), 2011, Post Colonial Travel Writing: Critical Explorations, Palgrave, MacMillan
6. Peat Alexandra, 2010, Travel and Modern Literature, Routledge, New York
7. Pepperell, Robert, 1995. The Posthuman Condition, Intellect, Exeter.
8. Ling, Rich and Campbell, Scott W., (Ed.), 2009, The Construction of Space and Time: Mobile Communication Practices, Transaction Publishers London.

*soumyasuryam@gmail.com*

# കോവിഡും സ്വത്വപ്രതിസന്ധിയും: ചില മാനവികാനന്തര ചിന്തകൾ

**അഭിരാമി എസ്.ആർ.**
ഗവേഷക, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള സർവകലാശാല, തിരുവനന്തപുരം.
**എബിൻ എം. ഡി.**
ഗവേഷകൻ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല കോട്ടയം

പ്രബന്ധസംഗ്രഹം:

കോവിഡ് ഉന്നയിക്കുന്ന സ്വത്വരാഷ്ട്രീയപ്രതിസന്ധികൾ എന്തെല്ലാമാണ്? അഥവാ കൊറോണക്കാലം എന്തെങ്കിലും വിധത്തിലുള്ള സ്വത്വപ്രതിസന്ധികളെ അഭിമുഖീകരിക്കുന്നുണ്ടോ? മനുഷ്യന്റെ സ്വത്വബോധത്തെ കൊറോണവൈറസ് എങ്ങനെയാണ് പ്രതിസന്ധിയിലാക്കുന്നത്? സ്വാർത്ഥത്തിൽനിന്നും നിസ്വാർത്ഥതയിലേക്കുള്ള, മാനവികതയിൽനിന്നും മാനവികാനന്തരതയിലേക്കുള്ള പ്രയാണമാകുന്നുണ്ടോ കൊറോണക്കാലം എന്ന അന്വേഷണമാണ് ഈ പ്രബന്ധം. കൊറോണ വൈറസ് ഉയർത്തുന്ന പരിണാമദശയെക്കുറിച്ചുള്ള പുത്തൻ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിൽ മാനവികാനന്തരവാദത്തെ സൈദ്ധാന്തികമായി വിശകലനം ചെയ്യുവാൻ ശ്രമിക്കുന്നു.

**താക്കോൽവാക്കുകൾ:** മാനവികതാവാദം, മാനവികാനന്തരവാദം, ഉത്തരാധുനികത, അപനിർമ്മാണം, പ്രതീതി യാഥാർത്ഥ്യം, അതീതി യാഥാർത്ഥ്യം, മാനവിക സ്വത്വപ്രതിസന്ധി.

“കൊറോണവൈറസിന്റെ കാലത്ത് പ്രതീതിയാഥാർത്ഥ്യമാണ് ഏറ്റവും സുരക്ഷിതം എന്നു വന്നിരിക്കുന്നു” (2020: 3) എന്ന് സിസെക് പറയുന്നുണ്ട്. വിദ്യാഭ്യാസം, തൊഴിലിടം, വിപണി തുടങ്ങി പൊതുജീവിതത്തിന്റെ സമസ്ത

മേഖലകളെയും ഇന്റർനെറ്റുവൽകരിക്കുവാൻ കൊറോണക്കാലത്തിനു കഴിഞ്ഞു എന്നത് നാമെല്ലാമിപ്പോൾ പ്രതീതി യാഥാർത്ഥ്യത്തിലാണ് (virtual reality) ജീവിക്കുന്നതെന്ന സിസെകിന്റെ പ്രസ്താവനയെ സാധൂകരിക്കുന്നു. ഉത്തരാധുനിക സൈദ്ധാന്തികനും ചിന്തകനുമായ ബോദ്രിലാദ് പറയുന്നത് ഉത്തരാധുനികലോകം അതീത യാഥാർത്ഥ്യത്തിന്റേതാണെന്നാണ് (hyper reality). “സിമുലേഷൻ ഒരു പ്രദേശമോ സൂചകസത്തയോ പദാർത്ഥമോ അല്ല. ഉത്ഭവമോ യാഥാർത്ഥ്യമോ ഇല്ലാത്ത അതീത യാഥാർത്ഥ്യമാതൃകകളുടെ തലമുറയാണത്” (1988: 166) എന്ന് ബോദ്രിലാദ് അഭിപ്രായപ്പെടുന്നു. അതീത യാഥാർത്ഥ്യം എന്ന ആശയം ബോദ്രിലാദിന്റെ തന്നെ മറ്റൊരു സങ്കൽപമായ മായാചിത്രങ്ങളുമായി (simulacrum) ബന്ധപ്പെട്ടു കിടക്കുന്നു. യാഥാർത്ഥ്യത്തെ അതിന്റെ പ്രാതിനിധ്യങ്ങളുമായി മാറ്റി സ്ഥാപിക്കുന്ന ഒന്നായി മായാചിത്രത്തെ അദ്ദേഹം നിർവ്വചിക്കുന്നുമുണ്ട്. സമകാലികലോകം ഒരു മായാചിത്രമാണെന്നും അവിടെ യാഥാർത്ഥ്യവും അയാഥാർത്ഥ്യവും തമ്മിൽ വേർതിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ യാഥാർത്ഥ്യത്തെ അബദ്ധ ചിത്രങ്ങളാൽ (false images) മാറ്റി സ്ഥാപിച്ചിരിക്കുകയാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. സമവായ യാഥാർത്ഥ്യത്തിൽ (consensus reality) പ്രതിവാദമോ അനലോഗോ ഇല്ലാത്ത ഒരു വസ്തുവിന്റെയോ സംഭവത്തിന്റെയോ പ്രാതിനിധ്യത്തെ ബോദ്രിലാദ് അതീത യാഥാർത്ഥ്യം എന്നു വിളിക്കുന്നു. ഒരർത്ഥത്തിൽ യഥാർത്ഥ ഒന്നിനെ സൂചിപ്പിക്കുന്നതായി തോന്നിക്കുന്ന മറ്റൊന്നാണ് അതീത യാഥാർത്ഥ്യം. ക്വാണ്ടം ഭൗതികശാസ്ത്രമേഖലയിലെ കണ്ടെത്തലുകളുമായി ബോദ്രിലാദിന്റെ ആശയങ്ങളെ ബന്ധിപ്പിക്കുന്ന ഒരു ലേഖനത്തിൽ മിഖായേൽ എപ്സ്റ്റൈൻ അതീത യാഥാർത്ഥ്യത്തിന്റെ ഫലത്തെ ഇങ്ങനെ സംഗ്രഹിക്കുന്നുണ്ട്:

യാഥാർത്ഥ്യത്തെ അതിന്റെ ഏറ്റവും ചെറിയ വിശദാംശങ്ങളിൽ ഉൾക്കൊള്ളുന്നവയാണ് ബഹുജന ആശയവിനിമയ സാങ്കേതികവിദ്യ (mass communication technology). എന്നാൽ വസ്തുതകളിലേക്ക് നുഴഞ്ഞുകയറുവാനുള്ള വിനിമയ സാങ്കേതികവിദ്യയുടെ ഉയർന്ന തലത്തിൽ സാങ്കേതികവും ദൃശ്യപരവുമായ മാർഗ്ഗങ്ങൾ മറ്റൊരു യാഥാർത്ഥ്യത്തിന്റെ ക്രമത്തെ നിർമ്മിക്കുന്നു, അതിനെ അതീതയാഥാർത്ഥ്യം എന്നു വിളിക്കുന്നു. ഈ അതീത യാഥാർത്ഥ്യം എന്നത് ബഹുജന ആശയവിനിമയത്തിനുള്ള ദൃഷ്ടിഭ്രമമായ (phantasmatic) ഒരു സൃഷ്ടിയാണ്. എന്നാൽ അത് നമുക്ക് ചുറ്റുമുള്ള ജീവിതത്തിൽ നാം ആഗ്രഹിക്കുന്നതിനേക്കാൾ കൂടുതൽ ആധികാരികവും

Feb., 2023-Jan. 24
Volume 02: No. 1

കൃത്യവുമായ യഥാർത്ഥ യാഥാർത്ഥ്യമായി ഉയർന്നു വരുന്നു (1996: 5).

ബോദ്രിലാദും എപ്സ്റ്റെനുമുൾപ്പെടെയുള്ളവർ വിവരസാങ്കേതിക ലോകത്ത് യാഥാർത്ഥ്യത്തിനും മീതെ ഒരു അതീത യാഥാർത്ഥ്യമോ (hyper reality) പ്രതീത യാഥാർത്ഥ്യമോ (virtual reality) നിലനിൽക്കുന്നതായി വാദിക്കുന്നു. എങ്കിൽ യാഥാർത്ഥ്യത്തിൽ നിന്നും പ്രതീതി യാഥാർത്ഥ്യം എങ്ങനെ വേർപെടുന്നു? എന്താണ് ഇതിന്റെ മാനദണ്ഡം? അഥവാ പ്രതീതി യാഥാർത്ഥ്യം എന്നു എടുത്തു പറയുവാൻ തക്കവിധത്തിൽ ഇനിയുമൊരു 'യഥാർത്ഥ യാഥാർത്ഥ്യം' (real reality) അവശേഷിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ സ്വഭാവമെന്താണ്? ഇന്റർനെറ്റ് ഇല്ലാത്ത ലോകമാണ് യഥാർത്ഥ ലോകമെന്നും ഇന്റർനെറ്റിനുള്ളിലെ ലോകം പ്രതീതമാണെന്നും (virtual) ഇനിയും നമുക്ക് അവകാശപ്പെടാൻ സാധിക്കുമോ? കൊറോണക്കാലത്ത് കുട്ടികളുടെ വിദ്യാഭ്യാസമുൾപ്പെടെ സാമൂഹികജീവിതം സാങ്കേതികവിദ്യയുടെ മധ്യസ്ഥതയിലായിരിക്കുമ്പോൾ നാമെങ്ങനെയാണ് നമ്മുടെ നിലനിൽപ്പിനെ വ്യാഖ്യാനിക്കുക? യഥാർത്ഥലോകമെന്നും പ്രതീത ലോകമെന്നുമുള്ള വേർതിരിവുകളെപ്പോലും അസാധുവാക്കിക്കൊണ്ടുള്ള ഈ പുതിയ സാമൂഹികക്രമത്തെ എങ്ങനെ അഭിമുഖീകരിക്കും? ഇതിന്റെ വെല്ലുവിളികൾ എന്തെല്ലാമാണ്? ഇവിടെയാണ് മാനവികാനന്തരവാദത്തിനു പ്രസക്തിയേറുന്നത്.

മറ്റേതൊരു പോസ്റ്റ്തിയറിയും പോലെ തന്നെ പോസ്റ്റ്ഹ്യൂമനിസവും ഴാക്ക് ദെറീദയുടെ അപനിർമ്മാണ സിദ്ധാന്തങ്ങളിൽനിന്നും പ്രചോദനമുൾക്കൊണ്ടുകൊണ്ട് ഹ്യൂമനിസത്തിനെതിരായി വെല്ലുവിളി ഉയർത്തുകയും അതിനെ അപനിർമ്മിക്കുകയുമാണ് ചെയ്തത്. കാരി വുൾഫിന്റെ അഭിപ്രായത്തിൽ പോസ്റ്റ് ഹ്യൂമനിസമെന്നത് ഹ്യൂമനിസത്തിന്റെ കേവല നിരാകരണമല്ല, മറിച്ച് വസ്തുതാപരമായി ഹ്യൂമനിസം മുന്നോട്ടു വയ്ക്കുന്ന അധികാര ശ്രേണിയെ കീഴ്മേൽ മറിക്കുന്ന നവസിദ്ധാന്തമാണത്. അതായത് മാനവികാനന്തരവാദമെന്നാൽ മനുഷ്യനും മീതേയുള്ള എല്ലാവിധ സാധ്യതകളുടേയും ആകെത്തുകയാണ്. മരങ്ങളും മൃഗങ്ങളും അണുക്കളും റോബോട്ടുകളും അന്യഗ്രഹജീവികളും മറ്റനേകം സാധ്യതകളുമടങ്ങുന്ന വലിയൊരു ചങ്ങലയിലെ വെറുമൊരു കണ്ണി മാത്രമാണു മനുഷ്യനെന്നും തലച്ചോറും ചിന്തിക്കാനുള്ള ശേഷിയുമൊന്നും മനുഷ്യനെ മാത്രമായി ഒന്നിന്റേയും മുകളിൽ പ്രതിഷ്ഠിക്കുന്നില്ലായെന്നുമുള്ള ബോധ്യമാണ് മാനവികാനന്തരവാദം. നാമിന്നുപയോഗിക്കുന്ന ഭാഷകൊണ്ടുപോലും അടയാളപ്പെടുത്താൻ കഴിയാത്തത്ര സുദീർഘവും ഗഹനവുമായൊരു ബോധമണ്ഡലമാണത്. യാഥാർത്ഥ്യം/അയാഥാർത്ഥ്യം, ജൈവികം/

അജൈവികം, മനുഷ്യൻ/യന്ത്രം, മനുഷ്യൻ/മൃഗം, ജീവനുള്ളവ/ജീവനില്ലാത്തവ, പ്രാകൃതം/കൃത്രിമം, ജനനം/മരണം എന്നീ ദ്വന്ദ്വങ്ങളെയെല്ലാം തന്നെ ദെറീദയടക്കമുള്ള ഘടനാനന്തരവാദികൾ ഖണ്ഡിച്ചുവെങ്കിലും ഇവ കൂടുതൽ അപ്രധാനമായിത്തീരുകയാണ് മാനവികാനന്തരവാദത്തിൽ. മാനവികാനന്തരവാദം എന്നത് ഒരു തരത്തിൽ പറഞ്ഞാൽ ആധുനികാനന്തരവാദത്തിന്റെ രണ്ടാം തലമുറയാണെന്ന് ഫ്രാൻസെസ്കാ ഫെറാൻഡോ പറയുന്നുണ്ട് (2019:2). ചില ജീവിവർഗ്ഗങ്ങളുടെ പ്രത്യേക പദവിയെ സാധൂകരിക്കുന്ന വർഗ്ഗവാദത്തിലധിഷ്ഠിതമായ (speciesism) മനുഷ്യൻ എന്ന സാംസ്കാരിക സങ്കല്പത്തെ അപനിർമ്മിക്കുന്നു എന്നതിലാണ് മാനവികാനന്തരവാദത്തിന്റെ പ്രസക്തി നിലനിൽക്കുന്നത്.

യൂറോപ്പിൽ തുടങ്ങിവച്ച മാനവികതാവാദ പദ്ധതിയിൽ ആരാണ് മനുഷ്യൻ? ആരെയെല്ലാമാണു മനുഷ്യൻ എന്ന സങ്കൽപ്പത്തിനുള്ളിൽ പാർപ്പിക്കാനാകുക? യൂറോപ്യന്മാരല്ലാത്തവർ, വെള്ളക്കാരല്ലാത്തവർ, സ്ത്രീകൾ, ക്വിയർ സമൂഹം, ഭ്രാന്തന്മാർ ഇവരെയൊക്കെ എവിടെയാണു അടയാളപ്പെടുത്തിയിട്ടുള്ളത്? മനുഷ്യരായി കണ്ടതുകൊണ്ടാണോ 1940-കളിലെ ജർമ്മനിയിൽ ജൂതന്മാർ കൂട്ടക്കുരുതിക്കിരയായത്? മനുഷ്യരെന്ന പരിഗണന ഉണ്ടായിരുന്നതുകൊണ്ടാണോ ആഫ്രിക്കയിൽ നിന്നുമുള്ള കറുത്തവർഗ്ഗക്കാരെ ബന്ധിതരാക്കി ബ്രിട്ടീഷ് കോളനികളിലേക്കു കടത്തിയത്? ഇത്തരത്തിൽ അന്യവൽകരിക്കപ്പെട്ട ഒട്ടേറെ ശബ്ദങ്ങൾ പിൽക്കാലത്ത് ആധുനികാനന്തര-കോളനിയാനന്തര സാംസ്കാരികസംഹിതയിൽ ഉൾച്ചേർക്കപ്പെട്ടുവെങ്കിലും മാനവികബോധ്യങ്ങളുടെ നാലുകെട്ടിനുള്ളിൽ ഇവയ്ക്കു കൈവരിക്കാവുന്ന സാധ്യതകൾ ന്യൂനമാണ്. ഇവിടെയാണ് മാനവികാനന്തരവാദത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്. അന്യവൽകരിക്കപ്പെട്ട ശബ്ദങ്ങളുടെ പ്രതിരോധവ്യവഹാരമാകുകയാണു മാനവികാനന്തരവാദം എന്നത്. എന്നുകരുതി മാനവികാനന്തരമെന്നാൽ എതിർമാനവികത (anti-humanism) എന്നൊരർത്ഥമില്ല. 'അനന്തരം' എന്നത് ഇവിടെ ഒരേസമയം ഒരു തുടർച്ചയും അകൽച്ചയും അതിരുകടക്കൽ കൂടിയുമാണ് (2019:66). അതായത് മാനവികാനന്തരതയെന്നാൽ മാനവികതയുടെ തുടർച്ചയും അകൽച്ചയും അതിന്റെ സീമകൾക്കപ്പുറവുമാണ്. മാനവികതാവാദത്തിന്റെ പ്രതിവ്യവഹാരവുമാണത് (counter discourse).

എപ്പോഴാണ്, എങ്ങനെയാണു നാം മനുഷ്യരായത്? ചരിത്രത്തിലെവിടെയോ നാം ക്രൊമാഗ്നന്മാരായിരുന്നു, നിയാൻഡെർത്താലുകളും ആസ്ട്രലോപിത്തിക്കസ്സുകളുമായിരുന്നു. അതായത് നാമെല്ലായ്പ്പോഴും

മനുഷ്യനായിരുന്നിട്ടില്ല. മനുഷ്യനെന്നത് ചരിത്രത്തിന്റെ ഏതോ സന്ധിയിലുള്ള ഒരു സാംസ്കാരിക കണ്ടുമുട്ടൽ മാത്രമാണ്. മനുഷ്യവത്കരണത്തിന്റെ (humanizing process) അനന്തമായ പരിണാമഗുപ്തിയിൽ ഒരു നിമിഷം മാത്രമാണു നാം. ഹോമോസാപ്പിയൻസ് (Homo Sapiens) എന്നത് ശാസ്ത്രീയ നിർവ്വചനമുള്ള ഒരു വർഗ്ഗമോ വസ്തുവോ അല്ല, മറിച്ച് മനുഷ്യനെന്ന വിഭാവനത്തിന്റെ നിർമ്മാണോപാധി മാത്രമാണെന്ന് അഗമ്പൻ പറയുന്നുണ്ട് (2002:26). മനുഷ്യവത്കരണം എന്നത് ജൈവികോപാധിയല്ല, അതൊരു സാംസ്കാരിക പ്രക്രിയയോ പ്രതിപ്രവർത്തനമോ ആണ്. അല്ലെങ്കിൽ തന്നെ ജൈവികം എന്ന ആശയം മാനവികാനന്തരവാദത്തിൽ പ്രശ്നവത്കരിക്കപ്പെടുകയാണു ചെയ്യുന്നത്. ജൈവികം/അജൈവികം എന്ന ദ്വന്ദ്വത്തിന്റെ ആവിർഭാവത്തിനു കാരണം തന്നെ അജൈവിക വസ്തുക്കളിൽനിന്നും മൃഗങ്ങളെയും സസ്യങ്ങളെയും വേർതിരിച്ചുനിർത്തുന്ന ജീവൻ എന്ന അവസ്ഥയാണല്ലോ. എന്നാൽ എന്താണ് ജീവൻ? കോശനിർമ്മിതമായ ഘടന, പ്രജനനം, ഉപാപചയ പ്രവർത്തനങ്ങൾ, സമസ്ഥിതിപാലനം, പാരമ്പര്യം, പ്രതികരണം, വളർച്ചയും വികാസവും, പരിണാമം വഴി ലഭിക്കുന്ന അനുകൂലനം എന്നീ സവിശേഷതകളുടെ ആകെത്തുകയാണു ജീവൻ എന്ന് ജീവശാസ്ത്രം പറയുന്നു. ഈ വ്യാഖ്യാനത്തിൽ വൈറസ്സിന്റെ സ്ഥിതി എന്താണ്? ഉപാപചയ പ്രവർത്തനങ്ങളുണ്ടെങ്കിലും മറ്റു ജൈവികസവിശേഷതകളൊന്നും തന്നെ വൈറസ്സിന്റെ ശരീരഘടനയിൽ ദൃശ്യമല്ല എന്നതിനർത്ഥം വൈറസ്സൊരു ജീവിവർഗ്ഗമല്ല എന്നാണോ? ഇതുപോലെ തന്നെ ജൈവിക കൃത്രിമ ബുദ്ധിയുടെയും കൃത്രിമ ജീവന്റെയും വികാസവും സെനോബോട്ടുകളുടെ ആവിർഭാവവും ജീവൻ എന്ന ആശയത്തെ പ്രശ്നവത്കരിച്ചിരിക്കുകയാണ്. പ്രകൃതിദത്ത ജീവിതവ്യവസ്ഥതകളിൽ നിന്നും അവയുടെ യുക്തിസഹമായ രൂപത്തെ (logical form) സംക്ഷേപിച്ചെടുക്കലാണ് കൃത്രിമജീവൻ എന്ന് ക്രിസ്റ്റഫർ ലാങ്ടൻ (1986:125) പറയുന്നുണ്ട്. മാനവികാനന്തരവാദത്തിലെ ഒരു പ്രധാന നാഴികക്കല്ലുകൂടിയാണ് കൃത്രിമ ജീവൻ (artificial life) എന്നത്. ശരീരത്തിന്റെ വ്യാഖ്യാനവും ഇവിടെ മാറുകയാണ്. മാനവികാനന്തര വ്യവഹാരത്തിൽ ശരീരമെന്നത് ജൈവികമോ ഭൗതികമോ ഏകീയമോ നിശ്ചിതമോ ആകണമെന്നില്ല, അത് പ്രതീതവുമാകാം എന്ന് ഫ്രാൻസെസ്ക ഫെറാൻഡൊ വാദിക്കുന്നു (2019:115). സിരി, അലസ്ക, ഗൂഗിൾ അസിസ്റ്റന്റ് തുടങ്ങിയ കൃത്രിമബുദ്ധിസങ്കേതങ്ങൾ ഇങ്ങനെ ശരീരത്തിന്റെ നിർവചനങ്ങളെ പുനർനിർമ്മിക്കുന്നു. ജൈവിക ന്യൂറോണുകൾ ഘടിപ്പിച്ച യന്ത്രശരീരമാണ് Biological AI എന്ന ജൈവികകൃത്രിമബുദ്ധി.

ജൈവികം/കൃത്രിമം എന്ന വൈരുദ്ധ്യാത്മക വിവരണഘടനകൾ പോലും ഇവിടെ അപനിർമ്മിക്കപ്പെടുകയാണ്. ഇവല്ല്യൂഷണറി റോബോട്ടിക്സ് എന്ന സങ്കീർണ്ണമായ ശാസ്ത്രശാഖയുടെ പുതിയ പഠനപദ്ധതിയായ സെനോബോട്ടുകളെന്ന ജൈവയന്ത്രങ്ങളും ജീവന്റെ വ്യവഹാരത്തിനു മുന്നിൽ ഒരു ചോദ്യചിഹ്നമാകുകയാണ്.

മാനവികാനന്തരത മുന്നോട്ടു വയ്ക്കുന്നത് നിലനിൽപ്പിന്റെ ഭൗതികതയെയാണ്. ഇതിൽ ജീവൻ എന്ന ഘടന പോലും അപ്രസക്തമാകുന്നു. യന്ത്രങ്ങളും പരിണാമത്തിന്റെ ഭാഗമാകുകയാണ്. പരിണാമത്തിന്റേത് ലംബമായ ചലനമല്ലെന്നും സങ്കീർണ്ണതകളിലേക്കല്ല വൈവിധ്യങ്ങളിലേക്കാണ് അത് നയിക്കപ്പെടുന്നതെന്നും സ്റ്റീഫൻ ഗോൾഡ് (1996:67) അഭിപ്രായപ്പെടുന്നുണ്ട്. അതായത് ഡാർവിന്റെ പരിണാമസിദ്ധാന്തം മനുഷ്യനിലവസാനിക്കുന്നുവെങ്കിലും പരിണാമം എന്ന പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുകയാണ്. പരിണാമമെന്നത് ഈ അർത്ഥത്തിൽ നിലനിൽപ്പിന്റെ ഭൗതികതയും നിലനിൽപ്പിന്റെ സാങ്കേതികതയുമാകുകയാണ്. മനുഷ്യനെന്ന പോലെ യന്ത്രവും കൃത്രിമബുദ്ധിയും ഇതിന്റെ വിവിധ കണ്ണികൾ മാത്രമാണെന്ന ബോധവും ബോധ്യപ്പെടുത്തൽ കൂടിയുമാണ് മാനവികാനന്തരത.

കൊറോണക്കാലം മാനവികാനന്തരമാകുന്നത് മൂന്നുവിചാരങ്ങളിലാണ്. ഒന്ന്, പൊതുജീവിതം ഇന്റർനെറ്റിനു വിധേയമായിരിക്കുന്ന, സാങ്കേതികവിദ്യ മധ്യസ്ഥത വഹിക്കുന്ന കൊറോണാനന്തര സാമൂഹികപരിസ്ഥിതിയെ യഥാർത്ഥം/അയാഥാർത്ഥം എന്ന ദ്വന്ദ്വത്തിലെവിടെ സ്ഥാപിക്കും എന്ന വിഷയം. യഥാർത്ഥ യാഥാർത്ഥ്യമെന്നും പ്രതീതി യാഥാർത്ഥ്യമെന്നോ അതീത യാഥാർത്ഥ്യമെന്നോ ഉള്ള വൈരുദ്ധ്യാത്മക സങ്കല്പങ്ങൾ ഇവിടെ കീഴ്മേൽ മറിയുന്നു. ഇത്തരം ദ്വന്ദ്വങ്ങളുടെ അപനിർമ്മാണമാണ് മാനവികാനന്തരവാദം എന്നതുകൊണ്ടുതന്നെ കൊറോണക്കാല/കൊറോണാനന്തരകാല വ്യവഹാരങ്ങളിൽ മാനവികാനന്തരതയ്ക്ക് പ്രാധാന്യമേറുന്നു. രണ്ട്, മനുഷ്യന്റെ അറിവിനും കഴിവിനും ശാസ്ത്രപുരോഗതിക്കും ഇന്നും കൊറോണ വൈറസ് അജ്ഞാതവും അവ്യക്തവുമാണെന്ന വസ്തുത. 2019 ഡിസംബറിൽ ആദ്യകേസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ട് ഏകദേശം മൂന്ന് വർഷത്തോളമായിട്ടും ഇതിന്റെ ഉത്ഭവമോ കാരണമോ പ്രതിവിധി മരുന്നോ കണ്ടുപിടിക്കാനാകുന്നില്ല എന്നത് മനുഷ്യൻ നേരിട്ടുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ്. കൊറോണക്കൊപ്പം ജീവിക്കുവാൻ ശീലിക്കുക എന്ന് ലോകാരോഗ്യസംഘടനയും പറഞ്ഞു കഴിഞ്ഞു. ഇത് പുതിയൊരു പരിണാമദശയായിരിക്കുമോ

എന്ന ചിന്ത പരിണാമച്ചങ്ങലയുടെ അവസാനത്തേതും ശ്രേഷ്ഠവുമായ കണ്ണി മനുഷ്യനാണെന്ന മാനവികവാദത്തിനെതിരാണ്. ഇതു തന്നെയാണ് മാന വികാനന്തരത.

"ഈ വൈറസ്സിനെതിരെയുള്ള സമരത്തിന് യുദ്ധം എന്ന സംജ്ഞ ഉപയോഗിക്കുന്നത് ശരിയല്ല എന്നു ഞാൻ കരുതുന്നു. നമ്മെ നശിപ്പിക്കു വാനുള്ള പ്രത്യേക പദ്ധതിയും തന്ത്രവുമായി ഇറങ്ങിത്തിരിച്ച ശത്രുക്കളല്ല വൈറസ്സുകൾ, അവ സ്വയം തനിപ്പകർപ്പുണ്ടാക്കുന്ന നിരർഥക മെക്കാനി സമാണ്" എന്നു സിസെക് (2020:4) പറയുന്നുണ്ട്. ഇതിനെ ശരിവയ്ക്കു ന്ന തരത്തിൽ ശാസ്ത്രപരീക്ഷണങ്ങളും നടന്നിട്ടുണ്ട്. മനുഷ്യനും വൈറസ്സും എതിർദിശകളിലുള്ള പരിണാമപാതകളിലാണ്. മനുഷ്യന്റെ പരിണാമം കൂടുതൽ സങ്കീർണ്ണമായ കോശനിർമ്മിതികളിലേക്കായിരുന്നുവെങ്കിൽ വൈറസ്സിന്റേത് കോശലാളിത്യത്തിലേക്കായിരുന്നു. കൊറോണ വൈറസ് മാനവികാനന്തരമാണെന്നു സമർത്ഥിക്കുന്നതിലേക്കുള്ള അവസാനത്തേതും മൂന്നാമത്തേതുമായ വിചാരവും ഇതു തന്നെയാണ്. കാരണം, മനുഷ്യൻ നിർ മ്മിച്ചിരിക്കുന്ന പരിണാമസിദ്ധാന്തമനുസരിച്ച് ഭൂമിയിലെ ജീവജാലങ്ങളുടെ പരിണാമപ്രക്രിയ ലാളിത്യത്തിൽ നിന്നും സങ്കീർണ്ണതകളിലേക്കായിരുന്നു. ഏകകോശജീവികൾ വിഘടിച്ച് ബഹുകോശജീവികളായിത്തീരുന്നതായിരുന്നു ഡാർവിന്റെ പരിണാമസിദ്ധാന്തം. അതായത് രേഖീയമായ പരിണാമ മാതൃ കയായിരുന്നു ഡാർവിന്റേത്. എന്നാൽ പുതിയ പരീക്ഷണങ്ങളും കൊറോണ വൈറസ്സും തെളിയിക്കുന്നത് പരിണാമത്തിന്റേത് രേഖീയ ചലനമല്ലെന്നും മറിച്ച് അത് ചാക്രികതയുടേതാണെന്നുമാണ്.

"ഒരു ജീവകോശത്തിനുള്ളിലല്ലാതെ വളരാനോ പ്രത്യുത്പാദനം നടത്താനോ കഴിവില്ലാത്ത ജീവകണങ്ങളാണ് വൈറസ്സുകൾ" എന്നതാണ് വിക്കിപീഡിയ വൈറസ്സിനു നൽകുന്ന വ്യാഖ്യാനം. വൈറസ്സുകളെക്കുറിച്ചുള്ള പൊതുധാരണയും പാഠപുസ്തകങ്ങൾ പ്രചരിപ്പിക്കുന്ന അറിവും ഇതുതന്നെ യാണ്. എന്നാൽ മറ്റു കോശങ്ങളുടെ സഹായമില്ലാതെ വൈറസ്സിനു വളരാൻ കഴിയില്ലെന്ന വാദത്തെ ചോദ്യം ചെയ്യുകയാണ് അന്നു ദാഹിയ (2008:42). 1970-കളുടെ തുടക്കത്തിൽ ഇല്ലിനോയിസ് സർവ്വകലാശാലയിലെ സോൽ സ്പീഗൽമാന്റെ ലാബിൽ നടത്തിയ ഒരു പരീക്ഷണപരമ്പര ഇതിനായി അവർ വിവരിക്കുന്നുമുണ്ട്. ജനിതകവിവരങ്ങൾ വഹിക്കുന്ന ഡി.എൻ.എ (DNA) അല്ലെങ്കിൽ അതിന്റെ ചെറുഘടകമായ ആർ.എൻ.എ (RNA), ന്യൂക്ലിക് അമ്ലം (nucleic acid) എന്നിവ ചേരുന്നതാണ് ഒരു വൈറസ്സിന്റെ ഘടന.

ആതിഥേയ കോശങ്ങൾക്ക് പുറത്തായിരിക്കുമ്പോൾ ചില വൈറസ്സുകളിൽ ഇതിനു ഒരു പ്രോട്ടീൻ ആവരണവുമുണ്ടായിരിക്കും (protein coat). വൈറസ്സിന്റെ ആർ.എൻ.എ മറ്റു ജീവകോശങ്ങളുടെ സഹായമില്ലാതെ തന്നെ സ്വയം പകർപ്പുണ്ടാക്കുമെന്ന് (self replicate) തെളിയിക്കുന്നതിനായി സ്പീഗൽമാൻ ഒരു ടെസ്റ്റ് ട്യൂബ് (in vitro) പരീക്ഷണം നടത്തുകയുണ്ടായി. ഇതിനായി വൈറൽ Qß ഫേജ് ആർ.എൻ.എ (Qß phage RNA), ആർ.എൻ.എ റെപ്ലിക്കേസ് (RNA replicase), ലവണങ്ങൾ എന്നിവ ഒരു ടെസ്റ്റ് ട്യൂബിൽ മിശ്രിതമായെടുത്തു. ഓരോ വൈറൽ പകർത്തലിനു ശേഷവും ഈ ദ്രാവകം കൂടുതൽ ആർ.എൻ.എ റെപ്ലിക്കേസും പോഷകങ്ങളും (nutrients) ചേർത്ത് നേർപ്പിച്ചു കൊടുത്തുകൊണ്ടിരുന്നു. ഇത് അതിവേഗം പകർപ്പുണ്ടാക്കുവാൻ കഴിയുന്ന സത്തയ്ക്ക് (entity) അനുകൂലമായ തിരഞ്ഞെടുപ്പു മർദ്ദം (selective pressure) സൃഷ്ടിക്കാനുതകുന്നവയായിരുന്നു. ഡാർവിന്റെ പരിണാമഭാഷയിൽ പറഞ്ഞാൽ ഏറ്റവും അർഹമായത് അതിജീവിക്കും (survival of the fittest) എന്ന നിലയാണത്. അന്നു ദാഹിയ സ്പീഗൽമാന്റെ ഈ പരീക്ഷണത്തെ ഇങ്ങനെ ചുരുക്കിപ്പറയുന്നുണ്ട്:

ഏറ്റവും വിജയകരമായ പകർത്തൽ RNAകൾ (replicating RNAs) ഓരോ പരമ്പര കൈമാറ്റത്തിലൂടെയും അതിന്റെ ശ്രേണി (sequence) തുടർച്ചയായി ചുരുക്കി. ഇത് ആർ.എൻ.എ പകർത്തലുമായി ബന്ധമില്ലാത്ത മിക്കവാറും എല്ലാ ജനിതക വിവരങ്ങളെയും (genetic information) നഷ്ടപ്പെടുത്തുകയും ചെയ്തു. പ്രാരംഭ Qß ഫേജിന് 3600 ന്യൂക്ലിയോടൈഡുകൾ ഉണ്ടായിരുന്നപ്പോൾ, പരീക്ഷണത്തിന്റെ അവസാനം ലഭിച്ച ആർ.എൻ.എ ഫേജിന് 218 ന്യൂക്ലിയോടൈഡുകൾ മാത്രമാണ് ഉണ്ടായിരുന്നത് (50).

ഈ പരീക്ഷണം തെളിയിക്കുന്നത് മൂന്നു കാര്യങ്ങളാണ്. ഒന്ന്, ഡാർവിന്റെ പരിണാമസിദ്ധാന്തം പ്രസ്താവിക്കുന്നതു പോലെ പരിണാമം എല്ലായ്പ്പോഴും ലളിതകോശങ്ങളിൽനിന്നും സങ്കീർണ്ണതകളിലേക്ക് ആകണമെന്നില്ല. മനുഷ്യ പരിണാമത്തിന്റെ എതിർദിശയിലേക്കാണ് വൈറസ്സിന്റെ പരിണാമം നടന്നുകൊണ്ടിരിക്കുന്നത്. രണ്ട്, വൈറസ്സിന്റെ വളർച്ചയ്ക്കും പ്രത്യുൽപ്പാദനത്തിനും ആതിഥേയ ജീവകോശങ്ങളുടെ ആവശ്യമില്ല. മൂന്ന്, വളരെ ഹ്രസ്വമായ ജീനോം (genome) ഉപയോഗിച്ചു പോലും ദ്രുതഗതിയിലുള്ള പകർപ്പ് സാധ്യമാണ്. ഇപ്പോൾ കൊറോണ വൈറസ്സിന്റെ കാര്യത്തിൽ സംഭവിച്ചിരിക്കുന്നതും ഇതു തന്നെയാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ എല്ലാവരിലേക്കും പടർന്നു പിടിക്കുന്ന സ്റ്റെൽത്ത് വൈറസ്സായി (stealth virus) കൊറോണ മാറിയിരിക്കുന്നു.

രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ചില്ലെങ്കിലും എല്ലാവരിലേക്കും കൊറോണ പടർന്നു പിടിക്കാമെന്നും അങ്ങനെ എല്ലാവരും വൈറസ് ബാധിതരാകുന്ന ഒരു സാഹചര്യമുണ്ടാകാമെന്നും ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു.

ഭൂമിയിൽ ജീവന്റെ ആവിർഭാവത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പുതിയ കണ്ടെത്തലുകൾ കൊറോണക്കാലത്തെ ജീവിവർഗ്ഗങ്ങളുടെ പരസ്പരാശ്രിതത്വത്തെക്കുറിച്ച് പുനർചിന്തിക്കുവാൻ വഴിയൊരുക്കുന്നവയാണ്. ബാക്ടീരിയയേക്കാൾ വലിയ ജീനോമുകളുള്ള പുരാതന ഭീമൻ വൈറസുകളെ സമീപകാലത്തു കണ്ടെത്തിയിരുന്നു. ഇവ ജീവന്റെ ഉത്ഭവത്തിൽ നിർണ്ണായക പങ്കു വഹിച്ചിരിക്കാമെന്നും കരുതുന്നു. ഈ ഭീമൻ വൈറസിൽ സെല്ലുലാർ ജീവികളിൽ മാത്രമുള്ളതെന്ന് മുൻപ് വിശ്വസിച്ചിരുന്ന വിവർത്തന യന്ത്രങ്ങൾ (translation machinery) എൻകോഡ് ചെയ്യുന്ന ജീനുകൾ, നിർദ്ദിഷ്ട അമിനോ ആസിഡുകളെ ഉത്തേജിപ്പിക്കുന്നതിന് എൻസൈമുകളെ എൻകോഡ് ചെയ്യുന്ന ഒന്നിലധികം ജീനുകൾ എന്നിവ അടങ്ങിയിരിക്കുന്നു. ഈ സങ്കീർണ്ണതകളെക്കുറിച്ച് കൂടുതൽ അന്വേഷിക്കുമ്പോൾ ഡി.എൻ.എ യുടെ പരിണാമം, ആദ്യത്തെ സെല്ലുകളുടെ രൂപീകരണം, ആർക്കിയ (archaea), ബാക്ടീരിയ, യൂക്കാരിയോട്ടുകൾ (eukaryotes) എന്ന പരിണാമദശയിൽ വൈറസ് പോലുള്ള ഘടകങ്ങൾ നിർവ്വഹിച്ചിരിക്കാനിടയുള്ള നിർണ്ണായക പങ്ക് എന്നിവയെക്കുറിച്ചുള്ള സൂചനകൾ ലഭിക്കുന്നു. ഒരുപക്ഷേ ആധുനിക വൈറസുകൾ ഈ പുരാതന ഭീമന്മാരിൽനിന്നും വേഗത്തിൽ പകർപ്പുണ്ടാക്കുന്നതിനായി ജീനോമിന്റെ ചില ഭാഗങ്ങൾ ഉപേക്ഷിച്ചുകൊണ്ട് ഉരിഞ്ഞെടുക്കൽ (stripping down) പ്രക്രിയ വഴി പരിണമിച്ചിരിക്കാമെന്നും അന്നു ദാഹിയ (2018:50) പരാമർശിക്കുന്നു.

ജീവന്റെ ഉത്ഭവത്തിലുള്ള വൈറസുകളുടെ പങ്കാളിത്തത്തിനു പുറമെ, മനുഷ്യന്റെ വിത്തുകോശങ്ങൾക്കുള്ളിൽ പുരാതന വൈറസ് ഡി.എൻ.എ കണ്ടെത്തിയതും മനുഷ്യനും വൈറസും തമ്മിലുള്ള പരസ്പരാശ്രിതത്വത്തിന് മറ്റൊരുദാഹരണമാണ്. വിത്തുകോശങ്ങൾ പക്വതയില്ലാത്ത ഒരു കോശത്തിൽ നിന്നോ മൂലകോശത്തിൽ നിന്നോ വിവിധതരം കോശങ്ങൾ സൃഷ്ടിക്കാൻ കഴിവുള്ളവയായതുകൊണ്ടുതന്നെ (pluripotent) മനുഷ്യന്റെ പ്രത്യുല്പാദനപ്രക്രിയയിൽ അവ നിർണ്ണായകമാണ്. ഗർഭപിണ്ഡം വളരുന്തോറും ശരീരത്തിലെ വിവിധതരം കോശങ്ങളിലേക്ക് രൂപാന്തരപ്പെടുന്നവയാണ് ഇവ. മനുഷ്യഭ്രൂണത്തിന്റെ വിത്തുകോശങ്ങളിൽ സജീവമായിട്ടുള്ള ഡി.എൻ.എ H. HERV-H എന്ന പേരിൽ അറിയപ്പെടുന്ന ഒരുതരം എൻഡോജെനസ്

റെട്രോവൈറസുകളിൽ അടങ്ങിയിട്ടുണ്ടെന്ന് അടുത്തിടെ നടന്ന ചില പഠനങ്ങൾ കണ്ടെത്തിയിരുന്നു (2018:43). കൂടാതെ ആർ.എൻ.എ യുടെ ബിറ്റുകൾ ചേർത്താൽ ഈ കോശങ്ങൾ വിത്തുകോശങ്ങൾ പോലെ പ്രവർത്തിക്കുന്നത് അവസാനിപ്പിക്കുകയും പകരം മൃഗങ്ങളുടെ കണക്റ്റീവ് ടിഷ്യൂസിൽ കാണപ്പെടുന്ന ഫൈബ്രോബ്ലാസ്റ്റുകൾ (fibroblasts) പോലെ പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്യുന്നു. വിത്തുകോശങ്ങൾ നൽകുന്ന പ്ലൂറിപൊട്ടൻസി ഇല്ലാതെ മനുഷ്യന്റെ പുനരുൽപ്പാദനപ്രവർത്തനം സാധ്യമല്ല. “വിരോധാഭാസമെന്നു പറയട്ടെ, ഇപ്പോൾ ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന വൈറൽമലിനീകരണം (viral contamination) മറ്റൊരു രൂപത്തിൽ മനുഷ്യ പ്രത്യുത്പാദനത്തിൽ നിർണ്ണായക പങ്കു വഹിക്കുന്നവയുമാണ്” (2020:2).

ഈ പരീക്ഷണങ്ങളും കണ്ടെത്തലുകളും കൊറോണ പകർച്ചവ്യാധിയും മനുഷ്യനു പുതിയ പാഠങ്ങൾ നൽകുകയാണ്. നമ്മുടെ പാരിസ്ഥിതിക കേന്ദ്രത്തിൽ (ecological niche) മനുഷ്യർ ആധിപത്യം പുലർത്തുന്നുണ്ടെങ്കിലും നമ്മുടേതുമായി പരസ്പരം ബന്ധിപ്പിക്കാവുന്നതും, എന്നാൽ തികച്ചും വ്യത്യസ്തമായ നിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതുമായ മറ്റനേകം പാരിസ്ഥിതിക കേന്ദ്രങ്ങളും നമുക്കൊപ്പം തന്നെ നിലനിൽക്കുന്നുണ്ട്. അതായത് മനുഷ്യന്റെ നിലനിൽപ്പ് ഇങ്ങനെയുള്ള വിവിധങ്ങളായ പാരിസ്ഥിതിക കേന്ദ്രങ്ങളാൽ ബന്ധിക്കപ്പെട്ടു കിടക്കുകയാണ്. മനുഷ്യനൊറ്റയ്ക്കോ മനുഷ്യനു മാത്രമായോ ഒരു നിലനിൽപ്പില്ലെന്നു ചുരുക്കം.

കൊറോണക്കാലം കൊറോണ വൈറസുമായുള്ള യുദ്ധമല്ല, മറിച്ച് ഇതൊരു പുതിയ പരിണാമദശയാണ്. മനുഷ്യൻ മാത്രമല്ല ഭൂമിയിലെന്നും ഒരു വൈറസ് വിചാരിച്ചാൽ പോലും ഇളക്കം തട്ടാവുന്നതാണ് മനുഷ്യൻ പ്രകൃതിക്കുമേൽ ആർജ്ജിച്ചെടുത്തിരിക്കുന്ന സ്ഥാനമെന്നുമുള്ള ഓർമ്മപ്പെടുത്തൽ കൂടിയാണിത്. ഇങ്ങനെ പരസ്പരാശ്രിതബന്ധിതമായ പുത്തൻ വ്യാവഹാരികമാതൃകകൾ സ്വീകരിക്കേണ്ടതിന്റെ അടിയന്തരസ്ഥിതിയെക്കുറിച്ച് മനുഷ്യരെ ബോധവാന്മാരാക്കുകയാണ് കൊറോണക്കാലം. മാനവികതയല്ല, മാനവികാനന്തരതയാണ് പുതിയ കാലത്തിന്റെ ബോധനമാതൃക എന്നും ഇത് തെളിയിക്കുന്നു.

## ആധാരസൂചി

1. Annu Dahiya. “Before the Cell, there was Virus: Rethinking the Concept of Parasite and Contagion through Contemporary Research in Evolutionary Virology.”

2. Transforming Contagion: Anxieties, Modalities, Possibilities, edited by Breanne Fahs, Annika Mann, Eric Swank, and Sarah Stage, Rutgers University Press, 2018, pp 42-55

3. Christopher Langton. "Studying Artificial Life with Cellular Automata." Physicia D, Vol.22, no. 1-3, 1986, pp. 120-149.

4. Francesca Ferrando. Philosophical Posthumanism. Bloomsburry Academia, 2019.

5. Gregario Agamben. The Open Mind: Man and Animal. Translated by Attel. K., Stanford University Press, 2002.

6. Jean Baudrillard. Selected Writings, edited by Mark Poster, Stanford University Press, 1988.

7. ---------------------. Simulacra and Simulation, translated by Sheila Faria Glaser, Michigan University Press, 1994.

8. Katherene Hayles. N. "Novel Corona: Posthuman Virus." Critical Inquiry, 17 April 2020, critinq.wordpress.com/2020/04/17/novel-corona-posthuman-virus/. Accessed 19 June 2020.

9. Mikhail Epstein. "Hyper in 20th Century Culture: The Dialectics of Transition from Modernism to Postmodernism." Postmodern Culture, vol. 6, no. 2, 1996.

10. Stephen Gould. Full House: The Spread of Excellence from Darwin to Plato. Three Rivers Press, 1996.

11. സ്ലാവോയ് സിസെക്. "ഒരു പ്രതിസന്ധി വരുമ്പോൾ നമ്മളെല്ലാം സോഷ്യലിസ്റ്റുകളാണ്." വിവർത്തനം ലിഷ. കെ. കെ, ട്രൂകോപ്പി തിങ്ക്, 13 ഏപ്രിൽ 2020, truecopythink.media/slavojzizek-panic-covid-19-shakes-the-world. Accessed 22 ജൂൺ 2020.

12. വിക്കിപീഡിയ കോൺട്രിബ്യൂട്ടേഴ്സ്. "വൈറസ്." വിക്കിപീഡിയ, വിക്കിമീഡിയ ഫൌണ്ടേഷൻ, 24 ജനുവരി 2020, ml.wikipedia.org/wiki/%E0%B4%B5%E0%B5%88%E0%B4%B1%E0%B4% %E0%B5%8D. Accessed 23 ജൂൺ 2020.

*abhiramisr66@gmail.com*

*abin.0494@gmail.com*

# The Posthuman Body: Changing Dynamics of Pleasure

Reshma Majeed
Assistant Professor, Department of English, Govt. College Chittur, Palakkad
Dr. Najeeb P.M.
Associate Professor, Department of English, Govt. Victoria College, Palakkad

Abstract: This paper is an attempt to analyse the posthuman body as a 'techno-biological' and 'techno-cultural' trope. The paper discusses the various discourses on posthuman body and its potential for pleasure. There are some reflections on the changing notions of sexuality and sexual pleasure in the virtual world as well as on body modifications and sex toys that create hybrid 'posthuman' bodies. Technology is used by modern humans to augment the bodily performances and even as an alternative to bodily functions. The basic assumption involved in the philosophy of body-modification is that the 'natural' body is incapable of facilitating the most perfect and intense physical experience to humans. So, technology is integrated with the 'natural' body thus converting the latter into a techno-cultural entity which is capable of better performances and experiences. The newly evolved techno-biological body transforms itself into a techno-cultural body. Posthuman, in that sense is post nature. The attempt is to overcome the limitations of nature by technology, projecting the capabilities of future humans. Thus, the emergence of posthuman techno-cultural body is a human attempt to triumph and even transcend nature.

**Key Words**: posthuman, techno-cultural, sexuality,

The definition of body is not always necessarily determined by its material and biological coordinates only. Rather, body is a complex amalgamation of materiality and discourse- or, to put it in other words, body is made of both cultural and natural constituents. There is a 'natural' body as well as a 'cultural' body. Intervening with the 'natural' body is not a modern phenomenon. Body piercing, tattooing and body art date back to early civilizations. They were important social signs associated with initiation ceremonies, rites of passage and punishments. Body is often considered as a malleable matter that can be molded according to one's wishes. Unlike the ancient period, science and technology has enabled modern humans to make more daring interventions with their bodies.

Technology often identifies certain lacks in the body and suggests enhancements, thus creating a hybrid body. Apart from aesthetic and medical reasons, human body is also modified for more intense experiences of pleasure. Posthumanism thus envisions a future of blended bodies, modified and technologically enhanced, which are not one, yet very much fused in acts producing sublime forms of pleasure. Posthuman bodies thus embody an epistemological crisis. In Pepperell's attempt to describe the word posthuman he says:

> The word 'posthuman' is employed to describe a number of things at once. First, it's used to mark the end of that period of social development known as humanism, and so in this sense it means 'after humanism'. Second, it refers to the fact that our traditional view of what constitutes a human being is now undergoing a profound transformation. It is argued that we can no longer think about being human in the same way we used to. Third, the term refers to the general convergence of biology and technology to the point where they are increasingly becoming indistinguishable. In this sense the term posthuman is preferable to 'post-biological' (the two terms are sometimes interchanged) insofar as the decaying category of human can be seen merely a subset of an increasingly virulent' techno-biology'of which we might be but a transient phase. The term 'transhuman' is also widely used and carries some interesting implications not fully explored here, such as extended life and extra-terrestrial intelligence.(iv)

Peperrell here refers to the posthuman body as a product of techno-biology. This paper is an attempt to analyse the posthuman body as a 'techno-biological' and 'techno-cultural' trope. Various discourses on posthuman body and its potential for pleasure are elaborated in the paper. There are some reflections on the changing notions of sexuality and sexual pleasure in the virtual world as well as on body modifications and sex toys that create hybrid posthuman bodies.

Cultural and literary studies are now blended with scientific and technological knowledge to understand the emerging discursive patterns that define human body. Various theoretical disciplines have been analyzing body as a biological, social and cultural trope: as an assemblage of performatives that constantly redefine the body. Technology and body create curious conjunctions and the use of contemporary technology has transformed our ways of perceiving our body.

Man's close association with machine has a long history. It is the outcome of creativity as well as the desire for better experiences. Humans have constantly tried to invent machines that can improve their quality of life and often enhance their pleasure of being. Man invented machines for ease and comfort and also to enrich their experiences. Thus, a binary was formed as 'we'(humans) and the 'other' (machines that humans invented). The extent of immersion offered by technology in the form of virtual world has enabled humans to have richer, complex and more intense experiences and bodily pleasures. The simulation of the real in the virtual space opens up a whole new world of experiences. Hence this idea of man's status as the creator and user is eventually being problematized with this emergence of machines that are now part of man's perpetual search for pleasures. The fixed distinctions between man and machines is also getting blurred lately especially after the advent of AI enabled robots. There is also a shift in the distinction between subjecthood and objecthood. Machines are no longer static or inert. The AI enabled pleasure machines are designed as 'sensible partners of pleasure' which reciprocate to the human needs and demands and engage in pleasurable acts.

The integration of machines into human body is an attempt to

overcome nature because what is natural in body is identified as defective and an external prosthetic is integrated in order to rectify that defect. In that sense, technology is an attempt to transcend the human condition through cultural techniques as Hannah Arendt puts it. Technology, she says, "is a cultural technique, an expression of our creativity, our longing, our desire and a way to shape our environment which shapes us in return. Machine is man's desire to create an artificial counterpart" (353). In that sense the emergence of a newly integrated man-machine is a new form of techno-cultural body which transcends the limitations of nature. Technology recreates realities of the body and these bodies question the status quo. The insights on posthuman body reveal that there is an explosion of change and multiplicity. The disenchantment with the aesthetic and the natural body has given a greater impetus to the blending of technology and biology, thereby creating hybrid bodies. This complexity of corporeality has led to the emergence of various new fields of inquiry on body. Post humanism implies that there is a fundamental change in the relation between the human species and the world. Manifestations of this change is discernible even in man's relationship to his own self.

Humans often 'disidentified' with the machines they created. This was based on the subject- object binary. In this binary, subject usually occupies a position of power. The waning of man's power over the machine as a user has gradually given way to more symbiotic forms of existence. A great deal of recent theoretical probing have accentuated the rejection of several other familiar dichotomies. Man- Machine binary too has undergone significant changes. The posthuman body is one that blends into the machines to form a hybrid that defies the set boundaries and margins of bodily experience and pleasures.

Machines that participate in acts of sex transgress their mere position as objects. They negotiate sex and sexual pleasure and thus problematize dichotomous categories such as body (subject) and machine (object). This fusion of body and machine into a hybrid and homogenized entity throws open immense possibilities of pleasure that border on the sublime. These machines offer limitless pleasures that can be accessed

at one's will. The freedom that marks these acts adds to the promise of sublime pleasures.

Machines claim to participate in human experience of pleasure. One may claim that the machine 'serves' humans. This performance of service mimics human labour. But the position is even more complex in the case of sex toys (also referred to as sexual wellness toys) in the way it redefines the idea of the body in sex as a combination of the biological and the synthetic. Wide variety of vibrators, dildos, G- spot toys, masturbators and other sex toys for couples not only replace a human body that engages in the pleasurable act but also act as an additional prop in love making of partners and even help to accentuate pleasure.

Electronic machines question the subject- object dichotomy and hence reorganize pleasure. Distinguishing human body from the non-human becomes more complex. Bruce Mazlish says that man and the machine he creates are continuous (3). Machines work. Work is the very premise on which machines exist. The work done by machines in sex transgresses the idea of mere service in the way these machines blend in with the human bodies to provide pleasure in all its sublimity.

Modifying the body through plastic surgeries and various other methods, for some people, is a means to live a "normal" life. Victims of accidents and acid attack survivors resort to such surgeries. Bodies are modified for aesthetic reasons also. Facial plastic surgery, silicone implants, breast enhancements, buttocks enhancements, pectoral and abdominal implants etc. are some of them. This idea of modifying the body for beauty enhancement is closely related to aspects of sensual/ sexual pleasure. Body transformation and modifications that ranges from vaginaplasty and labiaplasty to genital cosmetic surgery hold the promise of such enhanced forms of pleasure. Penis lengthening and widening surgeries are also becoming popular these days. Intimate body piercing or genital piercing is often practiced in order to enhance sexual pleasure. Such body enhancements and modifications are fulfillments of human desires for perfection. These bodies are atonce aestheticized/beautified, individualized and eroticized. Such bodies are neither completely biological nor synthetic, but a combination of both and cannot be

separated. The post human bodies are thus biological, cultural and technological. In a sense, such enhancements in order to improve the sexual performance can be seen as a proxy attempt to converge the qualities of machine into human body in order to overcome the inherent shortcomings of the latter.

Altering the body has two aspects: aesthetic and functional. Tattooing, putting scars or marks on skin, facial piercing, breast implants or even hair/nail coloring are examples of the aesthetic side of body alteration. Altering the body for bettering the performance of body again has two objectives: medical and non-medical. Putting body-implants like pacemaker or even wearing an eyeglass has a medical intent. Whereas, altering the sexual organs or attaching external objects to genitalia for the purpose of enhancing sexual pleasure can be described as a non-medical purpose of body alteration. Though penis implants used for erectile dysfunctions come under the medical category, one can argue that its function is both aesthetic and functional.

The virtual space holds endless possibilities for the human body. ICT is used to engage in virtual sex which creates real sexual stimulation. Effects of technology increasingly permeate bodily boundaries. Bodies' interaction with technology results in queering as a result of the blurring of sexual identities. In the virtual space, body is networked. The process of connecting the human body to a technological device, the immersion into an electronic network, results in the transcendence of bodily boundaries. Sensory experience of the body is replaced by a simulation of the real that causes immense pleasure. The role-playing environment of the internet generates multiplicities rather than unities.

This blurring of boundaries evokes both terror and pleasure, says Hayles. He adds:

> On the one hand, it evokes terror because by then humans can either go gently into that good night, joining the Dinosaurs as a species that once ruled the earth but is now obsolete, or hang on for a while longer by becoming machines themselves. On the other hand, regarding pleasure, the post human evokes the exhilarating prospect of getting out of some of the old boxes and opening up new ways of thinking about what being human means. (285)

Slavoj Zizek asserts that the transition towards posthumanism is a traumatic event. Informed by his psychoanalytic methods, Zizek states that

> "the intertwining of the subject/ object, virtual/real dichotomy into an overlapping moment opening the Pandora's Box of paradoxes connotes an encounter that disturbs the original and the neutral pacing of human stability" (No Sex Please).

He further states that the virtual can intersect disruptively with the real and what is real becomes disenchanting. For him

> "Even advocates of cyberspace warn us that we should not totally forget our body, that we should maintain our anchoring in the "real life" by returning, regularly, from our immersion in cyberspace to the intense experience of our body, from sex to jogging" (No Sex Please).

He also holds that humans will never turn themselves into virtual entities

> "freely floating from one to another virtual universe" (No Sex Please).

Technology plays a significant role in forming and framing the human body.

> "Technology also contributes to a transformation of the perception of the purpose of having sex: a transformation that increasingly separates the act of having sex from reproduction" (Squier 113)

and emphasizes the aspect of pleasure. The future of human body is a technological one with bodies and perceptions about bodies becoming more and more simulated. Post human world is not a post body era, but rather an era of fluidity between different analogue, material, digital and virtual bodies. Neither is it a post gender era but a transgender/ fluid gender era leaving the option for everyone to embody as many gendered selves as possible. Kavenay says that the organic human body becomes a tool

> "of which we may ethically have as many(real or virtual) as we want" (163).

Technology blurs the difference between gender roles and sexes and who engages in sexual activity and how.

Anne Balsamo in her 'Virtual Body in Cyberspace' says that "technologies are transformed into technological commodities"(122).She reads the body as a sign and analyses the histories of these technologies.

Balsamo is skeptical about the claims that the cyberspace erases gender markers. She says that cyber space is not gender neutral and that it provides only "an illusion of control over reality, nature and especially over the unruly, gender and race-marked, essential mortal body"(127). She states that already existing gender patterns are replicated when cultural codes intersect with technology. Hence implications of gender in contemporary technologies of the body is not fully free from the tradition of binaries of gender.

Another important question which pops is concerning the connection between love and sexuality. What is the role of love when machine takes up the role of humans? The oft-quoted mechanical sex between humans becomes literally true in the event of machines becoming part of sexual experiences. The real question is does the intervention of machine in sexual acts deprive sex of love and associated emotional contents involved in the act of lovemaking? Does lovemaking give way to mere mechanical sex without love? This question can still be furthered into a larger question on soulless human machines. Are we entering into a new era of homme-machine (human-machine) which is devoid of humanness?

Yet another significant question about the 'posthumanness' of the techno- biological body in pleasure is perhaps the desire for the real body itself. We can and do feel pleasure when we engage in erotic activities online. Still, isn't there a lingering desire for the real body, its smell and wetness? Nevertheless, the cyberspace is indeed liberatory in the way it reframes our conventional notions of morality and body. Howard Rheingold hints at a possible sexual revolution when he asks:

> If technology enables you to experience erotic frissons or deep physical, social, emotional communion with another person with no possibility of pregnancy or sexually transmitted disease, what then of conventional morality, and what of the social rituals and cultural codes that exist solely to enforce that morality? Is disembodiment the ultimate sexual revolution and/or the first step toward abandoning our bodies ?(48).

The question of body and technology is not a new one. Yet an attempt to understand posthuman body opens up a whole new set

of questions. What human life, pleasure, and sexuality can look like in the future? Is this posthuman transformation of body and sexual behavior liberatory or traumatic? To what extent will technology alter our notions of the purpose of sexual encounters.? The relationship between technology, sexuality and body is extremely complex and constantly evolving.

## Works Cited

1. Arendt, H. "The 'Vita Activa' and the Modern Age."*Philosophy of Technology: The Technological Condition- An Anthology* edited by Robert C. Scharff and Val Dusek, John Wiley and Sons, 2003, pp.352-68.
2. Balsamo, Anne.*Technologies of the Gendered Body: Reading Cyborg Women.* Duke University Press, 1996, pp. 120-33.
3. Butler, Judith. *Bodies That Matter: On the Discursive Limits Of "Sex."*Routledge, 1993.
4. Habermas, J.*The Future of Human Nature.* Polity Press, 2004.
5. Haraway, Donna Jeanne. *Simians, Cyborgs, and Women: The Reinvention of Nature.* Routledge, 1991.
6. Hayles, N . K. *How We Became Posthuman: Virtual Bodies in Cybernetics, Literature,and Informatics.* The Universaity of Chicago Press, 1999.
7. Kaveney , R. "Transgender, Transhuman, Transbeman: Uploading with Martine Rothblatt."*H+*
8. *Magazine.* https://hplusmagazine.com/2009/10/05/transgender-transhuman-transbeman-uploading-martine-rothblatt/. 2009.
9. Mazlish, Bruce. "The Fourth Discontinuity."*Technology and Culture.* vol. 8,no. 1,1967, pp.1-15.
10. Pepperell, R. *The Posthuman Condition: Consciousness Beyond the Brain.* Intellect.2003
11. Rheingold , Howard, "Teledildonics," in Victor J. Vitanza (ed.), CyberreaderBoston, MA: Allyn & Bacon, 1999, pp. 207.
12. Squier , S.M. " Reproducing the Human Body: Ectogenetic Fetus, Surrogate Mother,Pregnant Man."*Posthuman Body* edited by Halberstam and Livingston, Indiana University Press, 1995, pp.113-32.
13. Zizek,S. " No Sex Please. We're Post Human." 25 January 2022, www.lacan.com/nosex.htm.

*hannahali07@gmail.com*
*pm_najeeb@rediffmail.com*

# ഭാഗം 2

# വിശകലനങ്ങൾ, പ്രയോഗസാധ്യതകൾ

# മാനവാനന്തരവാദം മലയാളസിനിമയിൽ

എതിരൻ കതിരവൻ
പ്രൊഫസർ, യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ.

പ്രബന്ധസംഗ്രഹം

സാങ്കേതികവിദ്യയുടെ മുന്നേറ്റത്തോടെ രൂപപ്പെട്ട പോസ്റ്റ്ഹ്യൂമനെ ചിത്രീകരിക്കാൻ സിനിമയിൽ സാധ്യതകളേറെയാണ്. സൂപ്പർഹീറോ പരിവേഷത്തിലിറങ്ങുന്ന സിനിമകളിലും മറ്റും പോസ്റ്റ്ഹ്യൂമനെ അവതരിപ്പിക്കുന്നതിന്റെ രീതികളും ആശയങ്ങളും ചർച്ച ചെയ്യുന്ന പ്രബന്ധം മാനവാനന്തരകാലത്തെ ലിംഗഭേദങ്ങളുടെ പ്രസക്തിയില്ലായ്മയും വിശദീകരിക്കുന്നു.

**താക്കോൽവാക്കുകൾ:** മാനവാനന്തരത, ആന്ത്രോപൊസീൻ, സ്ത്രീ, പ്രകൃതി, സൂപ്പർഹീറോ.

പല ദർശനശാസ്ത്രങ്ങളുടേയും തത്ത്വവിചാരങ്ങളുടെയും കൂട്ടായ്മയിൽ നിന്നാണ് മാനവാനന്തരവാദം ഉയിർക്കൊള്ളുന്നത്. മാനവവാദത്തെ പുതുക്കിയെടുത്ത് പ്രകൃതിയ്ക്കും അതിജീവനത്തിനും അനുസൃതമാക്കി മനുഷ്യർ ഒരു സ്പീഷീസ് മാത്രമാണെന്ന ധരിപ്പിക്കുന്നത് അതിന്റെ ഉൾക്കാഴ്ചകളിൽ പ്രധാനമായൊന്നാണ്. നമ്മുടെ തന്നെ ചരിത്രനാടകത്തിലെ നായകനായ നമ്മൾക്കു സാവധാനം ആ പ്രധാനകഥാപാത്രവേഷം കൈവിട്ടുപോകുകയായിരുന്നു. പല സ്പീഷീസുകൾ ഉണ്ടായിരുന്ന മനുഷ്യകുലത്തിൽ—ആറോളം, നിയാൻഡെർതാൽസ് ഉൾപ്പെടെ—രക്ഷപ്പെട്ടു വന്ന ഒരേ ഒരു സ്പീഷീസ് ആണ് ഹൊമോസാപിയൻസ്, സ്വന്തം പരിമിതികൾ മനസ്സിലാക്കിയില്ലെങ്കിൽ ഈ സ്പീഷിസിനും അന്ത്യം വന്നുഭവിക്കുമെന്നും അതു പരിണാമത്തിനു വിരുദ്ധമായി നമ്മളുടെ ചെയ്തികളുടെ ദുഷ്ഫലം കൊണ്ടാണെന്നും മനസ്സിലാക്കിയതീയിടെയാണ്.

മാനവാനന്തരവാദം മനുഷ്യനെ ആത്യന്തികമായി തിരിച്ചറിയുന്ന ആലോചനയാണ്.

സാങ്കേതികവിദ്യയുടെ സൃഷ്ടികർത്താവും അധിപതിയും ആയിരുന്ന മനുഷ്യർ അതിനോടൊപ്പമുള്ള ഒരു പങ്കാളിയുടെ വേഷത്തിലേക്കു ചുരുക്കപ്പെടുകയാണുണ്ടായത്. ടെക്നോളജിയുടെ കഥാപാത്രഭാഗം ഈ നാടകവുമായി അവിഭാജ്യബന്ധത്തിലായി. 'മനുഷ്യനായിരിക്കുക' എന്ന പണ്ടേയുള്ള ആലോചനകളുടെ പ്രധാനഭാഗം ടെക്നോളജി പിടിച്ചെടുത്തു. അതു സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നതും,ബുദ്ധിപരമായി മേൽക്കൈ ആളുന്നതും, സ്വയം വിഭജിക്കുന്നതുമായി മാറി, വികരോത്തേജനസാദ്ധ്യതയും തെളിഞ്ഞേക്കാമെന്നു വരെയായി. സാങ്കേതികതയുടെ ആശ്രിതർ ആയ അഭിനേതാവ് നമ്മളാകുമ്പോൾ സാങ്കേതികതയ്ക്കു പുതിയ റോൾ കൊടുത്ത് രക്ഷകനും ഉദ്ധാരകനുമായി മാറ്റപ്പെടുകയാണ്.

ഈ പ്രതിമാന (paradigm) ത്തിന്റെ മാറ്റം സംസ്കാരത്തിൽ പ്രതിഫലിക്കും എന്നതിൽ അത്ഭുതമില്ല. സാഹിത്യാദി ആശയാവിഷ്കാരത്തിൽ മാത്രമല്ല, കലാരൂപങ്ങളിലും സിനിമയിലും പോസ്റ്റ്ഹ്യൂമൻ പ്രത്യക്ഷപ്പെട്ടും, കാരണം പൊതുബോധവും അന്തർജ്ഞാനങ്ങളും പുതിയ മനുഷ്യനെ ഭാവനയിൽ വിക്ഷേപിക്കാൻ ആവശ്യപ്പെടുന്ന സ്ഥിതിയിലെത്തിച്ചേരുന്നുവെന്നതു തന്നെ. കല ജീവിതത്തേയും ജീവിതം കലയേയും അനുകരിയ്ക്കുകയും സാങ്കേതികത ജീവിതത്തേയും കലയേയും രൂപാന്തരണം ചെയ്യുകയും അത് പുതിയ അവസരങ്ങൾ തേടിപ്പോകയും ചെയ്യുന്നു. പുതിയ മനുഷ്യനെ എല്ലാരൂപഭാവചര്യകളോടും കൂടി ആവിഷ്ക്കരിക്കാനും പ്രക്ഷേപണം ചെയ്യാനും സിനിമ എളുപ്പമായാണ് വഴി തെളിയ്ക്കുന്നത്. 'സയൻസ്ഫിക്ഷൻ' എന്ന സിനിമാസംവർഗ്ഗം മനുഷ്യന്റെ ഭാവുകസ്ഥാനാന്തരണം സാധിച്ചെടുക്കുന്നത് അത്ര പുതിയ കാര്യമൊന്നും അല്ലെങ്കിലും ഇന്നു പോസ്റ്റ്ഹ്യൂമനെ ചിത്രീകരിക്കാൻ ഏറ്റവും ഉചിതോപാധി തന്നെയിത്. മാനവാനന്തരവാദം ആവിർഭവിക്കുന്നതിനു മുൻപു തന്നെ സാങ്കേതികത സൃഷ്ടിച്ച പുതുമനുഷ്യർ സിനിമാസ്ക്രീനിൽ പ്രത്യക്ഷപ്പെട്ട് തുടങ്ങിയിരുന്നു. ഫ്രാങ്കെൻസ്റ്റൈൻ ഉദാഹരണം. പക്ഷേ അവർ ഭീകര/നികൃഷ്ടജീവികളായിട്ടായിരുന്നു ചിത്രീകരണം. പിന്നീടിവർ വില്ലന്മാരായി പ്രത്യക്ഷപ്പെട്ടു, കാലക്രമേണ മനുഷ്യകുലത്തെ രക്ഷിക്കാനെത്തുന്ന 'ടെക്നോളജിക്കൽ യേശു" വായും (X men, Ironman, Transcendence ഒക്കെ ഉദാഹരണം). ഈ പരിണാമം സമൂഹബോധജ്ഞാനത്തിന്റെ സാവകാശമാറ്റം ദ്യോതിപ്പിക്കുന്നതാണ്, പോസ്റ്റ്ഹ്യൂമൻ ഭാവലക്ഷണങ്ങൾ

എന്തായിരിക്കണമെന്നതിന്റെ സൂചകങ്ങളുമാണ്. സൈബോർഗ് (Cyborgs) കളും റോബോട്ടുകളും നിർമ്മിതബുദ്ധിയുടെ ചിപ്പുകൾ ഘടിപ്പിക്കപ്പെട്ടവയാണ്. അവ പോസ്റ്റ്ഹ്യൂമൻ പ്രതിനിധികളായി ലോകസിനിമയിൽ സത്യമേത് മിഥ്യയേത് എന്ന് ഭ്രമിപ്പിക്കുന്ന വിധം പ്രത്യക്ഷപ്പെടുകയും ഇതാണ് യഥാത ഥലോകം എന്നു തെര്യപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

**പ്രകൃതിയുമായി യോജിച്ചു പോകേണ്ട മാനവാനന്തരൻ (Posthuman)**

നരകേന്ദ്രിത കാലഘട്ടത്തിൽ (anthropocene) പ്രകൃതിയെ മനുഷ്യന്റെ ഉപകരണം മാത്രമാക്കിയതിലെ സ്വയം ചതി തിരിച്ചറിഞ്ഞവനാണ് മാനവാ നന്തരവാദി മനുഷ്യൻ (Posthuman). മനുഷ്യേതരസംബന്ധിയായ ഇടപെടലു കളാണ് പ്രകൃതിയുടെ നിലനിൽപ്പിന്റെ ആധാരം, ലോകരൂപീകരണത്തിന്റെ ഘടകനിർമ്മിതി എന്നതും, ഇതിൽ മനുഷ്യന്റെ കൈകടത്തലുകൾ ദുരന്തങ്ങ ളിലേക്കു നയിച്ചുവെന്നതുമായ തിരിച്ചറിവു വൈകിയാണുദിച്ചത്.

> "നീലക്കടനിവർത്തീ മാനം എനിക്കുവേണ്ടി,
> നീളേ പൂ വിരിച്ചൂ ഭൂമി എനിക്കു വേണ്ടി"

എന്നതുപണ്ടുതന്നെ ചില മതങ്ങൾ ഉദ്ഘോഷിച്ച് മനുഷ്യൻ സ്വാംശീക രിച്ചതുമാണ്. മനുഷ്യ അസാധാരണത്വം (human exceptionalism) ത്യജി ക്കേണ്ടതും holistic എന്ന വാക്ക് സർവ്വചരാചരങ്ങളേയും ഉൾപ്പെടുത്തി ഉപയോഗിക്കേണ്ടതുമാണെന്നു പഠിച്ചെടുത്താണ് പോസ്റ്റ്ഹ്യൂമൻ ഉദയം കൊണ്ടിരിക്കുന്നത്. പുണ്ണും തുരുമ്പും പല്ലിയും പ്രപിതാമഹന്മാരും ആത്മാ/ ഭൂതങ്ങളും യന്ത്രങ്ങളും, പരാദങ്ങളും പാറകളും എല്ലാം മാനവാന്തരന്റെ കൂടെ വേണ്ടിയിരിക്കുന്നു. സംസ്കാരവും പ്രകൃതിയും രണ്ടല്ല, ഒന്നാണെന്നും മനുഷ്യനു പ്രകൃതിയുടെ മേൽ യാതൊരു പ്രത്യേക അവകാശവുമില്ലെന്നും പോസ്റ്റ്ഹ്യൂമൻ വാദിക്കുന്നു. നരകേന്ദ്രിതകാലം നിർവ്വചിച്ച ഹ്യൂമനിസം പുരുഷകേന്ദ്രീകൃത മായിരുന്നു, സ്ത്രീയെ അടുത്തെങ്ങും കാണാനില്ലായിരുന്നു. പുതിയ കാലഘട്ടം ഈ വേർതിരിവ് അംഗീകരിക്കുന്നില്ല, eco-feminism എന്ന പുതിയ ആശയം രൂപീകരിക്കപ്പെട്ടിട്ട് അധികകാലമായിട്ടില്ല.

**മൂർത്തീകരണം (embodiment) –മാനവാനന്തരത്വത്തിലേക്ക് പ്രവേശനം**

നമ്മളെല്ലാം സ്വതവേ,ജനിച്ചപ്പോൾത്തന്നെ 'സൈബോർഗ്ഗ്'കൾ ആയവരാണെന്നാണ് ചിന്തകനും മനസ്സിനെക്കുറിച്ച് ആഴത്തിൽ വിശകല നംചെയ്യുന്ന തത്വജ്ഞാനിയുമായ ആൻഡി ക്ലാർക്കിന്റെ അവകാശവാദം. സാങ്കേതികത ഇപ്പോൾ ഇതിനു കൂട്ടുനിൽക്കുന്നുമുണ്ട്. സാങ്കേതികവിദ്യകൾ

മാറ്റിയെടുക്കപ്പെട്ട, മനുഷ്യനും യന്ത്രവും സാത്മീകരിച്ച നായകന്മാർ ഹോളിവുഡ് സിനിമകളിൽ ധാരാളം ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. സ്വന്തം മനസ്സിനെ അറിഞ്ഞോ അറിയാതെയോ മാറ്റിയെടുത്ത് മറ്റൊരു മനുഷ്യനായി മാറിപ്പോവുന്നവരെ ക്രിസ്റ്റഫർ നോലന്റെ ''മെമെന്റോ', മിക് ജാക്സന്റെ 'റെമ്പിൾ ഗ്രാൻഡിൻ' എന്നീ സിനിമകളിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ബോധജ്ഞാനത്തിന്റെ ചില മേഖലകൾക്കപ്പുറം കടന്ന് മനുഷ്യത്തത്തിൽ അസാധാരാണത്വം കൈവരിച്ചവർ മൂർത്തീകരണത്തിന്റെ ഉദാഹരണമാണ്. നന്മ/തിന്മകളുടെ നിർവ്വചനങ്ങൾ മാറിപ്പോകുന്നുണ്ട് ഇവരുടെ ധാരണകളിൽ. കൂടുതൽ തിന്മകളിലേക്ക് വഴുതിപ്പോകുന്നവരായിട്ടാണ് സിനിമയിലെ ചിത്രീകരണമെങ്കിലും മറ്റൊരു മനുഷ്യന്റെ ഉദയം കൊള്ളലാണിതെന്നാണ് മനസ്സിന്റെ ഫിലോസഫിയെക്കുറിച്ച് ധാരാളം പഠിച്ചെഴുതാറുള്ള ജോ .എൽ ക്രൂഗറിന്റെ നിരീക്ഷണം. നിരന്തരമായി അസ്ഥിരവും അസന്തുലിതവുമായ ലോകത്തു വിഭ്രമത്തിൽ പെട്ടുപോവുക യുക്ത്യാനുശീലമാണത്രെ. ഇത്തരം മനുഷ്യരെ 1978-ൽ ഇറങ്ങിയ 'വയനാടൻ തമ്പാൻ' (കമലഹാസൻ നായകവേഷം) പോലെയുള്ള ചിത്രങ്ങളിൽ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. യക്ഷി, അയ്യർ ദി ഗ്രെയ്റ്റ്, ക്യാമെറമാൻ വേണു സംവിധാനം ചെയ്ത 'മുന്നറിയിപ്പ്', നിസ്സാം ബഷീർ സംവിധാനം ചെയ്ത 'റോഷാക്ക്' ഇവയിലെ ഒക്കെ നായകർ ഇപ്രകാരം മൂർത്തീകരണത്തിനു വിധേയരായവരാണ്.

## മാനവാനന്തര സൂപ്പർ ഹീറോകൾ—പുലിമുരുകനോ? മിന്നൽ മുരളിയോ?

സിനിമയിലെ പോസ്റ്റ്ഹ്യൂമൻ സത്തയ്ക്കു നിരവധി ആവിർഭാവങ്ങളും ചമത്കാരങ്ങളും ഹോളിവുഡ് സമർപ്പണം ചെയ്തിട്ടുണ്ട്. സാങ്കേതികതയുടെ ഉത്പാദനങ്ങളാണവയെല്ലാം. റേഡിയോ ആക്റ്റിവിറ്റിയോ ഇടിമിന്നലിൽ നിന്നുള്ള വിദ്യുച്ഛക്തിയോ കമ്പ്യൂട്ടർ ചിപ്പ് ഘടനയോ നിർമ്മിതബുദ്ധിയുടെ സമ്മാനമോ ഒക്കെ ആവാമവർ. എന്നാൽ 'സൂപ്പർമാൻ', 'വണ്ടർ വുമൻ', 'തോർ' ഒക്കെ ജന്മനാ പോസ്റ്റ്ഹ്യൂമൻ ഹീറോകളാണ്. എന്നാലിവരൊക്കെ സാധുക്കളുടെ പരിത്രാണനത്തിനോ ധർമ്മസംസ്ഥാപനത്തിനോ അവതരിച്ചവരെന്നതിനപ്പുറം ആന്ത്രോപോസീനിലെ മനുഷ്യനെ നവീകരിയ്ക്കാൻ ഇറങ്ങിത്തിരിച്ചവർ എന്നുവേണം കരുതാൻ, മനുഷ്യനെ ആത്യന്തികമായി മനുഷ്യൻ (പോസ്റ്റ്-ഹ്യൂമൻ) ആക്കി മാറ്റിയെടുക്കാൻ. "Characters like Wolverine, Batman, Spider-Man and Iron Man thus become ideologically loaded role models that incorporate posthuman concepts into a larger humanist framework

of unambiguous gender roles and patriarchal power" എന്ന് DanHassler-Forest. ഈ സിനിമകളിൽ പൊതുവായി ആഖ്യാനവഴികളിൽ ആവർത്തിച്ചു വരുന്ന മൂന്ന് സംഭവപരമ്പരകളുണ്ട്:

1. സൂപ്പർഹീറോയ്ക്ക് ഒറ്റയ്ക്കു ചില സിദ്ധികൾ ലഭിയ്ക്കുന്നു.
2. സൂപ്പർ ഹീറോയുടെ എതിരാളിയ്ക്കും ഇതിനു സമാനമായ കഴിവുകൾ ലഭിയ്ക്കുന്നു, ഇത് ഹീറോയ്ക്കെതിരെ ഉപയോഗിക്കുന്നു, പക്ഷേ, നിയന്ത്രണങ്ങൾ കുറവാണ്.
3. ഇവരുടെ സംഘർഷം ക്ലൈമാക്സിൽ ഒരു പൊരുതലിലേയ്ക്ക് നയിയ്ക്കുന്നു, സൂപ്പർ ഹീറോ തന്റെ മേൽക്കോയ്മ അസന്ദിഗ്ധമായി തെളിയിക്കുന്നു.

ഈ രീതിയിൽ നിർമ്മിച്ചെടുത്ത ആദ്യ മലയാള സിനിമയാണ് 'മിന്നൽ മുരളി'.

സൂപ്പർ ഹീറോകൾ തലങ്ങും വിലങ്ങും വിളയാടിയിട്ടുണ്ട്,ഇതിനു മുമ്പും മലയാള സിനിമയിൽ, മറ്റു ഇൻഡ്യൻ സിനിമകൾ പോലെ. പക്ഷേ താരാരാധന നൂറുംപാലും കൊടുത്തു വളർത്തിയ ഫണിരാജന്മാർ ആണവർ. ഫ്യൂഡലിസത്തിന്റെ നശിക്കാത്ത വേരുകളിൽ നിന്നു പൊട്ടിമുളച്ചവർ. പാളിപ്പോയ ഈഗോ വീർപ്പിച്ചെടുക്കാൻ അധോലോകകഥകൾ കാറ്റൂതിക്കൊടുക്കും, സ്വന്തം സ്വാർത്ഥതാൽപ്പര്യങ്ങൾ സാധിച്ചെടുത്തു സ്ഥലം കാലിയാക്കാനുള്ള ഇവർക്ക്. അഭിനേതാവിനു സൂപ്പർ സ്റ്റാർ എന്ന പദവിനൽകി കഥാപാത്രവുമായി താദാത്മ്യം പ്രാപിപ്പിക്കുക എന്നതാണ് പ്രച്ഛന്നസൂത്രം. പുലിമുരുകൻ ഇങ്ങനെ ഒരുമിച്ചു കൂട്ടിയ സ്വത്വങ്ങളുടെ ആകെത്തുകയായ ഉദാഹരണമാണ്. ആധുനിക സാങ്കേതികതയെ പുച്ഛമാണ്, ഈ നായകന്. വെടിയുണ്ടയെക്കാൾ വേഗത്തിൽ ഓടാൻ കഴിയുന്ന പുലിമുരുകൻ തോക്ക് സുലഭമായിട്ടുള്ള കാലത്തും ശൂലം മാത്രം ഉപയോഗിക്കുന്നയാളുമാണ്. തികഞ്ഞ അഭ്യാസിയായ ഇദ്ദേഹത്തെ പ്രതിരോധിയ്ക്കാനോ പുലിയെ നേരിടാനോ ഒരു ചെറിയ തോക്ക് മതി, പക്ഷേ സിനിമ അതു വിശ്വസിക്കുന്നില്ലെന്ന മട്ടാണ്. സാങ്കേതികതയെ തള്ളിപ്പറയുന്നതിനോടൊപ്പം ഹീറോയിസം എന്നത് പച്ചയായി കളിയാക്കപ്പെടുന്നതിന്റെ ദൃഷ്ടാന്തം.

ഇത്തരം വ്യാജഹീറോകളിൽ നിന്ന് വിമുക്തി നേടിയ പോസ്റ്റ്ഹ്യൂമൻ ഹീറോയെ അവതരിപ്പിക്കുന്നു മിന്നൽ മുരളി. പൊടുന്നനെ മിന്നലിന്റെ വിദ്യുച്ഛക്തി നിപാതത്താൽ അമാനുഷ സിദ്ധി നേടിയവനാണവൻ. അതേസമയം മിന്നൽ മുരളിയുടെ സദുദ്ദ്യമങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുന്ന പ്രതിയോഗിക്കും ഇതേ സിദ്ധികൾ കൈവശമാകുന്നുണ്ട്. മിന്നൽ മുരളിക്ക് ആദ്യം തന്നെ ഹ്യൂമനിസത്തിന്റെ പാളിപ്പോയ സംരക്ഷണവ്യവസ്ഥയായ

പോലീസിനോടാണ് ഏറ്റുമുട്ടേണ്ടി വരുന്നത്, സ്വന്തം സഹോദരീഭർത്താവ് തന്നെ ആദ്യത്തെ ഇര. പോലീസിനും അവസാനം മിന്നൽ മുരളിയെ ആശ്രയിക്കേണ്ടി വരുന്നു,ഗ്രാമസംരക്ഷണത്തിനു. സ്ത്രീ സംരക്ഷണം, ആരാധനാലയ സംരക്ഷണം എന്നിവയൊക്കെയാണ് ആ നാടിന്റെ ആവശ്യങ്ങളെന്നു തിരിച്ചറിഞ്ഞ് പുതിയ പേരിലും സ്വത്വത്തിലും ഈ മുഖം മൂടി അവതരിക്കുകയാണ്. ഒരു നാടകത്തിലെ കല്പിതകഥാപാത്രമായ മിന്നൽ മുരളി എന്ന രക്ഷകനിലേക്കു പരകായപ്രവേശം ചെയ്യുകയാണ് സ്ഥലത്തെ ഒരു സാധാരണ തയ്യൽക്കാരൻ.

ആ ഗ്രാമത്തിൽത്തന്നെ അനന്യസാധാരണമായ കഴിവുകളുള്ള ഒരു സ്ത്രീയെ ചിത്രീകരിക്കാനും ഒരുമ്പെടുന്നുണ്ട് സിനിമ. നായകന്റെ സ്നേഹിതയായ ഇവൾ കരാട്ടെയിൽ വിദഗ്ധയാണ്, തന്നെ പ്രണയത്തിൽ ചതിച്ചവനെ ചവിട്ടിയെറിയുന്നുണ്ട് ഇവൾ. പോസ്റ്റ് ഹ്യൂമന്റെ ലിംഗപരതാനിഷ്പക്ഷതയുടെ ഒരു പ്രത്യക്ഷസൂചകമെന്നപോലെയാണിത്.

സൂപ്പർ നായകൻ/നായികമാരുടെ ആവശ്യം രാഷ്ട്രീയ/സാമൂഹ്യ പശ്ചാത്തലത്തിലാണ് ഉണർന്നുവരാറ്. അതതുകാലത്തെ വെല്ലുവിളികളെ നേരിടാൻ അമാനുഷശക്തികളെ ഭാവന ചെയ്യുന്നത് പുതിയ കാര്യമൊന്നുമല്ല. കോവിഡ് ബാധ ഒരു സന്ദിഗ്ധഘട്ടം ഉളവാക്കിയത് ഇങ്ങനെയുള്ള ഒരു സാമൂഹ്യ വെല്ലുവിളി തന്നെയാണ്. പോലീസിന്റെ അതിക്രമങ്ങൾക്കെതിരെ ഇതേ ഭാവന അതിമാനുഷരെ കൊണ്ടുവന്നിറക്കുന്നതും സങ്കല്പിക്കാവുന്നതാണ്. ഈ സിനിമയുടെ സ്വീകാര്യതയ്ക്കു പിന്നിൽ ഇങ്ങനെയൊരു ഘടകം വർത്തിക്കുന്നുണ്ട്.

## ആവാസവ്യൂഹം—മാനവാനന്തരൻ സിനിമയിൽ തെളിയുന്നു

“500 വർഷത്തെ ഹ്യൂമനിസം (മാനവികവാദം) ഇല്ലാതായിരിക്കുന്നു; അത് നിവൃത്തിയില്ലാതെ മാനവാനന്തരവാദം എന്ന് വിളിക്കപ്പെടുന്നതിലേക്കു സ്ഥാനാന്തരണം ചെയ്യപ്പെട്ടിരിക്കുന്നു.” 1977-ൽ ഇഹാബ് ഹസ്സൻ എഴുതിയതാണിത്. ഭൂലോകത്തിന്റെ കേന്ദ്രം മനുഷ്യൻ അല്ല, മനുഷ്യൻ ഒരു സ്പീഷീസ് മാത്രം എന്ന തിരിച്ചറിവാണ് ഹസ്സനെ ഇത് പറയാൻ പ്രേരിപ്പിച്ചത്. മനുഷ്യനും മനുഷ്യേതര ചരാചരങ്ങളും, സ്വാഭാവികവും കൃത്രിമവും, ഓർഗാനിക്കും യാന്ത്രികവും, ആത്മീയവും ഭൗതികവും എല്ലാം തമ്മിലുള്ള അതിർവരമ്പുകൾ എളുപ്പം പൊട്ടിപ്പോകുന്നതും എളുപ്പം ബോദ്ധ്യപ്പെടാവുന്നതുമല്ല. സാങ്കേതികതയുടെ മുന്നേറ്റത്തോടെ പുതിയ ഒരു മനുഷ്യനാണു സൃഷ്ടിയ്ക്കപ്പെട്ടത്. കൃത്രിമബുദ്ധിയും അവയവ കൈമാറ്റങ്ങളും മനസ്സും ശരീരവും ഒന്നാണെന്നുള്ള

അറിവും മറ്റൊരു മാനവനെ നിർമ്മിച്ചെടുക്കാൻ വഴിതെളിച്ചു. അങ്ങനെ പോസ്റ്റ്ഹ്യൂമൻ അവതരിച്ചു. ഇത്തരമൊരു ആലോചനയുടെ ആവിഷ്കാരമാണ് 'ആവാസവ്യൂഹം' എന്ന സിനിമയിലൂടെ സംവിധായകൻ കൃഷ്ണാനന്ദ് വെള്ളി ത്തിരയിൽ പ്രതിഫലിപ്പിക്കുന്നത്.

ആന്ത്രോപോസീനിലെ മനുഷ്യൻ ചെയ്തുകൂട്ടിയ ദുഷ്ചെയ്തികളുടെ ഫലമായി വംശനാശം വന്നുതുടങ്ങുന്നെന്നു കരുതുന്ന ഒരു ഇനം തവളകളെ അന്വേഷി ച്ചെത്തുന്ന ജോയ് യുടെ കഥയാണ് പോസ്റ്റ് ഹ്യൂമനിസം തത്ത്വങ്ങളിൽ എത്തിച്ചേരുന്നത്. "സംവിധായകന്റെ വാക്കുകളിൽ, "ജോയ് പ്രകൃതിയാണ്. പ്രകൃതിയിലെ ജീവജാലങ്ങളാണ്. ചിലർക്ക് അയാൾ ഒരു പാതാളത്തവള യാണ്, മറ്റുചിലർക്ക് ദൈവികമായ ശക്തികൾ സ്വായത്തമാക്കിയ പ്രകൃതി യുടെ അവതാരവുമാണ്" (ചലച്ചിത്രസമീക്ഷ, മേയ് 2022, പേജ് 39) എന്ന് സി.എസ്. വെങ്കിടേശ്വരൻ തന്റെ ലേഖനത്തിൽ ഉദ്ധരിക്കുന്നു. പ്രകൃതിയിൽ വിലയിക്കുന്ന ജോയ് മാനവാനന്തരനായി മാറുകയാണ്, അയാൾ അന്വേ ഷിക്കുന്ന തവളയായി സ്വയം മാറുമ്പോൾ അതിനു പിന്നിൽ മാനവവാദികൾ ഏൽപ്പിച്ച പീഡനങ്ങളും ക്ഷതങ്ങളുമുണ്ട്.സ്വയം വംശനാശത്തിലേക്ക് നീങ്ങു കയാണു മനുഷ്യർ എന്ന സൂചന കൃത്യമായാണ് സിനിമ ബോധിപ്പിക്കുന്നത്.

'പ്രാപ്പെട' –വംശനാശത്തിനു ശേഷം

പകയും ഹിംസയും മനുഷ്യകുലത്തിനു അറുതി വരുത്തുമ്പോൾ ശേഷിച്ചവർ മാനവാനന്തരലോകത്തിലേക്ക് പതിയേ നടന്നു കയറുന്നത് ദൃശ്യചാരുത യോടെ ആവിഷ്കരിച്ചിരിക്കുകയാണ് കൃഷ്ണേന്ദു കലേഷ് 'പ്രാപ്പെട'യിൽ. വൻ യുദ്ധത്തിനു ശേഷം മിച്ചം വന്ന ആണുങ്ങൾ വീണ്ടും പൊരുതാനിറങ്ങുമ്പോൾ മാനവാനന്തരലോകത്തേയ്ക്കു സ്ഥാനാന്തരണം ചെയ്യപ്പെടുകയാണ് ഏകയായ റൂബി എന്ന പെൺകുട്ടി. അവളുടെ അമ്മയും ഈ ലോകത്തു നിന്ന് അന്തർ ദ്ധാനം ചെയ്യുന്ന വേളയിൽ അന്യഗ്രഹജീവികളാണ് കൂട്ടിനു വരുന്നത്.. പ്രകൃതി യുടെ നൈരന്തര്യം സൂചകമാക്കാൻ ഒരു ആമയാണ് ഉപയോഗിക്കപ്പെടുന്നത്, പ്രകൃതിയുടെ ഉൾവിളി വ്യക്തമാക്കാൻ ആമയുടെ കരച്ചിൽ നിരന്തരമായി പിന്നിലുണ്ട്. കടലിലേക്ക് ഇഴഞ്ഞിറങ്ങുന്ന ആമയേയും മുകളിൽ പറക്കുന്ന പരുന്തിനേയും പ്രകൃതിസൂചകമായി വ്യക്തപ്പെടുത്തിക്കൊണ്ട് മാനവാനന്ത രയായ റൂബി ജൈവനൈരന്തര്യത്തിന്റെ അടയാളമാകുന്നുണ്ടെങ്കിലും ഈ വിപ്ലവത്തിനു മനുഷ്യരാശിയുടെ ചോര ബലിനൽകേണ്ടി വന്നിരിക്കുന്നു എന്ന സത്യം മറ്റൊരു രീതിയിൽ ദൃശ്യപ്പെടുത്തിയിരിക്കുകയാണ്.

മുണ്ടുടുത്ത റോബോട്ട്-ആൻഡ്രോയിഡ് കുഞ്ഞപ്പൻ

തികച്ചും പോസ്റ്റ് ഹ്യൂമന്റെ കഥയാണ് ആൻഡ്രോയിഡ് കുഞ്ഞപ്പന്റേത്. ഒരു ഹോളിവുഡ് ചിത്രത്തിന്റെ തനിപ്പകർപ്പ് ആണെങ്കിലും മലയാളത്തിൽ, കേരളീയ പരിപ്രേക്ഷ്യത്തിൽ ഒരു റോബോട്ട് സൃഷ്ടിയ്ക്കുന്ന ഊഷ്മളബന്ധങ്ങൾ തികച്ചും ബോദ്ധ്യപ്പെടാവുന്നരീതിയിൽ അവതരിക്കപ്പെടുന്നത് പുതുമ തന്നെയാണ്. “A posthuman is a new hybrid species of future human modified by advance technology” എന്ന് Kevin Lagrandeur. ടെക്നോളജിയുടെ സന്തതിയായ ഒരു റോബോട്ടിനെ ഒരു ഗ്രാമാന്തരീക്ഷത്തിൽ പ്രതിഷ്ഠിച്ചുകൊണ്ടാണിത് സാധിച്ചെടുത്തിരിക്കുന്നത്. മകൻ വിദേശത്തായതുകൊണ്ട് തുണയില്ലാതായ വൃദ്ധനായ പൊതുവാളിനു കൂട്ടായിട്ടെത്തിയ റോബോട്ട് പല രീതിയിലും പൊതുവാളിന്റെ മകൻ തന്നെ ആയിത്തീരുന്നതായിട്ടാണ് ആഖ്യാനം. യന്ത്രവുമായി മാനുഷികബന്ധങ്ങൾ സാദ്ധ്യമാണെന്ന് പൊതുവാൾ അറിയുകയാണ്. കേരളത്തിലെ ധാർമ്മികനിബന്ധനകളോടും നൈതികവും സാന്മാർഗ്ഗികവുമായ സാഹചര്യങ്ങളോടും പൊരുത്തപ്പെട്ട് വരുന്നവനാണ് കുഞ്ഞപ്പൻ എന്ന ഓമനപ്പേർ ഇടപ്പെട്ട ആൻഡ്രോയിഡ് റോബോട്ട്. ഗ്രാമവാസി സ്ത്രീകളുടെ അപേക്ഷപ്രകാരം മുണ്ടുടുക്കുന്നുണ്ട് കുഞ്ഞപ്പൻ. ഏതു മതത്തിൽപ്പെടുന്നവനാണ് കുഞ്ഞപ്പൻ, അമ്പലത്തിൽ കയറ്റാവുന്നവനാണോ എന്ന സന്ദേഹം വരുമ്പോൾ ഭഗവദ്ഗീത ഉരുവിടുകയും നെഞ്ചിൽ ഹിന്ദുദൈവരൂപങ്ങളെ പ്രദർശിപ്പിക്കുകയും ചെയ്യുണ്ട് സമർത്ഥനായ മലയാളി ആയി മാറപ്പെട്ട കുഞ്ഞപ്പൻ. തികച്ചും പോസ്റ്റ് ഹ്യൂമൻ സ്വരൂപപ്രദർശനം തന്നെ. ‘ഇനി ഇവിടെ പത്രം ഇടേണ്ട’ എന്ന് പത്രക്കാരനോടു പറയുന്നത് എല്ലാ വിവരങ്ങളും എളുപ്പം സ്വരൂപിക്കുന്ന ഭാവിയിലെ മനുഷ്യൻ തന്നെയാണ്.

പക്ഷേ, സിനിമ അവസാനം പ്രതിലോമകരമാവുകയാണ്. പോസ്റ്റ് ഹ്യൂമനിസത്തിൽ നിന്നു വഴുതിമാറി വെറും ഹ്യൂമനിസത്തിലേക്ക് തിരിഞ്ഞു നടത്തിയ്ക്കുകയാണ് കഥാഗതിയെ,സംവിധായകൻ. ആദ്യകാല ഹോളിവുഡ് സിനിമകളിൽ യന്ത്രമനുഷ്യരെ നീചരായി വിധിച്ചതിന്റെ പിന്തുടർച്ച പോലെ. അതിന്റെതന്നെ ശക്തി റോബോട്ടുകളേയോ യന്ത്രമനുഷ്യര്യരേയൊ നശിപ്പിക്കുന്ന രീതിയിലുള്ള പഴകിയ ചിന്തയുടെ ഭാഗം തന്നെയിത്. പലപ്പോഴും വ്യവസായികവിപ്ലവത്തിന്റെ മോശം സൂചകം, യാന്ത്രികലോകത്തിന്റെ വിനാശകാരിയായ തിന്മ എന്ന രീതിയിൽ കഥ അവസാനിപ്പിക്കുന്നതു പോസ്റ്റ്ഹ്യൂമൻ ചിന്തകൾ കടന്നുവരുന്നതിനു മുമ്പായിരുന്നു. ശരാശരി മലയാളിയുടെ പൊതുബോധത്തോടിണങ്ങും വണ്ണം റോബോട്ടിനെ പ്രതിസ്ഥാനത്ത് നിറുത്തുകയും

യന്ത്രങ്ങൾ വെറും യന്ത്രങ്ങൾ മാത്രമേ ആകൂ എന്നും മനുഷ്യൻ അതിൽ വിശ്വാസമർപ്പിക്കേണ്ടതില്ലെന്നും തെര്യപ്പെടുത്തുന്ന അവസാനരംഗങ്ങൾ. കൂടാതെ മക്കൾ വിദേശത്ത് പോയി ജോലി ചെയ്യേണ്ടവരല്ലെന്നും നാട്ടിൽ ത്തന്നെ നിൽക്കേണ്ടവരാണെന്നും സമർത്ഥിക്കുകയും അതിനു സാധൂകരണം കണ്ടെത്താനുള്ള വെറും ഉപകരണം മാത്രമായിരുന്ന റോബോട്ട് എന്നും പറഞ്ഞുതീർക്കുന്ന അവസാനരംഗങ്ങൾ. മലയാളിയുടെ പതിവ് ഇരട്ടത്താപ്പിന്റെ പ്രത്യക്ഷ ഉദാഹരണം.

എക്കോ ഫെമിനിസവും പോസ്റ്റ് ഹ്യൂമനിസവും

മാനവികതാവാദം (humanism) ഉദ് ഘോഷിച്ചത് മനുഷ്യൻ എന്നത് ആണായിരിക്കണം, അതും വെളുത്തതൊലിയുള്ളവനും, ശരീരപ്രകൃത്യാ ഊക്കേറുന്നവനുമായിരിക്കണം എന്നാണ്. എന്തിനും മേലേ ആയ മനുഷ്യന്റെ സ്വരൂപം ഇത്തരത്തിലാണ് വിധിക്കപ്പെട്ടത്, ആന്ത്രോപോസെൻട്രിസത്തിന്റെ ഉയരത്തിലുള്ള ഘടകമായി. പോസ്റ്റ്ഹ്യൂമനിസം ഇതിനെ വെല്ലുവിളിയ്ക്കുകയും പ്രകൃതിയുമായി ഇണങ്ങുന്ന മനുഷ്യസ്വഭാവത്തിൽ സ്ത്രീ പ്രാതിനിധ്യം ആവശ്യമാണെന്ന് ശഠിയ്ക്കുകയും ചെയ്തു. പുരുഷനും പ്രകൃതിയും വേറിട്ടതല്ലെന്നതും അത് ഒന്നിന്റെ തന്നെ ദ്വന്ദങ്ങളാണെന്നതും ഭാരതദർശനങ്ങളുടെ ഭാഗമായതു കൊണ്ട് ഭാരതീയർക്ക് പോസ്റ്റ്ഹ്യൂമനിസത്തിന്റെ പ്രകൃതിസാംഗത്യം പറഞ്ഞുകൊടുക്കേണ്ട ആവശ്യം വരുന്നില്ല. സെമിറ്റിക് മതങ്ങൾ കൂടുതൽ പുരുഷകേന്ദ്രീകൃതമാണ് അതുകൊണ്ട് പ്രകൃതിയിലെ സ്ത്രീത്വം അത്ര പരിചയമല്ല പാശ്ചാത്യദർശനവിധികൾക്ക്. കാവുകളും അവയിലെ അമ്മദൈവങ്ങളും നമ്മുടെ സംസ്കാരരൂപീകരണത്തിന്റെ ഭാഗമായിട്ടുണ്ട്, പണ്ടേ തന്നെ. പാമ്പുകളെ ഇന്നും ആരാധിക്കുന്നവരുടെ നാടാണ് നമ്മുടേത്. വൃക്ഷങ്ങളെ ആരാധിക്കുന്ന ബുദ്ധമതപാരമ്പര്യവും നമുക്കുണ്ട്. ദൃശ്യകലകളിൽ ഇവയുടെ സ്വാധീനം ധാരാളമായിട്ടുണ്ടുതാനും. പക്ഷേ കോളനിവൽക്കരണത്തിന്റെ ബാക്കിപത്രമായിട്ടും പാശ്ചാത്യരീതികളുടെ പ്രചാരവും അഭിനിവേശങ്ങളും ഏൽപ്പിച്ച ന്യൂനതരബാധകളാലും ആന്ത്രോപാസീൻ കൊടുങ്കാറ്റിൽ പെട്ടു പോവേണ്ടിവന്നുവെന്നതാണു സത്യം. ഒരു തിരിച്ചുപിടിയ്ക്കലിനു വെമ്പുന്ന പോസ്റ്റ്ഹ്യൂമൻ ഹൃദയം ചില സിനിമകളിൽ കാണുന്നുണ്ട്,തീർച്ചയായും. പ്രകൃതിയോടിണങ്ങി അതിന്റെ ഒരു ഭാഗമാകാനുള്ള യത്നത്തിന്റെ അംശങ്ങൾ, പ്രത്യേകിച്ചും സ്ത്രീകേന്ദ്രീകൃതമായി രൂപപ്പെട്ടവ സ്വാംശീകരിച്ച സിനിമകൾ ചുരുക്കമായി പ്രത്യക്ഷപ്പെടാറുണ്ട്. പ്രകൃതിവിധ്വംസകത്തെ നേരിടുന്ന സംഭവഗതികൾ ആവിഷ്ക്കരിക്കപ്പെട്ട സിനിമകളും.

**രാമന്റെ ഏദൻ തോട്ടം, ഒരാൾപ്പൊക്കം**

പ്രകൃതി സമ്മാനിയ്ക്കുന്ന സ്വച്ഛതയും വാത്സല്യവും തേടിപ്പോകുന്നവളുടെ കഥയാണ് രഞ്ജിത് ശങ്കറിന്റെ 'രാമന്റെ ഏദൻ തോട്ട'ത്തിൽ ആഖ്യാനം ചെയ്യപ്പെടുന്നത്. നായിക മാലിനിയുടെ ഭർത്താവ് പുരുഷകേന്ദ്രീകൃത സമൂഹ വ്യവസ്ഥയുടെ പ്രതിനിധി എന്ന മട്ടിലാണ് അവതരണം. ആന്ത്രോപൊസീൻ പുരുഷന്റെ ഉടലാർന്ന പ്രതീകം എന്ന പോലെ. പ്രകൃതിയുടെ സ്ത്രീഭാവത്തോട് അധികാരമനോഭാവമാണിയാൾക്ക്. വാസ്തവികതയ്ക്ക് അപ്പുറമോ ഇപ്പുറമോ എന്ന് തീർച്ചയാക്കാത്ത കഥാപാത്രമാണു രാമൻ. പ്രകൃതിയോടൊപ്പം നിലനിൽക്കുന്നതിന്റെ ആത്യന്തിക ആവശ്യം മനസ്സിലാക്കിയ പോസ്റ്റ് ഹ്യൂമൻ. മാലിനി എന്ന സ്ത്രീത്വം അയാൾക്കൊപ്പം എന്നുമുണ്ട്, മരിച്ച പോയ ഭാര്യ എന്ന നിലയിലാണ് ഈ നിതാന്ത കൂട്ടുകെട്ട് അവതരിക്കപ്പെടുന്നത്.. നായിക മാലിനി ആന്ത്രോപോസീൻ നിബന്ധനകളിൽ നിന്ന് വിടുതൽ നേടി മാനവാനന്തരകാലഘട്ടത്തിലേക്ക് സ്ഥാനാന്തരണം ചെയ്യുന്നതായിട്ടാണ് അവതരണം. പക്ഷേ നഗരജീവിതത്തെ തള്ളിക്കളയുകയോ ഇകഴ്ത്തുകയോ ചെയ്യുന്നില്ല. പല സിനിമകളിലും ഗ്രാമ്യതയെ പുൽകുന്ന കഥാരീതി ഉണ്ടെങ്കിൽ സാങ്കേതികതയെ തള്ളിപ്പറയുന്ന ഇരട്ടത്താപ്പാണ് പ്രകടമാക്കാറ്. മാലിനി ആൺകോയ്മാനിബന്ധനകളിൽ നിന്ന് പു റത്തുകടക്കുകയും ചെയ്യുന്നു, രാമൻ എന്ന മിക്കവാറും മിത്തിക്കൽ ആയ കഥാപാത്രത്തെ അതേ പടി നിലനിർ ത്തിക്കൊണ്ടു തന്നെ. അവൾ നൃത്താദ്ധ്യാപികയാണ്, ലാസ്യഭംഗിയിണങ്ങിയ, കേരളപ്രകൃതിയോട് കൂടുതൽ ഇണങ്ങുന്ന മോഹിനിയാട്ടമാണ് നൃത്തരീതി എന്നു സിനിമ ഉറപ്പിച്ചത് യാദൃശ്ചികമാകാനിടയില്ല.

'ഒരാൾപ്പൊക്കം' സ്ത്രീ, പ്രകൃതി, പുരുഷമേൽക്കോയ്മ, ആന്ത്രോപൊസീൻ കടന്നുകയറ്റങ്ങൾ, മുക്തി ഇവയെല്ലാം സങ്കീർണ്ണമായി കെട്ടുപിണയുന്നതു കഥാരൂപം നൽകി ആവിഷ്കരിച്ചിട്ടുള്ളതാണ്. പാരിസ്ഥിതികജീർണ്ണോദ്ധാ രണം (Ecological repair) അതുമായി ഘടിപ്പിയ്ക്കുകയും ചെയ്യുന്ന സമർത്ഥ മായ ആഖ്യാനമാണു സനൽകുമാർ ശശിധരന്റേത്. അപ്രത്യക്ഷയാകുന്ന നായികയെത്തേടി നായകൻ നടത്തുന്ന വിപുലമായ തേടലിൽ നായിക പ്രകൃതിയുടെ ഭാവങ്ങളായി പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷപ്പെടുകയുമാണ്. പല രൂപത്തിലും പല കഥാപാത്രങ്ങളായും നായിക അനുഭവപ്പെടുന്നുണ്ടു നായകന്. ആണഹന്തയുടെ അടരുകൾ ഓരോന്നായി അഴിഞ്ഞു വീഴുന്നു ണ്ട് നായകന്റെ ഈ മോചനത്തിന്റേയും മുക്തിയുടെയും തീർത്ഥയാത്ര യിൽ. കഠിനാനുഭവങ്ങളുടെ അഗ്നിപരീക്ഷകൾ അനുഭവിച്ചാണ് അയാൾ

Feb., 2023-Jan. 24
Volume 02: No. 1

മാനവാനന്തരൻ (posthuman) ആയിത്തീരുന്നത്. തന്റെ പ്രേയസി ആയിരുന്ന നായിക പൂർണ്ണമായി പ്രകൃതിയിൽ വിലയിച്ചു കഴിഞ്ഞിരുന്നു അപ്പൊഴേയ്ക്കും. ലോകപ്രകൃതിദൃശ്യങ്ങളിൽ അദ്വിതീയപ്രാധാന്യം നേടിയിട്ടുള്ള ഹിമാലയ താഴ്വരകളാണ് ഈ സംഭവങ്ങളുടെ പശ്ചാത്തലം. ആന്ത്രോപോസീനിലെ മനുഷ്യനിർമ്മിതിക്കെടുതികൾ, വെള്ളപ്പൊക്കം, അണക്കെട്ട് നിർമ്മിതിയും തകരലും, അങ്ങനെ ദുരന്തങ്ങൾക്കു സാക്ഷിയാകുന്നുണ്ട് നായകൻ.

വിലയനം പ്രാപിച്ച പ്രകൃതിയേയും സ്ത്രീയെയും ചിത്രീകരിക്കുന്നത് മലയാളസിനിമയിൽ ഇതാദ്യമല്ല. അരവിന്ദന്റെ കാഞ്ചനസീതയിൽ സീത തൽസ്വരൂപമാർന്ന് പ്രത്യക്ഷപ്പെടുന്നതേയില്ല. ശ്രീരാമനോടൊപ്പം സീതയുണ്ട് .പക്ഷേ പ്രകൃതിയുടെ അനുഭവങ്ങളായി ഇന്ദ്രിയസാക്ഷാത്ക്കാരം നിർവ്വഹിക്കപ്പെടുകയാണ്. കാറ്റായും കുളിരായും ഓളങ്ങളായും അതു സംഭവിക്കുകയാണ്. ശ്രീരാമനു രാജാവിന്റെ വേഷഭൂഷാദികളോ ഭാവഹാവാദികളോ നൽകപ്പെട്ടിട്ടില്ല, പ്രകൃതിയോട് സമരസപ്പെടുന്ന മാനവാനന്തരൻ തന്നെ. അരവിന്ദന്റെ തന്നെ 'കുമ്മാട്ടി' യിൽ മനുഷ്യർ (കുട്ടികൾ) തന്നെ മൃഗങ്ങളായി മാറുന്നവരാണ്, ചില മായാവിദ്യകളാൽ. അത് ഒരു ഹീനമോ നീചമോ ആയ പ്രവൃത്തി അല്ല, കളിയാണ്. ഈ മായാവിദ്യയുടെ അഭാവത്തിൽ മൃഗങ്ങളായവർക്കു തിരിച്ച് മനുഷ്യരാവാൻ പറ്റാതെ പോകുകയാണ്, അതു ദുരന്തം സൃഷ്ടിയ്ക്കുന്നു.

## പുതിയ സിനിമകളിൽ പോസ്റ്റ് ഹ്യൂമൻ ആശയങ്ങൾ

'ചുരുളി'യിൽ വന്യത മനുഷ്യനു ഉപരിയായി മേൽക്കൈ നേടുന്ന ആഖ്യാനമാണ്. കാടാണു മനുഷ്യന്റെ ആന്തരികസ്വഭാവം നിർണ്ണയിക്കുന്നത്. വനസ്ഥലികളിൽ സ്വത്വം നഷ്ടപ്പെടുന്ന മനുഷ്യനു അതേ ഇടങ്ങൾ തന്നെ മറ്റൊരു സ്വത്വം കണ്ടുപിടിച്ചു കൊടുക്കപ്പെടുകയാണ്. സമയമെന്നതു ആപേക്ഷികമാണെന്നു എളുപ്പം തെളിയിക്കുന്നത് കാടിന്റെ ശാസ്ത്രമാണ്. പ്രകൃതിയുടെ ചാക്രികതയാണ് മനുഷ്യന്റെ ഉള്ളിൽ പ്രവർത്തിക്കുന്നത്, വന്യതയാണ് മാർഗ്ഗദർശകസ്വരൂപം. ജനനമരണനിഗൂഢതകൾ കാടകങ്ങൾക്കുള്ളിലാണ്. നാഗരികനായി മാറിയെങ്കിലും തദ്ജന്യമായ ക്രൗര്യങ്ങൾക്ക് കാട്ടിന്റെ നീതിയുണ്ട്, അത് നടപ്പാക്കപ്പെടുക തന്നെ ചെയ്യുമെന്നു സിനിമ പ്രഖ്യാപിക്കുന്നു. പോസ്റ്റ്ഹ്യൂമൻ സംസ്കാരത്തിൽ മനുഷ്യൻ-മനുഷ്യേതരം ഇവ തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളിൽ കഥാഖ്യാനം പല വഴികൾ തേടാം, പ്രതിനിധീകരണത്തിലും കഥ പറച്ചിലിലും ആവിഷ്ക്കാരചിന്തകൾ ഗതാനുഗതികത്വം പാലിക്കണമെന്നില്ല. പാശ്ചാത്യ സയൻസ് ഫിക്ഷൻ സിനിമകളിൽ ഇതു വ്യക്തമാണ്. സമയം അകം പുറം തിരിയുമ്പോൾ ഇടവും

അകം/പുറം തിരിയാം, യഥാതഥവും സാങ്കല്പികവുമായ ഇടങ്ങൾ തിരിച്ചറിയ പ്പെട്ടേയ്ക്കുകയില്ല. ഓർമ്മകൾ അരേഖീയ (nonlinear) മായേക്കാം. Time loop ആഖ്യാനത്തിന്റെ കാതൽ ആകുന്നുണ്ട് ചുരുളിയിൽ. സിനിമയിലെ പോസ്റ്റ് ഹ്യൂമൻ ആവിഷ്ക്കാരങ്ങളെക്കുറിച്ചുള്ള ലേഖനത്തിൽ അന്നെകെ സ്മെലിക് ഇങ്ങനെ അഭിപ്രായപ്പെടുന്നു: “The spectator can thus change classical patterns of identification and establish an experimental relation to the posthumanist films, embracing the narrative as a loop that intricately connects present, past and future.” ഇതേ സംവിധായകന്റെ (ലിജോ പെല്ലിശ്ശേരി) 'ജെല്ലിക്കെട്ട്'-ലും വന്യതയാണ് മനുഷ്യസ്വഭാവത്തിന്റെ കെട്ടഴിക്കലിന്റെ പശ്ചാത്തലനിർമ്മിതി സംഭവിപ്പിക്കുന്നത്. എല്ലാ പ്രത്യയശാസ്ത്രങ്ങളും അവിടെ അടിപതറി ചിതറിത്തെറിക്കുകയാണ്. നക്സലിസം ഉൾപ്പെടെ കേരളത്തിലെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ തത്ത്വദീക്ഷകൾ ഒക്കെ വെറും നേരമ്പോക്കായി മാറ്റപ്പെടുകയാണവിടെ. ഇടവിട്ടുള്ള രംഗങ്ങളിൽ രാഷ്ട്രീയക്കാരുടെ കളികൾ പ്രത്യക്ഷമാക്കുന്നുണ്ട്.'ചാർളി' യിലെ നായകൻ ചില പിന്തിരിപ്പൻ പ്രഖ്യാപനങ്ങൾ (“ഈ ഭൂമിയിലെ നല്ല വസ്തുക്കൾ എല്ലാം നമുക്കുള്ളതാണ്” എന്ന മാതിരി) നടത്തുന്നുണ്ടെങ്കിലും നിർമ്മമനായ ഒരു റോബോട്ടിന്റെ എന്നപോലെ, രക്ഷകനായ യേശു എന്നപോലെ പോസ്റ്റ്ഹ്യൂമൻ സ്വഭാവം പേറുന്നുണ്ട് പലപ്പോഴും. 'ലീല'യിലെ നായകൻ തന്റെ ചോദനകൾക്കു തുറസ്സ് തേടുന്നത് വന്യതയിലും അവിടെ തെളിയുന്ന ആനയിലുമാണ്. കൃഷി വൻരീതിയിൽ പരിസ്ഥിതിനാശത്തിനു വഴി തെളിച്ചിട്ടുണ്ടെങ്കിലും 'ഇവിടം സ്വർഗ്ഗമാണ്' (ബ്ലെസ്സി) എന്ന സിനിമയിൽ പ്രകൃതിയിലേക്ക് മടങ്ങുക എന്ന സന്ദേശം പേറുന്ന കർഷകനെ കാണാം. എന്നാൽ 'ലൗഡ് സ്പീക്കർ' (ജയരാജ്)-ൽ ഗ്രാമ്യതയുടെയും സ്വച്ഛപ്രകൃതിയുടേയും സന്തോഷങ്ങളിലേക്കു മടങ്ങാൻ ആഹ്വാനം ചെയ്യുന്ന കഥാതന്തു ആധുനികമായതിനേയും സാങ്കേതികതയുടെ വിജയങ്ങളേയും പാടേ നിരസിക്കുകയാണ്, അതിന്റെ എല്ലാ സൗഭാഗ്യങ്ങളെയും സർവ്വാത്മനാ സ്വാംശീകരിച്ചുകൊണ്ടു തന്നെ. ഇതു വ്യാജമാണെന്നു മാത്രമല്ല ഇരട്ടത്താപ്പുമാണ്. 'ലൗഡ്സ്പീക്കർ' സിനിമ സ്ത്രീവിരുദ്ധവുമാണ്.

പ്രധാനവും വിലപ്പെട്ടതുമായ ജീവിതവ്യവഹാരങ്ങൾ കമ്പ്യൂട്ടർ വഴി മാത്രം സാധിച്ചെടുക്കുന്നതിന്റെ കഥാഖ്യാനമാണ് 'സീ യു സൂൺ' (മഹേഷ് നാരായണൻ). സാങ്കേതികത എത്രമാത്രം ജീവിതഗന്ധിയും സുഗമവും മനുഷ്യാനുകൂലവുമാണെന്നു തെളിയിക്കപ്പെടുന്നുണ്ട് ഈ സിനിമയിൽ. ഒന്ന് രണ്ട് ലാപ്‌റ്റോപ്പുകളും സെൽ ഫോണുകളും മാത്രം വഴി നിർണ്ണായകമായ

Feb., 2023-Jan. 24
Volume 02: No. 1

ജീവിതവഴിത്തിരിവുകളിലെ തീരുമാനങ്ങൾക്ക് സാധുതയേറ്റപ്പെടുകയാണ്. നേരിൽ കാണാതെ, കമ്പ്യൂട്ടർ സ്ക്രീനിലെ പ്രതിരൂപങ്ങൾ മാത്രം വിശ്വസിച്ച് ഇണയെ തീരുമാനിക്കുന്നതും കുടുംബങ്ങൾ തമ്മിലുള്ളചില പ്രാഥമിക ചടങ്ങുകൾ സാങ്കേതികതയെ ആശ്രയിച്ച നടത്തപ്പെടുന്നതും ദൃശ്യപ്പെടുത്തുന്നുണ്ട്. സമയവും ദൂരവും ഖണ്ഡിക്കപ്പെട്ട പുതിയ വാതാവരണത്തിലെ മനുഷ്യജീവിതത്തിന്റെ നേർ ആഖ്യാനമാണ് 'സീ യു സൂൺ'. ഇതേ കമ്പ്യൂട്ടർ സാങ്കേതികത ഉപയോഗിച്ച പുരുഷന്റെ നീചത്വത്തിൽ നിന്ന് സ്ത്രീയ്ക്ക് രക്ഷ കിട്ടാനുള്ള ഉപായങ്ങൾ നിർമ്മിച്ചെടുക്കുന്നുമുണ്ട്. അതുകൊണ്ട് സിനിമ തികച്ചും സ്ത്രീപക്ഷവുമാണ്.

മാനവാനന്തരകാലത്ത് ലിംഗഭേദങ്ങൾ വിസ്മൃതവും അപ്രസക്തവുമാണ്. പുരുഷൻ മേൽക്കൈ നേടുന്നില്ല, സ്ത്രീയ്ക്കും തുല്യതയാണ് എന്നു മാത്രമല്ല സ്ത്രീയോ പുരുഷനോ എന്ന ചോദ്യം പോലും ഉദിയ്ക്കുന്നില്ല. ലിംഗനീതി എന്നുള്ളത് ആവശ്യമായി വരുന്നില്ല എന്നതാണ് സത്യം. പാശ്ചാത്യ സിനിമകളിലെ സൈബോർഗുകളും റോബോട്ടുകളും ലിംഗപരമായി തരം തിരിക്കപ്പെട്ടവരല്ല. ആണിന്റെ സ്വത്വം—കായികമായിട്ടെങ്കിലും—ഏറ്റെടുക്കാനാവുന്ന പെണ്ണിനെ ചിത്രീകരിക്കപ്പെടുന്നതു വരെ മലയാളം സിനിമ എത്തിയിരിക്കുന്നു എന്നത് ശ്രദ്ധാർഹമാണ്. 'ഭീമന്റെ വഴി' (അഷ്റഫ് ഹംസ) യിൽ അവസാനം വില്ലനെ എടുത്ത് മറിച്ച് നിലത്തിടുന്നത് നായകനായ പുരുഷനോ മറ്റൊരു അഭ്യാസി ബലവാനോ അല്ല ജൂഡൊ അദ്ധ്യാപികയായ ഒരു സ്ത്രീ–അഞ്ജു (നടി ചിന്നു ചാന്ദ്നി)—ആണ്. ഫലിതത്തിനു വേണ്ടി അവതരിക്കപ്പെട്ടിരുന്ന സ്ത്രീ, പോലീസ് കഥാപാത്രങ്ങൾ നേരേ തിരിഞ്ഞ് അധികാരത്തിന്റെ തലപ്പത്തുള്ളവരായിട്ട ചിത്രീകരിക്കപ്പെടുന്നുണ്ട്. 'ദൃശ്യ'ത്തിലും (ആശാ ശരത്ത് കഥാപാത്രം) 'നായാട്ടി'ലും (യമ കഥാപാത്രം) ഇതു കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. പീഡകനായ ഭർത്താവിനെ കായികമായി നേരിട്ട് കീഴ്പ്പെടുത്തുന്ന ഭാര്യയെ 'ജയ ജയ ജയ ഹേ'യിൽ ദൃശ്യപ്പെടുത്തുന്നു, ദാമ്പത്യ പ്രശ്നങ്ങൾക്കു പരിഹാരം ഹിംസയാണെന്ന സൂചനയുണ്ടെങ്കിലും സ്ത്രീയുടെ അധികാരങ്ങളെക്കുറിച്ച ധരിപ്പിക്കുക ഉദ്ദേശ്യം തന്നെ. സ്ത്രീ പ്രകൃതിയാണെന്നും അതിനു വശംവദനാകേണ്ടതു പുരുഷന്റെ ശീലങ്ങളിൽ ഒന്നാണെന്നുമുള്ള പഴയ ഭാരതീയ ചിന്താധാരയുടെ ബാക്കിപത്രം തന്നെയിത്. 'കാഞ്ചനസീത'യിലേയും 'ഒരാൾപ്പൊക്ക'ത്തിലേയും സ്ത്രീ തന്നെയാണിവിടെയും പ്രത്യക്ഷമാകുന്നത്.

'വുമൻ വിത് എ മൂവി ക്യാമെറ' (സംവിധാനം: അടൽ കൃഷ്ണൻ) ലൈംഗിക സ്റ്റീരിയോടൈപ്പുകളെ അപനിർമ്മിക്കാൻ ശ്രമിക്കുന്നുണ്ട്. സിനിമയിലെ

സ്ത്രീകൾ—പുരോഗമനം നടിയ്ക്കുന്ന ഹോളിവുഡ് സിനിമകളിൽപ്പോലും—ആണിന്റെ നോട്ടം പിടിച്ചുപറ്റാൻ ശ്രമിക്കുന്നവളും സുന്ദരിയും ആണിനു നേടിയെടുക്കാനുമുള്ള ലൈംഗികവസ്തുവുമാണ്. റോബോട്ടുകളുടെയോ അന്യഗ്രഹജീവികളുടേയൊ ജീവിതം ചിത്രീകരിക്കുമ്പോഴും ഈ നിയമങ്ങൾ പാലിക്കപ്പെടാറുണ്ട്. പുരുഷനെ വെല്ലുവിളിയ്ക്കുന്ന സ്ത്രീകളും പ്രതികാരം ചെയ്തു തൃപ്തിയടയുന്ന സ്ത്രീകളും സിനിമയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നതും സത്യമാണ്. ക്യാമെറയേന്തിയ സ്ത്രീ ഒരു വീട്ടിനുള്ളിൽ കടന്നുചെന്ന് പുരുഷപീഡനമേറ്റവരുടെ കഥ ചിത്രീകരിക്കുകയാണ് സിനിമയ്ക്കുള്ളിലെ സിനിമയായ 'വുമൻ വിത് എ ക്യാമെറ'. കുടുംബാന്തരീക്ഷത്തിൽത്തന്നെ, അമ്മയും മകളും ഉൾപ്പെടെയുള്ളവർ പുരുഷപീഡനക്കഥകൾ പങ്കുവെയ്ക്കുന്നതു ക്യാമെറ പകർത്തുന്നുണ്ട്. സിനിമയ്ക്കുള്ളിലെ സിനിമ തന്നെ. ഇത് ഒരു ഉട്ടോപ്പ്യൻ വാതാവരണമാണെങ്കിലും സത്യസന്ധതയുടെ നേർദർശനം എന്ന രീതിയിലാണ് ആഖ്യാനം. ക്യാമെറ എന്ന ഉപകരണം ഇവിടെ ശ്രദ്ധേയമാണ്, ഇവരുടെ കഥകൾ പുറം ലോകത്തെത്തുകയാണെന്ന അറിവോടെയാണ് ഈ പാട്ടിയാർക്കി കഥകൾ തെര്യപ്പെടുത്തുന്നത് എന്നത് ലിംഗനീതിയിൽ വരേണ്ടതോ വരുത്തേണ്ടതോ ആയ അവശ്യം സംഹിതകളുടെ ചുരുക്കം തന്നെയാണ്. ആന്ത്രോപോസീനിൽ നിന്നു പുറത്തുകടക്കാൻ വെമ്പുന്നവരുടെ ലോകമാണ് ഈ സിനിമ പ്രകാശിപ്പിക്കുന്നത്.

പ്രകൃതിയോടും സ്ത്രീയോടുമുള്ള സമീപനവും ജൈവബന്ധങ്ങളും ബഹുമാനവും എപ്രകാരം മാറപ്പെടുന്നു എന്ന് ആഖ്യാനപ്പെടുത്തുന്ന സിനിമകൾ മലയാളത്തിൽ പ്രത്യക്ഷപ്പെടുന്നു എന്നതു മാനവികാനന്തര ചിന്തകൾ സമൂഹത്തിൽ വേരോടിക്കഴിഞ്ഞിരിക്കുന്നുവെന്ന സത്യത്തിന്റെ ദൃഷ്ടാന്തമാണ്.

## ആധാരസൂചി

1. Braidotti, R. 2019. Posthuman Knowledge. Cambridge University Press, 2019, pp226.
2. Fox, N. J. and Alldred P. Sustainability, feminist posthumanism and the unusual capacities of (post) humans. Environmental Sociology 6: 121-131, 2020
3. Hassler-Forest, Dan. Of Iron Men Posthumanism in Film and Television. Ed. Hauskeller, M., Philbeck T. D. and Carbonell C. D. Palgrave MacMillan 2015 pp:450

4. LaGrandeur, Kevin. Androids and the Posthuman in Television and Film. In The Palgrave Handbook of Posthumanism in Film and Television. Ed. Hauskeller, M., Philbeck T. D. and Carbonell C. D. Palgrave MacMillan 2015 pp:450
5. Nayar, Pramod K. 'Trust a Few,Fear the Rest :' The Anxiety and Fantasy of Human Evolution. In The Palgrave Handbook of Posthumanism in Film and Television. Ed. Hauskeller, M., Philbeck T. D. and Carbonell C. D. Palgrave MacMillan 2015 pp: 450
6. Ornella, Alexander D. Uncanny Intimacies: Humans and Machines in Film. In The Palgrave Handbook of Posthumanism in Film and Television. Ed. Hauskeller, M., Philbeck T. D. and Carbonell C. D. Palgrave MacMillan 2015 pp: 450.
7. Smelik, Anneke. Film. In The Cambridge Companion to Literature and the Posthuman. Ed. Clarke B. and Rossini M. Cambridge University Press, 2017, pp: 224.
8. വെങ്കിടേശ്വരൻ സി.എസ്., ഡിജിറ്റൽ തലമുറയുടെ ന്യൂജെൻ സിനിമകൾ. മാതൃഭൂമി ആഴ്ചപ്പതിപ്പ് 17 ജൂലൈ, 2022.

*ethiran@gmail.com*

# മാനവാനന്തരകാലവും മനുഷ്യേതര ഇടങ്ങളും: സമകാലിക മലയാളാഖ്യാനങ്ങളുടെ രാഷ്ട്രീയം

**ഡോ. ലിജി എൻ.**
**അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ.കോളേജ് കാസർഗോഡ്**

## പ്രബന്ധസംഗ്രഹം

സമകാലികമലയാള സാഹിത്യാഖ്യാനങ്ങളിലെ മനുഷ്യേതര ഇടങ്ങളെ മാനവാനന്തരവാദത്തിന്റെ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ. മനുഷ്യവർഗത്തെക്കുറിച്ചുള്ള പുതുസങ്കല്പങ്ങളും മനുഷ്യേതര ജീവിവർഗങ്ങളുടെ ഇടങ്ങളും സമകാലികസാഹിത്യാഖ്യാനങ്ങളിൽ പ്രഥമ പരിഗണനകളാണ് എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയത്തെ സമീപിച്ചിട്ടുള്ളത്. മനുഷ്യരഹിതമായ യന്ത്ര ഇടങ്ങളും, യന്ത്ര- മനുഷ്യ സംയുക്തമായ സൈബോർഗ്യൻ ഇടങ്ങളും, സൂക്ഷ്മജീവിവർഗങ്ങളുടെ ആവാസഇടങ്ങളും ആഖ്യാനങ്ങളിൽ പ്രശ്നഭരിതമായി നിൽക്കുന്നുണ്ട്. മനുഷ്യൻ എന്ന ജീവിവർഗത്തിന്റെ അധീശത്വത്തെ സ്വയം നിരസിച്ചുകൊണ്ട് ഇതര ജീവിവർഗങ്ങളുമായി കണ്ണിചേരുകയും അവയുടെ കർതൃത്വത്തെ കേന്ദ്രസ്ഥാനത്ത് നിർത്തുകയും ചെയ്യുന്ന ജൈവരാഷ്ട്രീയമാണ് ആഖ്യാനങ്ങൾ മുന്നോട്ട്വെയ്ക്കുന്നത്. മനുഷ്യനും യന്ത്രവും, മനുഷ്യനും ഇതര ജീവികളും ചേർന്ന് രൂപപ്പെടുന്ന ഒരു ആവാസവ്യവസ്ഥയ്ക്കകത്താണ് മാനവാനന്തരമനുഷ്യൻ നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ പുതുജീവിവർഗമായി ഉരുത്തിരിയുന്ന മനുഷ്യവർഗ സങ്കല്പങ്ങളും മനുഷ്യേതര ഇടങ്ങളും ആഖ്യാനങ്ങളിൽ പ്രബലമായിത്തീരുന്നു.

**താക്കോൽവാക്കുകൾ:** മാനവാനന്തര വാദം (Post humanism), ട്രാൻസ് ഹ്യൂമനിസം (trans humanism), ടെക്നോ-ഹ്യൂമൻ (techno human), സൈബോർഗ് (cyborge), ഇടം (Space), ആന്ത്രോപോസീൻ (Anthropocene)

## ആമുഖം

മനുഷ്യകേന്ദ്രിതമായ മാനവവാദ (humanism) ത്തിന്റെ പരിണാമദശയാണ് മാനവാനന്തരവാദം (Post humanism) ചർച്ച ചെയ്യുന്നത്. മാനവികയുഗം എന്നറിയപ്പെടുന്ന ആന്ത്രോപോസീൻ കാലത്തിന്റെ അനന്തരം എന്ന അർഥ ത്തിൽ പോസ്റ്റ്ആന്ത്രോപോസീൻ യുഗമെന്നും മാനവാനന്തരകാലം അറിയ പ്പെടുന്നു. മനുഷ്യൻ എന്ന ജൈവപ്രതിഭാസം പ്രശ്നവൽകൃതമാവുന്നു എന്നതും മറ്റു ജീവിവർഗങ്ങൾ പോലെ ഒരു സ്പീഷിസ് മാത്രമാണ് മനുഷ്യൻ എന്നതും യന്ത്ര- ജൈവ സംയുക്തമായ സൈബോർഗുകളുടെ കാലത്തിലേക്ക് മനുഷ്യൻ പരിണമിച്ചിരിക്കുന്നു എന്നതുമാണ് മാനവാനന്തരവാദം മുന്നോട്ട്വെയ്ക്കുന്ന പ്രധാന ആശയങ്ങൾ. ആന്ത്രോപോസീൻ യുഗത്തിലെ ഭൗമജീവിയായ മനു ഷ്യന്റെ പ്രവർത്തനഫലമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളും മനുഷ്യൻ എന്ന ജീവിവർഗത്തെത്തന്നെ ഭൂമുഖത്തു നിന്ന് ഇല്ലായ്മ ചെയ്യുന്നുണ്ട് എന്ന് മാനവാനന്തരകാലം ചർച്ച ചെയ്യുന്നുണ്ട്. ഭൂമിശാസ്ത്രപരമായി കേരളത്തിനുണ്ടാവുന്ന മാറ്റവും ആവർത്തി ച്ചുവരുന്ന പ്രകൃതിദുരന്തങ്ങളും യന്ത്ര- മനുഷ്യലോകത്തിന്റെ പരിണതികളും ഗ്രസിച്ചു കൊണ്ടിരിക്കുന്ന സമൂഹമായി മാറുമ്പോൾ രൂപപ്പെടുന്ന പ്രതിബോധം എന്ന നിലയിൽ മലയാള സാഹിത്യാഖ്യാനങ്ങളിലെ മനുഷ്യേതരങ്ങളുടെ ഇടങ്ങളെ വ്യാഖ്യാനിക്കാം. മാനവികയുഗത്തിലെ അധിപതിയായ മനുഷ്യനെ നിരാകരിച്ചു കൊണ്ട് മനുഷ്യേതരങ്ങളുടെ ഇടത്തെ സൂക്ഷ്മമായി അനുഭവിക്കുന്ന ആഖ്യാനങ്ങളും സൈബോർഗ്യൻ കാലത്തിന്റെ വിഹ്വലതകളും ഉത്കണ്ഠകളും പങ്കുവെയ്ക്കുന്ന ആഖ്യാനങ്ങളുമായി സമകാലിക മലയാളഭാവന ചരിക്കുന്നുവെ ന്ന വീക്ഷണത്തിലാണ് ഈ പ്രബന്ധം തയ്യാറാക്കിയിട്ടുള്ളത്.

## മനുഷ്യരഹിത ദേശരൂപങ്ങളുടെ കാലം.

മനുഷ്യൻ എന്ന സങ്കല്പത്തിന് വലിയ ആഘാതങ്ങൾ സൃഷ്ടിക്കുന്ന കാലമാണ് പോസ്റ്റ് ആന്ത്രോപോസിൻ യുഗം. മനുഷ്യരഹിത ഇടങ്ങളായ ദേശരൂപങ്ങ ളെക്കുറിച്ച് - ഇന്റർനെറ്റിന്റെ ആവാസലോകത്തെക്കുറിച്ചുള്ള പഠനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കാലമാണ്. യന്ത്രങ്ങൾക്കു വേണ്ടി യന്ത്രങ്ങളാൽ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളും ദേശങ്ങളും ഉൾപ്പെടുന്ന ആവാസങ്ങളാണ് ഇന്ന് ലോകത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത്. ഫെയ്സ് ബുക്ക്, ആമസോൺ, ഗൂഗിൾ, ആപ്പിൾ മുതലായ ടെക്ഡാറ്റാ സെന്ററുകൾ നിലനിൽക്കുന്ന കെട്ടിട സമുച്ചയങ്ങളാണ് ഈ മനുഷ്യരഹിതലോകങ്ങൾ. മാനവാനന്തര

ലോകത്തിന്റെ പുതു സൂചകങ്ങളുടെ ഉത്തമ ഉദാഹരണമാണ് ഈ ഇടങ്ങൾ. അമേരിക്കയിലെ പ്രൈൻവില്ലയിൽ സ്ഥിതിചെയ്യുന്ന ഫേസ്ബുക്ക്ഡാറ്റസെന്റർ അത്തരമൊരു ഇടമാണ്. സമകാലികജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് നിലകൊള്ളുന്ന പരമപ്രധാനങ്ങളായ ഈ കെട്ടിടങ്ങളിലെ സർവർസ്റ്റോക്കുകളാണ് ആഗോള ഉപഭോക്താക്കളുടെ ജീവിതം നിയന്ത്രിച്ചും നിരീക്ഷിച്ചും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. (Ed: Liam Young 2019:7-11) തികച്ചും മനുഷ്യശൂന്യമായ ഈ ഇടങ്ങൾ ആഗോളജീവിതത്തെ ഗ്രസിച്ചു കഴിഞ്ഞ സാഹചര്യമാണ് പോസ്റ്റ് ആന്ത്രോപോസിൻ യുഗം ചർച്ച ചെയ്യുന്നത്. യന്ത്ര-ജൈവ സംയുക്തമായ സൈബോർഗ്യൻ കാലങ്ങളുടെ സമകാലസാഹചര്യം മനുഷ്യരഹിതമായ ആവാസഇടങ്ങളുടേതാണെന്ന് സൂചിപ്പിക്കാനാണ് ഇവിടെ ശ്രമിച്ചത്.

ശൂന്യമായ മനുഷ്യ ഇടങ്ങളും പൂർണ്ണമായും യന്ത്ര ഇടങ്ങളുമായ ദേശരൂപങ്ങൾ മനുഷ്യവംശത്തെ കീഴ്പ്പെടുത്തിക്കൊണ്ടിരിക്കുന്ന അതേ കാലത്തുതന്നെയാണ് സൂക്ഷ്മജീവാണുക്കളും മനുഷ്യലോകത്തെ അധീനപ്പെടുത്തുന്നത്. 7000 ത്തോളം വർഷം നിലനിന്ന മാനവികതയുടെ യുഗത്തിൽ (ആന്ത്രോപോസിൻ യുഗത്തിൽ) ഭൗമജീവിയായ മനുഷ്യൻ കാണിച്ച അധീശത്വങ്ങളുടെ പ്രത്യാഘാതങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ മനുഷ്യരഹിതമായ ഭൂമിയെക്കുറിച്ചുള്ള ചിന്തകളും കടന്നുവരുന്നു. അലൻവൈസ്മാൻ എഴുതിയ The world without us (2007)എന്ന കൃതിയിൽ ഒരു പ്രത്യേകതരം അണുബാധ മൂലം മനുഷ്യർ മാത്രം മരിച്ചുപോവുകയും പ്രകൃതിയും ജന്തു-സസ്യജാലങ്ങളും അതേപടി നിലനിൽക്കുകയാണെങ്കിൽ എന്താണ് സംഭവിക്കുന്നത് എന്നതിന്റെ അന്വേഷണങ്ങളാണ് നടത്തുന്നത്. 'മനുഷ്യൻ ഒരു സ്പീഷിസ് മാത്രം' എന്ന ലേഖനത്തിൽ എതിരൻ കതിരവൻ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്. (2021: 118) ഇതര ജീവിവർഗങ്ങളുടെ വംശനാശത്തെക്കുറിച്ച് ഭീതിയില്ലാതിരുന്ന മനുഷ്യൻ, മനുഷ്യവംശനാശം എന്ന ഭീതിയിലേക്ക് എത്തിച്ചേർന്നിരിക്കുന്ന കാലഘട്ടത്തിൽ ജൈവ ആവാസത്തെക്കുറിച്ചുള്ള സൂക്ഷ്മബോധ്യങ്ങൾ പലതലത്തിൽ അനുഭവിച്ചുക്കൊണ്ടിരിക്കുന്നുണ്ട്.

## സൈബോർഗ്യൻ കാലത്തിന്റെ പരികല്പനകൾ

പോസ്റ്റ്ഹ്യൂമനിസത്തിന്റെ ചിന്താപദ്ധതികളിൽ സൈബോർഗ് എന്ന ആശയം അവതരിപ്പിക്കുന്നത് ഡോണ ഹാരവെയാണ് (A cyborge Manifesto 1985). മനുഷ്യലോകവും യന്ത്രലോകവും ജീവലോകവും

തമ്മിലുണ്ടായിവന്നബന്ധത്തെക്കുറിച്ചുള്ള ചർച്ചയിലാണ് ഹാരവെ സൈബോർഗ്യൻ സങ്കല്പം അവതരിപ്പിക്കുന്നത്. ജന്തുക്കളിൽനിന്നും യന്ത്രങ്ങളിൽനിന്നും മനുഷ്യനെ കണിശമായി വേർതിരിച്ച നിർത്തുന്ന അതിരുകൾ ഇല്ലാതായിരിക്കുന്നുവെന്ന മനുഷ്യൻ സൈബോർഗ് എന്ന സംവർഗമായിരിക്കുന്നുവെന്ന് ഹാരവെ പറയുന്നുണ്ട്. യാന്ത്രികതയുടെയും ജൈവികതയുടെയും സങ്കരമായ ഒരു സൈബർനെറ്റിക് ജീവജാലമായാണ് സൈബോർഗിനെ ഡോണ ഹാരവെകാണുന്നത്. ജീവന്റെ യഥാർത്ഥ സാമൂഹിക ശാരീരിക പരിസരങ്ങളിൽ മനുഷ്യർ മൃഗങ്ങളുമായും യന്ത്രങ്ങളുമായും ഒക്കെയുള്ള ബന്ധുത്വങ്ങളേയോ തങ്ങളുടെ ഭാഗികമായ സ്വത്വങ്ങളെയോ വിരുദ്ധവീക്ഷണകോണുകളെയോ ഭയക്കാതിരിക്കുന്ന അവസ്ഥയുമാണ്. സൈബോർഗ് ഒരേ സമയം ഒരു ഭൗതികോല്പന്നവും ശാസ്ത്ര-സാങ്കേതികതയുടെ ഭൗതികപരിസരങ്ങളേയും മനുഷ്യകർത്തൃത്വത്തേയും പര്യവേഷണം ചെയ്യുന്നതിനുതകുന്ന രൂപകവുമാണ്. മനുഷ്യൻ എന്ന ഘടകത്തിന്റെ ചരിത്ര രാഷ്ട്രീയ സങ്കീർണതകളേക്കാൾ അതിൽ ഇടകലർന്നിരിക്കുന്നത് ജീവജാലത്തിന്റെയും യന്ത്രത്തിന്റെയും പൊരുളാണ് എന്ന് ഹാരവേയുടെ സൈബോർഗ്യൻ പരികല്പന വിശകലനം ചെയ്തുകൊണ്ട് ടി.ടി. ശ്രീകുമാർ അഭിപ്രായപ്പെടുന്നുണ്ട്. (2021: 153) മനുഷ്യസമാനമായ യന്ത്രത്തെ സൃഷ്ടിക്കുക എന്നതിൽ നിന്ന് മനുഷ്യനെത്തന്നെ യന്ത്രമാക്കുക എന്ന പരികല്പനാപരമായ മാറ്റമാണ് സൈബോർഗുകളുടെ കാലത്തിൽ സംഭവിക്കുന്നത്. മനുഷ്യൻ കാലഹരണപ്പെട്ടു പോകില്ലെന്നതും നാനോടെക്നോളജി, റോബോട്ടിക്സ്, പ്രോസ്തെറ്റിക്സ് തുടങ്ങിയ സാങ്കേതികവിദ്യകൾ മനുഷ്യനെ അതിമാനുഷനാക്കി മാറ്റുകയാണെന്ന ട്രാൻസ്ഹ്യൂമനിസ്റ്റ് വാദവും ഈ പരികല്പനയോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. അത്തരം അതിമാനുഷ സങ്കല്പത്തിലും മനുഷ്യസ്വത്വം ഏകമായതോ സ്വതന്ത്രമായതോ ആയ ഒന്നല്ല. ബഹുത്വങ്ങളുടെതാണ്. The Actor Net Work സിദ്ധാന്തത്തിൽ ബ്രൂണ ലതൂ അവതരിപ്പിക്കുന്ന ആശയങ്ങളിലും കാതറിൻ ഹെയ്ൽസിന്റെ How we became A posthuman എന്ന ചിന്തയിലും ഈ തത്ത്വമാണ് അടങ്ങിയിരിക്കുന്നത്. മനുഷ്യ മനുഷ്യേതര സ്വത്വങ്ങളെ ജീവന്റെ കൂട്ടായ്മകളിൽ അവിഭാജ്യഘടകങ്ങളായി സ്വീകരിച്ചുകൊണ്ടും മനുഷ്യേതരത്വത്തെ വീണ്ടെടുക്കാതെ മനുഷ്യസ്വത്വത്തിന് നിലനിൽക്കാനാവില്ലെന്നും കർത്തൃത്വമെന്നാൽ ആത്മനിഷ്ഠാപരമായ ഒന്നല്ലെന്നുമുള്ള തത്ത്വമാണ് ലതൂ അവതരിപ്പിക്കുന്നത്. യന്ത്രങ്ങളുടെയും ഇതര ജീവജാലങ്ങളുടെയും ശ്രേണികളിലാണ് മനുഷ്യൻ എന്ന സ്പീഷിസ് നിലനിൽക്കുന്നതെന്നും മാനവികതയുടെ

യുഗത്തിലെ ജൈവപ്രതിഭാസം എന്നതിൽനിന്ന് ഭിന്നമായ കർത്തൃത്വമാണ് മാനവാനന്തര കാലം കല്പിക്കുന്നത് എന്നുമുള്ള തിരിച്ചറിവിലാണ് മനുഷ്യസമൂഹം നിലനിൽക്കുന്നത്. ഈ തിരിച്ചറിവുകൾ സ്വന്തംജീവിതത്തിന്റെ അനുഭവമണ്ഡലത്തെയും സർഗാത്മക ജീവിതത്തെയും സ്വാധീനിക്കുന്നതിന്റെ ചില അടയാളങ്ങളാണ് സമകാലികമലയാളഭാവനകളിലെ പുതുഭാവുകത്വങ്ങളായി കടന്നുവന്നിട്ടുള്ള മനുഷ്യേതര ഇടങ്ങളുടെ ആഖ്യാനങ്ങൾ. മാനവാനന്തരലോകത്തെ മലയാളിസമൂഹം സ്വാംശീകരിച്ചതിന്റെ അടയാളങ്ങളെന്ന നിലയിലാണ് സമകാലിക കഥാകവിതാഖ്യാനങ്ങളിലെ മനുഷ്യേതര ഇടങ്ങൾ എന്ന സങ്കല്പനം ഈ പ്രബന്ധത്തിൽ പരിഗണച്ചിട്ടുള്ളത്.

### ടെക്നോ–ഹ്യൂമൻ കർത്തൃത്വങ്ങളും യന്ത്ര– ജൈവലോകങ്ങളും:

സമകാലിക മലയാളഭാവനകളിൽ കടന്ന വന്ന നവസാങ്കേതികലോകക്രമത്തിലെ ടെക്നോ- ഹ്യൂമൻ ഭാവനകൾക്കും യന്ത്ര ജൈവസംസ്കാരങ്ങളുടെ സങ്കലിത ഇടങ്ങൾക്കും ഉദാഹരണമാണ് കെ വി പ്രവീണിന്റെ 'ഓർമ്മച്ചിപ്പ്' എന്ന കഥാസമാഹാരത്തിലെ കഥകൾ.

> "ആറ മാസം മുൻപാണ് മെമ്മറി ക്ലിനിക്കിൽ നിന്ന് തലയോട്ടിയുടെ രണ്ട് വശങ്ങളിലും ദ്വാരങ്ങളുണ്ടാക്കി, ചെറുനഖത്തോളം വലുപ്പമുള്ള ആ ചിപ്പകൾ വെച്ചുപിടിപ്പിച്ചത്. ആ ചിപ്പകളുടെ കൂട്ടുകാരനെപ്പോലെ സ്റ്റിമുലേറ്റർ എന്നു വിളിക്കുന്ന ഉപകരണവും. തലയോട്ടിക്കുള്ളിലെ കുഞ്ഞു ചിപ്പകളും സ്റ്റിമുലേറ്ററിനുള്ളിലെ വലിയ ചിപ്പും തമ്മിലുള്ള വൈദ്യുതവിനിമയത്തിലാണ് അമ്മയുടെ അവശേഷിക്കുന്ന ഓർമ്മകൾ ജീവിക്കുന്നത്".
>
> "കോശങ്ങളുടെ അതിരുകളിൽ നിന്ന് കഴിയാവുന്നത്ര ഓർമ്മകൾ ചുരണ്ടിയെടുത്ത് മെമ്മറി ഫയലുകളായി സൂക്ഷിക്കും".
>
> "മറ്റുള്ളവർക്കും ഈ ചിപ്പകൾ ആക്സസ് ചെയ്യാനും മറ്റൊരാളുടെ ഓർമ്മകൾ അനുഭവിക്കാനും സാധിക്കും. ഒരാളുടെ ബ്രെയിൻ ഫലം മുഴുവനും വായിച്ചെടുക്കുന്ന കാലം മെഡിക്കൽ സയൻസ് സ്വപ്നം കണ്ടു തുടങ്ങിയിട്ടുണ്ട്". "നമ്മുടെ വിലപ്പെട്ട ഫയലുകളും ലോക്കറുകളും കംപ്യൂട്ടറുകളും ഒക്കെ പാസ് വേർഡും സെക്യൂരിറ്റി കീയും ഒക്കെ വച്ച് നമ്മൾ സുരക്ഷിതമാക്കുന്നതു പോലെ ഈ മെമ്മറി ഫയലുകളും സൂക്ഷിക്കേണ്ടി വരും". (കെ.വി. പ്രവീൺ 2017: 42-44)

കെ. വി. പ്രവീണിന്റെ ഓർമ്മച്ചിപ്പ് എന്ന കഥയിലെ ആഖ്യാനങ്ങളാണ് മുകളിൽ നൽകിയിട്ടുള്ളത്. സോഫ്റ്റ്‌വെയർ എൻജിനീയറിംഗിൽ അതികായനായ മകൻ അമ്മയുടെ ഓർമ്മകളെ വീണ്ടെടുക്കുവാനായി

മെമ്മറി ക്ലിനിക്കിലെ ചികിത്സ ഉപയോഗപ്പെടുത്തുകയാണ്. തലച്ചോറിൽ ചിപ്പുകൾ ഘടിപ്പിച്ച് കോശങ്ങൾക്കുള്ളിൽനിന്ന് ഓർമ്മകൾ ചുരണ്ടിയെടുത്ത് ഫയലുകളായി സൂക്ഷിച്ചു വെക്കാവുന്ന ചിപ്പുകളുടെയും സ്റ്റിമുലേറ്ററിന്റെയും സഹായത്തോടെ ഓർമ്മകളെ പുനരുജ്ജീവിപ്പിക്കാനും നിലനിർത്താനും കഴിയുമെന്ന ശാസ്ത്രസാങ്കേതികവിജ്ഞാനത്തിന്റെ കണ്ടുപിടുത്തമാണ് ഇവിടെ പ്രവർത്തിക്കുന്നത്. തലച്ചോറിലെ ജീവകോശങ്ങളും ഇലക്ട്രോചിപ്പും ഒരുമിച്ച് പ്രവർത്തിച്ച് മനുഷ്യന്റെ നഷ്ടപ്പെട്ട ഓർമ്മകളെ പുന:സൃഷ്ടിക്കുക എന്ന ദൗത്യമാണ് നിർവഹിക്കപ്പെടുന്നത്. തലച്ചോറിന്റെ ഭാഷയിൽത്തന്നെ സംസാരിക്കാൻ കഴിയുന്ന സിലിക്കൺ ചിപ്പുകൾ ബ്രെയിനിൽ ഇംപ്ലാന്റ് ചെയ്യുമെന്നും ജീവകോശങ്ങളും ഈ സിലിക്കൺ കോശങ്ങളും തമ്മിൽ പ്രയോഗത്തിൽ വ്യത്യാസമുണ്ടാവില്ലെന്നും എവിടെയാണ് മനുഷ്യകോശങ്ങൾ അവസാനിക്കുന്നതെന്നോ സിലിക്കൺകോശങ്ങൾ ആരംഭിക്കുന്നതെന്നോ പോലും തിരിച്ചറിയാത്തവിധം അവ പ്രവർത്തിക്കുമെന്നും പറയുമ്പോൾ മനുഷ്യൻ എന്ന ജൈവസത്താസങ്കല്പം തിരുത്തപ്പെടുകയാണ്. മനുഷ്യാസ്തിത്വത്തിന്റെ ഭാഗമായ ഓർമ്മകൾ ഇലക്ട്രോ ചിപ്പുകളുടെ ഭാഗമാവുന്നതോടെ ഫയലിംഗും ഹാക്കിങ്ങും സാധ്യമാകുന്നു. ഒരാളുടെ ഓർമ്മകളെ ആർക്കും ഹാക്കു ചെയ്യാവുന്ന സാങ്കേതിക ഫയലുകളായാണ് പിന്നീട് അവ നിലനിൽക്കുന്നത്. യന്ത്രവത്കൃതഫയലുകളായി, രേഖാചിത്രങ്ങളായി ഓർമ്മകൾ പരിണമിക്കുന്നതോടെ മനുഷ്യനൈതികതയുടെ ഭാഗമായ ഓർമ്മകളുടെ അസ്തിത്വം ഇല്ലാതാവുകയാണ്. ഓർമ്മച്ചെപ്പ് എന്ന ഗൃഹാതുരപാഠം ഓർമ്മച്ചിപ്പ് എന്ന പുതിയ സാങ്കേതികസംജ്ഞയിൽ എത്തിച്ചേരുന്നത് മാനവാനന്തര സൈബോർഗ്യൻ കാലത്തിന്റെ പരിണതിയാണ്.

> "ഹലോ... കാസ്പറിന്റെ മാളിലേക്ക് സ്വാഗതം!" ഇലക്ട്രോണിക് സ്വരത്തിൽ പറഞ്ഞു കൊണ്ട് കാസ്പർ ആതിരയുടെ കൈ പിടിച്ചു കുലുക്കി. ഒപ്പം ഇത് മുഴുവനായും ഒരു യന്ത്രവൽകൃത ലോകമല്ലെന്നു തെളിയിക്കാനെന്നോണം കാസ്പറിന്റെ സ്ക്രീനിൽ മാളിന്റെ സിഇഒ യുടെ ചിരിക്കുന്ന മുഖവും സ്വാഗതം ആശംസിച്ചു കൊണ്ട് തെളിഞ്ഞു."
>
> "ഇടയ്ക്കിടക്ക് കാസ്പറുകൾ വന്ന് നടത്തക്കാരുടെ കാര്യങ്ങൾ അന്വേഷിക്കുകയും അവർക്കു വാട്ടർബോട്ടിലും ബിസ്കറ്റ് പൊതിയും നൽകുകയും ചെയ്തു. ചില കാസ്പറുകൾ കസ്റ്റമർസിന്റെ ഭാരം കൂടിയ ഷോപ്പിങ്ങ് കാർട്ടുകൾ തള്ളിക്കൊണ്ട് പിന്നാലെ നടക്കുന്നത് ആളുകൾ ആശ്ചര്യത്തോടെ നോക്കി നിന്നു. എല്ലാ കാസ്പറുകളും കാഴ്ചയിൽ ഒരു പോലിരിക്കുന്നതു

> കൊണ്ട് ഒന്നിനെ മറ്റൊന്നിൽ നിന്ന് എങ്ങനെയാണ് തിരിച്ചറിയുക എന്ന് സീമ അതിശയിച്ചു".

> "ചോരക്കുഞ്ഞിനെയെന്നോണം തന്റെ മിനുത്ത ലോഹമേനിയോട് ചേർത്തു പിടിച്ചുകൊണ്ട് കാസ്പർ പൂച്ചക്കുട്ടിയെ ഒരു സ്ത്രീക്ക് നൽകി, ഏറ്റു വാങ്ങുമ്പോൾ പൂച്ചക്കുട്ടിയും യന്ത്രനിർമ്മിതമാണോ എന്ന് സംശയിച്ച തുപോലെ അവരുടെ കൈകൾ വിറച്ചു. നിശ്ചലമായ എസ്കലേറ്ററിന്റെ ഏറ്റവും മുകളിലത്തെയും താഴത്തെയും പടികളിൽ ഓരോ കാസ്പറുകൾ ആളുകളെ കടത്തിവിടാതിരിക്കാൻ കാവൽ നിന്നു. അതിന്റെ കണ്ണുക ളിലെ സൗഹാർദ്ദമുള്ള പച്ച ബൾബുകൾക്കു പകരം ചുകപ്പ് എൽഇഡി കൾ ഇടതടവില്ലാതെ മിടിച്ചു കൊണ്ടിരുന്നു. ഇവിടെ റോബോട്ടുകളാണ് അകത്തേക്കും പുറത്തേക്കും പോകുന്നത് നിയന്ത്രിക്കുന്നത്. അതുകൊണ്ട് നിർദ്ദേശം കൊടുത്ത് സോൺ ലോക്ക്ഡൗൺ ചെയ്താൽ പിന്നെ ഒരു ഈച്ച പോലും അകത്തേക്കും പുറത്തേക്കും പോകില്ല" (കെ. വി. പ്രവീൺ 2017:22-25).

കെ.വി. പ്രവീണിന്റെ 'ചിത്രദുർഗ്ഗം' എന്ന കഥയിലെ ആഖ്യാനങ്ങളാണ് മുകളിൽ കൊടുത്തത്. റോബോട്ടിക്സ് മാളാണ് കഥാപരിസരം. കാസ്പറുക ളാൽ നിയന്ത്രിക്കപ്പെടുന്ന ഇടം. മനുഷ്യരെപ്പോലെ പെരുമാറുകയും പ്രവൃത്തി ചെയ്യുകയും ചെയ്യുന്ന കാസ്പറുകൾ. മാളിലെത്തുന്ന കസ്റ്റമറുകളുടെ വ്യക്തി താല്പര്യങ്ങളിൽ, വൈയക്തികചലനങ്ങളിൽ മനോവിചാരങ്ങളിൽ എല്ലാം ഇടപെടുകയും മനുഷ്യരെ സഹായിക്കുകയും ചെയ്യുന്നുണ്ട്. അവിടെയെത്തുന്ന ഓരോ മനുഷ്യനെയും യന്ത്രലോകത്തിന്റെ നിരീക്ഷണത്തിൽ അധീനപ്പെടു ത്തുകയും യാഥാർഥ്യത്തിന്റെയും പ്രതീതിയാഥാർഥ്യത്തിന്റെ മാസ്മരികതയിൽ മനുഷ്യവ്യവഹാരങ്ങളെ തടങ്കലിടുകയും ചെയ്യുന്നു. മനുഷ്യരോ യന്ത്രമോ എന്ന് തിരിച്ചറിയാൻ കഴിയാത്തൊരവസ്ഥ സംജാതമാകുന്ന സാമൂഹിക ഇടമാണ് ഭൂമിക്കുമേൽ വളർന്നുകൊണ്ടിരിക്കുന്ന ഇത്തരം കെട്ടിടങ്ങൾ. യന്ത്ര ങ്ങളുമായുള്ള ബന്ധത്തിൽ നിർണയിക്കപ്പെടുന്ന സ്വത്വമായി മനുഷ്യസമൂഹം പരിണമിക്കുന്നു എന്നതിന്റെ അടയാളമായി ഇത്തരം ഇടങ്ങളെ കാണാം.

> "റോബോട്ടുകളുടെ കാലത്ത് നമ്മളും റോബോട്ടുകളായി മാറണം". നാലര യടി പൊക്കവും അമ്പതു കിലോ തൂക്കവുമുള്ള, ഒറ്റനോട്ടത്തിൽ ഒരു ബഹി രാകാശ രൂപവും ഭാവവുമുള്ള റോബോട്ട്. അസിമോവ്. ജോണിനേക്കാൾ വേഗത്തിൽ ചലിക്കാനും ഏതു കോണിലും ശരീരഭാഗങ്ങൾ തിരിക്കാനും കഴിയുന്ന ബൈറ്റ് കണക്കിനു ബുദ്ധിശക്തിയുള്ള സമർത്ഥൻ. "അസിമോ വിനും കൂട്ടർക്കുമില്ലാത്ത ഒരു സവിശേഷത ജോലിയിൽ തനിക്കുണ്ടെന്ന്

ജോണിന് ഉറപ്പാണ്. പക്ഷേ, എത്ര ആലോചിച്ചിട്ടും അതെന്താണെന്ന് മാത്രം അയാൾക്ക് ഓർത്തെടുക്കാനായില്ല" (കെ. വി. പ്രവീൺ 2017: 60).

മനുഷ്യൻ എന്ന നിലയിൽ യന്ത്രത്തിൽ നിന്നും ഭിന്നമായ എന്തോ ഒന്ന് തനിക്കുണ്ടെന്നു കരുതുന്നവനാണ് എങ്കിലും ആ വ്യതിരിക്തത എന്തെന്ന് ഉറപ്പിച്ച് പറയാൻ കഴിയാത്ത അവസ്ഥ ഈ ആഖ്യാനം സൂചിപ്പിക്കുന്നുണ്ട്. മനുഷ്യൻ യന്ത്രമായും യന്ത്രം മനുഷ്യനായും മാറുന്നകാലത്തിൽ സ്വതന്ത്രമാവാത്തതും നിർവചിക്കാനാവാത്തതുമായ മനുഷ്യസ്വത്വത്തെക്കുറിച്ചുള്ള ഉത്കണ്ഠയാണ് ഇത്തരം ആഖ്യാനങ്ങൾ സൂചിപ്പിക്കുന്നത്.

### മനുഷ്യേതരങ്ങളുടെ പുതു ഇടങ്ങൾ:

മാനവാനന്തരകാലത്തിലെ യന്ത്ര മനുഷ്യ ഇടങ്ങൾക്ക് സമാന്തരമായി മനുഷ്യരും മനുഷ്യേതരങ്ങളും സൃഷ്ടിക്കുന്ന പുതു ഇടങ്ങൾ ആഖ്യാനങ്ങളിൽ രൂപപ്പെടുന്നുണ്ട്. ഇത്തരം ഇടങ്ങൾ ഇതര ജന്തുജീവിവർഗങ്ങളും മനുഷ്യരും സങ്കലിതമാവുന്ന ജൈവആവാസത്തിന്റെ ലോകമാണ്. അവിടെ മറ്റ ജീവിവർഗങ്ങൾ കർത്തൃസ്ഥാനത്തേക്ക് വരികയും മനുഷ്യരുമായി ചേർന്ന് ശൃംഖലാബന്ധം സൃഷ്ടിക്കുകയും ചെയ്യുന്നു.

"പനകൾക്കിടയിൽ നിന്ന് ഒരു തുമ്പിക്കൈ നീണ്ടുവന്ന് കുറുമ്പിക്കുട്ടിയെ പിടിച്ച് ഉള്ളിലാക്കി. പിടിയും കുട്ടിയുമെല്ലാമായി അഞ്ചാറെണ്ണമുണ്ടവിടെ. കൊമ്പനെ കാണാനില്ല. മെലിഞ്ഞ് അയഞ്ഞ തൊലിയുള്ള തലച്ചിയാനയെ മാത്രം പനയോലകൾക്ക് മുകളിൽ കാണാം. മഞ്ഞമുത്തിയെപ്പോലെ മുന്നിൽ നടക്കുന്നവൾ. പ്രമുഖൻ വരുന്നത് ആദ്യം കണ്ടത് തലച്ചിയാണ്. മറ്റുള്ളവരോട് പാഞ്ഞൊളിക്കാൻ പറയുന്നതിനു പകരം അവൾ ഞെട്ടിപ്പനകൾക്ക് മുകളിലെത്തിയ മേഘങ്ങളെ ഉമ്മ വെക്കുന്നതുപോലെ തുമ്പിയുയർത്തി. അവിടെ നിന്നും കാറ്റു തുടങ്ങി. അതുപിന്നെ കല്ലിടകളിലും ചലിയിളക്കങ്ങളിലും മരപ്പൊത്തുകളിലും കയറിയിറങ്ങി കാടിന്റെ പഴകിയ മണം കൊണ്ടു.അപ്പോൾ പനംകൂട്ടങ്ങൾക്കിടയിൽ നിന്നും പൂത്തുനിൽക്കുന്ന രണ്ടു പിടിയാനകൾ പുറത്തേക്കിറങ്ങി. അവരുടെ ഇതളുകളിലും ഈർപ്പങ്ങളിലും തൊട്ട കാറ്റ് പ്രമുഖനടുത്തെത്തിയപ്പോൾ ഒരു വലയിൽ കുരുങ്ങിയ പോലെ അവന്റെ വേഗം കുറഞ്ഞുവന്നു. ഞെട്ടിപ്പനകളുടെ അരികിൽ അവനെത്തുമ്പോൾ പിടിയാനകളിലൊന്ന് ഇന്നലെ വിരിഞ്ഞ ഒരു പനങ്കുമ്പ് അവന്റെ നേർക്ക് ചായ്ച്ച് പിടിച്ച് അലസമായി മറ്റെവിടേക്കോ നോക്കി നിൽക്കുകയായിരുന്നു. "ഓന്റടുക്കെ അബളൂടെ കളി നടക്കൂല്ല. പ്രമുഖൻ ചെവികൾ പോലും അനക്കാതെ നിൽക്കുകയാണ്. പിടി പനങ്കുമ്പു കൊണ്ട് അവനെ വീശി കൊണ്ടിരുന്നു. ഒടുവിൽ കോ

> ട്ടപ്പാറക്കുന്നിലുള്ളവരെ അതിശയപ്പെടുത്തിക്കൊണ്ട് പ്രമുഖൻ പനങ്കുമ്പ് വാങ്ങി ചവച്ചു തുടങ്ങി. അവന് പുറന്തിരിഞ്ഞു നിന്നിരുന്ന മറ്റെ പിടിയെ പതുക്കെ മുട്ടിയുരുമ്മി തിരിച്ചു നിർത്തി. അവൻ അവളുടെ തുമ്പിക്കൈ കോരിയെടുത്തു ചുറ്റിപ്പിടിച്ച് ചുണ്ടുകൾ തമ്മിൽ ചേർക്കാൻ ശ്രമിച്ചു. നീണ്ടുപോകുന്ന ആ ചുംബനം കണ്ട് ഇക്കരെ കുന്നിൽ നിന്നവർ വനംകാരെ കൂകി വിളിച്ചു."

'രാമച്ചി' എന്ന കഥ (വിനോയ് തോമസ്, 2017, പുറം 18-19) യിലെ ആഖ്യാനമാണിത്. കാടാണ് കഥാപശ്ചാത്തലം. ആ പശ്ചാത്തലത്തിലെ കാഴ്ചയാണ് ഈ ആഖ്യാനം. ആനക്കൂട്ടം, അവ തമ്മിലുള്ള സ്നേഹപ്രകടനം, ആൺ, പെൺ പ്രണയം, രതി പെണ്ണിന്റെ തലയെടുപ്പ് ഇവയെല്ലാം ആഖ്യാനത്തിൽ തെളിയുന്നുണ്ട്. ജന്തുവർഗം, സസ്തനി എന്ന നിലയിൽ ആനകൾക്കും ഇത്തരം അടിസ്ഥാന ചോദനകളെല്ലാമുണ്ട്. കാട്ടിൽ വസിക്കുന്നവരും ആനകളെ നോക്കിനിൽക്കുന്നവരുമായ മനുഷ്യരുടെ സങ്കല്പത്തിലുള്ള പ്രവൃത്തിയിൽനിന്ന് ഭിന്നമായി ഇണയോടുള്ള പ്രകൃതിസഹജമായ ആകർഷണവും രതിയും പ്രകടിപ്പിക്കുന്ന കാട്ടാനകളെ ആഖ്യാനത്തിൽ കാണുന്നു. മനുഷ്യൻ/വന്യമൃഗം എന്ന ദ്വന്ദ്വത്തെ ആഖ്യാനത്തിലൂടെ നിരാകരിക്കുന്നത് സംബോധനയ്ക്ക് സ്വീകരിച്ചിരിക്കുന്ന സർവ്വനാമങ്ങളിലൂടെയുമാണ്. അവനും അവളും ആകുന്ന കൊമ്പനും പിടിയും ആഖ്യാനത്തിന്റെ കേന്ദ്രമാകുന്നതോടെ അവരുടെ സഹജവാസനകളും ചോദനകളും പ്രധാനമാകുന്നതോടെ കാടെന്ന അതിജീവനയിടം കൂടുതൽ സുന്ദരമാവുകയാണ്. ആനകളുടെ സ്നേഹവും പ്രണയവും കണ്ടു ചൂളിപ്പോകുന്ന മനുഷ്യനെയും ഈ കഥയിൽ കാണാം. കാടും കാടിന്റെ ആവാസവും മേൽക്കൈ നേടുന്ന ഒരിടത്തിൽ സൂക്ഷ്മജീവജാലങ്ങളും ജന്തുക്കളും ചേരുന്ന കണ്ണിയിലെ ഒരു ജന്തുവർഗ്ഗമായി മനുഷ്യനും നിൽക്കുന്നു. മനുഷ്യൻ പ്രകൃതിയുടെ അധിപതിയാകുന്ന ചരിത്രം നിഷ്കാസിതമാവുകയും മനുഷ്യരുടെയും മൃഗങ്ങളുടെയും കാടിന്റെയും ചരിത്രം ഒന്നാവുകയും ചെയ്യുന്നു. മനുഷ്യൻ/പ്രകൃതി എന്ന ദ്വന്ദ്വസങ്കല്പമല്ല മനുഷ്യപ്രകൃതിയെന്ന നൈരന്തര്യത്തെ ആഖ്യാനം ഓർമ്മിപ്പിക്കുന്നു.

> "ആരാണ് ജീവന്റെ ഉടമസ്ഥൻ? ഈനാം പേച്ചി കണ്ണുകളിളക്കാതെ ചോദിച്ചു.ആ കണ്ണുകൾക്ക് നേരെ നിന്നപ്പോൾ ചന്തു ആദ്യമായി തന്റെ ഉടമസ്ഥനെപ്പറ്റി ആലോചിച്ചു"

ആലോചനയെ കൂടുതൽ സങ്കീർണമാക്കികൊണ്ട് ഈനാംപേച്ചി പതിയെ സംസാരിച്ചു.

> "ജഡങ്ങൾക്കു മാത്രമേ ഉടമസ്ഥനുള്ളൂ. താഴെ ഇലപൊഴിച്ചു നിൽക്കുന്ന

> പുളിമരത്തെ നോക്കൂ.അതിന്റെ വേരുകൾ മണ്ണിൽ പടരുന്നതും ചില്ലകൾ ആകാശത്തിലേക്ക് വിടരുന്നതും ഏത് ഉടമസ്ഥന്റെ ഇച്ഛയ്ക്കൊത്താണ്?" (വിനോയ് തോമസ്, 2017: 95)

'ഉടമസ്ഥൻ' എന്ന കഥയിൽ ഈനാംപേച്ചിയും ചന്തു എന്ന നായയും തമ്മിലുള്ള സംഭാഷണമാണ് ഈ ആഖ്യാനം. രണ്ട് ജീവിവർഗങ്ങൾ. ഈനാംപേച്ചിയാണ് വളർത്തുമൃഗമായ നായയോട് ഇങ്ങനെ പറയുന്നത്. ആരും ആരുടെയും ഉടമസ്ഥനല്ല. ജീവനുള്ളതെല്ലാം സ്വതന്ത്രമാണ്. ആ സ്വാതന്ത്ര്യത്തെക്കുറിച്ച് സംസാരിക്കുന്നതാകട്ടെ ചെറിയ ജീവിയായ ഈനാംപേച്ചിയും. അതിജീവനത്തിന്റെയും നിലനില്പിന്റെയും സ്വന്തം ഇടത്തെക്കുറിച്ച് സ്വയംബോധ്യമുള്ള ജീവിയുടെ വാക്കുകളായാണ് ആഖ്യാനം കഥയ്ക്കകത്ത് നിൽക്കുന്നത്. ഏത് ജീവന്റെയും മേൽ അധികാരത്തിന്റെ ഉടമസ്ഥാവകാശം മനുഷ്യനില്ലെന്ന് ജീവിവർഗങ്ങൾതന്നെ വെളിപ്പെടുത്തുന്ന സന്ദർഭങ്ങളെ സൃഷ്ടിച്ചുകൊണ്ട് പ്രാന്തങ്ങളായി കണക്കാക്കിയിരുന്ന മനുഷ്യേതര ഇടത്തെ ഭൂമണ്ഡലത്തിന്റെ കേന്ദ്രസ്ഥാനത്ത് നിർത്തുകയാണ് ഇത്തരം ആഖ്യാനങ്ങൾ.

മനുഷ്യനോട് ആജ്ഞാപിക്കാനും വിധിക്കാനും പ്രാപ്തമാവുന്ന ജീവിവർഗങ്ങളും മനുഷ്യരില്ലെങ്കിലും ഈ ഭൂമി നിലനിൽക്കുമെന്ന് ഉറച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്ന ആഖ്യാനങ്ങളും മാനവാനന്തര കാലത്തിന്റെ സമകാലികതയെ ഓർമ്മിപ്പിക്കുന്നു.

> "ഞാനും നീയും സഹയാത്രികരാണ്. കാർ വിട്ടോളൂ.അറിവും അഹന്തയും ചേരില്ല" തവള ഗാഢമായ മുഴക്കത്തിൽ തുടർന്നു. "നിങ്ങളുടെയെല്ലാം ആദി പിതാക്കളാണ് ഞങ്ങൾ ഉഭയജീവികൾ. ജീവജാലങ്ങൾക്ക് ഭയരഹിതജീവിതം ഭൂമിയിൽ ഉറപ്പാക്കേണ്ടത് മനുഷ്യരാണ്. പലായനത്തിന്റെയും അലച്ചിലിന്റെയും നാടുകടത്തലിന്റെയും പാർശ്വവൽക്കരണത്തിന്റെയും മരണത്തിന്റെയും ജൈവജീവിതം നിങ്ങൾക്കു ചുറ്റുമുള്ള പ്രകൃതിയിലുണ്ട്. അത് ഓർമ വേണമെന്ന് ദ്രബോൾജിനം അവസാന പ്രമാണത്തിൽ കാണാം. ദ്രബോൾ കണ്ണടച്ചു നിശ്ശബ്ദനായി" (കെ.വി.സുധാകരൻ, 2019: 86)
>
> സാറേ, ഇവിടെ മനുഷ്യർക്ക് മാത്രമേ മനുഷ്യരെ വേണ്ടൂ. ഈ ഭൂമിക്ക് മനുഷ്യനെ വേണോന്ന് യാതൊരു നിർബന്ധോമില്ല. എന്നു മാത്രമല്ല എല്ലാ മനുഷ്യരും ചത്തൊടുങ്ങി പത്താണ്ട് കഴിയുമ്പോഴേയ്ക്കും ഇവിടമാകെ പൂത്തു തളിർത്ത് സ്വർഗം പോലെയാവും. എന്ന തേനീച്ചകളില്ലാണ്ടായാലുണ്ടല്ലോ ഇവിടം പിന്നെ ചുടുകാടാ, ചുട്കാട് (മിനി. പി.സി., 2020: 42)

കെ.വി സുധാകരന്റെ 'ദ്രബോൾജിനം' എന്ന കഥയിൽ ആഖ്യാതാവും തവളയും

തമ്മിലുള്ള സംഭാഷണത്തിൽ തവള മനുഷ്യനുമേൽ ആജ്ഞാശക്തിയുള്ളവനും തങ്ങളുടെ വംശപുരാണത്തിലൂടെ മനുഷ്യരുടെ ആദിപിതാക്കളാണെന്ന് ഉഭയജീവിവർഗമായ ദ്രബോൾ എന്നും സ്ഥാപിക്കുന്നു. മനുഷ്യനുമാത്രമല്ല വംശീയപുരാണങ്ങൾ. ജീവിവർഗങ്ങൾക്കും വംശമഹിമകളുണ്ട്; ചരിത്രങ്ങളുണ്ട്. വംശനാശത്തിന്റെയും പലായനത്തിന്റെയും ചരിത്രങ്ങൾ കൂടിയാണത്. അത്തരം ചരിത്രങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ആ ആഖ്യാനം. മനുഷ്യചരിത്രവും പ്രകൃതിചരിത്രവും നിരന്തരമായി കണ്ണിചേരുന്നു. അത്തരം ശൃംഖലകളേയും ബന്ധങ്ങളേയും അടുത്തുനിന്നറിയാൻ മാനവാനന്തരകാലത്തിലെ മനുഷ്യൻ ശ്രമിക്കുന്നു. പുതിയയുഗം മനുഷ്യേതരങ്ങളുടെ നിലനിൽപിനെക്കുറിച്ച് ചിന്തിക്കുന്നു. മനുഷ്യൻ ഭൂമുഖത്തുനിന്ന് നിഷ്ക്രമിച്ചാലും ഒന്നും സംഭവിക്കാനില്ലെന്നും ഭൂമി കൂടുതൽ സുന്ദരമാവുമെന്നും അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. മനുഷ്യൻ നിസ്സാരമെന്നു കരുതുന്ന പ്രാണിവർഗം ഭൂമിയിൽനിന്ന് അപ്രത്യക്ഷമായാൽ ചുടുകാടായി മാറുന്ന ഭൂമിയെക്കുറിച്ച് മനുഷ്യൻ ചിന്തിക്കുന്നു. മനുഷ്യജീവിതം ഭൂമിക്കു വേണ്ടിയുള്ളതാണെന്ന ജീവിതപാഠം ശരിവെയ്ക്കുന്ന അവസ്ഥയിലേക്ക് പരിണമിക്കുന്ന മനുഷ്യമനസ്സുംപുതുജീവിവർഗങ്ങളായി ഉരുത്തിരിയുന്ന മനുഷ്യനും ആഖ്യാനങ്ങളിൽ ഇടം നേടുന്നുണ്ട്.

മാനവാനന്തരകാലത്തിലെ പുതുജീവിവർഗങ്ങൾ:

മനുഷ്യനും മൃഗവും തമ്മിൽ അസാധാരണമാം വിധം രൂപപ്പെടുന്ന ശാരീരികവും മാനസികവും വന്യവുമായ ബന്ധങ്ങൾ ആഖ്യാനംചെയ്യുന്ന കഥകളും മനുഷ്യനും മൃഗവും ചേരുന്ന പുതിയ ജീവികളുടെ സങ്കല്പനങ്ങളും ആഖ്യാനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. സുദീപ് ടി ജോർജിന്റെ 'ടൈഗർ ഓപ്പറ' എന്ന കഥയിലെ മിലി എന്ന കടുവയും പുഷ്കിനുമായുള്ള ബന്ധം അത്തരത്തിൽ ഒന്നാണ്. കടുവയോട് ഒരേ സമയം വന്യവും മസൃണവുമായ ബന്ധംപുലർത്താൻ കഴിയുന്ന മനുഷ്യനാണ് പുഷ്കിൻ. വന്യതയുടെയും പകയുടെയും മൃഗീയമായ തൃഷ്ണകൾ ഉണരുന്ന വേളകളിൽ അസാധാരണ പ്രകൃതമാവുന്ന മനുഷ്യനെയുംസ്നേഹത്തോടെ ഇണചേരുന്ന മൃഗത്തെയും അവതരിപ്പിക്കുന്നുണ്ട്. മൃഗത്തിന്റെ ഉടലും മനുഷ്യന്റെ തലയുമുള്ള പുതിയ ജീവിയായിത്തീരുന്ന മനുഷ്യനെക്കുറിച്ചുള്ള സങ്കല്പനങ്ങൾ വിവേക്ചന്ദ്രന്റെ 'വന്യം' (2019) എന്ന കഥയിൽ ഉണ്ട്. ചെന്നായയുടെ ഉടലും മനുഷ്യന്റെ മുഖവുമുള്ള പുതിയ ജീവവർഗമായ മനുഷ്യമൃഗത്തെയാണ് 'വന്യം' ആഖ്യാനം ചെയ്യുന്നത്.

> "ആയിടയ്ക്ക് ഒരു ഞായറാഴ്ച പ്രഭാതത്തിൽ ഞാൻ ഇറച്ചിയും മേടിച്ച് കവലയിൽ നിന്നുള്ള ഇടവഴി തിരിയുമ്പോഴാണ് ക്രിസ്റ്റി എന്റെ അടുക്കൽ

ഓടി നിന്നെത്തി അണക്കുന്നു. പച്ചയിറച്ചിയുടെ മണം അവൻ ഇത്ര ദൂരത്തു നിന്നും പിടിക്കുന്നതെങ്ങനെയെന്ന് ഞാനന്നേരം അമ്പരന്നു. ഒരു കാലത്ത് സ്റ്റെഫി ഉപയോഗിച്ച തീണ്ടാരിത്തുണികൾ കളവുപോയ്ക്കൊണ്ടിരുന്നു. ഞാൻ പതിയെ ക്രിസ്റ്റിയെ ശ്രദ്ധിച്ചു തുടങ്ങി. അവനിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന കാലമായിരുന്നു. അവൻ ചിലപ്പോഴൊക്കെ കിഴക്കൻമലയുടെ ശിഖരങ്ങളിലേക്ക് നോക്കിക്കൊണ്ടിരുന്നു. അവന്റെ ശരീരം പൂർണ്ണമായും വെണ്ണീർനിറമായി മാറി. കൃഷ്ണമണികൾ തിളങ്ങാൻ തുടങ്ങി. മേശപ്പുറത്ത് ഭക്ഷണം കൊണ്ടുവെക്കുമ്പോൾ അവൻ നാക്കു പുറത്തേക്കിട്ട് കിതക്കുന്നത് പതിവായി". "ഞാൻ നോക്കുമ്പോ സെമിത്തേരിയും വനവും തമ്മിൽ വേർതിരിക്കുന്ന വേലിയിൽ കുടുങ്ങി ഭസ്മനിറമുള്ള ഒരു മുഴുത്ത ചെന്നായ തൂങ്ങിക്കിടക്കുന്നു. വൈദ്യുതി തട്ടി അതിന്റെ ശരീരത്തിലൂടനീളം നീലം പാഞ്ഞിരുന്നു. ഞാൻ വെക്കനെ ചെന്ന് വൈദ്യുതി കെടുത്തി. തിരിച്ചുചെന്ന് മരിച്ചു പോയ ആ ചെന്നായയുടെ ശരീരം കാപ്പിക്കമ്പുകൊണ്ട് മലർത്തിയിട്ടു. വാട സഹിച്ച് അതിന്റെമുഖത്തിനടുത്ത് സൂക്ഷിച്ചു നോക്കിയപ്പോഴാ,കുഞ്ഞു മോളേ പറഞ്ഞ നീ വിശ്വസിക്കത്തില്ല, അതൊരു മനുഷ്യക്കുഞ്ഞായിരുന്നു. ഒരു പന്ത്രണ്ടു വയസിൽ കൂടത്തില്ല! കൈപ്പത്തിയൊക്കെ തഴമ്പുവീണ് തുരുമ്പ് നിറമായി, കാൽ മൊട്ടിൽ തൊലിയുരഞ്ഞ് കറുപ്പു കയറി,കൺതടം ഏതാണ്ട് വർഷങ്ങളായി ഉറങ്ങിയതു പോലെ കരുവാളിച്ച് ഒരു ചെകുത്താൻ രൂപം അവന്റെ ശരീരം മൊത്തം പൂടപോലെ ഇളം രോമം വന്നു മൂടിയിരുന്നു. പച്ച മാംസം തുടർച്ചയായിട്ടു കഴിച്ചിട്ടാണെന്ന് തോന്നുന്ന വയറൊക്കെ തട്ടി വീർത്ത് ഹോ!" (വിവേക് ചന്ദ്രൻ, 2019: 78-87 )

മാനവാനന്തരകാലത്തിലെ മനുഷ്യസത്തയുടെ പരിണാമത്തെയാണ് ഈ ആഖ്യാനം ആവിഷ്കരിക്കുന്നത്. അച്ഛനും അമ്മയും ഒപ്പം കാട്ടിൽ വസിക്കുന്ന ക്രിസ്റ്റി എന്ന ആൺകുട്ടിയാണ് ചെന്നായയായി മാറുന്നത്. പ്രാകൃതമായ മനുഷ്യചോദനയാൽ ഉന്മത്തരാവുന്ന അച്ഛനമ്മമാരുടെ ഇടയിൽ കഴിയുന്ന ക്രിസ്റ്റി പതിയെപ്പതിയെ ചെന്നായയുടെ അപരത്വത്തിലേക്ക് പരിണമിക്കുന്നതായാണ് ആഖ്യാനം. മനുഷ്യസ്വത്വത്തിന്റെ വിപര്യയമായി മനുഷ്യനും ചെന്നായയുംചേർന്ന പുതിയജീവിവർഗം ഉടലെടുക്കുന്നു. വന്യമായ ചോദനകളുടെയും വാസനകളുടെയും സഹജപ്രേരണയുള്ള ജന്തുവർഗത്തിൽ മനുഷ്യനും മൃഗവും ചേർന്ന പുതിയജീവിവർഗത്തിന്റെ ഇരട്ടജീവിതത്തെയും ഹിംസാത്മകമായ അന്ത്യത്തെയുമാണ് ഈ ആഖ്യാനം അടയാളപ്പെടുത്തുന്നത്. കഥകളിൽ മാത്രമല്ല കവിതകളിലും ഇത്തരം ആഖ്യാനങ്ങൾ കടന്നുവരുന്നുണ്ട്. മനുഷ്യവംശത്തിന്റെ സ്വയം നാശത്തിലും മനുഷ്യമൃഗം എന്ന

ഇരട്ട ജീവിതത്തിലും ആശങ്കപ്പെടുകയും ആകുലത പങ്കുവെയ്ക്കുകയും ചെയ്യുന്ന കവിതകളാണ് എസ് ജോസഫിന്റെ 'കീരി', 'മനഞ്ഞിൽ', 'മുഴക്കം' തുടങ്ങിയ കവിതകൾ.

"ഉറക്കം വരാതങ്ങനെയിരുന്നപ്പോൾ
ഉടൽ വെടിഞ്ഞ് കീരിയുടെ ഉടൽ നേടി
ഭാഷ വെടിഞ്ഞ് വെറും ഒച്ചകൾ നേടി
മുരൾച്ചകൾക്കോ കരച്ചിലുകൾക്കോ ഉള്ള പകിട്ട് ഒന്നു വേറെ
ആംഗ്യങ്ങളോ അവയ്ക്കുമപ്പുറം
കൈകാലുകളുടെ വാൽ വളയുന്നതിന്റെ
തല വെട്ടിക്കലിന്റെ ഭാഷ
മതിയെനിക്ക്
ഇതാ മനുഷ്യലോകം വെടിഞ്ഞിരിക്കുന്നു.
ഈ മനുഷ്യലോകം ആർക്കു വേണം
ഈ മനുഷ്യഭാഷ ആർക്കു വേണം
ഈ മനുഷ്യരോടൊപ്പം പൊരുതാൻ ആർക്കു താത്പര്യം?"
(എസ് ജോസഫ് 2013 : 62 - 63)

എന്നിങ്ങനെ മനുഷ്യവർഗത്തിൽ നിന്ന് പുറത്തുകടക്കാൻ വ്യഗ്രതപ്പെടുന്ന മൃഗമായി പരിണമിക്കുന്ന പുതിയജീവിവർഗസ്വത്വത്തെ കവിത വിഭാവനം ചെയ്യുന്നു.

"നമുക്ക് മുൻപ് ഭൂമി ഭരിച്ചിരുന്നത് മനുഷ്യരായിരുന്നു
അവർക്ക് മാംസവും രക്തവും അസ്ഥിയുമുണ്ടായിരുന്നു
അവർ ചിന്തിക്കുകയും ദുഃഖിക്കുകയും ചിരിക്കുകയും
പാടുകയും പുസ്തകങ്ങളെഴുതുകയും ചെയ്തിരുന്നു".
"നാം മനുഷ്യർ ആണെന്ന് കരുതുന്നവർ
ഇപ്പോഴുമുണ്ട്
അവർ മൂഢരായ ശുഭാപ്തി വിശ്വാസികൾ മാത്രമാണ്
ഇനി മനുഷ്യർ ഉണ്ടാവുകയേ ഇല്ല
അവർ നമ്മുടെ സന്തതികൾക്ക്
ഒരു ഗവേഷണ വിഷയം മാത്രം"
(സച്ചിദാനന്ദൻ 2019).

മനുഷ്യവംശത്തിന്റെ പരിണാമത്തെയാണ് ഈ കവിതയും ഓർമ്മിപ്പിക്കുന്നത്. മനുഷ്യൻ എന്ന ജന്തുവർഗം പ്രശ്നവൽക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. മനുഷ്യർ മനുഷ്യേതര ജീവിവർഗമായി പരിണമിച്ചുകൊണ്ട് പുതിയ ഇടങ്ങൾ

സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നത് കോവിഡാനന്തരകാലത്തിന്റെ ആഖ്യാനങ്ങളെ മുൻനിർത്തി സവിശേഷമായ പഠനം നടത്തേണ്ടിയിരിക്കുന്നു.

## നിഗമനങ്ങൾ

പ്രശ്നവൽകൃതമായ മനുഷ്യസത്തയെക്കുറിച്ചുള്ള വ്യതിരിക്തസങ്കല്പങ്ങളാണ് മാനവാനന്തരകാലത്തിന്റെ അടയാളങ്ങളായി മലയാളകഥാകവിതാഖ്യാനങ്ങളിലെ ഭാവനയിൽ കാണാൻ കഴിയുന്നത്. സർവ്വ അറിവുകളുടെയും അധികാരിയായ മനുഷ്യനെയും രാഷ്ട്രീയശരികൾ നിറഞ്ഞ മനുഷ്യസമൂഹത്തെയും നിരാകരിക്കാനുള്ള ശ്രമമായിട്ടാണ് മാനവാനന്തരകാലത്തിന്റെ മനുഷ്യനെക്കുറിച്ചുള്ള ഭാവനകൾ ആഖ്യാനങ്ങൾ സൃഷ്ടിച്ചത്. അതുകൊണ്ടു തന്നെ മനുഷ്യേതര ഇടങ്ങളെ ഏറ്റവും അടുത്തുനിന്ന് കാണുന്ന അനുഭവങ്ങളുടെ ആവിഷ്കാരം കൂടിയാകുന്നു സമകാലിക കഥാകവിതാഖ്യാനങ്ങൾ. പ്രാകൃതനായ മനുഷ്യജന്തുവിലേക്കും ജീവിവർഗങ്ങളുടെ സഹജാവസ്ഥകളിലേക്കും വ്യാപരിക്കാനുള്ള ത്വരകാട്ടുന്ന ആഖ്യാനങ്ങളായിട്ടാണ് അവ നിലനിൽക്കുന്നത്. ഇതരങ്ങളുടെ തിരസ്കരണത്തിലൂടെ സഞ്ചരിച്ച മനുഷ്യനിൽ നിന്ന് ഭിന്നനായി സൂക്ഷ്മജൈവലോകത്തോടൊപ്പം അതിജീവിക്കുന്ന മനുഷ്യനിലേക്കുള്ള പരിണാമം കൂടിയാണ് സമകാലിക മലയാളാഖ്യാനങ്ങളിൽ തെളിയുന്നത്. അടിസ്ഥാനപരമായും ഒരു ജന്തുവർഗമായി നിൽക്കുന്ന പുതിയ മനുഷ്യവർഗമാണ് മലയാളഭാവനകളിൽ പ്രാമുഖ്യം നേടുന്നത്. അതുകൊണ്ടു തന്നെ വന്യവും ഹിംസാത്മകവുമായ മനുഷ്യപ്രേരണകൾ ആഖ്യാനത്തിന്റെ അടിസ്ഥാനഭാവങ്ങളായി മാറുന്നു. മനുഷ്യനും മൃഗവും സങ്കലിതമാവുന്ന പുതിയ ജീവിവർഗങ്ങളുടെ സങ്കല്പങ്ങൾ ഭാവനകളിൽ നിറയുന്നു. ജീവിവർഗങ്ങളുടെ ചരിത്രവും അതിജീവനയിടങ്ങളും കാലത്തിന്റെ രാഷ്ട്രീയമായി മാറ്റുകയും ചെയ്യുന്നു അത്തരം ഭാവനകൾ. മനുഷ്യവംശത്തിന്റെ വികാസപരിണാമങ്ങൾ അതിമാനുഷതലത്തിലേക്ക് കുതിക്കുമ്പോഴും മലയാളിയുടെ ഭാവന ഊർജ്ജം കണ്ടെത്തുന്നത് സൂക്ഷ്മജൈവലോകത്തിന്റെ ഇടങ്ങളിലാണ്. മനുഷ്യചരിത്രവും പ്രകൃതിചരിത്രവും തുടർക്കണ്ണികളാകുന്ന ഒരിടത്തിൽ പുതിയജന്തുവർഗമായി ഉരുത്തിരിയാൻ കാംക്ഷിക്കുന്ന മനുഷ്യനെയാണ് ആഖ്യാനങ്ങൾ വിഭാവനം ചെയ്യുന്നത് എന്നു പറയാം.

## ആധാരസൂചി

1. Hayles Katherine, 1999, How we became Post human: Virtual Bodies in Cybernetics, Literature and informatics, 1999, University press Chicago.

2. Herbrechter Stefan, 2013, Post humanism A Critical analysis, Blooms Bury, London.
3. Pramod K Nayar,2014, Post Humanism,2014 Polity Press Cambridge.
4. Young Liam (Guest Ed.) Machine Landscapes: Architectures of the post–Anthropocene, 2019, Paul Sayer.
5. ജോസഫ് എസ്, 2013, ചന്ദ്രനോടൊപ്പം, ഡിസി ബുക്സ്, കോട്ടയം
6. പ്രവീൺ കെ. വി., ഓർമ്മച്ചിപ്പ്, 2017,ഡിസി ബുക്സ്, കോട്ടയം.
7. പ്രസാദ് പന്ന്യൻ(എഡി), 2021, ആർ യു ഹ്യൂമൻ?മനുഷ്യേതര മാനവികതയ്ക്ക് ഒരാമുഖം, ഡിസി ബുക്സ്, കോട്ടയം.
8. മിനി പി സി, 2020, ഫ്രഞ്ച്കിസ്സ്,ഡിസി ബുക്സ്, കോട്ടയം.
9. ലിജ അരവിന്ദ് (എഡി), 2020, കഥാതീതം, ഇൻസൈറ്റ് പബ്ലിക്ക.
10. വിനോയ് തോമസ്, 2017, രാമച്ചി, ഡിസി ബുക്സ്, കോട്ടയം.
11. വിവേക് ചന്ദ്രൻ, 2019, വന്യം, ഡിസി ബുക്സ്, കോട്ടയം.
12. ശ്രീകുമാർ ടി. ടി., പോസ്റ്റ് ഹ്യൂമൻ വിചാര ലോകങ്ങൾ, 2021,പുസ്തക പ്രസാധക സംഘം
13. സുധാകരൻ കെ. വി., 2019, എളയാട്ടെ മാജിക് പാലം, ഇൻസൈറ്റ് പബ്ലിക്ക.
14. ഹരാരി യുവാൽ നോവ, 2019, സാപിയൻസ് മനുഷ്യരാശിയുടെ ഒരു ഹ്രസ്വ ചരിത്രം, മഞ്ജുൾ പബ്ലിഷിങ്ങ് ഹൗസ്.

## ജേണൽ/ആനുകാലികം

1. ലിജി എൻ., 2021, പുതുകഥകളിലെ നവ മാനവിക ഭാവനകൾ, ചെങ്ങഴി, Vol.1 No.6 June-Dcember, 2021.
2. സച്ചിദാനന്ദൻ, നമുക്ക് മുൻപ്, 2019, ഭാഷാപോഷിണി, മെയ് ലക്കം

*email: niranjanaliji@gmail.com*

# സൈബർ ഇടങ്ങളും മലയാള പരിപ്രേക്ഷ്യങ്ങളും

ആൽവിൻ അലക്സാണ്ടർ
അധ്യാപകൻ, ഇംഗ്ലീഷ് വിഭാഗം, യൂണിയൻ ക്രിസ്ത്യൻ കോളജ്, ആലുവ

ഡോ. സിബു മോടയിൽ
അധ്യാപകൻ, മലയാളവിഭാഗം, യൂണിയൻ ക്രിസ്ത്യൻ കോളജ്,ആലുവ

പ്രബന്ധസംഗ്രഹം

സൈബർ ഇടം എന്നത് ഒരു സാംസ്കാരിക യാഥാർത്ഥ്യമാണ്. എന്നാൽ പ്രതീതിയാഥാർത്ഥ്യമാണ് അതിന്റെ കേന്ദ്രാശയം. സ്ഥലകാലസങ്കല്പങ്ങളെയും ശരീരരാഷ്ട്രീയത്തെയുമെല്ലാം അട്ടിമറിച്ചുകൊണ്ട് പുതിയൊരു തിണയായി മാറിയിരിക്കുന്ന സൈബർ ഇടത്തെ മലയാളഭാവന എപ്രകാരം ഉൾക്കൊണ്ടിരിക്കുന്നു എന്ന് എം. മുകുന്ദന്റെ 'നൃത്തം', മധുപാലിന്റെ 'ഫേസ് ബുക്ക്' എന്നീ നോവലുകളെ മുൻനിർത്തി വിശകലനം ചെയ്തിരിക്കുകയാണ് ഈ പ്രബന്ധത്തിൽ. മാനവാനന്തര ശരീരവ്യവഹാരങ്ങൾ സൈബർ കാലത്തിന്റെ ഉല്പന്നമായ സാഹിത്യത്തിൽ പ്രതിനിധീകരിക്കപ്പെടുന്നതിന്റെ സൈദ്ധാന്തികവശങ്ങളും ഇവിടെ പരിശോധിക്കുന്നു.

**താക്കോൽവാക്കുകൾ:** സൈബർ ഇടം, ശരീരം,മാനവാനന്തരത, പ്രതീതി യാഥാർത്ഥ്യം, സൈബർ ഇടങ്ങളും മാനവാനന്തരതയും

അച്ചടിമാധ്യമവും എഴുത്തും മേൽക്കൈ നേടിയിരുന്ന ആധുനികതയുടെ വ്യവഹാരങ്ങളിൽ സ്ഥലാധിഷ്ഠിതമായ ഉച്ചനീചത്വങ്ങളും അധികാരപ്രയുക്തമായ ഒഴിവാക്കലുകളും സാധാരണമായിരുന്നു. സംവാദത്തിനുള്ള സാധ്യതകളെ ഇല്ലാതാക്കിക്കൊണ്ടാണ് അറിവിന്റെ ഔപചാരികത അക്കാലത്ത് നിർണ്ണായകമായത്. എന്നാൽ സംവാദാത്മകമായ സാഹചര്യങ്ങൾ നിരന്തരം സൃഷ്ടിച്ചുകൊണ്ടാണ് ഇ മെയിലുകളും നവമാധ്യമങ്ങളും രൂപപ്പെടുത്തിയ

സവിശേഷ ഇടത്തിൽ എല്ലാവിധ ജ്ഞാനമാതൃകകളുടെയും പുനർനിർവ്വചനം അനിവാര്യമായിത്തീർന്നത്. ഈ സവിശേഷ ഇടം സൈബർ ഇടം എന്ന പ്രയോഗം കൊണ്ടാണ് ഇന്ന് പ്രതിനിധീകരിക്കപ്പെടുന്നത്. സാങ്കേതികതയുടെ യാന്ത്രിക-ബൌദ്ധിക പരിസരത്തുനിന്നും ഉണ്ടായി വന്ന ഒരു പ്രയോഗമല്ല സൈബർ ഇടം എന്നത്. അത് സാഹിത്യ ഭാവുകത്വത്തിന്റെയും സാംസ്കാരികബുദ്ധിയുടെയും ഉല്പന്നമാണ്. സൈബർ ഇടം എന്ന സങ്കല്പം പൊതുബോധത്തിൽ സജീവമാകുന്നത് വില്യം ഗിബ്സന്റെ *Neuromancer* (1984) എന്ന നോവൽ പ്രസിദ്ധീകരിക്കപ്പെടുന്നതോടെയാണ്. "ശരീരത്തിൽനിന്നും വേർപെട്ട ബോധത്തെ പൊതുസമ്മതമാർജ്ജിച്ച മായാദൃശ്യമെന്ന ഭൂമികയിലേക്ക് പ്രക്ഷേപിക്കുന്ന" (1995: 6) തട്ടാണ് സൈബർ ഇടമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ സൈബർ ഇടമെന്ന സംവർഗ്ഗം പൊതു അഭിപ്രായ സമന്വയത്തോടെ സൃഷ്ടിക്കപ്പെടുന്ന ഒരു മായാദൃശ്യമാണ് (Hallucination) എന്ന് ഉറപ്പിക്കേണ്ടിവരും. കാതറിൻ ഹേൽസ് ഈ വിധത്തിൽ ഒരു അഭിപ്രായം *Neuromancer* എന്ന നോവലിന്റെ പശ്ചാത്തലത്തിൽ പ്രകടിപ്പിക്കുന്നുണ്ട് (1999: 36). മാനവാനന്തരം എന്ന ആശയത്തെ വിപുലീകരിക്കുന്ന സന്ദർഭത്തിലാണ് ഈ നിരീക്ഷണം എന്നത് പ്രസക്തമാണ്. കമ്പ്യൂട്ടർ സിമുലേഷന്റെ ഭൗതികേതര ഇടത്തിൽ നിലനിന്നുകൊണ്ട് സാന്നിധ്യത്തെ ഒരു മായക്കാഴ്ചയായി (Optical illusion) പ്രതിനിധീകരിക്കുന്ന വ്യവസ്ഥയാണ് സൈബർ ഇടം എന്ന് ഹേലസ് വിശദീകരിക്കുന്നു(36). ഇത്തരം സൈബർ ഇടങ്ങളിൽ വ്യവഹരിക്കുന്ന കർത്തൃത്വങ്ങളും ഈ മായക്കാഴ്ചയുടെ പ്രഭാവത്തിൽ അകപ്പെടുന്നതിനാൽ സ്ഥൂലമായ അസ്തിത്വഭാവങ്ങൾ ഉപേക്ഷിച്ച് അമൂർത്തങ്ങളായ വികൽപ്പങ്ങളിലേക്ക് നീങ്ങുന്നു. സൈബർ ഇടമെന്നത് ഒരു ശരീരാനന്തരയാഥാർത്ഥ്യംകൂടിയാണെന്നുള്ള (Post-Corporal/Post-body) യുക്തി ഇവിടെ വ്യക്തമാണ്. മാനവാനന്തരവിചാരങ്ങൾ നിർമ്മിക്കുന്ന നവശരീരവ്യവഹാരങ്ങളും (body discourses) അവയുടെ പ്രകടനപരതയിൽ അന്തർലീനമായ സങ്കീർണ്ണ കർത്തൃത്വ മാതൃകകളും പ്രശ്നവത്ക്കരിക്കപ്പെടണം. ഡാറ്റകളുടെ സമാഹരണഭൂമികയായിത്തീരുന്ന ശരീരമാതൃകകൾ സൈബർ ഇടങ്ങളുടെ യാഥാർത്ഥ്യമാണ്. ഇവിടെ ഒരു ഭാവനാത്മകമായ ചിന്താലോകത്തുനിന്നും ഉരുവാകുന്ന ഭൗതികത എന്ന നിലയിൽ ശരീരം വിവരിക്കപ്പെടുന്നു (37). മായ്ക്കപ്പെടാവുന്ന ഒരു സാധ്യതയാണ് ഈ ശരീരം. ഭൗതികതയിൽനിന്നും വേറിട്ടൊരു അസ്തിത്വം അതിനുണ്ട്. ഒരു വ്യവഹാരഭൂമി

എന്ന നിലയ്ക്ക് ഭൗതികവും സാങ്കല്പികവുമായ ഇടങ്ങളിൽ/രീതികളിൽ പ്രത്യക്ഷപ്പെടുന്നതിനാൽ ഒരേസമയം അത് സ്ഥാനവും അസ്ഥാനവും ആയിത്തീരുന്നുമുണ്ട്. സൈബർലോകത്ത് വ്യാപരിക്കുന്ന ശരീരങ്ങളിൽ ഈ സ്ഥാന/ഇട രൂപങ്ങൾ പുതിയ കർത്തൃത്വങ്ങൾക്കും രൂപം നൽകും. ഡേവിഡ് ബെല്ലിന്റെ അഭിപ്രായത്തിൽ പുതിയ ലോകങ്ങൾക്കും സ്വത്വങ്ങൾക്കും രൂപം നൽകുന്ന കമ്പ്യൂട്ടറുകൾക്കിടയിലെ ഭാവനാത്മകമായ ഇടമാണ് സൈബർ ഇടം (2001: 6). *Neuromancer* ൽ ഗിബ്സനും ഇതേ ആശയം മുന്നോട്ടു വയ്ക്കുന്നതായി കാണാം. കർത്തൃത്വം, മനസ്സ്,ശരീരം,സാങ്കേതികത എന്നിവയെല്ലാം അവിടെ ഇടകലർന്നു കിടക്കുന്നു. അതിരുകൾ ലംഘിക്കപ്പെടുന്ന സൈബർ ഇടങ്ങളിൽ ഏകീകൃത കർത്തൃത്വ ധാരണകളും ചോദ്യം ചെയ്യപ്പെടുകയാണ്. മനുഷ്യകർത്തൃത്വത്തിന്റെ സമഗ്രമായ പുനർനിർണയ പ്രക്രിയയിൽ പ്രധാനപ്പെട്ട ഒരു ആശയമായി മനുഷ്യാനന്തരം/മാനവാനന്തരം എന്ന സങ്കൽപം കടന്നുവരുന്നു. സൈബർ ഇടങ്ങളുമായുള്ള സന്ധിസ്ഥാനങ്ങളിൽ മാനവാനന്തര യാഥാർഥ്യങ്ങൾ കർത്തൃത്വത്തിന്റെ അനന്തസാധ്യതകൾ വ്യക്തമാക്കുന്നുണ്ട്. അവയുടെ സാമൂഹികവിവക്ഷകളും നൈതിക പ്രത്യാഘാതങ്ങളും ഗൗരവമായി ചർച്ചചെയ്യപ്പെടേണ്ടതാണ്. മനുഷ്യർ തമ്മിലുള്ള വ്യവഹാരങ്ങളെയും ഭൗതികലോകവുമായുള്ള സമ്പർക്കങ്ങളെയും മാനവാനന്തരത ഉളവാക്കുന്ന നവകർത്തൃത്വസാധ്യതകൾ അപനിർമ്മിക്കുന്നുണ്ടെന്നു പറയാം. ഇങ്ങനെ അപനിർമ്മിക്കപ്പെടുന്ന കർത്തൃത്വങ്ങൾ മാനവാനന്തര യാഥാർഥ്യങ്ങളായി നിലനിൽക്കുമ്പോൾ "നമ്മുടെ ശരീരം ചർമ്മത്തിൽ അവസാനിക്കേണ്ടതുണ്ടോ? അഥവാ, അത്തരം ചർമ്മത്തിൽ പൊതിയപ്പെട്ട ജീവികളെക്കൂടി മാത്രം ശരീരത്തിൽ ഉൾപ്പെടുത്തിയാൽ മതിയോ?" എന്ന ഡോണ ഹാരവേയുടെ ചോദ്യം പ്രസക്തമാണ് (2004:36). സൈബോർഗ് എന്ന ആശയം രൂപംകൊള്ളുന്നത് ഇത്തരം ചിന്തകളുടെ പശ്ചാത്തലത്തിലാണ്. മനുഷ്യനിൽനിന്നും അപരനിലേക്കുള്ള (യന്ത്രങ്ങളിലേക്കും മാനവേതര ജീവനുകളിലേക്കും) അത്ഭുതപൂർവവും അപ്രതീക്ഷിതവുമായ അതിരുഭേദമാണ് മാനവാനന്തരതയുടെ പ്രധാന ലക്ഷണം. ആത്മം/അപരം എന്ന ദ്വന്ദ്വത്തിൽ പലപ്പോഴും അപരൻ നമ്മുടെതന്നെ യന്ത്രോപകരണങ്ങളാകാം എന്ന് ഹാരവേ മറ്റൊരിടത്ത് നിരീക്ഷിക്കുന്നുണ്ട് (1991:189). അപരന്റെ കാഴ്ചപ്പാടിൽ രൂപപ്പെടുന്ന കർത്തൃത്വങ്ങൾക്ക് ഈ യാന്ത്രികത നൽകുന്ന പരിപ്രേക്ഷ്യവ്യതിയാനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ശരീരത്തിന്റെയും മനസ്സിന്റെയും ഭാവനാപൂർണ്ണമായ പരിവർത്തനങ്ങൾ നിരന്തരമായി സാധ്യമാകുന്ന

സാങ്കേതികതയുടെ ഇടപെടലുകൾ സൈബർ ഇടത്തിന്റെ പ്രത്യേകതയാണ്. സാങ്കേതികതയിലൂടെ സാധ്യമാകുന്ന മാനവേതര കർത്തൃത്വ സംവേദനങ്ങൾ സൃഷ്ടിക്കുന്ന സാമൂഹികതയും സാമൂഹിക ഇടങ്ങളും സൈബർ ഇടത്തിന്റെ ഭാഗംതന്നെയാണ് എന്ന് Rosi Braidotti വിലയിരുത്തുന്നുണ്ട് (2011: 45). യന്ത്രവും മനസ്സും തമ്മിലുള്ള വിടവിന്റെ അതിരുകൾ ക്രമേണ മങ്ങിത്തുടങ്ങുന്നത് സാമൂഹികതയിൽ പ്രതിഫലിപ്പിക്കപ്പെടുന്നു (45). ഭൗതികസംസ്കാരം ഈ മാനവ-മാനവേതര- യന്ത്ര വ്യത്യാസങ്ങളുടെ മങ്ങലിന് ആക്കം കൂട്ടിയതായിട്ടും Braidotti നിരീക്ഷിക്കുന്നു (2013: 9). ഒരു ഡ്രോൺ പറത്തുന്ന വ്യക്തിയും ഡ്രോണും പരസ്പരം ചേർന്ന്  ഒരു മാനവേതര അസ്തിത്വം രൂപപ്പെടുമെന്ന് കരുതുന്നിടത്തുനിന്നും ഭാവിയിൽ മനുഷ്യസാന്നിധ്യംതന്നെ അപ്രസക്തമായിത്തീരുന്ന കാലം വിദൂരമല്ലെന്ന് Braidotti അഭിപ്രായപ്പെടുന്നുണ്ട്. അവിടെ ഒരു യന്ത്രനൈതികത ഉരുവാകേണ്ടതിന്റെ ആവശ്യകതയും പ്രസക്തമാണ് (44). മനുഷ്യ-യന്ത്ര വിനിമയങ്ങളിൽ രൂപപ്പെടുന്ന മാനവാനന്തരയാഥാർത്ഥ്യങ്ങളുടെ സന്ദിഗ്ദ്ധതകൾ സൈബർ ഇടങ്ങളിൽ വ്യാപരിക്കുന്ന വിധങ്ങൾ പ്രതിപാദിക്കുന്ന മലയാളകൃതികളുടെ വായന പ്രാതിനിധ്യപൂർവ്വം നിർവ്വഹിക്കാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്. ശരീരത്തിന്റെയും ഭാഷയുടെയും ഇടങ്ങളുടെയും പ്രശ്നവത്ക്കരണവും കർത്തൃത്വരൂപീകരണത്തിന്റെ രീതികളും ഇവിടെ അന്വേഷണവിധേയമാക്കുന്നു.

കമ്പ്യൂട്ടറും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന സാദൃശ്യധ്രുവങ്ങളിൽ, സൈബർ ഇടത്തിന്റെ പരികല്പനകൾ സാധ്യമാക്കുന്ന പരിവർത്തനങ്ങൾ മലയാളഭാവുകത്വത്തെ സ്വാധീനിക്കുന്ന വിധങ്ങൾ പരിശോധിച്ച ആദ്യനോവലാണ് എം. മുകുന്ദന്റെ 'നൃത്തം'. മനുഷ്യപ്രജ്ഞയുടെ മാതൃകയിൽ കമ്പ്യൂട്ടറിനെ മനസ്സിലാക്കുന്നതിൽനിന്നും വ്യത്യസ്തമായി, കമ്പ്യൂട്ടർ മാധ്യമമായി വർത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് മനുഷ്യൻ എപ്രകാരം ഒരു രൂപകമായി പരിണമിക്കുന്നു എന്ന് നോവൽ അന്വേഷിക്കുന്നു. മനുഷ്യന്റെ ഭൂരിഭാഗം സമ്പർക്കങ്ങളും വ്യവഹാരങ്ങളും ഇന്ന് കമ്പ്യൂട്ടർ ബന്ധിത സൈബർ ഇടത്തിലൂടെയാണ് വ്യാപരിക്കുന്നത്. യാഥാസ്ഥിതിക സ്ഥല/ഇട സങ്കല്പങ്ങളിൽനിന്നും വിഭിന്നമായി സ്വത്വബോധത്തെപ്പറ്റിയും കർത്തൃത്വത്തെപ്പറ്റിയും അനേകചോദ്യങ്ങളുയർത്തിക്കൊണ്ടുതന്നെ പാരസ്പര്യത്തിന്റെയും സാമൂഹികതയുടെയും നവരൂപങ്ങൾ സൈബർ ഇടങ്ങൾ ഉരുവാക്കുന്നുണ്ട്. പാരസ്പരികതയുടെ ഈ സാമൂഹിക സൈബർ ഇടങ്ങളിൽ ഉടലെടുക്കുന്ന വ്യക്തിത്വ/സ്വത്വബോധ പ്രഹേളികകളെ 'നൃത്തം' സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്.

സൈബർ/പാഠ-സ്വത്വത്തിന്റെയും യഥാർത്ഥ/ശാരീരിക-സ്വത്വത്തിന്റെയും സമ്മേളനം കർത്തൃത്വരൂപീകരണത്തെയും വിവരണത്തെയും പ്രതിനിധീകരണത്തെയും സങ്കീർണ്ണമാക്കുന്നുവെന്നത് വ്യക്തമാണ്. ഇന്റർനെറ്റ് എന്ന സൈബർ ലോകത്ത് സൈബർ സ്വത്വം എന്നത് എപ്പോഴും ദ്രാവകമട്ടിൽ ആവിർഭവിക്കുന്നതും വികേന്ദ്രീകൃതമായതും അയവുള്ള പരിണാമക്രമത്തിലുള്ളതുമായ ഉൺമയാണ്. ശാരീരികതയുടെയും പ്രകടനപരതയുടെയും ബഹുവിധ വ്യവഹാരങ്ങൾ ഈ സ്വത്വഭൂമികയിൽ ഒന്നിക്കുന്നതായി കാണാം. ശരീരം ഈ സ്വത്വപ്രകാശനത്തിന്റെ പ്രഥമ അടയാളമേഖലകളിലൊന്നാണെന്നതിൽ തർക്കമില്ല. സ്വത്വബോധം സ്ഥിരവും അസ്ഥിരവും ആക്കപ്പെടുന്ന ഇടമായി ശരീരത്തെ മുകുന്ദൻ വർണ്ണിക്കുന്നു.

ശരീരങ്ങൾ ഇടങ്ങളിൽ നിലകൊള്ളുന്നതുപോലെ അവയിൽ തന്നെ ഇടങ്ങളുമാണ്. ശരീരംതന്നെ ഇടമാണ് എന്ന യാഥാർത്ഥ്യം Heidi J. Nast വ്യക്തമാക്കുന്നുണ്ട്. ലോകം സ്വയം ആലേഖനം ചെയ്യുന്നതും മറ്റുള്ളവർ തങ്ങളുടെ വ്യത്യസ്തത രേഖപ്പെടുത്തുന്നതും മറ്റു സ്ഥലങ്ങൾ ഇടങ്ങൾ പോലെ തന്നെ സ്ഥലബന്ധിതവും നിരന്തരം പദവിന്യാസം ചെയ്യപ്പെടുന്ന അതിരുകൾ ഉള്ളതുമായ ഭൗതിക ഇടങ്ങളാണ് ശരീരം എന്ന് അവർ അഭിപ്രായപ്പെടുന്നു(1998:70). പ്രകടനപരതയെ ചിത്രീകരിക്കുന്നതിലൂടെ കർത്തൃത്വരൂപീകരണം സാധ്യമാകുന്ന ഇടമാണ് ശരീരം എന്ന് 'നൃത്തം' പറഞ്ഞുവയ്ക്കുന്നുണ്ട്. വ്യവഹാരങ്ങളുടെ ആവർത്തനങ്ങളിലൂടെയും സ്വയാവതാരങ്ങളിലൂടെയും ദിനവൃത്തിയെന്ന നിലയിൽ നിരന്തരം നിർമ്മിക്കപ്പെടുന്നതാണ് ലിംഗപദവി (സ്വത്വബോധം) എന്ന ജൂഡിത് ബട്ലറുടെ ആശയം ഇതിനോടു ചേർത്തു വായിക്കണം(2013: 34) പ്രകടനപരമായ ആവർത്തനങ്ങൾ കർത്തൃത്വത്തെ രൂപപ്പെടുത്തുന്നു. അനുകരണാത്മകമായ പ്രവൃത്തികളുടെ ആവർത്തനങ്ങളാണിവ. പ്രവൃത്തിയുടെ സൃഷ്ടി മാത്രമാണ് പ്രവർത്തകൻ എന്ന സ്ഥിതിയാണിത്. പ്രവർത്തിക്കുന്ന വ്യക്തി പ്രവൃത്തിയുടെ ഉത്ഭവസ്ഥാനം എന്ന ഭാവത്തിൽ നിലകൊള്ളുന്നു. 'നൃത്ത'ത്തിൽ വ്യക്തമാകുന്ന മാതൃകയും ഇതുതന്നെ.

കളരി അഭ്യാസിയിൽനിന്നും സമകാലികശൈലിയിലുള്ള നൃത്തകലയുടെ പ്രയോക്താവായി രൂപാന്തരപ്പെടുന്ന അഗ്നി/ബാലകൃഷ്ണൻ എന്ന മലയാളിയുടെ കഥയാണ് 'നൃത്തം'. സമകാലിക നൃത്തശൈലിയിൽ പ്രശസ്തനായ റുഡോൾഫ് എന്ന വിദേശിയുടെ സ്വാധീനത്തിലാണ് അയാൾ കളരിയിൽനിന്നും നൃത്തത്തിലേക്ക് ചുവടു മാറുന്നത്. റുഡോൾഫിനെ ഭ്രമിപ്പിക്കുന്നത് ബാലകൃഷ്ണന്റെ അയവുള്ള ശരീരമാണ്. ഒരു അപരിചിതനായ ശ്രീധറിനോട്

ഇ-മെയിലിലൂടെ അഗ്നി ആഖ്യാനം ചെയ്യുന്ന അയാളുടെ ജീവിതകഥയാണ് നോവൽ. ആധികാരികത, യാഥാർത്ഥ്യം, സ്വത്വബോധം, സ്വത്വഹാനി എന്നീ ആശയങ്ങളെ സൈബർ ഇടത്തിന്റെ ഭൂമികയിൽ നിന്നുകൊണ്ട് മുകുന്ദൻ പ്രശ്നവത്ക്കരിക്കുന്നു. സൈബർ ഇടത്തിന്റെ ഇത്തരം ലക്ഷണങ്ങളെ കഥാപാത്ര-കർത്തൃത്വങ്ങളിലൂടെ നോവൽ സമഗ്രമായി പരിശോധിക്കുന്നുണ്ട്. സൈബർ ഭാഷയുടെ യുക്തിയും യാഥാർത്ഥ്യവും താളവുമെല്ലാം നിരന്തര ഹേമങ്ങളായ സ്ഥലകാലബോധ്യങ്ങൾക്ക് പുതിയ തുറസ്സുകൾ നോവലിൽ നിർമ്മിക്കുന്നു. സ്ഥലവും കാലവും ഉണർത്തുന്ന ഭാവുകത്വങ്ങൾ സൈബർ ഇടത്തിന്റെ വികല്പങ്ങളെ വിപുലീകരിക്കുന്നത് നോവലിൽ വ്യക്തമാണ്. അഗ്നി/ബാലകൃഷ്ണൻ വ്യവഹരിക്കുന്നത് സാന്നിധ്യ അസാന്നിധ്യ പ്രഹേളിക യിലാണ്. നോവലിന്റെ ഭാഷയിലും ഈ സന്ദിഗ്ധത വ്യക്തമാണ്.സൈബർ യാഥാർത്ഥ്യങ്ങൾ തീവ്രമായ ആന്തരികതയെ പ്രകാശിപ്പിക്കുന്ന ഭാഷ ആവി ഷ്ക്കരിക്കുന്നുണ്ട് എന്നത് സൈബർ ഭാഷയുടെ വിപുലീകരണത്തിന് ഉതകുന്ന ഘടകമാണ്.

## സൈബർ ഇടം, ശരീരം, പ്രകടനപരത

നൃത്തം എന്ന നോവൽ സൈബർ ഇടത്തെ രൂപകങ്ങളിലൂടെ ആവിഷ്ക്ക രിക്കുന്നു. ശരീരത്തിന്റെയും നൃത്തത്തിന്റെയും രൂപകങ്ങളാണ് ഇവയിൽ പ്രധാനം. അമൂർത്തമായ ചിന്തയെ സ്പർശവേദ്യമായ അഥവാ സുസ്പഷ്ടമായ ആശയമായി പരിവർത്തിപ്പിക്കുന്ന ഗ്രഹണ ഉപകരണമായാണ് രൂപകത്തെ ഇവിടെ വിവക്ഷിക്കുന്നത് (സാഹിത്യ ഉപകരണം അല്ല) അപരിചിതവും സൈദ്ധാന്തികവുമായ പരികല്പനകളെ പരിചിതവും പ്രകടവുമായ അനുഭവ ങ്ങളിലൂടെ നമ്മുടെ മനസ്സ് എപ്രകാരമാണ് ആവിഷ്ക്കരിക്കുന്നത് എന്നതിന് ഉദാഹരണങ്ങളാണ് രൂപകങ്ങൾ. അത് കേവലമൊരു വിവരണോപാധി മാത്രമല്ല. സാഹിത്യഭാഷയിലേക്കും ഭാവനയിലേക്കും എപ്രകാരമാണ് ശരീര-ഇടങ്ങളുടെ പ്രകടനപരത സന്നിവേശിപ്പിക്കപ്പെടുന്നത് എന്ന് മുകുന്ദന്റെ നോവൽ വ്യക്തമാക്കുന്നു. നമ്മുടെ ഇച്ഛകൾക്കും ഭാവനകൾക്കും വിധേയപ്പെടുന്നതും വളരെ അയവുള്ളതുമായ സ്വത്വത്തെ രൂപപ്പെടുത്തുന്ന, ശാരീരികപരിമിതികളിൽനിന്നും മുക്തമായൊരു സ്വതന്ത്രലോകമായിട്ടാണ് ഇന്റർനെറ്റിനെ 'നൃത്തം' എന്ന കൃതിയിലെ ശരീര-ഇടങ്ങളുടെ പ്രകടനപര മായ വ്യവഹാരം പ്രതിഷ്ഠിക്കുന്നത്. നോവലിലെ സമൂർത്ത സ്വത്വാഖ്യാനം സൈബർ ഇടത്തിന്റെ അമൂർത്തപരിസരങ്ങളുടെ ഭാവനാപൂർണ്ണമായ

പുനരവതരണമാണെന്നത് വ്യക്തമാണ്. അമൂർത്തമായതിനെ സൂചിപ്പിക്കാൻ ഭൗതികത എന്ന രൂപകം വൈരുദ്ധ്യാത്മകമായി നോവൽ ഉപയോഗിക്കുന്നു.

സ്ഥലികതയുടെ മാനങ്ങൾ നോവലിൽ പുനരാഖ്യാനം ചെയ്യപ്പെടുന്നുണ്ട്. ശ്രീധരൻ ഒരു ഇ-മെയിൽ വിലാസം സ്വീകരിക്കുന്നതിലൂടെ ഒരു പുതിയ സ്വത്വബോധത്തെയും സൃഷ്ടിക്കുന്നതായി കാണാം. സ്വത്വബോധം എന്നത് ഭൂമിശാസ്ത്രപരമായി നിർണ്ണയിക്കപ്പെടുന്ന മറ്റിടങ്ങളിൽനിന്നും വിഭിന്നമാക്കപ്പെടുന്നു, സൈബർ ഇടത്തിലൂടെ: "അങ്ങനെയിരിക്കെ ഇപ്പോഴിതാ ഒറ്റവരിയിൽ ഒരു പുതിയ മേൽവിലാസം. sreedhartp@hotmail.com വീട്ടുടമസ്ഥന്റെ സമ്മർദ്ദത്തിനു വഴങ്ങി വാടകവീട് ഒഴിയേണ്ടി വന്നാലോ എത്രതന്നെ ട്രാൻസ്ഫറുകൾ എവിടെയെല്ലാം ഉണ്ടായാലോ ഈ വിലാസത്തിനു മാറ്റമുണ്ടാവില്ല. ഈ വിലാസത്തിൽ വീടിന്റെ പേരോ ഫ്ലാറ്റിന്റെ പേരോ നിരത്തിന്റെ പേരോ എന്നല്ല നാടിന്റെ പേരുപോലുമില്ല. നാടിന്റെ പേരില്ലാത്ത ഒരു മേൽവിലാസം"(മുകുന്ദൻ,2001:7). അയാൾക്ക് ആദ്യമായി ഒരു വ്യക്തിയിൽ നിന്നു ലഭിക്കുന്ന സന്ദേശം ഒരു ടെസ്റ്റ് മെസ്സേജ് ആണ്-അഗ്നിയിൽനിന്ന് (agni@a01.com) "ഇത് ഒരു ടെക്സ്റ്റ് മെസ്സേജ് ആണ്. എന്റെ പേര് അഗ്നി" (9). കൂട്ടായ്മയും സംസർഗ്ഗവും ആഗ്രഹിച്ച് സ്വന്തം ജീവിതകഥ പങ്കു വയ്ക്കാൻ താൽപര്യപ്പെടുന്ന വ്യക്തിയാണ് അഗ്നി. ഒരു തുടർപരമ്പരയായി അയാൾ തന്റെ കഥ ഇ-മെയിലുകളിലൂടെ പറയുവാൻ ആരംഭിക്കുകയാണ്. എന്നാൽ തുടക്കത്തിൽ തന്നെ സൈബർ ലോകത്തിന്റെ യാഥാർത്ഥ്യങ്ങളെ അയാൾ അപനിർമ്മിക്കുന്നു. ആധികാരികത, അജ്ഞാതത്വം, സൈബർ സ്വത്വം, ദ്രവത്വം എന്നിവയെല്ലാം അവിടെ പ്രശ്നവത്ക്കരിക്കപ്പെടുന്നതായി മനസ്സിലാക്കാം: "എന്റെ പേര് അഗ്നി. അത് താങ്കൾക്ക് അറിയാമല്ലോ. എന്റെ ശരിയായ പേരാണോ ഇത്? എങ്കിൽ പോലും അപൂർണ്ണമല്ലേ ഈ പേര്? അഥവാ എന്റെ ഓമനപ്പേരായിരിക്കുമോ അഗ്നി എന്നത്? ഇങ്ങനെ ചില സംശയങ്ങൾ നമ്മളിൽ ഉയരുന്നുണ്ടാകും. തമ്മിൽ പരസ്പരം അറിയുന്നതും ബന്ധപ്പെടുന്നതും ഇന്റർനെറ്റിൽക്കൂടിയാണ്. സംശയങ്ങൾക്ക് നെറ്റിൽ സ്ഥാനമില്ല... അതുകൊണ്ട് സന്ദേഹങ്ങളെ ദൂരീകരിക്കുക. കാണുന്നതിനെ വിശ്വസിക്കുക. എന്നെ അഗ്നിയെ വിശ്വസിക്കുക. നെറ്റിലെ സത്യമാണ് ഞാൻ" (13). ഇവിടെ ഒരു പകർപ്പ് സംഭവിക്കുന്നുണ്ടെന്നത് വ്യക്തമാണ്. വിശ്വാസം അർപ്പിക്കേണ്ട ഒരു പുതിയ രക്ഷകനായാണ് സൈബർ ഇടം ഇവിടെ അവതരിക്കുന്നത്. സ്വാതന്ത്ര്യം വാഗ്ദാനം ചെയ്തുകൊണ്ട് ഒരു സൈബർ രക്ഷകകർത്തൃത്വം രൂപപ്പെടുന്നു. പകർപ്പ് ആധികാരികമായി ഇടപെടുമ്പോൾ ആധികാരികത

എന്ന സംവർഗ്ഗം തന്നെയാണ് നോവലിൽ പ്രശ്നവൽക്കരിക്കപ്പെടുന്നത്. അത് തുടർന്നുകൊണ്ടിരിക്കുന്നിടത്ത് സുവ്യക്ത ഘടനകളുടെ അപനിർമ്മാണവും സംഭിക്കുന്നു. സൈബർ കർത്തൃത്വത്തിന്റെ അയഥാർത്ഥത അഗ്നിയുടെ സംഭാഷണത്തിൽ വ്യക്തമാണ്: "ഞാൻ ഇത് എഴുതുന്നത് വിയന്നയിൽനിന്നാണ്. ബാലകൃഷ്ണൻ തന്നെയാണ് അഗ്നി എന്നതിന് എന്താണ് തെളിവ്? ബാലകൃഷ്ണൻ അല്ല അഗ്നി എന്നതിനും തെളിവില്ല. മാത്രമല്ല ബാലകൃഷ്ണൻ/ അഗ്നി തന്നെയാണ് നിങ്ങൾക്ക് ഇങ്ങനത്തെ സന്ദേശങ്ങൾ അയക്കുന്നത് എന്നത് നിങ്ങൾക്ക് തീർച്ചയാണോ?....ഞാൻ ഇത് വിയന്നയിൽനിന്നാണ് അയക്കുന്നത് എന്ന് തുടക്കത്തിൽ പറഞ്ഞു. അതിനും തെളിവില്ല. നിങ്ങളുടെ പാർപ്പിടത്തിനു തൊട്ടു മുന്നിലെ സർവ്വീസ് ലെയിനിനപ്പുറത്തെ ഒരു ഫ്ലാറ്റിൽ സദാ കമ്പ്യൂട്ടറിനു മുന്നിൽ ഇരിക്കുന്ന ഒരു പയ്യനാണ് നിങ്ങൾക്ക് ഈ സന്ദേശം അയക്കുന്നത് എന്നു പറഞ്ഞാൽ?" (39). ഇവിടെ ഒന്നിനും ഘനീഭൂതമായ ഘടനയില്ല. കർത്തൃത്വത്തിന്റെ ഭാവ/അഭാവ സാധ്യതകൾ സൈബർ ഇടത്തിന്റെ സ്വാഭാവികതയാണ്. ദ്രവത്വം സർവ്വമാനമായി വ്യാപരിക്കുന്ന ഇടമാണത്. അഗ്നി അയാൾതന്നെ ആകാനും ആകാതിരിക്കാനും ഉള്ള സാധ്യതകൾ സൃഷ്ടിക്കുന്ന അയവ് സൈബർ ഇടത്തിന്റെ പ്രത്യേകതയാണ്. സ്ഥലികതയും ഈ അയവിൽത്തന്നെ സ്ഥിതി ചെയ്യുന്നു. അറിവിനേക്കാൾ വിശ്വാസത്തിനാണ് അവിടെ പ്രാധാന്യമെന്ന് മുകുന്ദന്റെ കഥാപാത്രം സൂചിപ്പിക്കുന്നു. "അതുകൊണ്ട് കാണുന്നത് വിശ്വസിക്കുക. ചോദ്യങ്ങൾ ചോദിക്കരുത്. അഗ്നി (?)" (39). അഗ്നി ഒരു പ്രൊഫെഷണൽ നർത്തകനാണെന്ന് വെളിപ്പെടുന്നിടത്ത് ശരീരം, പ്രകടനപരത എന്നീ പ്രമേയങ്ങൾ നോവലിൽ വെളിപ്പെടുന്നു. അഭിനയകലയും കളരിപ്പയറ്റും ഗുരുക്കളിൽനിന്നും പഠിക്കുന്നതോടെ അയാൾ സ്വന്തം ശരീരത്തിൽ ആകൃഷ്ടനാവുകയാണ്. സ്വന്തം ശരീരം ഒരു അഭിനിവേശമായി അയാൾ അനുഭവിക്കുന്നു. അത് അയാൾക്ക് ഒരു ആരാധനാമൂർത്തിയായി ഭവിക്കുന്നു. ശരീരം ഒരു വ്യക്തമായ ഇടമായി ബാലകൃഷ്ണന് അനുഭവപ്പെടുന്നത് പ്രകടനപരതയുടെ/കലയുടെ പരിസരങ്ങളിലാണ്. ഈ തിരിച്ചറിവിനു ശേഷം നോവലിൽ ശരീരത്തെക്കുറിച്ച് പരാമർശിക്കുന്ന അവസരങ്ങളിലെല്ലാം ഇടത്തിന്റെ മോട്ടിഫ് തിരിച്ചറിയാവുന്നതാണ്. പഞ്ചഭൂതപ്രതിപാദ്യവും ശരീരവിശേഷണങ്ങളിൽ ശ്രദ്ധേയമായി നിലനിൽക്കുന്നു. "ക്രമേണ എന്റെ സ്വന്തം ദേഹം എനിക്ക് ഒരത്ഭുതവസ്തുവായി മാറി.... സ്വന്തം ശരീരത്തെ ആരാധിക്കാൻ എന്നെ പഠിപ്പിച്ചത് ഗുരുക്കൾ തന്നെ ....ഒരിടത്തും നിൽക്കാത്തതാണ് കാറ്റ്. ഒരു ദിവസം ഞാനും അങ്ങനെയാകും. എങ്ങും

തങ്ങാതെ എപ്പോഴും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കാറ്റിനെപ്പോലെ വെയിലും വെള്ളവുമായി എല്ലായ്പ്പോഴും ശരീരം ബന്ധം പുലർത്തുന്നു എന്ന് ഗുരുക്കൾ എനിക്കു പറഞ്ഞുതന്നു" (16-17). സ്വന്തം ദേഹത്തിന് പുഴയുടെ കാന്തി വരുത്തുന്ന ബാലകൃഷ്ണൻ ശരീരത്തെ ദ്രവത്വത്തോട് ചേർത്തുവയ്ക്കുന്നു. ഈ ശാരീരിക ഇടം ഇടങ്ങളെ അതിജീവിക്കുന്ന മെറ്റാ സ്പെയ്സും ആകുന്നുണ്ട്. ഈ ഇടംതന്നെയാണ് സൈബർ ഇടത്തിൽ അഗ്നിയായി വ്യാപരിക്കുന്നതും. സൈബർ ഇടത്തിന്റെ ശരീരാന്തരഭാവം ബാലകൃഷ്ണനിൽ/അഗ്നിയിൽ വ്യക്തമാണ്. ഹേൽസിന്റെ വീക്ഷണത്തിലെ ഭാവനാത്മകമായ ലോകത്ത് രൂപപ്പെടുന്ന ഭൗതികതയായിത്തീരുന്നു അയാളുടെ ശരീരം. എപ്പോഴും മായ്ക്കപ്പെടലിന്റെയും ഉൾച്ചേരലിന്റെയും സാധ്യതകൾ അവിടെ നിലനില്ക്കുന്നു. കളരിയിൽ അഭ്യാസം നടത്തുന്ന ബാലകൃഷ്ണന്റെ ശരീരത്തിൽ ഇത് വ്യക്തമാണ്. "ശരീരത്തിന്റെ എല്ലാ കെട്ടുകളുമഴിഞ്ഞ ഒരു മുഹൂർത്തമായിരുന്നു അത്. സ്വതന്ത്രമായ ദേഹം ചലനങ്ങളുടെ നിരവധി സാധ്യതകളിലൂടെ സഞ്ചരിക്കാൻ തുടങ്ങി. വൃത്തവും ചതുരവും ദീർഘചതുരവും സമകോണവും എന്റെ ഉടലിന്റെ കുതിപ്പുകളിൽ വിലയിച്ചു" (17). നോവലിൽ പിന്നീട് വ്യക്തമാക്കപ്പെടുന്ന സൈബർ സ്വത്വമായ അഗ്നിയുടെ പൂർവ്വരംഗമായി ശരീരത്തിന്റെ ദ്രവത്വത്തെക്കുറിച്ചും സ്വതന്ത്ര ഇടങ്ങളെപ്പറ്റിയുമുള്ള ഈ വിവരണത്തെ മനസ്സിലാക്കണം. കൃത്യമായ ഒരു സൈബർ ഇട വ്യവഹാരമാണ് അഗ്നിയുടെ ശരീരത്തിന്റെ പ്രകടനപരതയിൽ വ്യക്തമാകുന്നത്. നോവൽ പുരോഗമിക്കുമ്പോൾ അഗ്നിയുടെ ശരീരം നൃത്തവുമായി വിലയം പ്രാപിക്കുന്നതും ഒന്നാകുന്നതും ഇതിനോട് ചേർത്ത് വായിക്കണം. ശരീര-ഇടങ്ങളുടെ പ്രകടനപരതയെന്ന മിശ്രിതരൂപകം നോവൽ വിവരിക്കുന്ന സൈബർലോക യാഥാർത്ഥ്യത്തിന്റെ യുക്തമായ പ്രതിനിധീകരണം ആണെന്നു കാണാൻ സാധിക്കും. മുൻപ് സൂചിപ്പിച്ച അഗ്നിയുടെ നൃത്തം ഇത് വെളിവാക്കുന്നു. "...അന്ന് ശരീരത്തെ മറന്ന് ആത്മാവുകൊണ്ടാണ് ഞാൻ നൃത്തം ചെയ്തത്. ... ഞാൻ ആരെയും കണ്ടില്ല. ഇന്ദ്രിയങ്ങൾ ഒന്നുമില്ലാത്ത ശുദ്ധമായ നൃത്തം മാത്രമായിരുന്നു ഞാൻ ...ഞാൻ എന്നെ മാത്രമേ കണ്ടുള്ളൂ...." (60). സൈബർ ഇടത്തിന്റെ യാഥാർത്ഥ്യവും ഇതുതന്നെയെന്ന് നോവൽ പറഞ്ഞുവയ്ക്കുന്നുണ്ട്: നിങ്ങൾ നിങ്ങളെ മാത്രം കാണുകയും നിങ്ങളെക്കുറിച്ചു മാത്രം ഉറപ്പുണ്ടാവുകയും ചെയ്യുന്ന അവസ്ഥ.

സൈബർ ഇടം ഭൗതിക ഇടങ്ങളെ അനുകരിച്ചും നിഷേധിച്ചും നിലനില്ക്കുന്നു. അമൂർത്തമായതിനാണ് അവിടെ പ്രാതിനിധ്യം. നൃത്തത്തിന്റെ പ്രകടനപരതയിലൂടെ ശാരീരികമാനങ്ങളിൽ നോവൽ ഇത് ഉറപ്പിക്കുന്നതായി

കാണാം. പലതരം നൃത്തരൂപങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്കിടയിൽ ഇടത്തിന്റെ നിരാകരണം സാധ്യമാക്കുന്ന നൃത്തത്തെക്കുറിച്ചും വിശേഷാൽ സൂചനയുണ്ടാക്കുന്നു. ഇടത്തെ ഉപയോഗിച്ച് അതിനെ നിരസിക്കുന്ന കല സൈബർ ഇടത്തിന്റെ രൂപകമല്ലാതെ മറ്റൊന്നുമല്ല. “ഫാന്റസിയോവിന്റെ ഒരു പ്രത്യേകത സ്പെയ്സിന്റെ തിരസ്കാരമായിരുന്നു അല്ലേ? മറ്റു കോറിയോഗ്രഫർമാർ സ്പേസിന്റെ മേക്സിമം ഉപയോഗം ഒരു നേട്ടമായി കരുതുമ്പോൾ നീ സ്പേസിനെത്തന്നെ നിരസിച്ചു” (30). ശരീരം എന്ന ഇടം ഉപയോഗിച്ചുതന്നെയാണ് ഇടത്തിന്റെ നിരാസം സാധിക്കുന്നത് എന്നത് ശ്രദ്ധിക്കണം. വാസ്തുവിദ്യയുടെ ഭാഷ ഉപയോഗിച്ച് നോവൽ നൃത്തത്തെപ്പറ്റി സംസാരിക്കുമ്പോഴും ഈ നിഷേധാനുകരണങ്ങൾ കാണാൻ സാധിക്കും. സൈബർലോകത്ത് വെബ്സൈറ്റ് രൂപകല്പന ചെയ്യുന്ന മാതൃകയിൽ നൃത്തത്തിന്റെ രൂപരേഖ, ആസൂത്രണം എന്നിവ വിവരിക്കപ്പെടുന്നു. “ഒറ്റയായും ഇരട്ടയായും കൂട്ടമായും അയാൾ മാറിമാറി നൃത്തം ചെയ്ത് വേദിയിൽ ചലനങ്ങളുടെയും ശരീരങ്ങളുടെ ആർക്കിടെക്ചറിന്റെയും അനുസ്യൂതമായ ഒരു ലോകം പണിയുകയായിരുന്നു” (50). അഗ്നിയുടെ ശാരീരികസാന്നിധ്യം ഇല്ലാതെതന്നെ സിമുലേഷനിലൂടെ അയാൾക്കുവേണ്ടി ഒരു റോൾ അമേരിക്കൻ നൃത്ത കമ്പനി നിർമ്മിക്കുന്നിടത്തും ഈ സൈബർ ഇട/സ്വത്വനിർമ്മിതിയുടെ യുക്തി പ്രവർത്തിക്കുന്നു. അഗ്നി അയാളുടെ നിർമ്മിത-കൃത്രിമ കർത്തൃത്വവുമായി സാദൃശ്യം പ്രാപിക്കുന്നു. അയാൾ സ്വയം ഒരു സിമുലേഷൻ ആയിത്തീരുന്നു. “ഞാൻ അവരുടെ അരികിൽ എത്തുന്നതിനു മുൻപുതന്നെ അവർ എന്നെ സൃഷ്ടിക്കുകയും എന്റെ ശരീരംകൊണ്ട് നൃത്തം ചെയ്യുകയും ചെയ്തിരുന്നു” (78). കാലക്രമത്തെയും സ്ഥലികതയെയും അതിലംഘിക്കുന്ന കർത്തൃത്വരൂപീകരണവും പ്രക്ഷേപണവും ഇവിടെ സാധ്യമാകുന്നതായി കാണക്കാക്കണം. ശ്രീധരന് ഇ-മെയിലുകൾ അയക്കുന്ന അഗ്നിയും ഇതുപോലെതന്നെ ഒരു നിർമ്മിതിയാണോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. അയാൾ ശ്രീധറിന്റെ അപരൻതന്നെയായിക്കൂടേ? അഥവാ, ഹാരാവേയുടെ ആശയം കടമെടുത്താൽ, ശ്രീധറിന്റെ അപരൻ അയാളുടെ കമ്പ്യൂട്ടറും അതു സൃഷ്ടിക്കുന്ന സൈബറിടവും തന്നെയല്ലേ? ഇതുതന്നെയാണ് അഗ്നി എന്നും പറയേണ്ടിവരില്ലേ? അഗ്നി ഒരു യാഥാർത്ഥ്യമോ മിഥ്യയോ എന്നതിൽ അവ്യക്തതകൾ ഉണ്ടാകുന്നത് അയാൾ സൈബർ ഇടത്തിന്റെ യുക്തിയിൽ നിർമ്മിതമായ കർത്തൃത്വം ആയതിനാലാണ്. അയാൾ, Braidotti അഭിപ്രായപ്പെടുന്നതുപോലെ, യന്ത്രവും മനുഷ്യനും തമ്മിലുള്ള വിടവുകൾ മങ്ങിയ

Feb., 2023-Jan. 24
Volume 02: No. 1

സൈബറിടത്തിലെ മനുഷ്യസാന്നിധ്യം ആവശ്യമില്ലാത്ത മാനവാനന്തരാസ്ഥിത്വത്തിന്റെ പ്രവേശകം ആണെങ്കിലോ? അയാളുടെ കഥയിലും ഈ സൈബർലോകത്തിന്റെ മായികത കലർന്നിരിക്കാം. ഇതുപോലെ എത്രയോ കഥകൾ അയാൾ സൈബർ ഇടത്തിൽ മറ്റുള്ളവരുമായും പങ്കുവച്ചിരിക്കാം. ആ കഥകളോരോന്നും മുകുന്ദന്റെ നോവലിൽ ഉൾച്ചേർന്നിരിക്കുന്ന സൈബർ ഇടത്തിന്റെ സാധ്യതകളാണ്.

## സൈബറിടത്തിലെ വിനിമയങ്ങൾ,വീക്ഷണകോണുകൾ

മധുപാലിന്റെ ഫെയ്സ്ബുക്ക് 2012-ൽ പ്രസിദ്ധീകൃതമായ നോവലാണ്. മലയാളത്തെ സംബന്ധിച്ചിടത്തോളം നവമാധ്യമഭാഷ അതിന്റെ രൂപതലം കൂടി പ്രകടമാക്കി എന്നത് പ്രസ്തുതകൃതിയുടെ സവിശേഷതയാണ്. ഭാവുകത്വവ്യതിയാനത്തിന്റെ ചരിത്രസന്ധികളിൽ ഇത്തരം പരീക്ഷണങ്ങൾ ഉണ്ടാവാറുണ്ട്. ആനന്ദിന്റെ 'വ്യാസനും വിഘ്നേശ്വരനും' എന്ന നോവൽ കൃതി, പാഠം എന്ന് വിഭജിക്കപ്പെട്ടത് ആധുനികാനന്തര വായനാ യുക്തിയുടെ പുതിയ പരിസരം വിളംബരം ചെയ്യുക കൂടിയായിരുന്നു. മുകുന്ദന്റെ നൃത്തം സൈബർ ഇടത്തിലെ ശരീരരഹിതവ്യാപാരം വെളിപ്പെടുത്തിയത് സാഹിത്യചരിത്രത്തിൽ അഭിസംബോധന ചെയ്യപ്പെട്ടതുപോലെ സൈബർ ഇടത്തിലെ ആഖ്യാനഭാഷയുടെ പ്രഥമമാതൃകയായി 'ഫേസ്ബുക്കും' പരിഗണിക്കപ്പെടേണ്ടതുണ്ട്.

നവമാധ്യമങ്ങളിലെ സൌഹൃദങ്ങൾ പ്രതീതിപരമാണ്. ഫെയ്സ്ബുക്ക് പ്രൊഫൈൽ പോലും വ്യാജമാകാം. എന്നാൽ ഒരു ടൈംലൈനിൽ സ്വകാര്യതകൾ പലരും പങ്കുവയ്ക്കുകയും ചെയ്യുന്നു. 'ഫേസ്ബുക്ക്' എന്ന നോവലിലെ കഥാപാത്രങ്ങൾ എവിടെയൊക്കെയോ ഉള്ള ഉണ്ടാകാനിടയുള്ള കുറച്ചുപേരുടെ സംവാദം മാത്രമാണ്. അവരുടെ ശരീരം അവിടെ പ്രസക്തമല്ല. എച്ച്.ഐ .വി. ബാധിതൻ പോലും വിനിമയപരിധിക്ക് പുറത്തല്ല. നവീൻ ലോപ്പസിന്റെ ഫെയ്സ്ബുക്ക് വാളിൽ പ്രത്യക്ഷപ്പെടുന്ന പോസ്റ്റുകളുടെയും കമന്റുകളുടെയും സമാഹൃതരൂപമാണ് നോവൽ. ആദിമധ്യാന്തപ്പൊരുത്തമുള്ള ഇതിവൃത്തഘടന എന്ന പൂർവ്വസങ്കല്പത്തെ പൂർണ്ണമായി തള്ളിക്കളയുന്ന ഈ നോവലിൽ ലഘു ആഖ്യാനങ്ങൾ ഉണ്ടുതാനും. കാണുന്നതുപോലും യാഥാർത്ഥ്യമല്ലെന്നു സ്ഥാപിച്ചുകൊണ്ട് പ്രതീതി യാഥാർത്ഥ്യത്തിന്റെ ഇടം നിർവ്വചിക്കുന്നതിനുകൂടിയാണ് അത്തരത്തിലൊരു ഉപകഥ നോവലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കച്ചവടത്തിനായി അന്യനാട്ടിലേക്കു പോകുന്ന രണ്ടു ധനികരുടെ കഥയാണത്. ഒരാൾ കുതിരപ്പുറത്തും മറ്റേയാൾ നടന്നുമാണ് പോകുന്നത്. കുതിരപ്പുറത്തു പോകുന്നയാൾ മുതലാളിയും നടന്നുപോകുന്നയാൾ ആശ്രിതനുമാണെന്നാണ്

അതു കണ്ട വഴിപോക്കൻ കരുതിയത്. എന്നാൽ രാത്രിയിൽ ഒരു സത്രത്തിൽ തങ്ങേണ്ടി വന്നപ്പോൾ നടന്നുവന്നയാൾ വിലകൂടിയ മെത്തയിൽ കിടക്കാനൊരുങ്ങുന്നതാണ് സത്രക്കാരൻ കാണുന്നത്. അയാളുടെ ദൃഷ്ടിയിൽ കുതിരപ്പുറത്തു വന്നയാൾ ആശ്രിതനാണ്. കാഴ്ചയുടെ സത്യമറിയാതെ കണ്ണുകൾ നമ്മെ വഞ്ചിക്കുന്നുവെന്നതാണ് കഥാസാരമെന്ന് വക്താവ് അവിടെ വെളിപ്പെടുത്തുന്നു. (2013:7) സത്യാനന്തര-മാനവാനന്തര-മാനവേതര കാലത്തിന് ആമുഖം കൂടിയാണ് ഇത്തരം ലഘു ആഖ്യാനങ്ങൾ.

നോവലിന്റെ തുടക്കത്തിൽ വാഹനം എണ്ണിയുള്ള കുട്ടിക്കാലത്തെ കളി അനുസ്മരിക്കുന്നതും സൈബർ ഇടത്തിന്റെ മറ്റൊരു മുഖം അനാവരണം ചെയ്യുന്നുണ്ട്. മനുഷ്യ ആഖ്യാനത്തിന്റെ അനുകരണമാണ് കമ്പ്യൂട്ടർ സാങ്കേതികവിദ്യയിലും കാണുന്നതെന്ന് എസ്പൻ ആർസെത് നിരീക്ഷിക്കുന്നുണ്ട് (1997: 129). പ്രതീതിയാഥാർത്ഥ്യം എന്നത് നവമാധ്യമകാലത്തിന്റെ മാത്രം സൃഷ്ടിയല്ലെന്നും അതിന്റെ വേരുകൾ പണ്ടൊക്കെ നാട്ടിൻപുറത്തെ കുട്ടികളുടെ ചില കളികളിലുണ്ടായിരുന്നുവെന്നും ഓർമ്മിപ്പിക്കുന്ന ആമുഖവിവരണംകൂടിയാണ് ആ അനുസ്മരണം. റോഡിലൂടെ ഇടത്തോട്ടു പോകുന്ന വാഹനങ്ങൾ തന്റേതും വലത്തോട്ടു പോകുന്നത് കമലത്തിന്റേതുമായി (വീട്ടുജോലിക്കാരി പെൺകുട്ടി) എണ്ണമെടുത്തുകൊണ്ടുള്ള കളിയാണതെന്ന് വക്താവ് ഓർക്കുന്നു. താൻ ഒരുപാടു വാഹനങ്ങളുടെ ഉടമയാകുമെന്നും അവിടെ പറയുന്നുണ്ട്. ഇത് ഫെയ്സ്ബുക്കിലെ സൗഹൃദപ്പട്ടികയുടെ എണ്ണത്തിനുള്ള മൂല്യത്തെയാണ് ഓർമ്മിപ്പിക്കുന്നത്. 5000 ഫ്രണ്ട്സ് ഉണ്ടെന്ന് അവകാശപ്പെടുമ്പോഴും ഏകാന്തതയിലാണെന്ന അവസ്ഥാവിശേഷത്തിന്റെ പൂർവ്വമാതൃകയാണത്. ഉണ്ടെങ്കിലും ഇല്ലെന്ന ഈ സവിശേഷ അവസ്ഥാവിശേഷമാണ് സൈബർ ഇടത്തിന്റെയും പ്രത്യേകത. ശരീരത്തിന്റെ പ്രാതിനിധ്യവും അച്ചടിക്കാലത്തിന്റെ മട്ടിലല്ല സൈബർ കാലത്ത് ആവിഷ്കൃതമാകുന്നത്. അവിടെ ശരീരം ഒരുതരം നിർമ്മിതിയാണ്. വ്യാജമായ ചേരുവകൾകൊണ്ടുള്ള നിർമ്മിതി. അത്തരം നിർമ്മിതികൾ തിരിച്ചറിയുന്നിടത്ത് പഴയ തലമുറയിലെ നേർക്കാഴ്ചകളുടെ ഓർമ്മകൾ നിർണ്ണായകമാകുന്നുണ്ട്. എന്നാൽ അതിന്റെ സാക്ഷ്യങ്ങൾപോലും മേൽവിലാസ സ്ഥിരതയുള്ളതല്ല. ഷെരീഫ് എന്ന കള്ളപ്പേരിൽ വന്ന അറ്റാച്ച്മെന്റിൽ കുട്ടിക്കാലത്ത് കണ്ട ലൈംഗിക വേഴ്ചയുടെ ചിത്രമുണ്ട്.

ഫെയ്സ്ബുക്ക് പോലെയുള്ള നവമാധ്യമങ്ങൾ മതപ്രചരണോപാധിയായി കാണുന്നവരുണ്ട്. ക്രിസ്തുവിന്റെ സുവിശേഷം പൂർണ്ണസംഗ്രഹമായി മാർക്കോപോളോയുടെ സന്ദേശം എന്ന ഉപശീർഷകത്തിൽ

നൽകിയിരിക്കുന്നു. ഭൂവിസ്തൃതിയുമായി ബന്ധപ്പെട്ട സൂചകംകൂടിയാണ് മാർക്കോ പോളോ. സൈബർ സ്പേസിൽ മാർക്കോ പോളോ നടത്തിയതു പോലെയുള്ള പര്യവേഷണങ്ങൾക്ക് പ്രസക്തിയില്ല. സന്ദേശവിനിമയത്തിന്റെ പുതിയ സാധ്യതകൾ പഴയ സഞ്ചാരസാഹസങ്ങളെ അസാധുവാക്കുകയും ചെയ്യുന്നു. സൈബർ യുഗത്തിലെ മാർക്കോ പോളോ നവീൻ ലോപ്പസിന് അയക്കുന്ന സന്ദേശം നിത്യജീവനെ അവകാശമാക്കാൻ ക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിക്കണമെന്ന ആഹ്വാനമാണ്. ഈ നോവലിൽ പേരെടുത്തു പറയാതെ പരാമർശിച്ചിരിക്കുന്ന പല സംഭവങ്ങളും സമകാലിക വാർത്താ പ്രാധാന്യമുള്ളവയായിരുന്നു. നവമാധ്യമങ്ങളിലൂടെ ക്രൈസ്തവ സാക്ഷ്യങ്ങൾ പോസ്റ്റു ചെയ്യപ്പെടുന്നത് ഇപ്പോൾ സാധാരണമായിരിക്കുന്നു. ഫേസ്ബുക്ക് എന്ന നോവലിലെ സുവിശേഷ സാരസംഗ്രഹത്തിന്റെ ഔചിത്യവും ഇതാവണം. ദൈവനിഷേധവും ദൈവനിന്ദയുമെല്ലാം വ്യത്യസ്തമായ പോസ്റ്റുകളിലൂടെ വെളിപ്പെടുന്നതും ഈ നോവലിന്റെ പ്രത്യേകതയാണ്. പോസ്റ്റുകളും കമന്റുകളും ചേർന്ന് രൂപപ്പെടുത്തുന്ന സമ്മിശ്രമായ ആശയപരിസരങ്ങൾ നവമാധ്യമചർച്ചകളെ സന്ദിഗ്ദ്ധമാക്കി നിർത്തുന്നു. ഒന്നിലും ഉറയ്ക്കാത്ത ശീലം കഥാപാത്ര പ്രകൃതമായി മാറുന്നതും അതിനാലാവണം. 'ഫേസ്ബുക്കി'ലെ വീണാ സുകുമാരൻ എന്ന കഥാപാത്രം അത്തരത്തിലുള്ളതാണ്. ഭർത്താവിന്റെ സ്നേഹരാഹിത്യം തിരിച്ചറിയുന്നതും കൊല്ലപ്പെട്ട പ്രമുഖന്റെ സാങ്കല്പിക ഭാര്യയാവുന്നതും ഒടുവിൽ ഭർത്താവിന്റെ സ്നേഹത്തെക്കുറിച്ചു സാക്ഷ്യപ്പെടുത്തുന്നതും എല്ലാം അസ്ഥിരശീലങ്ങളുടെ ഗണത്തിൽ പെട്ടതാണ്. യഥാർത്ഥത്തിൽ ഉണ്ടെന്നു പോലും ഉറപ്പിച്ചു പറയാൻ കഴിയാത്തവർ തമ്മിൽ ഉണ്ടാകുന്ന വൈകാരികബന്ധങ്ങളെക്കുറിച്ചുള്ള അനുഭവക്കുറിപ്പുകളും ഈ നോവലിലുണ്ട്. നീലാംബരി കൃഷ്ണന്റെ കുറിപ്പിൽ ശ്രീകൃഷ്ണൻ തന്റെ കാമുകന്റെ അക്കൌണ്ട് ശരിക്കുള്ള പേരിലായിരുന്നില്ല തുടങ്ങിയതെന്നു രേഖപ്പെടുത്തുന്നുണ്ട്. പരസ്പരം സന്ദേശങ്ങളയച്ചും ചാറ്റു ചെയ്തും വളരെക്കാലും മുന്നോട്ടു പോയി. ഈ മായികാക്ഷരക്കളി അവസാനിപ്പിച്ച് വെളിച്ചത്തു വരാനും വിവാഹം കഴിക്കാനും പ്രേരിപ്പിച്ച നീലാംബരി വിവാഹത്തിന്റെ ഒരുക്കങ്ങൾ വരെ നടത്തുന്നുണ്ട്. എന്നാൽ മരിച്ചിട്ടു മൂന്നു വർഷം കഴിഞ്ഞ ആളിനെയാണ് താൻ പ്രണയിച്ചുകൊണ്ടിരുന്നതെന്ന് വലിയ മാനസികാഘാതത്തോടെ നീലാംബരി പിന്നീട് തിരിച്ചറിയുന്നുണ്ട്. "മരിച്ചു പോയവൻ ശരീരമില്ലാതായിട്ടും ജീവിക്കുന്നു. മറ്റൊരാളിന്റെ മനസ്സിലും മറ്റൊരു ശരീരത്തിലും" (2013: 76). ഇങ്ങനെ പ്രതീതി യാഥാർത്ഥ്യത്തിന്റെ അനുഭവതലങ്ങൾ ആവിഷ്ക്കരിക്കാനാണ് സൈബർ സാഹിത്യം ശ്രമിക്കുന്നത്.

ഏതെങ്കിലുമൊരു വക്താവിന്റെ കാഴ്ചപ്പാടിലൂടെ ആഖ്യാനം നിർവ്വഹിക്കപ്പെടുന്ന സമ്പ്രദായത്തിൽനിന്നും വ്യത്യസ്തമായി ഒട്ടേറെ ലഘു ആഖ്യാനങ്ങളിലൂടെ സങ്കല്പ-യാഥാർത്ഥ്യങ്ങൾ ഇടകലരുന്ന സവിശേഷ സ്ഥലരൂപീകരണത്തിന്റെ നിർവ്വഹണമാണ് 'ഫേസ്ബുക്ക്' എന്ന നോവലിൽ കാണാൻ കഴിയുന്നത്. വീക്ഷണകോണുകൾ നിരന്തരം മാറിവരുന്നു എന്നത് സൈബർ സാഹിത്യത്തിന്റെ സംവാദക്ഷമതയുടെ അടിസ്ഥാനം കൂടിയാണ്. നവീൻ ലോപ്പസിന്റെ ടൈംലൈൻ മാത്രമാണ് ഇവിടെ പൊതു ഇടത്തിന്റെ പ്രതീതിയുണ്ടാക്കുന്നത്. ആധുനികതയിൽ നാഗരികതയുമായി ബന്ധപ്പെട്ട അധീശ വ്യവസ്ഥിതികൾ ഗ്രാമ-നഗര സംഘർഷത്തിന്റെ പ്രമേയങ്ങൾ സാഹിത്യത്തിൽ സജീവമാക്കിയിരുന്നു. എന്നാൽ സാങ്കേതികത അതിനെ പൂർണ്ണമായും ഇല്ലാതാക്കുന്നു എന്നു പറയാൻ കഴിയില്ല. കുത്തക ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന സൈറ്റുകൾ ഇന്ന് ധാരാളമുണ്ട്. വാണിജ്യതാല്പര്യത്തോടെ പ്രവർത്തിക്കുന്ന സാമൂഹിക ഇടപെടലുകളുമുണ്ട്. അതുകൊണ്ട് പൊതു ഇടം എന്നത് നവമാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ കൃത്യതയോടെ വ്യവഹരിക്കപ്പെടുന്ന ഒന്നല്ല. എങ്കിലും കമന്റുകൾക്കുള്ള സാധ്യതയാണ് അച്ചടിമാധ്യമത്തിന്റെ വിധിരൂപശൈലിയെ നിരാകരിക്കുന്നത്. കമന്റുകൾ ഡിസേബിൾ ചെയ്യാനുള്ള ക്രമീകരണം വരുത്തിയ സോഫ്റ്റ്വെയറും കൃത്രിമമായി ലൈക്കും ഷെയറും പെരുപ്പിക്കാനുള്ള മാർഗ്ഗങ്ങളും സജ്ജമായിരിക്കേ മനുഷ്യൻ ഉൾപ്പെടുന്ന മനുഷ്യേതര ലോകമായി സൈബർ ഇടവും ആയിത്തീരുന്നു. 'ഫേസ് ബുക്ക്' ഉൾപ്പടെയുള്ള മലയാളത്തിലെ സൈബർരചനകൾ ഈ ആശയം പങ്കുവയ്ക്കുന്നുണ്ട്.

രചനകൾ നവമാധ്യമങ്ങളിൽ പോസ്റ്റു ചെയ്യപ്പെട്ടു എന്നതുകൊണ്ട് അത് സൈബർ ഇടത്തിന്റെ ആവിഷ്കാരം ആകുന്നില്ല. സ്ഥലകാലങ്ങളുടെ അട്ടിമറി എപ്രകാരമാണ് ശരീരവുമായി ബന്ധപ്പെട്ട സ്വത്വനിർണ്ണയത്തെ പ്രശ്നവൽക്കരിക്കുന്നത് എന്ന തിരിച്ചറിവിന്റെ ആവിഷ്കാരമാണ് അവിടെ നിയാമകമാകുന്നത്. അങ്ങനെ നോക്കുമ്പോൾ സൈബർവിനിയോഗങ്ങളുടെ തീവ്രതയ്ക്കനുരൂപമായ തോതിലുള്ള മാറ്റങ്ങൾ മലയാളത്തിലുണ്ടായിട്ടില്ല. എങ്കിലും മേൽവിശകലനം നടത്തിയ കൃതിക്കു പുറമേ പ്രത്യേകം പരാമർശിക്കേണ്ട കൃതികളും മലയാളത്തിലുണ്ടായിട്ടുണ്ട്. കവിതയിൽ മനോജ് കുറൂറിന്റെ 'കോമ' കാലത്തിനു മുൻപേ നടന്ന കൃതിയാണ്. കുഴൂർ വിൽസൺ തന്റെ കവിതകളെ "അച്ചടിമലയാളം നാടു കടത്തിയ കവിതകൾ" എന്ന് സ്വയം വിശേഷിപ്പിക്കുന്നതുതന്നെ സൈബർ തിണയുടെ തിരിച്ചറിവോടെയാണ്. ശാന്തന്റെ

'മഴയുടെ ഇ മെയിൽ', മോഹനകൃഷ്ണൻ കാലടിയുടെ 'ഫേസ്ബുക്ക്' തുടങ്ങിയവയും ഓർക്കാവുന്നവയാണ്. നോവലിൽ സേതുവിന്റെ 'അടയാളങ്ങൾ', സി.വി. ബാലകൃഷ്ണന്റെ 'ദിശ', ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര', ഇ. ഹരികുമാറിന്റെ 'പ്രണയത്തിനൊരു സോഫ്റ്റ്‌വെയർ' തുടങ്ങിയവയും കഥയിൽ ടി.വി. കൊച്ചുബാവയുടെ 'കൊക്കരണി' ചന്ദ്രമതിയുടെ 'വെബ്സൈറ്റ്' എം. നന്ദകുമാറിന്റെ 'വാർത്താളി' തുടങ്ങിയവയും പരാമർശിക്കേണ്ടവയാണ്. സൈബർ ആവിഷ്കാരത്തിന്റെ ആഖ്യാനശൈലി മലയാളത്തിൽ ഇന്ന് നിരന്തരം പരീക്ഷിക്കപ്പെടുന്നുണ്ട്. മനുഷ്യബുദ്ധിയുടെ നീട്ടലും വ്യാപനവുമൊക്കെ ആധുനിക ഘട്ടത്തിലെ യന്ത്രവത്കൃത സംവിധാനങ്ങളിലൊക്കെ ആരോപിക്കാമെങ്കിലും അന്നൊക്കെ അത് മാനവാനന്തരാനുഭവമായി വ്യാഖ്യാനിക്കപ്പെട്ടില്ല. എന്നാൽ സൈബർ തിണ മറ്റെല്ലാ തിണകൾക്കും മുകളിൽ സാർവ്വത്രികമായ നേരനുഭവം പ്രദാനം ചെയ്യുന്ന നവമാധ്യമകാലം വ്യത്യസ്തമാണ്. മാനവേതരതലത്തിൽ സംഭവ്യമാകുന്ന കർത്തൃത്വ സംക്രമണത്തിന്റെ ആവിഷ്കാരങ്ങൾ ഏറിവരുന്നത് ഇക്കാലത്താണ്. സാങ്കേതിക പരിസരത്തുനിന്നുള്ള സങ്കല്പനങ്ങളാലും പ്രയോഗങ്ങളാലും മാനവാനന്തര ഘട്ടത്തിന്റെ പ്രതിനിധീകരണമായി സൈബർ സാഹിത്യം എന്ന സംജ്ഞ മലയാളഭാവനയിൽ അന്വർത്ഥമാകുന്നു എന്നതിൽ സംശയമില്ല.

## ആധാരസൂചി

1. മധുപാൽ 2013. ഫേസ്ബുക്ക്,മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. മുകുന്ദൻ എം. 2001. നൃത്തം, ഡി.സി. ബുക്സ്.കോട്ടയം.
3. David Bell, 2001. *An Introduction to Cyberculure*, Routledge, London.
4. Donna J. Haraway, 1991. *Simians, Cyborgs and Women: The Reinvention of Nature*, Routledge, New York
5. ---. 2004. *The Haraway Reader*, Routledge, New York.
6. Espen J. Aarseth, 1997. *Cybertext: Perspective on Ergodic Literature*, john Hopkins University Press, Baltimore.
7. Heidi J. Nast, 1998. "The Body as Place: Reflexivity and Fieldwork in Kano, Nigeria". *Places through Body.* Eds. Heidi J. Nast and Steve Pile. London: Routledge.
8. Judith Butler, 2013. *Gender Trouble: Feminism and the Subversion of Identity*, Routledg, University of Chicago Press, New York.
9. Katherine Hayles N. 1999. *How we Bacame Posthuman*, Chicago.Ruth E. Page, 2012, *Stories and Social Media Identities and Interaction*, Routledge, New York.

10. Rosi Braidotti, 2011. *Nomadic Theory: The Portable*, Columbia University Press, New York

11. Rosi Braidotti, 2013. *The Posthuman* Polity, Cambridge.

12. William Gibson, 1995. *Neuromancer*, Harper Collins Publishers, London.

*Alwin Alexander –alwinalexander@uccollege.edu.in*
*Dr. Sibu Modayil –sibumodayil@gmail.com*

# ഹ്യൂമനോയ്ഡുകളുടെ റിപ്പബ്ലിക്കിൽ മനുഷ്യന് എന്തു കാര്യം?

## 'ഇതി മന്വന്തരം ശുഭം' എന്ന നാടകത്തിന്റെ പുനർവായന


ഡോ. ഷിജു കെ.

അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളേജ്, ചാലക്കുടി



### പ്രബന്ധസംഗ്രഹം

കാളിദാസ് പുതുമന രചിച്ച് 1981-ൽ പ്രസിദ്ധീകരിച്ച, എക്സ്പ്രഷനിസ്റ്റിക്സ് സ്വഭാവസവിശേഷതകളുള്ള നാടകമാണ് ഇതി മന്വന്തരം ശുഭം. പ്രൊഫസർ സുകുമാർ അഴീക്കോട് ഈ നാടകത്തെ ആധുനികതാപ്രസ്ഥാനത്തിന്റെ സ്വഭാവം പ്രകടിപ്പിക്കുന്ന പ്രതീകാത്മക നാടകമായും നാടകവിമർശകനായ ജി.ദിലീപൻ വിശപ്പിന്റെ പ്രശ്നങ്ങൾ വിശകലനം ചെയ്യുന്ന നാടകമായും വിലയിരുത്തിയിട്ടുണ്ട്. ഈ വിലയിരുത്തലുകൾ സംഗതമാകുമ്പോൾ തന്നെ ഹ്യൂമനോയ്ഡുകളും അത്യാധുനിക സാങ്കേതികവിദ്യകളും ചേർന്ന് മനുഷ്യനെ നിയന്ത്രിക്കുന്ന മാനവാനന്തര പരിതസ്ഥിതിയിൽ മനുഷ്യന്റെ അതിജീവന പ്രശ്നങ്ങളെക്കുറിച്ചുള്ള ആശങ്ക പങ്കുവയ്ക്കുന്ന സയൻസ് ഫിക്ഷൻഡ്രാമയായും ഈ കൃതി മാറുന്നു. പുതിയകാലത്തിന്റെ ജ്ഞാനമാതൃകകളുപയോഗിച്ച് പ്രസ്തുത കൃതിയെ അപഗ്രഥിക്കാനുള്ള പരിശ്രമമാണ് ഈ പ്രബന്ധം.



**താക്കോൽവാക്കുകൾ:** ഹ്യൂമനോയ്ഡ്, റോബോട്ട്, സോഫിയ, അമേക, വ്യോമിത്ര, മർഗോ, എക്സ്പ്രഷനിസം, മന്വന്തരം,


### ഹ്യൂമനോയ്ഡുകൾ

യന്ത്രമനുഷ്യൻ അഥവാ റോബോട്ട് സ്വന്തമായോ നിർദ്ദേശങ്ങൾക്കനുസരിച്ചോ പ്രവൃത്തികൾ ചെയ്യാൻ കഴിവുള്ള ഒരു ഇലക്ട്രോ മെക്കാനിക്കൽ

ഉപകരണമാണ്. കമ്പ്യൂട്ടർ അല്ലെങ്കിൽ ഇലക്ട്രോണിക്സ് പ്രോഗ്രാമിങ് ആണ് റോബോട്ടുകളെ നിയന്ത്രിക്കുന്നത്. പൂർണമായോ ഭാഗികമായോ ബാഹ്യനിയന്ത്രണങ്ങളില്ലാതെയും പ്രവൃത്തികൾ ചെയ്യാൻ റോബോട്ടുകൾക്ക് സാധിക്കും. റോബോട്ടുകളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖയാണ് റോബോട്ടിക്സ്. അമേരിക്കൻ എഴുത്തുകാരനായ ഐസയ് അസിമോയാണ് ഈ വാക്ക് ആദ്യം ഉപയോഗിച്ചത്.[1]1 1948- ൽ വാൾട്ടർഗ്രേ എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണ് ആമയുടെ രൂപത്തിൽ ആദ്യ റോബോട്ട് നിർമ്മിച്ചത്. മനുഷ്യവിഭവശേഷി പരമാവധി കുറച്ച്, മനുഷ്യനുചെയ്യാൻ സാധ്യമല്ലാത്തതും താൽപര്യമില്ലാത്തതുമായ ജോലികൾ ചെയ്യുന്നതിനുവേണ്ടിയാണ് റോബോട്ടുകളെ ഉപയോഗിച്ചത്. സ്വീവേജ് ലൈനുകളിലെ തടസ്സങ്ങൾ ഒഴിവാക്കുന്ന ജോലികൾ, കടലിനടിയിലെ അപകടകരമായ പര്യവേഷണങ്ങൾ, രാസവ്യവസായ ശാലകളിലെ അപകടകരമായ ജോലികൾ തുടങ്ങിയവ ചെയ്യുന്നതിനാണ് പ്രധാനമായും റോബോട്ടുകളെ ഉപയോഗിച്ചിരുന്നത്. എന്നാൽ, ഇപ്പോൾ സൈനിക ആവശ്യങ്ങൾക്കും റോബോട്ടുകളെ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. മാനുഷികമായ വികാരവിചാരങ്ങൾ ഇല്ലാത്ത റോബോട്ടുകളെ യുദ്ധത്തിനും മറ്റും നിയോഗിക്കുന്നതിന്റെ ധാർമ്മികപ്രശ്നങ്ങൾ ഇന്ന് സജീവമായ ചർച്ചാവിഷയങ്ങളാണ്.

മനുഷ്യനെപ്പോലെ ചിന്തിക്കാനും വികാരവിചാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള, മനുഷ്യന്റെ ആകൃതിയുള്ള റോബോട്ടുകളെ സൃഷ്ടിക്കാനുമുള്ള പരിശ്രമങ്ങൾ ഇരുപതാംനൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളിൽ ആരംഭിച്ചുവെങ്കിലും അത് ഫലപ്രാപ്തിയിൽ എത്തിയത് ഇരുപത്തിയൊന്നാം ശതകത്തിലാണ്. മനുഷ്യരുടെ രൂപഭാവസ്വഭാവ സവിശേഷതകളുള്ള റോബോട്ടുകളെ ഹ്യൂമനോയ്ഡുകൾ എന്നു പറയുന്നു. കൃത്രിമബുദ്ധി സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച, ലോകംമുഴുവൻ ചർച്ചചെയ്യപ്പെട്ട ഹ്യൂമനോയ്ഡാണ് സോഫിയ. 2016 ഫെബ്രുവരി 14-ന് ലോകത്തിനുമുന്നിൽ അവതരിപ്പിച്ച സോഫിയയ്ക്ക് മനുഷ്യനെപ്പോലെ സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിയും. മനുഷ്യന്റെ ആംഗ്യങ്ങളും മുഖഭാവങ്ങളും അനുകരിക്കുന്ന സോഫിയയ്ക്ക് ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും മുൻ നിശ്ചയിച്ച ചില വിഷയങ്ങളിൽ (ഉദാ: കാലാവസ്ഥ) ലളിതമായ സംഭാഷണം നടത്താനും കഴിയും. ഇന്ത്യ ഉൾപ്പെടെ പലരാജ്യങ്ങളിലും പര്യടനം നടത്തിയ സോഫിയ ഐക്യരാഷ്ട്ര സഭയിലും സംസാരിച്ചു. 2017 ഒക്ടോബർ 25-ാം തീയതി സൗദി സർക്കാർ സോഫിയയ്ക്ക് സൗദി പൌരത്വം നൽകി. ഐക്യരാഷ്ട്രസഭ പദവി നൽകുന്ന

ആദ്യത്തെ മനുഷ്യേതരവ്യക്തിയും സോഫിയ തന്നെ. Could you fall in love with the robot എന്ന പേരിൽ CNBC 2016 മാർച്ച് 16-ാം തീയതി സോഫിയയുമായുള്ള ഒരു അഭിമുഖവും സംപ്രേക്ഷണം ചെയ്തു.[2] ഇന്ന് ലോകത്തിന്റെ പല കോണുകളിലും വിവേകമുള്ള ഹ്യൂമനോയ്ഡുകളെ സൃഷ്ടിക്കുവാൻ വേണ്ടിയുള്ള നിരവധി ഗവേഷണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. അതിനുവേണ്ടി നിർമ്മിതബുദ്ധി സാങ്കേതികവിദ്യയും ഉപയോഗിക്കുന്നു. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയും ഈ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങളിൽ മുൻപന്തിയിലുണ്ട്. പ്രസ്തുത ഗവേഷണകേന്ദ്രം 2020 ജനുവരിയിൽ വികസിപ്പിച്ച വനിതാ ഹ്യൂമനോയ്ഡാണ് വ്യോമിത്ര.[3] യു.കെ. യിലെ എൻജിനിയേഴ്സ് ആർട്സ് അമേക എന്ന ഹ്യൂമനോയ്ഡിനെയും പുറത്തിറക്കിയിട്ടുണ്ട്.[4] ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കളുപയോഗിച്ച് ചൈനീസ് ശാസ്ത്രജ്ഞർ ഈയിടെ നിർമ്മിച്ച കോളി (Colly) എന്ന വനിതാ ഹ്യൂമനോയ്ഡിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾവരെ പൂർണമായും മനുഷ്യകേന്ദ്രിതമായ ചിന്താപദ്ധതികൾക്കും ദർശനങ്ങൾക്കുമാണ് കൂടുതൽ പ്രാധാന്യം ലഭിച്ചിരുന്നത്. എന്നാൽ ഉത്തരാധുനികതയുടെ കടന്നുവരവോടെ മനുഷ്യകേന്ദ്രിതമായ ദർശനങ്ങളോടൊപ്പം പ്രകൃതികേന്ദ്രിതവും വിവരസാങ്കേതിക വിദ്യാകേന്ദ്രിതവും യന്ത്രകേന്ദ്രിതവുമായ പുതിയ ജ്ഞാനമാതൃകകളും അവതരിപ്പിക്കപ്പെട്ടു. യന്ത്രങ്ങൾ ഇന്ന് മനുഷ്യന്റെ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഒരുവ്യക്തി സുഹൃത്തിനെക്കാൾ കൂടുതൽ വിശ്വസിക്കുന്നതും ഇടപഴകുന്നതും യന്ത്രങ്ങളോടാണ്. ഇതുവരെ മനുഷ്യന്റെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവന്റെ പ്രയത്നം ലഘൂകരിക്കുന്നതിനുമാണ് യന്ത്രങ്ങൾ ഉപയോഗിച്ചിരുന്നത്. എന്നാൽ ഇനി നമ്മൾ ഇടപഴകേണ്ടത് മനുഷ്യനെപ്പോലെ ചിന്തിക്കുകയും വികാരം പ്രകടിപ്പിക്കുകയും ചെയ്യുന്ന ഹ്യൂമനോയ്ഡുകളുമായാണ്. അത്തരം ഇടപഴകൽ മനുഷ്യന്റെ ഗുണത്തിനാണോ ദോഷത്തിനാണോ കാരണമാവുക എന്ന വിഷയത്തിൽ ശാസ്ത്രലോകം രണ്ടുതട്ടിലാണ്. ശാസ്ത്രജ്ഞരെമാത്രമല്ല എഴുത്തുകാരെയും യന്ത്രലോകം ഉൽക്കണ്ഠപ്പെടുത്തുന്നുണ്ട്. അതിനുതെളിവാണ് കാളിദാസ് പുതുമനയുടെ 'ഇതി മന്വന്തരം ശുഭം'[5] എന്ന നാടകം.

### 'ഇതി മന്വന്തരം ശുഭം' – ഇതിവൃത്തം

ഹ്യൂമനോയ്ഡ്കളെക്കുറിച്ചും നിർമ്മിത ബുദ്ധിയെക്കുറിച്ചും ചർച്ചചെയ്യപ്പെടുന്നതിനും ദശകങ്ങൾക്കു മുമ്പ്, 1981-ൽ ഒരു ഹ്യൂമനോയ്ഡിനെ (മനുഷ്യ

റോബോട്ട്) കേന്ദ്രകഥാപാത്രമാക്കി രചിച്ച ഈ നാടകം രചനാകാലത്തെ ക്കാൾ കൂടുതൽ ചർച്ചചെയ്യേണ്ടത് ഇക്കാലത്താണ്. പുളിമാന പരമേശ്വരപി ള്ള രചിച്ച 'സമത്വവാദി'യെയാണ് മലയാളത്തിലെ ഏക എക്സ്പ്രഷനിസ്റ്റിക് നാടകം എന്ന് നാടകനിരൂപകരും നാടക ചരിത്രകാരന്മാരും വാഴ്ത്തുന്നത്. എന്നാൽ മനുഷ്യൻ, പ്രൊഫസർ, മകൾ, ശാസ്ത്രജ്ഞൻ, നേതാവ്, ശില്പി, താപസൻ, ധനവാൻ, റോബോട്ട്, റോബോട്ട് കുട്ടി എന്നീ കഥാപാത്രങ്ങളിലൂടെ സാർവലൌകികവും സാർവകാലിക പ്രസക്തവുമായ ചില ആശങ്ങൾക്ക രംഗഭാഷ്യം നൽകുന്ന 'ഇതി മന്വന്തരം ശുഭ'വും ലക്ഷണമൊത്ത എക്സ്പ്രഷ നിസ്റ്റിക് നാടകം തന്നെയാണ്.

ഒരു പ്രൊഫസർ വർഷങ്ങൾക്കുമുമ്പ് ശാസ്ത്രത്തിന്റെയും കലയുടെയും രാഷ്ട്രീയത്തിന്റെയും ജീനുകൾ കുത്തിവച്ച് മൂന്ന് അനാഥശിശുക്കളെ വളർത്തി വലുതാക്കി. അവരിന്നു മധ്യവയസ്കരാണ്. കലയുടെ ജീൻ കുത്തിവച്ച കുട്ടി മികച്ച ഒരു ശില്പിയായി. ആരിലും കാണുന്ന മാത്രയിൽത്തന്നെ കാമം ഉദ്ദീ പിപ്പിക്കുന്ന ഒരു യക്ഷിശില്പത്തിന്റെ പണിപ്പുരയിലാണ് അദ്ദേഹം. അരവ രെയുള്ള ശില്പം കൊത്തിക്കഴിഞ്ഞു. അത്രയും കണ്ടാൽത്തന്നെ ആരിലും രതിമോഹം ഉണരും. രണ്ടാമത്തവൻ രാഷ്ട്രീയനേതാവായി പൊതുജനങ്ങളെ പൊള്ളയായവാഗ്ദാനങ്ങൾ നൽകി പറ്റിച്ച് അവരെ പടവുകളാക്കി മുകളിലേ ക്ക് കയറിക്കയറി പോകുന്നു. മൂന്നാമൻ മനുഷ്യനെപ്പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു മനുഷ്യറോബോട്ടിന്റെ പണിപ്പുരയിലാണ്. മനുഷ്യനെ പരീക്ഷണ വസ്തുവാക്കി ശാസ്ത്രജ്ഞൻ നടത്തിയ പരീക്ഷണം വിജയത്തോടടുക്കുന്നു. നേതാവ് വോട്ടുബാങ്കായും ശാസ്ത്രജ്ഞൻ പരീക്ഷണ വസ്തുവായും മാത്രം പരിഗണിക്കുന്ന മനുഷ്യൻ ചങ്ങലയിൽ ബന്ധിതനാണ്.

ശാസ്ത്രജ്ഞൻ ഒരു മനുഷ്യനെ ചങ്ങലയിൽ ബന്ധിച്ച് അവന്റെ കൈയും കാലും ഒരു വയറുപയോഗിച്ച് താൻ നിർമ്മിച്ച മനുഷ്യറോബോട്ടുമായി ബന്ധി പ്പിച്ച് മനുഷ്യന്റെ ചലനങ്ങളും ചിന്തകളും പരിശീലിപ്പിക്കുന്നു. സ്വാതന്ത്ര്യം നഷ്ടപ്പെട്ട മനുഷ്യൻ തന്നെ മോചിപ്പിക്കണമെന്നഭ്യർത്ഥിച്ചു. ബന്ധിച്ചവരാണ് മോചിപ്പിക്കേണ്ടത് എന്നു പറഞ്ഞ് പ്രൊഫസർ തന്റെ നിസ്സഹായത പ്രകടിപ്പിച്ചു. മനുഷ്യന്റെ അനുസരണയില്ലായ്മ ശാസ്ത്രജ്ഞനെ ചൊടിപ്പിച്ചു. മനു ഷ്യന്റെ കഴുത്തിലെ ചങ്ങല ശക്തിയായി വലിച്ച് ശാസ്ത്രജ്ഞൻ മനുഷ്യനെ അനുസരണ പഠിപ്പിച്ചു. തുടർന്ന് ശാസ്ത്രജ്ഞൻ തന്റെ കാലും കൈയും ചലി പ്പിച്ചശേഷം അതനുകരിക്കാൻ റോബോട്ടിന് നിർദ്ദേശം നൽകി. റോബോട്ട് ശാസ്ത്രജ്ഞനെ അനുകരിച്ച് തന്റെ കാലുകൾ ചലിപ്പിച്ചു. റോബോട്ടിന്റെ

Feb., 2023-Jan. 24
Volume 02: No. 1

ചലനത്തിനനുസരിച്ച് മനുഷ്യന്റെ കാലും ചലിച്ചു. അപ്പോൾ അവന്റെ കാല് വേദനിക്കുകയും അത് മരവിക്കുകയും ചെയ്തു.

ജനിക്കുന്ന എല്ലാ മനുഷ്യരെയും പുറത്തേക്കു കടത്തി വിടുകയും മരണ ശേഷം അവരെ ഏറ്റുവാങ്ങുകയും ചെയ്യുന്ന ഒരു ഗുഹയ്ക്കുള്ളിൽ നിന്നും പുറത്തു വന്ന താപസൻ മനുഷ്യന്റെ മോചനത്തിനുവേണ്ടി ശബ്ദമുയർത്തി. അപ്പോൾ ശാസ്ത്രജ്ഞന്റെ നിർദ്ദേശപ്രകാരം റോബോട്ട് മനുഷ്യനെ ബന്ധിച്ച ചങ്ങല താപസനുനേരേ വീശിയെറിഞ്ഞു. ഭയന്നുപോയ താപസൻ ശില്പത്തിനു പിന്നിലൊളിച്ച് രക്ഷപ്പെട്ടു. വികാരത്തിനടിമപ്പെട്ട താപസൻ താപസകുല ത്തിൽനിന്ന് ഭ്രഷ്ടനായി. താപസനെ ഭയപ്പെടുത്തിയ ആ ചങ്ങല മനുഷ്യനു വേണ്ടി വാദിക്കുന്നവരെ ഭയപ്പെടുത്താൻ ഗുഹയ്ക്കുമുന്നിൽ കിടപ്പുണ്ട്. ഗുഹാമുഖം അടച്ചുപൂട്ടണമെന്ന് ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടു. താപസനെക്കൊണ്ട് ഇനി പ്രയോജനമില്ലെന്നു മനസ്സിലാക്കിയ നേതാവ് ഗുഹാമുഖം അടച്ചുപൂട്ടിയാൽ ഇനി അങ്ങോട്ടു പോകേണ്ടവർ ഇവിടെക്കിടന്ന് അളിഞ്ഞ് നാറില്ലേ എന്നും ഇനി പുറത്തേക്ക് വരേണ്ടവർ ഏതുവഴിക്ക് പുറത്തേക്കുവരുമെന്നും ശാസ്ത്രജ്ഞ നോട് ചോദിക്കുന്നു. “ഇനി ആരും വരണ്ട... നാം കയ്യാട്ടുമ്പോൾ കയ്യാട്ടുകയും കാലാട്ടുമ്പോൾ കാലാട്ടുകയും ചെയ്യുന്ന മൗലികബോധമില്ലാത്ത അടുത്ത തലമുറ! (റോബോട്ടിനെ തൊഴുത്) നിന്റെ തലമുറയാണ് ഇനി ഞങ്ങൾക്കു വേണ്ടത്” (2021: 32) എന്നും ശാസ്ത്രജ്ഞൻ മറുപടി നൽകി.

യക്ഷിശില്പം കണ്ട് വികാരവിവശയായ മകൾ തന്റെ കുളിരുമാറ്റാനും തനിക്കൊരു കുഞ്ഞിനെ നൽകാനും നേതാവിനോടാവശ്യപ്പെട്ടു. തന്റെ ലക്ഷ്യം അധികാരമാണെന്നും മറ്റൊന്നിലും താൽപര്യമില്ലെന്നും മകളോട് പറഞ്ഞ നേതാവ് അവളോട് തന്റെ അധികാരത്തിലേക്കുള്ള പാതയൊരു ക്കാൻ സഹായിക്കണമെന്നഭ്യർത്ഥിച്ചു. “നീ വിചാരിച്ചാൽ എനിക്കു വേണ്ടത്ര പടവുകൾക്കു പ്രയാസമുണ്ടാവില്ല. വാസ്തവത്തിൽ എന്റെ പ്രത്യയശാസ്ത്രത്തിൽ നിന്റെ വർഗത്തിനാണ് പ്രാമുഖ്യം. അതുകൊണ്ട് നിന്റെ സർവശക്തിയും സമാഹരിച്ച് പടവുകൾ വർദ്ധിപ്പിക്കുക.” (2021: 38) തുടർന്ന് നേതാവ് “ഞാൻ ഇന്നുമുതൽ നാമാണ്. നമ്മുടെ സുസ്ഥിരതയ്ക്കും സന്തോഷത്തിനും നിങ്ങൾ ജീവിക്കുക. അങ്ങിനെ നമ്മുടെ ശ്രേയസ്സിനുവേണ്ടി ജീവിക്കാൻ നിങ്ങൾക്കേ വർക്കും തുല്യമായ സ്വാതന്ത്ര്യവും അവകാശവും നാം നൽകുന്നു. ഇതു നമ്മുടെ ഉദാരതയും ആദർശനിഷ്ഠയും നയവും കാണിക്കുന്നു. നമ്മുടെ നിലനിൽപ്പിന് ഇളക്കം തട്ടുമാറ് ആരെങ്കിലും ചലിച്ചാൽ, താറുമാറായി കിടക്കുന്ന ഈ പടവുക ളിൽ കയറ്റിനിർത്തി, നാം സിംഹാസനത്തിലെത്താൻ ഉപയോഗിച്ച അതേ

കൊടികൊണ്ട് തന്നെ നിങ്ങളെ ഉന്മൂലനം ചെയ്യുമെന്നും അറിയുക."(2021 : 40) എന്നു പറഞ്ഞ് മനുഷ്യനെയും താപസനെയും ഭീഷണിപ്പെടുത്തി.

രണ്ടാം രംഗത്തിൽ അധികാരത്തിലെത്താനായി ധനവാന്റെ കാലുഴിഞ്ഞു കൊടുക്കുന്ന നേതാവിനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. അവന്റെ കാൽക്കീഴിൽ മനുഷ്യന്റെ കഴുത്ത് അമർന്നിരിക്കുന്നതും കാണാം. ധനവാൻ ശില്പിയുടെ ഭക്ഷണം എടുത്തുകൊണ്ടുപോയി. വിശന്നുവലഞ്ഞ ശില്പി മകളോട് "എനിക്കുള്ള ഭക്ഷണം വാങ്ങിച്ചു തരൂ. (ധനവാനിരിക്കുന്ന സ്ഥലം ചൂണ്ടിക്കാണിച്ച്) അവിടെയാണെന്റെ ഭക്ഷണം. അയാൾ എടുത്തു കൊണ്ടു പോയതാണ്. എന്നെക്കൊണ്ടയാൾക്ക് ഉപകാരമില്ലത്രേ! എനിക്കു ഭക്ഷണം വേണ്ടത്രേ. ഞാൻ ഭ്രാന്തനാണത്രേ" (2021: 45) എന്നു പറഞ്ഞ് വിലപിച്ചു. ഹ്യൂമനോയ്ഡുകളുടെ കാലത്ത് കലാകാരന്മാർക്ക് ഒരു പ്രസക്തി യുമില്ലെന്നും ഭ്രാന്തന്മാരായ അവർ മരിക്കുന്നതാണ് ഉത്തമമെന്നും ധനവാൻ പ്രസ്താവിക്കുന്നു. ശാസ്ത്രജ്ഞനും നേതാവും ധനവാനെ അനുസരിക്കുന്നു. "ശാസ്ത്രവും ഭരണവും ധനവാന്റെ കാലുതിരുമ്മുന്നു! സർവശക്തൻതന്നെ" – എന്നു പറഞ്ഞ് താപസൻ അവരെ പരിഹസിക്കുന്നു. അധികാരത്തിനുവേണ്ടി നേതാവ് സ്വന്തം സഹോദരിയെ (മകൾ) ധനവാന് കാഴ്ചവയ്ക്കാനൊരുങ്ങുന്നു. അവൾ ഓടി രക്ഷപ്പെട്ടു. വിശക്കുന്ന ജനങ്ങളോട് നേതാവ് അവളെ കണ്ടുപി ടിക്കാനാവശ്യപ്പെട്ടു. "നോക്കൂ നമുക്കുവേണ്ട ഭക്ഷണവും ധനവും എല്ലാം ആ പീഠത്തിനടിയിലുണ്ട്. അവിടന്ന് പ്രസാദിച്ചാൽ നമുക്കതിൽനിന്നും കുറേശ്ശേ ക്കുറേശ്ശെ ലഭിക്കുമെന്നതു തീർച്ചയാണ്. അപ്പോൾ ഭക്ഷണത്തിലും സമ്പത്തി ലും നാം സ്വയം പര്യാപ്തരാവും" (2021: 47) അതിനാൽ ഭക്ഷണം വേണ്ടവർ എത്രയും പെട്ടെന്ന് അവളെ കണ്ടെത്തുക. അവിടെയെത്തിയ പിതാവായ പ്രൊഫസർ മകനോട് "അപ്പോൾ, ആ കസേരയാണ് നീ നടത്തുന്ന വിപ്ലവ ത്തിന്റെ പരമമായ ലക്ഷ്യം? ഉംംം? ആട്ടെ, നിന്റെ ചവിട്ടേറ്റ് മുക്തി കാംഷിച്ചു കിടന്നിരുന്ന മനുഷ്യനുണ്ടല്ലോ. അവനെന്തായി". എന്നന്വേഷിച്ചു. ഉത്തരം കിട്ടാത്തതിനെ തുടർന്ന് പ്രൊഫസർ പ്രേക്ഷകരോട് "പെണ്ണുങ്ങളുടെ ചാരിത്ര്യം കൊണ്ട് വിപ്ലവം നടത്തുന്നവനെ ബാക്കി വച്ചേക്കരുത്. ഇവനെയും ഇവന്റെ സിൽബന്ധികളെയും കല്ലെറിഞ്ഞു കൊല്ലുക" (2021: 49)എന്നാക്രോശിച്ചു.

കൈയും കാലും ചലിപ്പിക്കാൻ കഴിയുന്ന റോബോട്ടിനെ കാട്ടി "കണ്ടില്ലേ എനിക്കാവാത്തത് ഒന്നുമില്ല. ഇപ്പോൾ എന്റെ അധീനതിയിലാണവൻ. ഇനി അവന് സ്വയം ചിന്തിക്കാൻകൂടി കഴിഞ്ഞാൽ അവൻ പൂർണനാകും" എന്ന് ശാസ്ത്രജ്ഞൻ ധനവാനോടു പറഞ്ഞു. ഇതിനിടെ യക്ഷിയെക്കണ്ട്

റോബോട്ട് വികാരവിവശനായി അവളെ ആലിംഗനം ചെയ്തു. ഇതുകണ്ട് ജാള്യത തോന്നിയ ശാസ്ത്രജ്ഞൻ ധനവാനോട് സ്വബുദ്ധി കൊടുക്കണം എങ്കിലേ നമ്മൾ വിജയിക്കൂ എന്നറിയിച്ചു. ധനവാൻ റോബോട്ടിന് മനുഷ്യന്റെ ബുദ്ധി കൊടുക്കാൻ ആവശ്യപ്പെട്ടു. അതുപോരാ. "എന്റെ ശബ്ദവും ബുദ്ധിയു മാണ് കൊടുക്കേണ്ടത്. ഇവന്റെ ഇന്ദ്രിയങ്ങളും". (2021: 53) ശാസ്ത്രജ്ഞൻ മനുഷ്യന്റെ തലയിൽ നിന്ന് ഒരു സാങ്കല്പിക വയർ റോബോട്ടിന്റെ തലയിൽ ഘടിപ്പിച്ചു. മനുഷ്യന്റെ ഞരക്കം. തുടർന്ന് റോബോട്ട് ചിരിച്ചു. പൂവു കാണിച്ച പ്പോൾ അത് മണത്ത് ആസ്വദിച്ചു. ചെവിക്കുപിടിച്ചപ്പോൾ വേദനിച്ചു കരഞ്ഞു. മുഷ്ടിചുരുട്ടി ഇടിക്കാനോങ്ങിയപ്പോൾ റോബോട്ട് ഭയന്നുവിറച്ചു. ശാസ്ത്രജ്ഞൻ ധനവാന്റെ അടുത്തേക്ക് പാഞ്ഞുചെന്ന് ഞാൻ വിജയിച്ചു എന്നറിയിച്ചു. റോബോട്ടിന്റെ ഇന്ദ്രിയങ്ങൾ പ്രവർത്തന സജ്ജമായപ്പോൾ മനുഷ്യന്റെ ഇന്ദ്രിയങ്ങൾ മരിച്ചു. തുടർന്ന് ശാസ്ത്രജ്ഞൻ സ്വന്തം ബുദ്ധിയും ശബ്ദവും തന്റെ സൃഷ്ടിക്കു കൈമാറാൻ തീരുമാനിച്ചു. ഇതറിഞ്ഞ മകൾ സഹോദരനോട് അവിവേകം കാട്ടരുതെന്നഭ്യർത്ഥിച്ചു. "ഒരിക്കലും നാശമില്ലാത്ത ഇവൻ നിന്റെ പുരാണങ്ങൾ പാടുന്നതുപോലെ ദൈവമാണിവൻ. ഇവനു മരണമില്ല. അടുത്ത തലമുറയെ സൃഷ്ടിക്കാനും ഇവനു കഴിയും... ആത്മാവിന്റെ സാന്നിധ്യത്തിലും അസാന്നിധ്യത്തിലും ഞാൻ വിശ്വസിക്കുന്നില്ല. ഇതൊരു ശാസ്ത്രീയ മാറ്റമാണ്. ഇവന്റെ കൈയിലൊരു ഫോർമുലയുണ്ട്. അത് വേണ്ടതുപോലെ ഉപയോഗി ച്ചാൽ നമ്മുടെ തലമുറയോടെ ഈ ജന്മം അവസാനിക്കും. പിന്നെ ഇവന്റെ തലമുറ മാത്രം. ആ തലമുറയുടെ വംശപിതാവ് ഞാനും". (2021: 55) അങ്ങനെ തന്റെ ശബ്ദവും ബുദ്ധിയും നൽകി റോബോട്ടിനെ സൃഷ്ടിച്ച് ശാസ്ത്രജ്ഞൻ ഹ്യൂമനോയ്ഡുകളുടെ വംശപിതാവായി മാറി.

മകളുടെ അടുത്തെത്തിയ മനുഷ്യ റോബോട്ട് അവൾക്കെന്തുവേണമെന്ന് അന്വേഷിച്ചു. തന്റെ സഹോദരന്റെയും താപസന്റെയും വിശപ്പില്ലാതാക്കാൻ അവൾ റോബോട്ടിനോട് ആവശ്യപ്പെട്ടു. അവർ സ്വപ്നജീവികളാണ് അവർക്ക് നിലനിൽപ്പില്ല. എന്നു പറഞ്ഞ് റോബോട്ട് അവളെയും കൂട്ടി ഗുഹയ്ക്കരുകിലേക്ക് പോയി അവർ പരസ്പരം ആശ്ലേഷിച്ചുനിന്നു. അപ്പോൾ ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു. റോബോട്ട് ധനികനെയും നേതാവിനെയും വിളിച്ചു. നേതാവിനെക്കൊ ണ്ട് ഒരു പൊതിയിലെ മരുന്ന് മനുഷ്യനെ മണപ്പിച്ചു അവൻ നിശ്ചലനായി. വിശപ്പനുഭവപ്പെട്ട നേതാവും ധനവാനും പ്രൊഫസറും മനുഷ്യനെ അനുഗമിച്ചു. ഒരു സ്വിച്ചുപയോഗിച്ച് റോബോട്ട് അവരെ മുഴുവൻ സംസ്കരിച്ചു. അവസാനം റോബോട്ടിന്റെ കുട്ടിയുടെ അമ്മയായ മകൾക്കും വിശന്നു. "വിശന്നാൽ വേറെ

വഴിയില്ല. എന്റെ ഭൂമിയിൽ വിശപ്പില്ലാത്തവർക്കു മാത്രമേ ജീവിക്കാനൊക്കു കയുള്ളൂ" (2021: 58) എന്ന് റോബോട്ട് തീർത്തുപറഞ്ഞു മകളും മരിച്ചുവീണു. അപ്പോൾ കല്പാന്ത പ്രളയവും ഇടിമിന്നലും ഉണ്ടായി മനുഷ്യൻ ജീവിച്ചിരുന്ന മന്വന്തരം അങ്ങനെ അവസാനിച്ചു.

രംഗത്തു വെളിച്ചം തെളിഞ്ഞപ്പോൾ പുതിയ മന്വന്തരത്തിന്റെ സൃഷ്ടിയായ റോബോട്ട്, റോബോട്ടു കുട്ടിയുമായി രംഗത്ത് പ്രവേശിച്ചു. "ഇവിടെയാണ് പണ്ട് മനുഷ്യനെന്ന വർഗ്ഗം ജീവിച്ചിരുന്നത്. (ശാസ്ത്രജ്ഞനെ ചൂണ്ടിക്കാണിച്ച്) ഇദ്ദേഹമാണ് നമ്മുടെ വംശപിതാവ്". (2021: 59) വംശപിതാവായ ശാസ്ത്രജ്ഞനെ പരിചയപ്പെടുത്തിയ ശേഷം ഗുഹാമുഖം ചൂണ്ടിക്കാണിച്ച് "ഈ വാതിലിലൂടെയായിരുന്നു മനുഷ്യന്റെ വരവും പോക്കും. ഇതടയ്ക്കാനായിരുന്നു ഏറെ ബുദ്ധിമുട്ട്" (2021: 59) എന്നു പറഞ്ഞു. ഇതു കേട്ട റോബോട്ടിന്റെ കുട്ടി "എനിക്കു വിശക്കുന്നു...!" എന്ന് പറയുന്നിടത്ത് നടുങ്ങുന്ന റോബോട്ടിനെ അവതരിപ്പിച്ച് നാടകത്തിനു തിരശ്ശീല വീഴുന്നു.

## നാടകവിശകലനം

"ഗവേഷണ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അനുദിനം അനിയന്ത്രിതമായി വളർന്നുവരുന്ന ശാസ്ത്രത്തിന്റെ നേട്ടങ്ങളുടെ ഫലമായി മനുഷ്യന്റെ വർഗസ്വഭാവത്തിൽ മൗലികമായ മാറ്റം വന്ന് അവൻ യന്ത്രമനുഷ്യനായിത്തീരുന്ന യുഗപരിവർത്തനമാണ് ഇതിലെ പ്രതിപാദ്യം... മനുഷ്യന്റെമേൽ അന്തിമമായി ആധിപത്യം സ്ഥാപിക്കുന്നത് ശാസ്ത്രം തന്നെ. ഫലമോ, യന്ത്രമനുഷ്യൻ റോബോട്ട്! വ്യക്തമാണ്, ഇത് ഭാവങ്ങളുടെ വിഹാരവേദിയായ നാടകമല്ല, ആശയങ്ങളുടെ നാടകം എന്നു പറഞ്ഞാൽപ്പോരാ, മനുഷ്യജീവിതത്തിന്റെ ആകപ്പാടെയുള്ള ഗതിയുടെ സർവസാമാന്യമായ വ്യർത്ഥതയെക്കുറിച്ചുള്ള അവബോധം സ്ഥായീഭാവമാക്കിക്കൊണ്ടും വ്യക്തിത്വം നശിച്ച വ്യക്തികളെ പ്രതിരൂപങ്ങളാക്കി അവതരിപ്പിച്ചുകൊണ്ടും രചിക്കപ്പെട്ട നാടകമാണിത്. ജീവിത വ്യർത്ഥതയുടെ പ്രതിരൂപാത്മകമായ ചിത്രീകരണം ഈ നാടകത്തെ 'ആധുനികം' എന്ന വിഭാഗത്തിലുൾപ്പെടുത്തുന്നു."[6] എന്നു സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു. അഴീക്കോടിന്റെ നിരീക്ഷണത്തിൽ ഈ നാടകം അമിതമായ യന്ത്രവൽക്കരണം കൊണ്ട് അസ്തിത്വം നഷ്ടപ്പെട്ട് അപമാനവീകരിക്കപ്പെട്ട ആധുനിക മനുഷ്യന്റെ പ്രതീകാത്മക ചിത്രീകരണമാണ്. "ആരേയും ശിലാപ്രതിമയാക്കാനും അതേസമയം യന്ത്രമനുഷ്യനെപ്പോലും ഞെട്ടിച്ചുണർത്താനും കഴിയുന്ന വിശപ്പിന്റെ കരുത്തിനെക്കുറിച്ചുള്ള തിരിച്ചറിവാണ് ഈ നാടകം മുന്നോട്ടു വയ്ക്കുന്നത്."[7]

എന്ന് നാടകവിമർശകനായ ജി. ദിലീപനും അഭിപ്രയപ്പെടുന്നു.

ആധുനികതാ പ്രസ്ഥാനത്തിന്റെ മാനദണ്ഡം ഉപയോഗിച്ച് വിലയിരുത്തുമ്പോൾ അഴീക്കോടിന്റെ നിരീക്ഷണവും റിയലിസ്റ്റിക് പ്രസ്ഥാനത്തിന്റെ മാനദണ്ഡം ഉപയോഗിച്ച് വിലയിരുത്തുമ്പോൾ ജി. ദിലീപന്റെ നിരീക്ഷണവും സംഗതമാണ്. 1981-ൽ രചിച്ച ഈ നാടകത്തെ, അമ്പരപ്പിക്കുന്ന വേഗതയിൽ ശാസ്ത്രം പുരോഗമിക്കുന്ന ഇരുപത്തിയൊന്നാം ശതകത്തിന്റെ മൂന്നാം ദശകത്തിൽ പുനർവായനയ്ക്ക് വിധേയമാക്കുമ്പോൾ നാൽപ്പത് വർഷങ്ങൾക്കു മുമ്പുതന്നെ ഹ്യൂമനോയ്ഡ്കളെക്കുറിച്ച് പ്രവചനാത്മകമായ ചിത്രീകരണം നടത്തിയ, മലയാളത്തിലെ ആദ്യത്തെ സയൻസ് ഫിക്ഷൻ നാടകമായി വിലയിരുത്തുന്നതാണ് കൂടുതൽ പ്രസക്തം.

മുതലാളിത്തത്തിന്റെ കടന്നുവരവിനു പാതയൊരുക്കിയ വ്യവസായ വിപ്ലവത്തോടുകൂടിയാണ് മനുഷ്യൻ യന്ത്രങ്ങളെ ആശ്രയിച്ചു തുടങ്ങിയത്. മനുഷ്യന്റെ പ്രയത്നം ലളിതമാക്കുന്നതിനും കൂടുതൽ വേഗത്തിലും അളവിലും ജോലിചെയ്യുന്നതിനുമാണ് അന്ന് യന്ത്രങ്ങളെ ഉപയോഗിച്ചിരുന്നത്. യന്ത്രങ്ങളുടെ കടന്നുവരവ് മുതലാളിമാർക്കു കൂടുതൽ ലാഭം നേടിക്കൊടുക്കുകയും തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുത്തുകയും ചെയ്തു. തുടർന്ന് യന്ത്രങ്ങളോടൊപ്പം പണിയെടുത്ത് മനുഷ്യനും യന്ത്രങ്ങളായിമാറി. സ്വത്വവും മനുഷ്യത്വവും നഷ്ടപ്പെട്ട് യാന്ത്രമായിത്തീർന്ന അത്തരം മനുഷ്യരുടെ സ്വത്വപ്രതിസന്ധിയാണ് ആധുനികതയ്ക്ക് വിത്തുപാകിയത്. അതിനാലാണ് അഴീക്കോട് സ്വത്വം നഷ്ടപ്പെട്ട മനുഷ്യരുടെ പ്രതീകാത്മക ആവിഷ്കാരമായി ഈ നാടകത്തെ വിശേഷിപ്പിച്ചത്.

കുറെ വർഷങ്ങൾക്കു മുമ്പായിരുന്നെങ്കിൽ ഈ നാടകത്തെ ഫാന്റസി എന്നു പറഞ്ഞ് അവഗണിക്കാമായിരുന്നു. പക്ഷേ, പ്രബന്ധത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിച്ച സോഫിയയുടെയും അമേകയുടെയും വ്യോമിത്രയുടെയും ലോകത്തിരുന്നുകൊണ്ട് ഇതിനെ ഫാന്റസിയായോ പ്രതീകാത്മക നാടകമായോ പരിഗണിച്ച് അവഗണിക്കാൻ കഴിയില്ല. അഴീക്കോടിന്റെ തലമുറയിലെ ഫാന്റസി നമ്മുടെ കാലത്ത് യാഥാർത്ഥ്യമായി മാറിയിരിക്കുന്നു. മുമ്പ് യന്ത്രങ്ങൾ മനുഷ്യന്റെ നിയന്ത്രണത്തിലായിരുന്നു. ഇന്റർനെറ്റിന്റെയും സ്മാർട്ട്ഫോണിന്റെയും ഹ്യൂമനോയ്ഡുകളുടെയും പുതിയകാലത്ത് നേർവിപരീതമായി യന്ത്രങ്ങളാണ് മനുഷ്യനെ നിയന്ത്രിക്കുന്നത്. ഒരു മനുഷ്യൻ എന്തുചെയ്യണം എന്തു കഴിക്കണം എന്തു ചിന്തിക്കണം എപ്പോൾ ഉണരണം എപ്പോൾ ഉറങ്ങണം എന്നുപോലും തീരുമാനിക്കുന്നത് യന്ത്രങ്ങളാണ്. വിളിപ്പുറത്തും

കൺവെട്ടത്തുമുള്ള ആൾക്കാരോടുപോലും നാം ആശയവിനിമയം നടത്തുന്നത് യന്ത്രങ്ങളിൽക്കൂടിയാണ്. മുമ്പ് കലാകാരന്മാർക്കും ദാർശനികർക്കും നമ്മുടെ ജീവിതത്തിൽ ഉന്നതമായ സ്ഥാനം ഉണ്ടായിരുന്നു. പതുക്കെപ്പതുക്കെ സമൂഹം കലാകാരന്മാരെ ഉപയോഗശൂന്യരായ വെറും ഭ്രാന്തന്മാരായി കരുതാൻ തുടങ്ങുന്നു.

യക്ഷിയെക്കണ്ട് കാമവികാരവിവശയായ മകൾ അമ്മയാകാനുള്ള അദമ്യമായ ആഗ്രഹത്തോടെ മനുഷ്യനെയും താപസനെയും നേതാവിനെയും ശാസ്ത്രജ്ഞനെയും സമീപിച്ചു. അവരാരും അവളുടെ വികാരങ്ങൾക്ക് വിലകല്പിച്ചില്ല. അവസാനം അവൾ റോബോട്ടിന്റെ മാറിൽ അഭയം കണ്ടെത്തുകയും, റോബോട്ടിന്റെ കുഞ്ഞിന്റെ അമ്മയാവുകയും ചെയ്തു. ഇതും എഴുത്തുകാരന്റെ ഫാന്റസിയായി തള്ളിക്കളയാൻ കഴിയില്ല. കസാക്കിസ്ഥാനിലെ ബോഡി ബിൽഡറായ യൂറി ടോലോച്ച്കോ 2020 നവംബറിൽ നിരവധി വിശിഷ്ട അതിഥികളുടെ സാന്നിധ്യത്തിൽ റബ്ബർ പാവയായ മർഗോയെ വിവാഹം കഴിക്കുകയും വിവാഹപാർട്ടി നടത്തുകയും ചെയ്തു.[8] ഫെലിസിറ്റി കഡ്‌ലോക്ക് എന്ന സ്ത്രീ കെല്ലിറോസി എന്ന സോമ്പി പാവയെ വിവാഹം കഴിച്ചതും വലിയ വാർത്തയായിരുന്നു.[9] ഒറ്റപ്പെട്ടതെങ്കിലും ഇത്തരം സംഭവങ്ങളെ ഇന്നാരും രതിവൈകൃതം എന്നു പറഞ്ഞ് പരിഹസിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നില്ല. അധികം താമസിയാതെ ഹ്യൂമനോയ്ഡുകളും മനുഷ്യരും ഒരുമിച്ചു ജീവിക്കാൻ പോകുന്നതിന്റെ മുന്നോടിയായി ഇതിനെ പരിഗണിക്കാം.

മനുഷ്യരെ—പൊതുജനത്തെ—വെറും ചവിട്ടുപടികളായി കരുതുന്ന രാഷ്ട്രീയക്കാരും ധനവാന്മാരും ചേർന്ന് അവരെ ചവിട്ടിമെതിക്കുകയും അവരുടെ സമ്പത്തും ഭക്ഷണവും കവർന്നെടുക്കുകയും ചെയ്യുന്നത് ഭൂതകാലത്തെയും വർത്തമാനകാലത്തെയും യാഥാർത്ഥ്യമാണ്. പക്ഷേ, നാടകാന്ത്യത്തിൽ വിശക്കുന്നവരെ മുഴുവൻ ഉന്മൂലനാശനം ചെയ്ത് വിശപ്പില്ലാത്തവരുടെ തലമുറയുടെ വംശപിതാവാകാൻ തയ്യാറെടുക്കുന്ന റോബോട്ട് വിശപ്പിൽ നിന്നു രക്ഷനേടാൻ സാധിക്കാത്തതിനാൽ നേതാവിനെയും ധനവാനെയും ഒരു വാഗ്ദാനത്തിനും പ്രലോഭനത്തിനും വശംവദനാകാതെ ഉന്മൂലനം ചെയ്യുന്നു. റോബോട്ടിന്റെ കണക്കുകൂട്ടൽ മുഴുവൻ തെറ്റിച്ച് വിശക്കുന്ന റോബോട്ടുകുട്ടിയെ അവതരിപ്പിച്ച്, വിശപ്പില്ലാത്ത ലോകം സൃഷ്ടിക്കാൻ ഹ്യൂമനോയ്ഡിനുപോലും കഴിയില്ല എന്ന സങ്കല്പനത്തിലാണ് നാടകം അവസാനിക്കുന്നത്. പക്ഷേ, അനതി വിദൂരഭാവിയിൽ മനുഷ്യന്റെ എല്ലാത്തരത്തിലുമുള്ള സ്വഭാവ സവിശേഷതകളോടും കൂടി പിറവിയെടുക്കുന്ന വിശക്കാത്ത ഹ്യൂമനോയ്ഡുകൾ

തങ്ങളുടെ സൃഷ്ടികർത്താക്കളായ ശാസ്ത്രജ്ഞരെയും പണം മുടക്കുന്ന സഹസ്ര കോടീശ്വരന്മാരെയും നിഷ്പ്രഭരാക്കി ഹ്യൂമനോയ്ഡുകളുടേതുമാത്രമായ പുതിയൊരു റിപ്പബ്ലിക്ക് രൂപീകരിച്ചേക്കാം എന്ന സാധ്യത നിലനിർത്താനും നാടകകൃത്ത് ശ്രദ്ധിച്ചിട്ടുണ്ട്.

പ്രപഞ്ചം അനശ്വരമാണ്. അത് ഒരിക്കൽ ഉത്ഭവിക്കുന്നു; മറ്റൊരിക്കൽ നശിക്കുന്നു. പ്രപഞ്ച സൃഷ്ടികർത്താവായ ബ്രഹ്മാവിനും ജനനവും മരണവുമുണ്ട്. ഒരു ബ്രഹ്മാവിന്റെ നാശത്തിലുണ്ടാകുന്ന പ്രളയമാണ് മഹാപ്രളയം. ബ്രഹ്മാവിന്റെ ഒരു ദിവസത്തെ പതിനാലായി വിഭജിക്കാം. വിഭജിക്കപ്പെട്ട ഓരോഭാഗത്തിന്റെയും അധിപൻ ഓരോ മനുവാണ്. മനുക്കൾ പതിനാലുണ്ട്. ഓരോ മനുവിന്റെയും ജീവിത കാലത്തെ ഒരു മന്വന്തരം എന്നു പറയുന്നു. ഒരു മന്വന്തരത്തിൽ എഴുപത്തിയൊന്ന് ചതുർയുഗങ്ങൾ ഉൾപ്പെടുന്നു. ഓരോ മന്വന്തരത്തിന്റെ അവസാനത്തിലും മനുവോടുകൂടി ജനിച്ച പ്രപഞ്ചവും ദേവന്മാരും നശിക്കും. അതിനുശേഷം തുടർച്ചയായി അടുത്ത മന്വന്തരം ആരംഭിക്കും. (1993: 921). മഹാപ്രളയത്തിന്റെയും ഇടിമിന്നലിന്റെയും പശ്ചാത്തലത്തിൽ നാടകകൃത്ത് വിശക്കുന്ന മനുഷ്യൻ ജീവിച്ചിരുന്ന മന്വന്തരത്തിന്റെ അവസാനം കാട്ടിത്തരുന്നു. അതിനുശേഷം വിശക്കാത്ത റോബോട്ടുകളുടെ – ഹ്യൂമനോയ്ഡുകളുടെ മന്വന്തരം ആരംഭിക്കുന്നതും നമുക്കു കണിച്ചുതരുന്നു. നാടകകൃത്ത് പറയുന്നതുപോലെ ഒരുപക്ഷേ, അടുത്ത മന്വന്തരം ഹ്യൂമനോയ്ഡുകളുടേതായിരിക്കുമോ?· മനോഹരമായ ആശയങ്ങളുടെ ആവിഷ്കാരത്തിലൂടെ സഹൃദയരെ ഞെട്ടിക്കാൻ ഈ നാടകത്തിനു കഴിയുന്നു. എന്നാൽ ഒരു കലാസൃഷ്ടിയിൽ നിന്നു നമ്മൾ പ്രതീക്ഷിക്കുന്ന സൗന്ദര്യാത്മകാനുഭൂതി പകർന്നുനൽകാൻ കഴിയുന്നില്ല എന്നത് കലാസൃഷ്ടി എന്ന നിലയിൽ ഈ നാടകത്തിന്റെ

## കുറിപ്പുകൾ

1 https://en.m.wikipedia.org (Robotics)

2 https://en.m.wikipedia.org (Sophia)

3 https://en.m.wikipedia.org (Vyommitra)

4 https://www.engineeredarts.co.uk>robot>ameca

5 കാളിദാസ് പുതുമന (1946) : പ്രശസ്ത നാടകകൃത്തും സിനിമാസംവിധായകനുമാണ്. ബൂമറാങ്, ദി വെബ്, ഗാഞ്ചലോ, പാണപ്പട, ഭ്രാന്തായനം, വിത്തും കൈക്കോട്ടും, ഭാരതീയം, ഉത്തിഷ്ഠത, എ.ഡി.2500 തുടങ്ങി നാൽപ്പതോളം നാടകങ്ങളും 45 ലഘു നാടകങ്ങളും രചിച്ചിട്ടുണ്ട്. എട്ടു ടെലിഫിലിം സീരിയലുകൾ. കേരളത്തിലെ ആദ്യ ലൈറ്റ്

ആന്റ് സൌണ്ട് പ്രോഗ്രാമിന്റെ–സുൽത്താൻ കോട്ട–രചനയും സംവിധാനവും നിർവ ഹിച്ചു. പ്രവാസം എന്ന സിനിമ തിരക്കഥയെഴുതി സംവിധാനം ചെയ്തു. കേരള സംഗീത നാടക അക്കാദമിയുടേതുൾപ്പെടെ ആറ് സംസ്ഥാനപുരസ്കാരങ്ങളും ഒരു ദേശീയപുരസ്കാ രവും ലഭിച്ചിട്ടുണ്ട്.

6 സുകുമാർ അഴീക്കോട്, അവതാരിക, ഇതിമമ്വന്തരം ശുഭം, പുറം -xi..

7 ദിലീപൻ ജി., നമ്മുടെ കാലത്തോട് ഈ നാടകം എന്താണ് പറയുന്നത്, പഠനം, പുറം – xiii

8 www.manoramanews.com 26/11/2020. https://youtu.be/RWYBNExQICQ Malayalam.boldsky.com-ൽ സംഗീത 15/02/19 ന് 'വിവാഹം കഴിച്ചത് പാവയെ, ആഗ്രഹം സോംബി മക്കൾ' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനം.

9 www.manoramanews.com 26/11/2020. https://youtu.be/RWYBNExQICQ

പരിമിതിയാണ്.

## ആധാരസൂചി

1. കാളിദാസ് പുതുമന, ഇതി മമ്വന്തരം ശുഭം, ലിപിപബ്ലിക്കേഷൻസ്, കോഴിക്കോട്, മൂന്നാം പതിപ്പ് – 2021

2. മാണി വെട്ടം, പുരാണിക് എൻസൈക്ലോപീഡിയ, കറന്റ് ബുക്ക്സ്, കോട്ടയം, പതിനൊന്നാം പതിപ്പ് - 1993

*Shijuk1978@gmail.com*

# മാനവാനന്തരവിചാരലോകം സൈബർകവിതകളിൽ

ഡോ. സിനുമോൾ തോമസ്
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഡോ. ബി.ആർ. അംബേദ്കർ സ്മാരക
ഗവ. ആർട്സ് & സയൻസ് കോളേജ്, ബാലുശ്ശേരി

## പ്രബന്ധസംഗ്രഹം

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭദശമുതൽ സാങ്കേതികവിദ്യ മനുഷ്യസമൂഹത്തിനുമേൽ സ്വാധീനം ചെലുത്തിയിരുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിലാവട്ടെ മനുഷ്യലോകവും യന്ത്രലോകവും തമ്മിലുള്ള അതിരുകൾ അടർന്നു മാറുന്ന സ്ഥിതിവിശേഷമാണുള്ളത്. പുതിയകാലത്ത് മാനവികത എന്നത് കേവലം മനുഷ്യകേന്ദ്രിതമായി മാത്രം അടയാളപ്പെടുത്താൻ കഴിയില്ല എന്ന രീതിയിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന തലത്തിലേക്ക് മനുഷ്യനും യന്ത്രസാങ്കേതികവിദ്യയും തമ്മിലുള്ള ബന്ധം മാറിക്കഴിഞ്ഞിരിക്കുന്നു. സമകാലിക മലയാളത്തിലെ സൈബർ കവിതകളിൽ പോസ്റ്റ് ഹ്യൂമനിസം/മനുഷ്യേതര മാനവികത/മാനവാനന്തരത എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നുവെന്ന അന്വേഷണമാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ:** പോസ്റ്റ് ഹ്യൂമനിസം, ആന്ത്രോപ്പോസീൻ, ട്രാൻസ്ഹ്യൂമനിസം, സൈബോർഗ്, സൈബർ കവിതകൾ

## ആമുഖം

സമകാലമനുഷ്യന്റെ ജീവിതം നാളിതുവരെയുള്ളതിൽനിന്നും തികച്ചും വ്യത്യസ്തമായി യന്ത്രങ്ങളുമായും സാങ്കേതികവിദ്യകളുമായും നിരന്തരം സഹവർത്തിച്ചും സഹജീവിച്ചും മുന്നേറുന്ന തരത്തിലാണുള്ളത്. കൃത്രിമാവയവങ്ങൾ, മൊബൈൽ ഫോണുകൾ, കംപ്യൂട്ടറുകൾ, വാഹനങ്ങൾ, നിത്യോപയോഗ ഉപകരണങ്ങൾ തുടങ്ങി നാനാതരം യന്ത്രസംവിധാനങ്ങളുമായി

ഇഴപിരിക്കാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുന്ന ഒന്നായി മനുഷ്യന്റെ കർത്തൃത്വം മാറിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യജീവിതം എന്നത്തേക്കാളും സങ്കീർണ്ണവും പ്രശ്നഭരിതവുമായിരിക്കുന്നു. സ്വഭാവികമായും സമകാലമനുഷ്യന്റെ ജീവിതത്തിൽ ശാസ്ത്ര-സാങ്കേതികവിദ്യകളുടെ സ്വാധീനം ഏറ്റവും കൂടുതലുമാണ്. സാധാരണ ജനങ്ങളെയുൾപ്പെടെ സ്വാധീനിക്കാൻ സാങ്കേതികവിദ്യക്കും യന്ത്രങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. മനുഷ്യസമൂഹത്തിന്റെ ഇതു വരെയുള്ള ജീവിതരീതികളിൽ നിന്ന് തികച്ചും വിഭിന്നമായി യന്ത്രങ്ങളുടെ സഹായവും സാന്നിധ്യവുമില്ലാതെയാകുമ്പോൾ നിസ്സാരത അനുഭവപ്പെടുന്ന നിലയിലേക്ക് മനുഷ്യർ മാറിക്കഴിഞ്ഞിരിക്കുന്നു. ഭക്ഷണത്തേക്കാളും മറ്റെന്തിനെക്കാളും പ്രധാനപ്പെട്ടതും അവശ്യവുമായ വസ്തുവായി മൊബൈൽഫോൺ സാധാരണക്കാർക്കുവരെ അനുഭവപ്പെട്ടു തുടങ്ങിയത് ഒരുദാഹരണം മാത്രമാണ്. പുസ്തകവായന, എഴുത്ത്, പാട്ടുകേൾക്കൽ, സിനിമ കാണൽ തുടങ്ങി ജീവിതത്തെ ആനന്ദിപ്പിക്കുന്ന വിനോദങ്ങൾക്കെല്ലാമായി ഒറ്റ ഉപകരണം എന്ന വിധത്തിലുള്ള സ്മാർട്ഫോണുകളുടെ വളർച്ച സാധാരണമനുഷ്യരുടെ ജീവിതത്തെ പോലും ടെക്നോളജിയുമായി നേരിട്ടു ബന്ധിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. ബാങ്ക് ഇടപാടു തുടങ്ങി എല്ലാത്തരം പണം അടയ്ക്കലുകളും കൊടുക്കലുകളും വാങ്ങലുകളുമൊക്കെ അലച്ചിൽ കൂടാതെ ചെയ്യാൻ സാധിക്കുന്ന നിലയിലേക്കുകൂടി സ്മാർട്ട്ഫോണുകളായി മൊബൈൽഫോൺ മാറിയതോടെ സമയലാഭമുൾപ്പെടെ മനുഷ്യന് നേട്ടമായി. ജീവിതത്തിൽനിന്ന് സാങ്കേതികവിദ്യയെ അടർത്തിമാറ്റിക്കൊണ്ടൊരു ജീവിതം ആധുനികമനുഷ്യന് അന്യമായിക്കഴിഞ്ഞിട്ടുണ്ട്.

പുതിയകാലത്ത് മാനവികത എന്നത് കേവലം മനുഷ്യകേന്ദ്രിതമായി മാത്രം അടയാളപ്പെടുത്താൻ കഴിയില്ല എന്നരീതിയിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന തലത്തിലേക്ക് മനുഷ്യനുംയന്ത്രസാങ്കേതിക വിദ്യയും തമ്മിലുള്ള ബന്ധം മാറിക്കഴിഞ്ഞിരിക്കുന്നു. മനുഷ്യകേന്ദ്രിതമായ എല്ലാ വിജ്ഞാനങ്ങളെയും പുതുക്കിപ്പണിതുകൊണ്ട് മനുഷ്യരും, ഇതരജീവിവർഗ്ഗങ്ങളും വസ്തുക്കളും യന്ത്രങ്ങളുമൊക്കെ ഉൾക്കൊള്ളുന്ന പുതിയൊരു ഹ്യൂമനിസത്തെയാണ് മനുഷ്യേതര മാനവികത അഥവാ പോസ്റ്റ്ഹ്യൂമനിസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മനുഷ്യേതരമാനവികത ഗദ്യാഖ്യാനങ്ങളിലും സിനിമകളിലും പ്രകടമായ രീതിയിൽ കടന്നുവന്നിട്ടുണ്ടെങ്കിലും കവിതകളിൽ അത്രയധികമായി സ്വാധീനം ചെലുത്തിയിട്ടില്ല. എങ്കിലും സൈബർ ഇടങ്ങളിൽ പ്രത്യക്ഷപ്പെട്ട കവിതകളിലെ പോസ്റ്റ്ഹ്യൂമനിസ്റ്റ് സങ്കല്പനങ്ങളുടെ സാന്നിധ്യമാണ് ഈ പ്രബന്ധത്തിന്റെ അന്വേഷണ വിഷയം.

### അതിരുകൾ മാഞ്ഞു പോകുന്ന മനുഷ്യ–യന്ത്ര ലോകങ്ങൾ

ജന്തുക്കളിൽ നിന്നും യന്ത്രങ്ങളിൽ നിന്നും മനുഷ്യനെ കണിശമായി വേർതിരിച്ച നിർത്തുന്ന അതിരുകൾ ഇല്ലാതായിരിക്കുന്നുവെന്ന് നിരീക്ഷിക്കുന്ന ഡോണ ഹരാവേ തന്റെ സൈബോർഗ് മാനിഫെസ്റ്റോയിൽ "യാന്ത്രികതയുടെയും ജൈവികതയുടേയും സങ്കരമായ, സാമൂഹിക യാഥാർത്ഥ്യത്തിന്റെയും ഭാവനയുടെയും സങ്കരമായ ഒരു സൈബർ നെറ്റിക് ജീവജാലമായാണ്" സൈബോർഗിനെ നിർവ്വചിക്കുന്നതെന്ന് പ്രസാദ് പന്ന്യൻ ചൂണ്ടിക്കാട്ടുന്നുണ്ട് (2021. 41). പോസ്റ്റ്ഹ്യൂമൻ ചിന്തകളെ ഏറെ സ്വാധീനിച്ച പരികല്പനയാണ് സൈബോർഗിന്റേത്. പോസ്റ്റ്ഹ്യൂമനിസ്റ്റ് കാലത്തെ അടയാളപ്പെടുത്തുന്ന സവിശേഷതകളിൽ ഏറ്റവും പ്രധാനപ്പെട്ടതായി ഡോണ ഹരാവെ നിരീക്ഷിക്കുന്നത് മനുഷ്യ-യന്ത്ര ലോകങ്ങളുടെ അതിർവരമ്പുകൾ മാഞ്ഞു പോയതാണ്. ടി.പി. വിനോദിന്റെ 'Bio-data' എന്ന കവിത ഇതിന് മികച്ചൊരുദാഹരണമാണ്.

എന്റെ
ആനന്ദമളക്കാനുള്ള
യന്ത്രമാണ്
ഞാൻ
എന്റെ
സങ്കടങ്ങളെ സമാഹരിക്കുന്ന
സാങ്കേതിക വിദ്യയുമാണ്
ഞാൻ
(Bio-data : ടി.പി. വിനോദ്)

സ്വന്തം ആനന്ദം അളക്കാനുള്ള ഉപകരണമായും സങ്കടങ്ങളെ സമാഹരിക്കുന്ന സാങ്കേതികവിദ്യയായും അവനവനെ അടയാളപ്പെടുത്തുക വഴി തന്നെത്തന്നെ യന്ത്രമായി അടയാളപ്പെടുത്തുകയാണ്. യന്ത്രത്തിന്റെ കേവല യാന്ത്രികത മാത്രമേ അവിടെ ആവശ്യമാകുന്നുള്ളൂ. അതുകൊണ്ടുതന്നെ കവിക്ക് അതിനെ പൂർണ്ണമായും സ്വീകരിക്കാനും കഴിയുന്നില്ല.

ഇതൊക്കെ കണ്ട്
ജീവനില്ലാത്തതേ എന്ന്
എന്നെ ശകാരിക്കാൻ
വേറൊരു ഞാനുണ്ടെന്ന്
എന്റെ മനസ്സ് പറയുന്നു

എന്ന് അതേ കവിതയിൽ തന്നെ പറഞ്ഞുവെക്കുമ്പോൾ മനുഷ്യലോകവും

യന്ത്രലോകവും തമ്മിലുള്ള അതിർവരമ്പുകൾ മായുമ്പോഴും ആ യന്ത്രഭാവത്തെ ജീവനില്ലാത്തതേ എന്ന് കവിമനസ്സ് വിളിക്കുമ്പോൾ പൂർണ്ണമായും അതിനെ അംഗീകരിക്കാൻ കഴിയാത്ത നില കൂടി ധ്വനിപ്പിക്കുന്നുണ്ട്.

ഇതേ കവിയുടെ മറ്റൊരു കവിതയിൽ
മനസ്സ്
നശ്വരതയുടെ
കീബോർഡാണ്
(ആയതിനാൽ: ടി.പി. വിനോദ്)

എന്നു പറഞ്ഞു വെക്കുന്നുണ്ട്. മനസ്സ് കീബോർഡു തന്നെയാണ് എന്നു പറയുമ്പോൾ അവ തമ്മിൽ ഭേദമില്ലെന്ന് രൂപണം ചെയ്യുക തന്നെയാണ്. കീബോർഡ് ഉപയോഗിച്ച് എന്തും ടൈപ്പ് ചെയ്യാം. ടൈപ്പ് ചെയ്തത് ആവശ്യമില്ലെങ്കിൽ എപ്പോൾ വേണമെങ്കിലും ഡിലീറ്റ് ചെയ്യാം. ഒന്നും സ്ഥിരമല്ല. മനസ്സും അതുപോലെ എന്തും എഴുതുകയും മായ്ക്കുകയും വേണമെങ്കിൽ മാത്രം സൂക്ഷിച്ച് വെക്കുകയും ചെയ്യാവുന്ന ഒന്നാണെന്ന് പറയുമ്പോൾ മനുഷ്യലോകവും യന്ത്രലോകവും തമ്മിൽ ഭേദമില്ല എന്നു തന്നെയാണ് ധ്വനിപ്പിക്കുന്നത്. മാത്രമല്ല കീബോർഡിന് സ്വയം ഒന്നും സാധ്യമല്ല. യന്ത്രത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നുവോ അതുപോലെ തന്നെ മനസ്സിനെയും കൈകാര്യം ചെയ്യണം. മനുഷ്യമനസ്സിന്റെ അപാരശക്തിയെക്കുറിച്ച് പറയുന്നതിൽ നിന്നും ഭിന്നമായി മനസ്സിനെ സ്വയം ഒന്നുംചെയ്യാൻ ശേഷിയില്ലാത്ത നശ്വരമായ ഒരു കീബോർഡ് മാത്രമായാണ് അവതരിപ്പിക്കുന്നത്. മനസ്സിലെ വിചാരങ്ങളൊക്കെ അടിക്കടി മാറ്റുകയും ഒഴിവാക്കുകയും ചെയ്യാൻ പറ്റുന്ന ഒന്നാണെന്നു കൂടി സൂചിപ്പിക്കുന്നു.

വീട് ഒരു സ്മാർട്ട് ഹോമായി മാറിയതിനെക്കുറിച്ചാണ് സൂര്യഗായത്രി പി.വി. യുടെ വീടൊരു 'സ്മാർട്ട് ഹോമാ'ണ് എന്ന കവിത.

ഇന്നലെ മുതൽ വീടൊരു
'സ്മാർട്ട് ഹോമാ'ണ്.
പലതരം റിങ്ടോണുകളിൽ
ആളുകളെ അതിനുള്ളിൽ
സേവ് ചെയ്ത് വെക്കും.
(വീടൊരു 'സ്മാർട്ട് ഹോമാ'ണ്: സൂര്യഗായത്രി പി.വി)

സ്മാർട്ട്ഫോണുകളിൽ ഓരോ ആളുടെ കോൺടാക്ട് നമ്പറുകളും പ്രത്യേകം പ്രത്യേകം റിങ് ടോണുകൾ കൊണ്ട് തിരിച്ചറിയുന്ന വിധം ക്രമീകരിക്കാവുന്നതാണ്. അതുപോലെ സ്മാർട്ട് ഹോമിലെ ആളുകളെയും പ്രത്യേകം

അടയാളങ്ങളാൽ/റിങ് ടോണുകളാൽ സേവ് ചെയ്തുവെക്കും എന്ന് കവയിത്രി സൂചിപ്പിക്കുന്നു. സ്മാർട്ട് ഹോമിലെ ആളുകൾ കേവലം സ്മാർട്ട് ഫോണിൽ സേവ് ചെയ്ത നമ്പറിന് തുല്യമായാണ് ഇവിടെ മാറുന്നത്. വീടിനുള്ളിൽ മറ്റൊരു വീടെന്ന പോലെ മനുഷരെല്ലാം വീടിനുള്ളിലെ രഹസ്യമുറികളായി തീരും. സ്മാർട്ട് ഫോണിനുള്ളിലെ ആപ്പുകളെന്ന പോലെ ആളുകളൊക്കെ സ്മാർട്ട് ഹോമിലെ ആപ്പുകളായിത്തീരുന്നു. വീടും വീട്ടിനുള്ളിലെ ആളുകളും സ്മാർട് ഹോമിലെ ഉപകരണങ്ങൾ പോലെയാണെന്ന് ഈ കവിതയിൽ വ്യക്തമാക്കുന്നു. മനുഷ്യനും യന്ത്രവും തമ്മിലുള്ള അതിർവരമ്പ് മാഞ്ഞുപോകുന്ന നില തന്നെയാണ് ഈ കവിതയിലും പ്രകടമാകുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ മനുഷ്യർ എന്നതു തന്നെ 'യന്ത്രത്തിന്റെയും ജീവജാലത്തിന്റെയും സൈദ്ധാന്തികവൽക്കരിക്കപ്പെട്ട, കെട്ടിച്ചമയ്ക്കപ്പെട്ട സങ്കരങ്ങളാണ്, മിഥ്യാഭാവനകളാണ് (Haraway 1991: 150) എന്ന ഡോണാ ഹരാവെയുടെ അഭിപ്രായത്തിന്റെ സാധ്യതകളാണ് സൈബർ കവിതകളിലെ മാനവാനന്തര വിചാരലോകത്തിന്റെ കാതലായി വർത്തിക്കുന്നതെന്ന് ഈ കവിതകൾ തെളിയിക്കുന്നു

### ടെക്നോളജിയും വിനോദവും

പുതിയ യന്ത്രലോകത്ത് ധാരാളം വിനോദങ്ങൾക്ക് സാധ്യതകളുണ്ട്. മൊബൈൽ ഫോണും ഇന്റർനെറ്റുമൊക്കെ ഇത്തരം വിനോദക്കളികളുടെ വിശാലലോകത്തെ തുറന്നിട്ടിരിക്കുന്നു. പണത്തിനു വേണ്ടിയും കേവലാനന്ദത്തിനു വേണ്ടിയുമൊക്കെയുള്ള പലതരം കളികൾ മൊബൈൽ ഫോണടക്കമുള്ള ഉപകരണങ്ങളിൽ ലഭ്യമാണ്. വിഷ്ണു പ്രസാദിന്റെ 'ഗെയിം'[1] എന്ന കവിത ഇത്തരമൊരു ഗെയിമിന്റെ സ്വഭാവത്തിലൂടെ ഒരു യാത്രയെ അവതരിപ്പിക്കുകയാണ്. ഒരു ഗെയിമിന്റെ എല്ലാ പിരിമുറുക്കങ്ങളെയും അടയാളപ്പെടുത്താൻ പര്യാപ്തമാണ് ഈ കവിത. മാത്രമല്ല യാത്ര എന്ന ലക്ഷ്യത്തിനപ്പുറത്തേക്ക് ഇതിലെ യാത്ര വഴിമാറിപ്പോകുന്നത് കാണാം. പരാജയപ്പെടുന്തോറും പുതിയ വഴികൾ തേടി വീണ്ടും വീണ്ടും ശ്രമിക്കുന്ന മൊബൈൽ/കംപ്യൂട്ടർ ഗെയിമുകളെ അനുസ്മരിപ്പിക്കുന്നുണ്ട് ഈ കവിത.

> മൂന്നു വട്ടവും തോറ്റു പോയ ഒരു ഗെയിമാണിത്.
> പൂർവ്വാധികം വാശിയോടെ നമ്മൾ പുതിയൊരു ലക്ഷ്യം തീരുമാനിക്കുന്നു
> (ഗെയിം: വിഷ്ണു പ്രസാദ്)

എന്നുപറയുന്ന കവി ലക്ഷ്യത്തിലെത്താൻ ഗൂഗിൾഎർത്തിൽ ചെറുമാട് എന്ന ലക്ഷ്യകേന്ദ്രം കണ്ടുപിടിക്കുന്ന തങ്ങളെ യാത്രികരായല്ല മറിച്ച്

കളിക്കാരായാണ് അടയാളപ്പെടുത്തുന്നത്. യാത്ര ഒരിക്കലും വാശി പിടിപ്പിക്കുന്നതല്ല എന്നും കളികളാകട്ടെ വാശി ഉളവാക്കുന്നതാണെന്നും പൊതുവിൽ ധരിച്ചിട്ടുള്ളവരാണ് നാം. യാത്ര പലതരത്തിലുണ്ടെങ്കിലും അത് പലപ്പോഴും ഗൗരവസ്വഭാവം പ്രകടിപ്പിക്കുന്ന ഒരു പ്രവൃത്തിയായാണ് അടയാളപ്പെടുത്തുന്നത്. എന്നാൽ കളിയാകട്ടെ അത് ഗൗരവപൂർണമാകുമ്പോൾ പോലും അലസത സൂചിപ്പിക്കുന്ന ഒരു പദമായാണ് ഭാഷയിൽ പ്രകടമാകുന്നത്.[2]

### ഒറ്റപ്പെടലിന്റെ വിരസത

പുതുകാലത്തിൽ യന്ത്രസംസ്കാരം മനുഷ്യജീവിതവുമായി ഏറെ പൊരുത്തപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യന്റെ വിരസതയെ അകറ്റുവാൻ സഹായിക്കുന്ന ഏറ്റവും അടുത്ത സഹായിയായി ഇവ മാറിക്കഴിഞ്ഞിരിക്കുന്നു. യന്ത്രങ്ങളുമായുള്ള മനുഷ്യബന്ധമാണ് നമ്മുടെ സാംസ്കാരിക രാഷ്ട്രീയ പരിസരങ്ങളെ ഇനിയങ്ങോട്ട് നിർണ്ണയിക്കുന്നതെന്ന (2021: 117) ടി.ടി. ശ്രീകുമാറിന്റെ നിരീക്ഷണത്തോട് ചേർന്നു നിൽക്കുന്നവയാണ് സൈബർ കവിതകളിൽ പ്രകടമാകുന്ന മാനവാനന്തര സങ്കല്പനങ്ങളിലേറെയും. എങ്കിലും ഇവ യഥാർത്ഥത്തിൽ മനുഷ്യന്റെ ഏകാന്തതയെ മാറ്റുന്നുണ്ടോ എന്ന ചോദ്യത്തിന്റെ ഉത്തരം കണ്ടെത്താൻ സഹായകമാണ് നിദർശ് രാജിന്റെ 'പന്തയം' എന്ന കവിത. സർവ്വസമയവും വിജനമായ തന്റെ സ്വകാര്യ ഇടങ്ങളെക്കുറിച്ചുള്ള സൂചനകളാണ് 'പന്തയം' എന്ന കവിത. വീട്ടിലെ യന്ത്രങ്ങളും സ്വകാര്യ ഇടങ്ങളും ചേരുന്ന സ്വന്തം നാഷണൽഹൈവേ വിജനമാണെന്ന് കവി പറയുന്നു.

> ടിവിയിൽ നിന്നു ഫ്രിഡ്ജിലേക്കും
> ഫ്രിഡ്ജിൽ നിന്ന വാഷ് ബേസനിലേക്കും
> അവിടെ നിന്ന് കക്കൂസിലേക്കും
> മാത്രം നിർമ്മിച്ചിരിക്കുന്ന
> എന്റെ എൻ. എച്ച് 213
> രാത്രിയോ പകലോ എന്നില്ലാതെ
> എല്ലാ സമയവും വിജനമാണ്.
> (പന്തയം: നിദർശ് രാജ്)

'വിജനതയെ അല്ലെങ്കിൽ വിരസമായ ഏകാന്തതയെ മറികടക്കാൻ കവി ചെയ്യുന്നതാകട്ടെ വാതിൽപ്പൂട്ടി ചാവി വലിച്ചെറിഞ്ഞ് സിം കാർഡൂരി പൊട്ടിച്ച്, ചായയിലിട്ട്, ചായ വാഷ്ബേസിനിൽ ഒഴിച്ച് അവിടെ വീണ സിം കാർഡ് കൈയ്യിലിട്ട് ഞെരിച്ച് വായിലിട്ട് കടിച്ച് ഒരു അജീവിയ ഘടകത്തെ ഇനിയും

ദ്രോഹിക്കുന്നത് അർത്ഥശൂന്യമാണെന്ന തിരിച്ചറിവിൽ അത് ജനലിലൂടെ പുറത്തേക്കിടുന്നു'. യന്ത്രങ്ങൾക്ക് മനുഷ്യന്റെ ഏകാന്തത മാറ്റാനാവില്ല എന്ന തിരിച്ചറിവ് തന്നെയാണ് അത്തരം ഇടങ്ങളുടെ വാതിലുകൾ പൂട്ടി ചാവി വലിച്ചെറിയാൻ കവിയെ പ്രേരിപ്പിക്കുന്നത്. മാത്രമല്ല ജീവനില്ലാത്തവയ്ക്ക് മനുഷ്യന്റെ ഏകാന്തത മാറ്റാൻ ഒരു പരിധി വരെ മാത്രമേ കഴിയൂ. അവയെ പൊട്ടിച്ചെറിഞ്ഞാലും അവയ്ക്ക് നോവുകയില്ല. അതുകൊണ്ടു തന്നെ ആ പ്രവൃത്തി വ്യർത്ഥവുമാണ്. എങ്കിലും 'അജീവിയ ഘടകത്തെ ദ്രോഹിക്കുന്നത്' എന്ന കവിതയിലെ പരാമർശം യഥാർത്ഥത്തിൽ അജീവിയ ഘടകങ്ങൾക്ക് ജീവ സ്വഭാവത്തെ ആരോപണം ചെയ്യുക തന്നെയാണ്, കാരണം യന്ത്രങ്ങളെ മനുഷ്യരായി, അല്ലെങ്കിൽ തങ്ങളിൽപ്പെട്ട ഒന്നായി കണക്കാക്കുന്ന ആളുകളുമുണ്ട്.

### ട്രാൻസ്ഹ്യൂമനിസം: മനുഷ്യശരീരത്തിലെ യന്ത്ര സാന്നിധ്യം

ദീർഘായുസ്സ്, മാനസികാവസ്ഥ, വൈജ്ഞാനിക കഴിവുകൾ എന്നിവ വളരെയധികം വർദ്ധിപ്പിക്കാൻ കഴിയുന്ന വിപുലമായ സാങ്കേതികവിദ്യകൾ വികസിപ്പിച്ചുകൊണ്ട് മനുഷ്യന്റെ അവസ്ഥ മെച്ചപ്പെടുത്താൻ വാദിക്കുന്ന ഒരു ദാർശനികവും ബൗദ്ധികവുമായ പ്രസ്ഥാനമാണ് ട്രാൻസ്ഹ്യൂമനിസം. മനുഷ്യരാശി പരിണമിക്കുകയും ഒടുവിൽ അതിനെ സപ്ലിമെന്റ് ചെയ്യുകയോ അസാധുവാക്കുകയോ ചെയ്യുന്ന ഒരു പുതിയ ബുദ്ധിജീവിവർഗത്തിന്റെ ഭാവിദർശനമാണ് ട്രാൻസ്ഹ്യൂമനിസത്തിന്റെ പൊതു സവിശേഷത. ട്രാൻസ്ഹ്യൂമനിസം പരിണാമ വീക്ഷണത്തിന് ഊന്നൽ നൽകുന്നു. ചിലപ്പോൾ വൈജ്ഞാനിക മെച്ചപ്പെടുത്തലിലൂടെ (അതായത് ജീവശാസ്ത്രപരമായ ഉന്നമനം) ഉയർന്ന ബുദ്ധിശക്തിയുള്ള ഒരു ജന്തുജാലത്തെ സൃഷ്ടിക്കുന്നതിനെക്കുറിച്ചുള്ള അന്വേഷണങ്ങളും ഗവേഷണങ്ങളും ഇതിന്റെ ഭാഗമാണ്. ശരീരത്തിൽനിന്ന് പാരമ്പര്യരോഗങ്ങളുടെ ജീനുകളെ ഒഴിവാക്കുന്നതും മെച്ചപ്പെട്ട ജീവിവർഗ്ഗത്തെ ഉണ്ടാക്കുന്നതുമൊക്കെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്താം. മനുഷ്യനെ മെച്ചപ്പെടുത്തുന്നതിനുള്ള സാങ്കേതികവിദ്യകളുടെ പ്രയോഗത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൽ ട്രാൻസ്ഹ്യൂമനിസം ഊന്നൽ നൽകുന്നു. ജന്മനായുള്ള മാനസികവും ശാരീരികവുമായ തടസ്സങ്ങൾ ഇല്ലാതാക്കി നിയമപരവും രാഷ്ട്രീയവുമായ സമത്വത്തിന്റെ വാഗ്ദാനങ്ങൾ നിറവേറ്റുന്ന മനുഷ്യാവസ്ഥയുടെ ഭൗതിക യാഥാർത്ഥ്യത്തെ നിറവേറ്റാൻ ശ്രമിക്കുമ്പോൾ, ഭാവിയിലെ സാങ്കേതികവിദ്യകളുടെയും നൂതന സാമൂഹിക സംവിധാനങ്ങളുടെയും എല്ലാ ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പല ട്രാൻസ്ഹ്യൂമനിസ്റ്റുകളും സജീവമായി വിലയിരുത്തുന്നു .

മനുഷ്യശരീരത്തിൽ യന്ത്രം ഘടിപ്പിക്കുന്നതിനെക്കുറിച്ചും മനുഷ്യേതര മാനവികതയിൽ ചർച്ച ചെയ്യുന്നുണ്ട്. സുനിത ഗണേഷിന്റെ 'ഏ.ഐ' (ആർട്ടിഫിഷ്യൽ ഇന്റലിജെൻ്റ്സ്) എന്ന കവിതയിൽ തലച്ചോറു മാറ്റി ചിപ്പ് വെക്കുന്നതിനെക്കുറിച്ച് പറയുന്നു. സാങ്കേതിക നവീകരണത്തിന്റെ വേഗത ത്വരിതഗതിയിലാണെന്നും അടുത്ത 50 വർഷം സമൂലമായ സാങ്കേതിക മുന്നേറ്റങ്ങൾ മാത്രമല്ല, ഒരുപക്ഷേ സാങ്കേതികമായ ഒരു ഏകത്വവും നൽകുമെന്നും, അത് മനുഷ്യന്റെ സ്വഭാവത്തെ അടിസ്ഥാനപരമായി മാറ്റിയേക്കാം എന്നും റേ കർസ്‌വെയിലിനെപ്പോലുള്ള ചില സൈദ്ധാന്തികർ കരുതുന്നുണ്ട് (ray kurzweil: 2014). ഈ വമ്പിച്ച സാങ്കേതിക മാറ്റം മുൻകൂട്ടി കാണുന്ന ട്രാൻസ് ഹ്യൂമനിസ്റ്റുകൾ ഇത് അഭികാമ്യമാണെന്ന് പൊതുവെ വാദിക്കുന്നു. എന്നിരുന്നാലും, ചിലർ വളരെ വേഗത്തിലുള്ള സാങ്കേതികമാറ്റത്തിന്റെ അപകടസാധ്യതകളെക്കുറിച്ച് ആശങ്കാകുലരാണ്. ഇത്തരമൊരു ആശങ്കയെ അടയാളപ്പെടുത്തുന്ന കവിതയാണ് 'ഏ.ഐ'. ഞെക്കുന്ന ബട്ടണുകളും സ്ക്രീനിൽ കളിക്കുന്ന മനുഷ്യരും മാത്രമല്ല ഉള്ളതെന്നും അവകാശങ്ങൾ ഇല്ലാതാക്കാൻ ഒരു ഡിലീറ്റ് മാത്രമേ വേണ്ടു എന്നും കവയിത്രി ചൂണ്ടിക്കാട്ടുന്ന സാധാരണ നിലയിൽനിന്നും എത്രയും പെട്ടെന്ന് എന്തിനെയും ഒഴിവാക്കാൻ പുതിയകാലത്ത് നിഷ്പ്രയാസം സാധിക്കുമെന്നുകൂടി ഈ കവിതയിൽ പറഞ്ഞുവെക്കുന്നുണ്ട്. സ്വാതന്ത്ര്യം ഉൾപ്പെടെ എല്ലാം നിമിഷനേരം കൊണ്ടില്ലാതാകുമ്പോഴും അതു തിരിച്ചറിയാൻ പോലും കഴിയാത്ത നിലയിലേക്ക് യന്ത്രസംസ്കാരം നമ്മെ കൊണ്ടുവന്ന് എത്തിച്ചിരിക്കുന്നു. അതുകൊണ്ടാണ്.

ജനാധിപത്യം
മുതലാളിയുടെ കൂട്ടിലെ
കഴുത്തിൽ ബെൽറ്റിട്ട
ഏ.ഐ.
(ഏ.ഐ. - സുനിത ഗണേഷ് )

എന്നു കവിക്ക് പറയേണ്ടി വരുന്നത്.

### ആന്ത്രോപ്പോസീൻ: മനുഷ്യനിർമ്മിതയുഗം

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ഭൗമശാസ്ത്രഗവേഷകർക്കിടയിലാണ് കാലാവസ്ഥാവ്യതിയാനം മൂലം ഭൂമിയുടെ ആവാസവ്യവസ്ഥയ്ക്ക് ഉണ്ടാകുന്ന മാറ്റത്തെ സൂചിപ്പിക്കുന്ന ആന്ത്രോപ്പോസീൻ എന്ന പദം രൂപപ്പെട്ടത്. മനുഷ്യനിർമ്മിതമായ ആന്ത്രോപ്പോസീൻ യുഗത്തിലേക്ക് മനുഷ്യൻ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് ഭൗമശാസ്ത്രലോകം അഭിപ്രായപ്പെടുന്നുണ്ട്.

Feb., 2023-Jan. 24
Volume 02: No. 1

ആന്ത്രോപ്പോസീൻ വ്യവഹാരം മനുഷ്യർക്ക് പ്രകൃതിയുടെ മുകളിലുള്ള ആധിപത്യത്തെയും നിയന്ത്രണമില്ലായ്മയെപ്പറ്റിയും പാരിസ്ഥിതിക വിനാശത്തെയും പുനർനിർമ്മാണത്തെയും കുറിച്ച് ഒരേ സമയം സംസാരിക്കുന്നു. (ജസ്റ്റിൻ മാത്യു. (പ്രസാദ് പന്ന്യൻ). 2021. 304 - 306). പുതിയ കാലത്ത് സകലതിനെയും നിയന്ത്രിക്കാൻ പറ്റുന്ന അതുല്യ ശക്തിയായി മാറാൻ മനുഷ്യനെ സാങ്കേതികവിദ്യ പ്രാപ്തനാക്കിയിരിക്കുന്നു. നൊടിയിട കൊണ്ട് എന്തിനെയും വരുതിയിലാക്കാനും വേണ്ടിവന്നാൽ നശിപ്പിക്കാനും പറ്റുന്ന വിധത്തിലേക്ക് മനുഷ്യൻ മാറിക്കഴിഞ്ഞു.

> മേശപ്പുറത്തേക്ക് ലാപ്ടോപ്
> ഉയർത്തി വെച്ച് അയാൾ
> പുഴയെ delete ചെയ്തു തുടങ്ങി
> ('പുഴയെ ഡിലീറ്റ് ചെയ്യുമ്പോൾ': ആശ സജി)

പുഴയെ ഡിലീറ്റ് ചെയ്യുമ്പോൾ എന്ന കവിതയിൽ പുഴയെ മാത്രല്ല മഴയെ, മഴത്തുള്ളിയെ എന്നു വേണ്ട ഉറവയെ വരെ delete ചെയ്യുന്നുവെന്ന് പറഞ്ഞു വെക്കുന്നു. ഉറവയെ delete ചെയ്യുന്നതോടെ പുഴ ഒരിക്കലും ഉണ്ടാവില്ല എന്നുറപ്പു വരുത്തുക കൂടിയാണ്. പക്ഷേ അൽപ്പസമയത്തിനകം ഒഴുക്കിൽ പ്പെട്ടയാളുടെ മൃതദേഹം മേശപ്പുറത്ത് അടിയുന്ന വൈരുദ്ധ്യവും കവയിത്രി ചൂണ്ടിക്കാട്ടുന്നുണ്ട്. എന്നാൽ പുഴയുടെ ഓർമ്മയിൽ മാത്രമവശേഷിച്ച ഒഴുക്ക് വാതിൽ തുറന്ന് ഇറങ്ങിപ്പോയെന്ന് പറയുകകൂടി ചെയ്യുന്നു. ഓർമ്മയിൽ മാത്രം അവശേഷിച്ച ഒഴുക്ക് എന്ന പ്രയോഗമാകട്ടെ ഇനിയൊരിക്കലും തിരിച്ചു കിട്ടാത്ത ഒന്നാണതെന്ന സൂചനതന്നെ നൽകുന്നുമുണ്ട്. പുഴയില്ലാതെ ഒഴുക്ക് സാധ്യമല്ലാത്തതിനാൽ ഒഴുക്കിന് ഇറങ്ങിപ്പോവുക മാത്രമാണ് സാധ്യമായത്. പുഴയെ ഇല്ലാതാക്കിയ ഇടത്തിൽ വെച്ച് ഒഴുക്കും അപ്രത്യക്ഷമാവുന്നു. അതിനാൽ ഒഴുക്ക് കൊണ്ടുവന്ന മൃതദേഹത്തിന് പുഴയെ ഇല്ലാതാക്കിയ ലാപ്ടോപ്പ് വെച്ച മേശപ്പുറത്ത് അടിയേണ്ടി വരുന്നു.

പ്രകൃതിയെ മുഴുവൻ നിയന്ത്രിക്കുന്ന നിലയിലേക്ക് യന്ത്രസംസ്കാരം വളർന്നു കഴിഞ്ഞിരിക്കുന്നു. എന്തിനും ഏതിനും യന്ത്രങ്ങളുടെ സഹായം വേണ്ട അവസ്ഥയിലേക്ക് മനുഷ്യനും മാറി. അതുകൊണ്ടുതന്നെ യാന്ത്രികതയുടെയും ജൈവികതയുടേയും സങ്കരമായ, സാമൂഹിക യാഥാർത്ഥ്യത്തിന്റെയും ഭാവനയുടെയും സങ്കരമായ ഒരു നില തന്നെയാണ് ഈ കവിതയ്ക്കും അടിസ്ഥാനമായി വർത്തിക്കുന്നതെന്നു കാണാം. മനുഷ്യർ മാറ്റിത്തീർത്ത പ്രകൃതിയാണ് ഭാവിയിലുള്ളത് എന്ന തിരിച്ചറിവ് ഒരേ സമയം ശാസ്ത്രലോകവും

ഭരണകൂടങ്ങളും ഏറ്റെടുക്കേണ്ട വെല്ലുവിളിയും അസ്വസ്ഥകരമായ തിരിച്ചറിവുമാണ് എന്നതാണ് ആന്ത്രോപ്പോസീൻ വിചാരങ്ങളുടെ ഊന്നൽ.

സൈബോർഗ്: യന്ത്രമാകുന്ന മനുഷ്യൻ

മനുഷ്യലോകവും യന്ത്രലോകവും സമാനമാകുന്നത് നേരത്തേ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ മനുഷ്യൻ തന്നെ യന്ത്രമാകുന്നതും മനുഷ്യസ്വഭാവം മാറി യാന്ത്രികത വരുന്നതും മനുഷ്യേതര മാനവികതയുടെ പ്രത്യേകതകളിൽ ഉൾപ്പെടുന്നുണ്ട്. സൈബോർഗ് ആയിത്തീരുന്ന മനുഷ്യൻ സ്വന്തം ജൈവവ്യവസ്ഥകളുടെ സ്വയം നിയന്ത്രിത പ്രവർത്തികളെ ശരീരബാഹ്യമായ യാന്ത്രിക ഘടകങ്ങളിലേക്ക് സാങ്കേതികമായ ഉപാധികളിലൂടെ വ്യാപിപ്പിക്കുന്നു. അതായത് ശാസ്ത്രം ആദ്യമായി സൈബോർഗിനെ സങ്കല്പിക്കുന്നത് ഭൗമബാഹ്യമായ പരിസരങ്ങളിൽ നിലനിൽക്കേണ്ടി വരുന്ന ഭാവി മനുഷ്യപരിണാമ സ്ഥിതികളുടെ ഭാഗമായിട്ടാണ് എന്നു ചൂണ്ടികാണിക്കപ്പെട്ടിട്ടുണ്ട്. (ശ്രീകുമാർ ടി.ടി. (പ്രസാദ് പന്ന്യൻ) 2001. 149-150)

ഷാഫി കണ്ണങ്കരയുടെ സൈബോർഗ് എന്ന പേരിൽ തന്നെയുള്ള കവിതയിൽ ഒരു ആറു വയസ്സുകാരനോട് പുറത്തേക്കു വന്നു കൂടെ എന്ന് കവി ചോദിക്കുന്നുണ്ട്. കേവലം ആറുവയസ്സാണെങ്കിലും അറുപത്തിയാറിന്റെ രൂപ ഭാവങ്ങളോടെയിരിക്കുന്ന അവന്റെ മുഖത്തെ പാതി മറയ്ക്കുന്ന കണ്ണടയ്ക്കുള്ളിൽ കാണുന്ന കണ്ണുകളിൽ അമ്പരപ്പ്. അരുതാത്തത് കേട്ട പോലെ അമ്പരപ്പോടെ പുറത്തിറങ്ങിയാൽ ഉണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചവൻ പറയുന്നുണ്ട്. ഭൗമബാഹ്യ പരിസരങ്ങളിൽ നിന്ന് മാറി നിൽക്കേണ്ടതെന്തുകൊണ്ട് എന്ന് തിരിച്ചറിയുന്ന സൈബോർഗിനെയാണ് ഈ കവിത ചൂണ്ടിക്കാട്ടുന്നത്

> മഴ നനഞ്ഞാൽപ്പനി, വെയിലു കൊണ്ടാൽ ചുമ
> കാറ്റു കൊണ്ടാ തൊലി വീണ്ടുകീറും
> അതുകൊണ്ടൊരിക്കലും വെയിൽ കൊള്ളുവാനില്ല.
> കോംപ്ലക്ഷനാകെ കറുത്തിരുണ്ടെങ്കിലോ
> (സൈബോർഗ് : ഷാഫി കണ്ണങ്കര)

അതിനൂതന സാങ്കേതികവിദ്യകൾ കൊണ്ട് പ്രവൃത്തിക്കുന്ന യന്ത്രങ്ങളൊക്കെയും മഴയും മഞ്ഞും വെയിലും കൊള്ളിക്കാതെ നാം സുരക്ഷിതമായി കാത്തുസൂക്ഷിക്കുന്നവയാണ്. പുതുകാലത്ത് നമ്മുടെ കുഞ്ഞുങ്ങളെ വളർത്തുന്നതും ഇതേ പോലെ തന്നെയാണ്. അതിനു കാരണങ്ങളായി പാടി പറഞ്ഞു ശീലിപ്പിക്കുന്നതു തന്നെയാണ് കവിതയിലെ കുട്ടി പറയുന്നതും. സൂര്യനുദിക്കുന്ന ദിക്കുണ്ടതേതെന്ന് ചോദിച്ചപ്പോൾ ഗൂഗിളിൽ തപ്പിയാൽ കിട്ടിയേക്കും

എന്നാണ് കുട്ടിയുടെ മറുപടി. എന്തിനും ഏതിനും ഉത്തരം ഗൂഗിളിൽ തപ്പുന്ന പുതിയ തലമുറയുടെ പ്രതിനിധിയാണവൻ. സ്മാർട്ട്ഫോൺ കണ്ണിൽ നിന്നും മാറ്റാത്ത പുതുതലമുറക്ക് സൂര്യൻ ഉദിച്ച് അസ്തമിക്കുന്ന കാര്യം അറിയണമെന്നില്ല. നേരം വെളുത്തതോ രാത്രിയാകുന്നതോ അറിയാൻ കഴിയാത്തവന്

ക്ഷമന്റെ മൂളലും കുയിലിന്റെ ഗാനവും
സന്ധ്യ താൻ ഭംഗിയും പ്രാവിൻ കുറുകലും

അറിയണമെങ്കിൽ സ്മാർട്ട്ഫോൺ കണ്ണിന്ന് മാറ്റണമെന്ന് കവിക്ക് പറയേണ്ടി വരുന്നു. ഇതൊക്കെ അറിയാത്തത് നഷ്ടമാണെന്ന് പറഞ്ഞാൽ

“ഒന്നും അറിയേണ്ട കാര്യമല്ലൊക്കെയും
ആവശ്യമില്ലാത്ത സെന്റിമെന്റ്സ് ആണ ഭായ്”

എന്നു കവിക്ക് ഇത്തരം കാര്യങ്ങളെ പുതു തലമുറ സമീപിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്ന മറുപടി നൽകാൻ കുട്ടിക്ക് കഴിയുന്നുമുണ്ട്. അതുകൊണ്ടാണ് അവനെ

“വാട്സാപ്പ് യൂണിവേഴ്സിറ്റി തൻ ചാൻസിലർ
ആകുവാൻ പോവുന്ന സൈബോർഗ് കുഞ്ഞവൻ.”

എന്നു കവിക്കു വിശേഷിപ്പിക്കേണ്ടിവരുന്നത്. ശാസ്ത്രഭാവനയിലെ സൈബോർഗ്, സാങ്കേതികതയാൽ അധികരിക്കപ്പെട്ട മനുഷ്യൻ ആണെങ്കിൽ, മനുഷ്യൻ എന്ന സങ്കല്പത്തിന്റെ ഒരു ഇതരവീക്ഷണത്തിലൂടെ എന്തും അറിയാനും നേടാനും കംപ്യൂട്ടറും ഇന്റർനെറ്റും ഗൂഗിൾ പോലുള്ള സെർച്ച് എഞ്ചിനുകളും വേണം എന്ന നിലയിലാണ് ഈ കവിതയിലെ സൈബോർഗ് കുഞ്ഞിന്റെ നിൽപ്പ്. വൈകാരികതയ്ക്ക് തീരെ പ്രാധാന്യം നൽകാത്ത എല്ലാക്കാര്യങ്ങളെയും പ്രായോഗികതയ്ക്ക് പ്രാധാന്യം നൽകി സമീപിക്കുന്ന പുതുതലമുറ യഥാർത്ഥത്തിൽ പാതിയിലധികം യന്ത്രസ്വഭാവം പുലർത്തിക്കഴിഞ്ഞിരിക്കുന്നുവെന്നതിന്റെ അടയാളമാണ് ഈ കവിത.

## ഉപസംഹാരം

നാളിതുവരെയുള്ള മനുഷ്യന്റെ നേട്ടങ്ങളെയൊക്കെ വിരൽത്തുമ്പിലേക്ക് ആവാഹിച്ച് യന്ത്രസമാനരായി ജീവിക്കുന്ന പുതുകാല മനുഷ്യരിൽ യന്ത്രവും മനുഷ്യരും തമ്മിലുള്ള അന്തരം കുറഞ്ഞുകൊണ്ടിരിക്കുന്നു. മനുഷ്യത്വത്തേക്കാൾ നിയമത്തിനും നിയന്ത്രണങ്ങൾക്കും വിധേയപ്പെടുന്ന, യാന്ത്രികമായ വിധത്തിൽ കൃത്യതയ്ക്ക് പ്രാധാന്യം നൽകുന്ന, യന്ത്രസമാനരായ മാനവേതര മനുഷ്യസമൂഹത്തിന്റെ പ്രതിനിധിയായാണ് പുതുകാല മനുഷ്യൻ മാറിക്കൊണ്ടിരിക്കുന്നത്. ഗദ്യാഖ്യാനങ്ങളിലേതിൽ നിന്ന് ഭിന്നമായി പോസ്റ്റ്ഹ്യൂമനിസ്റ്റ്

ആലോചനാലോകം മലയാളകവിതകളിൽ അതിസമ്പന്നമല്ല. എങ്കിലും സൈബർ ഇടത്തിൽ പ്രത്യക്ഷപ്പെട്ട കവിതകളിൽ കടന്നുവന്നിട്ടുള്ള പോസ്റ്റ് ഹ്യൂമനിസ്റ്റ് വിചാരലോകത്തെ മുൻനിർത്തി അവയെ വിശകലനം ചെയ്യുക യാണ് ഈ പ്രബന്ധം. ആർട്ടിഫിഷ്യൽ ഇന്റലിജെൻസും യന്ത്രസംസ്കാരവും പ്രകൃതിയിൽ നിന്നും മനുഷ്യനെ അകറ്റുക മാത്രമല്ല അതൊക്കെ കേവലം ആവശ്യമില്ലാത്ത സെന്റിമെന്റ്സ് മാത്രമായി പുതിയകാലം അടയാളപ്പെടു ത്തുന്നുവെന്ന ആശങ്കകൂടി ഈ കവിതകൾ പങ്കുവെയ്ക്കുന്നുണ്ട്.

## കുറിപ്പുകൾ

1 ഗെയിം എന്ന കവിതയിലെ യാത്ര ഒരു അസാധാരണ യാത്ര തന്നെയാണ്. ഗെയിം തന്നെയാണ് ഈ ജീപ്പ് യാത്ര. ഈ ഗെയിമിൽ പങ്കെടുക്കുന്നവർ നമ്മളാണ് എന്ന് കവി പറയുമ്പോൾ കളിയുടെ ഒരു പ്രത്യേകത കൂടി അടയാളപ്പെടുത്തുകയാണ്. കളിയിൽ നിങ്ങളും ഞങ്ങളും ചേർന്ന നമ്മൾ ആണ് പങ്കെടുക്കുന്നത്. സുൽത്താൻ ബത്തേരിയിൽ നിന്ന് പുൽപ്പള്ളിയിലേക്ക് പോകുന്ന ഈ യാത്രയുടെ ഡ്രൈവർ ഏതാനും സമയത്തി നകം ചെറുമാട് കോളനിയിലേക്ക് ലക്ഷ്യം മാറ്റുന്നു. ഒരു കിലോമീറ്റർ പിന്നിടുമ്പോൾ റൂട്ട് മാറി എന്ന് സഹകളിക്കാരായ യാത്രികർ പറയുന്നു. തുടർന്ന് പുൽപ്പള്ളിക്ക് പോകേണ്ട എന്നും മുത്തങ്ങയ്ക്ക് പോകാമെന്നും തീരുമാനിച്ച് യാത്രയാവുന്നു. പോകും വഴി വീണ്ടും ഓർക്കരുതെന്ന് ആഗ്രഹിച്ച ചെറുമാട് കോളനിയിലെ അടി ഓർക്കുന്നു. തുടർന്ന് ചെറുമാട് കോളിയാടി റൂട്ടിലേക്ക് ജീപ്പ് കുതിക്കുന്നു. സഹയാത്രികർ റൂട്ട് മാറി എന്ന് ഏറ്റുപാടു ന്നു. മുത്തങ്ങയ്ക്ക് പോയതു കൊണ്ടാണ് പ്രശ്നം. നമുക്ക് വൈത്തിരിയിലേക്ക് പോകാമെ ന്നായി. വീണ്ടും യാത്രക്കിടയിൽ ഡ്രൈവർ ലക്ഷ്യം മാറ്റുന്നുണ്ട്. ഇക്കൂടെ കളിയിൽ കൂട്ടാ ത്തതിനാൽ ബോറടിച്ചിരിക്കുന്നവരെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ട്. യാത്രയുടെ ഗൗരവം കളിക്കൊരിക്കലും നാം കൊടുക്കുന്നില്ല. അവസാനം ഈ കളിക്ക് ചെറുമാട് കോളനി പുതിയ ലക്ഷ്യമായി കുറിക്കുകയാണ്. കളി ജയിക്കാൻ പല മാർഗ്ഗങ്ങൾ അന്വേഷിക്കു ന്നതു പോലെ ചെറുമാട് കോളനിയിലേക്ക് വീണ്ടും വീണ്ടും പോകാനുള്ള ശ്രമം ഒരു മൊബൈൽ ഗെയിം പൂർത്തിയാക്കാൻ ശ്രമിക്കുന്നതുപോലെ തന്നെയാണ് കവി അവത രിപ്പിക്കുന്നതും.

2 കളി എന്ന വാക്ക് എല്ലായ്പ്പോഴും കാര്യത്തിന് വിപരീതമായാണ് നിലകൊള്ളുന്നത്. കളിക്കരുത് (വെറുതെ കളിക്കരുത്, കുഞ്ഞ് കളിക്കരുത് എന്നിങ്ങനെയുള്ള ഭാഷാ പ്ര യോഗങ്ങൾ) കളിപ്പിക്കരുത് (പറ്റിക്കരുത്), വെറും കളിയാണ്, എന്നിങ്ങനെയുള്ള കളി ചേർന്ന വാക്കുകളൊക്കെ നിസ്സാരതയെയാണ് അടയാളപ്പെടുത്തുന്നത്. കളി കാര്യ മാവുക പോലുള്ള പ്രയോഗങ്ങളിലും കളി കാര്യത്തിന് വിപരീതമാണെന്ന തോന്നൽ തന്നെയാണുണ്ടാക്കുന്നത്. കാര്യ ഗൗരവത്തോടെ സമീപിക്കുന്ന എല്ലാത്തരം ഗെയിമു കളെയും കളി എന്ന് വാക്കു ചേർത്ത് പറയുമ്പോൾ നിസാരമായി മാറ്റുന്നുണ്ട്. കളികൾ പ്രൊഫഷനായി സ്വീകരിക്കുന്ന നില അപരിചിതമായ ഒന്നാണ് നമുക്കിപ്പോഴും. അതു തന്നെയാവാം കളി എന്ന വാക്കിനെ ലാഘവത്തോടെ അടയാളപ്പെടുത്താൻ പ്രേരിപ്പി ക്കുന്നതും.

## ആധാരസൂചി

1. പ്രസാദ് പന്ന്യൻ (എഡി). ആർ യു ഹ്യൂമൻ? മനുഷ്യേതര മാനവികതയ്ക്ക് ഒരാമുഖം. ഡി.സി ബുക്സ്, കോട്ടയം. 2021.
2. ശ്രീകുമാർ . ടി.ടി. (ഡോ.). പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ. പുസ്തകപ്രസാധക സംഘം, കോഴിക്കോട്. 2021
3. Haraway, D.J., A Cyborg Manifesto: Science Technology and Socialist-Feminism in the late 20th centuary, Routledge, Newyork.1991.
4. Ray Kurzweil. Don't fear artificial intelligence | by Ray Kurzweil « Kurzweil (kurzweilai.net)
5. https://en-m-wikipedia-org.translate.goog/wiki/Ray_Kurzweil?_x_tr_sl=en&_x_tr_tl=ml&_x_tr_hl=ml&_x_tr_pto=tc,sc

## സൈബർകവിതകൾ

1. വീടൊരു 'സ്മാർട്ട് ഹോമാ'ണ്: സൂര്യഗായത്രി പി.വി. https://m.facebook.com/story.php?story_fbid=pfbid0os27d1fA5FrER8NRdabecx2hF2MKozwbuBqv3gLr2LGZM7p2YD89s9aHadPqHtQil&id=100004013027120&mibextid=Nif5oz
2. ഗെയിം: വിഷ്ണു പ്രസാദ് http://kavithapporichil.blogspot.com/
3. പന്തയം: നിദർശ് രാജ്, https://m.facebook.com/story.php?story_fbid=pfbid0a3kBz3AidKBcpeMJsM3zMtd48SRuhphCu6RhspPw599xFwxC5X7VMe6uhPEZg33tl&id=100000620593051&mibextid=Nif5oz
4. പുഴയെ ഡിലീറ്റ് ചെയ്യുമ്പോൾ: ആശ സജി, https://m.facebook.com/story.php?story_fbid=pfbid0Qc4DnRXs1mW7bQ97BSHuzunY4ii4rofCxvkMVRG17Vc6cp7KkVJ4b7UPcBMuz4p9l&id=1152621268&mibextid=Nif5oz
5. സൈബോർഗ്:ഷാഫികണ്ണങ്കര https://www.manoramaonline.com/literature/your-creatives/2021/03/24/cyborg-malayalam-poem.html

*sinumolthomas@gmail.com*

# പ്രകൃതി-ജീവനം, അതിജീവനം: മാനവാനന്തരപാരിസ്ഥിതിക പാഠങ്ങൾ

## (അയ്മനം ജോണിന്റെയും അംബികാസുതൻ മാങ്ങാടിന്റെയും തെരഞ്ഞെടുത്ത കഥകളെ മുൻനിർത്തിയുള്ള പഠനം)

ഡോ. ഷിമി പോൾ ബേബി
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ.)

### പ്രബന്ധസംഗ്രഹം

മനുഷ്യൻ എന്ന അസ്തിത്വം അതിന്റെ ആന്തരികസത്തയെ ഉയർത്തിപ്പിടിക്കുന്നതിനായി ഇന്നോളം നിർമ്മിക്കപ്പെട്ടുപോന്നതും ആർജ്ജിച്ചെടുത്തതുമായ മനുഷ്യകേന്ദ്രിതാവബോധങ്ങളിൽ, തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന്റെ തുറവിയിലാണ് മാനവാനന്തരത അടയാളപ്പെടുന്നത്. ജീവിവർഗ്ഗം എന്ന നിലയിൽ ഇതരജീവിവർഗ്ഗങ്ങളെ തിരിച്ചറിയുകയും ആവാസവ്യവസ്ഥയുടെ കണ്ണിമുറിയാതെ മനുഷ്യനെയും വസ്തുക്കളെയും നിർമിതബുദ്ധിയെയും ഉൾക്കൊള്ളുകയും ചെയ്യുന്ന ലോകവീക്ഷണത്തിന് മാനവാനന്തരത പരിസരമൊരുക്കുന്നു. അറിവിന്റെ നിർമ്മാണവും സ്വാംശീകരണവും പാരിസ്ഥിതിക നൈതികതയിലൂന്നിക്കൊണ്ടുള്ള പ്രതിബോധത്തിന്റെ നിർമ്മിതിയായി കാണുന്ന അതേ ചിന്താപദ്ധതിതന്നെ സൈബോർഗ്യൻ[1] സങ്കല്പനങ്ങൾ കൂടിച്ചേർന്ന ആധുനികാനന്തര സാഹചര്യങ്ങളിലെ മനുഷ്യാസ്തിത്വത്തിന്റെ അന്തഃസംഘർഷങ്ങളെ വിശകലനം ചെയ്യാൻ പര്യാപ്തമാകുന്നു എന്നത് മാനവാനന്തരത മുന്നോട്ടുവെയ്ക്കുന്ന വൈവിധ്യത്തിന്റെ വിപുലമായ സാധ്യതകളാണ്. അയ്മനം ജോണിന്റെ 'ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം' (2015-ൽ പ്രസിദ്ധീകരിച്ച ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം എന്ന കഥാസമാഹാരത്തിൽ നിന്ന്), അംബികാസുതൻ മാങ്ങാടിന്റെ 'പ്രാണവായു'( 2015-ൽ

പ്രസിദ്ധീകരിച്ച രണ്ടുമത്സ്യങ്ങൾ എന്ന കഥാസമാഹാരത്തിൽ നിന്ന്) എന്നീ കഥകൾ മാനവാനന്തരപാരിസ്ഥിതിക പാഠത്തെ മുൻനിർത്തി വിശകലനം ചെയ്യുകയാണ് പ്രബന്ധത്തിൽ.

**താക്കോൽവാക്കുകൾ:** പ്രകൃതിയുടെ രാഷ്ട്രീയം, മാനവികത, മാനവാനന്തരത, സൈബോർഗ്, ആന്ത്രോപോസിൻ.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിന്റെ നിർണ്ണായകഘടകം സാങ്കേതികവിദ്യകളുടെ ഉപയോഗമാണെന്ന യാന്ത്രിക ഭൗതികവാദപരമായ ധാരണകളെ തകിടം മറിച്ചുകൊണ്ട് ആരോഗ്യമേഖല അഭിമുഖീകരിച്ച പ്രതിസന്ധിയും ആവർത്തിച്ചുവന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളും മറ്റും മാനവാനന്തരവാദത്തിന് സാഹിത്യത്തിലും സമൂഹത്തിലും സംസ്കാരത്തിലും പുതുവായനകൾ സാധ്യമാക്കി. അശാസ്ത്രീയമായ വികസനരീതികളുടെ അനന്തരഫലമാണ് പ്രകൃതിദുരന്തങ്ങൾ എന്നബോധ്യം ശക്തമായതോടെ മനുഷ്യനെന്ന സംവർഗ്ഗത്തെ പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതിന്റെ അടിയന്തിരപ്രാധാന്യം വ്യക്തമായി. “മറ്റുജീവഘടനകളോടുള്ള സങ്കീർണ്ണമായ ബന്ധങ്ങളെയും സഹവർത്തിത്വങ്ങളെയും ഉൾക്കാഴ്ചയോടുകൂടി അന്വേഷിക്കുന്നതിന് ഈ പാൻഡെമിക് കാലം വഴിതുറക്കുമെന്ന്” കാതറിൻ ഹെയിൽസ് പ്രസ്താവിക്കുന്നതിന്റെ പശ്ചാത്തലവുമിതുതന്നെയാണ്(പ്രസാദ്പന്ന്യൻ(എഡി.), 2021: 14). ലാഭാധിഷ്ഠിതവ്യവസ്ഥകൾ ജനസമ്മതിനേടുമ്പോൾ മനുഷ്യനേട്ടങ്ങളുടെ ഇങ്ങേയറ്റം ജൈവപ്രകൃതിയുടെ നഷ്ടമായിരുന്നു എന്ന പാഠവായനയും ഈ പരാമർശത്തിൽ ഉള്ളടങ്ങുന്നുണ്ട്. മൂല്യസങ്കല്പങ്ങളുടെയും സാമൂഹികപുരോഗതിയുടെയും ആണിക്കല്ലെന്ന് കണക്കാക്കിയിരുന്ന മനുഷ്യൻ, ഭൂമിയുടെ സന്തുലിതാവസ്ഥയെ തകർക്കുന്ന ഭൗമവിഷയിയായി (geological agent) പരിണമിക്കുന്ന സന്ദിഗ്ധാവസ്ഥ ആധുനികാനന്തര മലയാളചെറുകഥകളിൽ സവിശേഷമായി കടന്നുവരുന്നുണ്ട്. പ്രകൃതി എന്നത് സാമൂഹികവും ചരിത്രപരവുമായ ഒരു സംവർഗ്ഗമായിരിക്കേ വികസനരാഷ്ട്രീയത്തെയും പാരിസ്ഥിതികരാഷ്ട്രീയത്തെയും മുഖാമുഖം ദർശിക്കുന്ന മാനവാനന്തരചിന്താപദ്ധതിയിൽ നിലയുറച്ചുകൊണ്ട് അയ്മനം ജോണിന്റെ ‘ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം’, അംബികാസുതൻ മാങ്ങാടിന്റെ ‘പ്രാണവായു’ എന്നീ കഥകളെ പഠനവിധേയമാക്കുകയാണ് പ്രബന്ധത്തിൽ. യുക്തിയിലും ബുദ്ധിയിലും അധിഷ്ഠിതമായി ചരാചരങ്ങളുടെയും നിയന്താവ് എന്ന പരിവേഷത്തോടെ മനുഷ്യനെ പ്രതിഷ്ഠിക്കുന്ന മാനവചരിത്രപുസ്തകത്തെ തകിടം മറിച്ചുകൊണ്ട് തിരസ്കൃതരെന്നോ പ്രാന്തവൽക്കരിക്കപ്പെട്ട ജീവികളെന്നോ വർഗ്ഗീകരിച്ച് കേന്ദ്രത്തിന്റെ എലുകകളിൽ മാത്രം മനുഷ്യൻ

സ്ഥാനംകല്പിച്ചപോന്ന ചെറുജീവിവർഗ്ഗങ്ങൾ മുഖ്യധാരയിലേക്ക് കടന്നുവന്ന് മനുഷ്യബോധ്യങ്ങളെയും ചിന്താപദ്ധതികളെയും മൂല്യവിചാരണ ചെയ്യുന്ന 'ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം' എന്ന കഥ ആഖ്യാനപാടവം കൊണ്ടും ആവിഷ്കരണതന്ത്രംകൊണ്ടും മാനവാനന്തരപാരിസ്ഥിതിക വിചാരങ്ങളും വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും സാധ്യമാക്കുന്നു; അഥവാ മനുഷ്യവംശചരിത്രങ്ങളുടെ ബദലന്വേഷണ പാഠമാണ് അയ്മനം ജോണിന്റെ 'ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം'. മനുഷ്യചരിത്രം പ്രമേയമായ പുസ്തക വായനയ്ക്കിടയിലാണ് ആഖ്യാതാവിന് ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം ശ്രദ്ധയിൽപ്പെടുന്നത്. ഇ.ച.ച. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന മനുഷ്യേത രജീവിവർഗ്ഗങ്ങളുടെ ചരിത്രപുസ്തകം സൃഷ്ടിക്കുന്ന മറുപാഠമാണ് കഥയെ മാനവാനന്തരപര്യാലോചനയിലേക്ക് നയിക്കുന്നത്. മഹത്തായ കണ്ടുപിടു ത്തങ്ങളുടെയും കീഴടക്കലുകളുടെയും കെട്ടിപ്പടുക്കലുകളുടെയും വീരഗാഥകൾ വർണ്ണിച്ച് പുരോഗതിയെന്ന മുഖ്യസാംസ്കാരിക നിർണ്ണയത്തെ അടയാളപ്പെ ടുത്തി ബഹിരാകാശത്തേയ്ക്കു കുതിയ്ക്കുന്ന റോക്കറ്റുകളുടെയും കൊടുമുടികൾ കീഴടക്കുന്ന പർവ്വതാരോഹകരുടെയും സമുദ്രഗർഭത്തിലൂടെ പാഞ്ഞുപോകുന്ന അന്തർവാഹിനികളുടെയുമൊക്കെ ചിത്രങ്ങൾ കണ്ട് ആവേശഭരിതനാകാൻ ആഖ്യാതാവ് ശ്രമിക്കുന്നതിനിടയിലാണ് ഇന്നോളം ഒരു കണ്ടുപിടുത്തം പോലും നടത്തിയിട്ടില്ലാത്ത ഇതരചരാചരങ്ങൾ തികച്ചും അപ്രതീക്ഷിതമായി കടന്നുവന്ന് മനുഷ്യകേന്ദ്രിതമല്ലാത്ത ചരിത്രപുസ്തകത്തിലൂടെ മനുഷ്യൻ നേടിയ ഔന്നത്യങ്ങളുടെ വ്യർത്ഥത ചൂണ്ടിക്കാണിക്കുന്നത്. പുകവമിക്കുന്ന ഒരു ചുടല ക്കളംപോലെ കാണപ്പെടുന്ന ഭൂമിയാണ് ഇ.ച.ച. പുസ്തകം മുന്നോട്ടുവെയ്ക്കുന്ന പ്രകൃതിചിത്രങ്ങളിൽ ആദ്യത്തേത്. ഭൂമി വിട്ടുപോയ കോടാനുകോടി ആട്ടിൻപ റ്റങ്ങൾ ഭൂമിയിലേക്ക് സങ്കടത്തോടെ തിരിഞ്ഞുനിൽക്കുന്നത്, വരൾച്ചബാധിച്ച വനങ്ങളിൽ കൊടുംദാഹത്താൽ ഉഴറിനടക്കുന്ന കാട്ടാനക്കൂട്ടങ്ങൾ അടിത്തട്ട് വിണ്ടുകീറിക്കിടക്കുന്ന നീർച്ചാലുകളിൽ തുമ്പിക്കൈ ഇട്ടടിച്ച് അരിശം തീർക്കു ന്നത്, ജന്മദേശം വിട്ട് ലക്ഷ്യമില്ലാതെ തളർന്ന പക്ഷിക്കൂട്ടങ്ങളുടെ കൂട്ടക്കര ച്ചിലുകൾ, മനുഷ്യർ വിരിക്കുന്ന ചതിവലകളിൽ കുടുങ്ങാൻ മാത്രമെന്നോണം കടലുകളിൽ കൂട്ടത്തോടെ പിറക്കുന്ന മത്സ്യക്കുഞ്ഞുങ്ങളുടെ വലകൾക്കുള്ളിലെ കൂട്ടപ്പിടച്ചിലുകൾ, ഭൂതാപമുയർന്നു ഇടിഞ്ഞുവീഴുന്ന മഞ്ഞുമലകൾ, കരിഞ്ഞു ചാമ്പലാകുന്ന കാടുകൾ, കരയെവന്നു വിഴുങ്ങുന്ന കടലുകൾ,വളർന്നുവലു തായിക്കൊണ്ടിരിക്കുന്ന മരുഭൂമികൾ എന്നിങ്ങനെ ജീവരാശിയെ ഒന്നാകെ ആപൽക്കരമായി ബാധിക്കുന്ന പ്രകൃതിപ്രതിഭാസങ്ങൾ ഗ്രഹതുല്യബലമായി

(planetary force) മാറിയിരിക്കുന്ന മനുഷ്യന്റെ ചെയ്തികളുടെ മറുപാഠമാണ്. “മനുഷ്യപ്രവർത്തനങ്ങളുടെ ഉപഫലമായ കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള വിശദീകരണങ്ങളിൽ മനുഷ്യചരിത്രവും പ്രകൃതിചരിത്രവും തമ്മിൽ വളരെക്കാലം നിലനിൽക്കുന്ന, മാനവികതാവാദത്താൽ ഊട്ടിയുറപ്പിക്കപ്പെട്ട, വിഭജനങ്ങൾ തകർന്നുവീഴുന്നു” എന്ന് ദീപേഷ് ചക്രബർത്തി നിരീക്ഷിക്കുന്നുണ്ട് (പ്രസാദ്പന്ന്യൻ (എഡി.), 2021: 21).[2] പ്രകൃതി പ്രതിഭാസങ്ങളായി മാത്രം അടയാളപ്പെടുത്തിയിരുന്ന ആഗോളതാപനവും സമുദ്രത്തിന്റെ ആസിഡീകരണവും മറ്റും മനുഷ്യജന്യമായ പ്രതിഭാസങ്ങളാണെന്ന് തിരിച്ചറിയുന്നതോടെ കഥയിലെ ആഖ്യാതാവ് പ്രതിക്കൂട്ടിലാകുന്നു. മനുഷ്യപുരോഗതിയുടെ ഒരുപുറം വായിച്ച് ആഹ്ലാദവാനും ഉന്മേഷവാനുമാകുന്ന അതേ നിമിഷത്തിൽതന്നെ മനുഷ്യന്റെ ആയിത്തീരലുകൾ വിചിന്തനത്തിന് വിധേയമാകുമ്പോൾ ചരിത്രപുസ്തകത്തിന്റെ വായന പൂർത്തിയാക്കുവാൻ ആഖ്യാതാവിന് സാധിക്കുന്നില്ല. സങ്കടകരമായ കീഴടങ്ങലുകളും പലായനങ്ങളും പ്രാണഭയങ്ങളും പങ്കിട്ടുകൊണ്ട് ഇതരജീവിവർഗ്ഗം മനുഷ്യബോധ്യങ്ങളെ പരിക്കേൽപ്പിക്കുകയാണ്. മനുഷ്യകർത്തൃത്വത്തെക്കുറിച്ചുള്ള മുൻധാരണകളെ തിരുത്തുന്നതിനും അപനിർമ്മിക്കുന്നതിനും സാമൂഹികചിന്തകരും ചരിത്രകാരന്മാരും തയ്യാറാകേണ്ടതുണ്ടെന്ന് പോൾ ക്രുട്സൺ വിശേഷിപ്പിക്കുന്ന ആന്ത്രോപോസിൻ[3] കാലഘട്ടത്തെ അഥവാ ഗ്രഹതുല്യശക്തിയായി, ഭൗമബലമായി മനുഷ്യൻ മാറിയിരിക്കുന്ന കാലഘട്ടത്തിന്റെ നേർച്ചിത്രം ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം മുന്നോട്ടുവെയ്ക്കുന്നുണ്ട്. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ജൈവികബന്ധത്തെ ഉറപ്പിച്ചുകൊണ്ടുള്ള ശാസ്ത്രബോധ്യങ്ങളെ ഇനിയും അവലംബിച്ചില്ലെങ്കിൽ പുരോഗതിയുടെ നേർരേഖകളെല്ലാം മായികരേഖകളായി മാറ്റപ്പെടുന്ന കാലം വിദൂരമല്ല. നാളിതുവരെ പിൻപറ്റിയ പഠനരീതികളും സംവർഗ്ഗങ്ങളും തിരുത്താതെയും പുതുക്കിപ്പണിയാതെയും മുന്നോട്ടുനീങ്ങിയാൽ മാനവചരിത്രം വ്യർത്ഥതയുടെ പുറംപേജുകൾ മാത്രമായിമാറും എന്നതാണ് ഇതരചരാചരപ്രകൃതിചിത്രങ്ങൾ പങ്കുവെയ്ക്കുന്നത്.

മനുഷ്യൻ ഭൂമിയുടെ ഭരണാധികാരിയായ കാലത്തിനുശേഷമുള്ള ചിത്രത്തിന്റെ തുടർച്ചയിൽ നിന്നാണ് അവ്യവസ്ഥിതമായ ഭൗമനിലകൾ കഥയിൽ കടന്നുവരുന്നത്. “...ധാന്യമണികൾ തിങ്ങിത്തിളങ്ങിയ വയലിലേക്ക് പട്ടിണികിടന്ന ഒരു വൻ വെട്ടുകിളിക്കൂട്ടം പറന്നുവന്നാൽ എങ്ങനെയോ അങ്ങനെയാണ് മനുഷ്യവർഗ്ഗം ഭൂമിയിലേക്ക് വന്നു കണ്ടതെല്ലാം ആർത്തിയോടെ തിന്നുതീർക്കാൻ തുടങ്ങിയത്” (അയ്മനം ജോൺ, 2015: 13). മനുഷ്യനാവുക,

മനുഷ്യൻ മാത്രമാവുക എന്നതുടരെ ഉരുവിട്ടുകൊണ്ടാണ് ആഖ്യാതാവ് മനുഷ്യ കേന്ദ്രിതമല്ലാത്ത ഈ പുസ്തകം മുന്നോട്ടുവെയ്ക്കുന്ന ധാർമ്മികപ്രതിസന്ധിയെ മറികടക്കാൻ ശ്രമിക്കുന്നത്. എന്നാൽ സമത്വം, സാഹോദര്യം, ധർമ്മം, നീതി പോലുള്ളവ മനുഷ്യർക്കിടയിലെ വിവേചനങ്ങൾ സൃഷ്ടിക്കുന്ന അസന്തുലി താവസ്ഥയെ ഉന്മൂലനം ചെയ്യുന്നതിനു മാത്രമാണെന്നും അവയുടെയെല്ലാം ലക്ഷ്യം മനുഷ്യനിൽനിന്ന് മനുഷ്യനുവേണ്ടിയുള്ള വിമോചനമായിരുന്നുവെന്നും അതല്ലാതെ ജീവിവർഗ്ഗം എന്ന നിലയിൽ മനുഷ്യനെയും അവന്റെ ചെയ്തിക ളെയും വിചിന്തനം ചെയ്യാൻ പര്യാപ്തമല്ലെന്നും ആഖ്യാതാവ് തിരിച്ചറിയുന്നു. മനുഷ്യൻ/ പ്രകൃതി എന്ന ദ്വന്ദ്വത്തിൽ നിന്നും വ്യത്യസ്തമായി പ്രകൃതിഘടകങ്ങ ളുടെ പാരസ്പര്യത്തെ ഉൾക്കൊള്ളുന്ന പ്രാപഞ്ചികസ്വത്വബോധത്തിൽ നിലയു റച്ച ആധുനികശാസ്ത്രബോധ്യങ്ങളുടെ അഭാവം പ്രകൃതിയുടെ നഷ്ടപ്പെടലിൽ കടന്നുവരുന്നുണ്ട്.

ബി.സി., എ.ഡി. എന്ന വേർതിരിവ് പോലെതന്നെ മനുഷ്യകേന്ദ്രിതവും അല്ലാത്തതുമായ ഭൂമിയെന്ന് ഇ.ച.ച പുസ്തകത്തിനുമുണ്ട് രണ്ടുഭാഗങ്ങൾ. ഭൂമി സൂര്യന്റെ കണ്ണിലെ കൃഷ്ണമണിയായി അഴകോടെ തിളങ്ങിയിരുന്ന നാളുകളാ യിരുന്നു ആദ്യത്തേത്. പ്രപഞ്ചത്തെ ഉല്ലാസയാത്ര പോലെ ആസ്വദിച്ചിരുന്ന ആ കാലത്ത് ഭൂമിയിലെ കാലൊച്ചകൾ നൃത്തച്ചുവടുകൾക്ക് സദൃശ്യമായി രുന്നുവെന്നും പക്ഷിക്കരച്ചിലുകൾ ആ നൃത്തത്തിനു നല്കിയ സംഗീതമായി ശ്രവിക്കപ്പെട്ടിരുന്നുവെന്നും മനുഷ്യേതരജീവജാലങ്ങളുടെ ചരിത്രപുസ്തകം പങ്കുവെയ്ക്കുന്നു. എന്നാൽ കാലാനുക്രമികതയെക്കുറിച്ചുള്ള മനുഷ്യസങ്കല്പ ങ്ങളെ തകർത്തുകൊണ്ട് ഋതുക്കളുടെ പരിണാമമോ ഊഞ്ഞാലാട്ടമോ ആയി കാലത്തെ വീക്ഷിക്കുവാൻ ആഖ്യാതാവ് നിർബന്ധിതനായിത്തീരുന്നത് മനുഷ്യേതരജീവിവർഗ്ഗങ്ങളുടെ ചരിത്രപുസ്തകത്തിന്റെ വായനയിലൂടെയാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സന്തുലിതാവസ്ഥയുടെ പതനമാണ് കലണ്ടറുകളിൽ ക്രമപ്പെടുത്തിയ മനുഷ്യന്റെ മുന്നോട്ടുള്ള പ്രയാണം. പർവ്വ തത്തിലേക്ക് അടിവച്ചടിവെച്ച് കയറുന്തോറും കൂടുതൽ കരുത്തനാവുന്ന ഒരുവനായി ചരിത്രപുസ്തകത്തിലെ മനുഷ്യനെ കണ്ടുകൊണ്ടിരിക്കെ ഇതര ചരാചരങ്ങൾ ഭൂഭ്രമണം കഴിഞ്ഞ് താഴ്ന്നുതാഴ്ന്നുപോകുന്ന അനുഭവവൈചിത്ര്യം സന്തുലിതാവസ്ഥയുടെ താളഭംഗമാണ്. ഏകജാതീയമായി വളർച്ചനേടാൻ തന്റെ ബുദ്ധിശക്തിയെ ഉപയോഗിക്കുകയും പരിശീലിക്കുകയും ചെയ്യുന്ന മനുഷ്യപുരോഗതി ഇതരചരാചരങ്ങളുടെ സ്വാതന്ത്ര്യവാഞ്ഛയെയും സ്വത്വബോ ധത്തെയും ഞെരുക്കിക്കളഞ്ഞുകൊണ്ടുള്ളതാണെന്നും തുറന്നുകാണിക്കുന്നു.

ചരിത്രപുസ്തകത്തിലെ ഹിരോഷിമയും നാഗസാക്കിയും ഇതരചരാചരങ്ങൾ മനുഷ്യനുമുന്നിൽ നിരത്തുന്ന ഹിംസാത്മകതയുടെ ക്രൂരചിത്രമാണ്. സ്വന്തം സ്പീഷിസിനെ കൊലചെയ്തുകൊണ്ട് സ്വയംനശിച്ച്, സ്വയംനശിപ്പിച്ച് 'മുന്നേറുന്ന' നീതിബോധവും മൂല്യബോധവും ജീവന്റെ തുടർച്ചയിന്മേലാണ് കത്തിവെയ്ക്കുന്നത്. 'തോറ്റയുദ്ധ'ങ്ങളുടെ കഥകൾ മാത്രമാണത്. മനുഷ്യചരിത്രത്തിന് തുടർച്ചയുണ്ടാകുമെന്ന അമിതമായ ആത്മവിശ്വാസത്തെ പൊളളിക്കുകയും, മനുഷ്യനില്ലാത്ത ഭാവിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യണമെന്ന് ഇതരചരാചരങ്ങളുടെ പരിഹാസച്ചിരിയിൽ ഊറിവരുന്നുണ്ട്.

ദേശം, ദേശീയത, രാഷ്ട്രാതിർത്തി മുതലായ സങ്കല്പനങ്ങളെയും അപമാനവികതയ്ക്ക് വിധേയമാക്കിക്കൊണ്ട് മനുഷ്യന്റെ രാഷ്ട്രീയകർത്തൃത്വം കൈയ്യാളുന്ന പ്രകൃതിവിരുദ്ധപ്രവർത്തനങ്ങളെ ചോദ്യംചെയ്യുന്നു. "പണിപൂർത്തിയായ ഒരണക്കെട്ട് രാഷ്ട്രത്തിനു സമർപ്പിച്ച് രാഷ്ട്രപതി മടങ്ങിപ്പോകവേ രാഷ്ട്രം എന്നാൽ എന്തെന്നറിയാത്ത ഒരു കാട്ടുവേഴാമ്പൽ കാടിറങ്ങിവന്ന് അണക്കെട്ടിനു മുകളിലിരുന്ന് അണക്കെട്ടിന്റെ മറുപുറത്ത് വറ്റിപ്പോയ നദിയെനോക്കി ഒറ്റയ്ക്കിരുന്നു വിതുമ്പുന്നു" (അയ്മനം ജോൺ, 2015: 14) ജലത്തിന് വിപണനമൂല്യം വരുമ്പോൾ, വെള്ളവും ഭൂമിയും രാഷ്ട്രസ്വത്തുക്കളായി ഭാഗിക്കുമ്പോൾ വിഭവാധികാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുംകാലത്ത് ഭൗമരാഷ്ട്രീയത്തിൽ നിർണ്ണായക പങ്കുവഹിക്കുമെന്നത് കാട്ടുവേഴാമ്പലിന്റെ നോട്ടത്തിൽ പ്രകടമാണ്. ദേശരാഷ്ട്രങ്ങളുടെ അതിരുകൾക്കുള്ളിൽ വികസന സൂചികയായി അടയാളപ്പെടുത്തപ്പെട്ട അണക്കെട്ടിന്റെ മറുപുറകാഴ്ച മനുഷ്യനേട്ടങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതികപരിണതിയാണ്. മനുഷ്യനും മനുഷ്യേതരജീവികളും ദേശരാഷ്ട്രാതിരുകൾക്കതീതമായി വർത്തിക്കുന്ന പോസ്റ്റ്ഹ്യൂമൻഭൂമിയെ നിലനിർത്തേണ്ടതിന്റെ ആവശ്യകത കഥയിൽ വ്യക്തമായി ആവിഷ്കരിക്കുന്നു. മനുഷ്യനെമാത്രം കയറ്റിയ തീവണ്ടി പാളംതെറ്റി മരങ്ങളെല്ലാം ഇടിച്ചുമറിച്ച് ഇതരജീവികളെ കൊന്നൊടുക്കി വനമധ്യത്തിലൂടെ കുതിച്ചോടുന്ന കാഴ്ച, ഇതരജീവജാലങ്ങളെ കൊന്നൊടുക്കി ആത്മാവിന്റെ ഒറ്റപ്പെടലിൽ ഇല്ലാതായിത്തീരുന്ന മനുഷ്യപുരോഗതിയുടെ വൈരുദ്ധ്യത്തെക്കുറിച്ചിടുന്നു. നിമിഷംപ്രതിയെന്നോണം വിതറിക്കൊണ്ടിരിക്കുന്ന രാസവസ്തുക്കളും വമിപ്പിക്കുന്ന വിഷവാതകങ്ങളും കൊണ്ട് പ്രകൃതി അതിന്റെ ചാക്രികതയിൽ നിന്നും തെന്നിമാറുന്ന പാരിസ്ഥിതിക പ്രത്യാഘാതത്തെ തുറന്നുവെയ്ക്കുന്നുണ്ട്. പ്രകൃതിയ്ക്ക് രൂപാന്തരീകരണം സംഭവിക്കുമ്പോൾ ഭൂമിയിൽ മനുഷ്യനുൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും മനുഷ്യപ്രേരിതമായ മാറ്റങ്ങൾ വരുത്തപ്പെട്ടവയും

മനുഷ്യഭീഷണി നേരിടുന്നവയുമാണെന്ന യാഥാർത്ഥ്യത്തെ മുന്നോട്ടുവെയ്ക്കുന്നു.

വായിച്ചുകൊണ്ടിരുന്ന ചരിത്രപുസ്തകത്തിലെ അയിത്തോച്ചാടനമെന്ന അധ്യായത്തിലെത്തിയപ്പോൾ തന്നെയാണ് മനുഷ്യേതരജീവിവർഗ്ഗങ്ങളായ പൂച്ചയ്ക്കും ആടിനും കോഴിക്കും യഥേഷ്ടം കയറിയിറങ്ങി നടക്കാൻ ഇടമുണ്ടായിരുന്ന പണ്ടത്തെ തങ്ങളുടെ കൊച്ചുവീട് കെട്ടി വലുതാക്കി പരിഷ്കരിച്ച് വാതിലുകളും ജനാലകളും അടച്ചുകെട്ടി ചെറുജീവികൾക്ക് അയിത്തം കല്പിച്ച് അവറ്റയെ അകറ്റി വീടിനുപുറത്താക്കി, ഭദ്രമായിരുന്ന് ചരിത്രപുസ്തകവായന തുടരുന്നതിലെ അനൗചിത്യം ആഖ്യാതാവിന് ബോധ്യമാകുന്നത്. മനസ്സിലേക്ക് ആഴത്തിലിറങ്ങിയ ചോദ്യശരങ്ങളിൽ നിന്നും രക്ഷനേടാൻ ഇതരജീവജാലങ്ങളുമായി സംസർഗ്ഗപ്പെടാൻ ശ്രമിക്കുന്നു. മുരിങ്ങാച്ചുവട്ടിലിരിക്കുന്ന പൂച്ചയെ അകത്തേയ്ക്ക് എടുത്തുകൊണ്ടുവന്ന് പാൽകൊടുക്കാൻ ശ്രമിക്കുന്നത് ഇ.ച.ച. പുസ്തകത്തിന്റെ വിചാരണയിൽ നിന്ന് രക്ഷനേടുന്നതിനായാണ്. മനുഷ്യന്റെ ജൈവികതയെ പ്രകൃതിയുടെ സംയുക്തതയിൽ കാണുന്നതിന് തടസ്സമായ മനുഷ്യകേന്ദ്രിത വീക്ഷണത്തിന്റെ യുക്തി ഇവിടെയും പ്രതിസന്ധി സൃഷ്ടിക്കുന്നു. വാതിൽക്കലേക്കു വന്നപ്പോൾ ജനാലപ്പടിമേൽ വീണ തന്റെ നിഴൽ കണ്ട് ഭയപ്പെട്ട് വാഴക്കൈയിൽ ഇരുന്ന കാക്ക ചിറകടിച്ച് പറന്നുയരുകയും പൂച്ച തലയുയർത്തി അനിഷ്ടത്തോടെ നോക്കി ഒറ്റത്തിരിയലിൽ അടുത്ത പറമ്പിലേക്ക് എടുത്തുചാടുകയും ചെയ്തു. ഇന്ദ്രിയാനുഭവങ്ങളിൽ നിന്നും മാനസികവികാരങ്ങളിൽ നിന്നും വിച്ഛേദിക്കപ്പെട്ട് ജീവശാസ്ത്രപരതയ്ക്കപ്പുറം സാങ്കേതികവിദ്യയാൽ ബന്ധിതമായ അവസ്ഥ മനുഷ്യനിൽ മേളിച്ചിരിക്കുന്നതുകൊണ്ടാകാം ഇതരജീവികൾ ഒരു ജീവിവർഗ്ഗമായി പോലും മനുഷ്യനെ പരിഗണിക്കാതിരുന്നത്. മനുഷ്യകർത്തൃത്വത്തെ സംബന്ധിച്ച പരിണാമം ഇവിടെ പ്രസക്തമാകുന്നുണ്ട്. മനുഷ്യനിഴൽകണ്ട് ഭയചകിതരായി മാറുന്ന കാക്കയും മനുഷ്യന്റെ കാഴ്ചവെട്ടത്തുനിന്ന് ഓടിമറയുന്ന പൂച്ചയും ഇതരജീവിവർഗ്ഗം കൂട്ടത്തോടെ മനുഷ്യനോട് നിലനിർത്തുന്ന ജാഗ്രതയുടെ പ്രതിനിധാനങ്ങളാകുന്നു.

സകലജീവജാലങ്ങളുടെയും ജീവിതവുമായി കൂട്ടിച്ചേർക്കപ്പെട്ട പുരോഗതിയാണ് പുതുകാലത്തിന്റെ അടിയന്തിരാവശ്യമെന്നും അത്തരമൊന്നിന്റെ നിർമ്മിതി സാധ്യമാകുന്നില്ലെങ്കിൽ ഭൂമിയുടെ നിലനിൽപ്പുതന്നെ പ്രതിസന്ധിയിലാകുമെന്നും ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകമെന്ന കഥയുടെ ഉള്ളടരുകളിൽ നിന്നും വ്യക്തമാണ്. പരസ്പരാശ്രയത്തിന്റെ ബദൽമാതൃകയാണ് കഥ മുന്നോട്ടുവെയ്ക്കുന്ന രാഷ്ട്രീയാംശം. മനുഷ്യചരിത്രമെന്നത് ചരാചരങ്ങളുടെ സാകല്യതയിലൂന്നിയ ചരിത്രമായി, അപാരമായ പാരസ്പര്യത്തിൽ ഒരു

ജീവിയ്ക്കും പ്രത്യേക മഹത്വമുണ്ടെന്ന് കരുതാത്ത മാനവാനന്തര പാരിസ്ഥിതിക പാഠത്തിന്റെ ഗൗരവതരമാർന്ന അവതരണമാണ് 'ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം'.

പുരോഗതിയുടെ കീഴ്മേൽമറിഞ്ഞ മനുഷ്യധാരണയുടെ സ്വാഭാവികമായ പരിണതി എന്ന നിലയിൽ അംബികാസുതൻ മാങ്ങാടിന്റെ 'പ്രാണവായു' പുതുകാലത്ത് ഏറെ പ്രസക്തമാകുന്നു. കൊറോണാമഹാമാരിയുടെ പശ്ചാത്തലത്തിൽ മനുഷ്യൻ അഭിമുഖീകരിക്കുന്ന ഓക്സിജൻ പ്രതിസന്ധി കഥയ്ക്ക് സമകാലിക പാഠവായനയും പുതുവ്യാഖ്യാനതലവും നല്കുന്നുണ്ട്. സ്വാഭാവിക ജീവവായുവിന്റെ അഭാവവും ആത്യന്തിക പരിഹാരത്തിന് മനുഷ്യന്റെ ശാസ്ത്രപുരോഗതി ഉതകുകയില്ല എന്ന യാഥാർത്ഥ്യവും കഥയിൽ പ്രശ്നവൽക്കരിക്കുന്നു. ആഗോളവ്യാപാരകുത്തകയുടെയും കാലാവസ്ഥാവ്യതിയാനത്തിന്റെയും സങ്കീർണ്ണമായ അവസ്ഥകൾക്കിടയിൽ നിന്നുകൊണ്ട് പ്രാണവായുവിനായുള്ള പുതിയ കാലത്തിന്റെ അലച്ചിൽ കഥയിൽ സൂക്ഷ്മമായി അവതരിപ്പിക്കുകയാണ്.

വൃദ്ധരായ മാതാപിതാക്കളും കുട്ടികളുമടങ്ങുന്ന വരുണിന്റെ കുടുംബം നഗരത്തിലെ ഫ്ലാറ്റിലാണ് താമസമുറപ്പിച്ചിരിക്കുന്നത്. പ്രാണവായുവിന്റെ അഭാവം നഗരത്തെ ശ്വാസംമുട്ടിക്കുന്നു. ദിനാന്ത്യം വരെയുള്ള വരുണിന്റെ പരക്കംപാച്ചിൽ ഓക്സിജൻ കിറ്റിനുവേണ്ടിയുള്ളതായിരുന്നു. പട്ടണം മുഴുവൻ അലഞ്ഞിട്ടും ഓക്സിജൻ കിറ്റ് ഒന്നുപോലും ലഭിക്കാതെ നിരാശയോടും വെറുംകൈയോടും കൂടി ഫ്ലാറ്റിലേക്ക് മടങ്ങിവരുന്ന വരുൺ കൃത്രിമ ഓക്സിജന്റെ ക്ഷാമം ഭാര്യ അനീഷയോട് പങ്കുവെയ്ക്കുന്നു. "പലേടത്തും ആൾക്കൂട്ടം ബൂത്തുകൾ തകർത്തിട്ടിരിക്കുകയാണ്. ഓക്സിജൻ കിറ്റുകൾ തട്ടിയെടുക്കാൻ... ഓക്സിജൻ തീർന്നുപോയ കുറേ മനുഷ്യർ റോഡരികിലും ബൂത്തിനരികിലുമൊക്കെ വീണു കിടക്കുന്നുണ്ട്" (അംബികാസുതൻ മാങ്ങാട്, 2015: 34). കരയിൽ പിടിച്ചിട്ട മത്സ്യങ്ങളെപ്പോലെ പ്രാണവായു ലഭിക്കാതെ ജനങ്ങൾ പിടഞ്ഞുവീഴുമ്പോഴും മരവിച്ച മനുഷ്യശരീരങ്ങൾ ഭീതിയുടെ നിഴലുകൾ നിർത്തി കുമിഞ്ഞുകൂടുമ്പോഴും വീടിനകത്തേയ്ക്ക് കടന്നുവന്ന വരുൺ മക്കളുടെ പഠനം ഉറപ്പാക്കുന്നതിൽ വ്യഗ്രതകാട്ടുന്നു. പരീക്ഷയാരംഭിക്കുവാൻ ദിവസം നാലേ ബാക്കിയുള്ളുവെന്നും കുട്ടികളുടെ പഠനത്തെ ഇതൊന്നും ബാധിച്ചുകൂടാ എന്നതിനാൽ ചാനലുകളും പത്രങ്ങളും കാണുകയോ വായിക്കുകയോ ചെയ്യുന്നതിൽ നിന്ന് കുട്ടികൾക്ക് വിലക്ക് ഏർപ്പെടുത്തണമെന്നും വരുൺ അനീഷയ്ക്ക് താക്കീതുനല്കുന്നു. ജീവവായുവിന്റെ അഭാവം അടിയന്തിര പ്രാധാന്യത്തോടെ പുതുതലമുറയ്ക്ക്

പകർന്നുകൊടുക്കുന്നതിനു പകരം അത് മൂടിവെയ്ക്കപ്പെടുകയോ മറച്ചുവെയ്ക്കപ്പെടുകയോ ചെയ്യുന്ന ഒന്നായി ഇവിടെ മാറ്റപ്പെടുന്നു. പരിസ്ഥിതിയെ സംബന്ധിച്ച വിവേകപൂർണ്ണമായ ജാഗ്രത പുതുതലമുറയ്ക്ക് പകർന്നു നല്കാത്ത വിദ്യാഭ്യാസപ്രക്രിയയുടെ ആന്തരികശോഷണത്തെ കഥ മുന്നോട്ടുവെയ്ക്കുന്നു. മനുഷ്യനിർമ്മിത ദുരന്തമായ കാർബൺ വിസർജ്ജനത്തെക്കുറിച്ച് പുതുതലമുറയ്ക്ക് വേണ്ടത്ര ബോധ്യങ്ങളില്ലെങ്കിലും വ്യവസായ പ്രമുഖരോ ആഗോളവിപണനരംഗത്തെ മുഖ്യകണ്ണികളോ ആയിത്തീരുന്നതിന് അതൊരു തടസ്സമാകില്ലെന്ന തികച്ചും തെറ്റായതും എന്നാൽ സാമ്പ്രദായികമായി കൈമാറ്റപ്പെടുന്നതുമായ മിഥ്യാബോധ്യമാണ് കുട്ടികളെ പഠനത്തിൽ മാത്രം ശ്രദ്ധചെലുത്താൻ വരുൺ അനീഷയോട് ശഠിക്കുന്നതിൽ പ്രകടമാകുന്നത്. കുട്ടികൾ അവരുടെ ലാപ്ടോപ്പിലൂടെയും മറ്റു സമ്പർക്ക മാധ്യമങ്ങളിലൂടെയും ഇത് അറിയുന്നുണ്ടെന്നാണ് അനീഷയുടെ മറുപടി. കാർബൺ വിസർജ്ജനം ശ്വാസംമുട്ടിച്ചുകൊല്ലുന്ന ദശാസന്ധിയിലും കല്ലുപോലെ, നിശബ്ദരായിക്കുന്ന പുതുതലമുറയുടെ നിർമ്മമാവസ്ഥയെ അഥവാ അങ്ങനെ പെരുമാറാൻ പ്രേരിപ്പിക്കുന്ന ആധുനിക കുടുംബസംസ്കാരങ്ങൾക്കുമേലുള്ള വിമർശനമാണ് കഥ. കുട്ടികൾ സമൂഹവുമായി സമ്പർക്കപ്പെടുന്നതിനിടയാക്കുന്ന വാർത്താവിനിമയോപാധികളെയെല്ലാം അവരിൽനിന്നും അകറ്റിനിർത്തി പഠനത്തിൽ ശ്രദ്ധ പുലർത്താൻ വരുൺ നിലനിർത്തുന്ന അതേ ജാഗ്രത വാർദ്ധക്യത്തിലെത്തിയ അച്ഛനമ്മമാർക്കുമുള്ള ഓക്സിജന്റെ ലഭ്യത പരിമിതമായതോതിൽ മാത്രമല്ലേ എന്ന് ഉറപ്പാക്കുന്നതിലുമുണ്ട് എന്നതാണ് വൈരുധ്യം. വാർദ്ധക്യം അധികബാധ്യതയായി കണ്ട് കയ്യൊഴിയാൻ മാർഗ്ഗമന്വേഷിക്കുന്ന കുടുംബവ്യവസ്ഥിതിയുടെ ജീർണ്ണമുഖം കഥയിൽ വായിച്ചെടുക്കാനാകും.

ആഗോളമലിനീകരണവും ആഗോളമുതലാളിത്തവും ഇഴചേർന്നു കിടക്കുന്ന വാസ്തവങ്ങളാണെന്നും ഓക്സിജൻ അഭാവം വിപണിമൂല്യമായി കണ്ട് ജനതയെ നിരന്തരം ചൂഷണം ചെയ്യുന്നതെങ്ങനെയെന്ന് വരുണും അനീഷയും തമ്മിലുള്ള സംഭാഷണത്തിൽ നിറയുന്നുണ്ട്. ജീവനു ഭീഷണി നേരിടുന്ന പ്രതിസന്ധിയിലും ആഗോള ഉപഭോഗമുതലാളിത്തത്തിന്റെ തേർവാഴ്ച സജീവമാണ്. കരിഞ്ചന്തയിൽ വിറ്റ് ലാഭമുണ്ടാക്കാവുന്ന ചരക്കായി കുത്തകമുതലാളിമാർ ഓക്സിജനെ കാണുന്നു. കൊള്ളലാഭമുണ്ടാക്കുന്നതിനാണ് ഈ കൃത്രിമക്ഷാമം. കരിഞ്ചന്തയിൽ കൂടിയ റേറ്റിൽ വിറ്റുപോകുന്നുണ്ടെന്നും പണക്കാരൊക്കെ കുറേവാങ്ങി സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്നുമുള്ള പൊതുജനതയുടെ സംഭാഷണം വരുൺ പങ്കുവെയ്ക്കുന്നുണ്ട്. സാമ്പത്തികവിവേചനവും വിഭജനവും സൃഷ്ടിക്കുന്ന

മൂലധനശക്തികളുടെ ചൂഷകസ്വഭാവം ഇവിടെ വ്യക്തമാണ്. കോർപ്പറേറ്റുകൾ നിർമ്മിക്കുന്ന കൃത്രിമ ഓക്സിജൻ കിറ്റുകൾ മരണത്തെയാണ് മിച്ചമൂല്യമായി കണക്കാക്കുന്നത്. ഈ വിപണി നിലനിൽക്കുന്നത് ആഗോളപരിസ്ഥിതി മലിനീകരണത്തിലാണ്. ജീവൻ നിലനിർത്താനുള്ള പൊതുസമൂഹത്തിന്റെ പുറത്താക്കലുകളാണ് ഓരോ അഞ്ചുകൊല്ലം കൂടുമ്പോഴുമുള്ള ഭരണമാറ്റം എന്ന വരുണിന്റെ രോഷപ്രകടനത്തിൽ ദേശരാഷ്ട്രങ്ങളുടെ ഭരണസാരഥികളും കോർപ്പറേറ്റുകൾക്ക് വഴിമാറിക്കഴിഞ്ഞിരിക്കുന്ന രാഷ്ട്രീയപരിതോവസ്ഥയെ കാണിക്കുന്നു. കിറ്റുകൾവാങ്ങി സുരക്ഷിതരായ പണക്കാർ വ്യതിരിക്തസമൂഹമായി മാറുകയും അതു സാധ്യമല്ലാതെ നിഷ്കാസിതരായവർ ജീവൻ നിലനിർത്താൻ പരിശ്രമിച്ചുകൊണ്ടേയിരിക്കുകയും ചെയ്യുന്നു. സാമ്പത്തികവും സാമൂഹികവുമായ അസമത്വം വിനാശത്തിന്റെ ആദ്യ ഇരകളെ നിർണ്ണയിക്കുന്നതിൽ ഘടകമാകുന്നുണ്ടെന്നും അത്തരമൊരു അന്തരത്തിന്റെ നിർമ്മിതിയിൽ ഭരണകൂടമേലധികാരികൾക്ക് പങ്കുണ്ടെന്നും പ്രാണവായു എന്ന കഥ പ്രമേയപരമായി ആവിഷ്കരിക്കുന്നുണ്ട്.

'പക്ഷേ, എന്നാലും എത്രദിവസം നമ്മൾ മുന്നോട്ടുപോകും?' (അംബികാസുതൻ മാങ്ങാട്, 2015: 35) എന്ന വരുണിന്റെ ചോദ്യം മനുഷ്യൻ കൈവരിച്ച പുരോഗതിയുടെ നേർക്കുള്ള കഥാകൃത്തിന്റെ വിമർശനശരമാണ്. പ്രകൃതിയെയും പ്രകൃതിചരാചരങ്ങളുടെയും അനിഷേധ്യ നിയന്താതാവായി നിന്ന മനുഷ്യൻ സാങ്കേതികവിദ്യകളാൽ സഹായിക്കാൻ കഴിയുന്നതിനപ്പുറം തീവ്രമായ സാഹചര്യങ്ങളാൽ ബന്ധിതമാകുകയും അതിന്റെ പ്രത്യാഘാതങ്ങളെ പൂർണ്ണമായതരത്തിൽ നേരിടാൻ ശാസ്ത്രബോധ്യത്തിനാകാതെ തളരുകയും ചെയ്യുന്ന ശാസ്ത്രത്തിന്റെ പ്രതിസന്ധിയെ അവതരിപ്പിക്കുന്നു. മറ്റന്നാൾ രാത്രിയിൽ താനീ മാസ്ക് ഊരിക്കളയുമെന്ന വരുണിന്റെ മറുപടി ഇരുവരും തമ്മിലുള്ള തർക്കത്തിലേക്കാണ് വഴിമാറുന്നത്. കുട്ടികളെ നോക്കാനും കുടുംബം പോറ്റാനും തന്നേക്കാൾ അധികമായി വരുണിനെയാണ് ആവശ്യം എന്ന് തിരിച്ചറിഞ്ഞ് അനീഷ മരണംവരിക്കാൻ സ്വയം തയ്യാറാവുകയാണ്. കല്യാണപ്പെട്ടിയിൽ സൂക്ഷിച്ചുവെച്ച ഓക്സിജൻ കിറ്റുകൾ വരുണിന് നല്കുന്നതിലൂടെ പ്രാണന്റെ അവസാന പിടച്ചിലിലും ഭർത്താവിന്റേയും കുട്ടികളുടേയും സുരക്ഷിതഭാവിയെ മുന്നിൽകാണുന്ന സ്ത്രീജീവിതത്തിന്റെ ആന്തരിക സംഘർഷങ്ങൾ അടയാളപ്പെടുത്തുന്നു.

ഓക്സിജനുവേണ്ടിയുള്ള അവസാന ശ്രമവും പാഴായി എന്ന ബോധ്യം പിറ്റേന്നു വൈകിട്ടും ഒഴിഞ്ഞ സഞ്ചിയുമായി വരുണിനെ അലോസരപ്പെടുത്തു

ന്നുണ്ട്. ഇതു മറികടക്കാൻ ക്രൂരവും നിഷ്ഠുരവുമായ പ്രവൃത്തിയാണ് വരുണിന്റെ ബോധമണ്ഡലങ്ങളിൽ നിറയുന്നത്. മരണത്തെ മുന്നിൽ കണ്ടുകൊണ്ട് വാരിയ ചോറ് പ്ലേറ്റിൽ തന്നെയിട്ട് വരുൺ തീരെ പരിഭ്രമം കാണിക്കാതെയാണ് അനീഷയോട് അത് പറയുന്നത്. “പ്രായമായ രണ്ടുപേരുണ്ടിവിടെ അച്ഛനുമ മ്മയും. ഒരാളുടെ മാസ്ക് ഇപ്പോൾ അഴിച്ചുമാറ്റണം എങ്കിലേ നാലഞ്ചു ദിവസം കൂടി പിടിച്ചുനിൽക്കാനുള്ള ഓക്സിജൻ നമുക്കു ലഭിക്കൂ” (2015: 36).

ആവാസഭ്രമിയും അതിജീവനസാധ്യതയും നഷ്ടപ്പെടുന്ന കേവലമനുഷ്യ ന്റെ സന്ദിഗ്ധത അംബികാസുതൻ മാങ്ങാടിന്റെ പ്രാണവായു എന്നകഥയിൽ പ്രകടമാണ്. അതിജീവനത്തിനായുള്ള മനുഷ്യന്റെ പോരാട്ടങ്ങളുടെ ഹിംസാ ത്മകമുഖം ‘പ്രാണവായു’ എന്ന കഥ പങ്കുവെയ്ക്കുന്നു. കാർബണിക വിസർജ്ജ നത്തെ ഭയപ്പെടുന്നില്ല എന്നു പ്രഖ്യാപിച്ച ലോകരാഷ്ട്രങ്ങൾ ഇവിടെ ചോദ്യ ചിഹ്നമായി മാറുന്നു. പ്രാണവായു പ്രതിസന്ധിയായി മുന്നിൽ നിൽക്കുമ്പോഴും ആഗോളകോർപ്പറേറ്റ് മുതലാളിത്തത്തിന്റെ തേർവാഴ്ചയും അവയെ പിന്താങ്ങു ന്ന രാഷ്ട്രീയാധികാരവ്യവഹാരങ്ങളുടെ കാപട്യവും കഥയിൽ കടന്നുവരുന്നുണ്ട്. ഭൗമബന്ധിതമായ മനുഷ്യന്റെ ഭൗതികനേട്ടങ്ങളിൽ പരിസ്ഥിതി ഉപകരണം മാത്രമല്ലെന്നും അത് മനുഷ്യനുൾപ്പെടെയുള്ള ജീവിവർഗ്ഗത്തിന്റെ നിലനിൽപ്പി ന്റെ ആധാരശിലയാണെന്നുമുള്ള പ്രകൃതിയുടെ രാഷ്ട്രീയത്തെ ഇരുകഥകളും മുന്നോട്ടുവെയ്ക്കുന്നു. മനുഷ്യകേന്ദ്രിതമായ വ്യവഹാരങ്ങളെ വിമർശനാത്മക മായി സമീപിച്ചുകൊണ്ട് ചരാചരപ്പകർച്ചയിലൂടെ സഹജീവനത്തിലൂടെയുള്ള പാരിസ്ഥിതികനൈതികതയാണ് സമകാലത്തിന്റെ ആവശ്യമെന്ന് കഥകൾ അടയാളപ്പെടുത്തുന്നു.

## കുറിപ്പുകൾ

1 സൈബോർഗ്: മനുഷ്യാസ്തിത്വത്തിനു പുറത്ത് മനുഷ്യരൂപം നൽകപ്പെട്ട ഒരു യന്ത്ര ത്തിൽ മനുഷ്യനെ കാണുകയല്ല, മറിച്ചു മനുഷ്യനെത്തന്നെ യന്ത്രമനുഷ്യസമന്വയത്തി ന്റെ സ്ഥാനമായി അടയാളപ്പെടുത്തുകയാണ് സൈബോർഗ് ചെയ്യുന്നത് (ശ്രീകുമാർ ടി.ടി., 2021:12)

2 Chakrabarthy, Dipesh, The Crises of Civilization. Exploring Global and Planetary Histories, Oxford University Press, 2019.

3 ആന്ത്രോപോസീൻ-The Anthropocene could be said to have started in the late eighteenth century, when analysis of air trapped in polar ice showed the beginning of growing global concentrations of carbon dioxide and methane ( https://www.nature.com/articles/415023a, dated 10/3/2022).

## ആധാര സൂചി

1. അംബികാസുതൻ മാങ്ങാട്, 2015, രണ്ടുമത്സ്യങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം.
2. ഗണേശ് കെ.എൻ., 2014, പ്രകൃതിയും മനുഷ്യനും, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ.
3. ജോൺ അയ്യനം, 2015, ഇതരചരാചരങ്ങളുടെ ചരിത്രപുസ്തകം, ഡി.സി.ബുക്സ്, കോട്ടയം.
4. പ്രസാദ് പന്ന്യൻ, 2020, ആർ യൂ ഏ ഹ്യൂമൻ, സാഹിത്യലോകം, മെയ്- ജൂൺ, പുസ്തകം 49 ലക്കം 3, തൃശ്ശൂർ.
5. പ്രസാദ് പന്ന്യൻ, 2021, ആർ യൂ ഏ ഹ്യൂമൻ മനുഷ്യേതര മാനവികതയ്ക്ക് ഒരാമുഖം, ഡി.സി. ബുക്സ്, കോട്ടയം.
6. ശ്രീകുമാർ ടി.ടി., 2021, പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ ശാസ്ത്രം സൌന്ദര്യം മൂതൃരാഷ്ട്രീയം, പുസ്തക പ്രസാധക സംഘം, കോഴിക്കോട്.
7. Chakrabarty, Dipesh, The Crises of Civilization. Exploring Global and Planetary Histories, Oxford University Press, 2019.
8. https://www.nature.com/articles/415023a, dated 10/3/2022.
9. https://www.jstor.org/stable/10.1086/596640, dated 10/3/2022.

*shimipaulbaby@uccollege.edu.in*

# രഘുവംശത്തിലെ നന്ദിനീ സപര്യയും മനുഷ്യാനന്തരലോകത്തിലെ പരിപാലന രാഷ്ട്രതന്ത്രവും

ഡോ. കെ. എസ്. ലത
അസിസ്റ്റന്റ് പ്രൊഫസർ, വേദാന്ത വിഭാഗം, സർക്കാർ സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ.

പ്രബന്ധസംഗ്രഹം

കാളിദാസന്റെ രഘുവംശം രണ്ടാം സർഗ്ഗത്തിൽ വളരെ വിശദമായി എഴുതപ്പെട്ടിട്ടുള്ള ഒരു മൃഗ മനുഷ്യ സംവാദമുണ്ട്. അത് മനുഷ്യാനന്തര ലോകത്തിലെ പരിപാലന തന്ത്രവുമായി ഒത്തുപോകുന്നുണ്ടോ എന്ന അന്വേഷണം.

**താക്കോൽവാക്കുകൾ:** കാളിദാസൻ, രഘുവംശം-രണ്ടാം സർഗ്ഗം, ദിലീപൻ, നന്ദിനി, ഹ്യൂമനിസം, മനുഷ്യാനന്തര ലോകത്തിലെ പരിപാലന തന്ത്രം.

ഹ്യൂമനിസം എന്ന ദർശനവും രൂപാന്തരങ്ങൾക്കു വിധേയമാണ്. സാങ്കേതികതയുടെ മികവും പരിണാമപ്രക്രിയയും ഹ്യൂമനിസത്തിന്റെ അടിസ്ഥാനപരമായ മൂല്യങ്ങൾക്ക് മാറ്റം വരുത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗിന്റേയും നാനോടെക്നോളജിയുടേയും വളർച്ച മനുഷ്യന്റെ ഭൗതികവും ജീവശാസ്ത്രപരവുമായ പരിമിതികളെ മറികടക്കാൻ സഹായിച്ചു. ഹ്യൂമനിസത്തെ ഈ സാഹചര്യത്തിൽ വീണ്ടും വിശകലനം ചെയ്യുകയാണ് പോസ്റ്റ്ഹ്യൂമനിസം ചെയ്യുന്നത്. പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം രൂക്ഷവിമർശനങ്ങൾക്ക് വിധേയമാക്കപ്പെടുന്നുണ്ട് പോസ്റ്റ്ഹ്യൂമൻ ചിന്താപദ്ധതിയിൽ. 1940-കളിൽ സൈബർ നെറ്റിക്സ് വളർന്നതിനോടൊപ്പമാണ് ഈ ചിന്താപദ്ധതിയും വളർന്നതെന്ന് കാതറിൻ ഹെയിൽസ് How We Became Post-human എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. “Post-humanism is the philosophy of our times” എന്ന് ഫ്രാൻസെസ്ക ഫെറാൻഡോയും അഭിപ്രായപ്പെടുന്നു. പ്രാചീന

സംസ്കൃതഭാഷാഗ്രന്ഥങ്ങളിൽ (വേദങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, കാവ്യങ്ങൾ, നാടകങ്ങൾ, ദർശനങ്ങൾ) മനുഷ്യേതര ജൈവസത്തകൾ കേന്ദ്രകഥാപാത്രങ്ങളാകുന്ന സംവാദസൂക്തങ്ങളും ഉപാഖ്യാനങ്ങളും കാണപ്പെടുന്നുണ്ട്. (ഉദാ: ഋഗ്വേദം: മണ്ഡലം 10, സൂക്തം 108, സരമ-പണി സംവാദം, ശക്തമായ കൊമ്പുകളുള്ള ആട്ടുകൊറ്റൻ: മഹാഭാരതം 3, 135, ദ്വിതയുടെ ശാപം മൂലം ചെന്നായ്ക്കളായ ഏകതയും, ത്രിതയും (മഹാഭാരതം: 9, 36, മാനായി മാറിയ കിന്ദമ മുനി (മഹാഭാരതം: 1, 118)

ശുദ്ധമായ വൈജ്ഞാനിക കാഴ്ചപ്പാടിനെ മാത്രം പിൻതുടർന്നുകൊണ്ട് വൃത്തം, അലങ്കാരം, ധ്വനി, രസം, ഔചിത്യം എന്നീ പ്രാചീന ആലങ്കാരിക ദർശനങ്ങളുടെ പിൻബലത്തോടെ മാത്രമാണ് പ്രാചീന സംസ്കൃത ഗ്രന്ഥങ്ങളുടെ പ്രധാന പഠനങ്ങളെല്ലാം നടന്നിട്ടുള്ളത്. എന്നാൽ ആധുനിക സാഹിത്യ സിദ്ധാന്തങ്ങളുടെ സഹായത്തോടെ പുതിയ അറിവുകളെ ഉല്പാദിപ്പിക്കുന്ന തരത്തിലുള്ള പുനർവായന അവയിൽ സാദ്ധ്യമാണ്. പശുവും നായയും ആനകളും പരുന്തും പ്രാവും മൂങ്ങയും കാക്കയും നാഗവും കഴുകനുമൊക്കെ അതാത് പ്രാചീന ഗോത്രങ്ങളുടെ നാമങ്ങളായിരുന്നുവെന്നും ടോട്ടനം ചിഹ്നങ്ങളായിരുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്. അത്തരം ചരിത്ര ഗവേഷണങ്ങളുടെ പിൻബലത്തോടെ തുടരുന്ന സാംസ്കാരിക പഠനങ്ങളിലും പ്രാചീന സംസ്കൃത ഗ്രന്ഥങ്ങളിലെ മനുഷ്യേതര സത്തയെപ്പറ്റിയുള്ള പഠനത്തിന്റെ സാദ്ധ്യതകൾ നിലനില്ക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് രഘുവംശം രണ്ടാം സർഗ്ഗം പഠനവിഷയമാകുന്നത്. മൃഗപക്ഷിസസ്യങ്ങൾ അടങ്ങുന്ന ജൈവസമൂഹവുമായി യോജിച്ചു പോകുന്ന ജീവിത വ്യവഹാരങ്ങൾ കാളിദാസ കൃതികളിൽ ധാരാളമുണ്ട്. സംരക്ഷകർ, ആശ്രിതർ, പിന്തുടച്ചക്കാർ തുടങ്ങിയ ബന്ധനിർവ്വചനങ്ങൾ ഉൾക്കൊള്ളുന്ന കുടുംബഘടനയിൽ ജൈവാജൈവലോകത്തിന്റെ മൂല്യത്തെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് കവി നിർണ്ണയിച്ചിരിക്കുന്നത്. അതുകൊണ്ടാണ് വനജ്യോത്സ്നയും ദീർഘാപാംഗനും ബാലചൂതവും പഞ്ചരശുകിയും ഫലിനിയുമൊക്കെ കഥാപാത്രങ്ങളായി ജീവിക്കുന്നത്. പ്രകൃതിയോട് അനുരഞ്ജനത്തിലായിരിക്കുകയും മാനക കുടുംബ സങ്കല്പങ്ങളിൽ നിലകൊള്ളുകയും ചെയ്യുന്ന സുഘടിതമായ കാവ്യാനുശീലനമാണ് കവി സ്വീകരിച്ചിട്ടുള്ളത്. എങ്കിലും അഗ്നിയിൽ ക്ഷിപ്തമായ ശിവതേജസ്സ് പിന്നീട് ഗംഗയിൽ നിക്ഷിപ്തമായതുപോലെ ദിലീപതേജസ്സ് സുദക്ഷിണയിൽ നിഹിതമായി എന്ന ഉപമയിൽ ഭിന്നവർഗ്ഗ ക്രമത്തിൽപ്പെട്ട കുടുംബസങ്കല്പത്തിൽ നിന്നു വ്യതിചലിക്കപ്പെടുന്നതിന്റെ സൂചനയുണ്ട്.[1] അഗ്നി ശിവന്റെ രേതസ് വായിലെടുക്കുകയും

അതിൽ നിന്ന് ഒരു ശിശുവിനെ ഉല്പാദിപ്പിക്കുകയും ചെയ്തുവെന്ന കഥയിൽ സ്വവർഗ്ഗകാമനയുടെ തലം വ്യക്തമാണ്. കാവ്യസന്ദർഭത്തിൽ അതിന്റെ വിശദാഖ്യാനങ്ങൾ സമന്വയിയ്ക്കുന്നില്ലെങ്കിലും ഇത്തരമൊരു സൂചകം സ്വീകരിച്ചുവെന്നത് പ്രസ്താവനാർഹമാണ്. അതിൽ നിന്ന് ഭിന്നവർഗ്ഗ കുടുംബപദ്ധതികൾക്കു പുറത്തുള്ള ഇത്തരം വ്യതിക്രമങ്ങളും മാറുന്ന പിതൃബിംബകല്പനകളും കവിയ്ക്കപരിചിതമായിരുന്നില്ലെന്നുറപ്പിയ്ക്കാം. മാത്രമല്ല, രാജധർമ്മം എന്നത് പ്രജകളാൽ ധാർമ്മിക വിചാരണക്ക് വിധേയമാക്കപ്പെടേണ്ടതാണ് എന്ന ആധുനികാനന്തര സങ്കല്പനത്തിന്റെ പഴയകാലമാതൃക രഘുവംശം രണ്ടാം സർഗ്ഗത്തിലെ ദിലീപ മഹാരാജാവിന്റെ പശുപാലനം ഉൾപ്പെടെയുള്ള കഥാസന്ദർഭങ്ങളിൽ വായിച്ചെടുക്കാനാവും. ഈ സർഗ്ഗത്തിലെ മൃഗകല്പനകളെ ആ രീതിയിൽ പുനരാഖ്യാനം ചെയ്യുവാൻ സാധിക്കുന്ന തരത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അതിന് ഉപോദ്ബലകങ്ങളായി മനുഷ്യാനന്തരലോക സങ്കല്പനവും (Post-humanistic Postulations) പരിപാലന രാഷ്ട്രതന്ത്രവും (Care giving politics) ചർച്ച ചെയ്യാവുന്നതാണ്. മാനുഷികതയുടെ മികവിൽ മനുഷ്യൻ എന്ന അഹന്തയെ പ്രതിഷ്ഠിക്കുകയും ആ മാഹാത്മ്യത്തിൽ നിന്നുകൊണ്ട് ആശ്രയിക്കുന്ന ജീവജാലങ്ങളെയൊക്കെ സംരക്ഷിക്കുന്നവനെന്ന ഉദാരത പ്രകടിപ്പിയ്ക്കുയും ചെയ്യുമ്പോൾ പ്രകൃതിയിൽ മനുഷ്യനും മൃഗത്തിനും ഇടയിൽ അതിർത്തി രേഖകളൊന്നുമില്ല , ഒന്ന് ഒന്നിനേക്കാൾ ശ്രേഷ്ഠമല്ലെന്ന വസ്തുതയും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. മനുഷ്യൻ സ്വയം മഹാനെന്ന മിഥ്യാധാരണ മാറ്റിവച്ച് ഒരു സഹവർത്തിത്വമതമാണു സ്വീകരിക്കേണ്ടത് എന്ന അടിസ്ഥാനപരമായ കാഴ്ചപ്പാടിലേയ്ക്ക് ഈ ചിന്തകൾ ചെന്നെത്തുകയും ചെയ്യുന്നുണ്ട്. സംരക്ഷണവും പരിചരണവുമൊക്കെ എല്ലാവരുടേയും പരസ്പര ധർമ്മമാണ്. സ്ത്രീ, പുരുഷൻ, ശക്തൻ, ദുർബ്ബലൻ തുടങ്ങിയ വിഭാഗീകരണങ്ങൾ അതിനു കണ്ടെത്തേണ്ടതില്ല. രഘുവംശത്തിലെ മൃഗകല്പനകളിൽ പലതും മനുഷ്യനും മുകളിലായി സ്വഭാവികതയിൽ തന്നെ മൃഗങ്ങളെ പ്രതിഷ്ഠിക്കുന്നുണ്ട്. രാജാവിന്റെ കാര്യസാദ്ധ്യത്തിനായുള്ള നന്ദിനീ സപര്യ. കാട്ടിലൂടെ വന്യമൃഗങ്ങളെ അമർച്ച ചെയ്യാനോ എന്ന പോലെ വില്ലേന്തിയുള്ള നടപ്പ്. രാജാവിന്റെ സാന്നിദ്ധ്യത്തിൽ കാടിന്റെ വന്യത ശമിയ്ക്കുന്നു , ശക്തൻ ദുർബ്ബലനെ ഉപദ്രവിക്കുന്നില്ല. കൃഷ്ണമൃഗങ്ങൾ രാജാവിൽ നിഗൂഢമായിരിക്കുന്ന ദയാർദ്രഭാവത്തെ മനസ്സിലാക്കി വലിയ കണ്ണുകൾ വിടർത്തി രാജാവിനെ നോക്കുന്നു. ദയാലുവായ രാജാവിനെ കാതരമായി നന്ദിനി നോക്കുന്നു. ദംഷ്ട്രാമയൂഖങ്ങൾ കാട്ടി ഒട്ടൊന്നു ചിരിച്ച് സംസാരിക്കുന്ന സിംഹം - ഇവയെല്ലാം

മനുഷ്യ കേന്ദ്രീകൃത ലോകത്തിലെ പരിപാലനരാഷ്ട്രതന്ത്രത്തിന്റെ അളവു കോലിൽ നിർമ്മിക്കപ്പെട്ടതാണെങ്കിലും മനുഷ്യാനന്തര ലോകത്തിന്റെ അളവു തുക്കങ്ങൾക്കും വഴങ്ങുന്നവയാണ്.

മഹാകവി കാളിദാസന്റെ കൃതികളിൽ ഇൻഡ്യയുടെ പൈതൃകവും ഭൂമിശാസ്ത്രവും പ്രതിഫലിക്കുന്നു. പ്രാചീനേന്ത്യയിലെ ഭക്ഷണ ശൈലിയും വസ്ത്രധാരണ രീതിയും അലങ്കാരങ്ങളും ആചാരങ്ങളും കാർഷികോത്പന്നങ്ങളും മത്സ്യവിഭവങ്ങളും അവയിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. രഘുവംശത്തിൽ പായസവും മോദകവും ശിഖരിണിയും പോലുള്ള ഭക്ഷണവിശേഷങ്ങളെപ്പറ്റി സൂചനയുണ്ട്. ലഹരി നുണയുന്ന സ്ത്രീ-പുരുഷന്മാരുടെ ചിത്രമുണ്ട്. നാളികേരാസവും സിധുവും മധൂകാസവവും പോലെ വ്യത്യസ്ത ലഹരിപാനീയങ്ങളെ വർണ്ണിക്കുന്നുണ്ട്. പാന ഭൂമിയും ചഷകങ്ങളും മാമ്പൂക്കളും മധൂകപ്പൂക്കളും ചേർത്തു സുഗന്ധം നല്കിയ ലഹരിപാനീയങ്ങളും തെങ്ങിൻ കള്ളു കുടിയ്ക്കുന്ന പടയാളികളും മദ്യലഹരിയിൽ നിന്നു മുക്തി നല്കുന്ന 'മദ്സ്യന്ദിക' എന്ന ഔഷധത്തെപ്പറ്റിയുള്ള പരാമർശവും ഒക്കെ ചേർത്തു വച്ചാൽ അക്കാലത്തെ സാമൂഹ്യ ജീവിതത്തിന്റെ ഒരേകദേശ ചിത്രം കണ്ടെത്താം[2] അതുപോലെ രഘുവിന്റെ സൈന്യത്തിന്റെ ദിഗ്‌വിജയ സഞ്ചാര മാർഗ്ഗം പരിശോധിച്ചാൽ അഞ്ചാം നൂറ്റാണ്ടിലെ ഇന്ത്യയുടെ ഭൂപടം നമുക്ക് കാണാം. രഘുവിന്റെ ദിഗ്വിജയയാത്ര കാമരൂപത്തിൽ നിന്ന് (ആസാം) അവന്തിയും വിദർഭയും മാഹിഷ്മതിയും കടന്ന് അപരാന്ത ദേശം (കൊങ്കൺ) പിടിച്ചടക്കി പാരസിക (പെർസ്യ) ദേശത്തേയ്ക്കാണ് പോകുന്നത്. കുറച്ചുദൂരം കടൽമാർഗ്ഗം സഞ്ചരിച്ച് പിന്നെ കരമാർഗം സ്വീകരിക്കുന്നു. സൈനിക നീക്കത്തിനിടെ കാംബോജത്തിലെ (സിയാംഗ്-ചൈന ) വാങ്ക്ഷു നദീതീരത്ത് ജീവിക്കുന്ന താടി വളർത്തിയ കുതിരപ്പടയാളികളെ (ഹൂണന്മാർ) തോല്പിച്ച കഥ പറയുന്നുണ്ട്. ഈ യാത്രാമാർഗ്ഗം പ്രാചീനേന്ത്യയുടെ ഭൂപടവുമായി ഒത്തുപോകുന്നുണ്ടെന്ന് ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്.[3]

ഇങ്ങനെ ഭൂമിശാസ്ത്രവും സാമൂഹ്യാചാരങ്ങളും പ്രകടമാകുന്നതുപോലെ തന്നെ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള പരസ്പരാനുകൂലനങ്ങളിലൂടെയുള്ള സഹവർത്തിത്വവും കാവ്യശരീരത്തിൽ വെളിപ്പെടുന്നുണ്ട് . മറ്റു ജീവജാലങ്ങളെപ്പോലെ യാതൊരു വ്യതിരിക്തതയുമില്ലാതെ ഉടലെടുത്ത മനുഷ്യവംശം തനിയ്ക്കൊപ്പം നിലനിന്നു പോന്ന മറ്റു ജീവിവർഗ്ഗത്തിന്റെ സംരക്ഷകനും സംഹാരകനുമായി വളർന്നതിന്റെ ചരിത്രം ഈ ഗ്രന്ഥത്തിലും പതിഞ്ഞു കിടപ്പുണ്ട്.[4] ദൈവികതയ്ക്കോ അമാനുഷികതയ്ക്കോ അല്ല മനുഷ്യനാണ് ഹ്യൂമനിസത്തിൽ

പ്രാധാന്യമുള്ളത്. മനുഷ്യകേന്ദ്രിതമായ മൂല്യത്തിലും നന്മയിലും ഊന്നിക്കൊണ്ട് മനുഷ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള യുക്തിസഹമായ മാർഗ്ഗങ്ങൾ തേടുന്നുവെന്നതാണ് ഈ ചിന്താപദ്ധതിയുടെ പ്രാധാന്യം.

ഈ നവോത്ഥാന സാംസ്കാരിക പ്രസ്ഥാനം മധ്യകാല സ്കോളാസ്റ്റിസിസത്തിൽ നിന്ന് മാറി പുരാതന ഗ്രീക്ക്, റോമൻ ചിന്തകളോടുള്ള താൽപര്യം ആധുനിക എഴുത്തുകാരിൽ പുനരുജ്ജീവിപ്പിച്ചു. യുക്തിസഹമായ സ്വയംഭരണാധികാരം എന്ന സങ്കല്പത്തെ കേന്ദ്രീകരിച്ച് നിലനില്ക്കുന്നതു കൊണ്ട് വ്യക്തിയുടെ അവിഭാജ്യവും വ്യവസ്ഥാപരവുമായ സ്വഭാവത്തെ പരിഗണിക്കുന്നില്ല എന്ന വിമർശം ഈ ചിന്താപദ്ധതിയെപ്പറ്റി നിലനില്ക്കുന്നുണ്ട്. ഒരുവന്റെ ക്ഷേമം പ്രോത്സാഹിപ്പിക്കുകയാണ് അപരന്റെ കടമ എന്ന തത്ത്വത്തിലൂന്നി നിന്നുകൊണ്ട് മതത്തെയും അമാനുഷികതയെയും നിരാകരിക്കുകയാണ് ഹ്യൂമനിസം ചെയ്യുന്നത്. അത്തരമൊരു വായന ഇവിടെ സാദ്ധ്യമാണ്. രഘുവംശം രണ്ടാം സർഗ്ഗം തുടങ്ങുന്നതു തന്നെ പാൽ കുടിപ്പിച്ചതിനു ശേഷം പിടിച്ചുകെട്ടപ്പെട്ട കുട്ടിയുള്ള പശുവിനെ വനത്തിലേക്ക് മേയാൻ കൊണ്ടുപോകുന്നു എന്ന പ്രസ്താവനയോടെയാണ്. പശു മുനിയുടെ വളർത്തുമൃഗമാണ്. രാജാവിന് പശുപരിപാലനം കാര്യസാദ്ധ്യത്തിനുള്ള ഉപായമാണ്. 'വനായ പീതപ്രതിബദ്ധവത്സാം' എന്നു പറയുമ്പോൾ ആ വിശേഷണത്തിൽ പ്രകടമാകുന്ന ഒരനീതി ഉണ്ട്. പാൽ കുടിപ്പിച്ചതിനു ശേഷം പിടിച്ചു കെട്ടപ്പെട്ട കുട്ടി എന്ന വിശേഷണത്തിൽ കെട്ടിയ ആളുടെ മനോധർമ്മം പ്രത്യക്ഷമാണ്. ആ പ്രവൃത്തി പശുവിനും കിടാവിനും അനുകൂലമോ എന്ന സന്ദേഹം രാജാവിനെ പ്രതിസ്ഥാനത്തു നിർത്തുണ്ട്. എങ്കിലും പശുപാലനം രാജാവിന് ഭൂമിപാലനം പോലെ അതീവ ജാഗ്രതയോടെ അനുഷ്ഠിക്കേണ്ട കർത്തവ്യമാണെന്ന സൂചനയുണ്ട്. ആ പശുവിനെ തടവിയും ചൊറിഞ്ഞും ഇഷ്ടപ്പെട്ട ഇളം പുൽത്തലപ്പുകൾ പറിച്ച് വായിൽക്കൊടുത്തും കാട്ടീച്ചകളെ ആട്ടിയോടിച്ചും യഥേഷ്ടം മേയാൻ വിട്ടും അവളുടെ ഒപ്പം നിന്നും നടന്നും അവൾ കിടക്കുമ്പോൾ അരികിലിരുന്നും അവൾ കുടിയ്ക്കുമ്പോൾ മാത്രം ജലം കുടിച്ചും നിഴലുപോലെ പിന്തുടർന്നും രാജാവ് ഒരു നല്ല പശുപാലകനായി പരിണമിക്കുന്നുണ്ട്. രാജചിഹ്നങ്ങൾ ധരിച്ചിട്ടില്ലെങ്കിലും രാജശ്രീയിൽ വിളങ്ങുന്ന രാജാവ് ഉള്ളിൽ മദം തിങ്ങിയ ഗജേന്ദ്രനെപ്പോലെ ശോഭിച്ചു എന്ന ഉപമ പുതിയ സാഹചര്യങ്ങളോടുള്ള നൃപേന്ദ്രന്റെ ഒത്തുതീർപ്പായി കാണാം. എങ്കിലും രാജാവിന്റെ അടക്കിവച്ച ക്ഷാത്രവീര്യത്തിന്റെ ഒരു പ്രകടീ ഭാവമുണ്ടിവിടെ. മുനിയുടെ ഹോമപ്പശുവിനെ രക്ഷിക്കാനെന്ന വ്യാജേന വന്യജന്തുക്കളെ അടക്കി നിർത്താനിറങ്ങിയതോ

Feb., 2023-Jan. 24
Volume 02: No. 1

എന്ന സന്ദേഹം ഉണ്ടാക്കിക്കൊണ്ട് വില്ലേന്തി കാട്ടിലൂടെ സഞ്ചരിക്കുമ്പോഴാണത്. അവനീപാലനത്തിനിടെ ദുഷ്ടമൃഗങ്ങളെ അടക്കി നിർത്തുന്ന ഭരണാധികാരിയുടെ രക്ഷകഭാവം വന്യജീവികളുടെ സ്വന്തം ആവാസസ്ഥാനത്ത് പ്രസക്തമോ എന്ന ചോദ്യത്തിന് മനുഷ്യാനന്തരകാല സിദ്ധാന്തങ്ങളിൽ ഉത്തരമുണ്ട്. അത് മനുഷ്യനിൽ സദാ ജാഗ്രത്തായിരിക്കുന്ന അധീശത്വഭാവമെന്നാണ്. എന്നാൽ പൊട്ടിച്ചെടുത്ത കാട്ടുവള്ളികൾ കൊണ്ട് മുടി ഉയർത്തിക്കെട്ടി കാട്ടിലൂടെ അലസമായി സഞ്ചരിക്കുന്ന രാജാവ് വനസ്ഥലിയോട് അന്യഥാത്വമോ വ്യതിരിക്തതയോ പുലർത്തുന്നില്ലെന്നതു വ്യക്തമാണ്.

ആ ദൃശ്യത്തിൽ ദിലീപന്റെ നർമ്മഭാവവും കാടിനോടുള്ള ഇണക്കവും ഋജുതയും സ്ഫുരിക്കുന്നു. ഒപ്പം കാട് രാജാവിന് സ്വരാജ്യമായി മാറുന്ന ചിത്രവും കാണാം. ദയാലുവായ രാജാവിനെ ഭയംകൂടാതെ വീക്ഷിക്കുന്ന മാൻപേടകൾ എന്ന വിവക്ഷ മനുഷ്യകേന്ദ്രിതലോകത്തിന്റെ നേർവ്യവഹാരമാണ്. രാജാവിന്റെ സാന്നിദ്ധ്യം കാടിന്റെ വന്യതയെ ശമിപ്പിക്കുന്നുണ്ട്, ജന്തുക്കൾ ശാന്തരാവുകയും കാട്ടുതീ സ്വയമണയുകയും ചെയ്യുന്നുണ്ട്. ക്ഷത്രവീര്യത്തേക്കാൾ സാത്വിക പ്രഭാവനാണ് ഇവിടെ രാജാവ്. രാജാവിനും പത്നിയ്ക്കും മദ്ധ്യേ നില്ക്കുന്ന നന്ദിനി വരാനിരിയ്ക്കുന്ന സദ്ഫലത്തിന്റെ നാന്ദി പോലെ കാണപ്പെട്ടു എന്ന നിരീക്ഷണം മൃഗകേന്ദ്രിതമായ ഒരു ഫലസിദ്ധിയെ ബോധിപ്പിച്ചു കൊണ്ട് മൃഗസത്തയെ ബലപ്പെടുത്തുന്നുണ്ട്. പിന്നീട് ബലിദീപം അണയാതെ കാക്കുന്ന യജമാനനെ പോലെ നന്ദിനിയെ സംരക്ഷിച്ചു കൊണ്ട് അവളുറങ്ങിയപ്പോൾ രാജാവുറങ്ങി. പ്രഭാതത്തിലവളുണർന്നപ്പോൾ രാജാവുണർന്നു. ഇങ്ങിനെ കടന്നുപോയ 21 ദിനങ്ങൾ കൊണ്ട് രാജാവിന്റെ നന്ദിനീ സേവയിലുള്ള ആത്മാർപ്പണവും സന്നദ്ധതയും വ്യക്തമാക്കുന്നു. അതൊന്നു പരീക്ഷിച്ചുറപ്പിയ്ക്കാനാണ് നന്ദിനി ഗംഗയ്ക്കരികിലുള്ള പച്ചപുല്ലു നിറഞ്ഞ ഹിമവാന്റെ ഗുഹയിലേക്ക് കയറിപ്പോകുന്നത്. പശുവിന്റെ അപ്രതിരോധ്യതയിലും തന്റെ ക്ഷാത്രവീര്യത്തിലും ഒരേ പോലെ ഉറപ്പുള്ള രാജാവ് വനഭംഗിയിൽ ശ്രദ്ധിച്ചു നിന്ന അല്പനേരത്തിനിടയിൽ പശുവിന്റെമേൽ ചാടിവീഴുന്ന ഒരു സിംഹം മാന്യമായ സഹവർത്തിത്വ ക്രമങ്ങളെയെല്ലാം തെറ്റിയ്ക്കുന്നുണ്ട്. രാജാവിന്റെ പെട്ടെന്നുള്ള പ്രതികരണം ഒരു വില്ലാളിയുടേതാണ്. പക്ഷേ, അമ്പയയ്ക്കാൻ ഉയർത്തിയ വലത്തു കൈ അമ്പിന്റെ കടയ്ക്കൽ ഉറച്ച് രാജാവ് നിശ്ചലനായി നില്ക്കുന്നു. മന്ത്രങ്ങളാൽ തടയപ്പെട്ട വീര്യത്തോടെ പിടയുന്ന നാഗത്തെപ്പോലെ അസ്ത്ര വിദ്യയിലുള്ള വൈഭവം ഉള്ളിലടക്കി എരിയുന്ന രാജാവിനോട് മനുഷ്യഭാഷയിൽ ആ സിംഹം പറയുന്നത് മരങ്ങളെപ്പിഴുതെറിയുന്ന കൊടുങ്കാറ്റ്

കരിമ്പാറക്കെട്ടിനു മുന്നിൽ നിസ്തേജനാണെന്നാണ്. ഇവിടെ മുതൽ ഒരു മൃഗത്താൽ വിചാരണ ചെയ്യപ്പെടുന്ന രാജാധികാരത്തിന്റെ അസ്പൃശ്യ ലോകങ്ങൾ കാണാം. അടക്കിവച്ച നർമ്മവും നിശിതമായ പരിഹാസവും കൊണ്ട് കീറിമുറിക്കപ്പെട്ട അധികാര സ്വരൂപമായ് നിസ്തേജനാവുന്നുണ്ട് രാജാവ്. സ്വമാഹാത്മ്യവർണ്ണനയും കാര്യനിർവ്വഹണപരതയും ഉൾപ്പെടുത്തി ഒരു മൃഗത്തെ നായകസ്ഥാനത്തു പ്രതിഷ്ഠിക്കുന്നുണ്ടിവിടെ.

രാജാവിന് ആയുധമുപയോഗിക്കാൻ കഴിയാത്തതിലെ അഭിമാനക്ഷതം കുറയ്ക്കുന്ന തരത്തിലുള്ള ചില വിശദീകരണങ്ങളും സിംഹത്തിന്റെ വാക്കുകളിലുണ്ട്. മഹേശ്വരനോടുള്ള ആദരവ് നിലനിർത്തിക്കൊണ്ടു തന്നെ ഗുരുവിന്റെ ധനം സംരക്ഷിക്കണമെന്ന കർത്തവ്യ ബോധത്തോടെ ദിലീപൻ വളരെ വേഗം ആ വിഷമ പ്രശ്നം പരിഹരിയ്ക്കുന്നു. താങ്കളുടെ ശരീരവൃത്തി എന്റെ ശരീരം കൊണ്ട് നിറവേറ്റുക, സന്ധ്യയ്ക്ക് അമ്മ മടങ്ങിയെത്തുന്നതും കാത്തിരിക്കുന്ന ഒരു കിടാവുള്ള ഈ പശുവിനെ വിട്ടയയ്ക്കുക എന്നത് അനുയോജ്യമായ ഒരു ഒത്തുതീർപ്പാണ്. അപ്പോൾ ഗുഹയിലെ ഇരുട്ടിനെ ദംഷ്ട്രകളുടെ കാന്തിയാലകറ്റിക്കൊണ്ട് ഒന്നു ചിരിച്ച് സിംഹം അർത്ഥപതിയോട് സംസാരിച്ചു.

एकातपत्रं जगतः प्रभुत्वं
नवं वयः कान्तमिदं वपुश्च ।
अल्पस्य हेतोर्बहुहातुमिच्छन्
विचारमूढः प्रतिभासि मे त्वम् ।[5]

എന്ന ശ്ലോകം കൊണ്ട് ഒരു പശുവിനെ രക്ഷിയ്ക്കാൻ വേണ്ടി സ്വയം നഷ്ടപ്പെടുത്തുന്ന രാജാവ് വിഡ്ഢിയാണെന്ന മൃഗേന്ദ്രപക്ഷം ഭംഗിയായി സ്ഥാപിച്ചിരിയ്ക്കുന്നു. ഭൂതാനുകമ്പ കൊണ്ടാണിതിനൊരുങ്ങുന്നതെങ്കിൽ രാജാവിന്റെ ശരീര ത്യാഗം കൊണ്ട് ഒരു പശുവാണ് രക്ഷിക്കപ്പെടുന്നത്. സുഖമായി ജീവിച്ചിരുന്നാൽ പിതാവ് പുത്രനെയെന്ന പോലെ തന്റെ പ്രജകൾക്കെല്ലാം വേണ്ടി കാലങ്ങളോളം ഹിതം അനുഷ്ഠിക്കാം. കോടിപ്പശുക്കളെ ഗുരുവിന് ദാനം ചെയ്ത് ഗുരുവിന്റെ കോപം ഇല്ലാതാക്കാം. അതുകൊണ്ട് പരമ്പരകൾക്ക് മംഗളകാരിയായ ഊർജ്ജസ്വലമായ സ്വശരീരത്തെ സംരക്ഷിക്കുക. മഹീന്ദ്രനായ രാജാവിന്റെ പാദങ്ങൾ ഭൂമിയെ സ്പർശിക്കുന്നു എന്നതു മാത്രമാണ് ദിലീപനെ സാക്ഷാത് ഇന്ദ്രനിൽ നിന്നു വിഭിന്നനാക്കുന്നത് തുടങ്ങിയ സിംഹത്തിന്റെ വാദമുഖങ്ങൾ അതിധിഷണാശാലിയായ രാജാവിനുപരിയായി നില്ക്കുന്ന ബൗദ്ധികാദർശങ്ങളിലൂടെയുള്ള തിരിച്ചടികളാണ്. മൃഗരൂപത്തിൽ മനുഷ്യാർജ്ജിത പ്രജ്ഞയ്ക്കും (Artificial intelligence) മുകളിൽ നിന്ന് സംസാരിക്കുന്ന

ഒരു ജീവിയെയാണ് ഇവിടെ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യന്റെ സർവ്വാതിശായിത്വം മായുകയാണോ? പകരം വരുന്നതാരാണ്? മനുഷ്യൻ പ്രകടിപ്പിക്കുന്ന സ്വേച്ഛാധിപത്യവും ഹത്യാധികാരവും എത്രത്തോളം പ്രസക്തമാണ്? (പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ: ടി.ടി. ശ്രീകുമാർ)ലോകത്തെ പുതിയൊരു വഴിത്തിരിവിലേയ്ക്കു നയിക്കുന്ന മനുഷ്യാനന്തരദർശനങ്ങൾ ഉയർത്തുന്ന ചോദ്യങ്ങൾക്കു മൂർത്തരൂപം ലഭിക്കുന്നുണ്ടിവിടെ. ദേവാനുചരൻ എന്ന മേൽവിലാസം പേറുന്ന സിംഹത്തിന്റെ വാക്കുകൾക്ക് മനുഷ്യദേവൻ നല്കുന്ന മറുപടിയിൽ പരാനുകമ്പയുടെ കടൽ ഇരമ്പുന്നുണ്ട്. മനുഷ്യനെ ഏറ്റവും ശ്രേഷ്ഠമായ സൃഷ്ടിയാക്കി മാറ്റുന്ന മാനുഷ്യകത്തിന്റെ മാഹാത്മ്യം പ്രകടമാക്കുന്നതാണ് നന്ദിനിയുടെ കണ്ണുകളിലെ രക്ഷിക്കണേ എന്ന അർത്ഥനയ്ക്ക് പ്രതികരണമായിക്കാണുന്ന ക്ഷത്രിയൻ എന്ന പദത്തിന്റെ അർത്ഥവിചാരം. ക്ഷത്രിയശബ്ദത്തിന്റെ അർത്ഥത്തെ നഷ്ടപ്പെടുത്തിയിട്ട് ഞാൻ ശരീരവും രാജ്യവും നിലനിർത്തിയാൽ എനിയ്ക്കു വന്നു ചേരാനിടയുള്ള അപകീർത്തി എത്രയായിരിക്കും? എന്റെ ശരീരം സ്വീകരിക്കുക, പശുവിനെ വിട്ടയയ്ക്കുക. ശരീരത്തെക്കുറിച്ചുള്ള സ്വത്വബോധം മാറ്റിവച്ച് ഒരു മാംസപിണ്ഡം പോലെ സ്വ:ശരീരത്തെ സിംഹത്തിനു മുന്നിൽ സമർപ്പിയ്ക്കുമ്പോൾ മനുഷ്യരാജൻ ഉദാത്ത നായകനാകുന്നുണ്ട്. കാവ്യരസം കരുണത്തിലെത്തുന്നുണ്ട്. എങ്കിലും വർത്തമാനകാലത്തിന്റെ യുക്തിഭദ്രമായ ചിന്താധാരകളെ മൃഗരാജനാണ് പ്രതിനിധീകരിക്കുന്നത്. കൊടിയ സിംഹനിപാതം കാത്തു കിടക്കുമ്പോൾ രാജാവിനു മേൽ വിദ്യാധര പുഷ്പവൃഷ്ടി. അമ്മയെപ്പോലെ പാൽ ചുരത്തി നില്ക്കുന്ന സുരഭീ പുത്രി. എന്താഗ്രഹിച്ചാലും നല്കാൻ കഴിയുന്നവൾ, അന്തകനു പോലും അസ്പൃശ്യ, അവൾ മായ കാട്ടി പരീക്ഷിച്ചതാണ് എന്ന വെളിപ്പെടുത്തൽ. ഇക്കാലത്ത് Virtual reality യും Animated Series-കളും കൊണ്ടുവരുന്ന മായാലോകത്തിന്റെ തഥ്യകളും ത്രസിപ്പിയ്ക്കുന്ന അത്ഭുതാനുഭവങ്ങളും ക്രിസ്തുവിനു മുമ്പ് ഒന്നാം നൂറ്റാണ്ടിലേ ആവിഷ്ക്കരിക്കപ്പെട്ടതു പോലെയുള്ള ഈ രംഗം നാടകീയമാണ്. ഈ മൃഗമനുഷ്യാഭിമുഖം മനുഷ്യാനന്തര ലോകത്തിലെ പരിപാലനതന്ത്രങ്ങൾക്ക് യോജിക്കും വിധം എഴുതപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ പ്രാചീന സംസ്കൃത കാവ്യനാടകശാസ്ത്ര ഗ്രന്ഥങ്ങളിലെ ഇത്തരം നൂതനവൈജ്ഞാനിക പ്രക്രിയകളുടെ അന്തർധാരകളെ സമന്വയിക്കേണ്ടതുണ്ട്. മാത്രമല്ല ഭൂതകാല വസ്തുതകളെ വർത്തമാനകാല ചരിത്ര യാഥാർത്ഥ്യങ്ങളാക്കി മാറ്റുക എന്ന പുതിയ പാഠ്യശൈലിക്ക് ഉപയുക്തമാകും വിധം ആധുനികപൂർവ്വാഖ്യാനങ്ങളിലെ മാനവികേതരതയെ വീണ്ടെടുക്കേണ്ടതുമുണ്ട്.

## കുറിപ്പുകൾ

1 ജി. ഉഷാകുമാരി, കഥയും കാമനയും. പേജ്. 49.

2 Kalidasa - Date, Life & Works V.V. Mirashni & N.R. Navlekar (Net Edition)

3 ibid.

4 യുവാൽ നോവ ഹരാരി, സാപിയൻസ് (മലയാളം പരിഭാഷ) പേജ് 80..

5 രഘുവംശം, രണ്ടാം സർഗ്ഗം, ശ്ലോകം 47.

## ആധാരസൂചി


1. Amal Dhari Singh, "Kalidasa: A critical study", Bharatiya Vidya Prakashan, Delhi, 1976.
2. Erin E. Edwards, "The modernist corpse posthumanism and the posthumous", University of Minnesota, 2017.
3. Erin McKennam, "Living with animals: Rights, Responsibilities and Respect", Rowman and Littlefield Publishers, 2020.
4.. Francesca Ferrando, "Philosophical Post humanism", London-New York –Oxford New Delhi –Sydney : Bloomsbury Academic, 2019.
5. Katherine Hayles. N, "How We Became Post human", The University of Chicago Press, London, 1999.
6. Satya Vrut Shastri, "Kalidasa in Modern Sanskrit Literature", Eastern Book Linkers, Delhi ,1991.
7. Sten Pultz, Mariene Karrison and Martin Karisson (Editors), "How Literature Comes to Matter: Post Anthropocentric Approaches to fiction", Edinburgh University Press, 2021.
8. ഉഷാകുമാരി ജി. ഡോ., "കഥയും കാമനയും", ലോഗോസ് ബുക്സ് , പാലക്കാട്, 2018.
9. കൊസാംബി ഡി.ഡി. "ഇന്ത്യാചരിത്ര പഠനത്തിനൊരു മുഖവുര", മൈത്രി ബുക്സ് , തിരുവനന്തപുരം, 2010
10. ചന്ദ്രശേഖര വാര്യർ പി., "രഘുവംശം", ജ്യോതി പ്രസ്സ് ഇരിങ്ങാലക്കട, 1989.
11. ശ്രീകുമാർ, ടി.ടി., ഡോ., പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ: സൗന്ദര്യം, രാഷ്ട്രീയം, മൃത്യുരാഷ്ട്രീയം, കോഴിക്കോട്, പുസ്തക പ്രസാധകസംഘം, 2021.

12 സുധാംശു ചതുർവേദി ഡോ., "കാളിദാസ് ഔർ ഉൻ കി കൃതിയാം", ആയുഷ് പബ്ളിഷിംഗ് ഹൗസ്, ഡൽഹി, 2018.

13 "ശ്രീ ശിവമഹാപുരാണം" (മലയാള വിവർത്തനം) ശ്രീ വിദ്യാധിരാജ പബ്ളിക്കേഷൻസ്, 2012.

14 കാളിദാസ കൃതികൾ (സമ്പൂർണ്ണം), ഡി.സി. ബുക്സ്, 2004


*lethasanthosh1@gmail.com*

# പ്രപഞ്ചത്തിൽ നിന്ന് പ്രദേശങ്ങളിലേക്ക്: മനുഷ്യാനന്തരവിഷയിയുടെ ഇതരവാഴ്വുകൾ 'ആൻഡ്രോയിഡ് കുഞ്ഞപ്പ'നിൽ

നൗഫൽ. കെ; ഇന്ദു. പി. നമ്പൂതിരി
ഗവേഷകർ, മലയാളവിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

## പ്രബന്ധസംഗ്രഹം

ശാസ്ത്രയുക്തിയുടെ കേവലതയും സാർവലൗകികതയും മതേതരത്വവും വികാരനിരപേക്ഷതയും മനുഷ്യാനന്തരചിന്ത ചോദ്യം ചെയ്യുന്നുണ്ട്. അധിനിവേശാധുനികതയുടെ അറിവധികാരം വികസ്വരദേശങ്ങളിലെ ആഖ്യാനങ്ങൾ അപകോളനീകരിക്കുന്നു. മനുഷ്യവ്യവഹാരങ്ങൾ പ്രകൃതിയും, യന്ത്രങ്ങളും, മൃഗങ്ങളും, അന്യഗ്രഹവാസികളും ഉൾച്ചേരുന്ന ഇതരലോകങ്ങളുമായി പങ്കിടുന്ന സഹജീവനത്തിന്റെ സാമൂഹികതയാണ് മനുഷ്യാനന്തരമാന വികതയുടെ വൈകാരികമണ്ഡലം നിർണ്ണയിക്കുന്നത്. ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ വേർഷൻ 5.25 എന്ന ചിത്രത്തിൽ കൊളോണിയൽശാസ്ത്രയുക്തിപ്രപഞ്ചങ്ങളിൽനിന്ന് നാട്ടുപ്രദേശങ്ങളിലേക്ക് മനുഷ്യാനന്തരവിഷയി ഇറങ്ങിവരുന്നു. അധിനിവേശിതാനുഭവങ്ങളുടെ സാമൂഹികതയിൽ നിർണ്ണയിക്കപ്പെടുന്ന മനുഷ്യാനന്തരവിഷയിയുടെ സ്വത്വനില ഇനിയും രൂപപ്പെടേണ്ട മനുഷ്യ-മനുഷ്യേതര കൂട്ടായ്മയുടെ കൊളോണിയലിതര നാട്ടുസഹജീവിതം വെളിപ്പെടുത്തുന്നു.

**താക്കോൽവാക്കുകൾ:** ദൈനംദിനസാമൂഹികത, മനുഷ്യാനന്തരചിന്തയുടെ അപകോളനീകരണം, അധിനിവേശിത മനുഷ്യാനന്തരവിഷയി, അനുഭൂതി ഘടന, സഹകുടുംബം.

ആമുഖം

യന്ത്രങ്ങളും റോഡുകളും തീവണ്ടിപ്പാതകളും കമ്പിയില്ലാക്കമ്പികളും വിനിമയം ചെയ്യുന്ന ഖരസ്വഭാവിയായ അനുഭവമായാണ് ആധുനികത സ്ഥാപനവത്ക രിക്കപ്പെട്ടത്. ആധുനികതയുടെ ഉരുക്കുപാലങ്ങൾക്ക് കീഴെ അധിനിവേശി തസമൂഹത്തിന്റെ സ്വത്വവാസനകൾ ഈർപ്പവും വഴുതലുമുള്ള ഒട്ടുങ്ങാത്ത സന്ദേഹസ്ഥാനമായി സഞ്ചരിച്ചു. ലക്ഷണമില്ലാത്തതോ ആധുനികപൂർവമോ ആയി തള്ളിക്കളഞ്ഞ മേഖലകളിൽ നിന്നാണ് തന്റെ സ്വത്വം രൂപപ്പെടുന്ന ധാതുക്കളും മൂലകങ്ങളും തദ്ദേശീയ ആഖ്യാനങ്ങൾകണ്ടെടുക്കുന്നത്. ശാസ്ത്ര യുക്തിയുടെ പ്രപഞ്ചങ്ങളിൽ നിന്ന് അധിനിവേശിതജനതയുടെ സ്വത്വസം ഘർഷങ്ങളുടെ പ്രദേശങ്ങളിലേക്കുള്ള ഉൾസഞ്ചാരങ്ങൾ ആധുനികതയുടെ പ്രാരംഭത്തിൽ തന്നെ ആഖ്യാനങ്ങൾ പങ്കുവെച്ചു തുടങ്ങുന്നുണ്ട്. ആധുനികവും തദ്ദേശീയവുമായ വസ്തുപ്രപഞ്ചങ്ങൾ തമ്മിലുള്ള ഇണക്കവും പൊരുത്തക്കേടു കളും അവയിൽ വ്യാപരിക്കുമ്പോൾ തദ്ദേശീയർക്ക് ഉണ്ടാകുന്ന വൈഷമ്യങ്ങളും രൂപപ്പെടുത്തുന്ന സവിശേഷമായ ഒരു പരിഭാഷാപദ്ധതി എന്നനിലയിൽ ഈ പ്രക്രിയ ഇന്ദുലേഖയെ മുൻനിർത്തി ഉദയകുമാർ വിശദീകരിക്കുന്നുണ്ട്. നോവലിൽ പരിചിതമായ വ്യവഹാരലോകങ്ങളിലേക്ക് അപരിചിതമായ ആധുനികവസ്തുക്കളെ പരിഭാഷ ചെയ്യുന്ന ക്രിയാനുഭവം ആകർഷണവും കൗതുകവും മാത്രമല്ല ശക്തിയുടെയും അധികാരത്തിന്റെയും അസന്തുലിത ത്വങ്ങൾ കൂടി വെളിപ്പെടുത്തുന്നതായി ഉദയകുമാർ സൂചിപ്പിക്കുന്നു (2009: 12).

മനുഷ്യകാമനകൾ കൂടുതൽ അടുപ്പിക്കുക എന്നതാണ് ആധുനി കനിർമ്മിതികൾക്ക് പ്രേരണയായത്. കാമിക്കും കാമ്യത്തിനും ഇടയിൽ ഒരു മധ്യനിലയാണ് ഈ രൂപങ്ങളിൽ പ്രതീക്ഷിക്കപ്പെട്ടത്. ടെലിഫോൺ, റോഡുകൾ, തപാൽ, തീവണ്ടി തുടങ്ങി ആധുനികതയുടെ പതാക ചിഹ്നങ്ങ ളിൽ വിനിമയത്തിനുള്ള ആയലുകൾ മുദ്രിതമാണ്. ആഗ്രഹസാഫല്യങ്ങളുടെ മോഹസ്വരൂപമായി ആധുനികത ഉറപ്പിക്കപ്പെട്ടു. മനുഷ്യന്റെ ഉൾപ്രപഞ്ച ങ്ങൾ സ്പർശിക്കാൻ വെമ്പുന്ന ചില തേടലുകളും നെടുവീർപ്പുകളും കൂടിയാണ് ആധുനികത എന്ന് സ്വകാര്യവെബ് പ്രതീതിദേശങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്. ദേശരാഷ്ട്രങ്ങളുടെ അതിരുകൾ മായുന്ന സ്പർശദാഹങ്ങളുടെ സ്വകാര്യവൈകാ രികവെബ്ദേശങ്ങളിലാണ് മനുഷ്യകാമനകൾ ഇന്ന് കുടിപാർക്കുന്നത്. അനു ഭവത്തെ അത്രമേൽ അടുപ്പിക്കുന്ന ആത്മസ്പർശനത്തിനുള്ള ആയലുകളാണ് സ്മാർട്ഫോണുകളിലെ തൊടുന്ന സ്ക്രീനുകൾ. തൊടലുകൾ നിയന്ത്രിതമായ കൊറോണാസന്ദർഭത്തിലെ വർത്തമാനത്തിൽ കാഴ്ച തന്നെ തൊടലും

Feb., 2023-Jan. 24
Volume 02: No. 1

രുചിയും ഗന്ധവും കേൾവിയുമായിത്തീരുന്ന അനുഭവപരിസരം യന്ത്രങ്ങളുമായുള്ള കൂട്ടുജീവിതത്തിൽ ഉടലെടുക്കുന്നുണ്ട്.

2019-ൽ പുറത്തിറങ്ങിയ 'ആൻഡ്രോയിഡ് കുഞ്ഞപ്പൻ വെർഷൻ 5.25' എന്ന ചലച്ചിത്രം മനുഷ്യ-മനുഷ്യേതര വിഷയികൾ വിനിമയം ചെയ്യുന്ന കർത്തൃത്വപ്രതിസന്ധികളുടെ തദേശഭവശാസ്ത്രം പിൻപറ്റുന്നു. പാരമ്പര്യ നിർമ്മിതമായ ദത്തസ്വത്വത്തിനും ആധുനികത മുന്നോട്ടുവയ്ക്കുന്ന ആർജിത സ്വത്വത്തിനും ഇടയിലെ സംഘർഷ മേഖലകളിൽ നിന്നാണ് മനുഷ്യാനന്തരവിഷയിയെ സംബന്ധിച്ച തദേശസ്വത്വഭാവന രൂപപ്പെടുന്നത്. കൊളോണിയൽ ശാസ്ത്രയുക്തി കഥയില്ലായ്മകളായി വിഗണിച്ച ലോകങ്ങളിലാണ് ചിത്രത്തിൽ മനുഷ്യാനന്തരവിഷയി പ്രയാണം ചെയ്യുന്നത്. യന്ത്രങ്ങളൊന്നും ഉപയോഗിക്കാത്ത തദ്ദേശീയൻ അത്യന്താധുനികമായ ഒരു യന്ത്രത്തെ അരുമയാക്കുന്ന അനുഭൂതിചരിത്രം തദ്ദേശവ്യക്തിയുടെ സാമൂഹികതയിൽ മനുഷ്യാനന്തരവിഷയിയെ ആലോചിക്കുന്നു.

ആൻഡ്രോയ്ഡ് കുഞ്ഞപ്പൻ എന്ന ചിത്രത്തിൽ ഏകാകിയായ മനുഷ്യന്റെ വികാരലോകങ്ങളുടെ പകർച്ചകൾ, മനുഷ്യലോകങ്ങളിൽനിന്ന് മനുഷ്യാനന്തരവിഷയിയിലേക്ക് സംക്രമിക്കുന്നു. അധിനിവേശിത സാമൂഹ്യസന്ദർഭത്തിലെ അനവധി രുചികളിലും മണങ്ങളിലും പാടലുകളിലും പറച്ചിലുകളിലുമാണ് മനുഷ്യാനന്തര വിഷയിയുടെ കർത്തൃനില നിർമ്മിതമാകുന്നത്. പാട്ടുപാടി ക്കൊടുക്കുമ്പോൾ പശു കുതറുന്ന ചിത്രത്തിലെ രംഗം ഓർക്കുക. മൃഗലോകവുമായുള്ള മനുഷ്യവിഷയിയുടെ വിനിമയപ്രശ്നങ്ങൾ ഈ രംഗം വെളിപ്പെടുത്തുന്നു. സാങ്കേതികത മുന്നോട്ടുവച്ച മനുഷ്യാനന്തരവിഷയിയുടെ നിർമ്മിതിചരിത്രം കൃഷിയിൽ നിന്നും മൃഗപരിപാലനത്തിൽ നിന്നും വ്യത്യസ്തമാണ്. ഇവിടെ, മനുഷ്യവ്യവഹാരങ്ങളുടെ കാമനകൾ ആവശ്യങ്ങളിൽ നിന്ന് ആഗ്രഹങ്ങളിലേക്ക് സൃഷ്ടിപരമായി പരിണമിക്കുന്നു. ഒരേസമയം മനുഷ്യന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റുന്നതാണ് മനുഷ്യാനന്തര വിഷയിയുടെ രൂപകൽപന എന്നു കാണാം. ദേശരാഷ്ട്രങ്ങൾ തങ്ങളുടെ ഭരണകൂടപരമായ ആവശ്യങ്ങൾക്കുവേണ്ടി കണ്ടെത്തിയ സാങ്കേതികമാർഗങ്ങൾ മനുഷ്യരുടെ സൃഷ്ടിപരമായ ആഗ്രഹങ്ങളിലൂടെ ജനകീയമാകുന്ന നിർമ്മാണചരിത്രം 'ആൻഡ്രോയ്ഡ്' പോലുള്ള ഓപ്പറേറ്റിംഗ്സിസ്റ്റങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. കലാവിഷ്കാരങ്ങളിലൂടെ ഏകാന്തതയെ സൃഷ്ടിപരമാക്കിയ മനുഷ്യവ്യവഹാരചരിത്രത്തിലേക്ക് മനുഷ്യാനന്തരവിഷയി ഇവിടെ ചേർന്നുനിൽക്കുന്നു. രുചികൾ മാത്രമല്ല അഭിരുചികളും പാകംചെയ്യുന്ന ഈ ബന്ധനില

മനുഷ്യവ്യവഹാരങ്ങളുടെ സവിശേഷമായ ദൈനംദിന സാമൂഹികതയിലാണ് കെട്ടപ്പെടുന്നത്. അധിനിവേശിതസമൂഹത്തിലെത്തിപ്പെടുന്ന മനുഷ്യാനന്തരവിഷയിയുടെ കർത്തൃനിർമ്മിതിസംഘർഷങ്ങളുടെ സംവാദപരിസരമാണ് തുടർന്ന് വിശദീകരിക്കുന്നത്.

## അനുഭൂതിഘടനകളുടെ അപകോളനീകരണം 'ആൻഡ്രോയിഡ് കുഞ്ഞപ്പ്'നിൽ

അധിനിവേശലോകങ്ങളിൽ നിന്നുള്ള മനുഷ്യ-മനുഷ്യേതരവിഷയികൾ അറിവിന്റെയും ജ്ഞാനരൂപങ്ങളുടെയും ഉത്പാദകകർത്തൃനില കയ്യാളുന്നവരാണ്. മനുഷ്യനും പ്രകൃതിയും പങ്കിടുന്ന ജൈവികചോദനകളുടെ ഊന്നലുകളിൽനിന്ന് സാമൂഹികതയും സാങ്കേതികതയും തമ്മിലുള്ള വിനിമയങ്ങളുടെ കലർപ്പുകളിലേക്ക് 'ആൻഡ്രോയിഡ് കുഞ്ഞപ്പൻ' എന്ന ചിത്രം മനുഷ്യേതരമാനവികചിന്തയുടെ സംവാദം വ്യാപിപ്പിക്കുന്നു. "ശാസ്ത്രത്തിന്റെ വസ്തു നിഷ്ഠത, ശാസ്ത്രീയമായ അറിവുകളുടെ സാമൂഹികേതരമായ സവിശേഷനില, അവയുടെ കണിശത തുടങ്ങിയ കേവലശാസ്ത്രവാദപരമായ എല്ലാ ധാരണകളെയും തകർക്കുന്നതാണ് സാഹിത്യത്തിലും സിനിമയിലുമുള്ള ശാസ്ത്രകഥാഖ്യാനങ്ങൾ (ഷിജു സാം വർഗീസ്: 2021: 232)." ഇത്തരത്തിൽ പാശ്ചാത്യആധുനികത ഭാവനചെയ്യുന്ന ഉദാരമാനവസങ്കൽപത്തിന്റെ അന്ത്യത്തെക്കുറിച്ച് മിഷേൽ ഫൂക്കോ 'ഓർഡർ ഓഫ് തിംഗ്സ്' എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്.[1] ഉത്തരാധുനികചിന്ത മുഖ്യധാരാധുനികതയ്ക്കെതിരെ പല വിമർശനങ്ങൾ ഉന്നയിക്കുമ്പോഴും ആധുനികതയുടെ ഉറവിടവും കേന്ദ്രവും യൂറോപ്പാണെന്ന ധാരണയെ ചോദ്യം ചെയ്തിട്ടില്ല എന്നും ദക്ഷിണാർധഗോള നിവാസികളുടെ അധിനിവേശാനുഭവത്തെ അഭിമുഖീകരിച്ചിട്ടില്ല എന്നും കെ.രാജൻ നിരീക്ഷിക്കുന്നു (2021: 267).

1982-ൽ പുറത്തിറങ്ങിയ 'ഇ.ടി.' എന്ന സ്പിൽബർഗ് ചിത്രത്തിൽ അന്യഗ്രഹവാസി മനുഷ്യലോകവുമായി സഹവസിക്കുന്ന സവിശേഷമായ വൈകാരികലോകങ്ങൾ പങ്കിടുന്നു. 2013-ൽ പുറത്തിറങ്ങിയ സ്പൈക് ജോൺസ് സംവിധാനം ചെയ്ത 'ഹെർ' എന്ന സിനിമ യൂറോപ്യൻ ഉദാരമാനവ മനുഷ്യവ്യവഹാരങ്ങളുടെ വൈകാരികപ്രതിസന്ധികളും മനുഷ്യാനന്തരവിഷയിയുടെ ജൈവികമാകാനുള്ള ഇച്ഛയും സംബോധന ചെയ്യുന്നു. മനുഷ്യബന്ധങ്ങൾ പോലെ മറ്റൊരു മനുഷ്യ-മനുഷ്യേതരബന്ധവ്യവസ്ഥയുടെ ആവിർഭാവലോകമാണ് 'ഇ.ടി.', 'ഹെർ' എന്നീ ചിത്രങ്ങൾ പങ്കുവെയ്ക്കുന്നത്. രണ്ടു ചിത്രങ്ങളിലും

മനുഷ്യാനന്തരവിഷയി കൊളോണിയൽ അറിവധികാരങ്ങളുടെ നിർവാഹക ശേഷി കയ്യാളുന്ന ലോകബോധമാണ് പങ്കിടുന്നത്. തങ്ങൾ എത്തിച്ചേരുന്ന മനുഷ്യലോകങ്ങളിലെ വിശ്വാസങ്ങളോ മതാത്മകതയോ പ്രസ്തുത ചിത്രങ്ങളിലെ മനുഷ്യേതരവിഷയി അഭിമുഖീകരിക്കുന്നില്ല. സ്വയം പൂർണ്ണനും ഏകാകിയുമായ ഉദാരമാനവവിഷയിയുടെ സാർവലൗകിക മതേതരഭാവത്തോടാണ് മനുഷ്യേതരവിഷയി ചേർന്നുനിൽക്കുന്നത്.

അധിനിവേശപ്രത്യയശാസ്ത്രമല്ല അധിനിവേശിതസമൂഹത്തിൽ എത്തിപ്പെട്ട ആൻഡ്രോയിഡ് കുഞ്ഞപ്പൻ എന്ന മനുഷ്യാനന്തരവിഷയി പിൻപറ്റുന്നത്. ഹെർ എന്ന ചിത്രത്തിലേതുപോലെ വ്യക്തിയിലേക്കല്ല മറിച്ച് അനേകം ബന്ധങ്ങൾ ഉള്ളിണങ്ങുന്ന സാമൂഹികതയിലാണ് കുഞ്ഞപ്പൻ എത്തിപ്പെടുന്നത്. ഒരു ദേശത്തേക്ക് ആകമാനമാണ് റോബോട്ട് വന്നുചേരുന്നത്. ഈ കെട്ടുബന്ധങ്ങളുടെ സങ്കീർണ്ണത മുഴുവൻ തൊട്ടുകൊണ്ടാണ് മനുഷ്യാനന്തരവിഷയി ചിത്രത്തിൽ സഞ്ചരിക്കുന്നത്. പ്രബല കൊളോണിയൽ ആധുനികതയുടെ പരീക്ഷണശാലകളിൽ നിർമ്മിതമാവുന്ന അറിവിന്റെ സാധുത പരീക്ഷിക്കുന്ന മൃഗസമാനകർത്തൃനിലയാണ് തുടക്കത്തിൽ കാണുന്ന നീഗ്രോവൃദ്ധനും ഭാസ്കരപൊതുവാളും ഉൾപ്പെടുന്ന അധിനിവേശിത മനുഷ്യവിഷയികൾക്കു നൽകുന്നത്. യൂറോപ്പിന്റെ ജ്ഞാനപദ്ധതികളുടെ അർത്ഥലോകങ്ങളിൽ നിന്ന് നിഷ്കാസിതരായ ജനതയാണ് ആൻഡ്രോയ്ഡ് കുഞ്ഞപ്പനിൽ സഖ്യം ചേരുന്നത്.

റെയ്മണ്ട് വില്യംസിന്റെ അവശിഷ്ട (residual), പ്രബല (dominant), ആവിർഭാവ (emergent) ലോകങ്ങളെ സംബന്ധിച്ച പരികല്പന ഇത്തരം വൈരുദ്ധ്യാത്മകതയുടെ സൂക്ഷ്മബലങ്ങൾ ഉൾച്ചേർക്കുന്നു. സംസ്കാരത്തിൽ നിന്ന് കടന്നുപോകുന്ന പഴയ അർത്ഥങ്ങളും മൂല്യങ്ങളും (അവശിഷ്ടം), സംസ്കാരത്തിൽ പ്രാബല്യം നേടിയിരിക്കുന്നവയായ സമകാലിക നൈതിക-ഭൗതിക മൂല്യങ്ങൾ (പ്രബലം), അതിനെ എതിർത്തു കൊണ്ടോ അതിൽ നിന്ന് വ്യത്യസ്തമായോ സംസ്കാരത്തിലേക്ക് പുതുതായി കടന്നുവരുന്ന ജീവിതസങ്കല്പങ്ങളും മൂല്യങ്ങളും (ആവിർഭാവം) ഇവ മൂന്നും ചേരുന്നതാണ് ഒരു ചരിത്രഘട്ടത്തിലെ സാംസ്കാരിക വ്യവസ്ഥ എന്നതാണ് റെയ്മണ്ട് വില്യംസിന്റെ ഈ പരികല്പനയിൽ ഉള്ളടങ്ങുന്നത് എന്ന് ടി.ടി. ശ്രീകുമാർ നിരീക്ഷിക്കുന്നു. (2021: 15). ആൻഡ്രോയിഡ് കുഞ്ഞപ്പൻ എന്ന ചിത്രത്തിൽ, പ്രബലആധുനികവികസിതദേശങ്ങളിൽനിന്ന് അവശിഷ്ടസമീക്ഷകളുടെ അധിനിവേശിതദേശത്തേക്ക് വിനിമയങ്ങളുടെ ഇടനിലക്കാരനായി എത്തുകയാണ്

ആവിർഭാവലോകങ്ങളിൽ നിന്നുള്ള ആൻഡ്രോയിഡ് എന്നു പറയാം.

2014-ൽ പുറത്തിറങ്ങിയ 'പി.കെ.' എന്ന ചിത്രത്തിൽ തന്റെ വിനിമയ യന്ത്രം നഷ്ടപ്പെടുന്ന മനുഷ്യാനന്തരവിഷയി സമാനമായ അവശിഷ്ടവിശ്വാസലോകങ്ങളിലേക്കാണ് ഇറങ്ങിവരുന്നത്. അനവധി ദൈവങ്ങളുടെയും മനുഷ്യരുടെയും കൂട്ടുവാഴ്‌വിന് മുന്നിലാണ് ഇരുചിത്രത്തിലും മനുഷ്യാനന്തര വിഷയിയുടെ രംഗപ്രവേശം.

പത്തൊമ്പതാംനൂറ്റാണ്ടിൽത്തന്നെ മതാത്മകതയുടെ അവശിഷ്ടലോകങ്ങളും പ്രബലമായിത്തുടങ്ങുന്ന ശാസ്ത്രയുക്തിയുടെ ആധുനികലോകങ്ങളും തമ്മിലുള്ള സംവാദം അധിനിവേശിതസമൂഹത്തിൽ ആരംഭിക്കുന്നുണ്ട്. ആധുനികമായ ശാസ്ത്രവിനിമയങ്ങളുടെ കാഴ്ചവട്ടം നീരാഴങ്ങളിൽ പൊട്ടിത്തകർന്നുവീഴുകയും വിശ്വാസങ്ങളുടെ ആത്മലോകം ഉയർന്നുവരികയും ചെയ്യുന്ന സന്ദർഭം 'ദ്വാരക' എന്ന ആദ്യകാലചെറുകഥയിലുണ്ട്. ശാസ്ത്രവും വിശ്വാസവും തമ്മിലുള്ള അഭിമുഖീകരണത്തിന്റെ ഉഭയനില ഇന്ദുലേഖയിലും ആലോചനാവിഷയമാണ്. പതിനെട്ടാം അധ്യായത്തിലെ ദൈവസങ്കല്പവും ശാസ്ത്രയുക്തിയും തമ്മിലുള്ള ചർച്ചാസന്ദർഭം ഓർക്കുക.[2]

1984-ൽ ഇറങ്ങിയ ആദ്യത്തെ ത്രിമാന സിനിമയായ മൈഡിയർ കുട്ടിച്ചാത്തനിൽ തദ്ദേശവിശ്വാസഭൂമികയിൽനിന്ന് ഉയിർത്തുവരുന്ന മനുഷ്യേതരവിഷയിയുടെ തുടർച്ചയിലാണ് ആൻഡ്രോയിഡ് കുഞ്ഞപ്പൻ എന്ന റോബോട്ട് നിൽക്കുന്നത്. അകലങ്ങളിലെ മനുഷ്യകാമനകൾ അരികിലേക്ക് ആനയിക്കുന്ന നാടൻകഥകളിലെ അത്ഭുതവിളക്കിന്റെ തുടർച്ചപോലെയാണ് മനുഷ്യാനന്തരവിഷയിയുടെ കർത്തൃനില. വിളക്കിന്റെ യജമാനരുടെ കാമിതങ്ങളേതും തിരികെ ഒന്നും പറയാതെ സാധിപ്പിക്കുന്ന മനുഷ്യാനന്തരവിഷയിയുടെ ശുശ്രൂഷകകർത്തൃനില മനുഷ്യവിഷയി തനിക്ക് അനുഗുണമായി മാത്രം ക്രമീകരിക്കുന്ന ഒന്നാണ്. മനുഷ്യവ്യവഹാരങ്ങളുടെ ഈ അധികാരയുക്തി 'അലക്സ' എന്ന വെബ്അസിസ്റ്റന്റിന്റെ രൂപകല്പനയിൽ ഉള്ളടങ്ങുന്നുണ്ട്. മനുഷ്യാനന്തരവിഷയിയുടെ അടിമവത്കരണം മനുഷ്യന്റെ ചരിത്രാതീതകാലം മുതലുള്ള അധികാരവാഞ്ഛ തൃപ്തിപ്പെടുത്തുന്നുണ്ട്.

ശാസ്ത്രസാങ്കേതികവിദ്യകളുടെ അടിസ്ഥാനത്തിൽ യുക്തിപരമായി സങ്കല്പിക്കപ്പെട്ട ഭാവിയിലേക്ക് തുറക്കുന്ന, ഭാവനകൊണ്ട് പണിത പുതുമ (novum) യാണ് സയൻസ് ഫിക്ഷനുകളുടെ ആഖ്യാനകേന്ദ്രം എന്ന് ഷിജു സാം വർഗീസ് നിരീക്ഷിക്കുന്നുണ്ട്. (2021: 235). ഇ.ടി. എന്ന ചിത്രത്തിലേതു പോലെ ഒരു 'നോവ'മല്ല തദ്ദേശസമൂഹങ്ങളിൽ കടന്നുവരുന്ന മനുഷ്യാനന്തരവിഷയിയുടെ

ഭാവലോകം നിർണയിക്കുന്നത്. മൊബൈൽ ഉപയോഗിക്കുന്ന വ്യക്തിയുടെ അഭിരുചിലോകങ്ങൾ ഫേസ്ബുക്കിലെയും വാട്സാപ്പിലെയും മുഖചിത്രങ്ങളിലും കമന്റുകളിലും ജിഫുകളിലും റിംഗ്ടോണിലും വാൾപേപ്പറിലും മെസ്സേജുകളിലും സ്റ്റാറ്റസുകളിലും പോസ്റ്റുകളിലും പ്രതിഫലിക്കുന്നുണ്ട്. കംപ്യൂട്ടർജാതകം, വിർച്വൽക്യൂ എന്നിങ്ങനെ പ്രബല കൊളോണിയൽ ശാസ്ത്രയുക്തികളിൽ വിശ്വാസത്തിന്റെ അവശിഷ്ടലോകങ്ങൾ തദ്ദേശസമൂഹം ഉൾച്ചേർക്കുന്നുണ്ട്. ആധുനികതയുടെ പ്രാരംഭഘട്ടം മതത്തിൽനിന്നു മനുഷ്യനെ മോചിപ്പിക്കുക എന്ന ദൗത്യമാണ് ഏറ്റെടുത്തതെങ്കിൽ ഉത്തരാധുനികത മനുഷ്യരിൽനിന്ന് മനുഷ്യനെ മോചിപ്പിക്കുക എന്ന ഭൗമരാഷ്ട്രീയദൗത്യമാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് സുധീഷ് കോട്ടേമ്പ്രം നിരീക്ഷിക്കുന്നുണ്ട്. (2021: 223). ഇത്തരത്തിൽ യൂറോപ്യൻയുക്തിയുടെ യുഗാത്മകനിർവചനങ്ങളുടെ ഉറച്ചനിലകളിലല്ല തദ്ദേശജനതയിൽ വിശ്വാസം പ്രവർത്തിക്കുന്നത്. പാരമ്പര്യത്തിന്റെ ഓർമ്മകൾ പ്രബലകൊളോണിയൽ ആധുനികതയിൽ സന്നിവേശിപ്പിച്ച് രൂപപ്പെടുന്ന യുക്തിചരിത്രമാണ് അധിനിവേശിതർ പങ്കിടുന്നത്. റോക്കറ്റ് വിക്ഷേപിക്കുമ്പോഴും, പുതിയ വാഹനങ്ങൾ ആദ്യമായി ഉപയോഗിക്കുമ്പോഴും, ഫാക്ടറി ഉദ്ഘാടനത്തിനും പൂജയും കുദാശയും നടത്തുന്ന സാമൂഹികപരിസരമാണ് വിശ്വാസചിഹ്നങ്ങളണിഞ്ഞ മനുഷ്യാനന്തരവിഷയിയെ നിർമ്മിക്കുന്നത്. വിശ്വാസവും ശാസ്ത്രവും ഒരേസമയം സ്വാംശീകരിക്കുന്ന കൂട്ടായ്മയാണ് കുഞ്ഞപ്പന്റെ സ്വത്വപദവി നിർണ്ണയിക്കുന്നത്. ചന്ദനം തൊടുകയും ജാതകം നോക്കുകയും അമ്പലത്തിൽ പോകുകയും തെയ്യത്തിനു കൂടുകയും കയ്യിൽ ചരടുകെട്ടി നിൽക്കുകയും വിളക്കുകൊളുത്തുകയും ചെയ്യുന്ന പ്രാദേശികവത്കരിക്കപ്പെട്ട മനുഷ്യാനന്തരവിഷയിയെ ഇവിടെ കണ്ടുമുട്ടുന്നു. ഇത്തരത്തിൽ മനുഷ്യവ്യവഹാരങ്ങളുടെ രാഷ്ട്രീയവും ലിംഗബോധവും മതബോധവും മനുഷ്യേതരലോകങ്ങളിൽ കൂട്ടിത്തുന്നുന്നുണ്ട്.

### അറിവും വൈകാരികതയും: മനുഷ്യാനന്തരവിഷയിയുടെ സഹജീവനങ്ങൾ

പ്രകൃതിയുമായുള്ള കൂട്ടുജീവിതം മനുഷ്യപരിണാമത്തിലെ നിർണ്ണായക ഏടായിരുന്നു. കൃഷി ആരംഭിക്കുന്നതോടെ മനുഷ്യൻ പ്രകൃതിയെ മെരുക്കുകയും ഇണക്കുകയും ചെയ്തു. മനുഷ്യന്റെ ആഗ്രഹപരിചരണങ്ങൾക്കായുള്ള പ്രകൃതിയുടെ കീഴടക്കലിൽ അടിമ-ഉടമ ബന്ധത്തിന്റെ വേരുകൾ തുടങ്ങുന്നു. സിനിമയുടെ അന്ത്യത്തിൽ ഉൾക്കാടുകളിലേക്കുള്ള കുഞ്ഞപ്പന്റെയും പൊതുവാളിന്റെയും സഞ്ചാരം മനുഷ്യവ്യവഹാരത്തിലെ പ്രകൃതി/മനുഷ്യൻ,

അടിമ/ഉടമ ഹിംസാചരിത്രത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ആൻഡ്രോയിഡ് കുഞ്ഞപ്പനിലും മൈ ഡിയർ കുട്ടിച്ചാത്തനിലും സ്ത്രീയുടെ അഭാവം മനുഷ്യേതര വിഷയികൾക്കുമേലുള്ള മനുഷ്യവിഷയികളുടെ വൈകാരികാശ്രിതത്വത്തിന് ആക്കംകൂട്ടുന്നു. പരിഹരിക്കാനാവാത്ത മനുഷ്യവിഷയികളുടെ ഏകാന്തതയ്ക്ക് ഭാവനാത്മകപരിഹാരം എന്ന നിലയ്ക്കാണ് കുട്ടിച്ചാത്തനും റോബോട്ടും അരുമകളായിത്തീരുന്നത്. ശാസ്ത്രത്തിന്റെ പരിഗണനകൾക്കതീതമായ വൈകാരികമണ്ഡലങ്ങളിലെ സമാധാനം, സുരക്ഷ, സ്നേഹം, പരിഗണനപോലുള്ള അർത്ഥപ്രതീക്ഷകൾ തൊടുന്ന ഇടപെടലുകൾ തദ്ദേശീയസന്ദർഭത്തിൽ മനുഷ്യേതരവിഷയിയുടെ കർത്തൃപ്രതീക്ഷകളിലെ അനിവാര്യതയായിത്തീരുന്നു. ചിത്രത്തിൽ പശുവളർത്തലാണ് ഭാസ്കരപൊതുവാളിന്റെ വരുമാനമാർഗം. തൊഴിലിനായി വിദേശത്തേക്ക് പോകാനുള്ള ആഗ്രഹം മകൻ പങ്കിടുമ്പോൾ 'പശുവൊന്നുമല്ലല്ലോ കെട്ടിയിടാൻ' എന്ന് പൊതുവാൾ പറയുന്നുണ്ട്. വീട്ടരുമകളുമായുള്ള തദ്ദേശജനതയുടെ കൂട്ടുജീവിതം ഹെറ്ററോ കുടുംബഘടനയുടെ കാമനകളുടെയും അഭിരുചികളുടെയും പൂർത്തീകരണലോകമായി ജി.ഉഷാകുമാരി നിരീക്ഷിക്കുന്നുണ്ട്.[3] വീട്ടരുമയായിത്തീരുന്ന മനുഷ്യാനന്തരവിഷയിയെ പിന്തുടരുന്ന അർത്ഥപ്രതീക്ഷകളും ഇത്തരത്തിലുള്ള കുടുംബകഥനമല്ലാതെ മറ്റൊന്നല്ല.

ഹെറ്ററോകുടുംബഘടനകളുടെ പ്രബല അനുഭൂതിലോകങ്ങളിൽ നിന്നു ഭിന്നമായ സഹജീവനത്തിന്റെ ആവിർഭാവലോകങ്ങൾ ചിത്രം ആലോചനയ്ക്കു വെയ്ക്കുന്നു. ചിത്രത്തിന്റെ അന്ത്യത്തിൽ മകനെ കുഞ്ഞപ്പൻ എന്നു സംബോധന ചെയ്യുമ്പോൾ സ്നേഹം എന്ന വൈകാരിക അറിവിന്റെ സാമൂഹികതയിൽ യന്ത്രത്തെ തദ്ദേശീയൻ ഉൾച്ചേർക്കുന്നു. ഹെറ്ററോ കുടുംബഘടനയിൽ നിന്ന് ഭിന്നമായ സ്വാസ്ഥ്യങ്ങൾ ഈ വിളിയിൽ ഉൾച്ചേരുന്നുണ്ട്. പക്ഷിജന്തുസഹവാസം, ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, അസെക്ഷ്വൽ, ട്രാൻസ്ജെന്റർസ്വത്വങ്ങൾ, ലൈംഗികേതരമായ സ്വത്വങ്ങൾ ഇങ്ങനെ മാനകേതരമായ മൂല്യങ്ങൾക്ക് പുലരാൻ കഴിയുന്ന കൂട്ടായ്മകളെ എല്ലാം ചേർത്ത് പൊതുവായി 'സഹകുടുംബം' എന്ന പരികൽപന ജി.ഉഷാകുമാരി 'വീട്ടരുമകളും കുടുംബകഥനങ്ങളും' എന്ന ലേഖനത്തിൽ മുന്നോട്ട്വെക്കുന്നുണ്ട്. ഇത്തരത്തിൽ ഭിന്നവർഗ കുടുംബക്രമങ്ങളുടെ അർത്ഥങ്ങളിൽ നിന്ന് വിട്ടുനിൽക്കുന്ന 'സഹകുടുബ'ഘടനകളുടെ സൗഹൃദത്തിലും സഖ്യത്തിലും സഹവാസത്തിലുമാണ് മനുഷ്യേതര വിഷയി കൂട്ടുചേരുന്നത് എന്ന് പറയാം. അലിവുകൾ തീരെ പ്രകടിപ്പിക്കാത്ത പിതൃരൂപത്തിന് സംഭവിക്കുന്ന ആന്തരികപരിണാമത്തിലൂടെ സ്നേഹം എന്ന

ക്രിയാനുഭവത്തിന്റെ സാമൂഹികതയിൽ മനുഷ്യാനന്തരവിഷയിക്ക് സ്വത്വപ ദവി ലഭ്യമാകുന്നു. അതുവരെ ഇരുമ്പുകഷ്ണം എന്നു വിളിച്ചിരുന്ന വസ്തുവിനെ വ്യക്തിയായി കരുതുന്ന പാരസ്പര്യവും പരിഗണനയും ഈ വിളിയിലുണ്ട്. ആജ്ഞയിൽ നിന്ന് ആർദ്രവും അലിവാർന്നതുമായി പരിണമിക്കുന്ന ഈ വിളി സ്നേഹത്തിന്റെ സൂക്ഷ്മസാമൂഹികത സ്വാംശീകരിക്കുന്നു. ഇത്തരത്തിൽ മനുഷ്യേതരവിഷയി ഉൾച്ചേരുന്ന 'സഹകുടുംബഘടന' പിതൃഅധികാരങ്ങളുടെ ഹെറ്ററോ മൂല്യങ്ങളിൽ സംഭവിക്കുന്ന ഇടർച്ചയാണ് എന്നു കാണാം.

പുത്രനും പിതാവുമായി ചിത്രത്തിൽ മനുഷ്യാനന്തരവിഷയി സ്ഥാന പ്പെടുന്നുണ്ട്. തുടക്കത്തിൽ, സ്നേഹം ഉള്ളിൽ നിന്നുവരുന്ന അറിവാണ് എന്ന് പറയുമ്പോൾ കുഞ്ഞപ്പൻ ഉള്ളി എന്ന വസ്തു സ്കാൻ ചെയ്യുന്നുണ്ട്. തുടർന്ന് ഉളുപ്പ്, നാണം പോലെയുള്ള വികാരങ്ങളുടെ സാമൂഹികാസ്തിത്വം റോബോട്ടിലും ചുമ ത്തപ്പെടുന്നു. കാഴ്ചയിൽ ചാരം ആയിരിക്കുന്ന വസ്തുവിന് തദ്ദേശാനുഭവങ്ങളിൽ വളമെന്നും മരണാനന്തരം ആത്മാവ് സന്നിവേശിക്കുന്ന ഓർമ്മയെന്നുമുള്ള അർത്ഥപരിണതി മനുഷ്യേതരവിഷയിയെ പഠിപ്പിക്കുന്നു. ക്ഷേത്രത്തിൽ കുഞ്ഞപ്പൻ ഹിന്ദുവാണോ എന്ന ചോദ്യം പ്രബലമായി ത്തീരുന്നു. ക്ഷേത്ര ത്തിൽ പ്രവേശം നിഷേധിക്കപ്പെടുന്ന മനുഷ്യാനന്തരവിഷയിക്കു തെയ്യത്തിനു പോകുമ്പോൾ സ്വാഗതം ലഭിക്കുന്നു. ദ്രാവിഡസംസ്കാരം ശരീരത്തിന്റെയും ഭൂമിയുടെയും ആട്ടത്തിന്റെയും കൂട്ടത്തിന്റെയും ആത്മീയതയാണ് എന്ന് കെ.രാജൻ നിരീക്ഷിക്കുന്നുണ്ട്. (2021: 265). തെയ്യം മനുഷ്യാനന്തര കൂട്ടുവാ ഴ്വിന്റെ ഓർമ്മകളുള്ള ഇടമാണ്. മനുഷ്യൻ പുലിയും പുലി മനുഷ്യനും ആകുന്ന തട്ടകം. അതിനാൽ, മനുഷ്യാനന്തരവിഷയി സ്വാഭാവികനിലയിൽ പ്രസ്തുത സാമൂഹികതയിൽ പരിഗണിക്കപ്പെടുന്നു.

ഇത്തരത്തിൽ ഏകമുഖമല്ലാത്ത സങ്കീർണ്ണമായ സാമൂഹികാർത്ഥങ്ങൾ പങ്കിടുന്ന തദ്ദേശവൈകാരികമണ്ഡലമാണ് ചിത്രത്തിലെ സ്വത്വനിർമ്മിതി യുടെ ഉൾപ്രദേശം എന്നു കാണാം. 'ഹെർ' എന്ന സിനിമയിൽ ഈ ഉൾപ്ര ദേശം മുൻപ് സൂചിപ്പിച്ചത് പോലെ ഭാവിയിലേക്ക് തുറക്കുന്ന 'നോവ'മാണ്. ആൻഡ്രോയ്ഡ് കുഞ്ഞപ്പനിൽ 'നോവം' സാമൂഹികാനുഭവങ്ങളുടെ നിഹിതാർ ഥങ്ങളിലേക്ക് പ്രവേശിക്കുന്നു. അനേകം സാമൂഹികാർത്ഥങ്ങൾക്കിടയിൽ നിൽക്കുന്ന മനുഷ്യാനന്തരവിഷയി അമൂർത്തമായി കരുതിപ്പോരുന്ന വൈകാ രികതകളും സ്വകാര്യതകളും വിനിമയങ്ങളും സൂക്ഷ്മമാക്കുന്നു.

കുഞ്ഞപ്പന് കെട്ടുകാഴ്ച സ്വഭാവമില്ല എന്ന് ഷിജൂ സാം വർഗീസ് നിരീക്ഷി ക്കുന്നുണ്ട്. "നായകനായ കുഞ്ഞപ്പൻ എന്ന ആൻഡ്രോയ്ഡ് സിനിമയ്ക്കുള്ളിലെ

മറ്റു കഥാപാത്രങ്ങൾക്കോ സിനിമ കാണുന്ന മറ്റുള്ളവർക്കോ ഒരു വലിയ കാഴ്ചയല്ല. നമ്മുടെ ജീവിതപരിസരങ്ങളിൽ നിരന്തരം പരിചിതമായ ഒരു സാധാരണ കഥാപാത്രം എന്ന ലാഘവത്വം അതിനുണ്ട്. വളരെ പെട്ടെന്ന് കുഞ്ഞപ്പൻ ഒരു നാട്ടുകാരനായി പൊതുവെ സ്വീകരിക്കപ്പെടുന്നു (2021: 236)." മനുഷ്യ വ്യവഹാരത്തിലെ പല ക്രിയകളും ചെയ്യാൻ കഴിയുന്ന യന്ത്രം എന്നതാണ് മനുഷ്യേതരവിഷയിയെ ഇത്തരത്തിൽ നാട്ടുകാർക്ക് സമീപസ്ഥ മാക്കുന്ന ക്രിയാനുഭവം. അലക്കുന്ന, ചായ ഉണ്ടാക്കുന്ന, ചെസ്സ് കളിക്കുന്ന, തല തോർത്തുന്ന, പാട്ടുപാടുന്ന, വിളക്കുകൊളുത്തുന്ന, ദോശ ചുടുന്ന അനേകം ദൈനംദിനക്രിയകൾ നെയ്യുന്ന വലക്കണ്ണിയാണത്. മനുഷ്യാനന്തരവിഷയി യുടെ കർത്തൃനില ഈ വലക്കണ്ണിയിലാണ് നിർണ്ണയിക്കപ്പെടുന്നത്. ഇവിടെ അനുഭവങ്ങളുടെ തൽക്ഷണത്വത്തിലാണ് റോബോട്ടിന്റെ ഉൾസഞ്ചാരം. ഇങ്ങനെ സമീപസ്ഥമായ അനവധി അനുഭവങ്ങളുടെ വലക്കണ്ണിയിലാണ് മനുഷ്യ-മനുഷ്യേതര വിഷയികളുടെ ബന്ധുത നിൽക്കുന്നത്. വീട്ടമ്മമാരും, ചായക്കടക്കാരും, പത്രക്കാരും, വിശ്വാസികളും, ഉദ്യോഗസ്ഥരും, രാഷ്ട്രീയ ക്കാരും അടങ്ങുന്ന സ്ഥാപനവത്കൃതമോ അല്ലാത്തതോ ആയ അനവധി അനുഭവങ്ങളുടെ കൊളാഷ് എന്ന് ഈ സാമൂഹികതയെ പറയാം. 'ദൈനംദിന സാമൂഹികത' (everyday social) എന്ന് ഗോപാൽഗുരുവും സുന്ദർസരുക്കായും ഇത്തരം ഒരു സാമൂഹികതയെ വിശേഷിപ്പിക്കുന്നു.[4]

അപരിചിതമായ അനുഭവലോകത്തോടുള്ള ഭാസ്കരപൊതുവാളിന്റെ ഭീതി മാറുന്നത് തന്റെ അനുഭവങ്ങളിലേക്ക് കൂട്ടായി കുഞ്ഞപ്പൻ ഇറങ്ങി വരുമ്പോഴാണ്. ചെസ്സ് കളിക്കാനും, വെണ്ടക്കയിൽ പുഴു ഉണ്ടെന്ന് ചൂണ്ടിക്കാ ട്ടാനും, മുറി അടുക്കി വൃത്തിയാക്കാനും, വീഴുമ്പോൾ പിടിയ്ക്കാനും, പണ്ടെങ്ങോ മറഞ്ഞു പോയ കാമുകിയോട് സംസാരിക്കാനും കൂടെ ചേരുമ്പോഴാണ് മനുഷ്യാനന്തരവിഷയി മനുഷ്യവിഷയിയെ സ്പർശിക്കുന്നത്. "ചരിത്രത്തിലെ നീണ്ട നൂറു വർഷവും സിനിമ മനുഷ്യനെ കേന്ദ്രീകരിച്ചുതന്നെയാണ് കഥ പറഞ്ഞു പോന്നിട്ടുള്ളത്. മനുഷ്യനും അവന്റെ സ്വപ്നങ്ങളും, മനുഷ്യനും അവന്റെ പ്രതികാരവും, മനുഷ്യനും അവന്റെ കുടുംബവും , മനുഷ്യനും അവന്റെ യന്ത്ര ങ്ങളും-എന്നിങ്ങനെ സിനിമയുടെ പ്രമേയങ്ങളെ 'മനുഷ്യഗന്ധിയായി' നിർ ണ്ണയിക്കുക പോലും ചെയ്യാം" (ജി. പി. രാമചന്ദ്രൻ 2010: 11). തുടക്കത്തിൽ, കുഞ്ഞപ്പൻ എന്ന ആൻഡ്രോയ്ഡ് ഇത്തരത്തിൽ മനുഷ്യവ്യവഹാരങ്ങളിൽ സ്വതന്ത്രകർത്തൃനില തടയപ്പെട്ടു നിൽക്കുന്നു. ജാതിയും മതവും ഇല്ലാതാകുന്ന ഭാവിയെ സംബന്ധിച്ച നിലപാട് കുഞ്ഞപ്പനിൽ നിന്ന് ഭാസ്കരപൊതുവാൾ സമീകരിക്കുന്നുണ്ട്.

പരിചരണങ്ങൾക്കും ശുശ്രൂഷകൾക്കും വിധിക്കപ്പെട്ട ഒരു ജനതയുടെ പിന്തുടർച്ചയിലാണ് ആൻഡ്രോയിഡ് കുഞ്ഞപ്പൻ തൊഴിൽ തേടുന്നത്. അസംഘടിതരായ ജനതയോടുള്ള അധികാരവർഗ്ഗത്തിന്റെ ഭീതിയാണ് യന്ത്രഭീതിയായി ചിത്രത്തിൽ തുടരുന്നത്. കൊറോണാസന്ദർഭത്തിൽ ഡിജിറ്റൽ ഡിവൈഡിന്റെ സാംസ്കാരികാടരുകൾ സാങ്കേതികതയുടെ സാമൂഹികബലങ്ങൾ വെളിപ്പെടുത്തി. “ജാതിബ്രാഹ്മണ്യവും ചരിത്രപരമായ ഉച്ചനീചത്വങ്ങളും സാമ്പത്തിക-സാമൂഹികാനീതികളും കൊടികുത്തിവാഴുന്ന ഇന്ത്യയെപ്പോലൊരു രാജ്യത്ത് മനുഷ്യേതരജീവിതങ്ങളുടെ കർത്തൃത്വങ്ങളെക്കുറിച്ചും പോസ്റ്റ്ഹ്യൂമൻ ചിന്തയെക്കുറിച്ചും ചർച്ചചെയ്യുന്നതിന്റെ അനൗചിത്യം മുന്നിൽ നിൽക്കുന്നുണ്ട്. ഇതുവരെയും മനുഷ്യരായിപ്പോലും അംഗീകരിക്കപ്പെടാത്ത നിരവധി അധോമനുഷ്യരുള്ള ഈ ദേശത്ത് പുഴക്കളുടെയും പൂമ്പാറ്റകളുടെയും പറവകളുടെയും വൈറസുകളുടെയും യന്ത്രങ്ങളുടെയും വസ്തുക്കളുടെയും സൈബോർഗുകളുടെയും കർത്തൃത്വത്തെക്കുറിച്ചു പറയുന്നത് പരിഹാസ്യമായി വിലയിരുത്തപ്പെട്ടേക്കാം.” (പ്രസാദ് പന്ന്യൻ: 2021: 50). ചിത്രത്തിൽ ഭാസ്കര പൊതുവാളിന്റെ പരിചാരകരുടെ ജാതി നിരന്തരം ഉറക്കെ പ്രഖ്യാപിക്കുന്നുണ്ട്. മനുഷ്യവ്യവഹാരങ്ങളുടെ തദ്ദേശ സാമൂഹികപരിസര യാഥാർത്ഥ്യങ്ങളിലാണ് ‘ജപ്പാനിലെ ഉന്നതകുലജാതനായ മനുഷ്യേതരവിഷയി’ നിർമ്മിതമാകുന്നത്. മതേതരവും കേവലവുമായ സ്വത്വനിലയല്ല ഇവിടെ മനുഷ്യേതരവിഷയിക്ക് ലഭ്യമാകുന്നത്. അധിനിവേശിതസമൂഹത്തിലെ മനുഷ്യവ്യവഹാരങ്ങളുടെ -ലിംഗപദവിബന്ധങ്ങളുടെയും മതജീവിതത്തിന്റെയും രാഷ്ട്രീയബോധ്യങ്ങളുടെയും സങ്കീർണ്ണതകൾ മനുഷ്യേതര ലോകങ്ങളിലേക്കും വ്യാപിക്കുന്നു.

യന്ത്രവും മനുഷ്യവിനിമയവും തമ്മിലുള്ള ശ്രേണീപരമായ അധികാരപ്രതിസന്ധികൾ ചിത്രം ദൃശ്യപ്പെടുത്തുന്നു. സ്വതന്ത്രവും നിർവാഹകശേഷിയുമുള്ള സ്വത്വപദവി മനുഷ്യാനന്തരവിഷയിക്കു ലഭ്യമാകുന്നില്ല. മനുഷ്യവൈകാരികതകളുടെ ശുശ്രൂഷക കർത്തൃത്വമാണ് റോബോട്ടിൽ ആരോപിതമാകുന്നത്. സ്ത്രീകളും വൃദ്ധരുമാണ് കുഞ്ഞപ്പനെ സുഹൃത്തായി കൂടെ കൂട്ടുന്നത് എന്നത് ശ്രദ്ധേയമാണ് എന്ന് ഷിജു സാം വർഗീസ് നിരീക്ഷിക്കുന്നു. (2021: 236). ഹ്യൂമനിസം എന്ന പഴയ കല്പനയിൽ നിന്ന് മുന്നോട്ടുനീങ്ങി, പ്രകൃതിയെയും എല്ലാ ചരാചരങ്ങളെയും, സ്ത്രീയുടെയും ബഹിഷ്കൃതരുടെയും പുതിയ സ്വത്വങ്ങളെയും ഉൾക്കൊള്ളുന്ന പുതിയൊരു ഹ്യൂമനിസമാണ് നമുക്ക് ആവശ്യം എന്ന് ജി.മധുസൂദനൻ നിരീക്ഷിക്കുന്നുണ്ട് (2009: 102). ബഹിഷ്കൃതസമൂഹങ്ങൾ

കർത്തൃപദവി നേടുന്ന ഈ സ്വത്വകല്പനയിലേക്ക് മനുഷ്യാനന്തരവിഷയിയുടെ കർത്തൃത്വം ആൻഡ്രോയിഡ് കുഞ്ഞപ്പൻ ചേർത്തുവയ്ക്കുന്നു.

## ഉപസംഹാരം

മനുഷ്യമനുഷ്യാനന്തരവിഷയിയുടെ വിനിമയങ്ങളിലെ അധികാരനിലകളും സാമൂഹികതയും ആൻഡ്രോയിഡ് കുഞ്ഞപ്പൻ വേർഷൻ 5.25 എന്ന ചിത്രം അഭിസംബോധന ചെയ്യുന്നു. അധിനിവേശിതലോകങ്ങളിലെ കാമനകളുടെയും, ദൈനംദിനാനുഭവങ്ങളുടെയും വലക്കണ്ണിയിലാണ് മനുഷ്യേതരമാനവികവിഷയിയുടെ ഇതര വാഴ്വുകൾ സാമൂഹികമായി നിർണ്ണയിക്കപ്പെടുന്നത്. മനുഷ്യവ്യവഹാരങ്ങളുമായി കലരുമ്പോഴും വിടവുകൾ ശേഷിക്കുന്ന മനുഷ്യാനന്തരവിഷയിയുടെ കർത്തൃനില അധിനിവേശിതസമൂഹത്തിൽ ഇനിയും ആവിർഭൂതമാകേണ്ട മനുഷ്യ-മനുഷ്യേതര സഹജീവനം വിഭാവനം ചെയ്യുന്നു. ഭാവിയിലേക്കു തുറക്കുന്ന പുതുമകളുടെ (novum) പ്രപഞ്ചങ്ങളിൽനിന്ന് അധിനിവേശിതപ്രദേശങ്ങളിലേക്ക് ഇറങ്ങി വരുന്ന മനുഷ്യാനന്തരവിഷയി യൂറോപ്യൻ ഉദാരമാനവശാസ്ത്രയുക്തികളെ അപകോളനീകരിക്കുന്നു.

## കുറിപ്പുകൾ

1 ഏതായാലും ഒരു കാര്യം തീർച്ചയാണ്. മനുഷ്യൻ ഒരിക്കലും പണ്ട് മുതലേ നില നിന്ന് പോന്നതോ സുസ്ഥിരമോ ആയ ഒരു വൈജ്ഞാനിക പ്രശ്നമല്ല. താരതമ്യേന ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ ഒരു നിശ്ചിത ഭൂപ്രദേശത്ത്, അതായത് പതിനാറാം നൂറ്റാണ്ടു മുതൽക്കുള്ള യൂറോപ്യൻ സംസ്കാരത്തിനുള്ളിൽ സമീപകാലത്ത് മാത്രമുണ്ടായ ഒരു കണ്ടെത്തലാണ് 'മനുഷ്യൻ' എന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. നമ്മുടെ ചിന്തയുടെ പുരാവസ്തുശാസ്ത്രം അനായാസമായി വെളിപ്പെടുത്തുന്നത് മനുഷ്യൻ അടുത്ത കാലത്ത് നടന്ന ഒരു കണ്ടുപിടിത്തമാണെന്നും ഒരുപക്ഷേ അതിന്റെ അന്ത്യം അടുത്തു കൊണ്ടിരിക്കുന്നു എന്നുമാണ്. അതിനാൽ കടൽത്തീരത്തെ മണൽത്തട്ടിൽ വരച്ച ഒരു മുഖം പോലെ മനുഷ്യൻ മാഞ്ഞു പോകുമെന്ന് തന്നെ ഒരുവന് വാതുവയ്ക്കാവുന്നതേയുള്ളൂ. (Foucault , Michel . The order of Things: An archeology of human sciences. London and New York: Routledge. 422: 2002)

2 വിശേഷബുദ്ധി ഇല്ലാത്ത സർവമൃഗങ്ങളും തങ്ങളുടെ അതാതു വർഗങ്ങളിൽ ജന്തുക്കൾ അഭിവൃദ്ധിയായി വന്നു കൊണ്ടിരിപ്പാൻ തൽക്കാല സദൃശങ്ങളായ പ്രവൃത്തികൾ വിശേഷബുദ്ധിയുള്ള മനുഷ്യനെ പോലെ പോലെ പ്രവർത്തിക്കുന്നത് കാണുമ്പോൾ ഈ പ്രപഞ്ചത്തെ സ്ഥിതിചെയ്യിക്കാനായിട്ട് ഒരു പരാശക്തി ഉണ്ടെന്നുള്ളതിന് വാദം ഉണ്ടാകാൻ പാടുണ്ടോ? അങ്ങനെയുള്ള ശക്തിയുടെ സൂക്ഷ്മ സ്വഭാവങ്ങളെക്കുറിച്ചൊന്നും പറയാൻ എനിക്ക് കഴിയില്ലെങ്കിലും ഉണ്ടെന്ന് അറിവാൻ കഴിയും. ആ പരാശക്തിയെ ഞാൻ ദൈവം എന്ന് അനുമാനിക്കുന്നു. " (ഇന്ദുലേഖ, ഒ. ചന്തുമേനോൻ: 2009: 211)

ഇവിടെ "വിശേഷബുദ്ധി"എന്നതാണ് മനുഷ്യനെ മനുഷ്യേതര ലോകങ്ങളിൽ നിന്ന് വിഭിന്നനാക്കുന്നത്. മറ്റൊന്ന്, മനുഷ്യനെ പോലെയുള്ള പ്രവർത്തനങ്ങളാണ് മൃഗലോകത്തെ അഭിമതമാക്കുന്നത്. ഉണ്ടെന്നുള്ളതിനുള്ള സൂക്ഷ്മസ്വഭാവങ്ങൾ പറയുന്നത് ശാസ്ത്രയുക്തിയുടെ ലക്ഷണമാണ്. പക്ഷെ, ഉണ്ടെന്നുള്ള അറിവ് ഒരു സങ്കല്പമാണ്. ഈ

ഭാവനാത്മകതയെയാണ് ദൈവം എന്ന് നോവൽ അനുമാനിക്കുന്നത്. തന്റെ ആഗ്രഹങ്ങൾ സാധിപ്പിക്കുന്ന അത് വഴി ജീവിതത്തിന് സ്വാസ്ഥ്യവും സമാധാനവും നൽകുന്ന വൈകാരിക ഇടനിലക്കാരനായാണ് റോബോട്ടിന്റെ നിൽപ്.

3 മാനകകുടുംബക്രമത്തിന്റെ സംഘർഷം മൃഗവും മനുഷ്യനും തമ്മിലുള്ള പ്രേരണാബന്ധത്തിൽ കാണാം. മകൾ നഷ്ടപ്പെടുന്ന പിതാവിന് നീലാണ്ടനെ തിരിച്ചുകിട്ടുന്ന കഥയുടെ പരിസമാപ്തി സൂചിപ്പിക്കുന്നതെന്താണ്? മൃഗവും കൂടി ചേർന്നു പൂർത്തീകരിക്കുന്ന, പലപ്പോഴും മക്കളേക്കാൾ വളർത്തുമൃഗങ്ങൾ പ്രധാനമാകുന്ന സന്ദർഭം കൂടിയാണത്. മകളോടുള്ള കടമകൾ മറന്ന് മൃഗത്തെ തേടി നടക്കുന്ന അച്ഛന്റെ കഥയുമാണിത്. മാനകകുടുംബഘടനയുടെ യുക്തിയിൽ പിതൃത്വം വെല്ലുവിളിക്കപ്പെടുന്ന മറ്റൊരു സന്ദർഭം.

(ഉഷാകുമാരി.ജി,വീട്ടരുമകളും കുടുംബകഥനങ്ങളും http: //orukappuchaaya. blogspot. com)

4 What do we mean by everyday social? The everyday social is life as lived everyday by individuals who function within relationships with other individuals. This social consists of the societies of housewives, maids, children, women in the market, City Sanitation workers , interaction around the small shops and bakeries, little eating joints, auto drivers, public transport and other such kindness everyday things and processes around us. (Experience, Caste and Everyday social, Gopal guru, sundar sarukkai: 2019: 12)

## ആധാരസൂചി


1. ഉദയകുമാർ, 2009, കാഴ്ചയും വായനയും ചിഹ്നവ്യാപാരങ്ങളെ സംബന്ധിച്ച ചില പ്രശ്നങ്ങളും, (ഇന്ദുലേഖ, ചന്തുമേനോൻ, ഡി സി ബുക്സ്).
2. പ്രസാദ് പന്ന്യൻ, പോസ്റ്റ്ഹ്യൂമൻ ചിന്തയ്ക്ക് ഒരു ആമുഖം, 2021 , ആർ യു ഹ്യൂമൻ-മനുഷ്യേതരമാനവികതയ്ക്ക് ഒരു ആമുഖം, ഡി സി ബുക്സ് .
3. മധുസൂദനൻ ജി, 2009, ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ, കറന്റ് ബുക്സ്.
4. രാജൻ, കെ, പ്രകൃതിയെ അപകോളനീകരിക്കുമ്പോൾ: ട്രാൻസ് മോഡേൻ പോസ്റ്റ്ഹ്യൂമനിസത്തിലേക്ക് , പ്രസാദ് പന്ന്യൻ (എഡി: ) 2021 ആർ യു ഹ്യൂമൻ-മനുഷ്യേതരമാനവികതയ്ക്ക് ഒരു ആമുഖം, ഡി സി ബുക്സ് .
5. രാമചന്ദ്രൻ ജി. പി, 2010, സിനിമയും മലയാളിയുടെ ജീവിതവും, സാഹിത്യ പ്രവർത്തക സഹകരണ സംഘം.
6. ശ്രീകുമാർ. ടി. ടി, 2021 , പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ- ശാസ്ത്രം, സൗന്ദര്യം, മുതൃരാഷ്ട്രീയം, പുസ്തക പ്രസാധന സംഘം.
7. ഷിജു സാം വർഗീസ്, 2021, പോസ്റ്റ് ഹ്യൂമനിസം മലയാള സിനിമയിൽ: ആൻഡ്രോയിഡ് കുഞ്ഞപ്പൻ വേർഷൻ 5. 25 നെ മുൻനിർത്തി ചില ആലോചനകൾ, പ്രസാദ് പന്ന്യൻ (എഡി: ) ആർ യു ഹ്യൂമൻ-മനുഷ്യേതരമാനവികതയ്ക്ക് ഒരു ആമുഖം, ഡി സി ബുക്സ് .
8. സുധീഷ് കോട്ടേമ്പ്രം, 2021, തുന്നി ചേർത്ത മൂന്നാം കൈ: കല, യന്ത്രഭാവന

ആവാസശാസ്ത്രം , പ്രസാദ് പന്ന്യൻ (എഡി: ) ആർ യു ഹ്യൂമൻ-മനുഷ്യേതരമാനവികതയ്ക്ക് ഒരു ആമുഖം, ഡി സി ബുക്സ് .

## Filmography

1. ആൻഡ്രോയിഡ് കുഞ്ഞപ്പൻ വേർഷൻ 5.25, രതീഷ് ബാലകൃഷ്ണ പൊതുവാൾ, 2019, മാക്സ് ലാബ് സിനിമാസ് ആൻഡ് എന്റർടൈൻമെന്റ്.
2. മൈ ഡിയർ കുട്ടിച്ചാത്തൻ, ജിജോ പുന്നൂസ് , 1984 , നവോദയ.
3. E.T. , Steven Spielberg, 1982, Amblin Entertainment, Universal Pictures.
4. Her, Spike Jonze, 2013, Annapurna Pictures.
5. P.K. ,Rajkumar Hirani, 2014, Rajkumar Hirani Films and Vinod Chopra Films.

*film.poetic@gmail.com*
*porkalamattam@gmail.com*

# The Whisper Getting Louder: Articulating the Posthuman in Select Animated Movies

Reshma P. K. & Nithin Lal
Research Scholars in English Language & Literature, Institute of English, University of Kerala.

## Abstract

What if Gaia had the agency to raze all the concrete jungles that dug deep into her system and stung like a bee? What if she uprooted all of humanity and whooshed them away? Human beings are likely to raise the question: How will the earth survive without us? The answer is simple- nothing will happen to Gaia, she will breathe blissfully, and live on; adapting to the changes. Umpteen narratives started to question the prevailing anthropocentrism and this comes under the broad burgeoning area of Posthumanism. According to Anthony Dungan the theoretical framework of posthumanism attempts to reimagine what a human is or rethink humanity's place in the society. It can be from the perspective of a world without humans, or by replacing the authority of humans as the supreme beings. Visual media plays a pivotal role in revamping such idealised notions. Through his thought-provoking visual animated short movies, stalwarts like Steve Cutts have questioned the notion of anthropocentrism, and his visual narratives have won international critical acclaim. The present study will focus on

the posthuman elements in portraying the non-humans in select animated movies in the light of Animal Studies and Ecology.

**Keywords**: Posthumanism, Non-humans, Animal Studies, Anthropocentrism, Ecology, Visual Media, Animated Movies.

> "If all the beasts were gone, men would die from a great loneliness of spirit, for whatever happens to the beasts also happens to the man. All things are connected. Whatever befalls the Earth befalls the sons of the Earth." –Chief Seattle.

From time immemorial narratives sprouted here and there purporting the importance of oneness among all-natural resources in our universe and thus thwarting anthropocentrism, the idea under the title "Posthumanism," garnered much critical acclaim, recently as a promising field of study, a number of research works happen in the area and thus inviting the popular attention among such topics which is definitely the need of the hour.

> While the term *posthumanism* seems to suggest life beyond biology, and sometimes more specifically human life beyond the current bounds of humanity, it also signals a renewed interest in the biological world, ideas of human animality, and our kinship with other creatures (as we see in the field of animal studies), as well as new integrations and manipulations of information and biological technologies. (Feder 226)

By replacing anthropocentric notions, such ecocritical assumptions (esp. Animal Studies) welcome a broader perspective where the very idea of naming something 'non-human' is questioned enormously. The relationship between humans and non-humans goes back centuries. The prehistoric cave paintings amply narrate the pre-occupation. But, non-humans are depicted in such narratives as something that is to be 'controlled' or simply 'chained down' and something that is to be consumed in order to satisfy human hunger. Novel literary-critical areas like human-animal studies address the voices of the under-representatives. These new arenas opened up new vistas and questioned the uniqueness of human beings. Like Animal Studies, Transhumanism too opened up

to think about human supremacy over the world. Sophia, the first robot to receive citizenship of Saudi Arabia, triggered a nightmare among the highest-ranking human beings proving that living in a highly technological world and controlled by artificial intelligence, being a mere human being counts for nothing.

Coming back to posthumanism and animal studies, Cary Wolfe through his *What is Posthumanism?* argues that "the posthuman challenge of this field is lost when 'the anima' becomes simply another 'object' of study (xxix). Thus, animal studies as a new field fill the less addressed gap, where animals are treated as being more than mere objects. Further, it thwarts the stereotypical binaries created by man to define what a non-human is. This posthumanist turn or thinking beyond the human created a wave in different domains. Like that, Environmental Justice stands to thwart the very idea of 'one standard fit all.' This widely accepted notion is spreading not only in the case of environmental justice but the very attitude of the Global North towards the Global south is also a good example, the white man dominates the world. Looking from the perspective of environmental justice,

> "A large proportion of African Americans and Hispanics, compared to whites lived in air nonattainment areas for particulate matter, carbon monoxide, ozone, sulfur dioxide, and lead" (D. Wernette and I. Nieves). "Health effects such as high asthma deaths, increased infant mortality, and high rates of all forms of cancer seem concentrated in these urban centers'' (National Center for Health Statistics).

Just a simple internet search would provide us with umpteen data regarding the issues faced by people of colour and protestors worldwide calling for action. The United States Environmental Protection Agency defines Environmental Justice as:

> "Environmental justice (EJ) is the fair treatment and meaningful involvement of all people regardless of race, color, national origin, or income with respect to the development, implementation, and enforcement of environmental laws, regulations, and policies."

But what about the non-humans, as Jeremy Bentham, rightly pointed out,

> "The question is not, Can they reason? Nor, can they talk? But, can

> they suffer? Why should the law refuse its protection to any sensitive being?" (309).

In every single case when the 'harmed community' or the 'marginalised ones' is identified there is a tendency to bracket down within the spectrum of human beings, it is high time to shift to broader perspectives. Literature and visual media provide a shift in the 'perspective', especially through anthropomorphized animal characters they are trying to voice the voiceless. A number of daring attempts were made by documentary directors to spread light on the hellacious attitude and arrogance of the anthropocentric attitude towards non-humans, viz. *Earthlings* (2005), *Kangaroo: A Love-Hate Story* (2017). Animated movies through the portrayal of anthropomorphized characters entertain and educate a wide range of audiences and encourage them to think and empathise with the non-humans. Through animated movies like *Pocahontas* (1995), the viewers are taken into a completely new world where humans and animals cohabit peacefully. Pocahontas has a hummingbird and a raccoon, they are presented as her siblings, just like the vision of Chief Seattle, and the wise old willow tree spreads words of wisdom. The movie urges its viewers to live in harmony with natural resources instead of plundering them. Eduardo Kohn in his much-acclaimed work, *How Forests Think: Toward an Anthropology Beyond the Human* (2013), questioned the ubiquitous

> "posthuman critiques of the ways in which we have treated humans as exceptional—and thus as fundamentally separate from the rest of the world—by developing a more robust analytic for understanding human relations to nonhuman beings", and he called this approach as an "anthropology beyond the human" (7).

The select animated movies for the present study, *Back to the Outback* (2021), *Ferdinand* (2017), and *The Ant Bully* (2006), envisaged the idea put forth by Arne Naess through his pathbreaking article titled; '*The Deep Ecological Movement: Some Philosophical Aspects,'* that is,

> "The well-being and flourishing of human and non-human life on Earth have value in themselves (synonyms: intrinsic value, inherent value). These values are independent of the usefulness of the non-human world for human purposes" (49).

Instead of a shallow approach, where the emphasis is upon resources for humans, he called for a 'deep approach,' where the concern is with resources and habitat for all life forms for their own sake. The select movies portray the paradigm shift that happened in the genre of animated movies. Animated movies starting with *Cinderella,* the genre tried to marginalize animal companions as mere supporters of the protagonist or the titular hero or heroine, but the genre introduced a shift from movies like *Dumbo* (1941)*, Bambi* (1942) onwards, where the story centers around the emotions or plainly from the point of view of non-humans.

Kenneth Shapiro's *Society and Animals* (1993), is considered to be one of the first journals dedicated to Animal Studies, and he elaborated on 'the main purpose' of the journal as: "is to foster within the social sciences, a substantive subfield, animal studies" (1). Animal Studies critically analysed the concepts of Anthropomorphism, Framing, Dehumanisation, and Language & Reason. According to Volpato and Luca Andrighetto, the dehumanised people are seen as: "irrational, immature, coarse, unlearned or lacking self-control" (31). When a human being is dehumanised he/she feels like they are treated badly and the same goes for an anthropomorphised being when it is dehumanised.

> "OVER the last decade, ecocritics have insightfully addressed the representation of ecological issues in film and have also begun a vital environmentalist critique of the political economy of the audio-visual media by assessing the ecological effects of their production" (Ingram 459).

Among them, visual media, especially animated movies, tried to portray animal stories with a different perspective, where the animals have their own stories and viewers step into their shoes and empathise with them. Animated movies like *Ratatouille* (2007), *Madagascar* (2005), *Charlotte's Web* (1973), *Turbo* (2013), *Open Season* (2006), *One Hundred and One Dalmatians* (1961), *Epic* (2013), *Khumba* (2013), *The Good Dinosaur* (2015), has aided to widen the audience's perspective. *Turbo* (2013) narrates the story of a snail named Theo, who dreams to become the world's fastest snail and in *Khumba* (2013), there is a zebra named Khumba, who is half-striped and for the same reason ostracized from his community. *The Good Dinosaur* (2015) even goes further by portraying the dinosaur

with 'the so-called human attributes' and the human child in the movie as a 'dog', the director of the movie, Peter Sohn himself stated: "It's the story of a boy and his dog—only in our story, the boy is a dinosaur and the dog is a boy" ('The Good Dinosaur') thus the movie brilliantly questioned the ubiquitous human, non-human binary.

Chaz Hunt and Chazzie (*Back to the Outback),* Juan, Nina and El Primero (*Ferdinand),* Lucas Nickle and Stan Beals, The Exterminator *(The Ant Bully)* are the human counterparts in the selected movies. Chaz Hunt, El Primero, and Beals represent the anthropocentric masculine/ representatives of 'shallow ecology'; whereas Chazzie, Juan, Nina, and Lucas represent the objectives of 'deep ecology.' This distinction can be seen in the case of animal counterparts in the movies too, say for example, in *Back to the Outback,* Pretty Boy, the koala, simply copies the shallow ecologists.

By imprinting a 'disanthropocentric gaze' the paper tries to bring the attention of fellow readers to what Elena Past put forth in her *Italian Ecocinema : Beyond the Human* (2019)*,*

> "Such attention to the vast nonhuman 'periphery' of human experience can help us to reconsider human responsibility – and perhaps even rewrite our human narrative – in the Anthropocene world that we are precipitously reshaping" (15).

First, the study will look at *Back to the Outback* (2021), the animated movie is all about a group of Australia's deadliest creatures who plots a daring escape from the zoo to the Outback. Australia is noted for its unique fauna, they have a wide variety of deadly spiders, kangaroos, and cute koalas in the beautiful land. Most of the outsiders are worried about the so-called 'deadliest creatures' in Australia, they ask: "But how did you deal with all the spiders and snakes? And the truth is, most people don't come across any'' (Williams). One need to think twice before naming something as 'weird' or 'deadliest'. The role played by language in ecological issues and environmental problems is really important. Linguists like Matthias Jung uses text corpora from newspapers and investigated changes over time in environmental vocabulary. As Goatly (Following J.R. Martin) rightly pointed out, the 'nominalizations' used in environmental texts put less emphasis on the affected beings and he

Feb., 2023-Jan. 24
Volume 02: No. 1

cites some examples: *a slaughtering operation, killing methods, killing techniques, a humane death.* These compound nouns may 'reduce and downgrade the affected to modifier status, for example: '*the seal hunt, the whitecoat harvest.'* (Goatly 555). One should give more importance to such language problems too. Arran Stibbe in his "*Ecolinguistics: Language, Ecology and the Stories we Live By"* delve deep into such language issues and suggests nine forms of story, the eighth one 'Erasure' is really important where Stibbe talks in detail about the patterns of language which fail to represent a particular area or which distort it.



Fig 1 & 2: Representation of Cuteness: Children crowd to take pictures of the 'cute' koala Pretty Boy, and a boy holding a 'cute' kangaroo and posing for a photograph. (Source: Back to the Outback).




Fig 3, 4 & 5: Representation of Horror: Horrific representation of the 'deadliest creatures.' (Source: Back to the Outback).

The movie has strong similarities with *Madagascar* (2005), both narrate the story of captive animals, and the central protagonists' ultimate desire to get back to their natural habitat, or simply a world without chains. Both Marty (a zebra in *Madagascar*) and Maddie (a venomous inland taipan in *Back to the Outback*) slip into their beautiful reverie staring at the mural hung in the center of their cage. The mural represents their hunger for freedom. When the visitors share a loving gaze at the cute bilbies, koalas, and squirrels, they spare a hatred 'look' at the so-called 'deadliest reptiles.' Jackie, the saltwater crocodile, Frank, a funnel-web spider, Zoe, a thorny devil, and Nigel, a marbled scorpion are portrayed as pacifists throughout the movie. Thus, the movie tries to assert the fact that it does not matter what you look like on the outside. It is what is on the inside that counts. Stacy Alaimo, too ventured into the less discussed area of 'representation of nature' in movies, she opined that: "representations have material consequences" (279) and add, how "monster movies vilify nature, justifying the slaughter of creatures we construct as repulsive" (280), through *Back to the Outback,* Clare Knight and Harry Cripps revamped the notion of 'deadliest creatures,' and the movie gives an answer to what McFarland argued worriedly about the representation of non-humans in movies, she asserts: "have real consequences for the actual living being and breathing beings" (90).



Fig 6: Maddie, the inland taipan gazing at the mural. (Source: Back to the Outback).

The second movie, *Ferdinand* (2017), takes its viewers to the harsh realities and the uncouth attitude towards the bulls in Spanish bullrings. "Over the centuries, bullfighters have found countless ways to rig the

"fight" in their favor. Bulls have been weakened with drugs or by having sandbags dropped on their backs. Their horns have been shaved to keep them off-balance, or petroleum jelly has been rubbed into their eyes to impair their vision" (PETA). The movie daringly opens up the hellacious attitude of the matador (bullfighter) through the character El Primero; he is psychotic and merciless. At the same time, Ferdinand the bull is a pacifist who loves flowers. He respects the natural resources around him and sinks into melancholy if someone crushes any flowers; again, one can compare El Primero as a shallow ecologist and Ferdinand as a deep ecologist. The movie is notable in many senses because it is one of the rare stories where the bull is left unhurt after the fight.

Arran Stibbe in his *Ecolinguistics: language, ecology and the stories we live by,* discusses in the chapter titled *Erasure,* how advertisements use external discourses or simply 'mask,' "where animals and plants have been erased and replaced with a distorted version of themselves (the stock of biological resources)" (152) he adds that "the 'speaking animal' here is a 'mask' – a distorted version that erases the reality of the animals themselves and the conditions that they are kept in" (153). Movies like *Ferdinand* unwrap such "masks" and portray the real life of a bull, after the bullfight they are taken to a slaughterhouse and not to a rehabilitation centre.




Fig 7 & 8: The Masked Ones: Anchor Butter Ad and Britannia Winking Cow Ad. (Source: Anchor Butter Ad/ YouTube, Britannia Winking Cow Ad/ YouTube).



Fig 9 & 10: HP Sauce Ad and The Lactaid Milk Ad. (Source: HP Sauce Ad/ YouTube, The Lactaid Ad/ YouTube).



The movie *Ferdinand* gained worldwide attention, even PETA Kids promoted the movie through its page by announcing:

> "The story has a kind animal rights message. And we love that it's an animated movie, meaning that no real animals were used. Sometimes, animals are mistreated on set or abused during "training" so that they'll act the way the moviemakers want them to. Off set, they typically live in awful conditions. Movies like Disney's 2016 film *The Jungle Book*—which used computer-generated imagery—prove that you can make an awesome movie about animals without hurting them!" (Why We Can't Wait To See The Movie '*Ferdinand*').



Fig 11 & 12: Built to Fight, Born to Love: Ferdinand in a flowery meadow with his family, El Primero leaving the bull unhurt. (Source: Blue Sky Studios/ Ferdinand).

The Ant Bully (2006), set in suburban Las Vegas, follows the story of Lucas Nickle, a ten-year-old, destructive boy. Everyone bullied him so he sublimated his anger and found peace by destroying ant hills. Zoc, an ant, uses a magic potion and shrinks him down; once he is shrunk, he understands that like him, the ants too are outcasts; they have to suffer a lot and are under surveillance of tarantula hawks and are under constant fear of the appearance of an exterminator named Stan Beals. Ants are crushed to death by human beings without caring about their important role in their ecosystem. "Ants are ecosystem engineers, which means that they create and modify their habitats... They also aerate the

soil- essentials for soil health and crop production through this process. Ants likely turn more soil than earthworms. In addition, they participate in decomposition and disperse the seeds of plants. Many species of plants rely entirely on ants to disperse their seeds. Without ants, the world would not be a perfect place to live" (Das). The ant queen during the trial addresses Lucas as an "unusual guest, a human who threatens the very





Fig 13 & 14: When the Shallow Ecologist meets the Deep Ecologists: Lucas' first encounter with the ants and Lucas sublimates his anger by destroying the anthill. (Source: The Ant Bully).




Fig 15 & 16: Lucas in the Ant court and Stan Beals, the exterminator. (Source: The Ant Bully

existence of our colony"(0:14-0:19) and he replies arrogantly: - "Wait a second. How am I supposed to know ants had feelings, family, they are just a bunch of stupid ants!" (0:20-0:29) Zoc, shocked by the reply, retorts back:- "We are not mindless savages" (like humans) (0:35-0:38).

"Animals in most human societies are virtually powerless; we can do as we please with them – exploit, enslave, murder or vivisect to improve *our* lot in life. And, like Achebe's District Commissioner in *Things Fall Apart,* we can also represent animals as self-servingly as we please, in ways that rationalise or justify their continued subjection" (Huggan and Tiffin 169). But in *The Ant Bully,* Hova (an ant) advises Lucas "to discover the ant within," (1: 21) the words were powerful and filled with an array of meanings. The ants turn Lucas into a deep ecologist from a shallow ecologist, by the proclamation: - "We could change the nature of this human and perhaps create a brighter future for all ants. I, therefore, sentence this human to live and work in the colony" (1:03-1:59). The movie thus urges its audience to rethink their attitude towards the non-humans and even to the microorganisms which we consider as menial ones.

The realization that the human animal is one of many life forms engaged in the interwoven (indeed, co-creating) processes of nature and culture (or naturecultures) is the first step toward a posthumanist multiculturalism, an ecocultural materialist practice—toward concepts of subjectivity and knowledge, and knowledge itself, transformed by interconnected social and ecological worlds. It is a step toward a political sensibility in cultural theory and analysis attuned to anthropodenial as well as anthropomorphism, one willing to explore the messiness of

needs and our responsibilities to similarity and to difference. (Feder 235)

All in all, the select animated movies, spread light on the less-discussed area of posthumanism and animal studies, mainly focusing on the issue of 'habitat.' Through the select animated movies, the study analysed the performative shifts and the "deanthropocentred" notions, which are the underlying meanings imprinted in the movies. In an increasingly urbanising world, it is hard for non-humans to co-exist with the emerging concrete jungle! Raccoons, monkeys, and elephants visiting the city are harmed and sometimes even battered down by the 'supreme human beings. Thus co-existence is the only apt solution for this, like Arne Naess rightly purported, the deep ecological movement tries to clarify the fundamental presuppositions underlying our economic approach regarding value priorities, philosophy, and religion, and attempts to question homocentrism.

## Works Cited

1. Alaimo, Stacy. "Discomforting Creatures: Monstrous Natures in Recent Films." *Beyond Nature Writing: Expanding the Boundaries of Ecocriticism.* Edited by Karla Armbruster and Kathleen R. Wallace, U P of Virginia, 2001.
2. *Back to the Outback.* Directed by Clare Knight and Harry Cripps, Netflix, 2021.
3. Bentham, Jeremy. *An Introduction to the Principles of Morals and Legislation.* T. Payne and Son, 1789.
4. Bott, Susan. "Lactaid Cow", *YouTube,* 04 Nov 2015, https://www.youtube.com/watch?v=O8qfkC6s3_w. Accessed 01 Mar 2022.
5. Britannia Winkin Cow. "Britannia Winkin' Cow Thickshakes," *YouTube,* 18 Apr 2019, https://www.youtube.com/watch?v=iYHIuXDoggs. Accessed 01 Mar 2022.
6. D. Wernette and I. Nieves, *"Minorities and Air Pollution: A Preliminary Geographic Analysis,"* presented at the Socio-economic Research Conference II, 27-28 June 1991.
7. Das, Srijana Mitra, "Ants are amazing scientific and social beings — we humans need them." *The Times of India.* https://timesofindia.indiatimes.com/ants-are-amazing-scientific-and-social-beings-we-humans-need-them/articleshow/76097345.cms updated: May 30, 2020. Accessed 20 Feb. 2022.
8. Dungan, Anthony and Israa Khalifa. "What is Posthumanism, and Why Should You Care?" *Thoughtful Play.* https://pages.stolaf.edu/thoughtfulplay/what-is-posthumanism/ Accessed 07 Mar. 2022.
9. ee ddc. "Ant queen announces the punishment to that boy—to do a hard work." *YouTube,* 24 Apr. 2017, https://www.youtube.com/watch?v=C0Qiidu6Nws. Accessed 01 Mar. 2022.

10. FM1156. "Anchor Butter Presents Cow Soccer TV Commercial HD," *YouTube,* 19 Apr. 2016, https://www.youtube.com/watch?v=y0XykCCS8KM. Accessed 01 Mar. 2022.

11. Feder, Helena. "Ecocriticism, Posthumanism, and the Biological Idea of Culture." *The Oxford Handbook of Ecocriticism.* Edited by Greg Garrard. Oxford U P, 2014.

*12.* *Ferdinand.* Directed by Carlos Saldanha, 20th Century Fox, 2017.

13. Fill, Alwin. and Peter Mühlhäusler. editor. Ecolinguistics: State of the Art, *The Ecolinguistic Reader, Language, Ecology and Environment.* Continuum, 2001.

14. Huggan, Graham and Helen Tiffin. *Postcolonial Ecocriticism: Literature, Animals, Environment,* Routledge, 2015.

15. Ingram, David. "Rethinking Eco-Film Studies." *The Oxford Handbook of Ecocriticism,* editor Greg Garrard, Oxford U P, 2014.'

16. Kohn, Eduardo. *How Forests Think: Toward an Anthropology Beyond the Human.* U of California P, 2013.

17. "Learn About Environmental Justice." *United States Environmental Protection Agency.* https://www.epa.gov/environmentaljustice/learn-about-environmental-justice#:~:text=Environmental%20justice%20(EJ)%20is%20the,environmental%20laws%2C%20regulations%20and%20policies. Accessed 19 February 2022.

18. McFarland, Sarah. "Dancing Penguins and a Pretentious Raccoon: Animated Animals and 21st Century Environmentalism." *Animals and Agency: An Interdisciplinary Exploration.* Editor. Sarah E. McFarland and Ryan Hediger, Brill, 2009.

19. Naess, Arne. "The Deep Ecology Movement: Some Philosophical Aspects." *Ecocriticism: The Essential Reader,* editor. Ken Hiltner, Routledge, 2015.

20. National Center for Health Statistics (NCHS), "Health of Black and White Americans, 1985-87", Series 10. Data from the National Health Interview Survey, No. 171, U.S. Department of Health and Human Services, January 1990.

21. Ninety's Commercials. "HP Sauce Makes Beef Sing commercial 1992", *YouTube,* 12, Jan 2020, https://www.youtube.com/watch?v=voW1DYCgWKI. Accessed 01 Mar 2022.

22. Past, Elena. *Italian Ecocinema: Beyond the Human.* Indiana U P, 2019.

23. PETA. "Animals are not ours", *Bullfighting.* https://www.peta.org/issues/animals-in-entertainment/cruel-sports/bullfighting/. Accessed 20 Feb. 2022.

24. Seattle, Chief. *The Speech of Chief Seattle.* Applewood Books, 2000.

25. Shapiro, Kenneth. "Editor's Introduction to Society and Animals." *Journal of Society and Animals,* vol.1, no.1, 1993, doi: 10.1163/15685309X00091.

26. Stibbe Arran. *Ecolinguistics language, ecology and the stories we live by.* Routledge, 2015.

*27.* *The Ant Bully.* Directed by John A. Davis, Warner Bros. Pictures, 2006.

28. "The Good Dinosaur" — A Coming-of-Age, "Boy" and "Dog" Story. *ClickTheCity.*

https://www.clickthecity.com/movies/article/19137/the-good-dinosaur-a-coming-of-age-boy-and-dog-story/#:~:text=In%20a%20world%20where%20dinosaurs%20never%20became%20extinct,dog%20is%20a%20boy%2C%E2%80%9D%20says%20director%20Peter%20Sohn. Updated Nov 2, 2015. Accessed 08 Mar. 2022.

29. Volpato, Chiara and Luca Andrighetto. "Dehumanisation." *International Encyclopaedia of the Social & Behavioural Sciences,* 2nd ed. Edited by James Wright, Elsevier, 2015.

30. "Why We Can't Wait To See The Movie *Ferdinand*". *PETA Kids.* https://www.petakids.com/spotlight/cant-wait-see-new-movie-ferdinand/. Accessed 08 Mar. 2022.

31. Williams, Caryl. "Why You Shouldn't Stress About Australia's Dangerous Creatures." *Top Universities.* https://www.topuniversities.com/where-to-study/oceania/australia/why-you-shouldnt-stress-about-australias-dangerous-creatures. Updated April 6, 2021. Accessed 20 Feb. 2022.

32. Wolfe, Cary. *What is Posthumanism?* Minneapolis and London: U of Minnesota P, 2010.

*reshmapk8@gmail.com, nithin.lal93@gmail.com*

# മനുഷ്യേതര മാനവികത മലയാളനോവലിൽ: 'ബുധിനി'യിലെ മാനവാനന്തര ഭൂമി

ടോം ജോസ്
ഗവേഷക വിദ്യാർത്ഥി, മലയാളവിഭാഗം, യൂണിയൻ ക്രിസ്ത്യൻകോളേജ്, ആലുവ

## പ്രബന്ധസംഗ്രഹം

പരിസ്ഥിതിയെയും കാലാവസ്ഥയെയും നിയന്ത്രിക്കുവാൻ കെല്പുള്ള ശക്തിയായി മനുഷ്യൻ എന്ന ജീവിവർഗ്ഗം മാറിത്തീർന്ന സാഹചര്യത്തെയാണ് മാനവാനന്തരതാവാദം പ്രശ്നവത്ക്കരിക്കുന്നത്. പ്രകൃതിയുടെമേൽ നിയന്ത്രണശേഷിയുള്ള മനുഷ്യന്റെ ഇടപെടലുകൾ മനുഷ്യവംശത്തിന്റെ നിലനിൽപ്പിനെത്തന്നെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് മാനവാനന്തരതാവാദം ചർച്ചചെയ്യുന്നു. പരിസ്ഥിതിയുടെ നിയന്ത്രിതാവായ പുതിയമനുഷ്യനെ സംബന്ധിച്ച പഠനങ്ങൾക്ക് നിലവിലിരിക്കുന്ന ജ്ഞാന പദ്ധതികളും ജ്ഞാനസംവർഗ്ഗങ്ങളും അപര്യാപ്തമാണ്. അതുകൊണ്ടുതന്നെ അത്തരം വിഷയങ്ങളെ പഠനവിധേയമാ ക്കുന്നതിന് ഉപകരിക്കുന്ന ജ്ഞാനപദ്ധതിയെന്ന നിലയിലാണ് മാനവാനന്തരതാവാദം പ്രസക്തമാകുന്നത്. ഝാർഖണ്ഡിലെ ഗോത്രജനതയായ സാന്താൾജനതയുടെ ജീവിതം ആവിഷ്ക്കരിക്കുന്ന സാറാജോസഫിന്റെ 'ബുധിനി' എന്ന നോവലിൽ പോസ്റ്റ്ഹ്യൂമനായി മാറിയ മനുഷ്യവംശത്തെ ദർശിക്കാനാകും. അധികാരവും മൂലധനവും കൈവശമുള്ള ഭരണകൂടവും മൂലധനശക്തികളുമാണ് ബുധിനിയിൽ പോസ്റ്റ്ഹ്യൂമൻ മനുഷ്യന്റെ ബിംബങ്ങളായി അവതരിപ്പിക്കപ്പെടുന്നത്. മനുഷ്യ ഇടപെടലുകൾമൂലം പോസ്റ്റ്ഹ്യൂമൻ ഭൂമി യായി മാറിയ സാന്താൾ ഗ്രാമങ്ങളെയും ഝാരിയ എന്ന പ്രദേശത്തെയും സാറാജോസഫ് 'ബുധിനി'യിൽ അവതരിപ്പിക്കുന്നുണ്ട്. 'ബുധിനി' എന്ന നോവലിനെ മാനവാനന്തരസിദ്ധാന്തത്തിന്റെ പശ്ചാത്തലത്തിൽ വായിക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധരചനയിലൂടെ നടത്തുന്നത്.

Feb., 2023-Jan. 24
Volume 02: No. 1

താക്കോൽവാക്കുകൾ

പോസ്റ്റ്ഹ്യൂമൻ, ഭൗമവിഷയി, (Geological Agent) ഭൗമശക്തി, (Geological Force) ഗ്രഹതുല്യശക്തി (Planetary Force), ആന്ത്രോപ്പോസിൻ യുഗം (Anthropocene Era)

സാമൂഹികവും രാഷ്ട്രീയവും പാരിസ്ഥിതികവുമായി ഉണ്ടാകുന്ന കാലാനുസൃതമായ മാറ്റങ്ങളെ അട യാളപ്പെടുത്തുവാൻ നിലവിലിരിക്കുന്ന ജ്ഞാനസിദ്ധാന്തങ്ങളെ തിരുത്തി പുതിയ ജ്ഞാനസിദ്ധാന്തങ്ങളെ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്. ശാസ്ത്രമേഖലയിൽ മനുഷ്യൻ നേടിയെടുത്ത പുരോഗതിയും അതുമൂല മുണ്ടാകുന്ന ഭൗമപ്രതിസന്ധികളും പഠനവിധേയമാക്കുന്ന ജ്ഞാനപദ്ധതിയെന്ന നിലയിലാണ് മാനവാനന്തരവാദം രൂപംകൊള്ളുന്നത്. ഭൂമിയിലെ ആവാസവ്യവസ്ഥയെയും കാലാവസ്ഥയെയും നിയന്ത്രിക്കുവാൻ കെല്പുള്ള ഭൗമശക്തിയായി മാറിത്തീർന്ന മനുഷ്യവംശത്തെയാണ് മാനവാനന്തരസിദ്ധാന്തം പ്രശ്നവത്കരിക്കുന്നത്. കേവലമായ ജീവിവർഗ്ഗങ്ങളിലൊന്ന് എന്നതിനപ്പുറം ഭൂമിക്കും പ്രകൃതിക്കും മേൽ നിയാമകശക്തിയായി പ്രവർത്തിക്കുന്ന മനുഷ്യൻ, മനുഷ്യൻ എന്ന വംശത്തിന്റെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്നത് എങ്ങനെയെന്ന് പോസ്റ്റ്ഹ്യൂമൻ ചിന്തകർ വിശകലനം ചെയ്യുവാൻ ശ്രമിക്കുന്നതായി കാണാം. മനുഷ്യന്റെ ഭൗമവിഷയി എന്ന നിലയിലുള്ള കർതൃത്വത്തെ പ്രശ്നവത്ക്കരിക്കുന്നതിലൂടെ ഭൂമിയിൽ നിന്നും പ്രകൃതിയിൽ നിന്നും സ്വയം അന്യവത്ക്കരിക്കപ്പെട്ട് ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനെ ത്തന്നെ ചോദ്യം ചെയ്യുവാൻ കെല്പുള്ള ഭൗമബലമായി മാറിത്തീർന്ന മനുഷ്യനെ പോസ്റ്റ്ഹ്യൂമൻ ചിന്തകളിൽ കാണാം. ഇത്തരത്തിൽ ഭൂമിയുടെമേൽ നിയന്ത്രണശേഷിയുള്ള മനുഷ്യനെ പഠനവിധേയമാക്കുന്നതിന് മനുഷ്യകേന്ദ്രിതമായി വികസിച്ചുവന്നതും നിലവിലുള്ളതുമായ സൈദ്ധാന്തികസംവർഗ്ഗങ്ങൾ അപര്യാപ്തമാണ് എന്ന തിരിച്ചറിവിൽ നിന്നാണ് പോസ്റ്റ്ഹ്യൂമൻ ചിന്തകളുടെ സൈദ്ധാന്തികാടിത്തറ രൂപപ്പെടുന്നത്. ഭൂമിയെ സംബന്ധിച്ച പഠനങ്ങളിൽ മാനവിക ഭൂമിശാസ്ത്രത്തിൽനിന്നും മാനവാനന്തര ഭൂമിശാസ്ത്രപഠനങ്ങൾ എപ്രകാരം വ്യത്യസ്തമാകുന്നു എന്ന് 'ഇന്റർനാഷണൽ എൻസൈക്ലോപീഡിയ ഓഫ് ഹ്യൂമൻ ജ്യോഗ്രഫി' എന്ന ഗ്രന്ഥത്തിൽ ജെ. ലോറിമർ നിരീക്ഷിക്കുന്നുണ്ട്.

"മാനവിക ഭൂമിശാസ്ത്രം മനുഷ്യനെ കേന്ദ്രമാക്കുകയും മനുഷ്യകർതൃത്വത്തെയും മനോഭാവങ്ങളെയും മുൻനിർത്തി ലോകത്തെ നോക്കിക്കാണുകയും ചെയ്തു. മനുഷ്യനെയും മനുഷ്യേതര ജീവജാലങ്ങളെയും വിരുദ്ധദ്വന്ദ്വങ്ങളായാണ് അത് നോക്കിക്കണ്ടത്. എന്നാൽ പോസ്റ്റ്ഹ്യൂമൻ ഭൂമി ശാസ്ത്രജ്ഞർ

തങ്ങളുടെ വിശകലനശൃംഖലയെ വികസിപ്പിക്കുകയും മനുഷ്യനും മനുഷ്യേതര ജീവ ജാലങ്ങളും തമ്മിലുള്ള അതിരുകൾ കുറയ്ക്കുകയും ചെയ്തു."[1]

മനുഷ്യനെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും മാനദണ്ഡമാക്കുകയും ചെയ്ത മാനവികതാവാദ ചിന്തയെ പോസ്റ്റ്ഹ്യൂമനിസം സൈദ്ധാന്തികമായി ഖണ്ഡിക്കുന്നുണ്ട്. മനുഷ്യൻ എന്നത് ലക്ഷോപലക്ഷം ജീവിവർഗ്ഗങ്ങളിൽ ഒന്നുമാത്രമാണെന്ന ചിന്ത പോസ്റ്റ്ഹ്യൂമനിസം മുന്നോട്ടുവെക്കുന്നു. ഹ്യൂമനിസത്തിന്റെ ഭാഗമായി വികസിച്ചുവന്ന മനുഷ്യൻ എന്ന കർത്തൃത്വപരികല്പനയെ പോസ്റ്റ് ഹ്യൂമനിസ്റ്റ് വ്യവഹാരങ്ങൾ നിഷേധിക്കുന്നതായി കാണാം. മനുഷ്യൻ എന്നത് പണ്ടുമുതലേ നിലനിന്നു പോന്ന സുസ്ഥിരമായ ഒരു വൈജ്ഞാനിക പ്രശ്നമല്ലെന്നും താരതമ്യേന ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ നിശ്ചിത ഭൂപ്രദേശത്ത്, അതായത് പതിനാറാം നൂറ്റാണ്ടു മുതൽക്കുള്ള യൂറോപ്യൻ സംസ്കാരത്തിനുള്ളിൽ സമീപകാലത്ത് മാത്രമുണ്ടായ ഒരു കണ്ടെത്തലാണ് മനുഷ്യൻ എന്നും അതിന്റെ അന്ത്യം അടുത്തിരിക്കുന്നുവെന്നും മിഷേൽ ഫൂക്കോ നിരീക്ഷിക്കുന്നുണ്ട് (പ്രസാദ് പന്ന്യൻ (എഡി.) 2021: 65).

മാനവികശാസ്ത്ര വ്യവഹാരങ്ങളുടെ കേന്ദ്രമായി ഉയർന്നുവന്ന മനുഷ്യൻ എന്ന കർത്തൃത്വപരികല്പന മാഞ്ഞുപോകുന്നതിനെക്കുറിച്ചാണ് ഫൂക്കോ പറയുന്നതെന്ന് ബി.രാജീവൻ നിരീക്ഷിക്കുന്നു (2021: 65). മൂലധനവും അധികാരവും ഉപയോഗിച്ച് ഭൂമിക്കുമേൽ മനുഷ്യൻ നേടിയെടുക്കുന്ന മേധാശക്തി മനുഷ്യവംശത്തിന്റെ ഉന്മൂലനത്തിനു കാരണമാകുവാൻ കെല്പുള്ളതാണെന്ന് പോസ്റ്റ്ഹ്യൂമനിസ്റ്റുകൾ കരുതുന്നു. മനുഷ്യൻ അനേകായിരം ജീവിവർഗ്ഗങ്ങളിൽ ഒന്നു മാത്രമാണെന്നും തനിക്കുണ്ടെന്ന് മനുഷ്യൻ കരുതുന്ന ഔന്നത്യം വെറുമൊരു മിഥ്യയാണെന്നുമുള്ള തിരിച്ചറിവാണ് മനുഷ്യകേന്ദ്രിതമായ മാനവവാദത്തെ വിമർശിക്കുവാനുള്ള പ്രാഥമികമായ മുന്നറിവെന്ന് പ്രസാദ് പന്ന്യൻ അഭിപ്രായപ്പെടുന്നുണ്ട് (2021: 14).

പ്രകൃതിപ്രതിഭാസങ്ങൾ എന്നു പൊതുവിൽ കരുതിപ്പോന്നിരുന്ന പ്രകൃതിദുരന്തങ്ങളിൽ പലതും മനുഷ്യ നിർമ്മിതങ്ങളാണെന്ന് പോസ്റ്റ്ഹ്യൂമനിസ്റ്റുകൾ അഭിപ്രായപ്പെടുന്നു. ഭൗമബലമായി മാറിത്തീർന്ന മനുഷ്യന്റെ പുതുകർത്തൃത്വത്തെ പഠനവിധേയമാക്കുന്നതിന് നിലവിലിരിക്കുന്ന ജ്ഞാന സംവർഗ്ഗങ്ങൾ അപര്യാപ്തങ്ങളാണ് എന്നതാണ് വസ്തുത. അതുകൊണ്ടുതന്നെ ആന്ത്രോപ്പോസീൻ യുഗത്തിൽ മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധത്തെ പഠിക്കുന്നതിന് നിലവിലിരിക്കുന്ന ജ്ഞാനസംവർഗ്ഗങ്ങളെ തിരുത്തി പുതിയവ സ്ഥാപിക്കേണ്ടത് അനിവാര്യമാണ് എന്നതാണ് മാനവാനന്തരപഠനങ്ങളെ

പ്രസക്തമാക്കുന്നത്. വംശത്തിന്റെ ഔന്നത്യത്തിൽ ഊന്നിയതും മനുഷ്യകേന്ദ്രിതവുമായ ജ്ഞാനസംവർഗ്ഗങ്ങളെ തിരുത്തി ആന്ത്രോപ്പോസീൻ[2] 2 യുഗത്തിന് ഉപയുക്തമായ ജ്ഞാനസംവർഗ്ഗങ്ങളെ രൂപപ്പെടുത്താൻ പോസ്റ്റ്ഹ്യൂമനിസ്റ്റ് ചിന്തകർ ശ്രമിക്കുന്നു. പല വിജ്ഞാനശാഖകളും വിശകലനരീതികളും കാലാവസ്ഥയുടെയും പരിസ്ഥിതിയുടെയും സ്ഥിരതയിൽ വിശ്വാസമർപ്പിച്ചുകൊണ്ട് കെട്ടിപ്പടുത്തതാണെന്നും അതുകൊണ്ടുതന്നെ കാലാവസ്ഥാ വ്യതിയാനവും ഭൗമവിഷയി[3] (3) (geological agent) എന്ന നിലയിൽ മനുഷ്യരാശിയുടെ കർത്തൃത്വത്തിന് കൈവന്ന മാറ്റവും ഈ വിജ്ഞാനശാഖകളിലെ വിശകലനോപാധികളിൽ കാണാൻ കഴിയില്ലെന്നും 'ദി ക്രൈസിസ് ഓഫ് സിവിലൈസേഷൻ' എന്ന കൃതിയിൽ ദിപേഷ് ചക്രവർത്തി നിരീക്ഷിക്കുന്നുണ്ട് (2021: 30).

പാരിസ്ഥിതിക വിഷയങ്ങൾ ചർച്ചചെയ്യുന്ന നിരവധി രചനകൾ മലയാളസാഹിത്യത്തിന്റെ ചരിത്രത്തിലുള്ളതായി കാണാം. മനുഷ്യന്റെ ഇടപെടലുകൾമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെ പ്രശ്നവത്കരിക്കുന്ന സാറാജോസഫിന്റെ 'ബുധിനി' എന്ന നോവലിനെ ഇതിന് ഉദാഹരണമായി കാണാം. അതുകൊണ്ടുതന്നെ ബുധിനിയെ മുൻനിർത്തി ഒരു മാനവാനന്തരവായന സാധ്യമാണ്.

### 'ബുധിനി 'യിലെ പോസ്റ്റ്ഹ്യൂമൻ ഭൂമി

ആധുനികവത്ക്കരണത്തിന്റെ ഭാഗമായി ഭരണകൂടവും മൂലധനശക്തികളും ചേർന്ന് രൂപംകൊടുക്കുന്ന വികസനപ്രവർത്തനങ്ങൾ ഭൂമിയെയും ദുർബലജനവിഭാഗങ്ങളെയും പ്രതികൂലമായി ബാധിക്കുന്നതെങ്ങനെ യെന്ന് 'ബുധിനി' എന്ന നോവൽ സൂചിപ്പിക്കുന്നു. ഝാർഖണ്ഡിലെ സാന്താൾ ജനതയുടെ ജീവിതാഖ്യാനത്തിലൂടെയാണ് 'ബുധിനി' വികസിക്കുന്നത്. പാഞ്ചേത് അണക്കെട്ടിന്റെ ഉദ്ഘാടനത്തിനെത്തിയ ഭാരതത്തിന്റെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്രുവിനെ ഹാരമണിയിച്ച് സ്വീകരിച്ചതിന്റെ പേരിൽ, സ്വഗോത്രത്തിൽ ഉൾപ്പെടാത്തയാളെ വിവാഹം കഴിച്ചു എന്നാരോപിച്ച് ബിത്ലാഹ (ഊരുവിലക്ക്) നടത്തി ഗോത്രത്തിൽ നിന്ന് പുറത്താക്കപ്പെട്ട ബുധിനി മെജാൻ എന്ന സാന്താൾ യുവതിയുടെ കഥയാണ് 'ബുധിനി'യിൽ ആവിഷ്കരിക്കപ്പെടുന്നത്. വികസന പ്രവർത്തനങ്ങൾ എന്ന പേരിൽ നടക്കുന്ന ഭൗമാധിനിവേശങ്ങൾ പരിസ്ഥിതിയെയും ആവാസവ്യവസ്ഥയെയും താറുമാറാക്കുന്നതിന്റെയും, മനുഷ്യവംശത്തിന്റെ അതിജീവന സാദ്ധ്യതകൾക്കുപോലും ഭീഷണിയാകുന്നതിന്റെയും ചിത്രം 'ബുധിനി'യിൽ അവതരിപ്പിക്കുന്നുണ്ട്.

കേവലമായ ഒരു ജീവിവർഗ്ഗം എന്നതിൽനിന്നും ആവാസവ്യവസ്ഥയെത്തന്നെ നിയന്ത്രിക്കുവാൻ കഴിയുന്ന ഭൗമബലമായി മാറുന്ന മനുഷ്യൻ എന്ന ജീവിവർഗ്ഗത്തെ ബുധിനിയിൽ കണ്ടെത്താനാകും. വികസനത്തിന്റെ പേരിൽ നടക്കുന്ന ഭൗമചൂഷണങ്ങൾ മൂലം അതിജീവനസാദ്ധ്യതകൾ ക്രമേണ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒരു പോസ്റ്റ്ഹ്യൂമൻ ഭൂമിയായി ബുധിനിയിലെ ഗോത്രഭൂമികളെ വായിക്കാനാകും. പാഞ്ചേത് അണക്കെട്ടിന്റെ നിർമ്മാണത്തെത്തുടർന്ന് പാരിസ്ഥിതിക സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന സാന്താൾ ഗ്രാമങ്ങളും കൽക്കരിപ്പാടത്തിന്റെ കടന്നുവരവോടെ ജീവിതവ്യമല്ലാതായിത്തീർന്ന ഝാരിയ എന്ന ഗ്രാമത്തെയും പോസ്റ്റ്ഹ്യൂമൻ ഭൂമികളായി നോക്കിക്കാണാനാകും. ഭൗമവിഷയിയായും (geological agent) ഭൗമശക്തിയായും (geological force) മാറിത്തീർന്ന മനുഷ്യൻ എന്ന വർഗ്ഗത്തെ ബുധിനിയിൽ ആഖ്യാനം ചെയ്യുന്നതായി കാണാം.

ക്രമേണ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഭൂമിയെക്കുറിച്ചുള്ള സൂചന നൽകിക്കൊണ്ടാണ് 'ബുധിനി' ആരംഭിക്കുന്നത്. 'വാദ്യമുണ്ട് ,താളമുണ്ട് , ഗാനമുണ്ട്, നൃത്തമുണ്ട്, നൃത്തഭൂമി മാത്രമില്ല' (സാറാ ജോസഫ് 2019:9) എന്ന ബുധിനിയിലെ ആരംഭവരി, ക്രമേണ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഭൂമിയെക്കുറിച്ചുള്ള ഓർമ്മയാണ് പങ്കുവയ്ക്കുന്നത്. സാമ്രാജ്യത്വവും കൊളോണിയൽ ഭരണകൂടങ്ങളും നടത്തിയ ഭൗമാധിനിവേശങ്ങളിൽനിന്നും ഭൗമചൂഷണങ്ങളിൽനിന്നും ഒട്ടും വ്യത്യസ്തമായല്ല ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളും ചെയ്യുന്നതെന്നും ബുധിനിയിലൂടെ സാറാ ജോസഫ് നിരീക്ഷിക്കുന്നു. വികസനം, പുരോഗതി എന്നീ വാക്കുകളുടെ മറവിൽ ജനാധിപത്യ ഭരണകൂടങ്ങൾ നടത്തുന്ന ഭൗമചൂഷണങ്ങളെ 'ബുധിനി' പ്രശ്നവത്ക്കരിക്കുന്നുണ്ട്. പരിസ്ഥിതിയെയും കാലാവസ്ഥയെയും നിയന്ത്രിക്കാവുന്ന ഭൗമബലമായി മാറിയ മനുഷ്യവംശത്തിന്റെ പ്രതീകമായി ബുധിനിയിലെ ജനാധിപത്യ ഭരണകൂടത്തെ നോക്കിക്കാണാം. ഭരണകൂടം സാന്താൾ ഗ്രാമത്തിൽ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ചിത്രത്തിലൂടെ പരിസ്ഥിതിയെ വരുതിയിലാക്കാൻ കെല്പുള്ള ശക്തിയായി മാറിയ മനുഷ്യൻ എന്ന ജീവിവർഗ്ഗത്തെ കാണാനാകും

> 'ദാമോദർ നദിയെ നമ്മൾ ശരിക്കും മെരുക്കി. പ്രകൃതിയോടുള്ള മല്ലയുദ്ധത്തിൽ നമ്മൾ ജയിച്ചിരിക്കുന്നു. പ്രകൃതിശക്തികളെ മെരുക്കി വരുതിക്കു നിർത്താനുള്ള ബുദ്ധിയും കഴിവും മനുഷ്യനുണ്ട്. മദിച്ച കൊമ്പനെ തളയ്ക്കും പോലെ ഈ ഭയങ്കര നദിയെ അണകെട്ടി തളയ്ക്കാൻ മനുഷ്യനെ സഹായിച്ചത് അവന്റെ ശാസ്ത്രബോധവും സാങ്കേതിക അറിവുകളുമാണ്' (2019: 150).

എന്ന വരികളിൽ പരിസ്ഥിതിക്കുമേൽ നിയന്ത്രണാധികാരമുള്ള ഭൗമബല മായി മാറിയ മനുഷ്യനെ ദർശിക്കാനാകും. ഇവിടെ അനേകായിരം ജീവിവർ ഗ്ഗങ്ങളിലൊന്ന് എന്നതിൽനിന്ന് ഭൗമബലമായി മാറിത്തീർന്ന മനുഷ്യനെ സാറാ ജോസഫ് അവതരിപ്പിക്കുന്നു.

പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ബലമായി മനുഷ്യവംശം മാറിത്തീരുന്ന യുഗത്തെ നോബേൽ ജേതാവായ പോൾ ക്രുട്സൺ ആന്ത്രോപ്പോസീൻ യുഗമെന്നാണ് വിശേഷിപ്പിക്കുന്നത്. കഴിഞ്ഞ പത്ത് പന്ത്രണ്ട് സഹസ്രാബ്ദങ്ങ ളായി നിലനിന്നിരുന്ന ഹോളോസീൻ എന്ന യുഗത്തിൽ നിന്നും വ്യത്യസ്തമായി, മനുഷ്യൻ സമഗ്രാധിപത്യം പുലർത്തുന്ന ഈ ഭൗമയുഗത്തെ ആന്ത്രോപ്പോസീൻ എന്ന് നാമകരണം ചെയ്യുന്നത് എന്തു കൊണ്ടും ഉചിതമായിരിക്കും എന്നാണ് പോൾ ക്രുട്സന്റെ നിരീക്ഷണം (2021: 23). ഇത്തരത്തിൽ ഹോളോ സീൻ യുഗത്തിൽ നിന്നും ആന്ത്രോപ്പോസീൻ യുഗത്തിലേയ്ക്കെത്തിയ മനുഷ്യവം ശത്തെ ബുധിനി അവതരിപ്പിക്കുന്നുണ്ട്. ശാസ്ത്രത്തെയാണ് ഇത്തരമൊരു ഘട്ടത്തിൽ മനുഷ്യൻ ഉപകരണമാക്കുന്നത്.

'ഇന്ത്യയിൽ ശാസ്ത്രയുഗം പിറന്നുവീണിരിക്കുന്നു. ഇന്ത്യ ആധുനികമാ വുകയാണ്. മുന്നേറ്റം, മുന്നേറ്റം മാത്രമാണ് നമ്മുടെ ലക്ഷ്യം. പഴയ ലോകം ഇനിയില്ല. നാം പുതിയവരാണ്. പുതിയ മനുഷ്യർ' (2019: 150) എന്ന വരികൾ ആന്ത്രോപ്പോസീൻ യുഗത്തെക്കുറിച്ചുള്ള സൂചനയാണു നൽകുന്നത്. പാഞ്ചേത് അണക്കെട്ടിന്റെ നിർമ്മാണത്തോടെ സ്വതന്ത്രമായി ഒഴുകിക്കൊണ്ടിരുന്ന ദാമോദർ നദിയെ നിയന്ത്രണത്തിലാക്കുവാൻ മനുഷ്യനു കഴിയുന്നു. ഇവിടെ പരിസ്ഥിതിക്കുമേൽ നിയന്ത്രണശേഷിയുള്ള ശക്തിയായി മനുഷ്യൻ മാറുന്നതു കാണാം.

കാലാവസ്ഥാവ്യതിയാനം എന്നത് കേവലം പ്രകൃതിപ്രതിഭാസം മാത്രമ ല്ല എന്നതും പല ഘട്ടത്തിലും അവ മനുഷ്യനിർമ്മിതമാണ് എന്ന വീക്ഷണവും പോസ്റ്റ്ഹ്യൂമൻ ചിന്തയുടെ ഭാഗമാണ്. ജനാധിപത്യ ഭരണകൂടത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളെ 'ബുധിനി' ചർച്ച ചെയ്യുന്നുണ്ട്.

> 'വെയിലുകൊണ്ട് എന്റെ തല പൊളിയുകയാണ്. കർബോനയിൽ ഇതുവരെ ഇങ്ങനെയൊരു വെയിൽ ഉണ്ടായിട്ടില്ല. അവരുടെ മരുമകൾ ഹീര അത് ശരിവച്ചു. ശരിയാണ് അമ്മേ എന്നെ ഈ ഗ്രാമത്തിലേയ്ക്കു കൊ ണ്ടുവരുമ്പോൾ ചുറ്റും കൊടുംകാടായിരുന്നില്ലേ? ഗ്രാമത്തിൽ വല്ലപ്പോഴും ഒരു വിരുന്നുകാരനെപ്പോലെ വെയിൽ എത്തിയെങ്കിലായി' (2019: 44).

ബുധിനിയിലെ കഥാപാത്രങ്ങളായ ദുർഗ്ഗി ബുധിഹാരവും മരുമകൾ ഹീരയും തമ്മിലുള്ള ഈ സംഭാഷണം വികസനാനന്തരം ഉണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തെ അടയാളപ്പെടുത്തുന്നുണ്ട്. മനുഷ്യനിർമ്മിതമാണ് കർബോന എന്ന സാന്താൾ ഗ്രാമത്തിൽ സംഭവിക്കുന്ന കാലാവസ്ഥാവ്യതിയാനം. ഭൗമബലമായി മാറിയ മനുഷ്യരാൽ കർബോന എന്ന സാന്താൾ ഗ്രാമം ഒരു പോസ്റ്റ്ഹ്യൂമൻ ഭൂമിയായി മാറുന്നതിന്റെ ചിത്രമാണ് ബുധിനിയിൽ ആഖ്യാനം ചെയ്യപ്പെടുന്നത്. പ്രകൃതിയുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കുന്ന തരത്തിലുള്ള മനുഷ്യന്റെ ഇടപെടലുകൾ അവനെ/അവളെ ഒരു ഗ്രഹതുല്യ ശക്തിയായി (planetary force) പരിവർത്തിപ്പിച്ചിരിക്കുന്നുവെന്നും, കാലാവസ്ഥാവ്യതിയാനം എന്നത് തികച്ചും ഒരു പ്രകൃതി പ്രതിഭാസം മാത്രമല്ല മറിച്ച് മനുഷ്യജന്യമായ ഒരു പ്രതിഭാസം കൂടിയാണ് എന്നും അതുകൊണ്ട് തന്നെ പ്രകൃതിക്ക് മനുഷ്യനിൽ നിന്നും വേറിട്ടൊരു ചരിത്രമില്ല എന്നുമുള്ള സബാൾട്ടൺ ചിന്തകനായ ദിപേഷ് ചക്രവർത്തിയുടെ നിരീക്ഷണം (2021: 327) ഇതിനോട് ചേർത്തുവായിക്കാനാകും.

ലക്ഷോപലക്ഷം ജീവിവർഗ്ഗങ്ങളിൽ ഒന്നുമാത്രമായ മനുഷ്യന്റെ ഇടപെടലുകളുടെ ഫലമായി ഇതരജീവിവർഗ്ഗങ്ങൾക്ക് വംശോന്മൂലനം സംഭവിക്കുന്ന പരിതസ്ഥിതിയെ പോസ്റ്റ്ഹ്യൂമൻ ചിന്തകർ വിശകലനവിധേയമാക്കുന്നുണ്ട്. മനുഷ്യജന്യമായ കാരണങ്ങളാൽ മനുഷ്യരുൾപ്പെടെയുള്ള സകല ജീവജാലങ്ങളും മാഞ്ഞുപോകുന്ന അവസ്ഥയാണ് ഇപ്പോൾ ഭൂമി നേരിടുന്ന അടിയന്തരഭീഷണിയെന്ന് 'കാലാവസ്ഥാ വ്യതിയാനവും പോസ്റ്റ്ഹ്യൂമൻ ഭൂമിയും' എന്ന ലേഖനത്തിൽ സി.എസ്.മീനാക്ഷി നിരീക്ഷിക്കുന്നുണ്ട് **(2021:250).** ബുധിനിയിൽ ഷോത്രോയ് സോറനോട് മണ്ണിരകളെക്കുറിച്ച് ബുധിനി പറയുന്ന വാക്കുകളിൽ ഇത്തരമൊരു പോസ്റ്റ്ഹ്യൂമൻചിന്തയുടെ സ്വാധീനം കാണാനാകും.

> 'ഷോത്രോയ് മണ്ണിരയെ പേടിക്കരുത്. ബുധിനി ശാസിക്കും. മണ്ണിര ഇല്ലായിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നെന്നു നിനക്കറിയാമോ? ഞാനും നീയും ഉണ്ടാവില്ല. അത്ര തന്നെ. അവൾ ഒരു മണ്ണിരയെ ആദരവോടെ എടുത്ത് എന്റെ ഉള്ളംകൈയിൽ വെച്ചു' (2019: 140).

എന്ന വരികളിൽ മനുഷ്യകേന്ദ്രിതമായ വീക്ഷണത്തിൽ നിന്നും പോസ്റ്റ്ഹ്യൂമൻ വീക്ഷണത്തിലേയ്ക്കുള്ള മാറ്റത്തിന്റെ അനിവാര്യതയെ ധ്വനിപ്പിക്കുന്നുണ്ട്.

ബുധിനിയിൽ പരാമർശിക്കപ്പെടുന്ന ഝാരിയ എന്ന ഗ്രാമത്തെയും ഇത്തരമൊരു പോസ്റ്റ്ഹ്യൂമൻ ഭൂമിയായി വായിക്കാനാകും. കൽക്കരിപ്പാടത്തിന്റെ

കടന്നുവരവോടെ ഝാരിയ എന്ന ഗ്രാമം വാസയോഗ്യമല്ലാതായിത്തീരുന്നതിന്റെ ചിത്രം ബുധിനിയിൽ കാണാനാകും. കൽക്കരിക്കുവേണ്ടി നടക്കുന്ന ഖനനത്തിന്റെ അനന്തരഫലമായി ഝാരിയയിലെ ആളുകൾ രോഗബാധിതരായിത്തീരുന്നു. ഝാരിയയിലെ ജനങ്ങൾ ഏതെങ്കിലുമൊക്കെ കാരണത്താൽ മരിച്ചുകൊണ്ടിരിക്കുകയാണെന്നും വീർപ്പുമുട്ടി ചുമയ്ക്കാതെ ഒരു രാത്രി പോലും താൻ ശാന്തമായി ഉറങ്ങുന്നില്ല എന്നുമുള്ള സുദർശന്റെ ഭാര്യയുടെ വാക്കുകളിൽ ഝാരിയ എന്ന ഗ്രാമത്തിലെ ആവാസവ്യവസ്ഥയുടെ തകർച്ച ദർശിക്കാനാകും. വെന്തുചാവണോ വിശന്നുചാവണോ എന്നതു മാത്രമാണ് ഝാരിയയിലെ ജനങ്ങളുടെ മുമ്പിലുള്ള ഏക പോംവഴി. മനുഷ്യനിർമ്മിതമായ പ്രതിസന്ധിയാണ് ഝാരിയയിൽ ഉള്ളത്. അതുകൊണ്ടുതന്നെ കർബോനക്ക് എന്നതുപോലെതന്നെ ഝാരിയയ്ക്കു ണ്ടാകുന്ന ദുരന്തവും മനുഷ്യൻ എന്ന ജീവിവർഗ്ഗം ഭൗമബലമായി മാറിയതിന്റെ അനന്തരഫലമാണ്.

പാഞ്ചേത് അണക്കെട്ടിന്റെ നിർമ്മാണത്തെത്തുടർന്ന് വെള്ളത്തിനടിയിലാകുന്ന കർബോന എന്ന സാന്താൾ ഗ്രാമത്തെയും മനുഷ്യനിർമ്മിത ദുരന്തത്തിന്റെ ഭാഗമായി നോക്കിക്കാണാനാകും. അണക്കെട്ടിന്റെ നിർമ്മാണത്തിന് ശേഷം വെള്ളം മുക്കിക്കളയുന്ന സാന്താൾ ഗ്രാമങ്ങളിൽ പലതിലും മുമ്പും പ്രളയമുണ്ടായിട്ടുണ്ട്. എന്നാൽ അണക്കെട്ടുകൾ വന്നതോടെ അവസ്ഥ മറ്റൊന്നായി. വെള്ളം ഞങ്ങളെ എന്നെന്നേയ്ക്കുമായി പടിയിറക്കി എന്ന ജഗ്ദീപ് മുർമ്മുവിന്റെ വാക്കുകൾ അണക്കെട്ടിന്റെ നിർമ്മാണാനന്തരം ഉണ്ടായ പ്രളയം മനുഷ്യനിർമ്മിതമായ ദുരന്തമാണ് എന്ന് സൂചിപ്പിക്കുന്നു. സാന്താൾജനതയുടെ ആവാസ വ്യവസ്ഥയെ തകർക്കുകയും പാരിസ്ഥിതിക സന്തുലിതാവസ്ഥ ഇല്ലാതാക്കുകയും ചെയ്യുന്നത് അണക്കെട്ടിന്റെ നിർമ്മാണമാണ്. മനുഷ്യനുപകരിക്കുന്ന പദ്ധതി എന്ന പേരിൽ വിഭാവനം ചെയ്ത അണക്കെട്ടിന്റെ നിർമ്മാണം ഇതര ജീവിവർഗ്ഗങ്ങളെ ഏതുവിധത്തിൽ ബാധിക്കുന്നുവെന്ന് ബുധിനി വ്യക്തമാക്കുന്നുണ്ട്. ഗ്രാമത്തിൽ എല്ലാവർക്കും നദിക്കരയിൽ വയലുണ്ടായിരുന്നു. അതിനും പുറമെ പങ്കുകൃഷിയും ചെയ്തിരുന്നു. നദിയിൽ മീനുണ്ടായിരുന്നു. കാട്ടിൽ നിന്ന് ഇലയും കിഴങ്ങും പഴങ്ങളും കിട്ടിയിരുന്നു. ഇപ്പോൾ ഒന്നുമില്ല. അണക്കെട്ട് പൊങ്ങിയിരിക്കുന്നു എന്ന വരികളിൽ മനുഷ്യകേന്ദ്രിതമായി വിഭാവനം ചെയ്യപ്പെട്ട വികസന പദ്ധതികൾ മനുഷ്യേതരജീവിവർഗ്ഗങ്ങളെ ഏതുതരത്തിൽ ദോഷകരമായി ബാധിക്കുമെന്ന് സൂചിപ്പിക്കുന്നു.

മൂലധനശക്തികളും ഭരണകൂട അധികാരകേന്ദ്രങ്ങളും കൂടിച്ചേർന്ന് നടത്തുന്ന പാരിസ്ഥിതിക ചൂഷണങ്ങളിൽ പ്രഥമ ഇരകളാകുന്നത് ദുർബലരായ

കീഴാളജനവിഭാഗങ്ങളാണ് എന്ന് കാണാം. ബുധിനിയിലെ അണക്കെട്ടിന്റെയും കൽക്കരിഖനനത്തിന്റെയും ദോഷവശങ്ങൾ ഏറ്റവുമധികം ബാധിക്കുന്നത് സാമൂഹികഘടനയിലെ ദുർബലജനതയെയാണ്. ആവാസവ്യവസ്ഥയെ താളം തെറ്റിക്കുകയും പരിസ്ഥിതിയുടെ സ്വാഭാവികതയെ തകർത്ത് അതിനെ നിയന്ത്രിക്കുവാൻ കെല്പുള്ള ഭൗമബലമായി മാറിത്തീരുകയും ചെയ്ത മനുഷ്യവംശത്തിന്റെ ആഖ്യാനമായി 'ബുധിനി'യെ വായിക്കാനാകും. മനുഷ്യ ഇടപെടലുകളിലൂടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നേരിടുന്ന വെല്ലുവിളികൾ ആന്ത്രോപ്പോസീൻ യുഗത്തിലെ ഭൂമിയുടെ സവിശേഷതയാണ്. ഇത്തരം ഭൂമിയുടെ ലഘുപരിപ്രേക്ഷ്യമായി ബുധിനിയിലെ ഭൂമിയെ കാണാനാകും. മനുഷ്യകേന്ദ്രിതമായ ലോകവീക്ഷണം എന്നതിൽനിന്ന് മനുഷ്യേതര ജീവജാലങ്ങളെ കേന്ദ്രീകരിച്ചും ഒരു ലോകവീക്ഷണം വികസിച്ചുവരേണ്ടതുണ്ടെന്ന പോസ്റ്റ്ഹ്യൂമൻചിന്ത ബുധിനി മുന്നോട്ട് വയ്ക്കുന്നുണ്ട്.

'കോക്കാഞ്ചിറ' എന്ന ഗ്രാമത്തിന്റെ കഥ പറയുന്ന 'ആലാഹയുടെ പെൺമക്കൾ' എന്ന നോവലിലും ഭൗമബലമായി പരിവർത്തനം ചെയ്ത മനുഷ്യന്റെ സാന്നിധ്യം കണ്ടെത്താനാകും. കേവല ജീവിവർഗങ്ങളിൽ ഒന്നു മാത്രമായ മനുഷ്യൻ ഭൂമിയുടെമേൽ പുലർത്തുന്ന അധീശസ്വഭാവത്തെ ഈ നോവൽ ചർച്ചചെയ്യുന്നുണ്ട്. ആലാഹയുടെ അവതരിപ്പിക്കുന്ന അമരപ്പന്തലും അമ്മപ്ലാവും പരിസ്ഥിതിയുടെ ഹരിത ചൈതന്യമാണ്. ഈ അമ്മപ്ലാവും മുറ്റത്തെ അമരച്ചെടിയും ആണ് ആനിയുടെ മനസ്സിനെ പ്രകൃതിയുടെ ഹരിതാഭകളുമായി കൂട്ടിക്കെട്ടിയത് (എം.ലീലാവതി (ഡോ.) 2012: 203). മനുഷ്യൻ ഭൂമിക്കുമേൽ നിയന്ത്രണ ശേഷിയുള്ള ജീവിവർഗ്ഗമായി രൂപപ്പെടുന്നതിന് മുൻപുള്ള ഭൂമിയായി കോക്കാഞ്ചിറ എന്ന ഗ്രാമത്തെ വായിക്കാനാകും. അവിടെ മനുഷ്യൻ ഭൂമിക്കുമേൽ നിയന്ത്രണശക്തി ആകുന്നില്ല. 'കോക്കാഞ്ചിറ ലോകമൊട്ടാകെയുള്ള ആദിവാസികളുടെയും കീഴാളരുടെയും ദരിദ്രവും മലിനവും അപരിഷ്കൃതവുമായ ആവാസസ്ഥാനങ്ങളുടെയും പ്രതീകമാണ്' (2012: 203) എന്ന ഡോ.എം. ലീലാവതിയുടെ നിരീക്ഷണത്തെ ഇതിനോട് ചേർത്തുവായിക്കാനാകും. എന്നാൽ കോക്കാഞ്ചിറ എന്ന ഗ്രാമത്തിന് തുടർന്നുണ്ടാകുന്ന മാറ്റങ്ങൾ മനുഷ്യനെന്ന ജീവിവർഗ്ഗം ഭൂമിക്കുമേൽ പുലർത്തുന്ന ആധിപത്യത്തെക്കൂടി അടയാളപ്പെടുത്തുന്നതാണ്. സസ്യലതാദികൾ നിറഞ്ഞ പ്രകൃതിയുടെ പ്രതീകമായിരുന്ന അമരപ്പന്തലിനെ ഇരച്ചുകയറി ഇടിച്ചുനിരത്തുന്ന 'കല്ലിഞ്ചൻ' ഭൗമബലമായി മാറിത്തീർന്ന മനുഷ്യവർഗ്ഗത്തിന്റെ ആഖ്യാനമായി വായിച്ചെടുക്കാനാകും. നോവലിന്റെ അവസാനഭാഗത്ത്

ദർശിക്കാനാകുന്ന പ്രളയം, മനുഷ്യന്റെ ഇത്തരം മാറ്റം ഭൂമിക്കു വരുത്തുന്ന വിനാശത്തെയാണ് സൂചിപ്പിക്കുന്നത്. കുഴിച്ചുമൂടപ്പെട്ടതെല്ലാം പുറത്തെടുക്കുകയും കോക്കാഞ്ചിറയുടെ അടിത്തട്ടുവരെ ഇളക്കിമറിക്കുകയും ചെയ്യുന്ന പ്രളയം അടയാളപ്പെടുത്തുന്നതും ഭൗമബലമായി തീർന്ന മനുഷ്യവർഗ്ഗം മൂലം ഭൂമിക്ക് ഉണ്ടാകുന്ന വിനാശത്തെയാണ്. സാറാ ജോസഫിന്റെ 'ആതി' എന്ന നോവലിലും മനുഷ്യവർഗ്ഗത്തിനുണ്ടായ ഈ മാറ്റത്തിന്റെ ആഖ്യാനം കണ്ടെത്താനാകും. കോടീശ്വരനായ കുമാരൻ എന്ന കഥാപാത്രം ഭൗമബലമായി മാറിത്തീർന്ന മനുഷ്യന്റെ പ്രതീകമാണ്. കുമാരന്റെ വ്യവസായ നഗരം എന്ന സ്വപ്നത്തിന് മുമ്പിൽ തകർന്നടിയുന്നത് ആതി എന്ന ദേശമാണ്. മനുഷ്യന്റെ ഇടപെടൽ മൂലം ആതിയിലെ ജൈവവ്യവസ്ഥിതിയും പ്രകൃതിയും ഉപജീവന സംസ്കാരവും തകർക്കപ്പെടുന്നു. ആതിയിലെ 200 ഏക്കർനിലവും 25 ഏക്കർ വെള്ളക്കെട്ടും തുടച്ചുനീക്കപ്പെടുന്നു. നഗരത്തിലെ മാലിന്യക്കൂമ്പാരം കലർന്ന മണ്ണുകൊണ്ട് ആതി നികത്തപ്പെടുമ്പോൾ വെള്ളം ഒലിച്ചു പോകാതെ കെട്ടിക്കിടന്ന് ചെളിയും മാലിന്യവും കൂടിക്കുഴഞ്ഞ് കറുത്ത ദ്രാവകം രൂപപ്പെടുന്നതായി നോവലിൽ ദർശിക്കാനാകും. തുടർന്ന് പടിഞ്ഞാറേതോഴം വെള്ളത്തിനടിയിൽ ആവുകയും ആതിയിലെ കുഞ്ഞുങ്ങൾക്ക് പലവിധ രോഗങ്ങൾ പിടിപെടുകയും ചെയ്യുന്നു. ആതിക്കും അക്കരക്കാരുടെ ദേശത്തിനും ഇടയിലുള്ള 30 ഏക്കർ നീർത്തടം ആശുപത്രി കെട്ടുന്നതിനുവേണ്ടി നികത്തപ്പെടുന്നുണ്ട്. നിലം കാണാൻ സാധിച്ചിരുന്ന പുഴ ആശുപത്രിയുടെ അവശിഷ്ടങ്ങൾ ഒഴുകിയടിഞ്ഞ് കറുത്തു കൊഴുത്തതായി നോവലിൽ അവതരിപ്പിക്കുന്നു. എൻഡോസൾഫാനും വീര്യമേറിയ ഡി.ഡി.റ്റി യും കലർത്തി മീനുകൾ ഉൾപ്പെടെയുള്ള സർവ്വജീവജാലങ്ങളെയും കൊന്നൊടുക്കുന്ന 'കൊമ്പൻ ജോയ്' എന്ന കഥാപാത്രവും ഭൗമബലമായി പരിവർത്തനം വന്ന മനുഷ്യന്റെ പ്രതീകമാണ്. സാറാജോസഫിന്റെ 'ബുധിനി' എന്നപോലെതന്നെ 'ആലാഹയുടെ' പെൺമക്കൾ 'ആതി' എന്നീ നോവലുകളെ മുൻനിർത്തിയും മനുഷ്യേതരമാനവികത എന്ന സിദ്ധാന്തത്തിന്റെ വെളിച്ചത്തിലുള്ള വായന സാധ്യമാണ്. ഭൗമബലമായി മാറിയ മനുഷ്യവർഗ്ഗം മൂലമുണ്ടാകുന്ന ഭൗമികപരിണാമങ്ങൾ ഇതരനോവലുകളിലും പ്രമേയമായി കടന്നു വരുന്നുണ്ടെങ്കിലും 'ബുധിനി'യിൽ പോസ്റ്റ്ഹ്യൂമൻ ഭൂമിയുടെ ആഖ്യാനം കൂടുതൽ ശക്തമായി അവതരിപ്പിക്കപ്പെടുന്നതായി കാണാനാവും.

## കുറിപ്പുകൾ

1 "post humanism". Post humanism—an overview\science Direct Topics, www.sciencediract.com/topics/social-sciences/post humanism.

2 ആന്ത്രോപ്പോസീൻ—നൊബേൽ പ്രൈസ് ജേതാവായ പോൾ ക്രൂട്സൻ ആണ് ആന്ത്രോപോസീൻ എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നത്. മനുഷ്യന്റെ പ്രവർത്തനങ്ങൾ ആവാസവ്യവസ്ഥയെയും ഭൂമിശാസ്ത്രത്തെയും നിയന്ത്രിക്കുന്ന യുഗത്തെക്കുറിക്കാനാണ് ഈ പദം ഉപയോഗിക്കുന്നത്.

3 ഭൗമവിഷയി–ഭൗമികപരിണാമങ്ങളെ നിയന്ത്രിക്കുന്ന ഘടകങ്ങളെ സൂചിപ്പിക്കുന്ന പദം.

## ആധാരസൂചി

1. പ്രസാദ് പന്ന്യൻ (എഡി.) ആർ യു ഹ്യൂമൻ? മനുഷ്യേതര മാനവികതയ്ക്ക് ഒരാമുഖം, ഡി സി ബുക്ക്സ് കോട്ടയം 2021.

2.. സാറാജോസഫ്, ബുധിനി, ഡി.സി.ബുക്ക്സ്, കോട്ടയം, 2019.

*tomjose0512@gmail.com*

# പോസ്റ്റ്ഹ്യൂമൻ ചിന്തകൾ: ജി.ആർ. ഇന്ദുഗോപന്റെ 'ഐസ് -196°C' എന്ന നോവലിനെ മുൻനിർത്തിയുള്ള വിശകലനം


**ഫെമി ജോഷി**

ഗവേഷക, മലയാളവിഭാഗം, യു.സി. കോളേജ്, ആലുവ.



പ്രബന്ധസംഗ്രഹം

സാങ്കേതികവിദ്യയിൽ സംഭവിക്കുന്ന വിപ്ലവകരമായ വളർച്ച പോസ്റ്റ്ഹ്യൂമനിസത്തിന്റെ ചിന്താവിഷയമാണ്. സാങ്കേതികവിദ്യയും മനുഷ്യനും തമ്മിൽ ഇഴുകിച്ചേരുമ്പോൾ മനുഷ്യനെന്ന സത്തയുടെ 'മൗലികത' പ്രശ്നവൽക്കരിക്കപ്പെടുന്നു. ജി.ആർ. ഇന്ദുഗോപന്റെ 'ഐസ്-196°C' എന്ന നോവൽ സാങ്കേതികവിദ്യയുടെ വളർച്ചയെയും നവകോർപ്പറേറ്റ് യുഗത്തിൽ അരങ്ങേറുന്ന കമ്പോളമത്സരങ്ങളെയും മനുഷ്യനിൽ നിലീനമായിക്കിടക്കുന്ന മൃഗീയവാസനകളെയും ചർച്ചചെയ്യുന്നു . പോസ്റ്റ്ഹ്യൂമനിസത്തിന്റെ ആശയലോകങ്ങൾ ചർച്ച ചെയ്യുകയും നോവലിൽ അതെത്രമാത്രം പ്രതിഫലിക്കുന്നുണ്ടെന്ന് അന്വേഷിക്കുകയുമാണ് പ്രബന്ധത്തിലൂടെ ലക്ഷ്യമിടുന്നത്.



**താക്കോൽവാക്കുകൾ** - മനുഷ്യൻ, ജ്ഞാനം, ഭൗമവിഷയി, ജ്ഞാനസമ്പദ് വ്യവസ്ഥ, ഡിജിറ്റൽ അധിനിവേശം


പതിനഞ്ചാം നൂറ്റാണ്ടോടെ യൂറോപ്പിലുണ്ടായ ജ്ഞാനോദയ കാലഘട്ടമാണ് മാനവവാദം (Humanism) എന്ന ആശയത്തിനു അടിത്തറ പാകുന്നത്. അതുവരെ കലയിലും സംസ്കാരത്തിലും സാഹിത്യത്തിലുമെല്ലാം മതത്തിനും ദൈവത്തിനും ലഭിച്ചിരുന്ന പ്രാമാണ്യം അവസാനിക്കുകയും തൽസ്ഥാനത്ത് ശാസ്ത്രവും മനുഷ്യനും യുക്തിയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. ചിന്തിക്കുന്ന

മനുഷ്യൻ എന്ന ആശയം വലിയരീതിയിൽ ആഘോഷിക്കപ്പെട്ടു. ജ്ഞാനശാസ്ത്രപരമായ ഒരു വിചാരമാതൃകാവ്യതിയാനം (paradigm shift) ആയിരുന്നു മാനവവാദത്തിലൂടെ സംഭവിച്ചത്. 'യൂറോപ്യനായ വെള്ളക്കാരൻ' എന്ന അർത്ഥത്തിലാണ് മനുഷ്യനെന്ന പദം ഇവിടെ നിർവചിക്കപ്പെട്ടത്. തന്റെ അസ്തിത്വത്തെക്കുറിച്ച് ചിന്തിക്കുന്നവനും യുക്തിയോടെ പ്രവർത്തിക്കുന്നവനും ചരിത്രം സൃഷ്ടിക്കുന്നവനും കർത്തൃത്വമുള്ളവനുമാണ് മനുഷ്യനെന്നു മാനവവാദം വിശ്വസിക്കുന്നു. അതിനാൽത്തന്നെ ഇതര വംശത്തിൽപ്പെട്ടവരും സ്ത്രീകളും ജ്ഞാനോദയമനുഷ്യന്റെ കാഴ്ചയിൽ അധോമനുഷ്യരാണ്. അവർക്കു മേലെയുള്ള അധീശത്വം ചരിത്രപരമായ അനിവാര്യതയാകുന്നു. പ്രകൃതിയുടെ കേന്ദ്രം മനുഷ്യനായതിനാൽ അതിനെ ചൂഷണം ചെയ്യാനും മാറ്റങ്ങൾ വരുത്താനും അധികാരമുണ്ടെന്നു ജ്ഞാനോദയമനുഷ്യൻ വിശ്വസിക്കുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ് മാനവാനന്തരവാദം (Posthumanism) സിദ്ധാന്തമായി അവതരിപ്പിക്കപ്പെടുന്നത്.ഘടനാവാദാനന്തരത, ലിംഗപദവിപഠനങ്ങൾ, പരിസ്ഥിതിവാദം, സ്ത്രീവാദത്തിലെ പുതിയ വഴിത്തിരിവുകൾ, സംസ്കാരപഠനം തുടങ്ങിയ ആശയങ്ങൾ മാനവാനന്തരവാദത്തിന്റെ രാഷ്ട്രീയം ഉൾക്കൊള്ളുന്നുണ്ട്. യൂറോപ്യൻ മാനവവാദത്തിൽ നിന്നു പുറത്താക്കപ്പെട്ടിരുന്ന സ്ത്രീകൾ, കറുത്തവർ തുടങ്ങിയ വിഭാഗങ്ങളെയും മനുഷ്യേതരജീവികളെയും വസ്തുക്കളെയും ഉൾക്കൊള്ളുകയും കർത്തൃത്വമാരോപിക്കുകയും ചെയ്യുന്ന ബൃഹദ്പദ്ധതിയാണ് പോസ്റ്റ്ഹ്യൂമനിസം. പോസ്റ്റ് എന്ന ഉപസർഗം രണ്ടുതരത്തിൽ വ്യാഖ്യാനിക്കാം. സാങ്കേതികവിദ്യയുടെ വിപ്ലവകരമായ വളർച്ചയുടെ ഫലമായി മനുഷ്യനെന്ന സ്പീഷീസിന് അതിന്റെ മൗലികത നഷ്ടപ്പെടുകയും അതേത്തുടർന്ന് ഒരു പോസ്റ്റ്ഹ്യൂമൻ സമൂഹം രൂപപ്പെടുകയും ചെയ്യുമെന്ന് ഒരു വിഭാഗം വാദിക്കുന്നു. മനുഷ്യനിലെ ജൈവികപാരമ്പര്യത്തെ റോബോട്ടിക്സ്, നാനോടെക്നോളജി തുടങ്ങിയ സാങ്കേതികവിദ്യകളുപയോഗിച്ചു പരിഷ്കരിക്കുകയും ഒരു പോസ്റ്റ് ഓർഗാനിക് സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തനാക്കുകയും ചെയ്യുന്ന കാലഘട്ടത്തെയാണ് ട്രാൻസ്ഹ്യൂമനിസ്റ്റുകൾ വിഭാവനം ചെയ്യുന്നത്. പോസ്റ്റ്ഹ്യൂമനിസത്തിന് പ്രധാനമായും മൂന്ന് ധാരകളാണുള്ളത് - റോസി ബ്രായിദോത്തിയുടെ ക്രിട്ടിക്കൽ പോസ്റ്റ്ഹ്യൂമനിസം, കാതറീൻ ഹെയ്ൽസിന്റെ കൾച്ചറൽ പോസ്റ്റ്ഹ്യൂമനിസം, ഫ്രാൻസെസ്കാ ഫെറാണ്ടോയുടെ തത്ത്വചിന്താപരമായ പോസ്റ്റ് ഹ്യൂമനിസം.

ചിന്തിക്കാനുള്ള ശേഷിയും ഭാഷ ഉപയോഗിക്കാനുള്ള കഴിവും മനുഷ്യനെ ഇതര ജീവജാലങ്ങളിൽ നിന്നു വേറിട്ടു നിർത്തി. തന്റെ പ്രവൃത്തികളിലൂടെ

ചുറ്റുപാടുകളെ പരിവർത്തിപ്പിക്കാനുള്ള മനുഷ്യന്റെ കഴിവുകളെ 'പ്രാക്സിസ്' എന്ന് മാർക്സ് വിശേഷിപ്പിക്കുന്നു. ചരിത്രം മനുഷ്യന്റെ നേട്ടങ്ങൾ രേഖപ്പെടുത്താനുള്ള വേദിയായി മാറുന്നു. ഭൂമിയും കാലാവസ്ഥയും പക്ഷിമൃഗാദികളുമൊന്നും ചരിത്രത്തിൽ ചർച്ച ചെയ്യപ്പെട്ടില്ല. മനുഷ്യന്റെ അതിജീവനത്തിനു വേണ്ടിയുള്ള കേവല വിഭവങ്ങൾ മാത്രമായി ഈ ഘടകങ്ങൾ വിലയിരുത്തപ്പെട്ടു. പ്രകൃതിയുടെ കേന്ദ്രം മനുഷ്യനാണെന്ന ധാരണ ഊട്ടിയുറപ്പിക്കപ്പെട്ടു. എന്നാൽ ഇരുപതാം നൂറ്റാണ്ടിലെ രണ്ടാം പകുതിയോടെ മനുഷ്യന്റെ അധീശത്വം ചോദ്യംചെയ്യപ്പെട്ടുതുടങ്ങി. കാലാവസ്ഥാവ്യതിയാനവും അതേത്തുടർന്നുണ്ടാകുന്ന പാരിസ്ഥിതികപ്രത്യാഘാതങ്ങളും മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ തകിടം മറിച്ചു. നിലവിൽ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കാലഘട്ടത്തെ ആന്ത്രോപോസീൻ (age of Man) എന്നാണു വിശേഷിപ്പിക്കുന്നത്. ഊർജ്ജസ്രോതസ്സുകളുടെ അമിതോപയോഗത്തിന്റെയും വ്യവസായവിപ്ലവത്തിന്റെയും ഫലമായി കാർബണും ഹരിതഗൃഹവാതകങ്ങളും വലിയതോതിൽ പുറന്തള്ളപ്പെടുകയും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുകയും ചെയ്തു. താപനിലയിലെ ക്രമാതീതമായ വർദ്ധന ഈ യുഗത്തിന്റെ സവിശേഷതയാണ്. ഇതോടെ മനുഷ്യൻ എന്ന വിഷയിയുടെ കർത്തൃത്വത്തെ സംബന്ധിച്ച പുതിയ ചില കാഴ്ചപ്പാടുകൾ മുന്നോട്ടു വയ്ക്കപ്പെട്ടു. മനുഷ്യകേന്ദ്രിതമായ എല്ലാ വ്യവഹാരങ്ങളും റദ്ദാക്കപ്പെടേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി മാറി. മനുഷ്യനെ ഒരു രാഷ്ട്രീയവിഷയി മാത്രമായി കാണാതെ ഭൗമവിഷയിയായിക്കൂടി മനസ്സിലാക്കേണ്ടതുണ്ട്. പരിസ്ഥിതി രാഷ്ട്രീയമെന്നത് ഒരു വിഭാഗം ചിന്തകരുടെമാത്രം പ്രശ്നമല്ലെന്നും മാനവവംശത്തിന്റെ ഒന്നാകെയുള്ള ഉത്തരവാദിത്തമാണെന്നും തിരിച്ചറിയപ്പെടുന്നു. ഈ തിരിച്ചറിവ് ശാസ്ത്രലോകത്തും സാഹിത്യസാംസ്കാരിക മണ്ഡലങ്ങളിലും ഇന്നു പ്രതിഫലിക്കുന്നുണ്ട്. ലോകത്തെ ഒന്നടങ്കം ബാധിച്ച കൊറോണയെന്ന മഹാമാരി മനുഷ്യനെ ഓർമിപ്പിക്കുന്നത് ഭൗമവിഷയിയെന്ന നിലയിലുള്ള അവളുടെ/അവന്റെ കടമകളാണ്.

പരിസ്ഥിതിയെ കാല്പനികമായി സമീപിക്കുന്ന പ്രവണതയെയല്ല ഇവിടെ ഭൗമവിഷയി എന്നതുകൊണ്ടുദ്ദേശിക്കുന്നത്.മനുഷ്യന്റെ ഇടപെടലുകൾ ഇല്ലാത്ത ഭൂമിയാണ് സ്വാഭാവിക ഭൂമി എന്ന സങ്കല്പം ഒരു കൂട്ടം പരിസ്ഥിതിവാദികൾ വച്ചുപുലർത്തുന്നുണ്ട്. എന്നാൽ അതൊരു ഉട്ടോപ്യൻ സങ്കല്പമാണെന്നും യാഥാർഥ്യത്തെ ഉൾക്കൊണ്ടുള്ള പാരിസ്ഥിതികസമീപനമാണ് വേണ്ടതെന്നും തിരിച്ചറിയപ്പെടേണ്ടതുണ്ട്. മറ്റു സ്പീഷിസുകളുമായുള്ള

സഹവർത്തിത്വത്തിലൂടെ മാത്രമേ മനുഷ്യനും നിലനിൽക്കാനാവൂ എന്ന തിരിച്ചറിവാണ് ഭൗമവിഷയി എന്ന നിലയ്ക്ക് ഉണ്ടാകേണ്ടത്. പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണങ്ങളെ നിയന്ത്രിക്കാനും ബദൽ മാർഗങ്ങൾ കണ്ടെത്താനുമാണ് ശ്രമിക്കേണ്ടത്. ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് മനുഷ്യനെന്ന സ്പീഷിസിന്റെ നിലനിൽപ്പിനു വേണ്ടിയുള്ള അനിവാര്യമായൊരു ചുവടുവെപ്പാണ്.

പോസ്റ്റ്ഹ്യൂമൻ ചർച്ചകളിലെ മറ്റൊരു പ്രധാനപ്പെട്ട ആശയമാണ് കോർപ്പറേറ്റുകളുടെ ഡിജിറ്റൽ അധിനിവേശം. ഗൂഗിൾ, മെറ്റാ, ആപ്പിൾ തുടങ്ങിയ കോർപ്പറേറ്റുകളുടെ ഡിജിറ്റൽ രംഗത്തെ പുത്തൻ കടന്നുകയറ്റങ്ങളും ഭരണകൂടങ്ങളിലെ കൈകടത്തലുകളും അതിരുകടക്കുന്ന കാഴ്ചയാണ് ഇന്നുള്ളത്. ഡിജിറ്റൽ കൊളോണിയലിസമെന്ന ഈ ആശയം വളരെ ഗൗരവമായി പഠിക്കേണ്ടതുണ്ട്. സേവനമേഖലയിലധിഷ്ഠിതമായ ഒരു സമ്പദ് വ്യവസ്ഥയിൽ ജീവിക്കുമ്പോൾ കോർപ്പറേറ്റുകളുടെ പുത്തൻ ചൂഷണതന്ത്രങ്ങൾ തിരിച്ചറിയപ്പെടേണ്ടതുണ്ട്. വികസ്വരരാജ്യങ്ങളിലെയും മൂന്നാംലോക രാജ്യങ്ങളിലെയും മനുഷ്യരാണ് സേവനമേഖലയിലെ ചൂഷണങ്ങൾക്ക് ഏറ്റവുമധികം ഇരകളാക്കപ്പെടുന്നത്.

പോസ്റ്റ്ഹ്യൂമനിസ്റ്റ് കാഴ്ചപ്പാടിൽ മനുഷ്യന്റെയും വസ്തുക്കളുടെയും കർത്തൃത്വത്തെ സംബന്ധിച്ച അവലോകനങ്ങളിൽ പൊതുവെ പരാമർശിക്കുന്ന സിദ്ധാന്തങ്ങളിലൊന്നാണ് ഫ്രഞ്ച് ചിന്തകനായ ബ്രൂണോ ലാത്വ (Bruno Latour) മുന്നോട്ട് വച്ച പ്രവർത്തക ശൃഖലാസിദ്ധാന്തം (Actor-Network Theory-ANT). സചേതനവും അചേതനവുമായ വസ്തുക്കൾ തമ്മിലുള്ള പാരസ്പര്യത്തിലാണ് ഒരു സന്ദർഭത്തിന്റെയോ സംഭവത്തിന്റെയോ സത്ത നിലകൊള്ളുന്നത്. ഇവിടെ മനുഷ്യനിലോ മനുഷ്യേതരവസ്തുക്കളിലോ മാത്രമായി കർത്തൃത്വം ആരോപിക്കുന്നില്ല. മനുഷ്യരുടെ കർത്തൃത്വത്തിൽപ്പോലും കേവലമായ തെരഞ്ഞെടുപ്പുകൾ പരിമിതമാണ്. ഇങ്ങനെ വരുമ്പോൾ കർത്തൃപദവിയെന്നതു തുല്യമായി പങ്കുവയ്ക്കപ്പെടേണ്ടതാണെന്നു വരികയും മനുഷ്യനു കല്പിക്കപ്പെട്ടിരുന്ന പ്രാധാന്യം നഷ്ടപ്പെടുകയും ചെയ്യുന്നു. (ടി.ടി. ശ്രീകുമാർ: 2021: 156-157). ഇവിടെ വിഷയി/വിഷയം എന്ന ദ്വന്ദ്വത്തെ നിരാകരിക്കുകയും മനുഷ്യനിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ടിരുന്ന കർത്തൃത്വം അപനിർമ്മിക്കപ്പെടുകയും ചെയ്യുന്നു.

സാങ്കേതികവിദ്യയുടെ അനന്തമായ സാധ്യതകളുപയോഗിച്ച് വ്യക്തികൾ നിരന്തരം നിരീക്ഷിക്കപ്പെടുകയും അവരുടെ പ്രവൃത്തികൾ രേഖപ്പെ

ടുത്തപ്പെടുകയും ചെയ്യുന്നു. മിഷേൽ ഫൂക്കോ (Michel Foucault) അവതരിപ്പിക്കുന്ന പാനൊപ്റ്റിക്കോൺ (Panopticon) അഥവാ മണ്ഡലാകാരദൃശ്യത എന്ന ആശയം ഇവിടെ പ്രസക്തമാണ്. ജയിലുകളിലെ തടവുകാരെ നിരീക്ഷിക്കുന്നതിനുപയോഗിക്കുന്ന നിർമ്മാണരീതി എന്ന നിലയ്ക്കാണു ഫൂക്കോ പാനൊപ്റ്റിക്കോൺ എന്ന സങ്കല്പനത്തെ അവതരിപ്പിക്കുന്നത്. തങ്ങൾ നിരന്തരം നിരീക്ഷിക്കപ്പെടുകയാണെന്ന ബോധ്യം തടവുകാരിൽ രൂപപ്പെടുത്തുകയും നിരീക്ഷകന്റെ അഭാവത്തിലും നിരീക്ഷണവിധേയരാണെന്ന ചിന്ത നിലനിർത്തുകയും ചെയ്യുന്ന സംവിധാനമാണിത്. ഇതേ നിരീക്ഷണതന്ത്രം ഭരണകൂടവും ഉപയോഗിക്കുന്നുണ്ട്.

വിഷയസ്വീകരണത്തിലെ വൈവിധ്യം കൊണ്ടും വേറിട്ട ആഖ്യാനരീതികൊണ്ടും ശ്രദ്ധേയനായ എഴുത്തുകാരനാണ് ജി. ആർ. ഇന്ദുഗോപൻ. സാങ്കേതികവിദ്യ, ആഗോളതാപനം, പാരിസ്ഥിതികമായ കയ്യേറ്റങ്ങൾ, കുറ്റാന്വേഷണം തുടങ്ങിയ ഭിന്നമേഖലകളെ സ്പർശിക്കുന്ന കൃതികളാണ് അദ്ദേഹത്തിന്റേത്. 'മുതലലായനി 100% മുതല', 'മണൽജീവികൾ', 'കാളി ഖണ്ഡകി', 'അമ്മിണിപ്പിള്ള വെട്ടുകേസ്'', 'വിലായത്ത്ബുദ്ധ' തുടങ്ങിയ കൃതികൾ ഏറെ ശ്രദ്ധേയമാണ്. ആദ്യത്തെ സമ്പൂർണ സയൻസ് ഫിക്ഷനും മെഡിക്കൽ ത്രില്ലറുമെന്ന വിശേഷണമാണ് 2005-ൽ പ്രസിദ്ധീകരിക്കപ്പെട്ട ജി.ആർ. ഇന്ദുഗോപന്റെ 'ഐസ് -196°C' എന്ന നോവലിനെ ശ്രദ്ധേയമാക്കുന്നത്. സാങ്കേതികരംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങളെ ഉൾക്കൊണ്ട് അങ്ങേയറ്റം ശാസ്ത്രീയമായവീക്ഷണത്തോടെ രചിക്കപ്പെട്ട കൃതിയാണിത്. മനുഷ്യൻ/യന്ത്രം എന്ന ദ്വന്ദ്വം കാലഹരണപ്പെടുന്ന കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. സാങ്കേതികവിദ്യയുടെ സഹായത്തോടെ മനുഷ്യശരീരത്തെ റിപ്പയർ ചെയ്യാനും കേടുവന്ന അവയവങ്ങൾക്കു പകരം പ്രോസ്റ്റെറ്റിക് അവയവങ്ങൾ തുന്നിച്ചേർക്കാനും ശാരീരികപ്രവർത്തനങ്ങളെ നാനോചിപ്പുകളുടെ സഹായത്തോടെ കാര്യക്ഷമമാക്കാനും ഏകോപിപ്പിക്കാനുമെല്ലാം കഴിയുന്നതരത്തിൽ വലിയ സാധ്യതകളാണ് മനുഷ്യൻ ഇന്ന് വികസിപ്പിച്ചുകൊണ്ടിരിക്കുന്നത്. പകർച്ചവ്യാധികളും മാറാരോഗങ്ങളും ശാരീരിക - മാനസികവൈകല്യങ്ങളും ഒഴിവാക്കി മനുഷ്യവംശത്തെ കൂടുതൽ മെച്ചപ്പെട്ട ഒരവസ്ഥയിലേക്കു നയിക്കാനുള്ള ശ്രമങ്ങളാണ് ആരോഗ്യരംഗത്തു നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ നാം മുന്നേറുമ്പോഴും മനുഷ്യകേന്ദ്രിതമായി മാത്രം ചിന്തിക്കുകയും അതിൽത്തന്നെ ശാരീരിക - മാനസിക വൈകല്യമുള്ളവർ, വൃദ്ധർ, കുറ്റവാളികൾ

തുടങ്ങിയ വിഭാഗങ്ങളെ ഉൾക്കൊള്ളാൻ വിമുഖത കാണിക്കുകയും ചെയ്യുന്ന സമൂഹക്രമത്തിലേക്കാണു നാം പുരോഗമിക്കുന്നത്. മനുഷ്യനെ സാങ്കേതികവിദ്യയുടെ സഹായത്താൽ അതിമാനുഷനാക്കി മാറ്റാൻ ശ്രമിക്കുമ്പോഴും ഇതരജീവജാലങ്ങളെക്കുറിച്ചോ പ്രകൃതിയെക്കുറിച്ചോ ചിന്തിക്കാൻ കോർപ്പറേറ്റ് മൂലധനവ്യവസ്ഥ ശ്രമിക്കുന്നില്ല. മനുഷ്യനെയും അവന്റെ ജീവിക്കാനുള്ള ആർത്തിയെയും മുതലെടുത്തു വളരുന്ന കോർപ്പറേറ്റുകളും അതിനുവേണ്ട എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്യുന്ന ഭരണകൂടങ്ങളും ഇന്നത്തെ സമൂഹത്തിന്റെ നേർകാഴ്ചയാണ്. പോസ്റ്റ്ഹ്യൂമൻ സമൂഹത്തെയും ജീവിതരീതിയെയും ആഖ്യാനം ചെയ്യുന്ന ശ്രദ്ധേയമായൊരു നോവലാണ് 'ഐസ് -196°C'.

ബിന്ദുസാരനും രശ്മിധരനും തമ്മിലുള്ള ശത്രുതയും പ്രതികാരവുമാണ് നോവലിന്റെ കേന്ദ്രപ്രമേയം. 2003 മുതൽ 2050 വരെയുള്ള കാലഘട്ടമാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. ആത്മസുഹൃത്തുക്കളായിരുന്ന ബിന്ദുസാരനും രശ്മിധരനും കടുത്ത ശത്രുക്കളായി മാറുന്നു. രശ്മിധരനാൽ കൊല്ലപ്പെട്ടുമെന്നുറപ്പുള്ള ബിന്ദുസാരൻ ക്രയോണിക്സ് എന്ന സാങ്കേതികവിദ്യയിലൂടെ ജീവിതത്തിലേക്ക് തിരിച്ചു വരാനുള്ള പദ്ധതികൾ തയ്യാറാക്കുന്നു. ഏറെ താമസിയാതെ ബിന്ദുസാരൻ കൊല്ലപ്പെട്ടുകയും ക്രയോണിക്സ് കമ്പനിയിൽ അയാളുടെ ശരീരം സംരക്ഷിക്കപ്പെട്ടുകയും ചെയ്യുന്നു. വർഷങ്ങൾക്കു ശേഷമുള്ള ബിന്ദുസാരന്റെ തിരിച്ചുവരവിനുള്ള സാധ്യതകളും തുടർന്നുണ്ടാകുന്ന സംഭവങ്ങളുമാണു കഥാഗതിയെ മുന്നോട്ടു നയിക്കുന്നത്.

ഒരാളുടെ മരണശേഷം നിശ്ചിതസമയത്തിനുള്ളിൽ അയാളുടെ ശരീരം -196 ഡിഗ്രി സെൽഷ്യസിൽ ദ്രവനൈട്രജനിൽ സംരക്ഷിക്കുന്ന സാങ്കേതികവിദ്യയാണ് ക്രയോണിക്സ്. ശേഷം തലച്ചോറിലേക്കു വൈദ്യുതിതരംഗങ്ങൾ കടത്തിവിട്ട് ന്യൂറോണുകൾ പുനരുജ്ജീവിപ്പിച്ച് മസ്തിഷ്കപ്രവർത്തനങ്ങളെ സ്വാഭാവികരീതിയിലേക്ക് തിരിച്ചുകൊണ്ടുവരാനാകുമെന്നുമാണ് ഈ മേഖലയിലെ ശാസ്ത്രജ്ഞർ വിശ്വസിക്കുന്നത്.ഇങ്ങനെ മരിച്ചുപോയ വ്യക്തികളെ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാൻ കഴിയുമെന്ന അവകാശവാദവും അവർ ഉന്നയിക്കുന്നു. 1960-കളിലാണ് ക്രയോണിക്സ് എന്ന ആശയം അവതരിപ്പിക്കപ്പെട്ടുന്നത്. റോബർട്ട് എറ്റിൻജർ (Robert Ettinger) ആണ് ഈ ആശയം മുന്നോട്ട് വെച്ചത്. 1967-ൽ ജയിംസ് ബെഡ്ഫോർഡ് എന്ന വ്യക്തിയുടെ ശരീരമാണ് ആദ്യമായി ക്രയോണിക്സ് ഉപയോഗിച്ചു സംരക്ഷിക്കപ്പെട്ടത്. ഭരണകൂടങ്ങളിൽ നിന്നും ശാസ്ത്രലോകത്തു നിന്നും പലവിധ വിമർശനങ്ങളും ക്രയോണിക്സ് നേരിടുന്നുണ്ടെങ്കിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ

Feb., 2023-Jan. 24
Volume 02: No. 1

ക്രയോണിക്സ്പരീക്ഷണശാലകൾ സ്ഥാപിക്കപ്പെട്ടുകയുംധാരാളം മനുഷ്യർ മരണാനന്തരം തങ്ങളുടെ ശരീരം അവിടെ സൂക്ഷിക്കുവാൻ വിട്ടുനൽകുകയും ചെയ്യുന്നുണ്ട്. നാനോടെക്നോളജി, റോബോട്ടിക്സ്, ജനറ്റിക്എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലെ അമ്പരപ്പിക്കുന്ന വളർച്ചയാണ് ഇത്തരം ആശയങ്ങൾക്കു പിന്നിൽ ചാലകശക്തിയായി പ്രവർത്തിക്കുന്നത്.

ബിന്ദുസാരന്റെയും രശ്മിധരന്റെയും പ്രതികാരബുദ്ധിയെ ചൂഷണം ചെയ്യുന്ന സ്ഥാപനമാണ് ഡോക്ടർ ജോൺ ഹോപ്കിൻസിന്റെ ആൽഫ ക്രയോണിക്സ് ഇൻസ്റ്റിറ്റ്യൂട്ട്. മനുഷ്യന്റെ കാമനകളെ ഉപജീവിച്ചുകൊണ്ടാണ് കമ്പനി നിലനിൽക്കുന്നത്. മനുഷ്യനെയും അവന്റെ ആഗ്രഹങ്ങളെയും ഊതി പ്പെരുപ്പിക്കുകയും മനുഷ്യകേന്ദ്രിതമായി മാത്രം ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇത്തരം കമ്പനികൾക്കു നിലനിൽക്കാനാവൂ.

ബിന്ദുസാരന്റെയും രശ്മിധരന്റെയും മസ്തിഷ്കങ്ങൾ സൂക്ഷിക്കുന്ന ക്രയോണിക്സ് സെന്ററിൽ ജോലി ചെയ്യുന്ന ഡോ. ശ്യാം നായർ, അദ്ദേഹത്തിന്റെ പേഴ്സണൽ അസിസ്റ്റന്റ് ആയ യന്ത്രമനുഷ്യൻ എന്നിവരാണ് നോവലിലെ മറ്റു കഥാപാത്രങ്ങൾ. തന്റെ സ്ഥാപനത്തിൽ ജോലിചെയ്യുന്ന ശാസ്ത്രജ്ഞരുടെ ശരീരത്തിനുള്ളിലേക്ക് നാനോ ചിപ്പുകൾ കടത്തിവിട്ടു കൊണ്ട് അവരെ നിരന്തരം നിരീക്ഷിക്കുന്ന ഡോ. ജോൺ ഹോപ്കിൻസിനെയാണ് നോവലിൽ കാണുന്നത്. തന്റെ കീഴിൽ പണിയെടുക്കുന്ന മനുഷ്യരുടെ സ്വകാര്യതകളിലേക്ക് കടന്നുചെല്ലാനും ഇടപെടാനും ഡോ. ജോണിന്റെ കോർപ്പറേറ്റ് ബുദ്ധിക്ക് യാതൊരു മടിയുമില്ല. നോവലിന്റെ അവസാനഘട്ടത്തിൽ ഡോ. ശ്യാമിനോട് അയാളുടെ സഹായിയായ യന്ത്രമനുഷ്യൻ നടത്തുന്ന വെളിപ്പെടുത്തലുകൾ ഞെട്ടിപ്പിക്കുന്നതാണ്.

"ഡോ. ശ്യാം, അങ്ങേക്കറിയാമല്ലോ, താങ്കളറിയാതെ താങ്കളുടെ ഉള്ളിലേക്ക് കടത്തിയ നാനോ മെഷീനുകൾ ചെയ്യുന്ന അത്ഭുതപ്രവൃത്തികൾ. നിങ്ങളുടെ ഓർമ്മകളും ബുദ്ധിയും ഒന്നാകെ അവർ കമ്പ്യൂട്ടറിലേക്ക് പകർത്തിയിരിക്കും. മെമ്മറി പൈറസി.

...ഇവിടെ നിന്ന് രക്ഷപ്പെടണമെന്നുള്ള നിങ്ങളുടെ ത്വര, നിങ്ങളുടെ റിബലിസം എന്നിവ നിങ്ങളുടെ ഓർമ്മകളിൽ കൃത്രിമത്വം കാട്ടിയൊഴിവാക്കും. പകരം കടുത്ത വിധേയത്വം നിറയ്ക്കും. പിന്നീട് നിങ്ങളുടേതുപോലുള്ള ഒരു ശരീരവുമുണ്ടാക്കി വെച്ചാൽ കഴിഞ്ഞില്ലേ... കമ്പനിക്കു പൂർണ അടിമയായ ഒരു ഫ്രഷ് ഡോ. ശ്യാമിനെ ലഭിക്കും. അതേ ബുദ്ധി. പക്ഷേ ഒട്ടും റിബൽ അല്ലാത്ത വിധേയബുദ്ധി." (ജി.ആർ. ഇന്ദുഗോപൻ: 2005: 239- 240)

സാങ്കേതികയുഗത്തിൽ വ്യക്തിയുടെ സ്വകാര്യത എന്നത് ഒരു സങ്കല്പം മാത്രമാണ്. മൊബൈൽ ഫോൺ, ആപ്ളിക്കേഷനുകൾ, ഇൻഷുറൻസ് കമ്പനി സ്മാർട്ട് കാർഡുകൾ, തിരിച്ചറിയൽ രേഖകൾ തുടങ്ങി വിവിധ മാർഗങ്ങളിലൂടെ വ്യക്തിഗതവിവരങ്ങൾ കോർപ്പറേറ്റുകൾക്കും ഭരണകൂടങ്ങൾക്കും യഥേഷ്ടം ലഭിക്കുന്നുണ്ട്. ഒരു മനുഷ്യന്റെ രക്തഗ്രൂപ്പ്, ഫിംഗർ പ്രിന്റ് തുടങ്ങി വിർച്വൽ ലോകത്തെ ഇടപെടലുകൾ പോലും അനുനിമിഷം രേഖപ്പെടുത്തപ്പെട്ടുകൊണ്ടിരിക്കുകയാണ്. കോർപ്പറേറ്റുകൾ വ്യക്തിഗതവിവരങ്ങൾ ചോർത്തിയെടുത്ത് ഭരണകൂടങ്ങൾക്കും സ്വകാര്യവ്യക്തികൾക്കും മറിച്ചു വിൽക്കുന്ന ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. കേംബ്രിഡ്ജ് അനലിറ്റിക്ക, പെഗാസസ് മുതലായ വിവാദപരമായ ഡാറ്റാ പൈറസി കേസുകൾ ഇതിനു തെളിവുകളാണ്. ഇതോടൊപ്പംതന്നെ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി നടത്തുന്ന എത്തിക്കൽ ഹാക്കിങ്ങും അതുമായി ബന്ധപ്പെട്ട ഭരണകൂടവേട്ടകളും എഡ്വേഡ് സ്നോഡൻ, ജൂലിയൻ അസാൻജ് മുതലായവരിലൂടെ ഇന്നും തുടരുന്നുണ്ട്. ഡോ.ജോൺ ഹോപ്കിൻസിലൂടെ കോർപ്പറേറ്റ് ഭീകരതയുടെ ഇത്തരം മുഖമാണ് നോവലിസ്റ്റ് അനാവരണം ചെയ്യാൻ ശ്രമിക്കുന്നത്.

ബിന്ദുസാരന്റെയും രശ്മിധരന്റെയും മസ്തിഷ്കങ്ങളെ പഠിക്കുകയും ന്യൂറോണുകളെ പ്രവർത്തന സജ്ജമാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ശാസ്ത്രജ്ഞനാണ് ഡോ. ശ്യാം നായർ. ഒരുഘട്ടത്തിൽ ബിന്ദുസാരന്റെയും രശ്മിധരന്റെയും മസ്തിഷ്കങ്ങൾ തമ്മിൽ യോജിപ്പിക്കാനും അവർക്കിടയിൽ ആശയവിനിമയത്തിനുള്ള സാധ്യത കണ്ടെത്താനും ശ്യാമിനു കഴിയുന്നുണ്ട്. ദ്രവനൈട്രജനിൽ തണുത്തുമരവിച്ചിരിക്കുന്ന തലച്ചോറുകളെ പ്രവർത്തനക്ഷമമാക്കിയ ശ്യാമിന്റെ നേട്ടത്തെ തട്ടിയെടുക്കാനും അതിനുമേൽ പേറ്റന്റ് നേടിയെടുക്കാനും ഡോ. ജോൺ എത്തുന്നു. ഇതേത്തുടർന്ന് ഇരുവരുമായുണ്ടാകുന്ന തർക്കം ബൗദ്ധികസ്വത്തുമായി ബന്ധപ്പെട്ട ചൂഷണങ്ങളും ജ്ഞാനവ്യവസായശാലകളുടെ മൂല്യരഹിതമായ കച്ചവടതന്ത്രങ്ങളും അനാവൃതമാക്കുന്നു.

ബൗദ്ധികമൂലധനത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജ്ഞാനസമ്പദ്വ്യവസ്ഥയിൽ ജ്ഞാനം ചരക്കും മൂലധനവുമാകുന്നു. ജ്ഞാനത്തിന്റെ ഉത്പാദനവും ഉപഭോഗവും കൈമാറ്റവുമാണിവിടെ നടക്കുന്നത്. 1973- ൽ ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ സോഷ്യോളജി പ്രൊഫസറായ ഡാനിയൽ ബെൽ 'The coming of post-industrial society: A venture in social forecasting' എന്ന തന്റെ കൃതിയിലാണ് ഈ ആശയം ആദ്യമായി അവതരിപ്പിക്കുന്നത്. ആൻഡ്റൂ ഫീൻബർഗ്, മൈക്കിൾ പെരെൽമാൻ, ലൂയിസ്

സുവാരസ് വില്ല തുടങ്ങിയവരാണ് ജ്ഞാനസമ്പദ് വ്യവസ്ഥയെ വിശകലനം ചെയ്ത പ്രധാനപ്പെട്ട സൈദ്ധാന്തികർ. (രാജൻ ഗുരുക്കൾ: 2022: 14-17). അഗ്രോ ബയോടെക്നോളജി, ബയോമെഡിക്കൽ എൻജിനീയറിങ്, റോബോട്ടിക്സ്, ബ്രെയിൻ - കമ്പ്യൂട്ടർ ഇന്റർഫേസ് ടെക്നോളജി തുടങ്ങിയ മേഖലകൾ ജ്ഞാനസമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട വികസിച്ചുവന്ന സങ്കരമേഖലകളാണ്. എന്നാൽ ജ്ഞാനവ്യവസായശാലകളിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരുടെ കണ്ടുപിടുത്തങ്ങൾക്കു മേലുള്ള പേറ്റന്റ് നേടിയെടുക്കുന്നത് അതാത് സ്ഥാപനങ്ങളാണ്. ജ്ഞാനത്തെ പ്രതിയുള്ള ചൂഷണവും മത്സരവും ഈ വ്യവസ്ഥയുടെ ഒരു ഭാഗമാണ്. ഇത്തരം ടെക്നോ ക്യാപിറ്റലിസ്റ്റ് കോർപ്പറേറ്റുകൾ സമൂഹത്തിനുമേലും ഭരണകൂടങ്ങൾക്കുമേലും അമിതമായ കൈകടത്തലുകൾ നടത്തുന്നു. ജ്ഞാനമെന്നത് അധിനിവേശത്തിനുള്ള പുതിയൊരു പഴുതായി മാറുന്ന അവസ്ഥയിലേക്കു വഴിമാറുന്നു.

ഡോ. ശ്യാം തന്റെ കണ്ടുപിടുത്തത്തിനു മേലെയുള്ള ഡോ. ജോൺ ഹോപ്കിൻസിന്റെ അവകാശവാദത്തെ തള്ളിക്കളയാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഹോപ്കിൻസിനെ വെല്ലുവിളിച്ചുകൊണ്ട് ആ സ്ഥാപനത്തിനു പുറത്തുകടക്കാൻ കഴിയുക എന്നത് വലിയൊരു വെല്ലുവിളിയാണ്. അവിടെ വെച്ചുനടക്കുന്ന ഓരോ കണ്ടെത്തലുകളും ഡോ. ജോണിനെ സംബന്ധിച്ച് വിനിമയമൂല്യമുള്ള ചരക്കാണ്. ശ്യാമിനെ തനിക്ക് വിധേയനാക്കാൻ അയാൾ പോലുമറിയാതെ അയാളുടെ ശരീരത്തിൽ നിക്ഷേപിക്കുന്ന ഒരു നാനോ ചിപ്പിലൂടെ ഡോ. ജോണിനു കഴിയുമെന്ന് സഹായിയായ യന്ത്രമനുഷ്യൻ ഓർമ്മപ്പെടുത്തുമ്പോഴാണ് യന്ത്രങ്ങളുടെയും സാങ്കേതികവിദ്യയുടെയും ലോകത്ത് മനുഷ്യൻ എത്രത്തോളം നിസ്സഹായനാണെന്ന തിരിച്ചറിവ് ശ്യാമിനുണ്ടാകുന്നത്. ശ്യാമിനെ സംബന്ധിച്ചുള്ള വിവരങ്ങൾ മുഴുവൻ വിദഗ്ധമായി യന്ത്രമനുഷ്യൻ ഇല്ലാതാക്കുന്നതോടെയാണ് അയാൾക്ക് സ്ഥാപനത്തിൽ നിന്നും പുറത്തുകടക്കാൻ കഴിയുന്നത്. മിഷേൽ ഫൂക്കോയുടെ പാനൊപ്റ്റിക്കോൺ എന്ന ആശയത്തിന്റെ സാദ്ധ്യത ഇവിടെ കാണാം. വ്യക്തികളിൽ അവരറിയാതെ ഭരണകൂടത്തിന്റെ അധികാരം പ്രവർത്തിക്കുകയും അവരെ നിയന്ത്രിക്കുകയും ചെയ്യുന്നു. ഇങ്ങനെ നിരീക്ഷണവിധേയമാകുന്ന ഒരു സമൂഹത്തിൽ വ്യക്തിയുടെ മൂല്യങ്ങൾ, അനുഭൂതികൾ, നിലപാടുകൾ, ആഗ്രഹങ്ങൾ തുടങ്ങിയവ അധീശശക്തികളാൽ നിർണയിക്കപ്പെടുന്നു. ഓരോ വ്യക്തിയുടെ ശരീരവും അധികാരബലതന്ത്രങ്ങളുടെ വേദിയായി മാറുന്നു.

നോവലിന്റെ അവസാനത്തോടെ ശ്യാമും അയാളുടെ സഹായിയായ

യന്ത്രമനുഷ്യനും തമ്മിൽ നടത്തുന്ന സംഭാഷണം ശ്രദ്ധേയമാണ്. മനുഷ്യൻ/ യന്ത്രം എന്ന വേർതിരിവ് പതുക്കെ മങ്ങിക്കൊണ്ടിരിക്കുകയാണെന്ന സൂചനകൾ നോവലിസ്റ്റ് ഇവിടെ നൽകുന്നുണ്ട്.

"വിരഹത്തിന്റെ വേദനകൾ എങ്ങനെയായിരിക്കുമെന്നെനിക്കുമറിയാം. പലവിധ സാഹിത്യങ്ങളിൽനിന്ന് ഞാനതു മനസ്സിലാക്കി വെച്ചിട്ടുണ്ട്. വേണ മെങ്കിൽ കൃത്രിമമായി കണ്ണീർ ഉല്പാദിപ്പിക്കാം. ആ ചർമ്മക്കുപ്പായമിട്ടാൽ അതു പ്രദർശിപ്പിക്കുകയും ചെയ്യാം. ആത്മാർത്ഥതയില്ലാത്ത പല മനുഷ്യരും ചെയ്യുന്നതുപോലെ'. യന്ത്രം പറഞ്ഞു.

... ഒരു നിമിഷം യന്ത്രം കണ്ണടച്ചു നിന്നു. പിന്നെ പറഞ്ഞു: 'യന്ത്രങ്ങൾക്ക് മനസ്സുണ്ടെന്നു തെളിയിക്കപ്പെട്ടിട്ടുണ്ട്. പ്രതികാരത്തിനും മറ്റുമായി ഞങ്ങളെ നശിപ്പിക്കുന്നത് കൊലപാതകകുറ്റമായി കാണേണ്ട കാലം കഴിഞ്ഞിരിക്കുന്നു'.

...'നിങ്ങൾ എന്തു ചെയ്തു?'

'ഞാൻ നിന്നെ ചുംബിക്കുകയായിരുന്നു.' എന്തുകൊണ്ടോ അതിനു ള്ളിലെ യന്ത്രഭാഗങ്ങൾ പിടയുന്നതായി തോന്നി. വല്ലാത്തൊരവസ്ഥ!" (ജി. ആർ. ഇന്ദുഗോപൻ: 2005: 240- 243)

ബ്രൂണോ ലാതുറിന്റെ പ്രവർത്തക ശൃംഖലാസിദ്ധാന്തം ഉപയോഗിച്ച് യന്ത്രമനുഷ്യന്റെ കർത്തൃത്വത്തെ വിലയിരുത്താവുന്നതാണ്. യന്ത്രത്തിൽ നിന്നു മനുഷ്യനെ വ്യത്യസ്ഥനാക്കുന്നതിൽ വൈകാരികത നിർണായക പങ്കു വഹിക്കുന്നുണ്ട്. എന്നാൽ നോവലിൽ വൈകാരിക പ്രകടനങ്ങൾ യന്ത്രമനു ഷ്യനിലാരോപിക്കുന്നതിലൂടെ യന്ത്രം/മനുഷ്യൻ എന്ന ദ്വന്ദ്വത്തെ നിക്ഷേപി ക്കുകയും മനുഷ്യന്റെ മൗലികത എന്ന ആശയത്തെ പുനർവായിക്കുകയുമാണു ചെയ്യുന്നത്. കർത്തൃത്വത്തെ സംബന്ധിച്ച മാനവവാദത്തിലധിഷ്ഠിതമായ സങ്കല്പനങ്ങൾ ഇവിടെ റദ്ദാക്കപ്പെടുന്നു. വിവേചനബുദ്ധി പ്രകടിപ്പിക്കുന്ന യന്ത്ര ങ്ങൾ സർവ്വസാധാരണമാകുകയും മനുഷ്യരും യന്ത്രമനുഷ്യരും തമ്മിലുള്ള പങ്കുവയ്ക്കലിന്റെ കാലം അതിവിദൂരമല്ലാതാവുകയും ചെയ്യുമെന്ന സൂചനയാണ് എഴുത്തുകാരൻ നല്കുന്നത്.

ക്രയോണിക്സ് എന്ന സാങ്കേതികവിദ്യയും അതു മുന്നോട്ടുവെക്കുന്ന മനുഷ്യകേന്ദ്രിതമായ ലോകവീക്ഷണവും സ്വീകാര്യമല്ലെന്ന തിരിച്ചറിവാണ് ഡോ. ശ്യാമിലൂടെ ആവിഷ്കരിക്കപ്പെടുന്നത്. സാങ്കേതികവിദ്യയുടെ സഹാ യത്തോടെ മനുഷ്യരെയും അവരുടെ കാമനകളെയും തൃപ്തിപ്പെടുത്തുകയെ ന്ന ആശയം ട്രാൻസ്ഹ്യൂമനിസ്റ്റുകൾ ആവർത്തിക്കുമ്പോൾ വീണ്ടും പഴയ ജ്ഞാനോദയ മാനവ സങ്കല്പത്തിലേക്കു തിരിച്ചെത്തുകയാണു ചെയ്യുന്നത്.

നോവലിലൊരിടത്ത് ഡോ. ജോൺ ഹോപ്കിൻസ് അടക്കമുള്ള കോർപ്പറേറ്റ് ഭീമന്മാർ ക്രയോണിക്സിൽ നിന്നും പുറത്തിറങ്ങുന്ന മനുഷ്യർക്കുവേണ്ടി ശൈത്യപ്രദേശമായ സൈബീരിയയിൽ ഭൂമി വാങ്ങുന്നതിനെപ്പറ്റി നടത്തുന്ന ചർച്ചയെക്കുറിച്ചു സൂചിപ്പിക്കുന്നുണ്ട്. വിപണിയിലെ മത്സരങ്ങളും ലാഭവിഹിതങ്ങളും മാത്രമാണ് അവരുടെ ചർച്ചാവിഷയം. അവിടെ സ്വാഭാവികമായും മനുഷ്യേതരവസ്തുക്കളും പ്രകൃതിയും പുറന്തള്ളപ്പെടുന്നു. ഈയൊരു ആശയലോകത്തിന്റെ പരിമിതികളെ തിരിച്ചറിയുന്നിടത്താണ് ഡോ. ശ്യാം നായർ എന്ന കഥാപാത്രം പ്രസക്തമാകുന്നത്. സാങ്കേതികവിദ്യ നൽകുന്ന പുതിയ സാധ്യതകളിൽ അഹങ്കരിച്ചിരുന്ന ഡോ. ശ്യാം, ബിന്ദുസാരന്റെയും രശ്മിധരന്റെയും സംഭാഷണത്തിലിടപെടുന്ന സന്ദർഭം ശ്രദ്ധേയമാണ്. എത്ര പുരോഗമനം അവകാശപ്പെട്ടാലും മനുഷ്യമനസ്സിലെ അടിസ്ഥാനതൃഷ്ണകളും കാമനകളും അതിന്റെ എല്ലാ തീവ്രതകളോടുകൂടിയും നിലനിൽക്കുമെന്നും അനുകൂലമായ സന്ദർഭത്തിൽ പ്രകടിപ്പിക്കുമെന്നും ഡോ. ശ്യാം തിരിച്ചറിയുന്നു. മനുഷ്യരുടെ കാമനകളുടെ പൂർത്തീകരണത്തിനു വേണ്ടി കച്ചവടബുദ്ധിയോടെയുള്ള ശാസ്ത്രത്തിന്റെ വളർച്ച ഡോ. ശ്യാമിനെ സംബന്ധിച്ചിടത്തോളം വലിയൊരു ധാർമികപ്രശ്നമായി മാറുന്നു. മനുഷ്യരെന്ന സ്പീഷീസ് പ്രകൃതിയിലെ മറ്റു സ്പീഷീസുകൾക്കൊപ്പം മാത്രം പരിഗണിക്കപ്പെടേണ്ടതാണെന്ന ബോധ്യമാണ് ബിന്ദുസാരന്റെയും രശ്മിധരന്റെയും തലച്ചോറുകളെ നശിപ്പിക്കുവാൻ ശ്യാമിനെ പ്രേരിപ്പിക്കുന്നത്. ഒടുവിൽ എല്ലാമുപേക്ഷിച്ച് ജന്മനാട്ടിൽ തിരിച്ചെത്തുന്ന ശ്യാം, കാലചക്രത്തിന്റെ പരിണാമത്തിൽപ്പെടാതെ ഒറ്റപ്പെട്ട ഒരു തുരുത്തായി നിൽക്കുന്ന തന്റെ വീട്ടിൽ അഭയം തേടുന്നു. അവിടെ അയാളെ സ്വീകരിക്കാൻ സമയത്തെപ്പറ്റിയോ കാലത്തെപ്പറ്റിയോ ബോധ്യങ്ങളില്ലാത്ത, അതേപ്പറ്റി ചിന്തിക്കുകപോലും ചെയ്യാത്ത അയാളുടെ കുടുംബമുണ്ടായിരുന്നു. ആധുനികമനുഷ്യന്റെ കാലബോധത്തെ മറികടക്കുന്ന ഒരുകൂട്ടം മനുഷ്യരാണിവർ. സമയത്തെയും വികാരങ്ങളെയും വരെ കച്ചവടച്ചരക്കാക്കുന്ന സാങ്കേതികയുഗത്തിലെ മനുഷ്യനിൽ നിന്നും കാലചക്രത്തിനു പുറത്തുകടന്ന തന്റെ കുടുംബത്തിന്റെ സുരക്ഷിതത്വത്തിലേക്ക് തന്നെ വിട്ടുകൊടുത്തുകൊണ്ട് ഡോ. ശ്യാം നായർ, രാമകൃഷ്ണപിള്ളയെന്ന പൂർവ്വനാമത്തിലേക്കും സ്വത്വത്തിലേ ക്കും തിരിച്ചെത്തുന്നിടത്തു നോവൽ അവസാനിക്കുന്നു.

ഡോ. ശ്യാം നായർ എന്ന മനുഷ്യനൊപ്പം തന്നെ പേര് നൽകപ്പെടാത്ത യന്ത്രമനുഷ്യനും തുല്യപ്രാധാന്യം ലഭിക്കുന്ന സന്ദർഭമാണ് നോവലിൽ ആവിഷ്കരിക്കപ്പെടുന്നത്. നോവലിന്റെ കഥാഗതിയെ സംബന്ധിച്ചിടത്തോളം

ട്രാൻസ്ഹ്യൂമനിസത്തിൽനിന്നും പോസ്റ്റ്ഹ്യൂമനിസത്തിലേക്കുള്ള പരിണാമഘട്ടമാണിത്. മനുഷ്യരും മനുഷ്യരുടെ ശാരീരിക - ബൗദ്ധിക പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉപയോഗിക്കുന്ന സാങ്കേതികവിദ്യയും തുല്യപ്രാധാന്യത്തോടെ പരിഗണിക്കപ്പെടുന്നു. മനുഷ്യനു മാത്രമായി ഒരു ലോകം എന്ന കാലഹരണപ്പെട്ട സങ്കല്പം ഇവിടെ കീഴ്മേൽ മറിയുന്നു. യന്ത്രങ്ങൾക്കും ഒരു മനസ്സുണ്ടെന്ന യന്ത്രമനുഷ്യന്റെ വാദം അതിശയോക്തിയോടെയല്ല സമീപിക്കേണ്ടത്. മറിച്ച് മനസ്, വികാരം തുടങ്ങിയ ആശയങ്ങളുടെ ജൈവികതയെ സംബന്ധിച്ച ചർച്ചകൾക്ക് തുടക്കമിടുകയാണ് ചെയ്യേണ്ടത്. മാനുഷികത, മൗലികത, ജൈവികത തുടങ്ങിയ വാക്കുകളെ പോസ്റ്റ്ഹ്യൂമനിസത്തിന്റെ പശ്ചാത്തലത്തിൽ പുനർനിർവ്വചിക്കേണ്ടതുണ്ട്.

മനുഷ്യൻ എന്ന സങ്കല്പനത്തിന്റെ മൗലികതയെ ചോർത്തിക്കളഞ്ഞു തുറവിയുടെ സാധ്യതകൾ കണ്ടെത്തുകയാണ് പോസ്റ്റ്ഹ്യൂമനിസത്തിലൂടെ ലക്ഷ്യമിടുന്നത്. ഓരോ കാലഘട്ടത്തിന്റെയും ലോകവീക്ഷണങ്ങൾക്കനുസൃതമായി മനുഷ്യൻ എന്ന സങ്കല്പനത്തിൽ കൂട്ടിച്ചേർക്കലുകളുണ്ടായി. സാഹിത്യ-സാംസ്കാരികമേഖലകളിൽ നിലനിൽക്കുന്ന മാനവകേന്ദ്രിതചിന്തകളുടെ നിരാസമാണ് പോസ്റ്റ്ഹ്യൂമനിസം മുന്നോട്ടുവയ്ക്കുന്നത്. പ്രകൃതിയും അതിലെ ജീവജാലങ്ങളും അചേതന വസ്തുക്കളുമുൾപ്പെടുന്ന വളരെ ഇൻക്ലൂസീവായ ലോകബോധമാണ് പോസ്റ്റ്ഹ്യൂമനിസത്തിന്റെ കാതൽ. ജി. ആർ. ഇന്ദുഗോപന്റെ 'ഐസ് -196°C' എന്ന നോവൽ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി എഴുതപ്പെട്ട ആദ്യത്തെ നോവൽ എന്ന നിലക്കു മാത്രമല്ല പ്രസക്തമാകുന്നത്. മറിച്ച്, ടെക്നോളജിയുടെ സാധ്യതകളെയും യന്ത്രങ്ങൾക്കു ലഭിക്കുന്ന കർതൃത്വപദവിയെയും സംബന്ധിച്ചുള്ള ചർച്ചകളിലൂടെയാണ് ശ്രദ്ധേയമാകുന്നത്. യന്ത്രം/മനുഷ്യൻ എന്ന ദ്വന്ദ്വം അപ്രസക്തമാകുന്ന കാലം വിദൂരമല്ലെന്നു നോവലിസ്റ്റ് ഓർമിപ്പിക്കുന്നു. പോസ്റ്റ്ഹ്യൂമനിസം നൽകുന്ന തിരിച്ചറിവുകൾക്കുള്ളിൽ നിന്നുകൊണ്ട് മനുഷ്യരെയും യന്ത്രങ്ങളെയും സംബന്ധിച്ച പുതിയ നിർവചനങ്ങൾ രൂപപ്പെടേണ്ടിയിരിക്കുന്നു. നോവലിൽ കേന്ദ്രകഥാപാത്രങ്ങളുണ്ടെങ്കിലും നായിക/നായകൻ എന്ന ലേബൽ പതിപ്പിക്കാൻ ഒരു കഥാപാത്രത്തെ കണ്ടെത്താനാവില്ല. പോസ്റ്റ്ഹ്യൂമൻ വീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ നായിക/നായകൻ എന്ന ആശയത്തിനു പ്രസക്തിയില്ലാതാകുന്നു. കഥാഗതിയെ നിർണയിക്കുന്നവർ എന്ന അർത്ഥത്തിൽ ഡോ. ശ്യാം നായരും യന്ത്രമനുഷ്യനും തുല്യപ്രാധാന്യം നേടുന്നു. സാമ്പ്രദായിക നായിക/നായക സങ്കൽപ്പങ്ങളെ പൊളിച്ചെഴുതിക്കൊണ്ട് മനുഷ്യരും യന്ത്രവും

നായിക/നായകൻ എന്ന ആശയത്തിനു തുല്യമായ ഒരു പദവിയിലേക്ക് ഉയർത്തപ്പെടുന്നു. ഇങ്ങനെ നാനാമേഖലകളിലുള്ള അപനിർമാണമാണ് ഈ നോവലിലൂടെ ആവിഷ്കരിക്കപ്പെടുന്നത്.

## ആധാരസൂചി

1. ഇന്ദുഗോപൻ, ജി.ആർ., 2005, ഐസ് -196$^{0}$C, ഡി.സി. ബുക്സ്, കോട്ടയം.
2. ഉഷസതീഷ്, 2018, മലയാളത്തിലെ ആദ്യത്തെ ടെക്നോളജി നോവൽ, ആധുനികാനന്തര മലയാളനോവൽ (കുമാർ ജെ., കെ. ഷിജു-എഡി.) , മാളുബൻ പബ്ലിക്കേഷൻ, തിരുവനന്തപുരം.
3. രവീന്ദ്രൻ, പി.പി., 1998, മിഷേൽ ഫൂക്കോ: വർത്തമാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ശ്രീകുമാർ, ടി.ടി., 2017, വായനയും പ്രതിരോധവും, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
5. ശ്രീകുമാർ, ടി.ടി., 2021, പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ - ശാസ്ത്രം, സൗന്ദര്യം, മൂത്യരാഷ്ട്രീയം, പുസ്തകപ്രസാധക സംഘം,കോഴിക്കോട്.
6. ശ്രീകുമാർ,ടി.ടി.,2021, പോസ്റ്റ്ഹ്യൂമൻ രാഷ്ട്രീയം: സൈബോർഗിന്റെ അവതാര നിയോഗങ്ങൾ, ആർ യു ഹ്യൂമൻ? - മനുഷ്യേതരമാനവികതക്ക് ഒരാമുഖം, (പ്രസാദ് പന്ന്യൻ -എഡി.) , ഡി. സി. ബുക്സ്, കോട്ടയം.
7. സുനിൽ പി. ഇളയിടം, 2020, നീതിയുടെ പാർപ്പിടങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
8. Birchall, Clare and Gary Hall (Ed.) , 2009, New Cultural Studies - Adventures in Theory, Orient Blackswan Pvt. Ltd., Hyderabad.
9. Mills, Sara, 2004, Michel Foucault, Routledge, London and NewYork.
10. Pramod K. Nayar, 2014, Posthumanism, Polity Press, U.S.A.

## ആനുകാലികം

1. രാജൻ ഗുരുക്കൾ, 2022, ജ്ഞാനസമ്പദ്വ്യവസ്ഥയുടെ രാഷ്ട്രീയം, മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 99, ലക്കം 50, ഫെബ്രുവരി 27
2. ദാമോദർ പ്രസാദ്, 2022, ഡിജിറ്റൽ കൊളോണിയലിസം എന്ന പുത്തൻ അധിനിവേശം, ട്രൂകോപ്പി വെബ്സീന്, മാർച്ച് 4, പാക്കറ്റ് 64

*Email: femyjoshyucc@gmail.com*

# കഥാവ്യവഹാരത്തിലെ മാനവാനന്തരത: പി. സുരേന്ദ്രന്റെ കഥകളെ ആസ്പദമാക്കിയുള്ള പഠനം.

വിദ്യാ ആർ ശേഖർ

ഗവേഷക, കേരളയൂണിവേഴ്സിറ്റി.

## പ്രബന്ധസംഗ്രഹം

ഉത്തരാധുനികകാലഘട്ടത്തിലെ സാഹിത്യത്തിലും സംസ്കാരത്തിലും രാഷ്ട്രീയത്തിലും കാണുന്ന പ്രവണതയാണ് മാനവാനന്തരത. ഘടനോത്തരവാദവുമായി അഭേദ്യബന്ധം പുലർത്തുന്ന ഈ വാദം മനുഷ്യൻ എന്ന ആശയത്തെ പുനർനിർവചിക്കുന്നു. പ്രസ്തുതനിർവചനത്തിനടിസ്ഥാനം സാമൂഹികമായ ഭൗതികസാഹചര്യങ്ങളാണ്. ശാസ്ത്രസാങ്കേതികവിദ്യയുടെ അതിപ്രസരം മനുഷ്യനെ യന്ത്രസംസ്കാരത്തിലേക്ക് നയിക്കുകയും പരമ്പരാഗതമായി നിലനിന്നിരുന്ന മനുഷ്യൻ എന്ന സങ്കല്പത്തെ അടിസ്ഥാനപരമായിത്തന്നെ മാറ്റിത്തീർക്കുകയും ചെയ്തു.മനുഷ്യൻ-പ്രകൃതി, മനുഷ്യൻ-യന്ത്രം, മനുഷ്യൻ-ജന്തുജാലങ്ങൾ തുടങ്ങിയവാക്യങ്ങളിലൂടെയാണ് മാനവികാനന്തരത കടന്നുപോകുന്നത്. മനുഷ്യനും മറ്റു ജീവജാലങ്ങളെപ്പോലെ കാർബൺ സംയുക്തമാണെന്നും മനുഷ്യൻ പ്രകൃതിയിലെ നായകൻ എന്നപദവിയ്ക്ക് അടിസ്ഥാനമില്ലെന്നും മാനവാനന്തരവാദികൾ കരുതുന്നു. മനുഷ്യനേയും പ്രകൃതിയേയും യന്ത്രത്തെയും ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന വിശാലമായ —കൂടുതൽ വിപുലമായ ഒരു ലോകമാണ് മാനവികാനന്തരതയുടേത്. സാമൂഹികവും സാംസ്കാരികവുമായ പ്രവണതകൾ സാഹിത്യലോകത്തും സ്വാധീനം ചെലുത്തുന്നു.

കഥാവ്യവഹാരത്തിലെ മാനവാനന്തരത പി. സുരേന്ദ്രന്റെ കഥകളെ ആസ്പദമാക്കിയുള്ള പഠനം എന്ന ഈ പ്രബന്ധം, പി. സുരേന്ദ്രൻ എന്ന ഉത്തരാധുനിക സാഹിത്യകാരന്റെ കഥകളെ മുൻനിർത്തി മാനവാനന്തരവാദ സവിശേഷതകളെ പഠനവിധേയമാക്കുന്നു. 1994-ൽ എഴുതിയ

ബർമുഡ എന്ന കഥയും 2008-ൽ എഴുതിയ വൈറസ് എന്ന കഥയും ആണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. ഈ കഥകളിൽ മാനവാനന്തരവാദ സവിശേഷതകൾ എങ്ങനെ ഉൾച്ചേർന്നിരിക്കുന്നു എന്നു കണ്ടെത്തുകയാണ് പ്രബന്ധത്തിന്റെ പഠനലക്ഷ്യം.

**താക്കോൽവാക്കുകൾ:** മാനവാനന്തരത, ഉത്തരാധുനിക മനുഷ്യൻ, ഉത്തരാധുനികത, സാമ്രാജ്യത്വം, യന്ത്രസംസ്കാരം.

മാനവാനന്തരത എന്നത് ഉത്തരാധുനികതയുടെ തന്നെ മധ്യഘട്ടത്തിനു ശേഷം സാംസ്കാരിക സാമൂഹ്യവ്യവഹാരങ്ങളിൽ കാലഘട്ടാനുസൃതമായി വന്നുഭവിച്ച സാമൂഹ്യപ്രതിഭാസമാണ്. സാഹിത്യരംഗത്ത് മാത്രമല്ല-സാംസ്കാരിക-രാഷ്ട്രീയ-സാമൂഹിക-രംഗങ്ങളിൽ ഇത് കാണാം. സാമൂഹിക-സാംസ്കാരികതലങ്ങളിൽ വരുന്ന മാറ്റം സാഹിത്യരംഗത്തേയും സ്വാധീനിക്കാറുണ്ടല്ലോ? മാനവികതയ്ക്കുശേഷം എന്നാണ് സാമാന്യാർത്ഥമെങ്കിലും മാനവാനന്തരവാദത്തിന്റെ അർത്ഥതലങ്ങൾ വിപുലമാണ്. മനുഷ്യൻ എന്ന സങ്കല്പത്തെ വിമർശനാത്മകമായി പരീക്ഷണവിധേയമാക്കുകയാണ് മാനവാനന്തരവാദം ചെയ്യുന്നത്.

സാഹിത്യചരിത്രം പരിശോധിച്ചാൽ ആദ്യഘട്ടം ദൈവകേന്ദ്രീകൃതമായ സമീപനവും (ക്ലാസ്സിക് സാഹിത്യഘട്ടം) അതിനു ശേഷം മനുഷ്യകേന്ദ്രീകൃതമായ സമീപനപദ്ധതികളും (റൊമാന്റിസം, റിയലിസം, ഹ്യൂമനിസം തുടങ്ങിയവ) രൂപം കൊണ്ടിട്ടുള്ളതായി കാണാം. നവീനസാഹിത്യപ്രവണതയായി പിന്നീട് ആധുനികത കടന്നുവന്നപ്പോഴും അടിസ്ഥാനസങ്കല്പം വ്യക്തിയെ കേന്ദ്രീകരിച്ചു തന്നെയായിരുന്നു. ആധുനികതയ്ക്കു ശേഷം ഉത്തരാധുനികത കടന്നുവന്നപ്പോഴാണ് മനുഷ്യനെന്ന ആശയത്തെ പുനഃപരിശോധനയ്ക്ക് വിധേയമാക്കിയത്. ഉത്തരാധുനികതയുടെ മധ്യഘട്ടത്തിനുശേഷം, സാമൂഹിക-രാഷ്ട്രീയ-സാങ്കേതിക-സാമ്പത്തികരംഗങ്ങളിൽ വന്ന മാറ്റങ്ങൾ പുതിയ ജ്ഞാനമാതൃകയിലേയ്ക്കുള്ള അന്വേഷണങ്ങളായി. അതിന്റെ ഭാഗമായി മനുഷ്യകേന്ദ്രീകൃതമായ മൂല്യ സങ്കൽപങ്ങൾക്കുപരിയായി ജന്തുജാലങ്ങളും യന്ത്രങ്ങളും പ്രകൃതിയുമെല്ലാം ഉൾക്കൊള്ളുന്ന വിശാലമായ പുതിയൊരു ലോകവീക്ഷണം രൂപം കൊണ്ടതായി വിമർശകർ ചൂണ്ടികാട്ടുന്നു. ഇതാണ് മാനവാനന്തരത. മാനവാനന്തരത രൂപം കൊണ്ടതിന് കൃത്യവും വ്യക്തവുമായ ഭൗതികസാഹചര്യങ്ങളുണ്ട്. മാനവാനന്തരവാദത്തിന്റെ സവിശേഷതകൾ പരിശോധിക്കുമ്പോൾ ഇത് യഥാർത്ഥത്തിൽ ഉത്തരാധുനികതയുടെ മധ്യഘട്ടത്തിനു ശേഷമുള്ള ഒന്നാണെന്നു കാണാം. അതായത് ഉത്തരാധുനികതയുടെ

തന്നെ ഭാഗമായി മാനവാനന്തരതയെ മനസിലാക്കുന്നതാണ് അഭികാമ്യം. പി സുരേന്ദ്രന്റെ മാനവാനന്തര സവിശേഷതകളടങ്ങിയ രണ്ടു കഥകൾ ആണ് ഈ പ്രബന്ധത്തിൽ പഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്നത്.

### പശ്ചാത്തലവും; പ്രസക്തിയും

ഉത്തരാധുനികതയുടെ പശ്ചാത്തല-തുടർച്ച തന്നെയാണ് മാനവാനന്തര തയുടേതെന്ന് അതിന്റെ സവിശേഷതകൾ ശ്രദ്ധിച്ചാൽ മനസിലാക്കാം. റോബർട്ടോ മാർച്ചേസിനിയുടെ അഭിപ്രായത്തിൽ അപനിർമ്മാണ സിദ്ധാന്ത ത്തിൽ നിന്നു ഉത്തരാധുനിക സിദ്ധാന്തങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞവയാണ് മാനവാനന്തരവാദം. സാങ്കേതികത്വത്തെക്കുറിച്ചും ബിംബങ്ങളെക്കുറിച്ചും ഫ്രാങ്ക്ഫർട്ട് സ്കൂളിൽ നിന്നു തുടങ്ങി, 20-ാം നൂറ്റാണ്ടിലെ മഹാനായ തത്വ ചിന്തകൻമാരുടെവരെ വിമർശനാത്മകമായ സമീപനങ്ങളും ചർച്ചകളും മാനവാനന്തരവാദത്തിന് വഴി വെച്ചിട്ടുള്ളതായി അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്.[1]

വ്യവസായികോത്തരത, ശാസ്ത്ര-സാങ്കേതിക വിദ്യകളുടെ അഭൂതപൂർവ്വ മായ കുതിച്ചുചാട്ടം—പ്രത്യേകിച്ച് ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം, മുതലാളിത്ത പ്രതിസന്ധിഘട്ടത്തിൽ ഉടലെടുത്ത ആഗോളവൽക്കരണം, അതുവഴിരൂപം കൊണ്ട ഉപഭോക്തൃപരത, തുടങ്ങിയവയുടെ ഫലമായി ഇരുപതാം നൂറ്റാണ്ടിൽ വ്യാപകമായ സാംസ്കാരികതയാണ് ഉത്തരാധുനി കതയുടേത്.

റോബർട്ട് പെപ്പറിന്റെ അഭിപ്രായത്തിൽ, ഒന്നാം ലോകമഹായുദ്ധത്തിനു മുൻപുള്ള അന്വേഷണങ്ങളുടേയും പരസ്പരബന്ധിത അന്വേഷണങ്ങളുടേയും വലുതും പരസ്പരബന്ധിതമായ പ്രയോഗങ്ങളുടെയും. ഫലങ്ങൾ അറ്റോമി കഘടനയുടെ കണ്ടുപിടിത്തത്തിലേയ്ക്കും ചിത്രങ്ങളിലൂടെയുള്ള അവയുടെ അവതരണങ്ങളിലേക്കും നയിച്ചു. ഇത് കലാകാരൻമാർ ശ്രാസ്ത്രജ്ഞർ, തത്വ ചിന്തകർ മറ്റു ചിന്തകർ തുടങ്ങിയവരുടെയൊക്കെ മനസിൽ വലിയ മാറ്റത്തിനു കാരണമാക്കി. അതുപോലെത്തന്നെ, ക്വാണ്ടം സിദ്ധാന്തത്തിന്റെയും ക്യൂബിക് ബിംബങ്ങളുടേയും കാലിക വിശദീകരണങ്ങളും യാഥാർത്ഥസത്യത്തെക്കുറിച്ചു ള്ള അന്വേഷണങ്ങൾക്ക് വഴിവെച്ചു. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭം ആയപ്പോഴേക്കും പ്രസ്തുത സാഹചര്യങ്ങൾ മാനവികതയിൽ നിന്നും മാനവി കാനന്തരതയിലേക്കുള്ള മാറ്റത്തിനു കാരണമായി, കൂടാതെ പ്രപഞ്ചത്തിന്റെ നിശ്ചിതത്വത്തിൽ നിന്ന് അനിശ്ചിതത്വത്തിലേയ്ക്കും, പ്രപഞ്ചത്തിന്റെ പ്രവാചക സ്വഭാവത്തിൽ നിന്നും അപ്രവാചകസ്വഭാവത്തിലേക്കും നയിച്ചു (2003: 167).

ഇരുപത്തിയൊന്നാം നൂറ്റാണ്ടിനു ശേഷം സൈബർ ഇടങ്ങളും

സാധ്യതകളുമാണ് ലോകത്തിന്റെ ശ്വാസവായു എന്നവിധത്തിൽ ആഗോള ജീവിതക്രമം രൂപപ്പെട്ടു. മനുഷ്യ കേന്ദ്രീകൃതം എന്ന ക്രമത്തിൽ നിന്നുള്ള വലിയ വിടുതലായിരുന്നു പ്രസ്തുത രൂപപ്പെടലിന്റെ അടിസ്ഥാനസങ്കൽപം. ഈ സങ്കല്പത്തിൽ നിന്നുരുത്തിരിഞ്ഞ ലോകവീക്ഷണമാണ് മാനവികാനന്തരതയുടേത്. മാനവികാനന്തരതയുടെ മാനിഫെസ്റ്റോ പറയുന്നു, മാനവവാദികൾ അവരുടെ പരിസരങ്ങളുമായുള്ള വൈരുദ്ധ്യാത്മകബന്ധത്തിൽ അവരെത്തന്നെ വ്യത്യസ്തജീവികളായി കാണുന്നു. എന്നാൽ മാനവാനന്തരവാദികൾ തങ്ങളുടെ അസ്തിത്വത്തെ വിശാലമായ സാങ്കേതികലോകത്ത് ഉൾക്കൊള്ളിക്കുന്നു.[2]

മനുഷ്യൻ മറ്റെല്ലാജീവികളെയും പോലെ കാർബൺസംയുക്തമാണ്. മുമ്പുണ്ടായിരുന്നതുപോലെയുള്ള പ്രാധാന്യം യഥാർത്ഥത്തിൽ മനുഷ്യന് ആവശ്യമില്ല എന്നാണ് മാനവാനന്തരവാദികളുടെ അഭിപ്രായം. മനുഷ്യൻ എന്നത് കെട്ടുകഥകളിലെ പോലെ നായകൻ അല്ല. മറ്റെല്ലാ ജീവികളേയും പോലെ ഊർജ്ജത്തിന്റെ സങ്കീർണമായരൂപമാണ്. തീർച്ചയായും ഇത് നശ്വരവുമാണ് എന്നതിൽ സംശയമില്ല. ഒരുപക്ഷേ മനുഷ്യനെക്കാൾ കൂടുതൽ സങ്കീർണമായ ഊർജത്തിന്റെ രൂപങ്ങൾ ഭാവിയിൽ പ്രത്യക്ഷപ്പെട്ടേക്കാം.[3]

ജന്തുജാലങ്ങളെയും, പ്രകൃതിയേയും, യന്ത്രങ്ങളെയും തുടങ്ങി എല്ലാറ്റിനേയും ഉൾക്കൊള്ളുന്ന വിശാലമായ തുറസ്സാണ് മാനവാനന്തരത ഉൾകൊള്ളുന്നത്. ജീവശാസ്ത്രവും സാങ്കേതികതയും (പ്രത്യേകിച്ച് അതിന്റെ സൈബർ നെറ്റിക് വശം) അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതായി മാനവാനന്തരവാദികൾ കാണുന്നു എന്ന് ജോൺ ലെച്ചെ അഭിപ്രായപ്പെടുന്നുണ്ട്.[4] ഹരാവേ, മതുരാണ, സെറസ്, വിരിലിയോ-ഡോണ ഹരാവേ-തുടങ്ങിയതത്ത്വചിന്തകർ മാനവികാനന്തര വാദത്തിന്റെ ആശയപരമായ വശങ്ങൾ വികസിപ്പിച്ചു. സെറസിനെ പോലെയുള്ളവരുടെ അഭിപ്രായത്തിൽ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യന്റെ മാനസികവും ശാരീരികവും ചിന്താപരവുമായ തലങ്ങളിൽ ശാസ്ത്ര സാങ്കേതിക വിദ്യയുടെ സ്വാധീനം പ്രത്യേകിയും സൈബർ നെറ്റിക്സിന്റേത് വലിയ മാറ്റങ്ങളാണ് വരുത്തിയത്.[5]

ഉത്തരാധുനികതയേയും മാനവാനന്തരതയേയും താരതമ്യപ്പെടുത്തുമ്പോൾസമാനതകൾ ഏറെ ഉണ്ടെങ്കിലും തീർച്ചയായും വ്യത്യാസങ്ങളുമുണ്ട്. രണ്ടിന്റെയും ബൗദ്ധികമായ വേരുകൾ കിടക്കുന്നത് പരിശോധിച്ചാൽ അത് ആധുനികതയോടുള്ള വിമർശനത്തിലും ജ്ഞാനോദയത്തിലുമാണ് എന്നു കാണാം.[6] മാനവാനന്തരത ഉത്തരാധുനികതയിൽ നിന്നും ഭാഗികമായി ചിലത് എടുക്കുകയും ഉത്തരാധുനികതയുടെ ചില അടിസ്ഥാനവശങ്ങളെ

ഒഴിവാക്കുകയും ചെയ്യുന്നതായി[7] (2013: 29) സ്റ്റീഫൻ ഹെർബെക്ച്ചർ പറയുന്നു. എന്നിരുന്നാലും സാഹിത്യരംഗത്ത് ഉത്തരാധുനികതയുടെയും മാനവികാനന്തരതയുടെയും അതിർവരമ്പുകൾ കണ്ടെത്താൻ പലപ്പോഴും പ്രയാസമാണ്. പി. സുരേന്ദ്രന്റെ 'ബെർമുഡ', 'വൈറസ്', എന്നീകഥകളിലെ മാനവികാനന്തര സവിശേഷതകളാണ് ഈ പ്രബന്ധത്തിൽ പരിശോധനാവിധേയമാക്കുന്നത്.

## പി. സുരേന്ദ്രൻ

1961-ൽഅടുത്തുള്ള പാപ്പിനിപ്പാറയിൽ ജനിച്ച പി. സുരേന്ദ്രൻ ഉത്തരാധുനികതയുടെ ആദ്യ ഘട്ടങ്ങളിലാണ് എഴുതിത്തുടങ്ങിയത്. എങ്കിലും കൃതികൾ ഉത്തരാധുനികമായ സവിശേഷതകൾ പുലർത്തുന്നവയാണ്.തിരഞ്ഞെടുക്കുന്ന പ്രമേയങ്ങളുടെ വൈവിധ്യം കൊണ്ടും ആഖ്യാനസവിശേഷതകളുടെ പ്രത്യേകതകൾകൊണ്ടും സമകാലിക എഴുത്തുകാരിൽ നിന്നും വേറിട്ടുനിൽക്കുന്ന കഥാകാരനാണ് പി. സുരേന്ദ്രൻ. ചില കഥകളിലൊക്കെ മാനവികാനന്തരതയുടെ പ്രവണതകളും കാണാം. 1994-ൽ എഴുതിയ 'ബർമുഡ', 2008-ൽ എഴുതിയ 'വൈറസ്' എന്നീ കഥകൾ മാനവികാനന്തരതയുടേതായ സവിശേഷതകൾ പുലർത്തുന്നവയാണ്.കഥകൾ പരിശോധനാവിധേയമാക്കുന്നു:

## 1. 'ബർമുഡ'

മാനവികാനന്തരതയുടെ പ്രധാന സവിശേഷതകളിൽ ഒന്നാണ് മനുഷ്യനും സാങ്കേതികവിദ്യകളുമായുള്ള ബന്ധവും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധവും. സാങ്കേതികവിദ്യയും മാനവികതയും തമ്മിലുള്ള ബന്ധം പരിഗണിക്കുമ്പോൾ, സമീപകാലഘട്ടങ്ങളിൽ മാനവാനന്തരസാഹിത്യം വർദ്ധിച്ചുവരുന്നതായി റോബർട്ട് റാനിഷ് അഭിപ്രായപ്പെടുന്നുണ്ട്.[8] (2014: 161) എന്നാൽ 'മനുഷ്യൻ' എന്നതിന്റെ പരമ്പരാഗത സങ്കല്പങ്ങളെ മാനവികാനന്തരത നിരാകരിക്കുകയും ചെയ്യുന്നു. ഇവ പ്രതിഫലിക്കുന്ന കഥയാണ് 'ബർമുഡ'. റോബർട്ട് റാനിഷിന്റെ അഭിപ്രായത്തിൽ, ജനിതക ശാസ്ത്രം, ന്യൂറോ സയൻസ്, ആർട്ടിഫിഷൻ ഇന്റലിജൻസ് എന്നിവയിലെ ശാസ്ത്രീയ മുന്നേറ്റങ്ങൾ നൽകുന്ന സൂചന മനുഷ്യനെക്കുറിച്ചുള്ള പരമ്പരാഗത സങ്കല്പങ്ങൾ അവസാനിക്കുന്നു എന്നാണ്.

കഥ ആരംഭിക്കുന്നതു തന്നെ ഹരിതവിശാലതയിൽ നിന്നാണ്.

"ഇലകളിൽ സൂര്യനുയിർക്കുന്ന വിശാലതയിൽ നിന്നാണ് യാത്ര തുടങ്ങിയത്. ആകാശം തൊടുന്ന വൃക്ഷങ്ങളും ഭൂമിയുടെ ഹൃദയം പിളർന്നുവന്ന സ്തൂപങ്ങളും, കോട്ടകളുടേയും കൊട്ടാരങ്ങളുടേയും അവശിഷ്ടങ്ങളും എല്ലാം

വളരെപ്പെട്ടെന്ന് മറഞ്ഞു പോയി" (2013: 147).

ഒരു സാങ്കല്പികസ്ഥലമാണ് യഥാർത്ഥത്തിൽ കഥയിൽ 'ബർമുഡ' ബർമുഡയിലെ സവിശേഷതകൾ ആയി കഥാകൃത്ത് സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ മാനവാനന്തരപ്രവണതകളുടെ പകർപ്പുകളായി കാണാം. കഥാനായകനും നായികയും യാത്രാപേടകത്തിൽ ബർമുഡയിൽ വന്നിറങ്ങി. കഥാനായകന് എല്ലാം സുപരിചിതമാണ്. എന്നാൽ നായികയ്ക്ക് 'ബർമുഡ' പരിചിതമല്ല. ബർമുഡയ്ക്കുള്ളിലേയ്ക്ക് കയറിയപ്പോൾ തന്നെ പ്രകൃതിയിൽനിന്നുവേറിട്ടു പോകുന്ന മനുഷ്യന്റെ പകപ്പ് നായികയിൽ കാണുന്നു.

"അതുവരെ അള്ളിപ്പിടിച്ചു നിന്ന പച്ചപ്പിൽനിന്നു വേർപെട്ട് ദാരുണമായ പതനത്തിലെത്തിയതിന്റെ പകപ്പ്" (2013: 148) എന്ന് കഥാകാരൻ അത് വ്യംഗ്യമായി സൂചിപ്പിക്കുന്നു. ആ പകപ്പിൽ കരഞ്ഞുതളർന്ന് അവൾ നായകന്റെ മടിയിൽ കിടന്നു ഹരിതഭൂമിയെ കിനാവുകണ്ട് ഞെട്ടി ഉണരുന്നുണ്ട്.

"പായൽ മൂടിയ കുളക്കരയിലെ നാട്ടുമാവിൽ നിന്ന് പഴുത്തമാങ്ങ വെള്ളത്തിൽ ഉതിർന്നുവീഴുന്ന ശബ്ദം കേട്ടു" (2013: 148). ഇവിടെയൊക്കെ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ പ്രതീകം ആണ് കാണുന്നത്. നായികയെ നായകൻ ആശ്വസിപ്പിക്കുന്ന കൂട്ടത്തിൽ, "ഭൂതകാലത്തിന് ഒരു പ്രസക്തിയുമില്ലാത്ത ലോകമാണിത് എന്ന് പറയുന്നു." (2013: 148). മാനവാനന്തരവാദികൾ ചരിത്രത്തെയും ഭൂതകാലത്തെയും അപ്രസക്തമായി കാണുന്നു. കഥയിൽ നേരിട്ടുതന്നെ ഇത് സൂചിപ്പിക്കുന്നു.

സാങ്കേതികവിദ്യയുടെ അതിപ്രസരത്തിൽ മനുഷ്യജീവിതം ഏറെ വേഗമുള്ളതായി മാറുന്നു. പരമാവധി വേഗത്തിൽ എല്ലാം ചെയ്തു തീർക്കാൻ അതിനുവേണ്ടിയുള്ള പുതിയ സാങ്കേതിക വിദ്യകൾ മനുഷ്യജീവിതത്തെ യന്ത്രങ്ങളോട് താദാത്മ്യപ്പെട്ട് നിൽക്കുന്നതിനായി പരിശീലിപ്പിക്കുന്നു. മനുഷ്യനും യന്ത്രങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പുതിയ ജ്ഞാനമാതൃകകളാണ് മാനവാനന്തരവാദത്തിന്റെ അടിസ്ഥാനങ്ങളിൽ ഒന്ന്. കഥയിലെ തുടർന്നുള്ള ഭാഗങ്ങളിൽ ഇത്തരം ബന്ധത്തിന്റെ ഇമേജുകളാണ് കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത്. കഥയിലെ ഭാഗങ്ങൾ:

"വേഗമാണിവിടെ പ്രധാനം. വീടിനകത്തും പുറത്തും. അയാൾ പറഞ്ഞു: അടുക്കളയ്ക്കും ഉണ്ടായിരുന്നു അതിന്റേതായ വ്യാകരണക്രമങ്ങൾ. ഒരു സ്വിച്ചിൽ തൊട്ടപ്പോഴേക്കും തെളിയുന്ന തീജ്വാലകൾ കണ്ട് അവൾ വിറച്ചു പോയി" (2013: 148).

നായിക ഇത്തരത്തിൽ ബർമുഡയിലെ സവിശേഷതകൾകണ്ട്

പരിഭ്രമിക്കുമ്പോൾ നായകൻ ആശ്വസിപ്പിക്കുന്നുണ്ട്: “പതുക്കെപ്പതുക്കെ അവൾ ഇതിനെയെല്ലാം വല്ലാതങ്ങ് സ്നേഹിച്ചു തുടങ്ങുമെന്ന് അയാൾക്കറിയാമായിരുന്നു” (2013: 148). മനുഷ്യനെന്ന സങ്കല്പവും ശാസ്ത്രസാങ്കേതികതയും തമ്മിലുള്ള പാരസ്പര്യം ഒരു സംസ്കാരം ആയി മാറുന്നതിന്റെ ഒരു പ്രതിനിധാനമാണ് കഥയിലെ പ്രസ്തുത ഭാഗം. “ആദ്യമാദ്യം ഒരുപാട് സങ്കീർണതകൾ അവയെ നിർധാരണം ചെയ്തു കഴിയുമ്പോൾ ബർമുഡയുടെ സ്വത്വത്തെ പുണർന്നു കിടന്ന് രമിക്കാൻ എപ്പോഴും മോഹിക്കും” (2013: 148).

സർറിയലിസ്റ്റിക് സമീപനമാണ് കഥയുടെ തുടർന്നുള്ള ഭാഗങ്ങളിൽ വരുന്നത്. കാലത്തെപ്പോലും യന്ത്രങ്ങളോടുചേർത്തുവെയ്ക്കുന്നതരത്തിലുള്ള ബിംബങ്ങൾ. എപ്പോഴും മൂളികൊണ്ടിരിക്കുന്ന ശീതീകരണി തുറന്നു കാണിച്ചു കൊണ്ട് നായകൻ പറയുന്നു: “ഏതു കാലത്തെയും നമുക്കിവിടെ തണുപ്പിച്ചു വയ്ക്കാം” (2013: 149).

മനുഷ്യൻ എന്ന സങ്കല്പത്തെ പാടെ മാറ്റിക്കളയുന്ന സമീപനങ്ങളാണ് തുടർന്നു വരുന്നത്. പാത്രത്തിലെ പൂ പോലെ മാർദ്ദവമേറിയ വസ്തു എന്താണെന്നറിയാൻ നോക്കിയപ്പോൾ നായകൻ പറയുന്നതുകേട്ട് നായികയ്ക്കൊപ്പം വായനക്കാരനും അസ്വസ്ഥനാകുന്നുണ്ട്.

“എന്താണത്?”

“തലച്ചോറ്” (2013: 149).

മനുഷ്യനിലെ ഏറ്റവും മൂല്യമേറിയ വസ്തു–തലച്ചോറ്–ചിന്തയുടെ യന്ത്രം! അവയെ അപനിർമിക്കുന്ന സമീപനമാണ് ഇവിടെ കാണുന്നത്. തുടർന്നുള്ള വിവരണങ്ങളിൽ നിന്ന് മനുഷ്യനും അവന്റെ തലച്ചോറും എത്ര അപ്രസക്തം ആണെന്നുള്ളത് വ്യക്തമാകുന്നു.

“തീൻമേശ അലങ്കരിക്കാൻ ഇത്രയും മനോഹരമായ അവയവം വേറെയില്ല. പൂ പോലെയാണത്. സോസുകൊണ്ട് ചായം കൊടുത്താൽ, മലക്കറികൾ കൊണ്ട് അലങ്കരിച്ച് പിഞ്ഞാണപാത്രത്തിൽ വച്ചാൽ നല്ല ഭംഗി ഉണ്ടാവും.” (2013: 149). എന്ന് കഥാനായകൻ പറയുന്നു.

പ്രണയത്തിന്റെയും രതിയുടേയും സ്ത്രീപുരുഷബന്ധങ്ങളുടേയും പുതിയ ഭാഷ്യങ്ങളാണ് മാനവാനന്തരത ചമയ്ക്കുന്നത്. ജൈവികത നഷ്ടപ്പെടുന്ന ഇത്തരം ബന്ധങ്ങൾ യന്ത്രങ്ങൾക്ക് സമാനമായിത്തീരുന്നു.

“ഒരു ഗ്ലാസ് ജാറിനകത്തിരുന്ന് ഐസ്ക്രീം നുണയുന്ന നഗ്നയായ പെണ്ണ് തന്റെ ശരീരത്തിലേക്കു വാതിൽ തുറന്ന് പുരുഷൻമാരെ മാടിവിളിച്ചു. അവളുടെ ശരീരത്തിന്റെ വാതിലിലൂടെ അപ്രത്യക്ഷരാവുമ്പോഴും അവൾ പുരുഷ

സ്പർശമറിയാതെ ഐസ്ക്രീം നുണഞ്ഞുകൊണ്ടിരുന്നു" (2013: 151).

മനുഷ്യൻ എന്ന സ്വത്വത്തെ നഷ്ടമാകുന്ന ഇടമാണ് മാനവാനന്തരത യിൽ ഉള്ളത്. പരമ്പരാഗതമായി നിലനിന്നിരുന്ന മനുഷ്യൻ എന്ന ആശയം തന്നെ ഇവിടെ മാറ്റത്തിനു വിധേയമാകുന്നു. നായികക്ക് സ്വയം നഷ്ടമാകുന്ന ഇടങ്ങൾ കഥയിൽ വ്യംഗ്യമായി സൂചിപ്പിക്കുന്നു: "തിരിച്ചെത്തി സ്വന്തം കണ്ണാ ടിയിൽ നോക്കുമ്പോൾ ഇതാരാ എന്ന് ചോദിച്ച് അവൾ കരഞ്ഞു" (2013: 153).

പ്രകടമായ നിരവധി ഉദാഹരണങ്ങൾ മാനവാനന്തരപ്രവണതയുടെ സവിശേഷതകളായി കഥയിൽ കാണാം. സാങ്കേതികയുഗത്തിൽ മാറ്റത്തി നുവിധേയമാകുന്ന മനുഷ്യനെയും മനുഷ്യചിന്തകളെയും മനുഷ്യസംസ്കാര ത്തെയും യന്ത്രങ്ങളോട് ചേർത്തുവച്ചുകൊണ്ട് പി. സുരേന്ദ്രൻ, കഥയിലുടനീളം ഇമേജുകൾ സൃഷ്ടിക്കുന്നു

'വൈറസ് '

"മാനവികാനന്തരതയിൽ, ശാരീരികമായ നിലനിൽപ്പും കമ്പ്യൂട്ടറിന്റെ ചോദനയും തമ്മിലും സൈബർനെറ്റിക് മെക്കാനിസവും ജൈവജീവികളും തമ്മിലും റോബോർട്ടിന്റെ സാങ്കേതികവിദ്യയും മനുഷ്യലക്ഷ്യങ്ങളും തമ്മിലും കൃത്യമായ അതിർവരമ്പുകളോ മുഖ്യമായ വ്യത്യാസങ്ങളോ ഇല്ല"[9] (2013: 49) സ്റ്റെഫാൻ ഹെർബ്രെക്ക്റുടെ ഈ അഭിപ്രായം പരിശോധിച്ചാൽ മനുഷ്യനും സൈബർ സാങ്കേതികതയും തമ്മിൽ എങ്ങനെ ഇഴചേർന്നുകിടക്കുന്നു എന്ന് മനസിലാക്കാം. ഇത്തരത്തിലുള്ള മനുഷ്യരുടെ അന്തസംഘർഷമാണ് വൈറസ് എന്ന കഥ. ഒരു കഥാപാത്രത്തെ മാത്രം അടിസ്ഥാനമാക്കി എഴു തിയകഥയാണിത്. ഈ കഥയിലും വിരുദ്ധവശങ്ങളായി നിലകൊള്ളുന്നത് പ്രകൃതിയും യന്ത്രവും (സൈബർ) ആണ്. സൈബർ സംസ്കാരം മനുഷ്യന്റെ മനുഷ്യത്വത്തെ എങ്ങനെ പിടിമുറുക്കിയിരിക്കുന്നു എന്നത് കഥ വ്യക്തമാക്കുന്നു. ഇതിന്റെ ആദ്യഭാഗങ്ങൾ തന്നെ പരിശോധിക്കാം;

"വെബ്ബിന്റെ ഒട്ടിപ്പിടുത്തത്തിൽ നിന്ന് വേർപെട്ട് അനുരൂപ്യമില്ലാത്ത ഓർമ്മകളിലൂടെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യംപോലും അവന് നഷ്ടപ്പെ ട്ടിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു" (2013: 551). മാനവികാനന്തരതയുടെ സംസ്കാരം മനുഷ്യനെ സാങ്കേതികതയുടെയും സൈബർസ്പേസിന്റെയും ആഴങ്ങളിലേക്ക് കൊണ്ടു പോകുന്നുണ്ടെങ്കിലും ജൈവികതയും പ്രകൃതിയും ജീവികളും എപ്പോഴും ഗൃഹാതുരമായ ഓർമ്മപ്പെടുത്തലുകളായി അവന്റെ ഉള്ളിലുണ്ട്. ഇത്തരം സൂചനകളും കഥയിൽ കാണാം.

"ലാപ്ടോപ്പിലെ പെരുവലയിൽ നിന്ന് കുതിച്ചുചാടിയ കുഞ്ഞുമത്സ്യത്തെ

പോലെ നീലപ്പരപ്പിലേയ്ക്ക് മെല്ലെ... മെല്ലെ... തീർത്തും ഭയരഹിതമായി..." (2013: 551).

മറ്റൊരുഭാഗം പരിശോധിക്കാം: "ഉദയത്തെ സ്വപ്നം കണ്ട് ശാന്തമായി ഉറങ്ങാൻ ആവണം പ്രഭാതത്തിന്റെ പച്ചിലച്ചാർത്തുകളിൽ ഉള്ളിൽ പറവകളെ കാണണം" (2013: 552).

തുടങ്ങിയ പ്രയോഗങ്ങൾ പരിശോധിച്ചാൽ പ്രകൃതിയുടെ അഭേദ്യഭാഗമായി നിന്നിരുന്ന മനുഷ്യൻ അതിൽ നിന്നും വേർപെട്ട് ശാസ്ത്രസാങ്കേതികതകളിലേക്കു പറിച്ചുനടത്തപ്പെടുന്നതിന്റെ വേദന ഇവിടെ കാണാം. ആഗ്രഹിച്ചില്ലെങ്കിൽ പോലും മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ നിലനിന്നുപോരുന്നതിന് മനുഷ്യൻ എന്ന അവസ്ഥയെ പരിവർത്തനത്തിന് വിധേയമാക്കേണ്ടിവരുന്നു.

തുടക്കത്തിൽ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം: "കൗമാരകാലം തൊട്ടേ ലാപ്ടോപ്പ് അവന്റെ കൂടെത്തന്നെയുണ്ട്. അന്നം ഉണ്ടാകാനുള്ള തൊഴിൽതേടി പെരുവലയിലെത്തിച്ചത് ആ യന്ത്രമാണ്. മുറിച്ചു മാറ്റാനാവാത്ത ഒരു അവയവം പോലെ അത് ശരീരത്തിൽ തൂങ്ങിക്കിടന്നു. നട്ടെല്ലു വളയ്ക്കാനും കുനിഞ്ഞിരിക്കാനും മാത്രം ശീലിപ്പിക്കുന്നയന്ത്രമാണത്. ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്തോറും അത് തീവ്രമായി ആവേശിക്കും" (2013: 551).

യന്ത്രസംസ്കാരം മനുഷ്യന്റെ ജീവതാളം ആയി മാറിയെങ്കിലും ചിലപ്പോഴെങ്കിലും അതിൽ നിന്ന് പുറത്തുകടക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ടാണ് ലാപ്ടോപ്പിനെ ഒരു വലിയ വലയായിത്തന്നെ കഥാകൃത്ത് കാണുന്നത്. സൈബർ ഇടങ്ങളുടേയും യന്ത്രസംസ്കാരത്തിന്റെയും പ്രതിനിധാനം ആണ് ഇവിടെ ലാപ്ടോപ്പ്. വലിയൊരു വലയായാണ് ഇത് മനുഷ്യന് ചിലപ്പോഴൊക്കെയെങ്കിലും അനുഭവപ്പെടുന്നത്. മനുഷ്യജീവിതത്തെ യന്ത്രങ്ങൾ മാറ്റിയിട്ടുണ്ടെങ്കിലും മനുഷ്യന്റെ ജൈവികത നഷ്ടപ്പെടുന്നതിന്റെ തിരിച്ചറിവുകൾ ചിലപ്പോഴെങ്കിലും അവനെ അലോസരപ്പെടുത്തുന്നുണ്ട്. ഇവയെ സാധൂകരിക്കുന്ന നിരവധി പ്രയോഗങ്ങളും ശൈലികളും കഥയിലുടനീളം കാണാം.

മാനവാനന്തരപ്രവണതകൾ മനുഷ്യന്റെ നിലവിലുണ്ടായിരുന്ന ചിന്തയേയും സംസ്കാരത്തെയും സ്വാധീനിക്കുന്നു. പിന്നീട് അതിൽ നിന്ന് പുറത്തുകടക്കണമെന്ന് ആഗ്രഹിച്ചാൽ പോലും അതിന് കഴിയാതെ മാനവാനന്തരമനുഷ്യനായിത്തീരുന്നു.

"മസ്തിഷ്കത്തിലാഴ്ന്ന പല്ലുകൾ ചോരയും നീരും

വലിച്ചെടുക്കുകയാണെന്നറിയു മ്പോഴേക്കും കുതറിപ്പോകാനാകാത്ത കുരുക്ക്" (2013: 551). മാനവാനന്തരതയിൽ എല്ലാം യന്ത്രവത്കൃതമാകുന്നു. കഥയിലെ ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

"പങ്കിടലുകളും പെരുവലയ്ക്കകത്തുതന്നെ. ഗണിതം മടുപ്പിക്കുമ്പോൾ സൈബറിലെ ഗണിതം പോലുള്ള ഗണികകളെ അന്വേഷിച്ചുചെല്ലാം... മണ്ണിനോട് ചേർത്ത് വച്ച വിലാസം ഇല്ല ആർക്കും..." (2013: 551).

പ്രണയവും രതിയുമെല്ലാം സൈബർ സംസ്കാരത്തിലേക്ക് മാറുന്നു. സൈബറിലെ നിലനിൽപ്പുതന്നെ ഒരുതരം ഒഴുകൽ ആണെന്ന് കഥാകൃത്ത് പറയുന്നു.

"ഒഴുകി കൊണ്ട് പ്രണയം ഒഴുകി കൊണ്ടുതന്നെ രതിയും" (2013: 551). സൈബർ ഭോഗത്തെപ്പറ്റി കഥാകൃത്ത് കഥയിൽ വ്യക്തമായി വിശദീകരിക്കുന്നു. അങ്ങനെ മനുഷ്യന്റെ മാനസികവും ശാരീരികവും ചിന്താപരവും ധാർമ്മികവുമായവയുമെല്ലാം തന്നെ യന്ത്രസംസ്കാരവുമായി താദാത്മ്യപ്പെടുന്നു. മനുഷ്യന്റെ ജൈവഘടനയിൽത്തന്നെ മാറ്റം വരുത്താൻ യന്ത്രസംസ്കാരത്തിന് കഴിയുന്നു.

"ചുമരിൽ തൂങ്ങുന്ന ലാപ്ടോപ് എല്ലാ ജൈവഘടനകളെയും അട്ടിമറിക്കുകയാണ്. ഒരേ ഇരുപ്പിൽ ഒരേ ദിശയിലേക്കുതന്നെ നോക്കി കണ്ണിനു പലതും കാണാൻ പറ്റാതാവുകയാണ്. സങ്കടങ്ങൾ ഇല്ലാതാകുമ്പോൾ കണ്ണുനീർഗ്രന്ഥികൾ വരണ്ടുപോകും. മൂലത്തിൽ ഒടുങ്ങാത്ത ചൂടും വിങ്ങലുമാണെപ്പോഴും. കുനിഞ്ഞിരുന്നു കുനിഞ്ഞിരുന്നു മാറാത്ത നടുവേദന. സുഖശോധന സ്വപ്നം മാത്രമായി" (2013: 552).

മലമൂത്രവിസർജനത്തിനു വേണ്ടി നായകൻ എയർകണ്ടീഷൻ ചെയ്ത ബസിൽനിന്നിറങ്ങി ഏറെനേരം കഴിഞ്ഞിട്ടാണ് സ്വന്തം ലഗേജ് എടുക്കാൻ മറന്നുപോയി എന്നോർമ്മിച്ചത്. എന്നാൽ ലാപ്ടോപ് ചുമലിൽ തൂങ്ങുന്നുണ്ടായിരുന്നു. കാരണം ഇതിനോടകം അത് അയാളുടെ ശരീരത്തിലെ ഒരു അവയവം പോലെ ഒന്നായി മാറിയിരുന്നു. ഇത്തരത്തിൽ മനുഷ്യന്റെ ജൈവഘടനയുടെതന്നെ ഭാഗമായി യന്ത്രങ്ങൾ മാറിയിരിക്കുന്നു.

ഉത്തരാധുനികതയും മാനവാനന്തരതയുമൊക്കെ ഒരു പ്രവണതയും യാഥാർത്ഥ്യവുമായി നിലനിൽക്കുകയാണെങ്കിലും അടിസ്ഥാനപരമായി പരിശോധിച്ചാൽ മജ്ജയും മനസ്സുമുള്ള അസ്വസ്ഥരായ മനുഷ്യരെയാണ് ഇത് സൃഷ്ടിക്കുന്നത്.കഥയുടെ അവസാന ഭാഗം ഇത് വ്യക്തമാക്കുന്നതാണ്. യന്ത്രസംസ്കാരത്തിന്റെ പിടിയിലമർന്ന് ഉന്മാദത്തിലേക്കുപോയ കഥാനായകൻ,

ലാപ്ടോപ് വെള്ളത്തിലേക്ക് മുക്കുമ്പോൾ വെള്ളത്തിൽ ഉയർന്നുവരുന്ന മുഖങ്ങൾ ആത്മഹത്യ ചെയ്ത കൂട്ടുകാരുടെതാണ്. "സാങ്കേതികതയുടെ സംസ്കാരത്തിന്റെ പെരുവലയിലെ നാര് ചങ്കിൽ കുടുങ്ങിയ മരിച്ചവരുടേതാണ്" (2013: 554).

ചുരുക്കത്തിൽ, മുതലാളിത്തസമ്പദ്ക്രമത്തിന്റെ ലാഭയുക്തിയുടെ അടിസ്ഥാനത്തിൽ ആഗോളകമ്പോളം സൃഷ്ടിക്കപ്പെടുന്നതും മുതലാളിത്തം സാമ്രാജ്യത്വത്തിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന മൂല്യമാറ്റങ്ങളും മാനവികാനന്തരത ഒരു യാഥാർത്ഥ്യമായി നിലവിൽവന്നതിന് കാരണമായിട്ടുണ്ട്. മാനവാനന്തരവാദം രൂപപ്പെടുന്നതിനുള്ള സാമൂഹിക സാമ്പത്തിക-ഭൗതിക-പശ്ചാത്തലം പ്രബന്ധത്തിന്റെ തുടക്കത്തിൽ വിശദീകരിച്ചിട്ടുണ്ട്. "ചരിത്രപരമായി നോക്കുമ്പോൾ, സാങ്കേതികവിദ്യയുടേയും സംസ്കാരത്തിന്റെയും വ്യത്യസ്തവിന്യാസങ്ങളിൽ നിന്നും ഉദയംചെയ്തുവന്നതാണ് ഉത്തരാധുനികമനുഷ്യൻ"[10] എന്ന കാതറിൻ ഹെയ്ൽസിന്റെ അഭിപ്രായം പ്രസക്തമാണ്. ഇത്തരം ഉത്തരാധുനിക മനുഷ്യരെ പി. സുരേന്ദ്രന്റെ കഥകളിൽ കാണാം. 'ബർമുഡ', 'വൈറസ്' എന്നീ കഥകൾ മാനവാനന്തരതയുടെ നേർസാക്ഷ്യങ്ങളായി കാണാവുന്നതാണ്. പ്രസ്തുതകഥകളിലെ ആഖ്യാനരീതിയും പ്രയോഗങ്ങളും ശൈലികളും വ്യംഗ്യാർത്ഥങ്ങളും ബിംബങ്ങളുമെല്ലാം മാനവികാനന്തരതയുടെ രൂപഭാവങ്ങൾ വഹിക്കുന്നവയാണ്.

## കുറിപ്പുകൾ:

1 "It derives from deconstructionist and postmodern philosophy, as it assimilated its criticism of the models and its critical view of techne, starting from the Frankfurt school until the great French philosophers of the twentieth century;"- Marchesini Roberto, Over The Human: Post-humanism and the Conept of AnimalEpiphany, Sarah De Sanctis (Trans), Springer International Publishing AG 2017: 139

2 "Humanists saw themselves as distinct beings, in an antagonistic relationship with their surroundings.Posthumans, on the other hand, regard their own being as embodied in an extended technological world-The Posthuman Manifesto"–Pepperell Robert, The Posthuman Condition, Intellect Books, Bristol, Uk, 2003, 167.

3 "The human species is not the hero of the fable. It is a complex form of organizing energy. Like the other forms, it is undoubtedly transitory. Other, more complex forms may appear that will winout over it."–Lyotard, Jean Francois, A Postmodern Fable[1993], Georges Van Den Abeele (Trans.), in Simon Malpas, (ed.) Postmodern Debates, Basingstoke: Palgrave, 2001: 17

4 “Someome post-humanists, who see biology and techonology (especially its cybernetic aspect) as being inextricably linked to positive outcomes”–Lechte John, Fifty key Contemporary Thinkers (from structuralism to post-humanism), Taylor&Francis e-Library, 2007: 355

5 “Thishis category also includes a thinker like Serres, for whom both the body and humanity itself is in the process of changing so fundamentally, due largely to developments in science and technology, that it is becoming unrecognisable compared to the humanity of the past.”–Lechte John, Fifty key Contemporary Thinkers (from structuralism to post-humanism), Taylor&Francis e-Library, 2007: 333

6 “Comparing postmodernism to posthumanism one notices significant similarities but of course alsodifferences.Both have their intellectual roots in a critique of modernity and the enlightenment”–Herbrechter Stefan, Posthumanism-A Critical Analysis, Blooms Bury, London, 2013: 29

7 “Posthumanism in fact partly takes over from postmodernism.but it also undoes some radical postmodernist aspects”–Herbrechter Stefan, Posthumanism-A Critical Analysis, Blooms Bury, London, 2013: 29

8 “In recent years, an increasing amount of posthumanist literature has considered the relationship between humanity and techonology” –Ranisch Robert and Lorenz Sorgner Stefan (Eds.), Beyond Humanism: Trans and posthumanism, Peter Lang Edition, Newyork, 2014, 161

9 “The posthuman, there are no essential differences or absolute demarcations between bodily existence and computer simulation, cybernetic mechanism and biological or-ganism, robot teleology and human goals.”-Herbrechter Stefan, Posthumanism–A Critical Analysis, Blooms Bury, London, 2013: 49

10 “Human and Posthuman to be historically specific constructions that emerge from different configurations of embodiment, techonology, and culture.”–Hayles Katherine N, How We Became Posthuman, The University of Chicago, London, 1999: 34

## ആധാരസൂചി

1. Blooms Bury, 2013, A Critical Analysis, London.
2. Hayles Katherine N, 1999, How We Became Posthuman, The University of Chicago, London
3. Herbrechter Stefan, 2013, Postumanism A Critical Analysis, Blooms Bury, London,
4. Lechte John, 2007, Fifty key Contemporary Thinkers (from structuralism to post-humanism), Taylor&Francis e-Library,
5. Lyotard Jean Francois, 2001, A Postmodern Fable[1993], Georges Van Den Abeele

(Trans.), in Simon Malpas, (ed.) Postmodern Debates, Basingstoke: Palgrave, 2001.

6. Marchesini Roberto, 2017, Over The Human: Post-humanism and the Concept of Animal Epiphany, Sarah De Sanctis (Trans.), Springer International Publishing AG.

7. Pepperell Robert, 2003, The Posthuman Condition, Intellect Books, Bristol, UK.

8. Ranisch Robert and Lorenz Sorgner Stefan (Eds.), Beyond Humanism: Trans and posthumanism, Peter Lang Edition, Newyork, 2014,

9. സുരേന്ദ്രൻ പി., തിരഞ്ഞെടുത്ത കഥകൾ, (1981-2011), ഡി.സി. ബുക്സ്, കോട്ടയം.

*vidhyarsekhar@gmail.com*

# സാങ്കേതിക പദസൂചി

അഗമ്പൻ - 55

അജൈവികം - 54,56

അതിമനുഷ്യൻ -6, 7, 8, 101

അതീതകർത്തൃത്വം -36

അതീത യാഥാർത്ഥ്യം - 51,52,53,

അനലോഗ് - 52

അനിമേറ്റഡ് സിരീസ് - 163

അന്ന ദാഹിയ - 57,58

അന്നെകെ സ്മെലിക് - 84

അന്തർ കർത്തൃത്വം - 30,36,38

അപനിർമ്മാണം - 51,53 ,54,56,222

അപമാനവികത - 149

അപരത്വം - 30, 36,37,38

അമേക- 119, 127

അലൻ വൈസ്മാൻ - 90

അലക്സ - 170

അലസ്ക - 55

അൽഗൊരിതം - 47

ആഗോളവൽക്കരണം - 222

ആഗോള മലിനീകരണം - 152.

ആധികാരികത - 108, 109
ആധുനികത - 16,221
ആനിമൽസ്റ്റഡീസ് - 108
ആന്ത്രോപോമോർഫിസം - 183
ആന്ത്രോപോസിൻ - 73,76,79,81,82,83,86,131,138,140,145, 147, 198, 201, 204,209
ആന്ത്രോപോസിൻ യുഗം - 197, 198, 199, 201, 204
ആൻഡി ക്ലാർക്ക് - 75
ആൻഡ്രോയ്ഡ് - 80, 167, 174
ആന്റിഹ്യൂമനിസം - 5
ആരെൻഡ്, ഹന്ന - 65,70,
ആവാസവ്യവസ്ഥ- 17, 18 '
ആവാസ വ്യൂഹം -79
ആർട്ടിഫിഷ്യൽ ഇന്റലിജൻസ് - 138,142, 224

ഇമ്മാനുവൽ കാന്റ് -32,33
ഇമ്മാനുവൽ ലെവിനാസ് - 30
ഇവല്യൂഷണറി റോബോട്ടിക്സ് 56
ഇഹാബ് ഹസ്സൻ - 78
ഇറേഷർ - 185,188

ഉടലറിവ് - 35
ഉദ്ദിശത - 31,33,35,36
ഉണ്മ -31,33,34, 37,38,

എക്കോ ഫെമിനിസം - 81
എതിരൻ കതിരവൻ - 90
എതിർ മാനവികത - 54
എത്തിക്കൽ ഹാക്കിങ്ങ് -214
എസ്പൻ ആർസെത്-114

ഓർഡർ ഓഫ് തിംഗ്സ് - 168

കർത്തൃത്വം - 30,35,36,38,105, 175
കർത്തൃനില - 176
കൾച്ചറൽ ഇക്കോളജി - 13
കാതറിൻ ഹെയിൽസ് - 91,104,145, 156,208,230
കാലാവസ്ഥ - 16, 21, 23, 24
കാലാവസ്ഥാവ്യതിയാനം -89, 151
കാർത്തേസിയൻ - 38
കാർട്ടിഷ്യൻ ദ്വൈതവാദം - 15
കാർബൺ വിസർജനം-152,154
കാർബൺ സംയുക്തങ്ങൾ - 220,223
കുർസ് വെയിൽ - 138
കൊറോണ 51,53 ,56,58,59,60,151,160
കൊളോണിയൽ ചരിത്രം - 22
കോവിഡ് - 51
കൃത്രിമബുദ്ധി - 14, 55,56
ക്യാരി വുൾഫ് - 53
ക്വാണ്ടം സിദ്ധാന്തം - 222
ക്രയോണിക്സ് - 212, 216,217
ക്രിസ്റ്റഫർ നോലൻ - 76
ക്രിസ്റ്റഫർ ലാങ്ടൻ - 55

ഗൂഗ്ൾ - 89
ഗൂഗ്ൾ എർത്ത് - 13 S
ഗൂഗ്ൾ മാപ് - 42,49
ഗൂഗ്ൾ അസിസ്റ്റന്റ് -55
ഗേസ്-184
ഗ്രഹതുല്യ ബലം - 146, 197, 202

ഘടനാനന്തര വാദികൾ - 54
ഘടനോത്തര വാദം 220

ജനറ്റിക് എഞ്ചിനീയറിങ് - 8 ,213
ജീനോം - 58
ജീവവായു- 151
ജീവിവർഗം - 88,97,144,154
ജൂഡിത് ബട്‌ലർ -107
ജോ. എൽ. ക്രൂഗർ- 76
ജോൺ ലെച്ചെ - 223
ജോർജ് ബർക് ലി-31,32
ജൈവപ്രകൃതി - 145

ജൈവയന്ത്രം - 56
ജൈവസത്താസങ്കല്പം - 93
ജൈവാജൈവലോകങ്ങൾ - 157
ജൈവിക കൃത്രിമബുദ്ധി -55
ജൈവികത - 150,226, 227,228
ജൈവികം - 53 ,55,56
ജ്ഞാന വ്യവസ്ഥ- 42,44
ജ്ഞാനസമ്പദ് വ്യവസ്ഥ-214
ജ്ഞാനസംവർഗം - 196, 198, 199

ടെക്നോളജി - 132,135
ടെക്നോബയോളജിക്കൽ ബോഡി - 62,69
ട്രാൻസ് ഹ്യൂമനിസം - 3,9,131,137,138,180

ഡാനിയൽ ബെൽ -214
ഡാർവിനിയൻ - 5,56,57,58
ഡിജിറ്റൽ മാപ്പ് - 48,49
ഡിജിറ്റൽ സാങ്കേതികവിദ്യ - 8
ഡി ഹ്യൂമനൈസേഷൻ - 183
ഡീപ് ഇക്കോളജി -182
ഡേവിഡ് ബെൽ - 105
ഡോണ ഹരാവേ - 133,135

ദി പോസ്റ്റ് ഹ്യൂമൻ കണ്ടീഷൻ - 43
ദിപേഷ് ചക്രബർത്തി - 147
ദ്രബോൾ - 97,98

നരകേന്ദ്രിതകാലം - 75
നവചരിത്രവാദം -13
നവഭൗതികവാദം - 55
നവ ഭൗമദർശനം -26
നവശരീര വ്യവഹാരം - 104
നവീൻ ലോപ്പസ് - 103,
നാഗരികത - 42
നാനോ ചിപ്പുകൾ - 213
നാനോ ടെക്നോളജി - 156,208,212, 213
നിയാൻഡർ താൽ-73
നിയോലിബറൽ - 8, 9
നിർമ്മിത ബുദ്ധി - 7, 9
നീത്ചേ - 5, 6, 7,10
നൈരന്തര്യം -21 ,96
നോട്ടം - 13, 20
നോൺ ഹ്യൂമൻസ് - 180,183 .
നോവം -163, 170
ന്യൂക്ലിയോടൈഡുകൾ -58
ന്യൂറോമാൻസർ - 104,105

പനോപ്റ്റികോൺ- 211, 215
പരിണാമസിദ്ധാന്തം -58
പരിപാലന രാഷ്ട്രതന്ത്രം - 158
പരിസ്ഥിതി ചരിത്രം - 19
പാരിസ്ഥിതിക നൈതികത - 154
പോസ്റ്റ് ഹ്യൂമനിസം - 53 ,131,132, 133,141,142, 156, 179,180, 207,208, 217, 218

പോസ്റ്റ് ഹ്യൂമൻ - 3, 4, 5, 6, 7, 8, 9, 10, 11,73,74,75,76,78,80,82,84, 196, 197, 198, 200,202, 204
പോസ്റ്റ് ഹ്യൂമൻ ചിന്ത - 175
പോസ്റ്റ് ഹ്യൂമൻ നൈതികധാര - 8
പോസ്റ്റ് ഹ്യൂമൻ ഭൂമി - 149
പോസ്റ്റ് ഹ്യൂമൻ വിചാര മാതൃക - 3,8
പോസ്റ്റ് ഹ്യൂമൻ വിചാരലോകങ്ങൾ
പോസ്റ്റ് ഹ്യൂമൻ വ്യവഹാരങ്ങൾ - 3, 11
- 4,10
പോസ്റ്റ് ഹ്യൂമൻ വിഷയി- 4
പോൾ ക്രൂട്സൺ - 147
പ്രകടനപരത - 108, 111
പ്രകൃതി - 73,96,
പ്രകൃതി ചരിത്രം - 13, 16, 18, 20, 25, 26, 27,101,
പ്രതിഭാസം - 34,36
പ്രതിഭാസ ദാർശനികം -30
പ്രതിഭാസ വിജ്ഞാനീയം -29, 30
പ്രതിമാനം - 74
പ്രതിവ്യവഹാരം - 54
പ്രതീതി യാഥാർത്ഥ്യം -43,46,51,52,53 ,94,103 ,113,114
പ്രവർത്തന ശൃംഖലാ സിദ്ധാന്തം -210, 216
153 ,157
പ്രാക്സിസ്-209
പ്രോസസ് ഫിലോസഫി - 13, 26

ഫൂക്കോ - 21,168,211, 215
ഫ്രാങ്കൻ സ്റ്റൈൻ - 8,74
ഫ്രാൻസെസ്ക ഫെറാണ്ടോ - 4, 11,54,55,108,156
ഫ്രെയിമിങ് - 183.

ബാൽസമോ ആൻ - 68,69,70,
ബോഡി മോഡിഫിക്കേഷൻ - 62,63,64
ബോദ്രിലാദ് - 52,53,
ബോധ ഘടന -29
ബൗദ്ധിക ശാസ്ത്ര മേഖല-52
ബ്രയിഡോറ്റി - 106, 112
ഭ്രൂണ ലത്വ-210, 216

ഭവശാസ്ത്രം - 3
ഭൂപടം -42,45,46,47,48
ഭൂമിശാസ്ത്രം - 18, 25, 159
ഭൗമ കർത്തൃത്വം - 14, 18,25, 26
ഭൗമ ബലം - 147, 197, 200, 201, 202, 203, 204, 205
ഭൗമ രാഷ്ട്രീയം - 149 ,171
ഭൗമ വിഷയി- 145, 197, 199, 200,209
ഭൗമശക്തി - 197, 200
ഭൗമ സദാചാരം -13
ഭൗമ സവിശേഷത - 19
ഭൗമാധിനിവേശം - 199, 200
ഭൗമിക പരിണാമം - 205.

മനുഷ്യ - ഉണ്മ -30, 31,33
മനുഷ്യകർത്തൃത്വം - 147, 150
മനുഷ്യ കേന്ദ്രിതം - 15, 221,223
മനുഷ്യസ്വത്വം - 99

മനുഷ്യാനന്തര ചിന്ത - 165
മനുഷ്യാനന്തര ദാർശനികത - 3
മനുഷ്യാനന്തര ലോകം -156,158,159,163
മനുഷ്യാനന്തര ലോകസങ്കല്പം - 158,
മനുഷ്യാനന്തര വിഷയി_ 173, 174

മനുഷ്യാർജ്ജിതപ്രജ്ഞ - 162
മനുഷ്യേതര ജൈവസത്ത-157
മനുഷ്യേതര മാനവികത - 131,132,
മന്വന്തരം - 119, 129
മർഗോ - 119, 129
മാർക്സ് - 10, 209
മാനവവാദം - 29, 89,207
മാനവാനന്തര കാലം - 89,92,99

മാനവാനന്തര വാദം - 73,74,78,88 ,89,208
മാനവികത - 13, 46,132,221,222
മാനവികതാവാദം -13, 14, 51,54,57
മാനവിക ചരിത്രം - 13, 15

മാനവികാനന്തര വാദം - 51,53,54,220, 223,224, 225,227,230
മാനവികാനന്തര വിമർശനം - 14
മിഖായേൽ എപ്സ്റ്റൈൻ - 52,53
മൂലധനം - 10
മൂലധനശക്തി - 153
മെമ്മറി പൈറസി - 213
മെർലോ പോണ്ടി-30,32,35,36
മൃത്യുരാഷ്ട്രീയം - 10

യന്ത്രനൈതികത - 106
യന്ത്രമനുഷ്യൻ -215, 216,218
യന്ത്രസംസ്കാരം - 136,138, 139, 142,220,221,228,229
യാത്രാഖ്യാനങ്ങൾ - 43,44,45,56

ലെവിനാസ് -36,37

വിചാര മാതൃകാ വ്യതിയാനം - 208.
വിചാര സംവർഗം - 39
വില്യം ഗിപ്സൺ - 104
വിഷയി-32,36
വെർച്വൽ റിയാലിറ്റി - 14,163
വൈറസ് -55,57,58,59,60
വൈറൽ മലിനീകരണം 60
വ്യോമിത്ര - 119, 127

ശരീര ബദ്ധബോധം - 29, 30,35
ശരീരാനന്തര യാഥാർത്ഥ്യം - 104
ശാസ്ത്ര സാങ്കേതിക വിദ്യ- 132,220,222,223
ശ്രീകുമാർ ടി.ടി - 91,136

സ്പിനോസ-14
സ്പിഷീസ് - 91
സ്പീഗൽമാൻ - 57,58
സത്ത - 38
സത്താശാസ്ത്രം - 37
സയൻസ് ഫിക്ഷൻ - 45,74, 127, 170
സഹകുടുംബം - 165, 172,173
സർറിയലിസ്റ്റിക് -226
സർറിയലിസ്റ്റിക് -226
സാകല്യത - 150
സാങ്കേതിക വിദ്യ -224,225,227,230
സാംസ്കാരിക വ്യവസ്ഥ- 169
സിസെക് - 51,52,57 ,68,70
സിമുലേഷൻ - 52, 104
സൂപ്പർ ഹീറോ-73,76
സെക്സ് ടോയ്സ് - 62,64,66,67
സൈബർ ഇടം - 42, 103, 104,105, 106,108 ,109, 111,113, 132,142
സൈബർ തിണ - 117

സൈബർ സ്വത്വം - 107, 109
സൈബോർഗ് - 75, 88,90,105, 131,133,140,141, 175,
സൈബോർഗ്യൻ - 144
സ്വത്വബോധം - 106, 107
സ്വത്വരാഷ്ട്രീയ പ്രതിസന്ധി - 53
സംവർഗം -104,110
സംസ്കാര വ്യവസായം - 19
സാംസ്കാരിക ബുദ്ധി - 104
സ്റ്റീഫൻ ഗോൾഡ് - 56
സൈബർ നെറ്റിക്സ് - 223
സൈബർ സാഹിത്യം - 116, 117
സൈബർ സ്പേസ് - 227
സൈബർ സംസ്കാരം - 227
സോഫിയ - 119, 120, 121
സർവ്വാതിശായിത്വം - 163
സൈനോബോട്ട് -55,56
സ്റ്റീഫൻ ഹെർബെക്ച്ചർ - 224

ഹിപ്പാലസ് - 20, 24
ഹസ്സേൾ-29, 30, 31, 32,33,34
ഹ്യൂമനിസം - 78,156
ഹ്യൂമൻ അനിമാലിറ്റി - 180
ഹ്യൂമനോയ്ഡ് 119, 120,121,127, 128,129
ഹെഗൽ - 38
ഹേബർ മാസ്-8, 9
ഹോമിനിനി - 7
ഹോമോസാപ്പിയൻ - 7,55
ഹോളോസീൻ - 201
ഹൈഡഗ്ഗർ - 29, 30,33,34
ഹൈബ്രിഡ് ബോഡി - 62,63,64,65

ഴാക് ദറീദ-33

റെനെ ദെക്കാർത്തെ-37
റെയ്മണ്ട് വില്യംസ് - 169
റോബർട്ട് എറ്റിൻജർ - 212
റോബർട്ട് പെപ്പർ - 222
റോബർട്ട് പെപ്പരൽ - 43
റോബർട്ടോ മർച്ചേസിനി - 222
റോബോട്ടിക്സ് - 208,213, 215
റോബോട്ട് - 75,80, 94, 119, 120, 121, 127, 128, 129, 170,172,174
റോബോട്ടിക്സ് - 208,213, 215

# മലയാളപ്പച്ച
malayala pachcha

A Peer Reviewed, UGC Care Listed Research Journal

മലയാളം - ഇംഗ്ലീഷ്
വാർഷിക റിസേർച്ച് ജേണൽ

പ്രസാധനം
മലയാളവിഭാഗം
കെ.കെ.ടി.എം.
ഗവണ്മെന്റ് കോളേജ്
2023

Printed, published and edited by Head of the
Resarch & P G Department of Malayalam,
KKTM Govt. College, Pullut, Kodungallur, Kerala.
Ph. 9497760864

ISSN 2454-292X



CC BY
creative commons